# ആധുനിക-സമകാല കവിതാസാഹിത്യം

Course Code: M21ML02DC
Discipline Core Course
Postgraduate Programme
Malayalam Language and Literature

സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം,
മോഹനം ഭുവനസംഗമിങ്ങതിൽ
സ്നേഹമൂലമമലേ! വെടിഞ്ഞു ഞാൻ.

നളിനി (ഖണ്ഡകാവ്യം)
എൻ. കുമാരനാശാൻ

SREENARAYANAGURU OPEN UNIVERSITY
The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# ആധുനിക-സമകാല കവിതാസാഹിത്യം

Course Code: M21ML02DC

Semester-I

## Master of Arts
## Malayalam Language and Literature
## Self Learning Material

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

SGOU

# ആധുനിക-സമകാല കവിതാസാഹിത്യം

Course Code: M21ML02DC
Semester- I
Discipline Core Course
Postgraduate Programme in Malayalam

SREENARAYANAGURU
OPEN UNIVERSITY


**Academic Committee**

Prof. Dr. V. A. Valsalan
Dr. K. M. Anil
Dr. Siddeek M. A.
Dr. Rajani N.
Dr. Lekshmi V.S.
Dr Sunilkumar P.V.
Dr. S. Nazeeb
Adheesh U.
Dr. A. Sheelakumari

**Development of the Content**

Dr. Deepthi V.S., Dr. Athira A.R., Dr. Jaya R. S., Dr. Ashalatha V., Rineesha P.P., Dr. Abdusammed K.T., Aswani A.P., Dr. Deepam S., Muraleedharan K.V., Dr. Soumia Dasan

**Review and Edit**

Prof. Thomas Thamarasseri
Dr. James G.

**Linguistics**

Dr. James G.

**Scrutiny**

Dr. Deepthi V.S., Aswani A.P., Dr. Deepam S., Dr. Thara S.S., Dr. Lathika A.C., Dr. Abdusammed K.T., Dr. Muraleedharan K.V., Dr. Soumia Dasan

**Design Control**

Azeem Babu T.A.

**Cover Design**

Jobin J.

**Co-ordination**

**Director, MDDC :**
Dr. I.G. Shibi
**Asst. Director, MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.
**Coordinator, Distribution:**
Dr. Sanitha K.K.

Scan this QR Code for reading the SLM on a digital device.

**Revised Edition**
October 2025



**Copyright**
© Sreenarayanaguru Open University



ISBN 978-81-994027-4-4

9 788199 402744



All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.



www.sgou.ac.in

Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

Dear learner,

I extend my heartfelt greetings and profound enthusiasm as I warmly welcome you to Sreenarayanaguru Open University. Established in September 2020 as a state-led endeavour to promote higher education through open and distance learning modes, our institution was shaped by the guiding principle that access and quality are the cornerstones of equity. We have firmly resolved to uphold the highest standards of education. setting the benchmark and charting the course.

The programmes offered by the Sreenarayanaguru Open University aim to strike a quality balance, ensuring students are equipped for both personal growth and professional excellence. The University embraces the widely acclaimed "blended format," a practical framework that harmoniously integrates Self-Learning Materials, Classroom Counselling, and Virtual modes, fostering a dynamic and enriching experience for both learners and instructors.

The university aims to offer you an engaging and thought-provoking educational journey. The MA Malayalam programme has been meticulously designed to meet rigorous academic and literary standards. This programme blends classical and modern approaches to Malayalam language and literature. We are confident that you will find it intellectually stimulating and personally fulfilling. The Self-Learning Material has been meticulously crafted, incorporating relevant examples to facilitate better comprehension.

Rest assured, the university's student support services will be at your disposal throughout your academic journey, readily available to address any concerns or grievances you may encounter. We encourage you to reach out to us freely regarding any matter about your academic programme. It is our sincere wish that you achieve the utmost success.

Regards,
Dr. Jagathy Raj V. P. 01-10-2025

SGOU

# Contents


| | | | |
|---|---|---|---|
| **BLOCK-01** | **കാല്പനികത – നിയോക്ലാസ്സിസിസം** | | **01** |
| Unit 1 | ഒരു വിലാപം | – വി. സി. ബാലകൃഷ്ണപ്പണിക്കർ | 02 |
| Unit 2 | നളിനി | – കുമാരനാശാൻ | 24 |
| Unit 3 | ശിഷ്യനും മകനും | – വള്ളത്തോൾ നാരായണമേനോൻ | 65 |
| Unit 4 | രമണൻ | – ചങ്ങമ്പുഴ കൃഷ്ണപിള്ള | 85 |
| **BLOCK-02** | **നവകാല്പനികത** | | **98** |
| Unit 1 | പഥികന്റെ പാട്ട് | – ജി. ശങ്കരക്കുറുപ്പ് | 99 |
| Unit 2 | 1. കന്നിക്കൊയ്ത്ത് | – വൈലോപ്പിള്ളി ശ്രീധരമേനോൻ | 109 |
| | 2.നിത്യമേഘം | – അക്കിത്തം അച്യുതൻ നമ്പൂതിരി | 123 |
| Unit 3 | സർഗ്ഗസംഗീതം | – വയലാർ രാമവർമ്മ | 135 |
| Unit 4 | രാത്രിമഴ | – സുഗതകുമാരി | 145 |
| **BLOCK-03** | **ആധുനിക കവിത** | | **154** |
| Unit 1 | 1 .കുരുക്ഷേത്രം | – അയ്യപ്പപ്പണിക്കർ | 155 |
| | 2.ചാക്കാല | – കടമ്മനിട്ട രാമകൃഷ്ണൻ | 173 |
| Unit 2 | സംക്രമണം | – ആറ്റൂർ രവിവർമ്മ | 181 |
| Unit 3 | 1. സത്യവാങ്മൂലം | – സച്ചിദാനന്ദൻ | 191 |
| | 2.കൊച്ചിയിലെ വൃക്ഷങ്ങൾ | – കെ. ജി. ശങ്കരപ്പിള്ള | 201 |
| Unit 4 | വെയിൽ തിന്നുന്ന പക്ഷി | – എ.അയ്യപ്പൻ | 213 |
| **BLOCK-04** | **സമകാലകവിത** | | **219** |
| Unit 1 | ചാർവാകൻ | – കുരീപ്പുഴ ശ്രീകുമാർ | 220 |
| Unit 2 | 1.മുറ്റമടിക്കുമ്പോൾ | അനിത തമ്പി | 232 |
| | 2.പട്ടാമ്പിപ്പുഴ മണലിൽ | പി. പി. രാമചന്ദ്രൻ | 237 |
| Unit 3 | 1.ദൈവപ്പാതി | കെ. ആർ. ടോണി | 244 |
| | 2.ചന്ദ്രനോടൊപ്പം | എസ്. ജോസഫ് | 251 |
| Unit 4 | 1.തൊട്ടു തൊട്ടു നടക്കുമ്പോൾ | വീരാൻകുട്ടി | 256 |
| | 2.വെഷക്കായ | എം. ആർ. രേണുകുമാർ | 261 |
| | Model Question Paper Sets | | 268 |
| | Self Assessment Questions & Answers | | 273 |

# കാല്പനികത – നിയോക്ലാസ്സിസിസം

## BLOCK-01

### Block Content


യൂണിറ്റ്-1

ഒരു വിലാപം – വി. സി. ബാലകൃഷ്ണപ്പണിക്കർ

യൂണിറ്റ്-2

നളിനി – കുമാരനാശാൻ

യൂണിറ്റ്-3

ശിഷ്യനും മകനും – വള്ളത്തോൾ നാരായണമേനോൻ

യൂണിറ്റ്-4

രമണൻ – ചങ്ങമ്പുഴ കൃഷ്ണപിള്ള


SGOU

Unit 1

# ഒരു വിലാപം

## വി. സി. ബാലകൃഷ്ണപ്പണിക്കർ

## Learning Outcomes

- വിലാപകാവ്യപ്രസ്ഥാനത്തെക്കുറിച്ച് സാമാന്യധാരണ നേടുന്നു
- വിലാപകാവ്യങ്ങളുടെ അവതരണശൈലി പരിചയപ്പെടുന്നു
- 'ഒരു വിലാപം' എന്ന കവിതയുടെ ആശയം ഗ്രഹിക്കുന്നു
- ജീവിതത്തിന്റെ നശ്വരതയെക്കുറിച്ചുള്ള ധാരണ ഉണ്ടാകുന്നു

## Background

ഖണ്ഡകാവ്യശാഖയിൽ ഉൾപ്പെടുന്നവയാണ് വിലാപകാവ്യങ്ങൾ. എങ്കിലും ഇതൊരു പ്രത്യേക കാവ്യശാഖയായാണ് കണക്കാക്കപ്പെടുന്നത്. വികാരപ്രധാനവും ചിന്താപ്രധാനവും ആണ് വിലാപകാവ്യം (Elegy). കരയുന്ന, അല്ലെങ്കിൽ കരയിക്കുന്ന ദുഃഖപൂർണ്ണമായ മനോവികാരങ്ങൾ തുറന്നു കാണിക്കുന്ന കവിതാപ്രസ്ഥാനമാണിത്. ജീവിതത്തിന്റെ മൗലിക ഭാവത്തെയും വികാസ പരിണാമങ്ങളെയും ദാർശനികതലത്തിൽ അപഗ്രഥിക്കുക വിലാപകാവ്യത്തിന്റെ പൊതു സ്വഭാവമത്രേ. പാശ്ചാത്യസാഹിത്യചിന്തകർ വിലാപകാവ്യത്തെ പലവിധത്തിൽ നിർവചിച്ചിട്ടുണ്ട്. 'വ്യക്തിപരവും വികാരപരതയെക്കാൾ ചിന്താപരത മുന്നിട്ടുനില്ക്കുന്നതുമായ ഭാവഗീതം' എന്നിങ്ങനെയാണ് എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കാ വിലാപകാവ്യത്തെ നിർവചിച്ചിരിക്കുന്നത്. വിലാപം എന്നർഥമുള്ള elegia എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് (Elegy) എന്ന പദം ഉണ്ടായത്. 'എലിജിയുടെ ഉത്ഭവം ഗ്രീസിലാണ്. ശവസംസ്കാര ചടങ്ങുകളിൽ പാടിയിരുന്ന ദുഃഖസൂചകങ്ങളായ ലഘുകവിതകളാണ് വിലാപകാവ്യങ്ങളുടെ ആദിരൂപം. മിൽട്ടന്റെ ലിസിഡസ് (1638), ഷെല്ലിയുടെ അഡൊണയസ് (Adonais 1821), ടെന്നിസന്റെ ഇൻ മെമ്മോറിയം (In Memoriam 1850), തോമസ് ഗ്രേയുടെ ഗ്രാമീണശ്മശാനം (An Elegy Written in a Country Churchyard) എന്നിവയാണ് ഇംഗ്ലീഷ് സാഹിത്യത്തിലെ ഉൽകൃഷ്ടവിലാപകാവ്യങ്ങൾ. വിലാപകാവ്യങ്ങളോടു സാദൃശ്യം വഹിക്കുന്ന കവിതകൾ ഭാരതീയ ഇതിഹാസങ്ങളിലും കാണാം. ഗാന്ധാരീവിലാപം ഉദാഹരണമാണ്. കവിയുടെ ചിന്താപ്രധാനമായ മനസ്സിന് പ്രാമാണ്യം കൊടുക്കുന്ന വിലാപകാവ്യം ആത്മനിഷ്ഠ വിഭാഗത്തിൽ പെടുന്നു. ജീവിതത്തിന്റെ അഗാധതലങ്ങൾ സ്പർശിക്കുന്ന ഇത്തരം കൃതികൾ കരയുന്നതിനെക്കാളേറെ, കരയിക്കുന്നതിനെക്കാളേറെ, ചിന്തിപ്പിക്കുന്നു. ജനിച്ച ഏതൊന്നിനും മരണം അനിവാര്യമാണ്. മരണം ദുഃഖത്തിന് കാരണമാകുന്നു. ആ ദുഃഖമാണ് വിലാപകാവ്യത്തിലെ ആന്തരികഭാവം. കാല്പനികതയുടെ ചൈതന്യമാണ് വിലാപകാവ്യങ്ങളിൽ പ്രതിഫലിക്കുന്നത്.

ഏറ്റവും ലളിതമായി വ്യാഖ്യാനിച്ചാൽ വിലാപത്തെക്കുറിക്കുന്ന കാവ്യമാണ് വിലാപകാവ്യം. വിലാപമെന്നാൽ ദുഃഖഭാരത്തോടെ നിലവിളിക്കുക എന്നർഥം കല്പിക്കാം. നഷ്ടപ്പെട്ടതിനെ ഓർത്ത് അതീവദുഃഖത്തോടെ വിലപിക്കുന്നതാണ് ഇത്തരം കൃതികളുടെ (വിലാപകാവ്യങ്ങൾ) പ്രമേയം. തീവ്രമായ ഭാവത്തെ കാവ്യാത്മകമായി ആവിഷ്കരിക്കുന്നതാണിത്. കരുണരസപ്രതിപാദനമാണ് വിലാപകാവ്യം. ഇതിൽ സാമാന്യമായി നഷ്ടത്തെക്കുറിച്ചുള്ള വ്യക്തിപരവും ശോകപൂർണ്ണവുമായ അവസ്ഥകൾ പ്രതിപാദിക്കുന്നു. മരണത്തെക്കുറിച്ചും മരണാ

നന്തര സ്മരണയെക്കുറിച്ചും ആഖ്യാനം ചെയ്യുന്ന തോമസ് ഗ്രേയുടെ 'എലിജി' അടക്കമുള്ള ജനപ്രിയ വിലാപകാവ്യങ്ങൾ 18-ാം നൂറ്റാണ്ടു മുതൽ പാശ്ചാത്യ സാഹിത്യത്തിലുണ്ടായിട്ടുണ്ട്. മലയാളത്തിൽ വിലാപകാവ്യശാഖ പാശ്ചാത്യസാഹിത്യത്തെ അനുകരിച്ചുണ്ടായതാണ്. ദുഃഖാത്മകതയും ദാർശനികതയും ഇതിന്റെ രണ്ട് തലങ്ങളാണ്. വ്യക്തികേന്ദ്രിതങ്ങളായ ജീവിതാനുഭവങ്ങളെയും നഷ്ടപ്പെടലിനെയും ദാർശനിക പശ്ചാത്തലത്തിൽ വിചിന്തനം നടത്തുന്നുവെന്നതാണ് വിലാപകാവ്യങ്ങളുടെ പൊതുസ്വഭാവം. വൈയക്തികമായ സാഹിത്യശാഖ എന്ന നിലയിൽ ഇവ എക്കാലവും പ്രസക്തമാണ്.

ശോകപൂർണ്ണമായ മനോവികാരങ്ങളെ പ്രമേയമാക്കി രചിക്കുന്നവയാണ് വിലാപകാവ്യങ്ങൾ. വികാര-ചിന്താപരമായൊരു ഭാവതലം അവയ്ക്കുണ്ട്. വ്യക്തിജീവിതത്തിലുണ്ടാകുന്ന ആകസ്മിക സംഭവങ്ങളേയും നഷ്ടപ്പെടലിനേയും ദാർശനിക പശ്ചാത്തലത്തിൽ വിലയിരുത്തുകയാണ് വിലാപകാവ്യത്തിന്റെ പൊതുസ്വഭാവം. ആത്മനിഷ്ഠത വളരെ കൂടുതലുള്ള രചനകളാണിവ. കാല്പനിക പ്രസ്ഥാനത്തിലാണിത് ഉൾപ്പെടുന്നത്. ക്ലാസിക് രചനകളിൽ നിന്നും കാല്പനിക പ്രസ്ഥാനത്തിലേക്കുള്ള മലയാളകവിതയുടെ സഞ്ചാരത്തിൽ വിലാപകാവ്യപ്രസ്ഥാനം സുപ്രധാന പങ്കുവഹിക്കുന്നു. വിലാപകാവ്യങ്ങളുടെ മുഖ്യസവിശേഷത മനുഷ്യജീവിതത്തെ കവർന്നെടുക്കുന്ന മരണത്തെ ശോകാകുലമായ ചിന്തകളോടെ സമീപിക്കുന്നു എന്നതാണ്. വ്യക്തികളുടെ അകാലചരമത്തിൽ ദുഃഖിക്കുകയും വേദാന്തങ്ങളിലും ദർശനങ്ങളിലും കവികൾ ആശ്വാസം കണ്ടെത്തുകയും ചെയ്യുന്നു. അങ്ങനെ പ്രിയപ്പെട്ടവരുടെ നഷ്ടത്തെ ചൊല്ലി ഒരു കവി വിലപിക്കുന്നതാണ് 'വിലാപകാവ്യം' എന്ന് അറിയപ്പെടുന്നത്.

**ഭാഷയിലെ ഇതര വിലാപകാവ്യങ്ങൾ**

| | | |
|---|---|---|
| ഒരു വിലാപം | - | സി. എസ്. സുബ്രഹ്മണ്യൻപോറ്റി |
| കണ്ണുനീർത്തുള്ളി | - | നാലപ്പാട്ട് നാരായണമേനോൻ |
| പ്രിയവിലാപം | - | എം. രാജരാജവർമ്മ |
| ബാപ്പുജി | - | വള്ളത്തോൾ നാരായണമേനോൻ |
| പ്രരോദനം | - | കുമാരനാശാൻ |
| ലോകാന്തരങ്ങളിൽ | - | ബാലാമണിയമ്മ |
| തീവ്രരോദനം | - | മൂലൂർ എസ്. പത്മനാഭപ്പണിക്കർ |
| മഹച്ചരമം | - | വടക്കുംകൂർ രാജരാജവർമ്മ |

വിലാപകാവ്യങ്ങളുടെ ലക്ഷണം കൃത്യമായി ഉൾക്കൊള്ളുന്ന കൃതിയാണ് വി. സി. ബാലകൃഷ്ണപ്പണിക്കരുടെ 'ഒരു വിലാപം'. മലയാളകവിതയെ പാരമ്പര്യവഴിയിൽ നിന്ന് കാല്പനികതയിലേക്ക് വഴിനടത്തിയവരിൽ പ്രധാനിയാണ് വി. സി. ബാലകൃഷ്ണപ്പണിക്കർ. ഇദ്ദേഹത്തിന്റെ 'ഒരു വിലാപം', 'വിശ്വരൂപം' തുടങ്ങിയ കൃതികൾ പ്രസിദ്ധങ്ങളാണ്. ഒരു പെരുമഴക്കാലത്ത് പാതിരാവിൽ വിഷൂചികാരോഗത്താൽ മരണമടഞ്ഞ ഭാര്യയുടെ സമീപത്തിരുന്ന് ഒരു പുരുഷൻ വിലപിക്കുന്ന രീതിയിൽ എഴുതപ്പെട്ടതാണ് 'ഒരു വിലാപം.' ആദ്യത്തെ ആറ് ശ്ലോകം പ്രകൃതിയുടെ ഭീകരാന്തരീക്ഷത്തെ വർണ്ണിക്കുന്നതാണ്. പിന്നെയുള്ള നാലു ശ്ലോകങ്ങളിൽ നായകൻ തന്റെ നായികയ്ക്ക് യാത്രാമംഗളം നേരുകയും ഇനിയൊരു ജന്മമുണ്ടെങ്കിൽ പണ്ടേപ്പോലെ നമ്മൾക്കിരുവർക്കും ഒന്നിച്ചിരുന്ന് ആനന്ദവേളകൾ അനുഭവിക്കാമെന്നാശിക്കുകയും ചെയ്യുന്നു. അതിനുശേഷമുള്ള അടുത്ത മൂന്നു ശ്ലോകങ്ങളിൽ നായികാഗുണവർണ്ണനയാണ്. തുടർന്ന് നായകൻ തന്റെ പ്രേയസിക്ക് ഈ വിധം ദുരനുഭവമുണ്ടായല്ലോ എന്നോർത്തു വിലപിക്കുന്നു. അടുത്ത അഞ്ചു ശ്ലോകങ്ങളിൽ അദ്ദേഹം പ്രകൃതിശക്തികളുടെ നിരന്തര

പരിണാമങ്ങളേയും മനുഷ്യജീവിതത്തിന്റെ ക്ഷണഭംഗുരതയേയും കുറിച്ച് വാചാലനാകുന്നു. ഒടുവിൽ തത്വജ്ഞാനത്തെ നായകൻ കൂട്ടുപിടിക്കുന്നതായി കാണാം. ജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് ഓർത്തുകൊണ്ട് നായകൻ തന്റെ വിലാപം അവസാനിപ്പിക്കുന്നു.

**പ്രധാനകൃതികൾ**: *നീതിസാരങ്ങൾ, നാഗാനന്ദം, ഒരു വിലാപം (1908 - ഈ കൃതി രചിച്ചത് പത്തൊൻപതാം വയസിലാണ്), വിശ്വരൂപം, സന്ധ്യാസൂര്യൻ, മീനാക്ഷി, നിശ, ശീലാവതി, മഴക്കാറിലെ ആദിത്യൻ, മങ്കിഗീത, രണ്ടു മുക്തകങ്ങൾ, വർഷാചന്ദ്രൻ, സാമ്രാജ്യഗീത, സാമ്രാജ്യഗാഥ, ഭൂപാലമംഗളം, ഹാനോവർ വംശാവലി, ബാലാപഞ്ചകം, പനി, ദുർഗാഷ്ടകം, ഒരു സ്തുതി, ശ്രീവാസുദേവാഷ്ടകം, ആരോഗ്യമേകണമമ്മേ, ദേവീസ്തവം, ഇന്ദുമതീ സ്വയംവരം* എന്ന നാടകവും *അത്യനുരാഗം, ഭാഷാശാകുന്തളം, ജന്മകവികൾ* എന്നീ നിരൂപണഗ്രന്ഥങ്ങളും വി. സി. ബാലകൃഷ്ണപ്പണിക്കരുടേതാണ്.

## Keywords

- കാല്പനികപ്രസ്ഥാനം-ആത്മചിന്ത - വിലാപകാവ്യം - തീവ്രദുഃഖം - ഇടയവിലാപം - ആരണ്യവിലാപം - പ്രകൃതിവർണ്ണന - ജീവിതക്ഷണഭംഗുരത

## Discussion

- മലയാളകവിതയിലെ പരിവർത്തനവാദികളിൽ പ്രധാനി

മലയാളത്തിലെ ആദ്യകാല കാല്പനികകവിതകളിൽ പ്രധാനപ്പെട്ടതാണ് ഒരു വിലാപം. നിയോക്ലാസിക് പാരമ്പര്യത്തിൽ അധിഷ്ഠിതമായാണ് ഈ വിലാപകാവ്യം രചിച്ചിരിക്കുന്നത്. മലയാളകവിതയിലെ പരിവർത്തനവാദികളിൽ പ്രധാനി എന്ന് വി. സി. ബാലകൃഷ്ണപ്പണിക്കർ വിശേഷിപ്പിക്കപ്പെടാനും ഈ കവിത കാരണമായിട്ടുണ്ട്. കോളറ രോഗത്തെത്തുടർന്ന് മരണമടഞ്ഞ അമ്മയുടെ മൃതദേഹത്തിനരികിൽ ദുഃഖഭാരത്തോടെയിരിക്കുന്ന അച്ഛന്റെ കാഴ്ചയിൽ നിന്നാണ് ഈ കവിത ഉണ്ടായതെന്നു ഒരുവാദമുണ്ട്. മറിച്ച് തൃശ്ശൂരിലെ കാമുകി മരിച്ചതിനെത്തുടർന്ന് വി. സി. എഴുതിയതാണ് ഈ കവിത എന്നൊരുവാദവും നിലവിലുണ്ട്.

### വരികൾ 1

"തിങ്ങിപ്പൊങ്ങും തമസ്സിൽ കടലിലൊരു
കുടംപോലെ ഭൂചക്രവാളം
മുങ്ങിപ്പോയീ മുഴുക്കെക്കുളിരിളകു
മിളംകാറ്റു താനേ നിലച്ചു,
മങ്ങിക്കാണുന്ന ലോകപ്രകൃതിയുടെ
പകർപ്പെന്നമട്ടന്നു മൌനം
തങ്ങിക്കൊണ്ടർദ്ധരാത്രിക്കൊരു
പുരുഷനിരുന്നീടിനാനാടലോടേ,"

### അർഥവിശദീകരണം

| | | |
|---|---|---|
| തിങ്ങിപ്പൊങ്ങും തമസ്സിൽ | = | തിങ്ങി ഉയർന്ന ഇരുട്ടിൽ |
| ഭൂചക്രവാളം | = | ഭൂമണ്ഡലം |
| കുളിരിളകും | = | കുളിർമ്മ തരുന്ന |
| താനേ നിലച്ചു | = | തനിയെ ഇല്ലാതാക്കി |
| മുഴുക്കെ മുങ്ങിപ്പോയി | = | പൂർണ്ണമായും മുങ്ങിത്താണു |
| ആടൽ | = | ദുഃഖം |

### ആശയവിശദീകരണം

കടലിൽ ഒരു കുടം മുങ്ങുന്നതുപോലെ ഭൂചക്രവാളം ഇരുട്ടിലായി. ഇരുട്ടുമൂടിയ പ്രകൃതിയുടെ തനിപ്പകർപ്പെന്ന മട്ടിൽ ദുഃഖം കൊണ്ട് മൗനത്താൽ മൂടപ്പെട്ടവനായ ഒരുവൻ ഇരിക്കുന്നു. ഭൂമിയിലെങ്ങും ഇരുട്ടു വ്യാപിച്ചതിനെ ഭൂമി ആകമാനം ഇരുട്ടിൽ മുങ്ങിയതായി പറയുന്നു. ഭൂമണ്ഡലം ഇരുട്ടിൽ മുഴുകുന്നതിനെ അനന്തമായ കടലിൽ ഒരു കുടം മുങ്ങുന്നതിനോട് ഉപമിക്കുന്നു. ഇരുട്ടിന്റെ ഭീകരതയും സമുദ്രത്തിന്റെ ആഴവുമെല്ലാം സാന്ദർഭികമായ ഗൗരവത്തെ/നിഗൂഢതയെ പ്രതിനിധീകരിക്കുന്നു. കഠിനമായ ദുഃഖം മൂലം മൗനാന്വിതനായ പുരുഷൻ ഇരുട്ടുമൂടിയ വിശ്വപ്രപഞ്ചത്തിന്റെ പ്രതിബിംബമാണെന്ന് ശങ്കിക്കുന്നത് ഉത്പ്രേക്ഷ. ഭൂമി ഇരുട്ടിൽ മുങ്ങിയതിന്റെ ഭീകരതയും ഭാര്യയുടെ ആകസ്മികമരണം മൂലം ദുഃഖസാഗരത്തിൽ ആണ്ടുപോയ പുരുഷന്റെ ദയനീയാവസ്ഥയും യാഥാർഥ്യമെന്നപോലെ ചിത്രീകരിക്കുന്നു. ചക്രവാളസീമയുള്ള ഭൂമി ഇരുട്ടിൽ മുഴുകിയതിനെ, അനന്തമായ കടലിൽ ഒരു കുടം മുങ്ങുന്നതിനോട് കവി ഉപമിക്കുന്നു. പ്രകൃതിയിലെ ഭയാനക നിഗൂഢബിംബങ്ങളെ ഭർത്താവിന്റെ നിസ്സഹായാവസ്ഥയുമായി ഇടകലർത്തി സാന്ദർഭികമായി കവി പറയുന്നു.

> ▶ ഭൂമി ഇരുട്ടിൽ മുങ്ങിയതിന്റെ ഭീകരതയും ഭാര്യയുടെ ആകസ്മിക മരണത്തിന്റെ ഇരുട്ടും

### വരികൾ 2

"കണ്ണിൽക്കണ്ണീർനിറച്ചിട്ടകമിടറി വിടും
വീർപ്പുകൊണ്ടാശുമിന്നി
ട്ടെണ്ണി പ്രാപഞ്ചികക്കോളടിയുടെ
നടുവിൽപ്പെട്ടു വല്ലാതെ മുങ്ങി,
മണ്ണിൽ ചൈതന്യമില്ലാപ്പടി
പൊടിപുരളുംമട്ടു വാടിക്കിടക്കും
പെണ്ണിൻ പൂമേനി താങ്ങി,ദ്ദയിതനവനി
രുന്നീടിനാനെന്തുചെയ്യാം!"

### അർഥവിശദീകരണം

| | | |
|---|---|---|
| അകമിടറുക | = | മനസ്സ് പതറുക |
| വീർപ്പുകൊണ്ട് | = | ദീർഘനിശ്വാസം കൊണ്ട് |
| മിന്നിട്ടെണ്ണി | = | നിമിഷങ്ങളെ എണ്ണി |
| പ്രാപഞ്ചികക്കോളടി | = | പ്രപഞ്ചദുഖമാകുന്ന കാറ്റിന്റെ ആഘാതത്താൽ |
| ചൈതന്യം | = | ഓജസ് |

| | | |
|---|---|---|
| പൂമേനി | = | മൃദുലമായ ശരീരം |
| ദയിതൻ | = | ഭർത്താവ്, (പ്രിയപ്പെട്ടവൻ) |

### ആശയവിശദീകരണം

> ▶ ഭർത്താവിന്റെ ദയനീയാവസ്ഥ

പ്രിയതമയുടെ വേർപാടിൽ അവശനായ ഭർത്താവ് ഭാര്യയുടെ നിശ്ചലമായ ശരീരം താങ്ങിയിരിക്കുന്നതാണ് സന്ദർഭം. ഭർത്താവിന്റെ ദയനീയാവസ്ഥയെ അതിസൂക്ഷ്മമായി വിവരിക്കുകയാണ് ഇവിടെ. പ്രിയതമയുടെ വേർപാടുമൂലം ആ ഹതഭാഗ്യന്റെ കണ്ണു നിറഞ്ഞു. അയാളുടെ ശബ്ദമിടറി. നെടുവീർപ്പുകൾ കേൾക്കുമ്പോൾ അയാൾ നിമിഷങ്ങൾ എണ്ണിക്കൊണ്ടിരിക്കുകയാണോ എന്ന് തോന്നും. സംസാരദുഃഖത്തിന്റെ ശക്തമായ കാറ്റടിച്ച് അയാൾ വല്ലാതെ മുങ്ങുകയാണ്. ഇങ്ങനെയെല്ലാം ദുഃഖിക്കുന്ന അയാൾ നിലത്ത് പൊടിപുരണ്ട് ജീവനില്ലാതെ കിടക്കുന്ന ഭാര്യയുടെ മൃദുലമായ മേനി താങ്ങിക്കൊണ്ട് വേറൊന്നും ചെയ്യാനില്ലാതെ ഇരിക്കുന്നു. ഭർത്താവിന്റെ ദയനീയാവസ്ഥയെ അതിസൂക്ഷ്മമായി വിവരിക്കുകയാണിവിടെ ചെയ്യുന്നത്.

### വരികൾ 3

“നാട്ടാരെല്ലാം വിഷൂചീലഹളയിലുതിരും
കാല,മദ്ദീനമായ്ത്തൻ
കൂട്ടാളയ്യോ, കഴിഞ്ഞീടിന കഥ,
വലുതായുള്ള വർഷാനിശീഥം,
കേട്ടാലാരും ഭയംകൊണ്ടിളകിമറിയുമീ
വേളയിൽ കഷ്ടമായാൾ
നീട്ടാനുംകൂടി വയ്യാതെരിയുമൊരു
വിളക്കിന്റെ നേരിട്ടിരുന്നു.”

### അർഥവിശദീകരണം

| | | |
|---|---|---|
| വിഷൂചീക | = | കോളറ |
| ഉതിരുക | = | ബലിയാകുക |
| അദ്ദീനം | = | അതേ രോഗത്താൽ |
| തൻകൂട്ടാൾ | = | തന്റെ സഖി |
| കഴിഞ്ഞീടിന കഥ | = | മരിച്ചുപോയി |
| വർഷാനിശീഥം | = | മഴക്കാലത്തെ രാത്രി |

### ആശയവിശദീകരണം

> ▶ ഭർത്താവിന്റെ സൂക്ഷ്മചിത്രം

നായകന്റെ ഇരിപ്പ് തികച്ചും ഭീതിദമായ അന്തരീക്ഷത്തിലാണ്. നാട്ടുകാർ കോളറരോഗത്താൽ ജീവൻ വെടിഞ്ഞുകൊണ്ടിരുന്ന സമയത്ത്, അതേ രോഗബാധയാൽ നായിക അന്തരിച്ച സംഭവം. ഈ വർഷകാലം പേടിയുണർത്തുന്ന സമയമാണ്. കത്തുന്ന വിളക്കിന്റെ തിരി ഒന്നു നീട്ടിക്കൊടുക്കാൻപോലും ശേഷിയില്ലാതെ അയാൾ വിളക്കിന്റെ നേർക്ക് ഇരിക്കുന്നു. നാട്ടിൽ പടർന്നു പിടിച്ച വിഷൂചിക രോഗത്തിന്റെ ഭീകരാവസ്ഥയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. നിലവിളക്കിന്റെ തിരി ഒന്നു നീട്ടിക്കൊടുക്കാൻ പോലും ശേഷിയില്ലാതെ ഇരിക്കുന്ന ഭർത്താവിന്റെ സൂക്ഷ്മചിത്രം അയാളുടെ നിസ്സഹായാവസ്ഥയെ സൂചിപ്പിക്കുന്നു.



SGOU

### വരികൾ 4

"ആമട്ടാളും കഠോരപ്രകൃതിനടനയിൽ
പാട്ടുകാരൻ കണക്കെ -
ക്കൂമൻ മൂളുന്നു. കൂകുന്നിതു
ചിറകടിയോടൊത്തു കുറ്റിച്ചുലാനും,
പ്രേമം, വിഭ്രാന്തി, താപം, ഭയമിവയില
ലിഞ്ഞാകവേ രക്തനാഡീ
സ്തോമംസ്തംഭിയ്ക്കയാലക്കഥകളവനറിഞ്ഞി
ല്ലതേ നല്ലതായി."

### അർഥവിശദീകരണം

| | | |
|---|---|---|
| ആമട്ടാളും | = | ആമട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന |
| കഠോരപ്രകൃതി നടന യിൽ | = | പേടിപ്പെടുത്തുന്ന പ്രകൃതിയുടെ നൃത്ത ത്തിൽ |
| കൂമൻ | = | മൂങ്ങ |
| കുറ്റിച്ചൂളാൻ | = | കാലൻകോഴി |
| വിഭ്രാന്തി | = | പരിഭ്രാന്തി |
| താപം | = | മനോവേദന (ദുഃഖം) |
| അലിഞ്ഞാകമാനം | = | മൊത്തത്തിൽ ലയിച്ചു ചേർന്നു |
| സ്തോമം | = | കൂട്ടം |
| സ്തംഭിക്കുക | = | ചലനശേഷിയില്ലാതെയാകുക |

### ആശയവിശദീകരണം

- ചുറ്റുമുള്ളതൊന്നും അറിയാത്ത ഭർത്താവ്

പ്രകൃതിയുടെ ഭയാനക ബാഹ്യലീലകളൊന്നും തന്നെ ഭാര്യാവിയോഗത്തിൽ ദുഖിച്ചിരിക്കുന്ന ഭർത്താവിനെ അശ്ശേഷം ബാധിക്കുന്നില്ല. പ്രകൃതിയിലെ സുന്ദരദൃശ്യങ്ങളെ ഭീകരദൃശ്യങ്ങളാക്കി സന്ദർഭോചിതമായി കവി വർണ്ണിക്കുന്നു. പാട്ടുകാരനെപ്പോലെ കൂമൻ മൂളുന്നതും കുറ്റിച്ചൂളാൻ ചിറകടിച്ചുകൊണ്ടുകൂകുന്നതും അയാൾ അറിയുന്നില്ല. തന്റെ സ്നേഹത്തിന്റേയും ജീവിതത്തിന്റേയും അന്ത്യമായെന്ന തിരിച്ചറിവിൽ സ്തംഭിച്ചിരിക്കുന്നു അയാൾ.

### വരികൾ 5

"പാരം വീർപ്പിട്ടുലയ്ക്കൊത്തെരിയുമൊരു മുഖം,
മുത്തൊളിബ്ബാഷ്പധാരാ
സാരം തിങ്ങിക്കലങ്ങീടിന മിഴികൾ,
നിറംമങ്ങി വിങ്ങും കപോലം
ചാരംപോലേ വിളർത്തോരുടലിവയൊടു
മപ്പൂരുഷൻ ഹന്ത, വിദ്യുത്
സാരത്തിൻ വിദ്യയാലൊട്ടിളകുമൊരു
വെറും പാവയെപ്പോലിരുന്നൂ!"

### അർഥവിശദീകരണം

| | | |
|---|---|---|
| പാരം വീർപ്പിടുക | = | ഇടയ്ക്കിടെ ഉച്ചത്തിൽ നെടുവീർപ്പിടുന്നു |
| ഉലയ്ക്കൊത്ത് | = | ആല(ഉല)യ്ക്കു തുല്യമായി |

| | | |
|---|---|---|
| മുത്തൊളി | = | മുത്തിന്റെ ശോഭയുള്ള |
| ബാഷ്പധാര | = | കണ്ണീർ പ്രവാഹം |
| ഒളി | = | ശോഭ |
| തിങ്ങിക്കലങ്ങീടിന മിഴികൾ | = | കണ്ണീർ നിറഞ്ഞു കലങ്ങിയ മിഴികൾ |
| നിറം മങ്ങി വിങ്ങും | = | ശോഭ നഷ്ടമായി വിളറിയ |
| കപോലം | = | കവിൾത്തടം |
| വിളർത്തോരുടൽ | = | വിളറിയ ഉടൽ |
| വിദ്യുത്സാരം | = | വൈദ്യുതി |
| ഒട്ടിളകും | = | ചെറുതായൊന്ന് ഇളകുന്ന |

## ആശയവിശദീകരണം

- ദുഃഖം, ഭയം എന്നിവയോടുകൂടി ഇരിക്കുന്ന ഭർത്താവ്

ദുഃഖത്താൽ, നീണ്ട നെടുവീർപ്പുകൾ തുടരെത്തുടരെ ഇടുന്നതിനാൽ അയാളുടെ മുഖം ഉലയ്ക്ക് തുല്യമായി എരിയുന്നതായി മാറി. മഴ പെയ്യുന്നതുപോലെ മുത്തിന്റെ ശോഭയുള്ള കണ്ണീർക്കണങ്ങൾ എപ്പോഴും പുറപ്പെടുവിക്കുന്നതിനാൽ കണ്ണുകൾ കലങ്ങി മറഞ്ഞു. വിളറിയതും ഒട്ടിയതുമായ കവിൾത്തടം, ചാമ്പൽപോലെ വിളർത്ത ഉടൽ എന്നിവയോടുകൂടി അയാൾ ഇരുന്നു. ഭർത്താവ് ഈ സന്ദർഭത്തിൽ വൈദ്യുതിയാൽ ഇളകുന്ന പാവയെപ്പോലെയായി മാറി. ദുഃഖം, ഭയം എന്നിവ മൂലം ഞെട്ടുകയോ വിറയ്ക്കുകയോ അയാൾ ചെയ്തിരിക്കാം. അത് ബോധപൂർവമായിരുന്നില്ല എന്നു സാരം. അമിതദുഃഖം മൂലമുള്ള ഭർത്താവിന്റെ ശരീരചലനങ്ങളെ അതിസൂക്ഷ്മമായി വർണ്ണിക്കുന്നു. ഭർത്താവിനെ കേവലം വൈദ്യുതികൊണ്ട് യാന്ത്രികമായി ഇളകുന്ന ഒരു പാവയെപ്പോലെ ചിത്രീകരിച്ചിരിക്കുന്നു.

## വരികൾ 6

“ഒന്നോ രണ്ടോ മണിക്കൂറിട മനമറിയാമട്ടി
ലെന്തൊക്കെയോ ചെയ്
തന്നോളംതള്ളുമാർത്തിക്കടൽനടുവിലെ
ണീറ്റായവൻ നീന്തിനോക്കി.
പൊന്നോമൽ ചെമ്പകത്തിൻ മലരടിപണിയും
കാന്തതൻ മെയ്യു മെല്ലെ
ത്തന്നോടൊപ്പിച്ചമർത്തിത്തഴുകി,
യൊരുവിധം ഗദ്ഗദംപുണ്ടുരച്ചു.”

## അർഥവിശദീകരണം

| | | |
|---|---|---|
| മനമറിയാമട്ടിൽ | = | അബോധത്തോടെ |
| വികാരത്തള്ളൽ | = | വികാരത്തിന്റെ വേലിയേറ്റംമൂലം |
| തള്ളുമാർത്തിക്കടൽ | = | വലിയ ദുഃഖക്കടലിൽ |
| ചെമ്പക മലരടി | = | ചെമ്പകപ്പൂവ് നമസ്കരിക്കുന്ന |
| കാന്തതൻമെയ്യ് | = | ഭാര്യയുടെ ശരീരം |

## ആശയവിശദീകരണം

അബോധാവസ്ഥയ്ക്ക് ശേഷം അയാൾ പ്രിയതമയെ ഓർമ്മിക്കു

▶ പ്രിയതമയെ ഓർമ്മിച്ച് വിലപി ക്കുന്നു

ന്നു. ഒന്നുരണ്ടുമണിക്കൂർ മനസ്സ് പ്രതികരിക്കാത്തവണ്ണം അബോധാവസ്ഥയിലാണുണ്ടായിരുന്നത്. ദുഃഖക്കടൽ നീന്താനുള്ള ശ്രമമെല്ലാം അയാൾ നടത്തിനോക്കി, പക്ഷെ സാധിക്കുന്നില്ല. ചെമ്പകം പോലും തോറ്റുപോകുന്ന ശരീരവുമായി നിലത്തു കിടക്കുന്ന ഭാര്യയെ താങ്ങിയെടുത്തു മടിയിലിരുത്തി ഭർത്താവ് വിലപിക്കുവാൻ തുടങ്ങി.

### വരികൾ 7

"മാനം, മര്യാദ, മാനപ്രണയമധുരമാം
 ശീലമൊക്കുന്ന മട്ടിൽ
ദാനംതൊട്ടുള്ള നാനാഗുണവിഭവ
 മിണങ്ങീടുമെൻ പ്രാണനാഡീ
ജ്ഞാനധ്യാനൈകരൂപാമൃതമണ
 യുവതിന്നുള്ള നിന്നന്ത്യയാത്ര
യ്ക്കാനന്ദം കൈവരട്ടേ, തവ
 വിമലകഥാവസ്തുശേഷിച്ചിടട്ടേ."

### അർഥവിശദീകരണം

| | | |
|---|---|---|
| നാനാ ഗുണവിഭവം | = | നിരവധി ഗുണങ്ങൾ |
| പ്രാണനാഡി | = | ജീവനായവൾ |

### ആശയവിശദീകരണം

▶ മംഗളാശംസ

ഭാര്യയുടെ ഉത്തമജീവിതത്തെപ്പറ്റി ബാക്കിയുള്ളവർ പ്രശംസിക്കട്ടെ. മാനവും മര്യാദയും പുലർത്തിയാണ് അവളിന്നുവരെ ജീവിച്ചത്. എല്ലാഗുണവും തികഞ്ഞവളായിരുന്നു അവൾ. ജ്ഞാനവും ധ്യാനവും യോജിച്ച അവളുടെ അന്ത്യയാത്രയും ആനന്ദത്തോടെയാകട്ടെ. ആ പ്രശംസയും ആത്മാവിന് സന്തോഷമാകട്ടെ. ഇങ്ങനെ ഭർത്താവ് ഭാര്യയ്ക്ക് മംഗളങ്ങൾ ആശംസിക്കുന്നു.

### വരികൾ 8

സ്വാതന്ത്ര്യത്തോടുകൂടി സ്വയമുയരുമൊരീ
 നിന്റെ ജീവൻ, ക്രമത്തിൽ
കൈതന്നുംവെച്ചു വാനോർവനിത
 കളരുളീട്ടന്നൊരഗ്രാസനത്തിൽ
ആതങ്കംവിട്ടുമിന്നിക്കിളികളിളകു
 മാ നന്ദനത്തോപ്പിലേന്തും
ഗീതത്തോടൊത്തു പുത്തൻ മണമണിയു
 മിളംകാറ്റു തെല്ലോട്ടിടട്ടേ

### അർഥവിശദീകരണം

| | | |
|---|---|---|
| നിന്റെ ജീവൻ | = | നിന്നാത്മാവ് |
| കൈതന്നും വച്ച് | = | ഹസ്തദാനത്തോടെ |
| വാനോർ വനിതകൾ | = | ദേവസ്ത്രീകൾ |
| അഗ്രാസനം | = | ഏറ്റവും പ്രധാന ഇരിപ്പിടം |

## ആശയവിശദീകരണം

സ്വർഗത്തിലെ ദേവസ്ത്രീകൾ അവളെ സ്വീകരിക്കുകയും സിംഹാസനത്തിൽ ഇരുത്തുകയും ചെയ്യും. പരേതയുടെ ആത്മാവ് നന്ദനോദ്യാനത്തിൽ നിന്ന് വീശിയടിക്കുന്ന കാറ്റുകൊള്ളുമാറാകട്ടെ എന്ന് ആശംസിക്കുന്നു. ഉത്തമയായ ഭാര്യ സ്വർഗത്തിൽത്തന്നെ പോകുമെന്നും അവിടെ അവൾക്കു നല്ല ജീവിതം ലഭിക്കുമെന്നും അയാൾ വിശ്വസിക്കുന്നു. ഭൂമിയിലെ എല്ലാ സങ്കടങ്ങളും വിട്ടുമാറി അവൾ സ്വർഗത്തിലെ ഉദ്യാനത്തിൽ സന്തോഷത്തോടെ ജീവിക്കട്ടെ എന്നും അയാൾ ആശംസിക്കുന്നു.

- സ്വർഗത്തിലെ ഉദ്യാനത്തിൽ സുഖം അനുഭവിക്കട്ടെ

## വരികൾ 9

“ആശാവേശംനിമിത്തം ചിലതിവനുര
ചെയ്യുന്നതത്രേ, മരിച്ചാ
ലേശാൻപോകും യഥാർത്ഥസ്ഥിതികളറിയു
വാനാർക്കുമയ്യോ ഞെരുക്കം.
ദേശാചാരാനുസാരം സുകൃത
ഫലമെടുത്തീടുവാൻ തത്ത്വചിന്താ
ലേശാലോലം മനസ്സിന്നനുമതി കുറയും,
തത്ത്വമോഭിന്നഭിന്നം!”

## അർഥവിശദീകരണം

| | | |
|---|---|---|
| ആശാവേശം | = | ആഗ്രഹത്തിന്റെ ആവേശം നിമിത്തം |
| ഉരചെയ്തു | = | പറഞ്ഞു |
| സുകൃതം | = | പുണ്യം |
| തത്ത്വചിന്താലേശാലോലം | = | തത്ത്വചിന്ത കൊണ്ട് ആലോലം |

## ആശയവിശദീകരണം

യാഥാർഥ്യമെന്ന സംശയം കൊണ്ട് അവൾക്ക് സ്വർഗം കിട്ടുമെന്നൊന്നും പെട്ടെന്ന് തീരുമാനിക്കുവാനാകില്ല എന്നും ആ മനസ്സിന് പിന്നെന്തെങ്കിലും ചിന്തിക്കുവാനാകുമോ എന്ന് പറയാൻ പ്രയാസമെന്നും കൂട്ടിച്ചേർക്കുന്നു. ഒരു തത്വമില്ലെന്നും പല പല തത്വങ്ങളാൽ ഭിന്നമായതിനാൽ മരണാനന്തരത്തെപ്പറ്റി ഉറപ്പിച്ച് പറയാനാവില്ലെന്നും അയാൾ പറയുന്നു.

- മരണാനന്തരം എന്താണെന്ന് പറയാൻ പറ്റില്ല

## വരികൾ 10

“ദേവന്മാരുള്ള നാടും നരകവുമിവിടെ
ത്തന്നെയാണെന്നുവന്നാ
ലാവട്ടേ നാം നയിച്ചു പ്രണയമസൃണമീ
ജീവിതം സ്വർഗ്ഗതുല്യം,
ജീവൻ മേലിൽ സുശീലേ ജനനമണയു
മെന്നാകിലിന്നാ,മൊരേമ
ട്ടേവംതാൻ ചേരുമപ്പോളമിതപര
ചിദാനന്ദകന്ദം ഭുജിക്കാം.”

### അർഥവിശദീകരണം

| | | |
|---|---|---|
| ദേവന്മാരുടെ നാട് | = | സ്വർഗലോകം |
| ഏവം | = | അപ്രകാരം |
| മസൃണം | = | മനോഹരം |
| ചിദാനന്ദകന്ദം | = | കേവലാനന്ദം |

### ആശയവിശദീകരണം

▶ അടുത്ത ജന്മം ഒന്നിക്കാം

പ്രചാരമുള്ള രണ്ടു തത്വപ്രകാരം സൗഭാഗ്യകരമായ ആനന്ദമാണല്ലോ നമ്മുടേത്. ദേവന്മാരുള്ള സ്വർഗവും നരകവും ഇവിടെത്തന്നെ. നമ്മുടെ പ്രണയജീവിതവും സ്വർഗതുല്യമായിരുന്നു പ്രാണികൾക്കു പുനർജന്മമുണ്ട് എന്നതു പ്രകാരം അടുത്ത ജന്മം നമുക്ക് ഒന്നിച്ച് പരമാനന്ദമനുഭവിക്കാമെന്നും നായകൻ ആശ്വസിക്കുന്നു.

### വരികൾ 11

“താരുണ്യത്തള്ളലാലോ, തരുണ
        മനമിളക്കുന്ന ഗാനങ്ങളാലോ,
പേരുണ്ടാക്കാൻ തുനിഞ്ഞി
        ല്ലിവനിലകമലിഞ്ഞുള്ള നീയെന്ന മൂലം,
ആരും വാഴ്ത്തില്ലയെന്നാകിലുമൊരു
        സമയത്തദ്ഭുതപ്രേമസാരം
ചേരും നിൻ ജീവവൃത്തപ്പുതുമ പുതിയ
        പാഠത്തിലൊന്നായിരിക്കും.“

### അർഥവിശദീകരണം

| | | |
|---|---|---|
| താരുണ്യത്തള്ളൽ | = | യൗവനസഹജമായ അഹംഭാവം |
| തരുണൻമാർ | = | യുവാക്കൾ |

### ആശയവിശദീകരണം

▶ അദ്ഭുതമായ പ്രേമരസം

സ്ത്രീകളുടെ പ്രധാനഗുണം ഭർത്താവിനോടുള്ള നിഷ്കളങ്ക പ്രേമമാണെന്ന് കവി പറയുന്നു. യൗവനാരംഭത്തിലുള്ളതും യുവാക്കൾക്കും ഹരം പകരുന്നതുമായ ഗാനങ്ങൾ നീ ഒരിക്കലും പാടാറില്ല. നീ എനിക്ക് നൽകുന്നത് അദ്ഭുതമായ പ്രേമരസമാണെന്നും കവി പറയുന്നു.

### വരികൾ 12

“സാരാനർഘപ്രകാശപ്രചുരിമ
        പുരളും ദിവ്യരത്നങ്ങളേറെ
പാരാവാരത്തിനുള്ളിൽ പരമിരുൾ
        നിറയും കന്ദരത്തിൽ കിടപ്പൂ
ഘോരാരണ്യച്ചുഴൽക്കാറ്റടികളിലിളകും
        തൂമണം വ്യർത്ഥമാക്കു
ന്നോരാപ്പൂ വെത്രയുണ്ടാ,മവകളിലൊരു
        നാളൊന്നു കേളിപ്പെടുന്നു.”

### അർഥവിശദീകരണം

| | | |
|---|---|---|
| പ്രചുരിമ | = | ആധിക്യം |
| കന്ദരം | = | ഗുഹ |
| പാരാവാരം | = | സമുദ്രം |
| തൂമണം | = | സുഗന്ധം |

### ആശയവിശദീകരണം

▶ കഴിവുകൾ മരണശേഷവും കീർത്തിയായി ശോഭിക്കും

കാട്ടിൽ എത്രയോ ഭംഗിയും മണവുമുള്ള കുസുമങ്ങളാണ് തങ്ങളുടെ സുഗന്ധം കാറ്റിൽ പരത്തുന്നത്. അതുപോലെ നവരത്നങ്ങളും പ്രസ്തുത പൂക്കളും ആരും ശ്രദ്ധിക്കാതിരുന്നാലും ക്രമേണ ഒരിക്കൽ പ്രസിദ്ധമായി വരുമെന്ന് നായകൻ പറയുന്നു. ജീവിച്ചിരുന്നപ്പോൾ ഉത്തമഗുണങ്ങളുണ്ടായിരുന്ന ഭാര്യയുടെ കഴിവുകൾ മരണശേഷവും കീർത്തിയായി ശോഭിക്കുമെന്ന് ഈ വരികളിലൂടെ വ്യക്തമാക്കുന്നു. തോമസ്ഗ്രേയുടെ വിലാപകാവ്യത്തിലെ വരികളുടെ സ്വാധീനം ഈ ഭാഗത്തു പ്രകടമാകുന്നുണ്ട്.

### വരികൾ 13

"ഭൂയിഷ്ഠം റാണി പദ്മാവതിയുടെ
വിപുല സ്ഥൈര്യസമ്പത്തു ലക്ഷ്മീ
ഭായിക്കുണ്ടായ യുദ്ധപ്രവണത,
സരളാദേവിതൻ വാഗ്വിലാസം,
നീയിത്ഥം നിർമ്മലസ്ത്രീഗുണമഹിമകളാൽ
പൂർണ്ണയായ്വാണിരിക്കാം,
വായിപ്പാനാവതാണോ ഹൃദയനില വെറും
മാംസദൃഗ്വീക്ഷണത്താൽ?"

### അർഥവിശദീകരണം

| | | |
|---|---|---|
| ഹൃദയനില | = | ഹൃദയത്തിന്റെ അവസ്ഥ |

### ആശയവിശദീകരണം

▶ നല്ല ഗുണങ്ങൾ ഭാര്യയിൽ ആരോപിക്കുന്നു

ഭാരതീയ വനിതകളായ റാണി പത്മാവതി, സരളാദേവി എന്നിവരെപ്പറ്റി പറയുന്നു. അവരുടെ ധർമ്മം, വാഗ്വിലാസം, യുദ്ധം, നൈപുണ്യം, പരിശുദ്ധി എന്നിവ തന്റെ ഭാര്യയിലും അയാൾ ആരോപിക്കുന്നു. അവ നിനക്കുമുണ്ട്. എന്നാൽ വെറും കണ്ണുകൊണ്ട് ഹൃദയത്തിനുള്ളിലിരിക്കുന്ന ഗുണം എങ്ങനെ നോക്കിക്കാണാനാകുമെന്ന് കവി ചോദിക്കുന്നു.

### വരികൾ 14

"ഏതായാലും കൃതാന്തൻ നിജകഠിനകരം
നിന്നിൽവെച്ചു, തുഷാര
ശ്രീ താവും മഞ്ജുമന്ദസ്മിതമണിയുമിളം
ചുണ്ടനങ്ങാതെയായീ,
വീതായാസം വിലോലായതമിഴിയിലെഴും
കാന്തി മങ്ങീ, കടുക്കും
വാതാവേശാൽ പ്രപഞ്ചത്തിരയടിയി
ലകപ്പെട്ടു നീ ചോട്ടിലായി."

### അർഥവിശദീകരണം

| | | |
|---|---|---|
| കൃതാന്തൻ | = | കാലൻ |
| നിജകഠിനകരം | = | കഠിനമായ നിന്റെ കരം |
| തുഷാരശ്രീതാവും | = | മഞ്ഞിന്റെ ശോഭയുള്ളത് |
| ചോട്ടിലായി | = | ചുവട്ടിൽ |
| ആയാസം | = | പ്രയാസം |

### ആശയവിശദീകരണം

▶ മരണമെന്ന യാഥാർഥ്യം

നിന്റെ ഗുണങ്ങളെപ്പറ്റി വിസ്തരിച്ചു പറഞ്ഞിട്ടിനി കാര്യമില്ല. മനോഹരമായി പുഞ്ചിരിച്ചിരുന്ന നിന്റെ ചുണ്ടുകൾ ചലിക്കാതെയായിരിക്കുന്നു. മനോഹരമായ കണ്ണുകളുടെ കാന്തിയും മങ്ങി. കാലൻ നിന്റെമേൽ നിഷ്കരുണത്തോടെ കൈവച്ചുകഴിഞ്ഞു. പ്രകൃതിയുടെ തിരമാല നിന്നെ അടിച്ചുതാഴെയിട്ടു. ഇനി എന്ത് ചെയ്യാനാകുമെന്നും അയാൾ ചോദിക്കുന്നു.

### വരികൾ 15

"ആകപ്പാടേ വിമർശിച്ചറിയുവതി
    നസാദ്ധ്യങ്ങളാകുന്നു നാനാ
പാകംപറ്റുന്ന ദിവ്യപ്രകൃതിയുടെ
    വികാരങ്ങൾ വിശ്വോത്തരങ്ങൾ
ലോകം രംഗം, നടന്മാർ നടരിതു
    വളരെസ്സാരമാം തത്ത്വമെങ്ങോ
പോകട്ടേ, മാംസമേദോമലകലിത
    മുടൽക്കെട്ടിതുൽകൃഷ്ടമാണോ?"

### അർഥവിശദീകരണം

| | | |
|---|---|---|
| എല്ലാം വിധിവിലാസമാണ് | = | സർവതും വിധിയാണ് |

### ആശയവിശദീകരണം

▶ പ്രകൃതിയുടെ അനിർവചനീയമാറ്റം

പ്രകൃതിയുടെ മാറ്റം അനിർവചനീയമാണ്. ലോകം നാടകരംഗമാണെന്ന ഷേക്സ്പിയർ തത്വം അവിടിരിക്കട്ടെ. മാംസമജ്ജമലത്താൽ നിർമ്മിതമായ ശരീരം അത്ര ഉത്കൃഷ്ടമാണോയെന്ന് അയാൾ ചോദിക്കുന്നു. ജീവിതം നാടകമാണെന്നും നമ്മളോരോരുത്തരും അതിലെ നടന്മാരാണെന്നുമുള്ള തത്വമിവിടെ സൂചിപ്പിക്കുന്നു. നശ്വരമായ ഭൂമിയിൽ ഉള്ളതെല്ലാം നശിക്കുമെന്നും ആശ്വസിക്കുന്നു. ശരീരത്തിന്റെ നശ്വരതയിലൂന്നുകയാണയാൾ. പ്രകൃതിയിൽ അതിവേഗം മാറ്റങ്ങളുണ്ടാകുന്നു. ആ മാറ്റമാണ് ഭാര്യയുടെ ഈ വേർപാട്.

### വരികൾ 16

"ധീരശ്രീസർവ്വസൈന്യാധിപനുടെ
    കരവാ, ളൂഴിപന്നുള്ള ചെങ്കോ
ലീ രണ്ടിന്നും നമിക്കാത്തൊരു പഴയ
    മഹാശക്തി മീതേ ജയിച്ചു.

സാരജ്ഞ, തല്പ്രയുക്തം നിയമ
മനുസരിച്ചിന്നു ലോകങ്ങളോരോ
നേരത്തോരോ വിധത്തിൽ തിരിയു
മതുതടുത്തീടുവാനാവതല്ല."

### അർഥവിശദീകരണം

| | | |
|---|---|---|
| ധീരശ്രീ | = | ധൈര്യമുള്ളതും ശോഭിക്കുന്നതുമായ |
| കരവാൾ | = | കൈവാൾ |
| പ്രയുക്തം | = | പ്രയോഗിക്കപ്പെട്ട |

### ആശയവിശദീകരണം

▶ ലോകഗതി നിയന്ത്രിക്കാൻ മനുഷ്യനാകില്ല

പ്രപഞ്ചത്തിന്റെ നിർമ്മാതാവും ഭരണകർത്താവുമായ സർവേശ്വരന്റെ ആഗ്രഹങ്ങൾക്കനുസരിച്ച് ലോകങ്ങൾ ഓരോ തരത്തിൽ തിരിഞ്ഞിരിക്കുന്നു. ലോകഗതി നിയന്ത്രിക്കാൻ മനുഷ്യന് ഒരിക്കലും സാധ്യമല്ല. ദൈവത്തിന്റെ തീരുമാനങ്ങളാണ് ഈ ലോകത്തു നടക്കുകയെന്നും അതിൽ ഇടപെടാനോ അതിനെ മാറ്റിമറിക്കാനോ മനുഷ്യർക്ക് കഴിയില്ല എന്നും പറയുന്നതിലൂടെ മനുഷ്യന്റെ നിസ്സാരതയും നിസഹായതയും ഇവിടെ വെളിവാകുന്നു.

### വരികൾ 17

"ലാവണ്യംകൊണ്ടിണങ്ങും പുതുമ, കവിത
കൊണ്ടുള്ള സൽകീർത്തി, വിദ്വത്
ഭാവംകൊണ്ടുള്ള മാന്യസ്ഥിതി,
രണപടുതാമൂലമാം വൻ പ്രതാപം
ഈവണ്ണം വർണ്ണനീയം ഗുണ
മഖിലമൊരേ വാതിലിൽത്തട്ടിമുട്ടി
ജീവത്താമാദിമൂലപ്രകൃതിയിലൊടുവിൽ
ചെന്നുചേരുന്നുവല്ലോ"

### അർഥവിശദീകരണം

| | | |
|---|---|---|
| ലാവണ്യം കൊണ്ടിണങ്ങും പുതുമ | = | സൗന്ദര്യം കൊണ്ടു ലഭിക്കുന്ന മേന്മ |
| വിദ്വത്ഭാവം | = | വിദ്വാന്റെ ഗുണം |
| മാന്യസ്ഥിതി | = | ബഹുമാന്യപദവി |
| രണപടുത | = | യുദ്ധപടുത്വം |

### ആശയവിശദീകരണം

▶ മരണമെന്ന ബിന്ദുവിൽ കേന്ദ്രീകരിക്കപ്പെടുന്നു

മരണം സർവസാധാരണമായ ഒന്നാണ്. മരണത്തിന് ഉച്ചനീചത്വമില്ല. ഈ തത്വത്തെ ഓർത്തുകൊണ്ട് ഭാര്യ മരിച്ച അയാൾ ആശ്വസിക്കുന്നു. കവിതകൊണ്ടുള്ള പ്രശസ്തിയും സൂക്ഷിച്ചുപോന്ന മാന്യഭാവവും ഉണ്ടാക്കിയെടുത്ത പ്രതാപവുമെല്ലാം അവസാനം മരണമെന്നബിന്ദുവിൽ കേന്ദ്രീകരിക്കപ്പെടുന്നു. മരണമേവരേയും തുല്യരാക്കുന്നു. പലനിലയിലും രീതിയിലും ജീവിച്ചുപോന്നിരുന്നവരെല്ലാം മരണത്തിന്റെ മുന്നിലെത്തുമ്പോൾ സമന്മാരാകുന്ന സാഹചര്യമാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്.

### വരികൾ 18

“ബാലാദിത്യൻ കരത്താലരിമയൊടു
            തലോടീടവേ പാടലശ്രീ
ലീലാരംഗം പ്രഭാതപ്രകൃതിയുടെ
            മൃദു സ്നിഗ്ദ്ധഗണ്ഡം കണക്കെ
മേലാലെത്തും വിപത്തിൻ വിപുലതയെ
            വിചാരിച്ചുനോക്കുന്നതിന്നും
മേലാതേനിന്നൊടുക്കം പടുചുടല
            പനീർപ്പൂവു ചുംബിച്ചിടുന്നു”

### അർഥവിശദീകരണം

| | | |
|---|---|---|
| ബാലാദിത്യൻ | = | പ്രഭാതസൂര്യൻ |
| കരം | = | കൈ |
| അരിമ | = | സ്നേഹം |
| വിപത്ത് | = | ആപത്ത് |
| പാടലം | = | ചെമപ്പുനിറം |
| ഗണ്ഡം | = | കഴുത്ത് |

### ആശയവിശദീകരണം

► ജീവിതത്തിലെ അപ്രതീക്ഷിത സംഭവങ്ങൾ

പ്രഭാതസൂര്യൻ റോസാപ്പൂവിനെ തലോടുന്നു. അതിന്റെ കവിൾത്തടം ചുവക്കുന്നു. അങ്ങനെ ശോഭിക്കുമ്പോഴും വരാനിരിക്കുന്ന കൊടിയ ആപത്തിനെപ്പറ്റി അവർ അറിയുന്നില്ല. അത് അപ്രതീക്ഷിതമായി നിലംപതിക്കുന്നു. ഈ സന്ദർഭത്തിനോട് ഭാര്യാവിയോഗത്തെ നായകൻ ഉപമിക്കുന്നു.

### വരികൾ 19

“ഓമൽപ്പൂവെണ്ണിലാവിൽക്കുളിർമയൊടു
            കുളിച്ചൊട്ടു മൂടും പ്രസൂന
ക്ഷൌമംചാർത്തിസ്സുഗന്ധപ്പൊടിവിതറി
            വിളങ്ങുന്ന ‘മല്ലീമതല്ലി.
ആമട്ടുച്ചയ്ക്കുണങ്ങിക്കരിയുമുടലു
            ലഞ്ഞെന്നുറച്ചിറ്റുവീഴും
തൂമഞ്ഞിൻ തുള്ളിയാലേ വിമലമതി
            വൃഥാതന്നെ ബാഷ്പം പൊഴിപ്പു.”

### അർഥവിശദീകരണം

| | | |
|---|---|---|
| പ്രസൂനം | = | പൂവ് |
| ഓമൽപ്പൂവെണ്ണിലാവ് | = | മനോഹരമായ പൂവുപോലെ വെളുത്ത നിലാവ് |
| മല്ലീമതല്ലീ | = | അഴകേറിയ മുല്ലപ്പൂവ് |
| ക്ഷൌമം | = | നേരിയ പട്ടുവസ്ത്രം |
| വിമലമതി | = | കളങ്കമില്ലാത്ത ചന്ദ്രൻ |

### ആശയവിശദീകരണം

വെണ്ണിലാവിൽ കുളിർമ്മയോടുകൂടി ശോഭിച്ചും സുഗന്ധപൊടിവിതറിയും വിളങ്ങുന്ന മുല്ലപ്പൂവ് ഉച്ചയോടുകൂടി ഉണങ്ങിക്കരിയുന്നു, അതിന്റെ ഇതൾ പൊഴിയുന്നു. അതോർത്തു വിമലമതി (കളങ്കമില്ലാത്ത ചന്ദ്രൻ) വ്യഥാ പൊഴിക്കുന്ന ബാഷ്പമാണ് മഞ്ഞുതുള്ളി. അതാണ് പുലരിയിൽ കാണുന്ന മഞ്ഞുതുള്ളിയെന്ന് നായകൻ പറയുന്നു. കരഞ്ഞിട്ട് കാര്യമില്ലയെന്നും വരാനുള്ളത് വരുമെന്നും അയാൾ പരിതപിക്കുന്നു.

▶ ജീവിതാവസ്ഥ

### വരികൾ 20

“നാദാന്തബ്രഹ്മനിഷ്ഠാവഴിയിലക
മുറച്ചേവമോർത്താലുമിന്നെൻ
വേദാന്തക്കൺവെളിച്ചം വിരഹമഷി
പിടിച്ചൊന്നു മങ്ങുന്നുവെങ്കിൽ
വാദാർത്ഥം ദണ്ഡമേന്തും യതികളുടെ
വെറും കാവിമുണ്ടുഗ്രസംഗ-
ത്തീദാഹംകൊണ്ടു നീട്ടും രസനകളെ
മുറയ്ക്കെത്രനാൾ മൂടിവെക്കും?”

### അർഥവിശദീകരണം

| | | |
|---|---|---|
| നാദാന്തബ്രഹ്മനിഷ്ഠ | = | നാദബ്രഹ്മത്തിലുള്ള വിശ്വാസം |
| അകം ഉറച്ച് | = | മനസ്സ് ഉറച്ച് |
| വിരഹമഷി | = | വിരഹമാകുന്ന കൺമഷി |

### ആശയവിശദീകരണം

തത്വജ്ഞാനം കൊണ്ട് കണ്ണ് തെളിയിക്കാൻ നായകൻ ശ്രമിക്കുന്നുവെങ്കിലും അതിൽ വിരഹദുഃഖമാകുന്ന മഷി പറ്റിപ്പിടിക്കുക തന്നെ ചെയ്യുമെന്ന് അയാൾ പറയുന്നു. ഈ പ്രാപഞ്ചിക തത്വമറിയുന്നവന് ഇതാണനുഭവമെങ്കിൽ വെറും വേഷം കൊണ്ട് സന്യാസിയായി അഭിനയിക്കുന്നവന് ഭൗതികാസക്തി വിട്ടുപോകുന്നതെങ്ങനെയെന്നും നായകൻ ചോദിക്കുന്നു.

▶ വിരഹ ദുഖം

### വരികൾ 21

“പാതിവ്രത്യപ്രതാപക്കൊടിയുടെ
ചരടേ ദുർവ്വിധിക്കാറ്റുതട്ടി
പാതിത്യംവന്ന നിന്മെയ്യിളകുവതി
നിനിസ്സാദ്ധ്യമല്ലെന്നിരിക്കെ,
പാതിപ്പെട്ടും ഭവച്ചങ്ങലവലയി
ലകപ്പെട്ടു കാലാലയത്തിൻ
വാതിൽക്കൽപ്പോയിമുട്ടിത്തിരിയെ
വരുമൊരെൻ ജീവിതം ഭാരഭൂതം!”

### അർഥവിശദീകരണം

| | | |
|---|---|---|
| പാതിവ്രത്യപ്രതാപ ക്കൊടി | = | പാതിവ്രത്യമാകുന്ന ഐശ്വര്യത്തിന്റെ കൊടി |
| പാതിത്യം | = | വീഴ്ച |

## ആശയവിശദീകരണം

> ▶ മരണതുല്യമായ ജീവിതം

മരണതുല്യമായ ജീവിതമായി അയാൾക്ക് ഈ അവസ്ഥ അനുഭവപ്പെട്ടു. ഭാര്യ മരിച്ചതിലുള്ള ദുഃഖം മൂലം ഭർത്താവും മരിച്ച് കാലന്റെ വാതില്ക്കൽ പോയി മടങ്ങി വന്ന മട്ടിലിരിക്കുന്നു അയാൾ. ജീവിതത്തിൽ കൂട്ടായിരുന്ന ഭാര്യയുടെ മരണം ഒരർഥത്തിൽ അയാളുടെ കൂടി മരണമാകുന്നു. ഈ തിരിച്ചറിവാണ് അയാളെ കൂടുതൽ ഹതാശനാക്കുന്നത്.

## വരികൾ 22

നീലക്കാർ മൂടി മങ്ങുന്നിതുമതി, കൊടുതാം
　　　　മിന്നൽ പായുന്നു നാഡീ-
ജാലത്തിൽക്കൂടി ദീർഘശ്വസന
　　　　നിളകവേ ബാഷ്പവർഷം വരുന്നു
പാലഞ്ചുംവാണിയാളേ തവ വിരഹ
　　　　വിചാരാംബുധിക്കോളിളക്കം
കാലത്തിന്നൊത്തിരിപ്പൂ കണവനുടെ
　　　　കരൾക്കെട്ടിതാ പൊട്ടിയല്ലോ!

## അർഥവിശദീകരണം

| | | |
|---|---|---|
| മതി | = | ചന്ദ്രൻ |
| നീലക്കാർമ്മൂടി മങ്ങുന്നിതുമതി | = | കാർമേഘം മൂടി ചന്ദ്രൻ മങ്ങുന്നു |
| കൊടുതാം | = | ഉഗ്രമായി |

## ആശയവിശദീകരണം

> ▶ വിരഹ ദുഃഖം, കണ്ണീർമഴ

നായകന്റെ വിരഹദുഃഖത്തെ അന്നത്തെ വർഷകാലവുമായി ബന്ധിപ്പിക്കുന്നു. വർഷകാലത്തെ നായികയുടെ മരണത്തെയും നായകന്റെ വിരഹദുഃഖത്തെയും ബാഹ്യാന്തരീക്ഷ പ്രകൃതിയേയും കൂടിച്ചേർക്കുന്നു. ജീവിതത്തിൽ കൂട്ടായിരുന്ന ഭാര്യയുടെ മരണം പ്രകൃതിയിൽ മഴ നിറഞ്ഞു പെയ്യുന്നതുപോലെ നായകന്റെ മനസ്സിലും കണ്ണീർമഴ പെയ്യുകയാണ്. തോരാതെ പെയ്യുന്ന മഴ പോലെ നായകന്റെ ദുഃഖവും മാറുന്നില്ല.

## വരികൾ 23

പ്രാലേയക്കട്ടപോലേ പരിമൃദുലതപു
　　　　ണ്ടെന്നുമാഡംബരത്തിൽ
ക്കാലേവെക്കാതെ, നൈസർഗ്ഗിക
　　　　മധുരിമയെത്തൻ കളിത്തോഴിയാക്കി.
മാലേയംമാത്രമായോരണിയലൊടു,
　　　　മുഖാബ്ജത്തിലാത്മപ്രസാദം
മേലേമേലേ വളർത്തി ഭവതി ഭുവന
　　　　രംഗത്തിൽ നന്നായ് വിളങ്ങി.

### അർഥവിശദീകരണം

| | | |
|---|---|---|
| പ്രാലേയക്കട്ട | = | മഞ്ഞുകട്ട |
| കളിത്തോഴി | = | കൂട്ടുകാരി |
| മാലേയം | = | ചന്ദനം |
| ആത്മപ്രസാദം | = | ഹൃദയതൃപ്തി |

### ആശയവിശദീകരണം

▶ ഭാര്യയുടെ ജീവിതം മംഗളതരമായിരുന്നു

നായകൻ തന്റെ ഭാര്യയുടെ ജീവിതം മംഗളതരമായിരുന്നു എന്ന് അനുസ്മരിക്കുന്നു. അവളുടെ മനഃസ്ഥിതി മഞ്ഞുകട്ടപോലെ അലിയുന്നതായിരുന്നു. നായിക ആഡംബരജീവിതം നയിച്ചിരുന്നില്ല. മുഖത്ത് ചന്ദനക്കുറി മാത്രമേ അണിഞ്ഞിരുന്നുള്ളൂ. നടിമാരുടെ അലങ്കാരമൊന്നും കൂടാതെ അവൾ ലോകമാകുന്ന അരങ്ങിൽ ഭംഗിയോടെ ശോഭിച്ചെന്നും അയാൾ ഓർമ്മിക്കുന്നു.

### വരികൾ 24

"ഞാനോ, നീർക്കെട്ടുമുട്ടുന്നൊരു
നയനതടം വിങ്ങിമങ്ങിക്കുഴങ്ങി.
പീനോൽക്കണ്ഠാപരീതൻ വിരഹ
വിധുരതാധുസരാംഗങ്ങളോടെ,
മാനോടുംകണ്ണി, മുള്ളുംചരലുമിട
കലർന്നുള്ള മാർഗ്ഗംചവിട്ടി
ത്താനേനാരോ ജീവിതായോധന
മുറിവുകളേറ്റോടിവാടേണ്ടിവന്നു."

### അർഥവിശദീകരണം

| | | |
|---|---|---|
| പീനോൽകണ്ഠാപരീതൻ | = | വർദ്ധിച്ച ഉൽക്കണ്ഠയുള്ളവൻ |
| വിധുരത | = | കഠിനദുഃഖം |

### ആശയവിശദീകരണം

▶ അപ്രതീക്ഷിത വിരാമം

നായികയുടെ ജീവിതാവസ്ഥയിൽ വിധിയേല്പിച്ച മങ്ങലിനെപ്പറ്റി പറയുന്നു. നായിക രംഗത്ത് ശോഭിച്ചിരുന്നപ്പോൾ തന്നെ വിധിയാകുന്ന കർട്ടൻ വീണു. ഇനി ജീവിതത്തിൽ മുറിവേറ്റ് ക്ഷീണിച്ചാണ് താൻ കഴിയേണ്ടി വരികയെന്നും നായകൻ കേഴുന്നു. മനോഹര ജീവിതത്തിന് അപ്രതീക്ഷിത വിരാമം പോലെ ഭാര്യയുടെ മരണം അയാൾ ഓർമ്മിക്കുന്നു.

### വരികൾ 25

"പ്രാതഃകാലം വരുമ്പോൾ തവ
ചരമകഥാസ്മാരകംപോലെ പാടും-
ഗീതത്തെക്കൊണ്ടു ഘണ്ടാമണി
വെളിയിലയച്ചോരു ഞാനൊറ്റയായി
പ്രേതത്തെപ്പോലെ മുറ്റത്തണയുകി
ലൊളിവറ്റൊമനക്കാറ്റുപുൽകും
കൈതപ്പൂവെന്നെനോക്കിത്രപ
യൊടപഹസിച്ചീടുമേ വാദമില്ല."

### അർഥവിശദീകരണം

| | | |
|---|---|---|
| പ്രാതഃകാലം | = | പ്രഭാതം |
| വാദമില്ല | = | തർക്കമില്ല |
| ത്രപ | = | ലജ്ജ |

### ആശയവിശദീകരണം

▶ പ്രകൃതി അപഹസിക്കുന്നു

നേരം വെളുത്ത് ഞാൻ മുറ്റത്തേക്കിറങ്ങുമ്പോൾ കാറ്റിന്റെ ആശ്ലേഷത്തിലിരിക്കുന്ന കൈതപ്പൂവ് എന്നെ പരിഹസിക്കുന്നുവെന്ന് നായകൻ പറയുന്നു. അയാളുടെ ഏകാന്തതയാണ് വരികളിൽ നിറയുന്നത്. നേരം വെളുത്ത് മുറ്റത്തിറങ്ങുന്നതുതൊട്ട് ഒറ്റയ്ക്കാണെന്ന യാഥാർഥ്യം അയാൾ അഭിമുഖീകരിക്കുന്നു. പ്രകൃതിപോലും തന്നെ പരിഹസിക്കുന്നുവെന്നു അയാൾക്ക് തോന്നുന്നു.

### വരികൾ 26

“വാതവ്യാസംഗമൂലം വിറയുടയ
　　പുരാരാമവല്ലീകുലത്തെ
സ്ഫീതസ്നേഹം തലോടിപ്പുലപൊഴുതു
　　പയോധാര താനേനടത്തി.
ആതങ്കംമാറ്റുമാര്യേ, തവ തനുഭവ
　　മായുള്ള വെണ്ണീർ കിടക്കേ
പ്രേതക്കാട്ടിൽക്കടത്തും കരവുമഫലമേ
　　ല്ലൗഷധീശന്നു മേലിൽ.”

### അർഥവിശദീകരണം

| | | |
|---|---|---|
| വാതവ്യാസംഗം | = | കാറ്റാടി |
| പുരാരാമവല്ലീ കുലം | = | വീട്ടിലെ ആരാമവല്ലികളുടെ കൂട്ടം |
| സ്ഫീതസ്നേഹം | = | വർദ്ധിച്ചസ്നേഹം |
| ആതങ്കം | = | സങ്കടം |
| ഔഷധീശൻ | = | ചന്ദ്രൻ |

### ആശയവിശദീകരണം

▶ ചന്ദ്രൻ ഔഷധീശൻ

ചന്ദ്രന് നിന്റെ ചാമ്പലിൽ തൊടുമ്പോൾ സംതൃപ്തി ലഭിക്കും. കാറ്റ് മൂലം വിറയ്ക്കുന്ന ആരാമവള്ളികളെ നീ സ്നേഹപൂർവ്വം തലോടുകയും നനയ്ക്കുകയും ചെയ്യാറുണ്ടല്ലോ. അതുകൊണ്ടാണ് നീ വെണ്ണീർ ശ്മശാനത്തിൽ കിടക്കുമ്പോൾ ചന്ദ്രൻ നിന്നെ സ്പർശിച്ച് സംതൃപ്തി നേടുന്നത്. കാരണം ചന്ദ്രൻ ഔഷധീശൻ ആണെന്നു നായകൻ പറയുന്നു.

### വരികൾ 27

“സാനന്ദം സുപ്രഭാതോദയമഹിമ
　　പുകഴ്ത്തുന്ന പക്ഷി വ്രജത്തിൻ
ഗാനത്താലോ, ഗവാക്ഷംവഴി
　　ദിനമണിതൻ കൈകളാൽ പുൽകയാലോ

തേനഞ്ചും വാണിയാളേ ചുടലയൊടു
സമീപിച്ചതിൻ ദീർഘനിദ്രയ്
ക്കൂനംപറ്റില്ല നിൻ കണ്ണുകൾ
നിയതിനിയോഗത്തിനാൽ മുദ്രിതങ്ങൾ."

### അർഥവിശദീകരണം

| | | |
|---|---|---|
| സുപ്രഭാതോദയമഹിമ | = | മനോഹരപ്രഭാതത്തിന്റെ മാഹാത്മ്യം |
| പക്ഷിവ്യൂഹം | = | പക്ഷിക്കൂട്ടം |
| ഗവാക്ഷം | = | വാതായനം, ജാലകം |
| മുദ്രിതം | = | അടച്ചത് |

### ആശയവിശദീകരണം

▶ ദീർഘനിദ്രാസൗഭാഗ്യം അനുവദിച്ചിരിക്കുന്നു

പക്ഷികളുടെ പ്രഭാതകീർത്തനമോ പ്രഭാതസൂര്യന്റെ കിരണങ്ങളുടെ ആലിംഗനമോ നിന്റെ നിദ്രയ്ക്ക് ഭംഗം വരുത്തുന്നില്ല. ഈ ഉറക്കത്തിൽ നിന്ന് നിന്നെ ആരും ഉണർത്തി ഉപദ്രവിക്കില്ലെന്ന് നായകൻ പറയുന്നു. സർവേശ്വരൻ നിന്റെ കണ്ണുകൾ എന്നെന്നേയ്ക്കുമായി അടച്ച് നിനക്ക് ദീർഘനിദ്രാസൗഭാഗ്യം അനുവദിച്ചിരിക്കുന്നുവെന്നും നായകൻ പറയുന്നു.

വൃത്തം: സ്രഗ്ദ്ധരാ വൃത്തത്തിലാണ് ഈ വിലാപകാവ്യം രചിച്ചിരിക്കുന്നത്.

ലക്ഷണം: 'ഏഴേഴായ് മൂന്നു ഖണ്ഡം
മരഭനയയയം സ്രഗ്ദ്ധരാവൃത്തമാകും.'

## Summarised Overview

വിലാപകാവ്യപ്രസ്ഥാനത്തിലെ ഏറ്റവും ശ്രദ്ധേയമായ കൃതിയാണ് വി. സി. ബാലകൃഷ്ണപ്പണിക്കരുടെ 'ഒരു വിലാപം'. 1909-ൽ കവനകൗമുദിയിലാണ് 'ഒരു വിലാപം' എന്ന വിലാപകാവ്യം പ്രസിദ്ധീകൃതമായത്. പെരുമഴയുള്ള ദിവസം അർദ്ധരാത്രി അന്തരിച്ച ഭാര്യയുടെ സമീപത്തായി ദുഃഖിച്ചിരിക്കുന്ന പുരുഷനെ അവതരിപ്പിച്ചുകൊണ്ടാണ് ഈ വിലാപകാവ്യം ആരംഭിക്കുന്നത്. ഇഷ്ടഭാജനത്തിന്റെ മരണം വിഷൂചിക (കോളറ) ബാധിച്ചാണ് സംഭവിച്ചത്. അയാൾ പ്രിയതമയുടെ ഉടൽ തലോടിക്കൊണ്ട് തന്റെ നഷ്ടമോർത്ത് കരയുന്നു. പിന്നെ കുറച്ചൊരു ആശ്വാസം ലഭിക്കുന്നതിനായി തത്വചിന്തകളെ കൂട്ടുപിടിക്കുന്നു. ഒടുവിൽ പരാശക്തിയിൽ ആശ്വാസം തേടുന്നതായി വിശ്വസിച്ച് ഭാര്യയുടെ സൽഗുണങ്ങൾ ഓർമ്മിക്കുകയും ദാമ്പത്യജീവിതത്തിൽ ഇരുവരും പങ്കിട്ട നിമിഷങ്ങളെ തിരിച്ചറിഞ്ഞ് ആനന്ദിക്കുകയും ചെയ്യുന്നതോടെ അയാൾ അല്പം സമാധാനിക്കുന്നു. അടുത്ത ജന്മത്തിലും തങ്ങൾക്ക് വീണ്ടും ദമ്പതികളായി പിറക്കാമെന്ന പ്രത്യാശയോടെ കാവ്യം അവസാനിക്കുന്നു. ഇരുപത്തിയേഴ് ശ്ലോകങ്ങൾ മാത്രമുള്ള ഈ കാവ്യം മനുഷ്യജീവിതത്തിന്റെ നശ്വരതയിൽ നിന്നാരംഭിച്ച് ദുർവിധി സമ്മാനിക്കുന്ന ആഘാതങ്ങളിൽ പകച്ച് പിന്നീട് മരണാനന്തരം ജീവിതം തുടങ്ങാമെന്ന പ്രത്യാശ പങ്കുവെച്ചുകൊണ്ട് അവസാനിക്കുന്നു. അന്തരിച്ച ഭാര്യയുടെ സമീപം അർദ്ധരാത്രി ദുഃഖിച്ചിരിക്കുകയാണ് ഭർത്താവ്. പ്രകൃതി നിശ്ചലമായി ഈ രംഗത്തിനു സാക്ഷ്യം വഹിക്കുന്നു. വിലാപകാവ്യത്തി

നു അനുയോജ്യമായ അവതരണശൈലിയാണ് ഇവിടെ കവി ഉപയോഗിച്ചിരിക്കുന്നത്. ദുഃഖം മൂലം അവശത അനുഭവിക്കുന്ന ഭർത്താവ് ഭാര്യയുടെ മൃതശരീരത്തെ നോക്കിയിരിക്കുന്നു. അയാളുടെ ശരീരചലനങ്ങൾ ഒരു പാവയെപ്പോലെയായിരുന്നു. യാന്ത്രിക ചലനങ്ങളുടെ കൃത്രിമത്വമാണ് ഇവിടെ ദർശിക്കാനാകുന്നത്.

ഹ്രസ്വജീവിതകാലത്തിനിടയ്ക്ക് ശ്രദ്ധേയരചനകൾ മലയാളസാഹിത്യമേഖലയ്ക്ക് സമ്മാനിച്ച അതുല്യപ്രതിഭയുടെ മഹത്തായ സൃഷ്ടിയാണിത്. കവിയുടെ ആത്മനിഷ്ഠതയിൽ അധിഷ്ഠിതമായ തത്വചിന്ത വരികളിൽ പ്രകടമായി കാണാം. ജീവിതത്തിന്റെ നശ്വരതയും നിസാരതയും ചിന്തകളിൽ കടന്നുവരുന്നു. രൂപഭംഗിയേക്കാളും ജീവിതത്തിൽചെയ്ത സൽപ്രവൃത്തികളും ധാർമ്മിക നിലപാടുകളുമാണ് അവശേഷിക്കുകയെന്ന് കവിത ഓർമ്മപ്പെടുത്തുന്നു. ഭർത്താവിനോടുള്ള നിഷ്കളങ്കപ്രേമമാണ് സ്ത്രീകളുടെ പ്രധാനഗുണം. അത് തന്റെ ഭാര്യയിലും ഒത്തിണങ്ങിയിരുന്നു എന്ന് അയാൾ ഓർക്കുന്നു. ശ്രേഷ്ഠ വനിതകൾക്കുള്ള നിരവധി ഗുണങ്ങൾ അവരിൽ ഉൾച്ചേർന്നിരുന്നു. അങ്ങനെയൊരാളാണ് വിടപറഞ്ഞുപോയത്. ഭാര്യയുടെ ശരീരത്തിനരികെ പ്രകൃതിയിലെ മാറ്റങ്ങളൊന്നും സ്പർശിക്കാത്തവിധമുള്ള ഭർത്താവിന്റെ ഇരിപ്പ്, തന്റെ പ്രിയതമയുടെ മരണം അയാളിലുണ്ടാക്കിയ തകർച്ചയുടെ ആഴത്തെ ബോധ്യപ്പെടുത്തുന്നുണ്ട്. വർഷകാലത്തെ തോരാമഴയുമായി പ്രകൃതിയും ആ കണ്ണീർപെയ്ത്തിനൊപ്പം നിൽക്കുന്നു. ഏകാന്തതയുടെ യാഥാർഥ്യബോധത്തിൽ നഷ്ടത്തെ അംഗീകരിക്കാൻ പാടുപെടുന്ന ഭർത്താവിന്റെ ചിത്രത്തോടെ കാവ്യം അവസാനിക്കുന്നിടത്തും വേർപാടിന്റെ വിലാപം തന്നെയാണ് ഉയർന്നുനിൽക്കുന്നത്.

## Assignments

1. അന്തരിച്ച ഭാര്യയുടെ അടുത്തിരിക്കുന്ന പുരുഷന്റെ അവസ്ഥ വിവരിക്കുക.
2. നായകന്റെ നിസ്സഹായാവസ്ഥയെ കവി വർണ്ണിക്കുന്നത് പരിശോധിക്കുക.
3. വിലാപകാവ്യപ്രസ്ഥാനത്തിലെ നാഴികക്കല്ലായി വിലയിരുത്തുന്ന കൃതിയാണ് വി. സി. ബാലകൃഷ്ണപ്പണിക്കരുടെ 'ഒരു വിലാപം'. പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.
4. വിലാപകാവ്യപ്രസ്ഥാനം മലയാള നവോത്ഥാനകവിതയുടെ ആദ്യദശയെ സൂചിപ്പിക്കുന്നു-വിലയിരുത്തുക.
5. 'ഒരു വിലാപം'-അനശ്വര കവിത്വത്തിന്റെ കാല്പനികരചന-വിലയിരുത്തുക.

## References


1. വി. സി. ബാലകൃഷ്ണപ്പണിക്കർ, ഒരു വിലാപം, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. ഡോ. എം. ലീലാവതി, മലയാളകവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. ഡോ. ദേശമംഗലം രാമകൃഷ്ണൻ, വി.സി. ബാലകൃഷ്ണപ്പണിക്കർ, കേരള സർവകലാശാല, തിരുവനന്തപുരം.

4. ഡോ. എഴുമറ്റൂർ രാജരാജവർമ്മ, വിലാപകാവ്യ പ്രസ്ഥാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. പ്രൊഫ. എരുമേലി പരമേശ്വരൻ പിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.

## Suggested Readings

1. എൻ. രാജൻ, വിലാപവും കലാപവും കവിതയിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ. എം. വേണുഗോപാൽ, വിലാപങ്ങളുടെ പുസ്തകം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. പ്രൊഫ. പന്മന രാമചന്ദ്രൻ നായർ (എഡി.), കവിതാപഠനങ്ങൾ, കറന്റ് ബുക്സ്, തൃശൂർ.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# നളിനി

## കുമാരനാശാൻ

## Learning Outcomes

- ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ സവിശേഷതകളെക്കുറിച്ച് അറിയുന്നു
- കാല്പനികകവിതയുടെ സവിശേഷതകളെക്കുറിച്ച് അറിവ് നേടുന്നു
- കുമാരനാശാന്റെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- ഖണ്ഡകാവ്യമെന്ന നിലയിൽ നളിനിയുടെ സവിശേഷതകൾ കണ്ടെത്തുന്നു
- നളിനിയിലെ കാവ്യബിംബങ്ങളെക്കുറിച്ച് ധാരണ ഉണ്ടാകുന്നു.

## Background

മഹാകാവ്യപ്രസ്ഥാനം മലയാളകവിതയെ കൊണ്ടുചെന്നെത്തിച്ചത് ഭാവോജ്ജ്വലമായ ഒരു നവകാവ്യമണ്ഡലത്തിലായിരുന്നു. ആ വിധത്തിൽപ്പെട്ട രചനകൾ 'ഖണ്ഡകാവ്യപ്രസ്ഥാനം' എന്ന് അറിയപ്പെടുന്നു. കാവ്യപരമായ ഒരു പരിണാമപ്രക്രിയയുടെ ഭാഗമായിരുന്നു അത്. 'മലയവിലാസ'മാണ് മലയാളത്തിലെ ആദ്യഖണ്ഡകാവ്യം എന്ന് അറിയപ്പെടുന്ന കൃതി. ഖണ്ഡകാവ്യപ്രസ്ഥാനം സംസ്കൃതത്തിൽനിന്ന് മലയാളത്തിലേക്ക് സംക്രമിച്ച കാവ്യപ്രസ്ഥാനമാണെന്ന ധാരണയുണ്ട്. എന്നാൽ മലയാളസാഹിത്യത്തിലെ ആധുനിക ഖണ്ഡകാവ്യങ്ങളുടെ സവിശേഷതകൾ പരിശോധിച്ചാൽ അവയിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് സംസ്കൃതത്തിലെ ഖണ്ഡകാവ്യങ്ങൾ എന്ന് മനസ്സിലാക്കാൻ കഴിയും.

'ഖണ്ഡകാവ്യം ഭവേത് കാവ്യ
സൈ്യക ദേശാനുസാരി ച'

എന്നാണ് 'സാഹിത്യദർപ്പണ'ത്തിൽ വിശ്വനാഥാചാര്യൻ ഖണ്ഡകാവ്യത്തിന് ലക്ഷണനിർണ്ണയം ചെയ്തിരിക്കുന്നത് (മഹാകാവ്യത്തിന്റെ ഏതാനും അംശങ്ങൾ മാത്രം സാമ്യമുള്ളത് ഖണ്ഡകാവ്യം).

മഹാകാവ്യം ഒരു വലിയ ജീവിതപ്രപഞ്ചത്തെ ആഴത്തിലും പരപ്പിലും ആവിഷ്കരിക്കുന്നു. ഖണ്ഡകാവ്യമാകട്ടെ ജീവിതത്തിന്റെ ഒരംശത്തെ ഏകാഗ്രമായി ആവിഷ്കരിക്കുന്നു. ഖണ്ഡകാവ്യത്തിൽ കഥയുണ്ട്. പക്ഷേ കഥയെക്കാൾ ഭാവോത്തേജകമായ പ്രതിപാദനത്തിനാണ് ഖണ്ഡകാവ്യത്തിൽ പ്രാധാന്യം. സമൂഹത്തെ ഒന്നായി കാണുന്നതിനു പകരം മൂർത്തവും ജീവിതബന്ധിയും ആയ അനുഭവമോ, പ്രശ്നമോ, സംഭവമോ സമഗ്രമായി ആവിഷ്കരിക്കുന്നു. ആറ്റിക്കുറുക്കിയ കഥാഖ്യാനകവിതയാണ് ഖണ്ഡകാവ്യം. ആത്മാവിഷ്കരണത്തിന് ഖണ്ഡകാവ്യങ്ങളിൽ ഏറെ പ്രാധാന്യമുണ്ട്. സംസ്കൃതസാഹിത്യത്തിൽ ഖണ്ഡകാവ്യത്തിന് സമുന്നത സ്ഥാനമുണ്ട്. കാവ്യപണ്ഡിതന്മാർ കാവ്യങ്ങളെ പ്രബന്ധകാവ്യം, മുക്തകാവ്യം എന്ന് രണ്ടായി വിഭജിക്കുന്നു. ഇതിൽ പ്രബന്ധകാവ്യവിഭാഗങ്ങളാണ് മഹാകാവ്യവും ഖണ്ഡകാവ്യവും. സംസ്കൃതാലങ്കാരികന്മാർ ഖണ്ഡകാവ്യങ്ങളെ ലഘുകാവ്യങ്ങളെന്നു വിളിച്ചിരുന്നു. സങ്കീർണ്ണമായ ജീവിതത്തിന്റെ ഭാഗികമായ ചിത്രമാണ് ഖണ്ഡകാവ്യങ്ങളിൽ ആവിഷ്കൃതമാകുന്നത്. കവിയുടെ വ്യക്തിത്വവും ഭാവനയും തീവ്രമായി ഖണ്ഡകാവ്യങ്ങളിൽ പ്രതിഫലിക്കുന്നു. മിതത്വം, ആശയപരമായ ലാളിത്യം, ഭാവോജ്ജ്വലത എന്നിവ ഈ കാവ്യങ്ങളുടെ മറ്റു പ്രത്യേകതകളാണ്.

ഖണ്ഡകാവ്യങ്ങളാൽ സമ്പന്നമാണ് ആശാന്റെ കാവ്യലോകം. മഹാകാവ്യത്തിന്റെ ശ്രേണീകരിക്കപ്പെട്ട ധാരണകളിൽ നിന്ന് മാറി കവിതയെ പുതുവഴികളിലൂടെ കൊണ്ടുപോയ കവിയാണ് അദ്ദേഹം. കുമാരനാശാന്റെ വ്യക്തിത്വത്തിൽ ജീവിതകാമിയായ ഒരു കവിയും വിരാഗിയായ തത്വജിജ്ഞാസുവും ഉൾച്ചേർന്നിരിക്കുന്നു. അദ്ദേഹം ആദ്യകാലത്ത് എഴുതിയ കവിതകൾ മുതൽ പിൽക്കാലത്ത് രചിക്കപ്പെട്ട കവിതകളിൽ വരെ മേല്പറഞ്ഞ ഘടകങ്ങൾ ഇഴുകിച്ചേർന്നിരിക്കുന്നതായിക്കാണാം. ശ്രീനാരായണപ്രസ്ഥാനങ്ങളുമായുള്ള ബന്ധം ആശാന്റെ ജീവിതത്തിലെ പ്രധാന വഴിത്തിരിവായിരുന്നു. ലൗകികവും ആത്മീയവുമായ ജീവിതങ്ങൾക്കിടയിലെ ആത്മസംഘർഷങ്ങളെ ആശാന്റെ കവിതകൾ ഉടനീളം കൊണ്ടു നടക്കുന്നതായി കാണാം. 'വീണപൂവി'ലും 'നളിനി'യിലും 'കരുണ'യിലും 'ലീല'യിലുമെല്ലാം അതിന് ഉദാഹരണങ്ങൾ കാണാം.

ആധുനിക കാലഘട്ടത്തിൽ മലയാളകവിതയെ ഭാവഗൗരവത്തിലേക്കും ദാർശനിക ഔന്നത്യത്തിലേക്കും ഉയർത്തിയ കവിയാണ് കുമാരനാശാൻ എന്ന് ഡോ. പി. പവിത്രൻ നിരീക്ഷിച്ചിരിക്കുന്നു. 'എഴുത്തച്ഛനു ശേഷം മലയാളിയുടെ കാവ്യാവബോധത്തെയും ജീവിതാവബോധത്തെയും ഇത്രയ്ക്ക് സ്വാധീനിച്ച മറ്റൊരു കവിയില്ല. ചരിത്രപരമായി കാല്പനികതയ്ക്ക് തുടക്കം കുറിച്ച ഇന്ത്യൻ കവികളിലൊരാളായാണ് ആശാൻ പരിഗണിക്കപ്പെടുന്നതെങ്കിലും അദ്ദേഹത്തിന്റെ സ്വാധീനം ഏതെങ്കിലും സവിശേഷ പ്രസ്ഥാനത്തിനകത്ത് ഒതുങ്ങുന്നതല്ല. സന്യാസവും ലൗകികതയും തമ്മിൽ നൂറ്റാണ്ടുകളായി ഇന്ത്യൻ മനസ്സിൽ നിലനിന്ന സംഘർഷത്തെ പുതിയ ചരിത്രഘട്ടത്തിനനുസരിച്ച് പരിഹരിച്ച കവിയാണദ്ദേഹമെന്നു പറയാം. ആധുനിക കേരളത്തിന്റെ സമൂഹനിർമ്മിതിക്ക് ആധാരമായ തത്വാവബോധം സമ്മാനിച്ച ശ്രീനാരായണഗുരു(1856 -1928)വിന്റെ ശിഷ്യത്വമാണ് ചരിത്രപരമായി ഇന്ത്യൻദർശനത്തിന്റെ ഭാരങ്ങളേറ്റെടുക്കാൻ ആശാനെ പ്രാപ്തനാക്കിയതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം. ശ്രീനാരായണപ്രസ്ഥാനത്തിന്റെ ആദ്യകാല സംഘാടകൻ എന്ന നിലയിലുള്ള അനുഭവങ്ങൾ സാമൂഹിക സംഘർഷങ്ങളെ അടുത്തറിയാൻ ആശാനെ സഹായിക്കുകയും ചെയ്തു'.

'ആശാനും മലയാള സാഹിത്യവും' എന്ന കൃതിയിൽ ആശാന്റെ ആത്മീയകൃതികൾ ഹൈന്ദവ ദർശനത്തെക്കാൾ ബൗദ്ധദർശനത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നതെന്ന് ഇ. എം. എസ്. നമ്പൂതിരിപ്പാട് നിരീക്ഷിക്കുന്നു. 'വിപ്ലവത്തിന്റെ ശുക്രനക്ഷത്രം' എന്നാണ് ജോസഫ് മുണ്ടശ്ശേരി ആശാനെ വിശേഷിപ്പിച്ചത്. 'ഇന്ത്യയിൽ സ്വാധീനം ചെലുത്തിയ ലിബറലിസമാണ് ആശാൻ കവിതയെ സ്വാധീനിച്ചത് എന്ന് നിരീക്ഷിച്ച നിരൂപകനാണ് തായാട്ട് ശങ്കരൻ (ആശാൻ: നവോത്ഥാനത്തിന്റെ കവി).

നിയോക്ലാസിസത്തിന്റെ കാവ്യരൂപമായ മഹാകാവ്യത്തെ ആശാൻ തിരസ്കരിച്ചു. രുക്മാംഗദചരിതത്തിനും ഉമാകേരളത്തിനും ആശാനെഴുതിയ വിമർശനങ്ങൾ മലയാള കവിതയിലെ അഭിരുചി പരിണാമത്തിന്റെ അവിസ്മരണീയമായ ചരിത്രരേഖകളാണ്. ആശാൻ സ്വീകരിച്ച സാഹിത്യരൂപം ഭാവാത്മകമായ ഖണ്ഡകാവ്യങ്ങളുടേതായിരുന്നു. ഭാവഗീതങ്ങളുടെ ചില സമാഹാരങ്ങളുണ്ടെങ്കിലും ആശാനെ മഹാകവിയാക്കിത്തീർത്തത് അദ്ദേഹത്തിന്റെ ഖണ്ഡകാവ്യങ്ങൾ തന്നെ (ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡോ. കെ. എം. ജോർജ്).

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കേരളീയാന്തരീക്ഷത്തിൽ നാടുവാഴിത്തത്തിനും കൂട്ടുകുടുംബവ്യവസ്ഥിതിയ്ക്കും തകർച്ച അനുഭവപ്പെടാൻ തുടങ്ങി. ഈ കാലയളവിൽ പാശ്ചാത്യ വിദ്യാഭ്യാസവും സ്വാതന്ത്ര്യസമരപ്രസ്ഥാനവും, ദേശീയതയും പുരോഗമനപരമായ നവീനാശയങ്ങളും സമൂഹത്തിലും വ്യക്തികേന്ദ്രിതമായ തലങ്ങളിലും കൃത്യമായ സ്വാധീനം ചെലുത്താൻ തുടങ്ങി. അതിന്റെ ഫലമായി സാഹിത്യത്തിൽ നവീനപ്രസ്ഥാനങ്ങൾ ഉടലെടുത്തു. തുടർന്ന് സാഹിത്യത്തിൽ കാല്പനികതയും ഖണ്ഡകാവ്യപ്രസ്ഥാനവും ജനിച്ചു. മാനസികവും വൈകാ

രികവുമായ സംഘർഷങ്ങൾ, കഥാപാത്രവൈചിത്ര്യം എന്നിവയും ഇവയുടെ മറ്റു പ്രത്യേകതകളാണ്. ജീവത്തായ അനുഭവാഖ്യാനവും രൂക്ഷമായ പ്രശ്നാവതരണവും ഖണ്ഡകാവ്യങ്ങളുടെ ലക്ഷണങ്ങളാണ്. മാനുഷികമായ ഭാവങ്ങളുടെ സ്വാധീനം ശക്തമായി ഖണ്ഡകാവ്യങ്ങളിൽ പ്രതിഫലിക്കുന്നു. ഇവയിൽ ആറിൽ കുറവു സർഗങ്ങളാണുള്ളത്. സംസ്കൃതാലങ്കാരികന്മാർ മഹാകാവ്യവുമായി ബന്ധപ്പെടുത്തിയാണ് ഖണ്ഡകാവ്യങ്ങളുടെ ലക്ഷണം നിർണ്ണയിച്ചിരുന്നത്.

**പ്രധാന ഖണ്ഡകാവ്യങ്ങൾ**

| | | |
|---|---|---|
| വീണപൂവ് | - | കുമാരനാശാൻ |
| മലയവിലാസം | - | എ. ആർ. രാജാരാജവർമ്മ |
| ചിന്താവിഷ്ടയായ സീത | - | കുമാരനാശാൻ |
| ദൈവയോഗം | - | കേരളവർമ്മ വലിയകോയിതമ്പുരാൻ |
| ആസന്ന മരണചിന്താശതകം | - | കെ. സി. കേശവപിള്ള |
| മഗ്ദലനമറിയം | - | വള്ളത്തോൾ |
| കർണ്ണഭൂഷണം | - | ഉള്ളൂർ |

നളിനിയുടെ ബാല്യകാലസുഹൃത്തായിരുന്നു ദിവാകരൻ. യൗവനാരംഭത്തിൽ ദിവാകരൻ സ്വദേശം വിട്ടു പോയി. നളിനിക്ക് ദിവാകരനോട് പ്രണയമുണ്ടായിരുന്നെങ്കിലും അവൾ തന്റെ പ്രണയം രഹസ്യമാക്കിവച്ചു. ഇതൊന്നും അറിയാതെ യൗവനയുക്തയായ മകളെ വിവാഹം കഴിപ്പിക്കുവാൻ നളിനിയുടെ മാതാപിതാക്കൾ ആലോചിക്കുന്നു. തന്റെ വിവാഹം തീരുമാനിച്ചുവെന്ന് അറിഞ്ഞ നളിനി തോഴിമാരറിയാതെ വീടുവിട്ടിറങ്ങുകയും ആത്മഹത്യയ്ക്കു മുതിരുകയും ചെയ്തു. നദിയിൽ ചാടിയ അവളെ ഒരു താപസി രക്ഷപ്പെടുത്തി. അവൾ ആ താപസിയുടെ സംരക്ഷണത്തിൽ അവരുടെ ആശ്രമത്തിൽ അഞ്ചുവർഷക്കാലം വസിക്കുകയും ചെയ്തു. അങ്ങനെ കഴിയവേ ഒരു സുപ്രഭാതത്തിൽ ഹിമാലയസാനുവിൽ വെച്ച്, യോഗിയായി മാറിയ ദിവാകരനെ നളിനി കണ്ടുമുട്ടി. പരസ്പരം തിരിച്ചറിഞ്ഞശേഷം നളിനിയുടെ നിഷ്ഠയിൽ സന്തോഷവാനായ യോഗി അവളെ അനുഗ്രഹിച്ച ശേഷം തന്റെ യാത്രയ്ക്ക് ഒരുമ്പെട്ടു. തത്ക്ഷണം പതിയോടുള്ള പ്രേമത്തോടെ അവൾ 'ദൃഢമിപ്പദാംബുജത്തിന്റെ സീമയിതുപോകിലില്ല ഞാൻ' എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ കാല്ക്കൽ വീണ് കേഴുന്നു. ഉടനെ ദിവാകരയോഗി അവളോട് കരുണയോടെ മഹാവാക്യതത്വത്തെപ്പറ്റി പറയുകയും സന്യാസിജീവിതത്തെപറ്റി ഉപദേശിക്കുകയും ചെയ്തു. പരമമായ ബ്രഹ്മാനന്ദാനുഭൂതിയിൽ ലയിച്ച അവളിൽ നിന്ന് ഓംകാരധ്വനിയോടെ ഒരു ധാമവും കൂടി ചേർന്ന് മിന്നൽ പോലെ വേർപെട്ടുപോയി.

"പട്ടിടഞ്ഞതനുതന്റെ
മേനിവേർപെട്ടിടാഞ്ഞത്
യോഗിയറിയുകയും ചെയ്തു"

തന്റെ ശിഷ്യയെ തേടി യോഗിനി തദവസരത്തിൽ തടാകക്കരയിലെത്തുന്നു. നളിനിയുടെ ശരീരം കണ്ട് യോഗിനി, പശു തന്റെ മരിച്ച കിടാവിനെ നോക്കി കേഴുന്നതുപോലെ വാവിട്ട് നിലവിളിക്കാൻ തുടങ്ങി. നളിനിയെന്നാമന്ത്രണം യോഗിനിയിൽ നിന്ന് ദുഃഖത്തോടെ വരാൻ തുടങ്ങി. എന്നിട്ട് വിധിപ്രകാരം അവരിരുവരും അവളുടെ സംസ്കാരം നടത്തി. സന്ധ്യാസമയം യോഗിനി അവിടെ നിന്ന് യാത്രയായി. അവസാനം ആ മഹാൻ ബ്രഹ്മലയമാകുന്ന നിത്യസുഖം പ്രാപിച്ചു.

കുമാരനാശാൻ - പ്രധാനകൃതികൾ: വീണപൂവ്, നളിനി, ലീല, ചണ്ഡാലഭിക്ഷുകി, പ്രരോദനം, ദുരവസ്ഥ, ചിന്താവിഷ്ടയായ സീത, കരുണ എന്നീ ഖണ്ഡകാവ്യങ്ങൾ, മണിമാല, വനമാല, പുഷ്പവാടി എന്നീ ലഘു കവിതാസമാഹാരങ്ങൾ, ബാലരാമായണം, ശ്രീബുദ്ധചരിതം തർജമ, വിചിത്രവിജയം-നാടകം. എസ്. എൻ. ഡി. പി. യോഗം സെക്രട്ടറി, നിയമസഭാംഗം തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. 1924 ൽ പല്ലനയാറ്റിലുണ്ടായ ബോട്ടപകടത്തിൽ മരണമടഞ്ഞു. സാമൂഹിക പരിഷ്കർത്താവ്, സ്നേഹഗായകൻ, വിപ്ലവകാരി, തത്വചിന്തകൻ തുടങ്ങിയ അനേകം വിശേഷണങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. അവനിവാഴ്വ് കിനാവാണെന്നും ശ്രീഭൂവിലസ്ഥിരയാണെന്നും ഒരു വേദാന്തിയെപ്പോലെ അദ്ദേഹം അവതരിപ്പിച്ചു പറഞ്ഞു.

## Keywords

ഖണ്ഡകാവ്യ പ്രസ്ഥാനം-കാല്പനികത-നളിനി - ഭാവാത്മകത - ദിവാകരൻ

## Discussion

- ▶ അനാദിയും അനശ്വരവുമായ പ്രണയഭാവത്തിലേയ്ക്കുള്ള സഞ്ചാരത്തെക്കുറിച്ചുള്ള ആലോചനകൾ പങ്കുവയ്ക്കുന്നു നളിനി

ഭാരതീയ കാവ്യപാരമ്പര്യത്തിൽ താമരയും സൂര്യനും പ്രധാനപ്പെട്ട രണ്ടു കാവ്യബിംബങ്ങളാണ്. നളിനിയിലെ കേന്ദ്രകഥാപാത്രങ്ങളായ നളിനിയും, ദിവകാരനും താമരയുടെയും സൂര്യന്റെയും പ്രതീകങ്ങളാണ്. ഉയരങ്ങളിൽ നിൽക്കുന്ന സൂര്യൻ യോഗിയും അന്യജീവനുതകി സ്വജീവിതം ധന്യമാക്കുന്നവനുമാണ്. അലൗകികവും ആത്മീയവുമായ തലത്തെ ഉയരത്തിൽ നിൽക്കുന്ന സൂര്യന്റെ സ്ഥാനം അടയാളപ്പെടുത്തുന്നു. ചേറിൽ വിരിഞ്ഞ താമരയാകട്ടെ ലൗകികജീവിതത്തിന്റെ പ്രതിനിധിയാണ്. ഇവർക്കിടയിലെ പ്രണയഭാവത്തിന് ആത്മീയതയുടെ അചഞ്ചലമായ ഒരു തലം കണ്ടെത്തുകയാണ് കവി. 'നളിനി അഥവാ ഒരു സ്നേഹം' എന്ന കവിത ആ നിലയിൽ അനാദിയും അനശ്വരവുമായ പ്രണയഭാവത്തിലേയ്ക്കുള്ള സഞ്ചാരത്തെക്കുറിച്ചുള്ള ആലോചനകൾ പങ്കുവെയ്ക്കുന്നു. ലൗകികജീവിതവും ആത്മീയജീവിതവും തമ്മിൽ കൂട്ടിമുട്ടുന്ന അവസരങ്ങളിലെല്ലാം ആശാന്റെ കവിതകൾ ലൗകികജീവിതത്തെ വെടിയുകയും ആത്മീയജീവിതത്തെ കൂട്ടുപിടിക്കുകയും ചെയ്യുന്നതായി കാണാം. 'വീണപൂവും' 'ലീല'യും 'കരുണ'യും 'നളിനി'യുമെല്ലാം അതിന് ഉദാഹരണങ്ങളാണ്. ഒരുപക്ഷേ ആശാന്റെ ഉള്ളിൽ നടന്നിരുന്ന നിരന്തര സംഘർഷങ്ങളുടെ പ്രതിഫലനങ്ങളായിരിക്കാം കവിതകളിലൂടെ പ്രകടമായത്.

### വരികൾ 1

നല്ല ഹൈമവതഭൂവിൽ, -ഏറെയായ്
കൊല്ലം - അങ്ങൊരു വിഭാതവേളയിൽ,
ഉല്ലസിച്ചു യുവയോഗിയേക നുൽ
ഫുല്ല ബാലരവിപോലെ കാന്തിമാൻ.

ഓതി, നീണ്ട ജടയും നഖങ്ങളും
ഭൂതിയും ചിരതപസ്വിയെന്നതും,
ദ്യോതമാനമുടൽ നഗ്നമൊട്ടു ശീ
താതപാദികളവൻ ജയിച്ചതും.

പാരിലില്ല ഭയമെന്നു മേറെയു
ണ്ടാരിലും കരുണയെന്നു മേതിനും
പോരുമെന്നുമരുളീ പ്രസന്നമായ്
ധീരമായ മുഖകാന്തിയാലവൻ

തല്പരത്വമവനാർന്നിരുന്നു തെ
ല്ലപ്പോൾ വെന്നരിയെയൂഴി കാക്കുവാൻ,
കോപ്പിടും നൃപതിപോലെയും കളി
ക്കോപ്പെടുത്ത ചെറുപൈതൽ പോലെയും,

ഇത്ര ധന്യത തികഞ്ഞു കാൺമതി
ല്ലത്ര നൂനമൊരു സാർവഭൗമനിൽ
ചിത്തമാം വലിയ വൈരി കിഴമർ
ന്നത്താൽതീർന്ന യമിതന്നെ ഭാഗ്യവാൻ

ധ്യാനശീലനവനങ്ങധിത്യകാ
സ്ഥാനമാർന്നു തടശോഭ നോക്കിനാൻ
വാനിൽനിന്നു നിജ നീഡമാർന്നെഴും
കാനനം ഖഗയുവാവുപോലെവേ.

ഭൂരി ജന്തുഗമനങ്ങൾ, പൂത്തെഴും
ഭൂരുഹങ്ങൾ നിറയുന്ന കാടുകൾ,
ദൂരദർശന കൃശങ്ങൾ, കണ്ടുതേ
ചാരുചിത്രപടഭംഗിപോലവൻ,

പണ്ടു തന്റെ പുരപുഷ്പവാടിയുൾ
ക്കൊണ്ട വാപികളെ വെന്ന പൊയ്കയിൽ
കണ്ടവൻ കുതുകമാർന്നു തെന്നലിൽ
തണ്ടുലഞ്ഞു വിടരുന്ന താരുകൾ

സാവധാന മെതിരേറ്റു ചെല്ലവാ –
നാ വികസ്വരസരസ്സയച്ചപോൾ
പാവനൻ സുരഭിവായു വന്നു ക
ണ്ടാവഴിക്കു പദമൂന്നിനാനവൻ.

ആഗതർക്കു വിഹഗസ്വരങ്ങളാൽ
സ്വാഗതം പറയുമാ സരോജിനി
യോഗിയേ വശഗനാക്കി രമ്യഭൂ-
ഭാഗഭംഗികൾ ഹരിക്കുമാരെയും.

എന്നുമല്ല ശുഭരമ്യഭൂവിവർ
ക്കെന്നുമുള്ളൊരനവദ്യഭോഗമാം
വന്യശോഭകളിലത്രയല്ല യി

ധന്യനാർന്നൊരു നിസർഗ്ഗജം രസം
ആകയാൽ സ്വയമകുണ്ഠമാനസൻ
പോകയാമതു വഴിക്കു തന്നിവൻ,
ഏകകാര്യമഥവാ ബഹൂത്ഥമാം
ഏകഹേതു ബഹു കാര്യകാരിയാം

കുന്നുതന്നടിയിലെത്തവേ സ്വയം
നിന്നുപോയ് ഝടിതി ചിന്തപൂണ്ടപോൽ,
എന്നുമല്ല ചെറുതാർത്തിയാർന്നവാ
റൊന്നുവീർത്തു നെടുതായുടൻ യതി.

എന്തുവാൻ യമിയിവണ്ണ മന്ദരാ
ചിന്തയാർന്നതഥവാ നിനയ്ക്കുകിൽ,
ജന്തുവിന്നു തുടരുന്നു വാസനാ
ബന്ധമിങ്ങുടലു വീഴുവോളവും.

അപ്പൊമാന്റെയകമോളമാർന്ന വീർ
പ്പൊഴാഞ്ഞനതിദൂരഭൂമിയിൽ
അദ്ഭുതം തരുവി ലീനാമേനിയായ്
നില്ലൊരാൾക്കു തിരതല്ലി ഹൃത്തടം.

സ്വന്തനിഷ്ഠയതിനായ് കുളിച്ചു നീർ
ചിന്തുമീറനൊടു പൊയ്കതൻ തടേ
ബന്ധുരാംഗരുചി തൂവി നിന്നുഷ
സന്ധ്യപോലെയൊരു പാവനാംഗിയാൾ.

കണ്ടതില്ലവർ പരസ്പരം, മരം
കൊണ്ടു നേർവഴി മറഞ്ഞിരിക്കയാൽ,
രണ്ടുപേരുമകതാരിലാർന്നിതുൾ
ക്കണ്ഠ കാൺക ഹഹ! ബന്ധവൈഭവം

ആ തപോമൃദിതയാൾക്കു തൽക്ഷണം
ശീതബാധ വിരമിച്ചുവെങ്കിലും,
ശ്വേതമായ് ഝടിതി, കുങ്കുമാഭമാ
മാതപം തടവിലും, മുഖാംബുജം,

ആശപോകിലുമതിപ്രിയത്തിനാൽ
പേശലാംഗിയുഴലകമോർമ്മയിൽ
ആശ വായുവിൽ ജരൽ പ്രസൂനയാ
മാ ശിരീഷലതപോൽ ഞടുങ്ങി നാൾ.

സീമയറ്റഴലിലൊട്ടു സൂചിത
ക്ഷേമമൊന്നഥ ചലിച്ചു, മീനിനാൽ
ഓമനച്ചെറുമൃണാളമെന്നപോൽ
വാമനേത്രയുടെ വാമമാം കരം.

### അർഥവിശദീകരണം

| | | |
|---|---|---|
| ഹൈമവതഭൂവ് | = | ഹിമവൽപ്രദേശം |

| | | |
|---|---|---|
| യമി | = | സന്യാസി |
| അരി | = | ശത്രു |
| പൂത്തെഴും ഭൂരുഹങ്ങൾ | = | പൂത്തുനിൽക്കുന്ന വൃക്ഷങ്ങൾ |
| വിഭാതം | = | പ്രഭാതം |
| രവി | = | ഉദിച്ചുയരുന്ന സൂര്യൻ |
| ഭൂതി | = | ഭസ്മം |
| ദ്യോതമാനമുടൽ | = | തേജസാർന്ന ശരീരം |
| ഭൂരി ജന്തുഗമനം | = | പലതരം പക്ഷികൾ |
| അന്തരംഗം | = | മനസ്സ് |
| ഉടലുവീഴുവോളം | = | മരണംവരെ |
| തപം | = | ചൂട് |
| ജരൽപ്രസൂനം | = | വാടിയമൊട്ട് |
| വാമനേത്ര | = | സുന്ദരി |
| വാമകരം | = | ഇടതുകരം |
| ഗിരീഷലത | = | നല്ല നെന്മേനിവാക |
| ഝടുതി | = | വേഗം |
| നെടുതായിവീർത്തു | = | നെടുവീർപ്പിട്ടു |
| ശീതബാധ വിരമിച്ചു | = | കുളിർമാറി |
| സീമയറ്റ് | = | അതിരില്ലാതെ |
| ഓമനച്ചെറുമരാളം | = | ഭംഗിയുള്ള ചെറിയതാമരവളയം |
| ദൂരദർശനകൃശങ്ങൾ | = | അകലകാഴ്ചയിൽ ചെറുതായി തോന്നുന്നവ |
| വിഹഗസ്വരം | = | കിളിമൊഴി |
| ശുഭരമ്യഭൂവ് | = | നല്ല ഭംഗിയുള്ള സ്ഥലം |
| നിസർഗജരസം | = | ജന്മസിദ്ധമായ താത്പര്യം |
| വാപി | = | തടാകം |

## ആശയവിശദീകരണം

വസ്തു നിർദ്ദേശംകൊണ്ടാണ് കാവ്യം ആരംഭിക്കുന്നത്. ഇവിടെ യുവയോഗിയെ വർണ്ണിക്കുന്നു. അതിരാവിലെ ഹൈമവതഭൂവിൽ യുവയോഗിയായ ദിവാകരൻ പ്രഭാതസൂര്യനെപ്പോലെ ശോഭിച്ചുകൊണ്ട് കടന്നുവരുന്നു. അദ്ദേഹത്തെ വർണ്ണിക്കുന്നത് വളരെക്കാലം തപസുചെയ്യുന്നവനും, ലോകഭയം തീണ്ടാത്തവനുമാണെന്നാണ്. മനസ്സാകുന്ന ശത്രുവിനെ തോല്പിച്ച യോഗി ഒരു ഭാഗ്യവാനാണെന്ന് കവി പറയുന്നു. കാടുകളെ ഭംഗിയായാണ് കവി വർണ്ണിച്ചിരിക്കുന്നത്. അദ്ദേഹം അവിടെ കുളങ്ങൾ കണ്ടു. പക്ഷികളുടെ സംഗീതം പോലെയുള്ള സ്വരങ്ങൾ അദ്ദേഹത്തെ വശത്താക്കി. യതിയുടെ ഗമനത്തിന് പലകാരണങ്ങളും ഫലങ്ങളുമുണ്ടെന്ന് ഇവിടെ വ്യംഗ്യാർഥസൂചന ലഭിക്കുന്നു. പിന്നിട് യോഗിക്കുണ്ടായ ഉൽക്കണ്ഠയെ കവി അന്വേഷിക്കുന്നു. അതിനു ഹേതുവായി കവി പറയുന്നത്, ശരീരാവസാനം വരെ വാസനയുടെ കെട്ടുപാട് തുടരുന്നു എന്നാണ്. അതായത് ജന്തുസഹജമായ വികാരം യോഗിക്കുപോലുമുണ്ടാകുമെന്നും ആശാൻ പറയുന്നു.

▶ ഹൈമവതഭൂവിൽ നളിനിയും ദിവാകരനും കണ്ടുമുട്ടുന്നു

അന്നേരം ഈറനോടുകൂടി നളിനി അവിടെ വന്നു. തമ്മിൽ കണ്ടില്ലെങ്കിലും രണ്ടുപേർക്കും ഉള്ളിൽ ഉൽക്കണ്ഠ അനുഭവപ്പെട്ടു. ഉൽക്കണ്ഠയാൽ നളിനിയുടെ ശരീരത്തിൽ കുളിരുകോരി, ചുവന്ന വെയിലേറ്റിട്ടും അവളുടെ മുഖം വിളറി. അതിപ്രേമം മൂലവും പൂർവ്വസ്നേഹത്തിന്റെ ദുഃഖകരമായ ഓർമ്മമൂലവും അവൾ ഞെട്ടി. അവളുടെ ഇടംകരം ചലിച്ചു. നിമിത്ത ശാസ്ത്രമനുസരിച്ച് സ്ത്രീകൾക്ക് ഇടതുകൈ തുടിക്കുന്നത് ഇഷ്ടജനസമാഗമത്തെയാണ് സൂചിപ്പിക്കുന്നത്.

വൃത്തം - രഥോദ്ധത. (രഥോദ്ധത ഒരു സംസ്കൃത വർണ്ണവൃത്തമാണ്)

### ലക്ഷണം

"രം നരംല ഗുരുവും രഥോദ്ധത"

വൃത്തലക്ഷണമനുസരിച്ച് "ര നര" എന്നീ ഗണങ്ങളും "ല ഗ" എന്നീ അക്ഷരങ്ങളും വരുന്ന വൃത്തമാണിത്. ശൃംഗാരം, രതിക്രീഡ ഇവ വർണ്ണിക്കാൻ ഈ വൃത്തം ഉപയോഗിക്കുന്നു.

### വരികൾ 2

ഹന്ത! കാനനതപസ്വിനീ ക്ഷണം
ചിന്ത ബാലയിവളാർന്നു വാടിനാൾ,
എന്തിനോ?-കുലവധൂടികൾക്കെഴു
ന്നന്തരംഗഗതിയാരറിഞ്ഞുതാൻ

ഒന്നു നിർണ്ണയമുദീർണ്ണശോഭയാ
ളിന്നു താപസകുമാരിയിവൾ,
കുന്ദവല്ലി വനഭൂവിൽ നിൽക്കിലും
കന്ദമാണതിനു കാന്തി വേറെയാം.

എന്നുമല്ല സുലഭാംഗഭംഗിയാ
ണിന്നുമിത്തരുണി പൗരിമാരിലും,
മിന്നുകില്ലി ശരദഭ്രശാതയായ്,
ഖിന്നയാകിലുമഹോ തടില്ലത്?

കൃച്ഛ്റമായിവൾ വെടിഞ്ഞു പോന്നൊരാ-
സ്വച്ഛസൗഹൃദരിവൾക്കു തുല്യരാം,
അച്ഛനും ജനനിതാനുമാർത്തിയാ
ലിച്ഛയാർന്നു മൃതിതാൻ വരിച്ചുപോൽ.

ഹാ! ഹസിക്കരുതു ചെയ്തു കേവലം
സാഹസിക്യമിവളെന്നു സാധ്വിയാൾ.
ഗേഹവും സുഖവുമൊക്കെവിട്ടു താൻ
സ്നേഹമോതി, യതുചെയ്തതാണിവൾ.

സ്നിഗ്ദ്ധമാരിവളെയോർത്തിരുന്നു സ-
ന്ദിഗ്ദ്ധമശ്രുനിര പെയ്തുതാൻ ചിരം
മുഗ്ദ്ധതൻ മൃദുകരം കൊതിച്ചുമേ
ദഗ്ദ്ധരായ് പല യുവാക്കൾ വാണുതാൻ.

SGOU

ഈവിധം സകല ലോഭനീയമീ-
ജീവിതം വ്രതവിശീർണ്ണമാക്കി നാൾ
ഭാവുകാംഗി, അഥവാ മനോജ്ഞമാം
പൂവുതാൻ ഭഗവദർച്ചനാർഹമാം.

ജീവിതാശകൾ നശിച്ചു, വാടിയുൾ
പൂവു, ജീവഗതിയോർത്തു ചെയ്കയാം
ദേവദേവപദസേവയേവമീ
ഭൂവിലാവിലത പോവതിന്നിവൾ.

ശാന്തയായ് സുചിരയോഗസംയത
സ്വാന്തയായിവിടെ മേവിയേറെ നാൾ
കാന്ത, യിന്നടിതകർന്ന സേതുപോൽ
ദാന്തിയറ്റു ദയനീയയായിതേ.

ഈ മഹാവ്രത കൊതിച്ച സിദ്ധിയെ
ങ്ങാമയം പരമിതെങ്ങിതെന്തുവാൻ
ഹാ! മനുഷ്യനഥവാ ഹിതാർത്ഥമായ്
വാമലീല തുടരുന്നതാം വിധി.

മാനസം ഭഗവദംഘ്രി പങ്കജ
ദ്ധ്യാനധാരയിലുറച്ചിടായ്കയാൽ
ദീനയായ് ഗതിതടഞ്ഞു, വേനലിൽ
ശ്യാമയാം തടിനിപോലെ തന്വിയാൾ.

നൊന്ത ചിത്തമൊടു നിന്നു കണ്ണുനീർ
ചിന്തി ഹൈമനസരോജമൊത്തവൾ
സന്തപിച്ചു വധുവിന്നധീരമാ
ണന്തരംഗമതി വിജ്ഞയാകിലും.

ഖിന്നഭാവമിതകറ്റി, മാനസം
പിന്നെയും പ്രതിനിവൃത്തമാക്കുവാൻ
സന്നഹിച്ചഥ സരസ്സിൽ നോക്കിയാ
സ്സന്നധൈര്യ തനിയേ പുലമ്പി നാൾ.

"സ്വാമിയാം രവിയെ നോക്കിനിൽക്കുമെൻ
താമരേ, തരളവായുവേറ്റു നീ
ആമയം തടവിടായ്ക, തൽക്കര
സ്തോമമുണ്ടു തിരിയുന്ന ദിക്കിലും.

സന്തതം മിഹിരാത്മശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനും
ചന്തമാർന്നരുളി നിൽക്കുമോമലേ,
ഹന്ത! ധന്യമിഹ നിന്റെ ജീവിതം

കോട്ട മറ്റവിടെയെത്തി, യിന്ദ്രിയം
പാട്ടിലാക്കി യപഭീതിയാം യതി,
കാട്ടിലിങ്ങനെ മനുഷ്യഗേയമാം
പാട്ടുകേട്ടു പരമാർന്നു കൗതുകം.

വാക്കിലും പൊരുളിയും രസസ്രവം
വായ്ക്കുമാ മധുരശബ്ദമെത്തിടും
ലാക്കിലും ചെവികൊടുത്തു കാട്ടിലും
നോക്കിനിന്നു ലയലീനനായവൻ

"ഹാ! വിശിഷ്ടമൃദുഗാന, മിന്നി നീ
കൂവിടായ്ക കുയിലേയനക്ഷരം!
ഏവമോതിയലയും മരങ്ങൾ തൻ
പൂവെഴും തല തളിർത്ത ശാഖയും

കാണി നിന്നവിടെയിത്ഥമാസ്ഥയാൽ
കാണുവാനുഴറി, കണ്ഠരീതിയാൽ
പ്രാണസൗഖ്യമരുളും സജീവയാം
വീണതന്നെ ലയവേദിയാം യതി

"വന്യഭൂമിയിൽ വഹിച്ചു പൂമണം
ധന്യനായഹഹ! വന്നണഞ്ഞു നീ
തെന്നലേ! തഴുവുകിന്നു ശങ്കവേ
ണ്ടെന്നെ; ഞാൻ മലിനമേനിയല്ലെടോ'.

### അർഥവിശദീകരണം

| | | |
|---|---|---|
| കാനനതപസ്വിനി | = | കാട്ടിൽ തപസ്സനുഷ്ഠിക്കുന്നവൾ |
| ഹന്ത | = | ആശ്ചര്യം |
| കുലവധൂടികൾ | = | കുലകന്യകകൾ |
| നിർണ്ണയം | = | തീർച്ച |
| പൗരി | = | നാഗരികസ്ത്രീകൾ |
| മൃതി | = | മരണം |
| ഹസം | = | ആക്ഷേപം |
| സ്നിദ്ധന്മാർ | = | സ്നേഹിതർ |
| ഭാവുകാംഗി | = | മംഗളാംഗി |
| ആവിലത | = | കാലുഷ്യം |
| ജീവഗതി | = | ആത്മാവിന്റെ ഗതി |
| സേതു | = | അണക്കെട്ട് |
| തന്വി | = | യുവതി |
| ഖിന്നഭാവം | = | ദുഃഖഭാവം |
| രവി | = | സൂര്യൻ |
| മലിനമേനി | = | മലിനശരീരം |
| കഞ്ജിനീതടം | = | താമരപൊയ്കയുടെ കര |
| ചിന്ത | = | ഉത്കണ്ഠ |
| അന്തരംഗഗതി | = | മനോരഥം |
| കുന്ദവല്ലി | = | കുരുക്കുത്തിമുല്ലവള്ളി |
| തരുണി | = | യുവതി |
| ശരത് | = | ശരത്ക്കാലം |
| കൃച്ഛ്റമായ് | = | പണിപ്പെട്ട് |

| | | |
|---|---|---|
| മുഗ്ദ്ധ | = | സുന്ദരി |
| ഹിതാർത്ഥമായ് | = | നല്ലതിനായ് |
| ശ്യാന | = | വറ്റിയത് |
| തടിനി | = | നദി |
| അധീരം | = | ധൈര്യമില്ലാത്തത് |
| ആമയം | = | ദുഃഖം |
| ഖിന്ന | = | ദുഃഖിത |
| തടില്ലത | = | മിന്നൽപിണർ |
| ആർത്തി | = | ദുഃഖം |
| ദാന്തിയറ്റ് | = | അടക്കംപോയി |
| മാനസം | = | മനസ്സ് |
| വിജ്ഞ | = | അറിവുള്ളവൾ |
| മിഹിരൻ | = | സൂര്യൻ |
| കാന്തി | = | അല്പം |
| ആസ്ഥയാൽ | = | താല്പര്യത്താൽ |

### ആശയവിശദീകരണം

▶ നളിനി മോക്ഷപ്രാപ്തി നേടി

കഠിനമായ ഉൽക്കണ്ഠയോടെ കാനന തപസ്വിനി വാടിപ്പോയി. കുലകന്യകമാരുടെ മനോരഥം ആർക്കും അറിയാൻ സാധിക്കില്ല എന്നു കവിവാക്യം. ഇനി കവി ഈ യുവതി (നളിനി)യുടെ പൂർവ്വ കഥ പറയാൻ തുടങ്ങുന്നു. ശരത്കാലം കൊണ്ട് ക്ഷീണം തോന്നിയാലും ഇവളുടെ സൗന്ദര്യം അതീവമായി ശോഭിക്കുന്നു എന്നിവിടെ കവി പറയുന്നു. അങ്ങനെയുള്ള ഇവൾ ഒരു നാഗരിക കന്യകയാണെന്നും കവി സൂചന നൽകുന്നു. പല യുവാക്കളും ഇവളെ വേൾക്കാൻ കൊതിച്ചിരുന്നു. ജീവിതാശകൾ നശിച്ച്, ഉൾപ്പൂവാടി, ജീവഗതിയോർത്ത് ഇവൾ ഭൂമിയിൽ ഇപ്രകാരം ദേവ പാദസേവ ചെയ്ത് സന്യാസജീവിതം നയിക്കുന്നു. സൂര്യനെ നോക്കി നില്ക്കുന്ന താമര, തിരയുന്ന ദിക്കിലെല്ലാം സൂര്യകരം ഉള്ളതിനാൽ അത് കാറ്റേറ്റ് അലയുന്നതിൽ ദുഃഖിക്കേണ്ടതില്ല എന്നു സാരം. അപ്രകാരം അവൾ ദൈവികസുഖത്തിനായി ഈശ്വരചൈതന്യം തേടി അലഞ്ഞു. ഒരർഥത്തിൽ നളിനി തന്റെ നായകനെ ഉദ്ദേശിച്ചാണ് തപസുചെയ്യുന്നത്. അവൾ ദുഷ്ക്കാലം നിമിത്തം ദുഃഖിക്കേണ്ടതില്ല. നായകന്റെ കൈ, അവൾ അയാളെ തിരയുന്ന ദിക്കിലുണ്ട് എന്ന് സൂചന നൽകുന്നതിലൂടെ നായകൻ നളിനിയുടെ സമീപത്തുണ്ടെന്ന് സാരം. നളിനിയുടെ പാട്ടിനെ കവി പുകഴ്ത്തുന്നു. പാട്ടിനെ തലകുലുക്കി സമ്മതിക്കുന്നു. മരങ്ങളുടെ ശാഖകൾ, കുയിലിന്റെ പാട്ടിനെ അവ അവഗണിക്കുന്നത് ഇവിടെ വ്യംഗ്യാർഥം. അലങ്കാരം കാവ്യലിംഗം.

### വരികൾ 3

കഞ്ജലീന ഖഗരാഗമെന്നപോൽ
മഞ്ജു ഗാനമതു വീണ്ടുമീവിധം
വ്യഞ്ജിതാശയമടുത്തു കേട്ടവൻ
കഞ്ജിനി തടമണഞ്ഞു നോക്കിനാൻ.

ചാഞ്ഞലഞ്ഞ ചെറുദേവദാരുവി
ന്നാഞ്ഞ ശാഖകളടിക്കു, ചിന്തയാൽ
കാഞ്ഞു, കാൺമതു മനോരഥങ്ങളാൽ
മാഞ്ഞു തൻനില മറന്നു നിന്നവൾ.

'ഹാ! കൃശാ തരുതലത്തിലിന്ദുവി-
ന്നേകരശ്മിയതുപോലെയാരിവൾ?
മാഴ്കിടുന്നു, ദയതോന്നും- 'എന്നലി-
ഞ്ഞേകയാമവളെ നോക്കിനാൻ യമി

അപ്പൊഴാശു തനിയെ വിടർന്നവൾ-
ക്കുല്പ്പലങ്ങളൊടിടഞ്ഞ കണ്ണുകൾ
ഉൾപ്രമോദമഥ വേലിയേറ്റമാർ-
ന്നദ്‌ഭുതാംഗിയുടെ ചന്ദ്രനോ യതി!

ദൂരെ നിന്ന് യമിതന്നെയാശു ക-
ണ്ടാരതെന്നുമുടനെയറിഞ്ഞവൾ
പാരമിഷ്ടജനരൂപമോരുവാൻ
നാരിമാർക്കു നയനം സുസൂക്ഷ്മമാം.

ഞെട്ടിയൊന്നഥ കുഴങ്ങിനിന്നു പി
ട ന്നൊട്ടു സംഭ്രമമിയന്നു പാഞ്ഞവൾ
തിട്ടമായ് യതിയെ നോക്കി, യാഴിയേ
മുട്ടിനിന്നണമുറിഞ്ഞ വാരിപോൽ.

"അൻപിനിന്നു ഭഗവൻ, ഭവല്പദം
കുമ്പിടുന്നഗതിയായ ദാസി ഞാൻ'
വെമ്പിയേവമവളോതി, യോഗിതൻ-
മുൻപിൽ വീണു മൃദുഹേമയഷ്ടിപോൽ.

ഒറ്റയായിടകുരുങ്ങി വാച്ച തൻ
കുറ്റവാർകുഴലു തല്പദങ്ങളിൽ
ഉറ്റരാഗമൊടടിഞ്ഞു കാൺകയാൽ
മുറ്റുമോർത്തു കൃതകൃത്യയെന്നവൾ.

ഉന്നിനിന്നു ചെറുതുൾക്കുരുന്നിനാൽ
ധന്യയെപ്പുനരനുഗ്രഹിച്ചുടൻ,
പിന്നിലാഞ്ഞവളെ ഹസ്തസംജ്ഞ യാ -
ലുന്നമിപ്പതിനുമോതിനാൽ യമി

സ്പഷ്ടമാജ്ഞയതിനാലെ പൊങ്ങിയും
നഷ്ടചേഷ്ടത കലർന്നു തങ്ങിയും
കഷ്ടമായവിടെ നിന്നെണീറ്റതേ
ദൃഷ്ടയത്ന ദയനീയയായവൾ.

മാറിൽ നിന്നുടനിഴിഞ്ഞ വൽക്കലം
പേറിയാശു പദരേണു തൊട്ടവൾ
കൂറൊടും തലയിൽ വെച്ചു, സാദരം
മാറിനിന്നു യമിതന്നെ നോക്കി നാൾ.

SGOU

“എന്തുവാനഭിമതൻ കഥിക്കുമോ?
എന്തുവാൻ കരുതുമോ മഹാനിവൻ?
ചിന്തയേവമവളാർന്നു; തുഷ്ടിയാൽ
ഹന്ത! ചെയ്തു യമി മൗനഭേദനം.

‘മംഗലം ഭഗിനി, നിന്റെ ഭക്തിയാൽ
തുംഗമോദമിയലുന്നു ഞാൻ ശുഭേ
എങ്ങു ചൊല്ലിവിടെയാരൊടാരു നീ
യെങ്ങു നിന്നു മുനിപുത്രദർശനേ?’

എന്നുരച്ചു പുനരുത്തരോൽകനായ്
നിന്നുതേ സ്വയമസംഗനാകിലും,
സ്യന്ദമാനവദാരു വാരിമേൽ
മന്ദമാച്ചുഴിയിലാഞ്ഞപോലവൻ.

“മുന്നിലെൻ നിയതിയാലണഞ്ഞുമി-
ന്നെന്നെ യെൻപ്രിയനറിഞ്ഞതില്ലിവൻ
സന്നവാസനനഹോ മറന്നുതാൻ
മുന്നമുള്ളതഖിലം മഹാശയൻ.

ഏവമോർത്തുമഥ വീർത്തുമാർന്നിടും
ഭാവചാപലമടക്കിയും ജവം
പാവനാംഗി പരിശങ്കമാനനായ്
സാവധാനമവനോടു ചൊല്ലിനാൾ

“കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
മൃഷ്ടനായിഹ ഭവാൻ; ഭവാനു പ
ണ്ടിഷ്ടയാം ‘നളിനി’’ ഞാൻ മഹാമതേ!

പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
കേണുവാണിവിടെ, യേകമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ.

സന്ന്യസിച്ചളവുമാസ്ഥയാൽ ഭവാൻ
തന്നെയോർത്തിഹ തപസ്സിൽ വാണ ഞാൻ
ധന്യയായ് സപദി കൺകമൂലമ
ങ്ങെന്നെ യോർക്കുകിലു മോർത്തീടായ്കിലും,

ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ,
ഭാവശാലികൾ പിരിഞ്ഞുകൂടിയാ
ലീവിധം വികലമാം സുഖോദയം.

ധീരനായ യതി നോക്കി തമ്പിതൻ
ഭൂമിബാഷ്പപരിപാടലം മുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം.

ആരതെന്നുടനറിഞ്ഞു കൗതുകം
പാരമാർന്നു കരുതിപ്പൂരാഗതം
ചാരുശൈശവകഥയ്ക്കുതന്നെ ചേ
ന്നാരുവാക്കരുളിനാൻ കനിഞ്ഞവൻ.

“പാരവും പരിചയംകലർന്നെഴും
പേരു മീമധുരമായ കണ്ഠവും
സാരമായ് സുതിയിൽ നീയുമിപ്പോൾ നിൻ
ദൂരമാം ഭവനവും വരുന്ന യേ!

കണ്ടടൽ സ്വയമറിഞ്ഞിടാത്തതോ
ത്തിണ്ടൽവേണ്ട സഖി! കേണിടേണ്ട കേൾ,
പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ

എന്നിൽ നിന്നണുവുമേൽക്കിലപ്രിയം
നിന്ന കേഴുമയി! കണ്ടിടുന്നുതേ
നിന്നിലീപ്രണയചാപലത്തെ ഞാ
നന്നുമിന്നുമൊരുപോലെ വത്സലേ

പോയതൊക്കെയഥവാ നമുക്കയേ,
പ്രായവും സപദി മാറി കാര്യവും
ആയതത്വമറിവിന്നുമാർന്നു, പോ
ട്ടായതെന്തിവിടെ വാണിടുന്നു നീ

ഓതുകിന്നതഥവാ വൃഥാ ശുഭേ
ഹേതു കേൾക്കുവതൊരർത്ഥമേതിനോ
നീ തുനിഞ്ഞു-നിജകർമ്മനീതരാ
യേതുമാർഗ്ഗമിയലാ ശരീരികൾ
പിന്നെയൊന്നൊരുപകാരമേതിനോ,
യെന്നെയോർത്തു സഖി, ഏതതോതുക,
അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ.“

മാലു ചെറ്റുടനകന്നുമുള്ളിലെ
ന്നാലുമാശ തടവാതെ വാടിയും,
ആലപിച്ച യതിതന്നെ നോക്കിനാൾ
ലോലകണ്ഠമതിലലോചന

നവ്യമാം പരിധിയാർന്നഭക്ഷണം
ദിവ്യദീപ്തി ചിതറീടുമാമുഖം,
ഭവ്യശീലയവൾ കണ്ടു, കണ്ഠയാ
യവ്യവസ്ഥിതരസം, കുഴങ്ങി നാൾ,

പാരമാശു വിളറിക്കറുത്തുടൻ
ഭൂരിചൊന്നഥേ മഞ്ഞളിച്ചുമേ
നാരിതൻ കവിൾ നിറം കലർന്നു, ഹാ,
സൂര്യരശ്മി തടവും പളുങ്കുപോൽ.

തെല്ലു നിന്നരുണകാന്തിയിൽ കല
ർന്നുല്ലസിച്ച ഹിമശീകരോപമം,
മെല്ലെയാർന്ന മൃദുഹാസമവും
ചൊല്ലിനാൾ മൊഴികൾ ചാരുവാണിയാൾ

"ആര്യ! മുൻപരിചയങ്ങൾ നൽകിടും
ധൈര്യമാർന്നു പറയുന്നു മദ്ഗതം,
കാര്യമിന്നതയി? കേൾക്കുമോ കനി-
ഞ്ഞാര്യമാകിലുമനാര്യമാകിലും?

പാരമുള്ളിലഴലായി, ജീവിതം
ഭാരമായി, പറയാതൊഴിക്കുകിൽ
തീരുകില്ല, ധരയിൽ ഭവാനൊഴി
ഞ്ഞാരുമില്ലതുമിവൾക്കു കേൾക്കുവാൻ.

ആഴുമാർത്തിയഥവാ കതിക്കിലീ
യൂഴമോർത്തിടുമതന്യഥാ ഭവൻ,
പാഴിലോതിടുകയോ വിധിക്കു ഞാൻ
കിഴടങ്ങി വിരമിക്കയോ വാരം?

തന്നതില്ല പരനുള്ള കാട്ടുവാ
നൊന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ
വന്നുപോം പിഴയുമർത്ഥശങ്കയാൽ

മുട്ടുമെന്നഴലറിഞ്ഞിടായ്കിലും
തെറ്റിയെൻ ഹൃദയമാര്യ നോരുകിൽ
ചെറ്റുമേ പൊറുതിയില്ല പിന്നെ ഞാൻ
പറ്റുകില്ലറിക മണ്ണിൽ വിണ്ണിലും.

ഏവമോതി അതിദൂനയായിനി -
ന്നാവരാംഗി, യതിതൻ മുഖാംബുജം
പാവനം പരിചിൽ നോക്കിനാൾ, അവൻ
കേവലം കരുണയാർന്നു ചൊല്ലിനാൻ!-
"അന്യഥാ മതിവരില്ലെനിക്കു നിൻ
മന്യുവിങ്കൽ നിയതം മഹാവ്രതേ!"
കന്യയെന്നു വടുവെന്നു മേലുകി
ല്ലന്യഭാവമറികാത്മവേദികൾ.

ആടലൊട്ടവൾ വെടിഞ്ഞു സത്വരം
തേടി ധൈര്യമഥ, പൂവനത്തിലും
കാടുതൻ നടുവിലും സുമർത്തുവിൽ
പാടീടും കുയിലുപോലെ, ചൊല്ലിനാൾ

### അർഥവിശദീകരണം

| | | |
|---|---|---|
| കുഞ്ജലീനഖഗരാഗം | = | വള്ളിക്കെട്ടിൽ മറഞ്ഞിരിക്കുന്ന പക്ഷിയുടെ പാട്ട് |
| ആഞ്ഞ | = | നീണ്ട |

| | | |
|---|---|---|
| മഞ്ജുഗാനം | = | മധുരമായ പാട്ട് |
| കൃശാ | = | മെലിഞ്ഞവൾ |
| മാഴ്കിടന്നു | = | ദുഃഖിക്കുന്നു |
| തരുതലം | = | വൃക്ഷച്ചുവട് |
| ഇന്ദു | = | ചന്ദ്രൻ |
| യമി | = | മനോനിഗ്രഹമുള്ളയാൾ |
| ആശു | = | പെട്ടെന്ന് |
| പാരം | = | ഏറ്റവും |
| അഗതി | = | അശരണ |
| വല്ക്കലം | = | മരവുരി |
| ഭഗിനി | = | സഹോദരി |
| വാരിമേൽ | = | വെള്ളത്തിന്മേൽ |
| സന്നവാസനൻ | = | വാസന നശിച്ചവൻ |
| പരിശങ്കമാനയായ് | = | വളരെ ആശങ്കയോടെ |
| ആസ്ഥ | = | സ്ഥായി |
| പുരോഗതം കരുതി | = | പണ്ടത്തെ ഓർത്ത് |
| ദൃഷ്ടനായി | = | കാണപ്പെട്ടു |
| സപദി | = | പെട്ടെന്ന് |
| ശരീരി | = | ആത്മാവ് |
| മാൽ | = | ദുഃഖം |
| നവ്യം | = | പുതിയത് |
| പരിധി | = | പ്രഭാചക്രം |
| ദിഷ്ടം | = | ഭാഗ്യം |
| പരനുള്ളുകാട്ടുവാൻ | = | സ്വന്തം ഹൃദയം അന്യനുമനസ്സിലാക്കാൻ |
| നരൻ | = | മനുഷ്യൻ |
| അതിദൂനതയാൽ | = | ഏറ്റവും ഖിന്നയായി |
| വരാംഗി | = | സുന്ദരി |
| സുമർത്തുവിൽ | = | വസന്തകാലത്തിൽ |

## ആശയവിശദീകരണം

► അപൂർണ്ണവും അർഥശങ്ക നിറഞ്ഞതുമായ ഭാഷ

കുയിലിന്റെ ഗാനം പോലുള്ള ഗാനം കേട്ട ദിവാകരൻ താമരപൊയ്കയ്ക്കു സമീപം വന്നു. ദിവാകരൻ നളിനിയെ കാണുന്നു. ആ ഏകാന്തത്തിൽ അത്ര സുന്ദരിയായ അവളെ കണ്ടിട്ടും അയാളുടെ ഹൃദയത്തിൽ പ്രണയഭാവങ്ങളൊന്നുമുണ്ടായില്ല. ദിവാകരനെ കണ്ടപ്പോൾ നളിനിയുടെ കരിംകൂവളപ്പൂവുപോലുള്ള കണ്ണുകൾ താനേ വിടർന്നതായും ഉൾപ്രമോദം വേലിയേറ്റം കൊള്ളുന്നതായും കവി പറയുന്നു. അവൾ അവനെ കണ്ടതും ആദ്യം ഞെട്ടുകയും പിന്നീട് കുഴയുകയും ചെയ്തു. പിന്നീട് ദിവാകരനെ വണങ്ങി. ദിവാകരൻ നളിനിയെ അനുഗ്രഹിച്ച് അവളെ തന്റെ കാൽപ്പാദത്തിൽ നിന്ന് എണീപ്പിക്കുന്നതിനായി കൈയാൽ ആംഗ്യം കാട്ടി. തന്റെ പ്രവൃത്തിയാൽ ഭവാൻ എന്ത് കരുതി കാണുമെന്നവൾ ചിന്തിക്കുന്നു. ഉടൻ ദിവാകരൻ പറയുന്നു. ഞാൻ അതീവ സന്തുഷ്ടനാണ് സഹോദരീ, കാഴ്ചയിൽ താപസസന്താനത്തെ പോലെയുള്ളവളേ നീ ആരാണ്? തന്നെ ദിവാകരൻ തിരിച്ചറിയാത്ത

തിൽ നളിനി ഖേദം പ്രകടിപ്പിക്കുന്നു. ഞാൻ നളിനിയാണെന്ന് ദിവാകരനോട് അവൾ പറയുന്നു. താൻ സന്യാസിനിയാണെങ്കിലും തന്റെ മനസ്സ് ഭവാനെയോർത്താണ് തപസിൽ വാണതെന്നും അവൾ അറിയിക്കുന്നു. നളിനിയുടെ വാക്കുകൾ കേട്ട ദിവാകരൻ സൗമ്യമായി മന്ത്രിക്കുവാൻ തുടങ്ങി. ഇളംകുരുന്നു വല്ലിയായാൽ അറിയാത്തമാതിരിയാണ് നളിനിയെ താൻ തിരിച്ചറിയാത്തതെന്നും അയാൾ പറയുന്നു. എന്നാൽ നളിനി യോഗിയെ കണ്ടപ്പോൾ ഉടനെ ഓർമ്മിച്ചത്, 'ഇഷ്ടജന രൂപമോരുവാൻ നാരിമാർക്കു നയനം സസൂക്ഷ്മമായതാണ്' കാരണമെന്നും കവി പറയുന്നു. നളിനി, നീയെന്നെ ഓർക്കുന്നതെന്തിനാണെന്നും ദിവാകരൻ ചോദിക്കുന്നു. വിവേകികൾ അന്യജീവനുവേണ്ടി തങ്ങളുടെ ജീവിതം ധന്യമാക്കുകയാണ് ചെയ്യാറുള്ളത്. അതിനു മറുപടിയെന്നോളം നളിനി പറയുന്നു. ആര്യ, ഞാനൊരു കാര്യം ചോദിക്കാം. അതു കൊള്ളാവുന്നതാണെങ്കിലും അല്ലെങ്കിലും എന്റെ ദുഃഖം വലിയ ഭാരമായി അനുഭവിക്കുന്നു. ഭൂമിയിൽ ഈ ഭാരം മാറ്റാൻ ഭവാനൊഴികെ വേറാരുമില്ലയെന്നും അവൾ പറയുന്നു. സ്വന്തം ഹൃദയം അന്യനു കാട്ടിക്കൊടുക്കുവാൻ ഒരുപായവും ദൈവം മനുഷ്യന് നൽകിയിട്ടില്ലെന്നും ഭാഷയാണെങ്കിൽ അപൂർണ്ണവും. അതിൽ തന്നെ പിഴയും അർഥശങ്കയും വന്നു ഭവിക്കുമെന്നുമവൾ നിരാശപ്പെടുന്നു. താൻ തെറ്റിദ്ധരിക്കപ്പെട്ടാൽ ഇനി ജീവിതം അസഹനീയമെന്നും നളിനി പറയുന്നു. ദുഃഖഭാരം തീർന്ന അവൾ കുയിലിന്റെ മാധുര്യമൊഴിപോലെ സംസാരിക്കുവാൻ തുടങ്ങി.

### വരികൾ 4

'വന്നു വത്സല, ഭവാൻ സമക്ഷമാ
യിന്നു, ഞാൻ വ്യഥ മറന്നതോർക്കയാൽ,
എന്നുമല്ല, കരുതുന്നു വീട്ടിൽ നാ
മന്നു വാണതു തുടർന്നുപോൽ മനം.

ലോലനാര്യനുരുവിട്ടു കേട്ടൊരാ
ബാലപാഠമഖിലം മനോഹരം!
കാലമായധികമിന്നൊരക്ഷരം
പോലുമായതിൽ മറപ്പതില്ല ഞാൻ.
ഭൂമിപൂക്കൾ വിടരുന്ന പൊയ്കയും
തീരവും വഴികളും തരുക്കളും
ചാരുപുൽത്തറയുമോർത്തിടുന്നതിൻ-
ചാരെ നാമെഴുമെഴുത്തുപള്ളിയും.

ഓർത്തിടുന്നുപവനത്തിലെങ്ങുമ
ങ്ങാർത്തു ചിത്രശലഭം പറന്നതും
പാർത്തുനിന്നതു മണഞ്ഞു നാം കരം
കോർത്തു കാവിനരികേ നടന്നതും.

പാടുമാൺകുയിലെ വാഴ്ത്തിയാ രവം
കൂടവേയനുകരിച്ചു പോയതും
ചാടുകാരനുടനെന്നോടാര്യന
പ്പേടയെപ്പരിഹസിച്ചു ചൊന്നതും.

ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വച്ചു മല്ലികയറുത്തിരുന്നതും
മെച്ചമാർന്ന ചെറുമാലകെട്ടിയെൻ
കൊച്ചു വാർമുടിയിലങ്ങണിഞ്ഞതും.

എണ്ണിടുന്നൊളിവിൽ വന്നു പീഡയാം
വണ്ണമെൻ മിഴികൾ പൊത്തിയെന്നതും
തിണ്ണാങ്ങതിൽ വലഞ്ഞു കേഴുമെൻ
കണ്ണുനീരു കനിവിൽ തുടച്ചതും.

എന്തിനോതുവതതോർക്കിലാ രസം
ചിന്തുമെൻ സുദിനമസ്തമിച്ചിതേ,.
ഗന്തുകാമനുടനാര്യൻ, ഏകിലാ
മന്തരായമെതിർവാത്യപോലിവൾ.

പോട്ടെ എൻ സഹചരൻ വിയുക്തനായ്
നാട്ടിൽ നിന്നഥ മറഞ്ഞതഞ്ജസാ
കേട്ടു ഞെട്ടിയയിവീണു ഗർജ്ജിതം
കേട്ട പന്നഗകുമാരിപോലെ ഞാൻ.

പിന്നെയെൻ പ്രിയപിതാക്കൾ കാത്തുഴ
ന്നെന്നെയങ്ങവരഴ ല്പെടാതെയും
ഉന്നി വാണൊരിടമാര്യനേലുമീ
മന്നിലെന്നുടലു ഞാൻ വിടാതെയും.

ഹർഷമേകുവതിനച്ഛനേറെ നി
ഷ്കർഷമാർന്നഥ വളർന്നു ഖിന്നയായ്,
കർഷകൻ കിണറിനാൽ നനയ്ക്കിലും
വർഷമറ്റ വരിനെല്ലപോലെ ഞാൻ

ഓർത്തിടായ്കിലുമഹോ! യുവത്വമെൻ
മൂർത്തിയാർന്നഥ വലഞ്ഞിതേറെ ഞാൻ
പൂത്തിടും തരുവിലും തടത്തിലും
കാത്തിടാ ലതകൾ, കാലമെത്തിയാൽ

ഓതുവാനരുതെനിക്കു പിന്നെ,,യെൻ
തതനോർത്തൊരു വിവാഹനിശ്ചയം
കാതിലെത്തി, വിഷവേഗമേറ്റപോൽ
കാതരാശയ കുഴങ്ങി വീണു ഞാൻ.

ആഴമമ്പൊടതി സാന്ത്വമോതുമെൻ
തോഴിമാരെയുമൊഴിച്ചു ഞാൻ പരം
വാഴുമൗഷധമകറ്റി, യാ ശ്രമം
പാഴിലായെഴുമസാദ്ധ്യരോഗികൾ.

ശാന്തമാക ദുരിതം ! വിനിശ്ചിത
സ്വാന്തയായ കദനശല്യമൂരുവാൻ
ധ്വാന്തവും ഭയവുമോർത്തിടാതുടൻ
ഞാൻ തടാകതടമെത്തി രാത്രിയിൽ. ’

വേഗമാ ബഭയദനിശ്ചയം ശ്രവി
ച്ചാകുലാദ്ഭുതദയാരാദയൻ,
ഏകിനാൻ ചെവിയവൻ, സഗദ്ഗദം
ശോകമാർന്നു കഥ പിന്തുടർന്നവൾ,

''ലോകമൊക്കെയുമുറങ്ങി കൂരിരു
ട്ടാകെ മൂടി യമമൂർത്തി ഭീകരം
ഏകയായവിടെനിന്നു സൂചിയേ
ററാകിലെന്നുടലറിഞ്ഞിടാതെ ഞാൻ.

തിണ്ണമായിരുളിൽനിന്നു വിശ്വസി
ച്ചെണ്ണിനേൻ ത്സടിതി ഭൂതഭാവികൾ,
വിണ്ണിൽ ഞാനൊടുവിൽ നോക്കി സത്രപം
കണ്ണടഞ്ഞുഡുഗണങ്ങൾ കാൺകയാൽ

'നിത്യഭാസുരനഭശ്ചരങ്ങളേ,
ക്ഷിത്യവസ്ഥ ബത നിങ്ങളോർത്തിടാ
അത്യനർത്ഥവശ ഞാൻ ക്ഷമിപ്പി നീ
കൃത്യമെന്നുമവയോടിരന്നു ഞാൻ.

ഓർത്തുപിന്നുടനഗാഥ തോയമാം
തീർത്ഥസീമയിലിറങ്ങിയങ്ങു ഞാൻ
ആർത്തിയാൽ മൊഴിയിലോ മനസ്സിലോ
പ്രാർത്ഥിതം ചരമമേവമോതിനാൻ.

''ജീവിതേശനെയനുഗ്രഹിക്കവൻ
ഭൂവിലുണ്ടു; ഗിരിജ വലഞ്ഞുടൻ
ഈവിധം തുനിവതാമശക്ത ഞാൻ
ദേവി നിൻ പദമണയ്ക്കയംബികേ.

കാണുകിൽ പുളകമാം കയത്തില
ങ്ങാണുകൊൾവതിനുടൻ കുതിച്ചു ഞാൻ
ക്ഷോണിയിൽ പ്രണയപാശമറെഴും
പ്രാണികൾക്കു ഭയഹേതുതുവാൻ?

ചണ്ടിതൽ പടലി നീങ്ങിയാഴുമെൻ
കണ്ഠമൊട്ടുപരി തങ്ങി, ആകയാൽ
ഇണ്ടലാർന്നുഴറിയോർത്തു, താമര
ത്തണ്ടിൽ വാർമുടി കുരുങ്ങിയെന്നു ഞാൻ.

സത്വരം മുകളിൽ നോക്കി ഞാനിയ
ന്നത്തൽ വിസ്മയവുമേറെ നാണവും
എത്തിയെൻ കചഭരം പിടിച്ചു നി
ന്നത്ര കാന്തിമതിയേക യോഗിനി

അമ്പിയന്നു ഭയമൊക്കെ നീക്കിയൊ
നിമ്പമേകിയവൾ നോക്കി സസ്മിതം

മുമ്പിലപ്പൊഴുതുദിച്ചുപൊങ്ങിടു
ന്നമ്പിളിക്കെതിരഹോ നതാംഗിയാ

നിഷ്ഠപൂണ്ടരികിൽ വാണിരുട്ടിലെൻ
ധൃഷ്ടമാം തൊഴിലുകണ്ടു യോഗിനി,
ഇഷ്ടമായ മൃതിയെത്തടഞ്ഞു ഹാ
ദിഷ്ടമെങ്ങനെയൊരാൾക്കതേ വരൂ

കെട്ടിയാഞ്ഞു കരയേറ്റിയാശു കൈ-
വിട്ടു നിന്നു കഥ ചോടിയാതവൾ
ഒട്ടതെൻ പ്രലപനത്തിൽ നിന്നറി
ഞ്ഞാട്ടറിഞ്ഞു നിജ വൈഭവങ്ങളാൽ

ഈറനമ്പൊടു പകർന്നു വൽക്കലം
മാറിയാ മഹതിയെ തുടർന്നു ഞാൻ
വേറുമെയ് നിയതി നൽകിടുന്നതും
പേറിയങ്ങനെ പരേത ദേഹിപോൽ

അദ്ധ്വഖേദമറിയാതവാറു ചൊ
ന്നത്തപോധന കനിഞ്ഞ വാർത്തകൾ
എത്തി ഞങ്ങളൊരു കാട്ടിലും ദ്രുതം
ചിത്രഭാനുവുദയാചലത്തിലും,

അന്തരംഗഹിതനാം ഭവാനൊഴി
അന്തികത്തിൽ വനശോഭ കാണവേ
സന്തപിച്ചവൾ പരം, രമിക്കയി
ല്ലെങ്കിലും പ്രണയഹീനമാനസം

കീർത്തനിയഗുണയെന്നെ നിർഭയം
ചേർത്തു ഇന്നെയവളിത്തപോവനം,
ആർത്തിയെങ്കിലുമതീവ ധന്യയെ
ന്നോർത്തിതാര്യനെ യനുപ്രയാത ഞാൻ

ഒത്തു ഞങ്ങളുടജത്തിലുന്നിൽ വാ-
ണത്യുദാരമഥ വിദ്യയും സ്വയം
വിത്തിനായ് മുകിലു വൃഷ്ടിപോലെയാ
സിദ്ധയോഗിനിയെനിക്കു നൽകിനാൾ.

പഞ്ചവൃത്തികളടക്കിയന്വഹം
നെഞ്ചുവച്ചുരുതപോമയം ധനം
സഞ്ചയിപ്പതിനു ഞാൻ തുടങ്ങി, പി -
ഞ്ഞഞ്ചുവട്ടമിഹ പൂത്തു കാനനം.

കാമിതം വരുമെനിക്കു വേഗമെ
ന്നാ മഹാമഹതി ചെയ്യുനുഗ്രഹം,
പ്രേമമാർന്ന ഗുരുവിൻ പ്രസാദമാം
ക്ഷേമമൂലമിഹ ശിഷ്യലോകരിൽ

മംഗലാശയ! കഴിഞ്ഞു രണ്ടു നാ
ളിങ്ങ്നു പിന്നെയനിമിത്തമെന്തിനോ,
പൊങ്ങിടുന്നു സുഖമാർന്നു മന്തരാ
മങ്ങിടുന്നു ഭയമാർന്നുമെന്മനം

സൈ്വരമായ മുഹുരുദിച്ചിടുന്നു ദുർ-
വാരമെന്റെ മതിയിൽ, തപസ്യയിൽ
കൗരിയോടരിയ പുഷ്പഹേതിതൻ
വൈരിയായ വടുവിൻ സമാഗമം.

ഇന്നലെ ബ്ഭഗണമദ്ധ്യഭൂവിൽ ഞാൻ
നിന്നു കൂപ്പിയ വസിഷ്ഠഭാമിനി
വന്നു നിദ്രയതിൽ "ഏൽക്ക നിൻ പ്രിയൻ
വന്നു' എന്നരുളിനാൾ ദയാവതി

എന്നു ചൊല്ലി വിരമിച്ചു, തന്മുഖം
നിന്നു നോക്കി, നെടുമാർഗ്ഗഖിന്നയായ്
എന്നപോൽ, ഭരമകന്നപോലിള
ച്ചൊന്നു തമ്പി നെടുവീർപ്പിയന്നവൾ

ഭാവമൊട്ടുടനറിഞ്ഞു, ശുദ്ധയാ
മാവയസ്യയഴലാർന്നിടാതെയും,
ഈവിധം യതി പറഞ്ഞു തന്മന
സ്സാവിലേതരമലിഞ്ഞിടാതെയും.

"കേട്ടു നിഞ്ചരിതമദ്ഭുതം! ശുഭേ,
കാട്ടിൽ വായ്പതിനെഴുന്ന മൂലവും
കാട്ടി സാഹസമമന്മേതുതാ
നാട്ടെ; നിൻ നിയമചര്യ നന്നയേ!

## അർഥവിശദീകരണം

| | | |
|---|---|---|
| അഴൽ | = | ദുഃഖം |
| സ്വരം | = | വേഗം |
| എണ്ണിടുന്നു | = | ഓർത്തിടുന്നു |
| സഹജൻ | = | കൂട്ടുകാരൻ |
| ഉടലുവിടുക | = | ആത്മഹത്യചെയ്യുക |
| പന്നഗം | = | പാമ്പ് |
| കാതരാശയ | = | ഭയപ്പെട്ടവൾ |
| ഭയദനിശ്ചയം | = | ഭയങ്കരമായ നിശ്ചയം |
| സത്രപം | = | ലജ്ജയോടെ/ലജ്ജയോടുകൂടി |
| ആർത്തി | = | ദുഃഖം |
| കയം | = | ആഴമുള്ള സ്ഥലം |
| ചണ്ടിതൻ പടലി | = | പായൽക്കൂട്ടം |
| ഇമ്പമേകുക | = | സന്തോഷമേകുക |
| ചിത്രഭാനു | = | സൂര്യൻ |
| ഉടജം | = | ആശ്രമം |

| | | |
|---|---|---|
| അന്വഹം | = | ദിവസേന |
| ഏല്ക്ക | = | സ്വീകരിക്ക |

## ആശയവിശദീകരണം

ദിവാകരനെ കണ്ട ഉത്സാഹത്താൽ അവൾ മനസ്സിലുള്ളതെല്ലാം തുറന്ന് പറഞ്ഞു. ആര്യ എന്ന പ്രേമപൂർവമുള്ള സംബോധനയിൽ നിന്ന് ദിവാകരന്റെ കാരുണ്യം കണ്ടിട്ട് അവൾ വത്സല എന്നു സ്വയം അഭിസംബോധന ചെയ്യാൻ ധൈര്യപ്പെടുന്നു. ഉടനെ പോകരുതെന്നും നളിനി ദിവാകരനോട് ആവശ്യപ്പെടുന്നു. അവൾ തന്റെ ബാല്യകാലം ഓർത്തെടുക്കുന്നു. ദിവാകരൻ പഠിപ്പിച്ചതൊന്നും മറന്നിട്ടില്ല. എഴുത്തുപള്ളിയും പരിസരവും ഓർക്കുന്നു. ചിത്രശലഭം അവിടെ പറന്നതും അതിനെ പിടിക്കാൻ ഒളിച്ചു നിന്നതും കരം കോർത്ത് നാം ഇരുവരും കാവിനരികിൽ നടന്നതുമെല്ലാം അവൾ ദിവാകരനെ ഓർമ്മിപ്പിച്ചു. പാടാത്ത പെൺകുയിലിനെ പരിഹസിച്ചതും, മുല്ലമാല കോർത്ത് തന്റെ മുടിത്തുമ്പിൽ ദിവാകരൻ അണിയിച്ചതും മിഴിപൊത്തിയപ്പോൾ വേദനമൂലം കരഞ്ഞ തന്റെ മിഴിനീരിനെ തുടച്ചെടുത്തതുമെല്ലാം നളിനി ഓർമ്മിക്കുന്നു. പെട്ടെന്നൊരുനാൾ ദിവാകരൻ നാട്ടിൽനിന്ന് പോയതറിഞ്ഞ് തന്റെ അവസ്ഥയെ അവൾ ഉപമിക്കുന്നത്, ഇടിനാദം കേട്ട് ഞെട്ടിയ പാമ്പിനോടാണ്. അതിനുശേഷം താൻ ഏറെ നിരാശപ്പെട്ടുവെന്നും, വിവാഹനിശ്ചയ വാർത്തകേട്ട് കുഴങ്ങിയെന്നും അവൾ പറയുന്നു. തുടർന്ന് താൻ ആത്മഹത്യയ്ക്കായി തടാകക്കരയിലെത്തിയതും തടാകത്തിലെ കയത്തിൽ ചാടിയതും അവൾ ദിവാകരനോട് പറഞ്ഞു. അവിടെ വെച്ച് ഒരു യോഗിനി തന്നെ രക്ഷിച്ച വൃത്താന്തവും അവൾ അവനെ പറഞ്ഞു കേൾപ്പിച്ചു. പിന്നീട് അവൾ യോഗിനിയുടെ ആശ്രമത്തെപ്പറ്റി പറയാൻ തുടങ്ങി. പാർവതിക്കു പരമേശ്വരനെ ലഭിച്ചതുപോലെ യോഗിയെ ഒരു നാൾ തനിക്കും ലഭിച്ചേക്കുമെന്നുള്ള പ്രത്യാശയും നളിനിയിലുണ്ടെന്ന് ഇവിടെ വ്യക്തമാണ്. ദീർഘകാലം ചുമന്ന ഭാരം ഒഴിവായതുപോലെ അവൾ നെടുവീർപ്പിട്ടു.

> ▶ ദിവാകരനെ കണ്ട ഉത്സാഹം കൊണ്ട് നളിനി മനസ്സുതുറക്കുന്നു

## വരികൾ 5

ഉണ്ടു കൗതുകമുരയ്ക്കിൽ, നാടതിൽ
പണ്ടിരുന്നതുമകന്നു കാടിതിൽ
കണ്ടുമുട്ടിയതു മെന്നുമല്ല, നാം
രണ്ടുപേരുമൊരു വൃത്തിയാർന്നതും.

ഹാ! ശുഭേ നിജ ഗതാഗതങ്ങൾ ത
ന്നിശനിശ്ചയമറിഞ്ഞിടാ നരൻ,
ആശ നിഷ്ഫലവുമായ് വരുന്നവ
ന്നാശിയാതിഹ വരുന്നഭീഷ്ടവും.

സ്വന്തകർമ്മവശരായ് തിരിഞ്ഞിടു
ന്നന്തമറ്റ ബഹുജീവകോടികൾ
അന്തരാളഗതിതന്നിലൊന്നൊടൊ
ന്നന്തരാ പെടുമണുക്കളാണു നാം.

സ്നേഹമെങ്കിലുമിയന്നു ഖിന്നനായ്
സാഹസങ്ങൾ തുടരുന്നു സന്തതം
ദേഹി, ഈശകൃപയാലെ തന്മഹാ
മോഹനിദ്രയുയുണരുന്ന നാൾ വരെ.

കാട്ടിലിതൊരുമഹാനുഭാവതൻ
കൂട്ടിലായ് ഭവതി, ഭാഗ്യമായി, ഞാൻ
പോട്ടെ, -ശാന്തി! -വിധി യോഗമിന്നിയും
കൂട്ടിയാകിലഥ കാൺകയാം, ശുഭേ

ഏവമോതി നടകൊൾവതിന്നവൻ
ഭാവമാർന്നു, പരിതപ്തയായുടൻ
ഹാ! വെളുത്തവൾ മിഴിച്ചുനിന്നു മൺ
പാവപോലെ ഹതകാന്തിയായ് ക്ഷണം

ചിന്തനൊന്തുഴറി യാത്രചൊല്ലുമോ
ഹന്ത! ഭീരു യതിയെടുക്കുമോ
സ്വന്തസൗഹൃദനയങ്ങളോർത്തുഴ
ന്നെന്തുചെയ്യുമവൾ?-ഹാ! നടന്നവൻ.

കണ്ടുടൻ കരളറുന്നപോലെഴു
ന്നിണ്ടലേറിയഭിമാനമറ്റവൾ
കുണ്ഠയാം കുമരി പോലെ ദീനമാ
കണ്ഠമോടഴുതുറക്കെയോതിനാൾ

പ്രാണനായക ഭവാന്റെ കൂടവേ
കേണുപോം ഹൃദയനീതനായഹോ
പ്രാണനെന്നെ വെടിയുന്നിതേ ജലം
താണുപോം ചിറയെ മത്സ്യമെന്നപോൽ

കൂവി വായുവിലകന്ന താമര
പ്പൊവെയാഞ്ഞു തടയുന്ന ഹംസിപോൽ
ഏവമുന്മുഖി പുലമ്പിയെത്തിയാ
ബ്ഭൂവിൽ വീണവൾ പിടിച്ചു തല്പദം

"എന്റെയേകധനമങ്ങു ജീവന
ങ്ങെന്റെ ഭോഗമതുമെന്റെ മോക്ഷവും,
എന്റെയീശ! ദൃഢമീപദാംബുജ
ത്തിന്റെ സീമ, ഇതു പോകിലില്ല ഞാൻ.

അന്യഥാ കരുതിയാർദ്രനാര്യ നീ
സന്നധൈര്യയെയഹോ! ത്യജിക്കൊലാ
ധന്യയാം എളിയ ശിഷ്യ, യീപദം
തന്നിൽ നിത്യപരിചര്യയൊന്നിനാൽ.

ഹാ! മൊഴിഞ്ഞിതു നഖമ്പചാശ്രുവാൽ
കോമളം സതി നനച്ചു തല്പദം

ആ മഹാൻ തിരിയെനിന്നു, നിർമ്മല
പ്രേമമാം വലയിലാരു വീണിടാ

"തോഴി കാരുണികനാണു നിന്നിൽ ഞാൻ,
കേഴൊലാ കൃപണഭാവമേലൊലാ,
പാഴിലേവമഴലാകുമാഴിയാ
ഞ്ഞഴൊലാ നളിനി, അജ്ഞപോലെ നീ.

പാവനാംഗി, പരിശുദ്ധസൗഹൃദം
നീ വഹിപ്പതതിലോഭനീയമാം,
ഭാവിയായതു, ചിതാശവങ്ങളിൽ
പൂവുപോൽ, അശുഭനശ്വരങ്ങളിൽ

സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം,
മോഹനം ഭുവനസംഗമിങ്ങതിൽ
സ്നേഹമൂലമമലേ! വെടിഞ്ഞു ഞാൻ.

ആപ്തസത്യനവിയോഗമാം സുഖം
പ്രാപ്തമാം സഖി രഹസ്യമോതുവാൻ"
ആപ്തനിങ്ങനെ കനിഞ്ഞുരയ്ക്കുവേ
ദീപ്തദീപശിഖപോലെണീറ്റവൾ.

നോക്കിനിന്നു ഹൃതയായവന്റെ ദി
വ്യകൃനിർവൃതികരോജ്ജ്വലാനനം
വാക്കിനാലപരിമേയമാം മഹാ
വാകൃതത്വമവനോതി ശാശ്വതം

അനൂരുത്തടര സോർമ്മി ദുഃസ്ഥയായ്
ഹന്ത! ചാഞ്ഞു തടവല്ലിപോൽ സതി
സ്വന്തമെയ് വികലമായപോലണ
ന്തരാനിയമിതാണ്ടി കൈകളാൽ

ശങ്കപോയ്, ശിശിരവായുവേറ്റപോ
ലങ്കുരിച്ചു പുളകം, വിറച്ചുതേ
പങ്കുഹീന,ഘനനാദ ഹൃഷ്ടമാം
പൊങ്കടമ്പിനൂടെ കൊമ്പുപോലവൾ

ശാന്ത വീചിയതിൽ വിചിപോലെ സം
ക്രാന്തഹസ്തമുടൽ ചേർന്നു തങ്ങളിൽ,
കാന്തനാദമൊടു നാദമെന്ന പോൽ
കാന്തിയോരകാന്തി പോലെയും

ധന്യമാം കരനസത്വയുഗ്മമ-
ന്യോന്യലീനമറിവറ്റു നിൽക്കവേ
കന്യ കേവലസുഖം സമാസ്വദി
ച്ചന്യ ദുർലഭമലോകസംഭവം

ഭേദമില്ലവളിയന്നൊരാ സുഖം
താദൃശം സകലഭൊഗ്യമല്ലതാൻ,
ഖേദലേശവുമിയന്നതില്ല, വി-
ച്ഛേ ഭീതിയുളവായുമില്ലതിൽ

ചാരുഹാസ, യറിവെന്നി പെയ്തു ക
ണ്ണീരുടൻ, ചർമമേഘവൃഷ്ടിപോൽ,
ധാരയാല ഫ നനഞ്ഞ നെഞ്ചില
ദ്ധീരധി പുളകമാർന്നുമില്ലവൻ.

ഓമലാൾ മുഖമതിന്നു നിർഗ്ഗമി
ച്ചോമിതി ശ്രുതി നിഗൂഢവൈഖരി,
ധാമമൊന്നുടനുയർന്നു മിന്നല്പോൽ
വ്യോമമണ്ഡലമണഞ്ഞു മാഞ്ഞുതേ.

ക്ഷീണയായ് മിഴിയടച്ചു, നിശ്ചല
പ്രാണയായുടനവന്റെ തോളതിൽ
വീണു, വായു വിരമിച്ചു കേതുവിൽ
താണുപറ്റിയ പതാകപോലവൾ.

ഞെട്ടിയൊന്നകമലിഞ്ഞു സംയമം
വിട്ടു വീർത്തു നെടുതായ് മഹായമി
പട്ടിടഞ്ഞ തനു തന്റെ മേനി വേർ-
പെട്ടിടാഞ്ഞു ബത! ശങ്കതേടിനാൻ.

സ്തബ്ധമായ് ഹൃദയമേറി ഭാരമാ
പുഷ്പഹാരമൃദുമെയ് തണുത്തുപോയ്,
സുപ്തിയല്ല ലയമല്ല യോഗമ
ല്ലപ്പൊഴാർന്നതവളെന്നറിഞ്ഞവൻ

'എന്തു സംഭവമിതെന്തു ബന്ധമി
ങ്ങെന്തു ഹേതുവിതിനെന്തൊരർത്ഥമോ!
ഹന്ത! കർമ്മഗതി! ബാലയെന്റെ ബാ
ഹാന്തരം ചരമശയ്യയാക്കി നാൾ

സ്നേഹഭാജനതയാർന്ന ഹൃത്തിതിൽ
ദേഹമിങ്ങനെ വെടിഞ്ഞു പാറ്റപോൽ
മോഹമാർന്നു പരമാം മഹസ്സഹോ
മോഹനാംഗി തഴികിക്കഴിഞ്ഞിവൾ

ആരറിഞ്ഞു തനുഭൃത്തുകൾക്കു നീ
സ്സാരമേവമസുബന്ധമെന്നഹോ!
നാരി, നിന്നിളവയസ്സിതേതു ഹൃ-
ത്താരിയന്ന പരിപാകമേതയേ

ഞെട്ടറുന്ന മലരും തൃണാഞ്ചലം
വിട്ടിടുന്ന ഹിമബിന്ദുതാനുമേ
ഒട്ടുദു:ഖമിയലാം, വപുസ്സു വേ:
റിട്ട നിൻ സുഖമഹോ! കൊതിക്കിലാം.

ഹന്ത! സാധ്വി, മധുരീകരിച്ചു നീ
സ്വന്തമൃത്യു സുകുമാരചേതനേ,
എന്തു നാണമിയലാം ഭവജ്ജിതൻ
ജന്തുഭീകരകരൻ, ഖരൻ, യമൻ?

ജാതസൗഹൃദമുറങ്ങുവാൻ സ്വയം
ജാത, തള്ളയുടെ മാറണഞ്ഞപോൽ,
നീ തുനിഞ്ഞു നിരസിച്ചിരിക്കിൽ ഞാ-
നേതു സാഹസികനാമഹോ? പ്രിയേ!

ത്യാഗമേവനു വരും സമഗ്രമീ
ഭോഗലേഭനജഗത്തിലെന്നുമേ ,
വേഗമിന്നതു വെടിഞ്ഞു ഹാ! മഹാ-
ഭാഗയാം നളിനി ധന്യതന്നെ നീ!

ഉത്തമേ! വിഗതരാഗമാകുമെ
അൽത്തടത്തെയുമുലച്ചു ശാന്ത നീ
ഇത്തരം ധരയിലെങ്ങു ശുദ്ധമാം
ചിത്തവും മധുരമായ രൂപവും.

നേരു-ശൈശവമതിങ്കലന്നു നിൻ
ഭൂമിയാം ഗുണമറിഞ്ഞതില്ല ഞാൻ,
കോരകത്തിൽ മധുവെന്നപോലെയുൾ
ത്താരിൽ നീ പ്രണയമാർന്നിരുന്നതും,

ഇന്നഹോ! ചിരസമാഗമം സ്വയം
തന്ന ദൈവഗതിയെത്തൊഴുന്നു ഞാൻ,
എല്ലുമല്ലനുതപിച്ചിടുന്നു, തേൻ-,
വെന്ന നിന്മൊഴികൾ നിന്നുപോകയാൽ

ബദ്ധരാഗമിഹ നീ മൊഴിഞ്ഞൊരാ
ശുദ്ധവാണി വനവായുലീനമായ്,
ശ്രദ്ധയാർന്നതിനെ യാസ്വദിച്ചു ഹാ!
സിദ്ധസന്തതി സുഖിക്കുമോമലേ!

ആകുലത്വമിയലില്ല യോഗി ഞാൻ,
ശോകമില്ലിനി നിനക്കുമേതുമേ,
നീ കുലീനഗുണദീപികേ, വിടും
ലോകമാണു ദയനീയമെൻ പ്രിയേ!

### അർഥവിശദീകരണം

| | | |
|---|---|---|
| അനല്പം | = | അധികം |
| ദേഹി | = | ജീവൻ |
| അഥ | = | പിന്നെ |
| പരിതപ്ത | = | ദുഃഖിത |
| ചിന്തനൊന്തു | = | മനോവേദനയോടെ |
| ഇണ്ടൽ | = | ദുഃഖം |

| | | |
|---|---|---|
| ഉന്മുഖി | = | മുഖം മേല്പോട്ടുയർത്തിയവൾ |
| ആർദ്രൻ | = | ദയാലു |
| കൃപണഭാവം | = | ദീനഭാവം |
| പാവനാംഗി | = | പരിശുദ്ധ |
| ആപ്തസത്യൻ | = | സത്യത്തെ സാക്ഷാത്കരിച്ചവൻ |
| ആപ്തൻ | = | വിശ്വാസയോഗ്യൻ |
| പൊരുൾ | = | അർഥം |
| തത്ത്വമസി | = | "അതു നീയാകുന്നു" |
| പങ്കഹീന | = | പാപമില്ലാത്തവൾ |
| നിയമി | = | യോഗി |
| അന്യദുർല്ലഭം | = | അന്യർക്ക് ലഭിക്കാൻ സാധിക്കാത്തത് |
| അറിവെന്നി | = | അറിയാതെ |
| കേതു | = | കൊടിമരം |
| ഖരൻ | = | ക്രൂരൻ |
| കോരകം | = | മൊട്ട് |
| ആകുലത്വം | = | വ്യസനം |
| വിധി | = | യോഗം |
| ഉഴറി | = | വേഗത്തിൽ |
| ഭീരു | = | ഭയമുള്ള |
| ഓതി | = | പറഞ്ഞു |
| പ്രാണൻ | = | ജീവൻ |
| തല്പദം | = | അദ്ദേഹത്തിന്റെ കാൽ |
| അന്യഥാകരുതി | = | മറ്റുവല്ലതും കരുതി |
| ത്യജിക്കൊലാ | = | ഉപേക്ഷിക്കല്ലെ |
| സതി | = | പതിവ്രത |
| പാഴിൽ | = | വെറുതെ |
| ചിതാശവം | = | പട്ടടയിലെശവം |
| അവിയോഗമാം | = | വേർപെടാത്തതായ |
| ഹൃതയായ് | = | ആകർഷിക്കപ്പെട്ടവളായിട്ട് |
| വാക്കിനാലപരിമേയം | = | വാക്കുകൊണ്ട് പറവാൻ സാധിക്കാത്തത് |
| ശിശിരവായു | = | ശീതക്കാറ്റ് |
| ഘനനാദഹൃഷ്ടം | = | ഇടിനാദം കൊണ്ട് വിടർന്നത് |
| അറിവറ്റു | = | മറന്നു |
| വൃത്തി | = | തൊഴിൽ |
| നിജഗതാഗതങ്ങൾ | = | തന്റെ വരുംവരാഴികകൾ |
| ഈശ്വരനിശ്ചയം | = | ഈശ്വരേച്ഛ |
| സ്വന്തകർമ്മവശായ് തിരിഞ്ഞിടുന്നു | = | സ്വന്തം കർമ്മം അനുസരിച്ച് തിരിഞ്ഞു കൊണ്ടിരിക്കുന്നു |
| ബഹുജീവികോടികൾ | = | അനവധികോടി ജീവന്മാർ |
| അന്തരാളം | = | ആകാശം |
| സ്നേഹമിയന്നു | = | സ്നേഹമാർന്നു |
| സന്തതം | = | എപ്പോഴും |
| ഇന്നിയും | = | ഇനിയും |

SGOU

### ആശയവിശദീകരണം

തുടർന്ന് ദിവാകരൻ പറയുന്നു. ഈശ്വരേച്ഛയാൽ ആശ നിഷ്ഫലവും, ആശിക്കാതെ അഭീഷ്ടവും സംഭവിക്കാറുണ്ട്. ആകാശത്തിൽ പറന്നുകൊണ്ടിരിക്കെ ഒന്നിനോടു ചേരുന്ന അണുക്കളാണ് മനുഷ്യരെന്നും അണുക്കൾ അന്തരാളഗതിയാൽ തമ്മിൽ ഒട്ടുന്നത് സ്വാഭാവികമാണെന്നും പറയുന്നു. അതുപോലെയാണ് മനുഷ്യർ തമ്മിൽ ചേരുന്നതും. തുടർന്ന് ദിവാകരൻ പുറപ്പെടാൻ ഭാവിക്കുന്നു. ഇതുകേട്ട നളിനി കുറച്ചുനേരം ഒരു മൺപാവപോലെ നിന്നു. സ്നേഹം ഓർത്താൽ പോകാൻ സമ്മതിക്കാതെയും എന്നാൽ ലോകമര്യാദ ഓർത്താൽ തടയാൻ നിവൃത്തിയില്ലാതെയും അവൾ നിന്നു. ഉച്ചത്തിൽ കരഞ്ഞു കൊണ്ടവൾ തുടർന്ന് സംസാരിക്കുവാൻ തുടങ്ങി. അത് വെള്ളം താണുപോകുന്ന ചിറയെ മത്സ്യം ഉപേക്ഷിക്കുന്നതുപോലെയാണെന്ന് അവൾ കേണു. താൻ വീണ്ടും മരണത്തെ പുൽകുമെന്നും നളിനി ദിവാകരനോട് പറഞ്ഞു.

താൻ ഒരു ശിഷ്യയായി നിത്യവും കൂടെ താമസിച്ച് പാദശുശ്രൂഷ ചെയ്ത് കഴിയാമെന്ന് നളിനി ദിവാകരനോട് ആവശ്യപ്പെടുന്നു. പരിശുദ്ധയായ നളിനി, ശവങ്ങളിൽ പൂവുപോലെ ശരീരാദികളിൽ സ്നേഹം വയ്ക്കരുത് എന്ന് ദിവാകരൻ പറയുന്നു. സ്നേഹമാണ് അഖിലസാരമെന്ന തത്വചിന്ത കവി ഇവിടെ അവതരിപ്പിക്കുന്നു. തുടർന്ന് ദിവാകരൻ ഞാൻ ഒരു രഹസ്യം പറയാമെന്നും സത്യത്തെ (പരമാർഥ വസ്തുവിനെ) സാക്ഷാത്കരിക്കുന്നവന് വേർപ്പെടുത്താനാകാത്ത സുഖം ലഭിക്കും എന്നും പറയുന്നു. ഇതു കേട്ടതും അവളുടെ മുഖം വിളക്കിൽ ജ്വാലപോലെ തെളിയാൻ തുടങ്ങി. ദിവാകരനിൽ നിന്നു ലോകതത്വം ഗ്രഹിച്ച നളിനി മോക്ഷപ്രാപ്തി നേടി എന്ന് കവിവാക്യം. ഓം എന്നുച്ചരിച്ച് കൊണ്ട് അവൾ നിർവ്വാണം പ്രാപിച്ചു. നളിനി ഭാഗ്യവതിയാണെന്നും നിനക്ക് ശോകമൊന്നും വേണ്ടെന്നും ദിവാകരൻ അവളെ ഓർമ്മിപ്പിക്കുന്നു.

### വരികൾ 6

വേണിയാകിയ വെളുത്ത നിർഝര
ശ്രേണി ചിന്നി വിരഹാർത്തിയാർന്നു താൻ
ക്ഷോണി കന്ദര നിരുദ്ധകണ്ഠയായ്
കേണിതാ മുറയിടുന്നു കേൾക്ക നീ!

നീലവിൺനടുവുറച്ചു ഭാനു, കാ
ണ്മീല കാട്ടിലുമനക്കമൊന്നിനും,
ബാല നീ ഝടിതി പൊങ്ങുമൂക്കിനാൽ
കാലചക്രഗതി നിന്നുപോയിതോ!

ധന്യയായി സഖി ഞാനസംശയം,
നിന്നൊടൊക്കുമുപദേശഭാജനം,
അന്യനാം ഗുരു ലഭിച്ചതില്ലയീ
മന്നിൽ വിദ്യവെളിവായ നാൾ മുതൽ

മാനസം പരിപവിത്രമായി നിൻ
ധ്യാനയോഗ്യചരിതം സ്മരിച്ചയേ
ജ്ഞാനി നീ ഭവതി സിദ്ധിയാർന്നൊരെൻ
മേനിയും മഹിത തീർത്ഥഭൂമിയായ്
ധർമ്മലോപമണയാതെ നമ്മളിൽ
ശർമ്മവും വ്യഥയുമേകിയേറെനാൾ
നിർമ്മലേ ഒരു വഴിക്കു നീണ്ടൊരീ
കർമ്മപാശാഗതി നീ കടന്നുതേ!

പ്രേമഗൗരവമിയന്നിവർണ്ണമുൾ
സമയറ്ററുളി, യാർന്നു പിന്നെയും
ആ മഹാൻ നിജയമം, ചലിക്കുമേ
ഭൂമിയും ഹൃദയ ലീനഹേതുവാൽ

ദ്രുതമവിടെയണഞ്ഞോ ശിഷ്യയെത്തേടിയപ്പോൾ
കൃതനിയമ കനിഞ്ഞാചാര്യ കഷായവേഷാ
മൃതതനുവതു കണ്ടങ്ങോട്ടു വാവിട്ടു കേണാൾ
ഹതശിശുവിനെനോക്കിദ്ദൂനയാം ധേനുപോലെ

'നളിനി' 'നളിനി'' എന്നാമന്ത്രണം ചെയ്തുചെന്നാ
മിളിതയമിവപുസ്സായോരു പൂമെയ്യെടുത്താൾ
ദലിതഹൃദയം-കൈയാൽ ശാന്തിബിംബത്തിൽനിന്നും
ഗളിതസുഷമമാം നിർമ്മാല്യമാല്യം കണക്ക്.

അന്യോന്യസാഹ്യമൊടു നീലകുശാസ്തരത്തിൽ
വിന്യസ്തരാക്കി മൃദുമെയ്യവർ നോക്കിനിന്നാർ,
വന്ദേഭഹസ്തഗളിതം ബിസപുഷ്പമൊത്താർ
ന്നന്യൂനദീനതയതെങ്കിലുമാഭതാനും.

അല്പം വലഞ്ഞഥ പരസ്പരമോതിവൃത്ത
മുല്പന്നബോധരവമോർത്തു വിധിപ്രകാരം
ചൊല്ലൊങ്ങുമാ ഗിരിജ ചേവടി ചേർത്തദിക്കിൽ
കല്പിച്ചവൾക്കു ഖനനം വരയോഗിയോഗ്യം.

നിവാപവിധിപോലെ ബാഷ്പനിരതൂവി നിക്ഷിപ്തമാം
ശവാസ്തരമകന്നു-ഹാ! കൃപണർ പോലെ രണ്ടാളുമേ
പ്രവാസമതിനായ് സ്വയം പുനരുറച്ചൊരായോഗിയാം '
ദിവാകരനെ' വിട്ടു യോഗിനി മറഞ്ഞു, സന്ധ്യാസമം.

ലോകക്ഷേമോത്സുകനഥ വിദേശത്തിൽ വാണാ യതീന്ദ്രൻ
ശോകം ചേർന്നീലവനു നളിനീചിന്തയാൽ ശുദ്ധിയേറി
ഏകാന്താച്ഛം വിഷയമഘമിങ്ങേതുമേ ചിത്തവൃത്തി
ക്കേകാ-കണ്ണാടിയിലിനമയൂഖങ്ങൾ മങ്ങാ പതിഞ്ഞാൽ

അവനു പുനാമേഘംപോയി നൂറ്റാണ്ടു,
പിന്നോർ ത്തവസിതിവിധി, യൂഴിക്കെത്തുമോ നിത്യഭാഗ്യം
അവിദിതതനുപാതം വിസ്മയം യോഗമാർജ്ജി
ച്ചവിരതസുഖമാർന്നാനാ മഹാൻ ബ്രഹ്മഭൂയം

## അർഥവിശദീകരണം

| | | |
|---|---|---|
| വേണി | = | കെട്ടിയ തലമുടി, മുടിക്കെട്ട് |
| നിർഝരശ്രേണി | = | അരുവിക്കൂട്ടം |
| കന്ദരനിരുദ്ധ കണ്ഠ | = | ഗുഹകളിൽ തടഞ്ഞ ശബ്ദത്താൽ |
| ഉപദേശഭാജനം | = | ഉപദേശപാത്രം |
| കൃതനിയമ | = | അനുഷ്ഠാനങ്ങൾ കഴിഞ്ഞവൾ |
| ഉൾസ്ഥൈമയറ്റ് | = | ഉള്ളിലെ ഉറപ്പില്ലാതെ |
| നീലകുശാസ്തര | = | പച്ചദർഭ |
| വൃത്തം | = | ചരിതം |
| നിവാപവിധി | = | ഉദകക്രിയ |
| അവസിതിവിധി | = | അന്ത്യകൃത്യം |
| അവിരതസുഖം | = | നിത്യമായ സുഖം |
| ക്ഷോണി | = | ഭൂമി |
| ഭാനു | = | സൂര്യൻ |
| ധർമ്മം | = | സുഖം |
| മൃതതനു | = | ശവം |
| ഹതശിശു | = | കൊല്ലപ്പെട്ട കിടാവ് |
| ദൂന | = | ദുഃഖിത |
| ധേനു | = | പശു |
| ആമന്ത്രണം ചെയ്തു | = | വിളിച്ചു |
| ദളിതഹൃദയ | = | പിളർന്ന ഹൃദയത്തോടുകൂടി |
| ബിംബം | = | വിഗ്രഹം |
| ഗളിതസൂക്ഷ്മം | = | കാന്തിപോയത് |
| വന്യേഭഹസ്തഗളിതം | = | കാട്ടാനയുടെ തുമ്പിക്കൈയിൽനിന്നു വീണത് |
| ബിസപുഷ്പ | = | താമരപ്പൂവ് |
| ആഭ | = | ശോഭ |
| ചേവടി | = | പാദം |
| ഖനനം | = | കുഴിച്ചിടൽ |
| അഘം | = | പാപം |
| അവിദിതതനുപാദം | = | ശരീരനാശം അറിയാത്ത |
| ആർജ്ജിച്ചു | = | സമ്പാദിച്ചു |

## ആശയവിശദീകരണം

നളിനിയുടെ വിയോഗത്താൽ ദിവാകരൻ വേദനിച്ചു. നിനക്ക് ധർമ്മമുപദേശിച്ചതിനാൽ താൻ ധന്യനായെന്നും യോഗി പറയുന്നു. നിന്റെ ധ്യാനയോഗ്യചരിതം ഓർമ്മിച്ചതിനാൽ തന്റെ മാനസം പരിപവിത്രമായെന്നും ദിവാകരൻ ഈ അവസരത്തിൽ പറയുന്നു. നളിനിയുടെ ആത്മത്യാഗവും അതിനുശേഷമുള്ള ദിവാകരന്റെ ജീവിതവുമാണ് ഈ വരികളിലെ കേന്ദ്രപ്രമേയം. സന്ധ്യാസമയത്ത് ദിവാകരനെവിട്ടു യോഗിനി മറഞ്ഞു.

നളിനിക്കുണ്ടായ അന്ത്യം സുപ്തിയോ (ബോധത്തിനു താഴെയുള്ള അവസ്ഥ) യോഗമോ (സമാധി - അതായതു ബോധതീതാവസ്ഥ) ആയിരുന്നില്ലെന്നും ദിവാകരന്റെ ബാഹാന്തരം ചരമശയ്യയാക്കിയ മൃത്യുവായിരുന്നു എന്നും ആശാൻ അസന്ദിഗ്ധമായി തെളിയിച്ചിട്ടുണ്ട്. എന്നാൽ ആ മൃത്യുവിന്റെ അസാധാരണത്വം വ്യക്തമാക്കുന്നതിലൂടെ നളിനി അനുഭവിച്ച കേവലസുഖം മോക്ഷമായിരുന്നു എന്ന കാര്യം ആശാന്റെ കൈകളിൽ സംശയാതീതമായി സമർഥിക്കപ്പെട്ടിരിക്കുകയാണു നളിനീകാവ്യത്തിൽ. യോഗിചിത്തത്തിൽ നിരോധിക്കപ്പെടേണ്ട പഞ്ചവൃത്തികളിലൊന്നായ സ്മൃതിയെ നളിനിയിലൂടെ ദിവാകരനിൽ കവി വീണ്ടെടുക്കുന്നു. സ്മരണകളാണ് നളിനിയെ മുന്നോട്ടു കൊണ്ടുപോകുന്നത്. ദിവാകരനും ആ നിലയിൽ സ്മരണകളിൽ നിന്ന് മോചിതനല്ലെന്ന് കാണാം.

- നളിനി അനുഭവിച്ച കേവലസുഖം മോക്ഷമായിരുന്നു

## നളിനിയിലെ സ്നേഹസങ്കല്പം

'നളിനിയ്ക്ക് പിന്നിൽ ദാർശനിക കവിത്വമാണ് കാണുന്നതെന്നും ആശാന്റെ ആത്മാംശം അലിഞ്ഞുചേർന്നിട്ടുള്ള ആ കവിത്വത്തിന്റെ പ്രതീകങ്ങളാണ് നളിനി-ദിവാകരൻമാരെന്നും' പി. കെ. ബാലകൃഷ്ണൻ നിരീക്ഷിക്കുന്നു. 'ആശാന്റെ അന്തർദൈന്യഭാവത്തിന്റെ കാവ്യമാണ് നളിനി' എന്നാണ് എം. പി. പണിക്കർ (മലയാള ഖണ്ഡകാവ്യങ്ങൾ ഒരു പഠനം) നിരീക്ഷിക്കുന്നത്. നളിനി-ദിവാകരന്മാർ സ്നേഹത്തിന്റെ ഭൗതികേതരവും ഭൗതികവുമായ രണ്ടുൽകൃഷ്ട സങ്കല്പങ്ങളുടെ ചൈതന്യോജ്ജ്വലമായ പ്രതീകങ്ങളാണ്. സാമാന്യലോകത്തിന് ദിവാകരൻ സ്നേഹശൂന്യനാണെന്ന് തോന്നാം. എന്നാൽ ആശാന്റെ ദാർശനികലോകത്തിനുള്ളിൽ അയാൾ അഖിലസാരവുമാകുന്ന സ്നേഹത്തിന്റെ അടയാളമാണ്. ലോകത്തിലുള്ള എല്ലാത്തിനേയും തുല്യമായി നോക്കിക്കാണാൻ കഴിയുന്ന വിധം സത്യബോധാത്മകമായ സ്നേഹമാണത്. ആ നിലയിൽ അസാധാരണവും അധ്യാത്മികവുമാണ് ആ സ്നേഹമെന്ന് ചുരുക്കം. അതിന് ലൗകികേതരമായ ഒരു ഭാവം പകർന്നു നൽകിയിരിക്കുകയാണ് ആശാൻ. എന്നാൽ നളിനിയുടെ സ്നേഹമാകട്ടെ ദിവാകരനിലേയ്ക്ക് മാത്രമൊതുങ്ങുന്നതും ലൗകികഭാരങ്ങളാൽ വലയം ചെയ്യപ്പെട്ടതുമാണ്. ദിവകാരനിലൂടെയല്ലാതെ മറ്റാരിലൂടെയും ധന്യമാവാത്ത ജീവിതമാണ് അവൾക്കുള്ളതെന്ന് നളിനിയുടെ വാക്കുകളിൽ നിന്ന് തന്നെ വ്യക്തമാകുന്നുണ്ട്. ആ നിലയിൽ വൈചാരികവും വൈകാരികവുമായ സ്നേഹങ്ങൾ തമ്മിലുള്ള സംഘർഷമാണ് നളിനിയുടെ കേന്ദ്രപ്രമേയം. ദിവാകരൻ ആത്മീയജീവിതത്തോടുള്ള ആശാന്റെ ആന്തരികഭാവമാണെങ്കിൽ, നളിനി ആശാന്റെ കവി ഹൃദയത്തെ പ്രതിനിധീകരിക്കുന്നു. ഇരുഭാവങ്ങളും ആശാന്റെ ഉള്ളിലെ ആന്തരിക സംഘർഷത്തെയാണ് അടയാളപ്പെടുത്തുന്നതെന്ന് നിരൂപകന്മാർ നിരീക്ഷിച്ചിട്ടുണ്ട്.

- ആശാന്റെ ആത്മാംശം അലിഞ്ഞുചേർന്ന കവിത

കവിതയിൽ നളിനി ആത്മത്യാഗം ചെയ്യുകയും ദിവാകരൻ വനവാസജീവിതമുപേക്ഷിച്ച് ലോകനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ നാട്ടിലേയ്ക്ക് തിരിക്കുകയുമാണ് ചെയ്യുന്നത്. ഇതിൽ ആരുടെ സ്നേഹമാണ് അതീതീവ്രം എന്ന് കണ്ടെത്താൻ കഴിയില്ല എന്നതാണ്

യാഥാർഥ്യം. നളിനിയുടെ ആദർശസ്നേഹത്തിനു മുന്നിൽ പകയ്ക്കുകയും പതറുകയും ചെയ്യുന്ന ദിവാകരനെ നമുക്ക് കവിതയിൽ കാണാം. ഒരു പക്ഷേ നളിനിയുടെ സ്നേഹത്തിനു മുന്നിൽ പതറാതെ നിൽക്കാൻ അയാൾ തന്നെ കണ്ടെത്തുന്ന വഴിയാണ് തത്വോപദേശം. ആ ലോകതത്വമാകട്ടെ ദിവാകരൻ നളിനിക്ക് നൽകുന്നത് മാത്രമല്ല, മറിച്ച് തന്റെ മനസ്സ് ചഞ്ചലമാകാതിരിക്കാനുള്ള തിരിച്ചറിവ് ആർജിക്കൽ കൂടിയാണ്. നളിനിയുടെ ആത്മത്യാഗോജ്ജ്വലമായ സ്നേഹത്തിന് ദിവാകരന്റെ ആധ്യാത്മിക സ്നേഹത്തെ കർമോൽസുകമാക്കാൻ കഴിഞ്ഞു എന്നതാണ് മറ്റൊരു തലം. നളിനിയുടെ പ്രമേയം സ്നേഹസാക്ഷാത്കാരമല്ല, മറിച്ച് ബ്രഹ്മസാക്ഷാത്കാരമാണെന്ന് പ്രൊഫ. കെ. എം. ഡാനിയൽ (നവചക്രവാളം നളിനിയിലും മറ്റും) നിരീക്ഷിക്കുന്നു. അദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ നളിനിയിൽ സ്നേഹമുണ്ട്. പക്ഷേ ആ സ്നേഹം ലക്ഷ്യമല്ല, മോക്ഷത്തെ കണ്ടെത്തുന്നതിനുള്ള മാർഗം മാത്രമാണ്. ആശാനിലെ സ്വത്വത്തിൽ പ്രകടമായി നിൽക്കുന്ന ആധ്യാത്മിക സ്നേഹത്തിന്റെ പ്രതീകം ദിവാകരനും, അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ കാണുന്ന ഭൗതികസ്നേഹത്തിന്റെ പ്രതീകം നളിനിയും എന്ന് വ്യാഖ്യാനിക്കാം. അങ്ങനെയാണെങ്കിൽ നളിനിയുടെ ഭൗതികസ്നേഹത്തെ അതിന്റെ വൈകാരിക തീവ്രതയിൽ നിന്ന് മോചിപ്പിച്ച്, അതിനെ വിമലീകരിക്കുവാൻ ഉപകരിക്കുന്ന ധർമ്മബോധത്തിന്റെ പ്രതീകമായി യോഗിനിയെ കണക്കാക്കാം.

▶ ബ്രഹ്മസാക്ഷാത്കാരവും സ്നേഹാവിഷ്ക്കാരവും

ആശാൻ കവിതയിൽ കാല്പനികതയ്ക്കു തുടക്കം കുറിക്കുന്ന വ്യക്തിബോധം 'വീണപൂവി'ൽ ആരംഭിക്കുന്നു. 'നളിനി' (1911) യിലെത്തുമ്പോഴേക്കും ആ സ്നേഹം സംഘർഷത്തിന്റെ അടുത്തഘട്ടത്തിലേയ്ക്ക് കടക്കുന്നതായി കാണാം. അതായത് സന്യാസവും ജീവിതാഭിമുഖ്യവും തമ്മിലുള്ള സംഘർഷം നളിനിയിൽ ആരംഭിക്കുന്നു എന്ന് സാരം. ഭക്തിയുടെ സ്ഥാനത്ത് സൗന്ദര്യം ആധികാരികമായ ഒരു മൂല്യമായി സ്ഥാനം നേടുന്നു. ഭൂരിജന്തുഗമനങ്ങളും പൂത്തെഴുന്ന ഭൂരുഹങ്ങൾ നിറഞ്ഞ കാടുകളും പിന്നിട്ടാണ് താമരപ്പൊയ്കയിൽ നിന്നുയരുന്ന കാറ്റ് ദിവാകരനെ നളിനിയുടെ സമീപത്തേയ്ക്ക് ആകർഷിച്ചെത്തിക്കുന്നത്. താമരപ്പൊയ്കയിൽ നിന്നുയരുന്ന ഇളംകാറ്റ് രണ്ടുപേരിലും രണ്ടു തരത്തിലാണെങ്കിലും ഭാവവ്യത്യാസമുണ്ടാക്കുന്നു എന്ന് പി. പവിത്രൻ നിരീക്ഷിക്കുന്നുണ്ട്.

▶ കാല്പനികഭാവങ്ങളും നളിനിയും

'അപ്പുമാന്റെയകമോളമാർന്ന വീർ
പ്പപ്പൊഴാഞ്ഞനതി ദൂരഭൂമിയിൽ
അദ്ഭുതം! തരുവിലീനമേനിയായ്
നില്പൊരാൾക്കു തിരതല്ലി ഹൃത്തടം'

എന്ന് ആശാൻ രചിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. ദിവാകരന്റെ മനസ്സിൽ ചെറിയ ഓളങ്ങൾ ഉണ്ടാക്കിയ സുഗന്ധിയായ കാറ്റ് നളിനിയുടെ മനസ്സിൽ തിരമാലകളാണ് ഉയർത്തിയത്. ശമിയായ പുരുഷന്റെയും വികാരവതിയായ സ്ത്രീയുടെയും ആന്തരികഭാവത്തിന്റെ സമാനതയെയും വ്യത്യസ്തതയെയും ഇങ്ങനെ ഒരേ ബിംബത്തിലൂടെ കോർത്തിണക്കുന്നു. കവിതയിലെ ആന്തരികഭാവദീപ്തിയായി

▶ നളിനി കൈവരിക്കുന്ന മോക്ഷം

ഇത് നിലകൊള്ളുന്നു. നളിനിക്ക് തന്നോടുള്ള സ്നേഹം തിരിച്ചറിയാതെ സന്യാസിയായി മാറിയ ദിവാകരൻ ലോകത്തോടു മുഴുവനുമുള്ള സ്നേഹത്തിന്റെ പേരിൽ ലൗകികജീവിതം ഉപേക്ഷിച്ചയാളാണ്. അഖിലസാരവും ഏകസത്യവുമായ സ്നേഹത്തിന്റെ പേരിൽ ഭുവനസംഗം താൻ വെടിഞ്ഞു എന്നാണ് ദിവാകരൻ പറയുന്നത്. എന്നാൽ അതേ ദിവാകരനെ സ്നേഹിച്ചുകൊണ്ട് അയാൾ നൽകുന്ന ആധ്യാത്മിക ഉപദേശത്തിന്റെ സന്ദർഭത്തിൽ അയാളുടെ മാറിൽ ചാഞ്ഞ്, താത്കാലികമായെങ്കിലും അപ്രാപ്യമായ മോക്ഷപഥത്തിലേക്ക് നളിനി എത്തിച്ചേരുന്നു. പുരുഷയുക്തിക്ക് എത്തിച്ചേരാനാകാത്ത ആഴങ്ങളിലും ഔന്നത്യങ്ങളിലും സ്ത്രീക്ക് വൈകാരികതയിലൂടെ എത്തിച്ചേരാൻ കഴിയുന്നു. ദിവാകരനാകട്ടെ വിഗതരാഗിയായ തന്റെ ഉൾത്തടത്തെപ്പോലും നളിനി ഉലച്ചു കളഞ്ഞിരിക്കുന്നു എന്ന് ആദരവോടെ പ്രകീർത്തിക്കുകയും ചെയ്യുന്നു.

> 'ഇത്തരം ധരയിലെങ്ങു ശുദ്ധമാം
> ചിത്തവും മധുരമായ രൂപവും'

▶ വ്യക്തിപ്രേമവും വിശ്വപ്രേമവും തമ്മിലുള്ള സംഘർഷം

എന്ന ദിവാകരന്റെ മൊഴിയിൽ ആത്മീയമായ ശോഭയോടുള്ള ആകർഷണം മാത്രമല്ല ഉള്ളതെന്ന് വായിക്കാവുന്നതാണ്. വ്യക്തിപ്രേമവും വിശ്വപ്രേമവും തമ്മിലുള്ള സംഘർഷം നളിനിയിൽ ആരംഭിക്കുകയാണ് ചെയ്യുന്നത്. "മോഹനം ഭുവനസംഗമിങ്ങതിൽ സ്നേഹമൂലമമലേ, വെടിഞ്ഞു ഞാൻ'' എന്നാണ് നളിനിയോടുള്ള വ്യക്തിപരമായ സ്നേഹത്തെ ഉപേക്ഷിച്ചതിന് ദിവാകരൻ ന്യായം കണ്ടെത്തുന്നത്. അമൂർത്തവും സാമാന്യവുമായ സ്നേഹമെന്ന പൊതുതത്വത്തിലുള്ള നിഷ്ഠ കാരണം ഒരു പ്രത്യേക വ്യക്തിയോടുള്ള സ്നേഹത്തെ വെടിയുകയാണ് താൻ ചെയ്തത് എന്ന് ദിവാകരൻ പറഞ്ഞു വയ്ക്കുന്നു.

▶ മലയാള കവിതയിലെ ഭാവപൂർണ്ണമായ സ്ത്രീമുഖം

ഒരു വശത്ത് സ്നേഹത്തെ സന്യാസത്തോളം ഉയർത്തുക, മറുവശത്ത് ലൗകികതയെ സന്യാസപരമായ ഏകാഗ്രത കൊണ്ട് സംസ്കരിച്ച് ശുദ്ധീകരിക്കുക എന്നീ രണ്ടു കാര്യങ്ങൾ ഈ കവിതയിലെ സ്ത്രീപുരുഷ നായകരിലൂടെ സംഭവിക്കുന്നുണ്ട്. സ്നേഹം എന്ന വികാരം തത്വചിന്താപരമായ ഔന്നത്യത്തിലേക്ക് മലയാളത്തിന്റെ സന്ദർഭത്തിൽ ആദ്യമായി ഉയരുന്നത് നളിനിയിലാണ്. നളിനിയെ ആദ്യത്തെ റൊമാന്റിക് കഥാകാവ്യമെന്നാണ് ജോസഫ് മുണ്ടശ്ശേരി വിശേഷിപ്പിച്ചത്. വീണപൂവിൽ പ്രത്യക്ഷപ്പെട്ട വ്യക്തിത്വസങ്കല്പം നളിനിയിൽ സ്ത്രീശരീരത്തെക്കുറിച്ചുള്ള പുതിയ കാഴ്ചയായി വികസിക്കുന്നു. മുഖവും കണ്ണുകളും വ്യതിരിക്തവ്യക്തിത്വത്തിന്റെ പ്രതിനിധിയാണ്. ഭാവപൂർണ്ണമായ സ്ത്രീമുഖം മലയാളകവിതയിലേക്ക് കടന്നുവരുന്നത് നളിനിയിലാണ് എന്നും പി. പവിത്രൻ നിരീക്ഷിക്കുന്നു.

നളിനിയുടെ പ്രണയവാക്യങ്ങളും പ്രണയഗാനവും ശ്രുതിയെ വെല്ലുവിളിക്കുന്നവയാണെന്ന് തോന്നും. ദിവാകരൻ തന്നെ അക്കാര്യം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

> 'ബദ്ധരാഗമിഹ നീ മൊഴിഞ്ഞൊരാ-
> ശുദ്ധവാണി വനവായുലീനമായ്;

ശ്രദ്ധയാർന്നതിനെയാസ്വദിച്ചു ഹാ!
സിദ്ധസന്തതി സുഖിക്കുമോമലേ!' -

സന്യാസത്തിന്റെ ദൈവികഘടനയെ അതിലംഘിക്കുന്ന ഒരു മാനുഷികസ്വരമായി നളിനിയുടെ ഗാനം മാറുന്നു. പ്രേമം ഒരു വ്രതമാണ് എന്ന് ആവർത്തിച്ചു പറയുന്നു. ഒരു വശത്ത് കാമത്തെ പ്രേമമാക്കി ഉയർത്തുക, മറുവശത്ത് ഭക്തിയെ പ്രേമമാക്കി ലോകോന്മുഖമാക്കി ഇറക്കിക്കൊണ്ടുവരിക. ഈ രണ്ട് ചരിത്രദൗത്യങ്ങളും ഒരേ ഭാവത്തിൽ ഏകോപിപ്പിച്ചുവെന്നതാണ് മലയാളിയുടെ അനുഭൂതി ചരിത്രത്തിൽ നളിനിക്കുള്ള സ്ഥാനം (പി പവിത്രൻ, പ്രണയരാഷ്ട്രീയം ആശാൻ കവിതാപഠനങ്ങൾ).

▶ സന്യാസത്തിന്റെ ദൈവികഘടനയെ അതിലംഘിക്കുന്ന ഒരു മാനുഷികസ്വരം

## 'നളിനി'യിലെ ആന്തരികസംഘർഷങ്ങൾ

'നളിനി'യിലെ കലാമേന്മകളിൽ പ്രധാനം അതിലെ നാടകീയതയാണ്. നാടകീയതയെന്നു പറയുമ്പോൾ അതിൽ വർത്തിക്കുന്ന സംഘർഷമാണ് പ്രധാനം. വിരുദ്ധവൃത്തികളോ, ശക്തികളോ, ഭാവങ്ങളോ ഏറ്റുമുട്ടുമ്പോഴാണല്ലോ സംഘർഷം അനിവാര്യമാവുക. ഒരു ഭാവത്തിന്റെ തന്നെ വിരുദ്ധാവസ്ഥകളോ വീക്ഷണങ്ങളോ സംഘർഷത്തിനു കാരണമാവും. ഈ നിലയിലുള്ള സംഘർഷമാണ് നളിനിയിൽ കാണാൻ കഴിയുന്നത്. അതായത്, സ്നേഹത്തിന്റെ വീക്ഷണവ്യത്യാസങ്ങൾ ഉയർത്തുന്ന സംഘർഷമാണ് 'നളിനി'യിലെ നാടകീയതയ്ക്ക് ആധാരം. കഥാപാത്രങ്ങളുടെ സാമൂഹിക, മാനസിക സംഘർഷങ്ങളെ പ്രത്യക്ഷത്തിൽ അവതരിപ്പിച്ച ആശാൻ അവർക്കുള്ളിലെ ദാർശനിക സംഘർഷങ്ങളെ നിഗൂഢമായാണ് അവതരിപ്പിച്ചിരിക്കുന്നതെന്ന് കാണാം. വൈരാഗിയിൽ നിന്ന് ലൗകികന്റെ ജീവിതബോധത്തിലേയ്ക്ക് മടങ്ങിയ ആശാനിൽ ജീവിതപ്രേമത്തോടൊപ്പം ദാർശനികന്റെ തത്വചിന്തയും അടങ്ങിയിരിക്കുന്നു. പരസ്പരം കൂട്ടിമുട്ടാത്തവയെന്ന് തോന്നിപ്പിക്കുന്ന ഇരുദർശനങ്ങളുടെയും ആന്തരികസത്തയെ അന്വേഷിക്കാനുള്ള ശ്രമം ആശാന്റെ കവിതകളിൽ കാണാം. ആശാന്റെ നായകന്മാരധികവും പൂർണ്ണമായോ ഭാഗികമായോ സന്യാസവൃത്തി അനുഷ്ഠിക്കുന്നവരാണ്. സ്ത്രീകളാകട്ടെ ലൗകികജീവിതത്തിന്റെ വൈകാരിക ഭാവങ്ങൾ പേറുന്നവരും. അഭ്യസ്തയും യോഗിനിയും വേശ്യയും ഒന്നടങ്കം പ്രേമഭാജനങ്ങളായി മാറുന്നു. സ്നേഹവും സ്വാതന്ത്ര്യവും മരണവുമടങ്ങുന്ന ജീവിതഭാവങ്ങൾ തമ്മിലുടലെടുക്കുന്ന സംഘർഷമാണ് ആശാൻ കവിതകളുടെ ആന്തരികസത്തയെ ഊട്ടി ഉറപ്പിക്കുന്നത്. അഖിലസാരമാകുന്ന സ്നേഹവും, അവനി വാഴ്വ് കിനാവു കഷ്ടമാകുന്ന ജീവിതവും, അന്യജീവനുതകി സ്വജീവിതം ധന്യമാക്കുന്ന വിവേകികളും ചേർന്ന് ആശാന്റെ കവിതയെ സംഘർഷഭരിതമാക്കുന്നു.

▶ നാടകീയത

ആശാന്റെ കവിതകളിൽ മൃത്യുവിന് സവിശേഷമായ സ്ഥാനമുണ്ടെന്ന് കാണാം. 'വീണപൂവി'ലും 'നളിനി'യിലും 'കരുണ'യിലും 'ചിന്താവിഷ്ടയായ സീത'യിലും മൃത്യു കടന്നുവരുന്ന സന്ദർഭങ്ങൾ ഏറെ പ്രാധാന്യമർഹിക്കുന്നു. മൃത്യുഞ്ജയേച്ഛ കൊണ്ട് മരണത്തെ നിസാരവൽക്കരിക്കാനുള്ള ശ്രമമാണ് 'നളിനി'യിലും 'ലീല'യിലും

കാണാൻ കഴിയുന്നത്. അതിനായി കവി ദാർശനികതത്വങ്ങളിൽ അഭയം കണ്ടെത്തുന്നു. പ്രണയത്തിന്റെ അന്തിമഫലമായി നളിനിയ്ക്കും ലീലയ്ക്കും ലഭിക്കുന്നത് മരണമാണ്. എന്നാൽ അവരുടെ മരണം കേവലമായ ഒന്നല്ലെന്നും അത് യോഗികൾക്ക് പോലും സാധ്യമാക്കാൻ പ്രയാസമായ മോക്ഷമാണെന്നും കവിത നമുക്ക് കാട്ടിത്തരുന്നുണ്ട്. ഒരേ സമയം അന്തരികവും ബാഹ്യവുമായ സംഘർഷങ്ങളിലൂടെ കടന്നുപോകുന്ന ഇരുകൂട്ടരും ഒടുവിൽ ജീവിതതത്വത്തെ ഗ്രഹിച്ചു കൊണ്ടാണ് ഇഹലോകജീവിതം അവസാനിപ്പിക്കുന്നത്. ദിവാകരനും സംഘർഷത്തിൽ നിന്ന് മോചിതനല്ലെന്നു കാണാം. ദിവാകരസാന്നിധ്യത്തിൽ നളിനിക്ക് ബോധമകലുകയും അവൾ പരമമായ ചൈതന്യത്തെ പ്രാപിക്കുകയും ചെയ്തു. ഈ സത്യമാണ് ദിവാകരനിൽ പ്രഹേളികയായി മാറുന്നത്. ഞെട്ടറ്റു വീണ പൂവിനും തൃണാഞ്ചലം വിടുന്ന ഹിമബിന്ദുവിനും അസാധ്യമായത്ര നിമിഷവേഗത്തിൽ നളിനി മരണം വരിച്ചു. സ്വന്തം മരണം കൊണ്ട് നളിനി ദിവാകരയോഗിക്ക് ഗുരുസ്ഥാനീയയായി മാറുന്നു. ഒരു യോഗിക്കു ലഭിക്കേണ്ട യോഗാത്മകമരണമാണ് നളിനിക്ക് കൈവന്നതെന്ന് ദിവാകരൻ ചിന്തിക്കുന്നു. ദിവാകരൻ അനുഭവിക്കുന്ന സംഘർഷം ദാർശനികമാണ്. അതേസമയം അയാളുടെ മനസ്സ് ചഞ്ചലവുമാണ്. ദാർശനിക ചിന്ത കൊണ്ടാണ് അയാൾ ചഞ്ചലതയെ മറികടക്കുന്നത്.

- നളിനി പരമമായ ചൈതന്യത്തെ പ്രാപിക്കുന്നു

ആശാന്റെ കവിതകളിലെ പ്രബലമായ ഘടകങ്ങളിൽ ഒന്നാണ് അതിന്റെ സാമൂഹിക പ്രമേയപരത. സാമൂഹിക സംഘർഷങ്ങളിൽ നിന്ന് അദ്ദേഹത്തിന്റെ കവിതയ്ക്ക് വിട്ടുനിൽക്കാൻ ആകുമായിരുന്നില്ല. പ്രണയം, വിവാഹം, സ്വാതന്ത്ര്യം, അധികാരം, ധാർമ്മികത, നന്മ, സമത്വം ഇവയെല്ലാം ആശാന് സംഘർഷ കാരണങ്ങളാണ്. മരണവും നിരാകരണവുമാണ് സാമൂഹിക സംഘർഷത്തിന്റെ അടിസ്ഥാനം. വിരഹത്തിലൂടെയാണ് 'നളിനി'യിലും 'ലീല'യിലും 'വീണപൂവി'ലും 'ചിന്താവിഷ്ടയായ സീത'യിലും 'കരുണ'യിലും സംഘർഷം കടന്നുവരുന്നത്. ആ നിലയിൽ സാമൂഹിക സംഘർഷം അനുഭവിക്കുന്ന കഥാപാത്രങ്ങൾ വ്യക്തമായ മാനസിക സംഘർഷവും അനുഭവിക്കുന്നവരാണ്. കുടുംബം എന്ന മൂല്യവ്യവസ്ഥയ്ക്കുള്ളിലെ സ്വാതന്ത്ര്യങ്ങളിൽ മുറുകി ഞെരുങ്ങുന്ന കഥാപാത്രങ്ങളാണ് ആശാന്റെ നായികമാർ. വീട് ഉപേക്ഷിച്ചുള്ള അവരുടെ ഇറങ്ങിപോക്കിലൂടെയാണ് കവിത അതിന്റെ രണ്ടാംഘട്ടത്തിലേക്ക് കടക്കുന്നത്. വേർപാടും കൂടിച്ചേരലും തീവ്രദുഃഖകാരണമായി തീരുന്ന ദൃശ്യമാണ് 'നളിനി'യിലും 'ലീല'യിലും കാണാൻ കഴിയുന്നത്. സൂക്ഷ്മമായി വിശകലനം ചെയ്താൽ 'കരുണ'യിലും നില ഭിന്നമല്ല. നളിനി-ദിവാകരൻ, ലീല-മദനൻ, സീത-രാമൻ, മാതംഗി-ആനന്ദൻ, വാസവദത്ത-ഉപഗുപ്തൻ തുടങ്ങിയ ദ്വന്ദ്വങ്ങളിൽ നായികമാരാണ് തീവ്രസംഘർഷത്തിന് വിധേയരാകുന്നത്. നളിനി ദിവാകരന്റെ വക്ഷസിലും, ലീല മദനനോടൊപ്പം രേവാനദിയിലും, സീത സ്വയം ചിന്തിച്ചുറച്ചും, വാസവദത്ത ഉപഗുപ്ത സാന്നിധ്യത്തിലും ഭൗതികശരീരം വെടിയുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ലൗകിക ജീവിതത്തിന്റെ വെടിയലിലൂടെ അവർ കൈവരിക്കുന്ന മോക്ഷപ്രാപ്തിയെ കവി അവതരിപ്പിക്കുന്നു. ആശാന്റെ ഉള്ളിലെ വൈകാരികതയ്ക്കു

- വിരഹത്തിലൂടെ സംഘർഷം അനുഭവിക്കുന്നു

മുകളിൽ ആത്മീയത നേടിയ വിജയമായാണ് ഒട്ടുമിക്ക നിരൂപകരും അതിനെ വീക്ഷിച്ചത്. കവിതയിൽ ആത്മീയത കൈവരിച്ചെന്ന് അവകാശപ്പെടുന്ന മുനികൾക്കല്ല, മറിച്ച് ലൗകിക ജീവിതത്തിന്റെ സംഘർഷയിടങ്ങൾ താണ്ടി വന്നവർക്കാണ് മോക്ഷപ്രാപ്തി കൈവന്നിരിക്കുന്നത്. ആ നിലയിൽ ആശാന്റെ കവിതകൾ പിൽക്കാലത്ത് വായിക്കപ്പെട്ടിട്ടുണ്ട്.

ആശാന്റെ പ്രണയസങ്കല്പത്തിന്റെ മറ്റൊരു സവിശേഷത അത് കുടുംബബന്ധത്തിലേക്ക് നയിക്കാനുള്ളതല്ല എന്നതാണ്. സ്ത്രീയുടെയും പുരുഷന്റെയും സ്വാതന്ത്ര്യത്തെയാണ് ആശാൻ മാനിക്കുന്നത്. പ്രണയം കുടുംബത്തിലേക്കാണ് നയിക്കുന്നതെങ്കിൽ അത് സ്വാതന്ത്ര്യമല്ല എന്ന് ആശാൻ തിരിച്ചറിയുന്നു. വിമോചനപരമല്ലാത്ത ആധുനിക കുടുംബസങ്കല്പത്തെ ആശാൻ നിരാകരിക്കുകയാണ് ചെയ്യുന്നത്. ആ നിലയിൽ ആശാന്റെ പ്രണയസങ്കല്പം സ്വാതന്ത്ര്യത്തിന്റെ പര്യായപദമാണ് എന്ന് പറയാം. ഇരുവ്യക്തികൾക്കിടയിൽ നിന്ന് ആരംഭിക്കുന്ന സ്നേഹസങ്കല്പം ഒടുവിൽ എല്ലാവരിലേക്കും പരക്കുകയും കരുണയും മൈത്രിയുമായി പരിണമിക്കുകയും ചെയ്യുന്നത് നമുക്ക് കാണാം. വിശ്വപ്രേമം തന്നെയാണ് ആശാന്റെ സ്നേഹദർശനം. സ്വാർഥതയെ അത് നിരാകരിക്കുന്നു.

മരണത്തിനുള്ള മറുപടി കൂടിയാണ് ആശാന്റെ പ്രണയസങ്കല്പം. അത് ഏറ്റവും വിപ്ലവകരമായി ഭവിക്കുന്നത് അതിന്റെ ആവിഷ്ക്കാര പരിസരങ്ങളുടെ തിരഞ്ഞെടുപ്പിലാണെന്ന് കാണാം. ആശാന്റെ കവിതയിലെ പ്രേമപരിസരം നാടോ നഗരമോ അല്ല, കാടാണ്. നാടിന്റെ അസ്വാതന്ത്ര്യങ്ങൾ ഭേദിച്ച് അവ കാടിന്നകങ്ങളിൽ സ്വാതന്ത്ര്യം കണ്ടെത്തുന്നു. "ബൗദ്ധാശ്രമമാണ് ആശാൻ കവിതയിൽ ധ്വന്യാത്മകമായി ചിത്രീകരിക്കപ്പെട്ട ഒരേയൊരു വാസസ്ഥാനം. മനുഷ്യനും മനുഷ്യേതരജീവികളും സൗഹൃദത്തിൽ ജീവിക്കുന്ന സാമൂഹ്യലോകമാണത്. 'വിദിത സമസ്നേഹ രാജ്യലക്ഷ്മീ സദനം' എന്നാണത് വിശേഷിപ്പിക്കപ്പെടുന്നത്. മറ്റു കവികളുടെ പ്രണയകവിതകൾ കാമനകളെ സ്വകാര്യവൽക്കരിച്ചപ്പോൾ ആശാൻ കവിത കാമനകളെ സാമൂഹ്യവൽക്കരിച്ചു. കാമനാമണ്ഡലത്തിൽ നടക്കുന്ന ആധുനികീകരണ പ്രക്രിയയുടെയും കീഴാള ആധുനികതയുടെയും പ്രതിനിധിയായി ഒരേസമയം നിലകൊള്ളാൻ കുമാരനാശാന് കഴിഞ്ഞു" എന്ന് പി. പവിത്രൻ നിരീക്ഷിക്കുന്നുണ്ട്.

- കാമനകളെ സാമൂഹ്യവൽക്കരിച്ചു

## യോഗിനിയും നളിനിയും

നളിനിയെയും ദിവാകരനെയും പോലെതന്നെ കവിതയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന കഥാപാത്രമാണ് യോഗിനി. അവർ നളിനിക്ക് ജീവിതം തിരികെ നൽകുക മാത്രമല്ല, കൊടിയ വേദനകളിൽ നിന്ന് ഉയർത്തെഴുന്നേൽക്കാനായി പ്രതീക്ഷകളുടെ ഇടമൊരുക്കുന്നുമുണ്ട്. നാടും വീടുമുപേക്ഷിച്ചു പോകാൻ നിർബ്ബന്ധിതയായ നളിനി സ്വന്തം നിസ്സഹായാവസ്ഥയിൽ നക്ഷത്രങ്ങളെ നോക്കി സംസാരിക്കുന്ന ഒരു രംഗം കവിതയിലുണ്ട്. മനസ്സിലാക്കപ്പെടാതെ പോകുന്ന സ്വത്വത്തിന്റെ ദയനീയതയാണിവിടെ പ്രത്യക്ഷമാകുന്നത്.

സ്ത്രീ അവസ്ഥകളുടെ സമാനതകളാൽ ചേർത്തുതുന്നപ്പെട്ട ഒരു മൈത്രി നളിനിക്കും യോഗിനിയ്ക്കുമിടയിൽ രൂപം കൊണ്ടതായി കാണാം. ആ നിലയിൽ യോഗിനി നളിനിയെ മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്. തടാകത്തിലേയ്ക്കാണ്ടു പൊയ്ക്കൊണ്ടിരുന്ന നളിനിയെ രക്ഷിക്കാനെത്തിയത് ഒരു യോഗിനിയായിരുന്നു! നളിനിയിൽ നിന്നും അവർ യാഥാർഥ്യം ഊഹിച്ചറിയുകയും അവൾക്കൊരു പുനർജന്മത്തിന്റെ ഊർജസ്വലത പകർന്നു നൽകി ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ആ നിലയിൽ സ്ത്രീകൾക്കിടയിൽ രൂപപ്പെടുന്ന മൈത്രിയ്ക്ക് ആശാന്റെ കവിതകളിൽ വലിയ സ്ഥാനമുണ്ടെന്നു കാണാം. 'നളിനി'യിലെ യോഗിനിയും ലീലയുടെ കൂട്ടുകാരി മാധവിയും വാസവദത്തയുടെ തോഴിയും അതിന് ഉത്തമോദാഹരണങ്ങളാണ്. നളിനിയെ പ്രണയത്തിൽ നിന്ന് പിന്തിരിപ്പിക്കാനല്ല, ആത്മവിദ്യകൊണ്ടും യോഗവിദ്യകൊണ്ടും ആത്മശക്തി കൈവരിക്കാനാണ് യോഗിനി പഠിപ്പിക്കുന്നത്. 'കാമിതം' വരുമെന്നാണു യോഗിനി നളിനിയെ ആശീർവദിച്ചത്. അതിനു വേണ്ട ഉപാധികളെന്ന നിലയിലാണ് യോഗിനി ആത്മവിദ്യയെയും യോഗവിദ്യയെയും നിർദ്ദേശിക്കുന്നത്. ആ നിലയിൽ അവളിലെ ആത്മവിശ്വാസത്തെ ദൃഢതരമാക്കാനും മരണചിന്ത അകറ്റാനുമാണ് യോഗിനി ശ്രമിക്കുന്നത്. യോഗിനി നൽകിയ ആത്മധൈര്യവും ശിവപാർവതീ സ്മരണ പകരുന്ന ആത്മവിശ്വാസവും ജീവിതത്തിലെ പരമലക്ഷ്യമായ ദിവാകരനെ പ്രാപിക്കാൻ നളിനിക്കും കരുത്തു നൽകുന്നു. എന്നാൽ ദിവാകരൻ സൃഷ്ടിക്കുന്ന പ്രതിരോധത്തെ ഭേദിക്കാൻ നളിനിക്കാകുന്നില്ല.

▶ യോഗിനിക്കും നളിനിയ്ക്കുമിടയിലെ മൈത്രി

## ബിംബ കല്പനകൾ

ആശാൻ കവിതയിൽ സാധാരണമായി കാണാൻ കഴിയുന്ന ഒരു കാവ്യബിംബമാണ് ജലാശയം. നളിനി-ദിവാകരന്മാരുടെ അന്തരംഗങ്ങളെ ജലാശയബിംബം ഉപയോഗിച്ചാണ് കവി വർണ്ണിച്ചിരിക്കുന്നത്. നളിനിയും ദിവാകരനും കണ്ടുമുട്ടുന്ന മാത്രയിൽ ഹൃദയഭാവങ്ങളെ ഒരു ജലാശയമായി കവി ചിത്രീകരിച്ചിരിക്കുന്നു. 'അകം ഓളമാർന്നു' എന്ന പ്രയോഗത്താൽ ദിവാകരന്റെ ഹൃദയത്തിൽ ഓളം ഉയർന്നതേയുള്ളൂ എന്നു കവി പറയുന്നു. എന്നാൽ നളിനിയുടെ ഹൃദയത്തിൽ 'തിരതല്ലി തകർത്തു' എന്ന് കവി വാക്യം. അതിവൈകാരികതയാൽ നളിനിയുടെ നിയന്ത്രണത്തിന്റെ എല്ലാ ചരടുകളും പൊട്ടി. 'ഇന്നടി തകർന്ന സേതുപോൽ' അവൾ ദയനീയയായി മാറി. അടിതകർന്ന സേതു എന്ന പ്രയോഗം ഇവിടെ ആന്തരികഭാവങ്ങളെ വ്യക്തമാക്കുന്നു. 'ദീനയായ് ഗതി തടഞ്ഞു വേനലിൽ, ശ്യാനയാം തടിനിപോലെ തന്വിയാൾ' എന്ന് കവി നളിനിയെ ഉപമിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. താമര എന്ന ബിംബവും ജലാശയവും തമ്മിലുള്ള ബന്ധവും ആ നിലയിൽ ശ്രദ്ധേയമാണ്. ജീവിതരതിയുടെ ബിംബമാണ് കവിതയിൽ നളിനി. താമര-സൂര്യൻ എന്നീ ബിംബങ്ങൾ പരിഗണിച്ചാൽ നളിനി ഭൗമവും ദിവാകരൻ അഭൗമവുമാണ്. രതിയും വിരതിയും തമ്മിലുള്ള ആന്തരിക സംഘർഷങ്ങൾ ഇരുബിംബങ്ങളിലൂടെയും കവിതയിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു.

▶ ജലാശയം എന്ന കാവ്യബിംബം

## Summarised Overview

നരജീവിതമായ വേദനയെക്കുറിച്ച് എന്നും അസ്വസ്ഥനായിരുന്ന കവിയായിരുന്നു കുമാരനാശാൻ. 'കരുതുവതിഹ ചെയ്യവയ്യ, ചെയ്യാൻ വരുതിലഭിച്ചതിൽ നിന്നിടാവിചാരം പരമഹിതമറിഞ്ഞുകൂടായായുസ്ഥിരതയുമില്ലതിനിന്ദ്യമീനരത്വം' എന്നെഴുതിയ കവി ലൗകിക ജീവിതത്തിന്റെ സംഘട്ടനങ്ങളെക്കുറിച്ച് ആകുലപ്പെടുകയും ആത്മീയ ജീവിതം കൈവരിക്കാനുള്ള ആഗ്രഹത്തെ ഉള്ളിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു. രതിയും വിരക്തിയും തമ്മിലുള്ള സംഘട്ടനമായിരുന്നു ആശാന്റെ കവിതകളുടെ മറ്റൊരു സവിശേഷത. അദ്ദേഹത്തിന്റെ കവിതകളിലെല്ലാം ദുരന്തബോധത്തിന്റെ സാന്നിധ്യമുണ്ട്. പലപ്പോഴും ഈ ദുരന്തം മരണത്തിന്റെ രൂപത്തിലാണ് കടന്നുവരുന്നത്. 'വീണപൂവി'(1907)ലും 'നളിനി'(1911)യിലും 'ലീല' (1914)യിലും 'കരുണ'(1923)യിലും മരണം കടന്നുവരുന്നു.

മലയാളകവിതയിൽ കാല്പനികമായ പ്രണയം അതിന്റെ ഭാവതീവ്രതയോടെ ആവിഷ്കൃതമാകുന്ന ആദ്യ കാവ്യങ്ങൾ ആശാന്റേതാണ്. വൈയക്തിക പ്രണയത്തിന്റെ സാഫല്യത്തിനുവേണ്ടി സാമൂഹിക നിയമങ്ങളെയും കുടുംബബന്ധങ്ങളെയും തിരസ്കരിക്കാൻ പോലും ആശാന്റെ നായികമാർ മടിക്കുന്നില്ല. നളിനിയും ലീലയും അതിന് ഉത്തമ ഉദാഹരണങ്ങളാണ്. ബാല്യകൗമാരങ്ങളിൽ തനിക്കൊപ്പമുണ്ടായിരുന്ന കൂട്ടുകാരനോടുള്ള പ്രണയത്താൽ അയാളെ അന്വേഷിച്ചിറങ്ങുന്ന നളിനി, ഒരു യോഗിനിയുടെ ആശ്രമത്തിൽ എത്തിച്ചേർന്നു. പഞ്ചവൃത്തികളടക്കി തപസു ചെയ്തു ജീവിച്ചു. ഒരു ദിവസം അവൾ ഹൈമവതഭൂവിൽ വെച്ച് ദിവാകരനെ കണ്ടുമുട്ടുകയും തന്റെ പ്രണയം അയാളെ അറിയിക്കുകയും ചെയ്തു. എന്നാൽ ലൗകിക ജീവിതസുഖങ്ങൾ വെടിഞ്ഞ ദിവാകരൻ അവൾക്ക് മഹാവാക്യമോതിക്കൊടുത്തു. അതുൾക്കൊണ്ട പ്രേമതപസ്വിനിയായ നളിനി ദിവാകരന്റെ മാറിൽ തല ചായ്ച്ചു കൊണ്ട് മരണത്തെ പുൽകുന്നു. ആ മരണമാകട്ടെ അവളെ സംബന്ധിച്ചിടത്തോളം പ്രണയസാഫല്യം തന്നെയായിരുന്നു. ഊഴിയിൽ സ്നേഹം അഖിലസാരമാണെന്നും ആ സ്നേഹത്തിന്റെയും സാരമാണ് ഏകമായ സത്യമെന്നും (ഈശ്വരനെന്നും) ആ ഏകമായ സത്യത്തിലുള്ള സ്നേഹം മൂലം മോഹനമായ ഭുവനസംഗം വെടിഞ്ഞവനാണ് താൻ എന്നുമുള്ള ദിവാകരന്റെ സ്നേഹദർശനം ഈ കവിതയിൽ പ്രകടമാണ്.

ജീവിച്ചിരിക്കുന്ന നളിനിയെ ഒരു പാശമായി മാത്രം കാണുമായിരുന്ന ദിവാകരൻ അവളുടെ തിരോധാനത്തിനു ശേഷം സ്നേഹയോഗത്തെക്കുറിച്ച് ബോധവാനാകുന്നു. അതു നിമിത്തമാണ് ജീവിതം കൊണ്ട് നേടാൻ കഴിയാഞ്ഞത് മരണം കൊണ്ട് നളിനി നേടിയതെന്ന് അഭിജ്ഞന്മാർ പറയുന്നത്. നളിനിയുടെ നിർമ്മിതികൊണ്ട് ഒരു ആത്മീയപ്രശ്നത്തിന് ആശാൻ ഉത്തരം കണ്ടെത്തി. നളിനിയുടെ നിർവാണപ്രാപ്തി കൊണ്ട് ദിവാകരൻ പഠിച്ച പാഠം ആശാന്റെ ബോധമനസ്സിനു സംശയങ്ങൾ തീർത്തു കൊടുത്തു. 'ജന്തുവിന്നു തുടരുന്നു വാസനാ ബന്ധമിങ്ങുടലുവീഴുവോളവും' എന്നു നളിനിയിൽ ആനുഷംഗികമായി പ്രസ്ഥാപിച്ച സത്യത്തിന് സർവജനീനവും സർവകാലികവുമായ വ്യാപ്തിയുണ്ടെന്ന വിശ്വാസം ആശാന്റെ ദർശനത്തെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ടെന്ന് ഡോ. എം. ലീലാവതി കവിതാ സാഹിത്യ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ആശാന്റെ കാവ്യങ്ങളിൽ അദ്വൈതദർശനത്തിന്റെയും ബുദ്ധദർശനത്തിന്റെയും പ്രഭാവമുണ്ട്. ശ്രീനാരായണഗുരുവിന്റെ ശിഷ്യനായിരുന്ന ആശാന്റെ ദർശനത്തെ അദ്വൈതവേദാന്തം സ്വാധീനിച്ചിരുന്നു. ബുദ്ധദർശനവുമായി ബന്ധപ്പെട്ട് പ്രധാനമായും മൂന്നു കൃതികൾ ആശാൻ രചിച്ചിട്ടുണ്ട്. ബുദ്ധന്റെ ജീവിതവും ദർശനവും ആവിഷ്കൃതമാകുന്ന എഡ്വിൻ അർണോൾഡിന്റെ, 'ലൈറ്റ് ഓഫ് ഏഷ്യ'യുടെ സ്വതന്ത്രവിവർത്തനമാണ് 'ശ്രീബുദ്ധചരിതം'. 'നളിനി'യും 'ലീല'യും

പോലുള്ള പ്രകൃഷ്ടരചനകൾക്കിടയിലും മാറ്റിവയ്ക്കാനാവാത്ത ഒരു നിയോഗമെന്നോണം ആശാൻ ആ വിവർത്തനത്തിന്റെ പൂർത്തീകരണത്തിൽ ശ്രദ്ധിച്ചു. തൃഷ്ണയും തൃഷ്ണയുടെ നിരോധനത്തിലൂടെയുള്ള നിർവാണവുമാണ് 'കരുണ'യിൽ ആവിഷ്കൃതമാകുന്നത്. മറ്റൊരു ബൗദ്ധപുരാണകഥ ആവിഷ്കൃതമാകുന്ന 'ചണ്ഡാലഭിക്ഷുകി'യിലൂടെ ബുദ്ധദർശനത്തിന്റെ ജാതിഭേദചിന്തകൾക്കതീതമായ മനുഷ്യസ്നേഹം പ്രകാശിതമാകുന്നു. 'ബുദ്ധദർശനത്തിന്റെ ജീവിതവീക്ഷണവും സാന്മാർഗികതത്വങ്ങളും ഈ കാവ്യത്തിൽ സൂചിതമാകുന്നു' എന്ന് കെ. എം. ജോർജ് നിരീക്ഷിച്ചിരിക്കുന്നത് പ്രസക്തമാണ്. 'നളിനി'യ്ക്ക് അവതാരിക എഴുതിയ ഏ. ആർ. രാജരാജവർമ്മ ഇതൊരു പുതിയ കാവ്യപ്രസ്ഥാനത്തിൽപ്പെട്ട കാവ്യമാണെന്നും ഗതാനുഗതികത്വത്തെക്കാൾ നവ നവോല്ലേഖ കൽപനകളിൽ കവി ശ്രദ്ധചെലുത്തിയിട്ടുണ്ടെന്നും അഭിപ്രായപ്പെടുന്നു. മലയാളകവിതയിൽ കാല്പനിക പ്രസ്ഥാനം വേരുറപ്പിക്കുന്നതിന്റെ ആദ്യ ചുവടാണ് നളിനി എന്ന് അദ്ദേഹം നിരീക്ഷിച്ചിട്ടുണ്ട്. 173 ശ്ലോകങ്ങളുള്ള ഈ കാവ്യത്തിൽ 166 ശ്ലോകങ്ങളും രഥോദ്ധത വൃത്തത്തിലാണ് രചിച്ചിരിക്കുന്നത്. ബാക്കിയുള്ളവ മാലിനി, വസന്ത തിലകം, മന്ദാക്രാന്ത വൃത്തങ്ങളിൽ രചിച്ചിരിക്കുന്നു.

## Assignments

1. കുമാരനാശാനിലെ ഭൗതികവീക്ഷണവും ആധ്യാത്മിക ജീവിത വീക്ഷണവും തമ്മിലുള്ള സംഘർഷാവസ്ഥയാണ് 'നളിനി' എന്ന ഖണ്ഡകാവ്യത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. സമർഥിക്കുക
2. നളിനിയുടെയും ദിവാകരന്റെയും ബാല്യകാലസ്മരണകൾ വിവരിക്കുക.
3. 'നളിനി'യിലെ യോഗിനി എന്ന കഥാപാത്രത്തിന്റെ പ്രാധാന്യം വിവരിക്കുക.
4. ആശാൻ സ്നേഹഗായകൻ-ഈ വിശേഷണം 'നളിനി'യെ മുൻനിർത്തി പരിശോധിക്കുക.
5. 'സ്നേഹമാണഖിലസാരമൂഴിയിൽ' പ്രസ്തുത വരികൾ 'നളിനി'യിലെ കാവ്യസന്ദർഭത്തെ എപ്രകാരം വെളിപ്പെടുത്തുന്നു എന്ന് വിലയിരുത്തുക.
6. 'നളിനി'യിലെ തത്വചിന്ത മനുഷ്യജീവിത സംഘർഷാവസ്ഥകളുടെ കാഠിന്യം കുറയ്ക്കുന്നു. വിശകലനം ചെയ്യുക.
7. 'നളിനി' എങ്ങനെ അന്തഃസംഘർഷത്തിന്റെ കവിതയായി മാറുന്നുവെന്ന് ഉദാഹരണ സഹിതം ഉപന്യസിക്കുക.
8. ഖണ്ഡകാവ്യപ്രസ്ഥാനത്തിലെ നാഴികക്കല്ലാണ് നളിനി-വിശദീകരിക്കുക.
9. 'നളിനി'യിലെ തത്വചിന്തകൾ ആ കാവ്യത്തെ മികവുറ്റതാക്കുന്നുവോ? വിലയിരുത്തുക.
10. മലയാളത്തിലെ ഖണ്ഡകാവ്യപ്രസ്ഥാനത്തെക്കുറിച്ച് വിവരിക്കുക.

## References


1. ഡോ. എം. ലീലാവതി, കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. പ്രൊഫ. എം. പി. പണിക്കർ, മലയാള ഖണ്ഡകാവ്യങ്ങൾ ഒരു പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ. പ്രശോഭൻ, ശ്രീനാരായണഗുരുവിന്റെ സ്വാധീനത മലയാളകവിതയിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. പ്രസന്നരാജൻ, ലീലാകാവ്യം വീണ്ടും വായിക്കുമ്പോൾ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
5. എം. എം. ബഷീർ, കുമാരനാശാന്റെ രചനാശില്പം, നവകേരള കോ-ഓപ്പറേറ്റീവ് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്.
6. പി. പവിത്രൻ, പ്രണയ രാഷ്ട്രീയം, ഐ ബുക്സ്, കോഴിക്കോട്
7. കുമാരനാശാൻ, നളിനി, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.


## Suggested Readings


1. എൻ. അജയകുമാർ, ആധുനികത മലയാള കവിതയിൽ, എസ്. പി. സി. എസ്., കോട്ടയം.
2. ഡോ. ടി. അനിതാകുമാരി, ആശാൻ ലോകാനുരാഗത്തിന്റെ കവി, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ.
3. പി. പവിത്രൻ, ആശാൻ കവിത: ആധുനികാനന്തര പാഠങ്ങൾ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
4. തായാട്ട് ശങ്കരൻ, ആശാൻ: നവോത്ഥാനത്തിന്റെ കവി, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
5. പി. കെ. ബാലകൃഷ്ണൻ, കാവ്യകല കുമാരനാശാനിലൂടെ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
6. പോൾ കുഴിവേലി, ആശയസമ്പന്നനല്ലാത്ത കുമാരനാശാന്റെ ആദർശശുദ്ധിയില്ലാത്ത കഥാപാത്രങ്ങൾ, അമൃതഭാരതി പബ്ലിക്കേഷൻസ്, കൽക്കട്ട.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 3

# ശിഷ്യനും മകനും

## വള്ളത്തോൾ നാരായണമേനോൻ

## Learning Outcomes

- കാല്പനികപ്രസ്ഥാനത്തെയും അക്കാലത്തെ കാവ്യരചനയെയും കുറിച്ചുള്ള സാമാന്യ ധാരണ ലഭിക്കുന്നു
- വള്ളത്തോളിന്റെ കാവ്യപ്രപഞ്ചത്തെക്കുറിച്ചുള്ള അറിവ് നേടുന്നു
- 'ശിഷ്യനും മകനും' എന്ന കവിതയെ പരിചയപ്പെടുന്നു
- മലയാള കാവ്യപ്രസ്ഥാനത്തിൽ വള്ളത്തോൾ കവിതകൾക്കുള്ള സ്ഥാനത്തെക്കുറിച്ച് ധാരണ നേടുന്നു
- ഭാരതീയ പാരമ്പര്യത്തെയും പുരാണേതിഹാസങ്ങളെയും പിന്തുടർന്ന കാവ്യശൈലിയാണ് വള്ളത്തോളിന്റേത് എന്ന് അറിയുന്നു

## Background

മലയാള സാഹിത്യത്തെ സമ്പുഷ്ടമാക്കിയ ആധുനിക കവിത്രയത്തിൽ ഒരാരാളാണ് വള്ളത്തോൾ നാരായണമേനോൻ. പാശ്ചാത്യസാഹിത്യത്തെ അധികമൊന്നും അനുകരിക്കാതെ ഭാരതീയ പാരമ്പര്യത്തെയും പുരാണേതിഹാസങ്ങളെയും പിന്തുടർന്ന കാവ്യശൈലിയാണ് വള്ളത്തോളിനുള്ളത്. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടതിൽ പിന്നെ സമരോജ്ജ്വലവും ആവേശോജ്ജ്വലവും ആയ കവിതകൾ അദ്ദേഹം കേരളത്തിന് സംഭാവന ചെയ്തു. കലാമണ്ഡലം സ്ഥാപിച്ചത് അദ്ദേഹത്തിന്റെ മഹത്തായ സംഭാവനയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാളകവിതക്കു പുതിയൊരു ദിശാബോധം നൽകാൻ പ്രവർത്തിച്ച കവികളിൽ സമാദരണീയനാണ് വള്ളത്തോൾ നാരായണമേനോൻ. ദേശീയാവബോധത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും അലകൾ അദ്ദേഹത്തിന്റെ കവിതകളിൽ കാണാവുന്നതാണ്. മലയാളിയുടെ കലാവബോധത്തിലും കലാചരിത്രത്തിലും അദ്ദേഹം നടത്തിയ ഏറ്റവും വലിയ ഇടപെടലുകളിൽ ഒന്ന് കലാമണ്ഡലത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളാണ്. തൊണ്ണൂറോളം കൃതികൾ പ്രകാശിപ്പിച്ചിട്ടുണ്ട്. കൃതികളെല്ലാം തന്നെ വളരെയധികം ചർച്ച ചെയ്യപ്പെട്ടവയും ജനകീയത നേടിയവയുമാണ്. വിവർത്തകനെന്ന നിലയിലും അദ്ദേഹം മികവു കാട്ടിയിട്ടുണ്ട്. 'വാല്മീകി രാമായണം', 'ഋഗ്വേദം' എന്നിവയ്ക്ക് അദ്ദേഹം തയ്യാറാക്കിയ പരിഭാഷകൾ ശ്രദ്ധേയമാണ്. ശില്പചാരുതയാണ് വള്ളത്തോൾ കവിതയുടെ മറ്റൊരു സവിശേഷതയായി മുണ്ടശ്ശേരി അടക്കമുള്ള നിരൂപകർ എടുത്തുപറയുന്ന കാര്യം. കാവ്യരചനയിൽ കുലീനതയും നർമ്മബോധവും സ്വാതന്ത്ര്യാഭിവാഞ്ഛയും പുലർത്തുന്ന വള്ളത്തോൾ ചിലപ്പോഴെങ്കിലും വെൺമണി നമ്പൂതിരിമാരെ വെല്ലുന്ന ശൃംഗാരലോലുപത കാണിച്ചിട്ടുണ്ട്.

മലയാള ഭാഷയോടുള്ള ആഭിമുഖ്യമായിരുന്നു വള്ളത്തോൾ കവിതകളുടെ അന്തർധാര. ഭാഷയെ പ്രണയിക്കുക, അങ്ങനെ നാടിനെ സ്നേഹിക്കുക, രാജ്യത്തിന്റെ പേരിൽ ഊറ്റം കൊള്ളുക എന്ന സന്ദേശം വള്ളത്തോളിന്റെ പല കവിതകളിലും തുടിച്ചു നിൽക്കുന്നു. മാതൃഭാഷയെ പെറ്റമ്മയായും മറ്റ് ഭാഷകളെ കേവലം ധാത്രിമാരായും അദ്ദേഹം കാണുന്നു. 'ഭാരതമെന്ന പേരു കേട്ടാലഭിമാനപൂരിതമാകണമന്തരംഗം കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ' എന്ന വരികൾ അദ്ദേഹത്തിന്റേതാണ്. കേരളത്തിന്റെ പ്രകൃതിയെ പച്ചയാം വിരിപ്പിട്ട

സഹ്യനിൽ തലവച്ചും സ്വച്ഛാബ്ധി മണൽതിട്ട, പാദോപധാനം പൂണ്ടുമുള്ള കേരളമായാണ് കവി കാണുന്നത്.

സംസ്കൃത സാഹിത്യത്തിൽ ഖണ്ഡകാവ്യത്തിന് സമുന്നത സ്ഥാനമുണ്ട്. കാവ്യപണ്ഡിതന്മാർ കാവ്യങ്ങളെ പ്രബന്ധകാവ്യം, മുക്തകാവ്യം, എന്ന് രണ്ടായി വിഭജിക്കുന്നു. ഇതിൽ പ്രബന്ധകാവ്യവിഭാഗങ്ങളാണ് മഹാകാവ്യവും ഖണ്ഡകാവ്യവും. സംസ്കൃതാലങ്കാരികന്മാർ ഖണ്ഡകാവ്യങ്ങളെ ലഘുകാവ്യങ്ങളെന്നു വിളിച്ചിരുന്നു. മഹാകാവ്യത്തെ അപേക്ഷിച്ച് ഘടനയിലും ആവിഷ്കരണത്തിലും വ്യത്യസ്തമാണ് ഖണ്ഡകാവ്യമെന്നു പറയാം. ജീവിതത്തെ സമഗ്രമായി ആവിഷ്കരിക്കുന്നതിനു പകരം ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവത്തിലോ ഭാവത്തിലോ ആശയത്തിലോ മാത്രം ഊന്നി നിൽക്കുക എന്നതാണ് ഖണ്ഡകാവ്യത്തിന്റെ സാമാന്യ സ്വഭാവം. മഹാകാവ്യം ഒരു വലിയ ജീവിതപ്രപഞ്ചം ആഴത്തിലും പരപ്പിലും അവതരിപ്പിക്കുന്നു. ഖണ്ഡകാവ്യമാകട്ടെ ജീവിതത്തിന്റെ ഒരംശത്തെ ഏകാഗ്രമായി ആവിഷ്കരിക്കുന്നു. നിരവധി ഖണ്ഡകാവ്യങ്ങൾ വള്ളത്തോളിന്റേതായിട്ടുണ്ട്. അതിലെ പ്രമുഖമായ ഒരു ഖണ്ഡകാവ്യമാണ് 'ശിഷ്യനും മകനും'. ഭാർഗവരാമനും ശിവപുത്രനായ ഗണപതിയും തമ്മിലുള്ള സംഘട്ടനം ഇതിവൃത്തമാക്കി വള്ളത്തോൾ നാരായണമേനോൻ രചിച്ച ഖണ്ഡകാവ്യമാണിത്.

'മഗ്ദലന മറിയം' എന്ന കവിതയിൽ ക്രൈസ്തവ പ്രമേയമാണ് വള്ളത്തോൾ അവതരിപ്പിച്ചിരിക്കുന്നത്. നിയോ ക്ലാസിക്, കാല്പനികം എന്നിങ്ങനെ രണ്ട് ഘട്ടങ്ങളിലായാണ് വള്ളത്തോളിന്റെ വൈവിധ്യപൂർണ്ണമായ കാവ്യജീവിതം പരന്നു കിടക്കുന്നത്. 1910 ൽ എഴുതിയ 'ബധിരവിലാപ'ത്തോടെയാണ് കാല്പനിക ഘട്ടം തുടങ്ങുന്നത്. വള്ളത്തോളിന്റെ മികച്ച കവിതകളെല്ലാം ഈ കാലഘട്ടത്തിലാണ് ഉണ്ടായതെന്ന് കാണാം. പാരമ്പര്യ രീതിയിൽ ആയുർവേദവും ഗുരുകുലരീതിയിൽ സംസ്കൃതവുമാണ് ആദ്യം പഠിച്ചത്. കേരളോദയം (1915), ആത്മപോഷിണി (1916) എന്നീ മാസികകളുടെ പത്രാധിപത്വം വഹിച്ചിട്ടുണ്ട്. വൈക്കം സത്യാഗ്രഹം നടത്തുമ്പോൾ ഗാന്ധിജിയെ ചെന്നുകണ്ട വള്ളത്തോൾ പിന്നീട് അദ്ദേഹത്തിന്റെ ആരാധകനും ശിഷ്യനുമായി മാറി. 1922-ൽ ബ്രിട്ടീഷ് സർക്കാർ നൽകിയ പട്ടും വളയും അദ്ദേഹം നിരസിച്ചു.

1918 ലാണ് വള്ളത്തോൾ 'ശിഷ്യനും മകനും' എന്ന കവിത രചിക്കുന്നത്. വള്ളത്തോൾ കവിതയിൽ പുരാണങ്ങളും പുരാണകഥകളും പ്രഭവകേന്ദ്രങ്ങളായിരുന്ന കാലത്ത്, ഒരു ചെറുകഥാകൃത്തിന്റെ സൂക്ഷ്മതയോടെ പുരാണങ്ങളെ അദ്ദേഹം കൈകാര്യം ചെയ്തിരുന്നതായി കാണാം. 'അദ്ദേഹം തിരഞ്ഞെടുത്തിട്ടുള്ള പുരാണകഥകളെല്ലാം രാജസങ്ങളാണ്, വ്യക്തിയുടെ ആത്മാംശപ്രഭാവത്തിനു പ്രത്യേക ഊന്നൽ കൊടുക്കുന്നവയുമാണ്. വള്ളത്തോളിന്റെ വ്യക്തിപ്രാധാന്യബോധം ജീവിതമഹത്വത്തെ പ്രകീർത്തിക്കുന്നതും, ഊർജസ്വലവുമാണ്.

69 ശ്ലോകങ്ങൾ മാത്രമുള്ള ഒരു ഖണ്ഡകാവ്യമാണ് 'ശിഷ്യനും മകനും'. ഖണ്ഡകാവ്യങ്ങൾ ആഖ്യാനപ്രധാനങ്ങളാണ്. 'ശിഷ്യനും മകനും' എന്ന കവിതയ്ക്ക് നാലു ഭാഗങ്ങളാണുള്ളത്. ഭാർഗ്ഗവരാമന്റെ കൈലാസഗമനം, ശിവപാർവതിമാരുടെ ദ്വാരികന്മാരായ സുബ്രഹ്മണ്യനും ഗണപതിയുമായുള്ള പരശുരാമന്റെ സംഘട്ടനം, ഗണപതിയുടെ ദന്തച്ഛേദനവും പാർവതീ-പരമേശ്വരന്മാരുടെ ആഗമനവും, രാധാകൃഷ്ണന്മാരുടെ വരവും കഥയുടെ നിർവഹണവും ഇവയാണ് നാല് രംഗങ്ങൾ. കഥകളിയുടെയോ നാടകത്തിന്റെയോ രംഗവിഭജനം പോലെ ചിട്ടയോടെയാണ് കവിതയെ ഭാഗങ്ങളായി തിരിച്ചിരിക്കുന്നതെന്ന് പറയാം. ഓരോ ഭാഗത്തും യഥാക്രമം പന്ത്രണ്ടും, പതിനഞ്ചും, പതിനെട്ടും, ഇരുപത്തിനാലും ശ്ലോകങ്ങൾ വീതമുണ്ട്.

*__പ്രധാന കൃതികൾ__ : വാല്മീകിരാമായണം, അഭിഷേകം നാടകം, അഭിജ്ഞാനശാകുന്തളം, ഋഗ്വേദം എന്നിവ പരിഭാഷകൾ. ഗണപതി, ബധിരവിലാപം, വിലാസലതിക, ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, അച്ഛനും മകളും, കൊച്ചു സീത, മഗ്ദലനമറിയം തുടങ്ങിയവ ഖണ്ഡകാവ്യങ്ങൾ. സാഹിത്യമഞ്ജരി സമാഹാരങ്ങൾ, ചിത്രയോഗം മഹാകാവ്യം എന്നിവ പ്രസിദ്ധമാണ്. കൂടാതെ ആട്ടക്കഥ, നിരൂപണം, വൈദ്യം എന്നിവയിലും ഗ്രന്ഥരചന നിർവ്വഹിച്ചിട്ടുണ്ട്. 1927 ൽ കോൺഗ്രസിന്റെ ചെന്നൈ സമ്മേളനത്തിൽ പങ്കെടുത്തു. കഥകളി സംഘങ്ങളുമായി വിദേശ പര്യടനം നടത്തി. പഴയ മദ്രാസ് സർക്കാരിന്റെ ആസ്ഥാന കവി സ്ഥാനം 1946 ൽ അദ്ദേഹത്തിനു ലഭിച്ചു. 1955 ൽ പത്മവിഭൂഷൺ ലഭിച്ചു. 1956 ൽ കേരള സാഹിത്യ അക്കാദമിയുടെ ആദ്യത്തെ ഉപാധ്യക്ഷനായി. അദ്ദേഹത്തിന്റെ ആദ്യകാല രചനകളിൽപ്പെട്ടതാണ് വ്യാസാവതാരം, മണിപ്രവാളം, കിരാത ചരിതം, സല്ലാപപുരം, ആരോഗ്യ ചിന്താമണി, ഗർഭരക്ഷാക്രമം, ചന്ദ്രികാസ്വയംവരം കൈകൊട്ടിക്കളിപ്പാട്ട്* എന്നിവ.

## Keywords

ഖണ്ഡകാവ്യം-പരശുരാമ ഗണപതി സംഘട്ടനം, പാർവതിദേവി, രാധാകൃഷ്ണൻമാർ

## Discussion

▶ പാർവതീദേവി പരശുരാമനു തക്കതായ ശിക്ഷ നൽകണമെന്ന് ശിവനോട് ആവശ്യപ്പെട്ടു

പരശുരാമൻ തന്റെ ഗുരുവായ ശിവനെ കാണാൻ കൈലാസത്തിൽ എത്തി. കൈലാസത്തിന്റെ പ്രവേശന കവാടത്തിൽ പരശുരാമനെ ഗണപതി തടഞ്ഞു. ശിവൻ പള്ളിയുറക്കമായതിനാൽ അനുവാദം കൂടാതെ ആരെയും അകത്തേക്ക് പ്രവേശിപ്പിക്കില്ലെന്ന് ഗണപതി ശാഠ്യം പിടിച്ചു. തർക്കം ആയുധപ്രയോഗത്തിലെത്തി. ശണ്ഠമൂത്തപ്പോൾ പരശുരാമൻ തന്റെ മഴുകൊണ്ട് ഗണേശന്റെ ഒരു കൊമ്പ് മുറിച്ചു കളഞ്ഞു. ഈ ബഹളം കേട്ട് ശിവൻ, പാർവതി, നന്ദി, ഭൂതഗണങ്ങൾ എന്നിവർ അവിടെ എത്തി. മകന്റെ ദുരവസ്ഥ കണ്ട പാർവതീദേവി പരശുരാമനു തക്കതായ ശിക്ഷ നൽകണമെന്ന് ശിവനോട് ആവശ്യപ്പെട്ടു. ശിവനാകട്ടെ തന്റെ പ്രിയ ശിഷ്യന് ശിക്ഷ വിധിക്കാൻ കഴിയാതെ കുഴങ്ങി. കൈലാസത്തിലെങ്ങും അശാന്തി പടർന്നു. ഭാഗ്യവശാൽ അവിടെ കൃഷ്ണനും രാധയും വരികയും അവരുടെ മധ്യസ്ഥതയിൽ ഈ പ്രശ്നം അവസാനിക്കുകയും ചെയ്യുന്നു.

### വരികൾ 1

മികവുടയ കുബേരപത്തനത്തിൻ
സുകനകമാകിയ താഴികക്കുടങ്ങൾ
പകൽ പകുതി കടന്ന ഭാസ്കരൻതൻ
പ്രകടമരീചികളാൽത്തിളങ്ങിമിന്നീ.

പല പല മണിമേട രണ്ടുപാടും
വിലസിന തൽപുരരഥ്യയിങ്കലൂടെ
അലർശരരിപുവിന്മഹാദ്രിതൻ നേർ-
ക്കലഘുവിഭാവനൊരന്തണൻ ഗമിച്ചൂ.

സുമഹിതമുനിവേഷനാമവൻതൻ
ഭ്രമരവൃതാംബുജരമ്യമാം മുഖത്തിൽ
വിമലതയൊടുദിച്ചിരുന്നതേറെ-
ശ്ശമഗുണമല്ലൊ,രു വീരലക്ഷ്മിയത്രേ.

വരജട വിവിധാക്ഷമാല, മാന്തോൽ,
മരവുരി, സർവശരീരഭസ്മലേപം
പരമിതുകളിലൊന്നിലും മറഞ്ഞീ-
ലുരപെറുമാ യുവതാപസന്റെ ദർപ്പം.

മദവൃഷഗതിയാമവന്റെയോരോ
പദതലവിന്യസനത്തിലും വിളങ്ങീ
സദഭിജനത, കൃത്യനിഷ്ഠ, ധൈര്യം,
ഹൃദയസമുന്നതി, ശൗര്യമെന്നിതെല്ലാം.

## അർഥവിശദീകരണം

| | | |
|---|---|---|
| കുബേരപത്തനം | = | അളകാപുരി |
| അലഘുവിഭാവൻ | = | മഹാനായവൻ |
| മുനിവേഷൻ | = | മുനിയുടെ വേഷം ധരിച്ചവൻ |
| ശമഗുണം | = | മുനിമാർക്ക് വേണ്ടുന്ന ശാന്തത |
| വീരലക്ഷ്മി | = | വീരന്മാരുടെ മുഖത്തുള്ള ഐശ്വര്യം |
| വിവിധാക്ഷരമാല | = | വിവിധങ്ങളായ ജപമാല |
| ഹൃദയസമുന്നതി | = | ഹൃദയശ്രേഷ്ഠത |
| പ്രകടമരീചികൾ | = | തെളിഞ്ഞ രശ്മികൾ |
| തൽപുരഥ്യ | = | ആ പട്ടണത്തിലെ തെരുവ് |
| മദവൃഷഗതി | = | മദിച്ച കാളയെപ്പോലെ നടക്കുന്നവൻ |

## ആശയവിശദീകരണം

അളകാപുരിയിലെ തെരുവിലൂടെയുള്ള പരശുരാമന്റെ വരവിനെ വർണ്ണിക്കുന്നു. അദ്ദേഹം ഋഷികൾക്കൊത്ത വേഷം ധരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ മുഖം വണ്ടുകൾ ചൂഴ്ന്ന താമരപ്പൂപോലെ സുന്ദരമായിരുന്നു. നീണ്ടിരുണ്ട താടിയെ വണ്ടുകളായാണ് ഇവിടെ ഉപമിച്ചിട്ടുള്ളത്. ശാന്തത വിളയാടിയിരുന്ന മുഖത്ത് വീരലക്ഷ്മിയും അധിവസിക്കുന്നതായി കവി പറയുന്നു. ഭസ്മം പൂശിയ മാറിൽ അനേകതരം ജപമാലയും ധരിച്ചിരിക്കുന്നു. പരശുരാമന്റെ നടപ്പിനെ കവി സാദൃശ്യപ്പെടുത്തിയിട്ടുള്ളത് മദിച്ച കാളയുടെ അംഗചലനങ്ങളോടാണ്. താപസവേഷധാരിയാണെങ്കിലും മുഖത്തെ വീരരസം സ്പഷ്ടമായിരുന്നു എന്ന ഭാഗം കഥാംശത്തെ സൂചിപ്പിക്കുന്നു.

▶ പരശുരാമന്റെ വരവിനെ വർണ്ണിക്കുന്നു

### വരികൾ 2

അവിടവിടെ മിഴിച്ചുനോക്കിനിന്നൂ
വിവിധവിചേഷ്ഠിതർ പൗരരപ്പുമാനെ;
സവിനയർ ചിലർ വായ്മറച്ച കയ്യാൽ
സവിധഗരോടു,'രിയാടൽ മെല്ലെ'യെന്നാർ.

അമലസുഷമനാമവങ്കൽ യക്ഷ-
പ്രമദകൾ സസ്പൃഹവീക്ഷണങ്ങളാലേ
കമലദളവിശാലമാല ചാർത്തി,
സ്വമനസി തദ്വിധപുത്രലബ്ധി നേർന്നൂ!

ഇരുവശവിമിരിക്കുവോരെണീറ്റു,
തെരുതെരെയധ്വഗർ മാറിനിന്നു ദൂരാൽ,
ഒരു ഭയബഹുമാനഭക്തിതിങ്ങി-
ത്തെരുവതു ഹന്ത, നിതാന്തശാന്തമായി.

പുകഴുമളകനന്ദയിൽക്കുളിച്ചാ
വികസിതകൽപകപുഷ്പരേണു പൂശി,
അകലുഷസരസീജലസ്ഥസൗഗ-
ന്ധികമണമേന്തിയ ശുദ്ധവായുപോലും

പെരികെ നിഭൃതനായൊതുങ്ങിയിട്ടാ-
ണരികിലണഞ്ഞതു തത്സപര്യ ചെയ്‌വാൻ!
പരിഘലഭുജനിവൻ വഹിച്ച ചെന്തീ-
പ്പൊരിചിതറും മഴു കാൺകിലാർ നടുങ്ങാ?

### അർഥവിശദീകരണം

| | | |
|---|---|---|
| വിവിധവിചേഷ്ഠിതർ | = | വിവിധങ്ങളായ പണികളിൽ മുഴുകിയിരിക്കുന്നവർ |
| സവിധകർ | = | അരികെ നിൽക്കുന്നവർ |
| പ്രമദകൾ | = | സ്ത്രീകൾ |
| നിതാന്താശാന്തം | = | നിശ്ചലനിശബ്ദം |
| നിഭൃതൻ | = | വിനീതൻ |
| പരിഘലഭുജൻ | = | സാക്ഷപോലെ കൈയുള്ളവൻ |

### ആശയവിശദീകരണം

അളകാപുരിയിലെ ജനങ്ങൾ പരശുരാമനെ ആദരവോടെ നോക്കുന്നു. അദ്ദേഹത്തിന്റെ കമലദളം പോലെ വിശാലമായ കണ്ണുകൾ കൊണ്ടുള്ള നോട്ടം മാല ചാർത്തുന്നത് പോലെ മനോഹരമാണെന്ന് കവി പറയുന്നു. ആ തപസ്വിയുടെ രൂപം, അവിടത്തെ സ്ത്രീകളുടെ മനസ്സിൽ അവർ പ്രതിഷ്ഠിച്ചു. ഒരാളെ നിരന്തരം ധ്യാനിച്ചാൽ ഉണ്ടാവുന്ന സന്തതി അയാളെപ്പോലിരിക്കുമെന്നാണ് വിശ്വാസം. അദ്ദേഹത്തെപ്പോലെയുള്ള പുത്രനെ ലഭിക്കുന്നത് കുലീനകളായ സ്ത്രീകൾക്ക് അഭിമാനമാണെന്ന് സാരം. ഭാർഗവരാമന്റെ കൂസലില്ലായ്മ,

> ▶ അളകാപുരിയിൽ പരശുരാമൻ പ്രവേശിച്ചു

കാണികൾക്കുണ്ടായ ഭയഭക്തിബഹുമാനം എന്നിവ ഇവിടെ പ്രതിഫലിക്കുന്നു. ശുദ്ധവായു അളകനന്ദയുടെ തീരത്തെ കല്പപുഷ്പരേണുക്കളെ തഴുകുകയും മഹർഷിയെ ശുശ്രൂഷിക്കുകയും ചെയ്യുന്നു. ആ മഴു കണ്ടാൽ നടുങ്ങാത്തവർ ആരെങ്കിലുമുണ്ടോ എന്നും കവി ചോദിക്കുന്നു.

### വരികൾ 3

ശമധനനിവനീ,യരിച്ചടാസൃ-
ഗിമലിതമായ കഠാരിയാലെയല്ലോ,
സമരചതുരഹേഹയേശബാഹു-
ച്ഛമതകളായിരമാശു വെട്ടിയിട്ടൂ!

അതേ, മഹാൻ ഭാർഗ്ഗവരാമനാണീ-
സ്സുതേജസാ ഭാസുരനാം ദ്വിജേന്ദ്രൻ;
ജിതേന്ദ്രിയൻ ധൂർജ്ജടിദർശനത്തിൽ
ധൃതേച്ഛനായ്പ്പോവുകയാണിദാനീം.

ആ മാനുഷർഷഭ,നഗസ്ത്യമുഖാപ്ത 'കൃഷ്ണ-
പ്രേമാമൃത' സ്തുതിവശീകൃതരാധികേശൻ,
കാമാരിശിക്ഷിതമഹാസ്ത്ര, നമിത്രദാഹി-
ധാമാവണഞ്ഞിതചിരേണ ഹരാചലത്തിൽ

കൈലാസമേറി, മണിഗോപുരവും കടന്നു,
ശൈലാദിമുഖ്യബഹുമാനിതനാ മുനീന്ദ്രൻ,
വെയ്‌ലാർന്നിടാത്ത വടമൂലതലേ വിളങ്ങും
ശൈലാത്മജാരമണകേളീഗൃഹത്തിലെത്തീ.

ശ്രീരത്നവേദിയിൽ വലത്തുമിടത്തുമായ്ത്ത-
ദ്വാരസ്ഥലത്തിരുവർ കാവലിനുണ്ടിരിപ്പൂ,
ഹേരംബനും ഗുഹനുമാമവരെപ്പണിഞ്ഞ-
ദ്ധീരൻ നടന്നു സദനത്തിനകത്തു പൂകാൻ.

### അർഥവിശദീകരണം

| | | |
|---|---|---|
| ശമധനൻ | = | ശമഗുണസമ്പന്നൻ |
| ധൂർജ്ജടി | = | ശിവൻ |
| മാനുഷർഷഭൻ | = | പുരുഷ ശ്രേഷ്ഠൻ |
| ഹരാചലം | = | കൈലാസം |
| വടമൂലതലേ | = | ആലിൻ ചുവട്ടിൽ |
| അചിരേണ | = | ഉടനെ |

### ആശയവിശദീകരണം

തുടർന്ന് പരശുരാമന്റെ മഴുവിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. അത് ശത്രുവിന്റെ ചോര കൊണ്ട് കഴുകി വൃത്തിയാക്കപ്പെട്ടതാണെന്നും കവി പറയുന്നു. രാമൻ ശത്രുക്കളെ വധിക്കുന്നതിനായി ആർജിച്ച കഴിവ് പരശുരാമനിൽ നിന്ന് ലഭിച്ചതാണോയെന്ന് കവി

> ▶ പരശുരാമൻ കൈലാസത്തിലെത്തി

ഇവിടെ സന്ദേഹിക്കുന്നു. അദ്ദേഹം നടന്നു കൈലാസത്തിലെത്തി. അവിടെ പ്രവേശനകവാടത്തിൽ കാവലിന് രണ്ടുപേർ നിൽക്കുന്നുണ്ടായിരുന്നു. പരശുരാമൻ അകത്തു പോകാനുള്ള വെമ്പലോടെ അങ്ങോട്ട് പ്രവേശിച്ചു.

## വരികൾ 4

'എന്തിത്ര വെമ്പ?-ലിഹ തെല്ലിട നിൽക്ക; താത-
നന്തഃപ്പുരേ കിമപി വിശ്രമമേൽക്കയത്രേ'
ചന്തത്തിലേവമുരചെയ്തു ഗണേശനപ്പോൾ,
തൻതമ്പിയായ്ക്കരുതുമാ ദ്വിജനെത്തടുത്താൻ.

'ലീലാരസത്തിന്നിടയില്ലധുനാ, വിളംബ-
മേലാതുണർത്തുവതിനുണ്ടൊരു കാര്യ'മെന്നായ്,
കാലാരിശിഷ്യനാഗജാതനയന്റെ കൈക-
ളാലാഞ്ഞു പുല്കിയ പിടുത്തമുടൻ വിടുർത്തീ.

'ഏകാന്തസീമ്നി മരുവും ഗുരുതന്നടുക്കൽ-
പ്പോകാവതോ സഹജ, സമ്മതി കിട്ടിടാതേ?
വൈകാതെയച്ഛനിവിടേക്കെഴുന്നള്ളു'മെന്നാ
ശ്രീകാർത്തികേയനുമുരച്ചു കരം പിടിച്ചൂ.

എന്നാൽ ദ്വിജന്റെ ചെവിതന്നിലിതൊന്നുമേശീ-
ലെ;-ന്നാരു കണ്ടു ഭൃഗുരാമനു പിന്മടക്കം?
ഒന്നാശു തട്ടി നടവാതിലിണയ്ക്കു നേരേ
ചെന്നാനകല്മഷനകത്തു കടക്കുവാനായ്.

വെമ്പിഗ്ഗമിക്കുമൃഷിതൻ ചുമലിങ്കൽ നീണ്ട
തുമ്പിക്കരം പുനരണച്ചരുളീ ഗജാസ്യൻ.
'മുമ്പിൽസ്സഖേ, തിരുമനസ്സറിയിച്ചിടാതെ,
മുമ്പിൽക്കടന്നണകവയ്യ, വരട്ടെ, നിൽക്കൂ.'

'എല്ലായ്പൊഴും പ്രണതശിഷ്യനു ദേശികങ്കൽ-
ച്ചെല്ലാം, സ്ഥലം സമയമെന്നിവ നോക്കിടേണ്ടാ!
നില്ലായ്ക പാഴ്തൊഴിലി'നെന്നു നടന്നു വിപ്രൻ,
ചൊല്ലാർന്ന വിഘ്നപതിയേറ്റു വിലക്കി വീണ്ടും.

'പോവട്ടെ ഞാൻ വിടു!' 'വിടില്ല, കടന്നുകൂടാ!'
'ഛീ, വക്രവൃത്തി തുടരുന്നതു രാമനോടോ?'
ഏവം വഴക്കു മുറുകീ, ദ്വിജദേവർതമ്മിൽ,-
ബ്ഭാവം പകർന്നു പിടിയും വലിയും തുടങ്ങീ.

## അർഥവിശദീകരണം

| | | |
|---|---|---|
| വിളംബമേലാതെ | = | താമസം കൂടാതെ |
| അഗജ | = | പാർവതി |
| ഏകാന്തസീമിനി | = | വിജന സ്ഥലത്ത് |
| അകല്മഷൻ | = | പാപഹീനൻ |

| | | |
|---|---|---|
| പ്രണതൻ | = | വിനീതൻ |
| ദേശികൻ | = | ഗുരു |

### ആശയവിശദീകരണം

പരശുരാമൻ കൈലാസത്തിലേക്ക് പ്രവേശിക്കുന്നു. പ്രവേശനവാതിലിൽ നിന്ന ബാലകരായ ഗണപതിയും മുരുകനും അദ്ദേഹത്തെ തടഞ്ഞു. പിതാവായ ശിവൻ അന്തഃപുരത്തിൽ വിശ്രമിക്കുകയാണെന്നും അങ്ങോട്ട് ഇപ്പോൾ പ്രവേശിക്കാനാകില്ലെന്നും ഗണപതി അദ്ദേഹത്തെ അറിയിക്കുന്നു ഗണപതിയുടെ വാക്കുകളിൽ വിനോദപരമായ ആജ്ഞാശക്തി സ്ഫുരിച്ചതും അദ്ദേഹത്തെ തടുത്തതും സ്വന്തം സഹോദരനായി കണ്ടതുകൊണ്ടാണെന്നും പറയുന്നു. അദ്ദേഹത്തെ തടുത്തില്ല എന്നും കരം പിടിച്ചതേയുള്ളൂവെന്നും മയിൽവാഹനനായ സ്കന്ദൻ പറയുന്നു. അവർ തടയുന്നത് കേവലവിനോദത്തിന് വേണ്ടിയാണെന്ന് കരുതി പരശുരാമൻ അകത്ത് പ്രവേശിക്കുന്നു. ഗണപതി അപ്പോൾ തന്റെ തുമ്പിക്കൈ കൊണ്ട് അദ്ദേഹത്തെ തടയുന്നു. ക്രമേണ തർക്കം മുറുകുന്നു. ഇത് പരശുരാമന്റെ ശൗര്യത്തെയും പിന്മടക്കമില്ലായ്മയെയും സൂചിപ്പിക്കുന്നു.

> ▶ ഗണപതിയും മുരുകനും പരശുരാമനെ തടഞ്ഞു

### വരികൾ 5

പോർവാശിയേശുമവരെ പ്രശമപ്പെടുത്താ-
നാവാഞ്ഞൊഴിഞ്ഞു നിലവായി മയൂരവാഹൻ,
ആ വാഗ്വിവാദതുമുലധ്വനി കേട്ടണഞ്ഞ
ശൈവാഗ്ര്യപാർഷദരുമപ്പടി നോക്കിനിൽപ്പായ്.

ഖർവാംഗനായ് ദ്വിജഭടൻ പിടിവിട്ടൊഴിഞ്ഞാ-
ദ്ദുർവാരമാം നിജപരശ്വധമൊന്നുലച്ചും
ശർവാത്മജൻ ഝടിതി കാൽക്കുപിടിച്ചെടുത്ത-
ഗ്ഗർഗാഢ്യനൈദ്രിവി ചുഴറ്റി സലീലമായ്ത്താൻ.

ഉണ്ണിഗ്ഗണേശ്വരനു പമ്പരമായ്ച്ചമഞ്ഞു
വിണ്ണിൽക്കിടന്നു തിരിയുന്ന മുനിക്കകാണ്ഢേ
മണ്ണിൻചുവട്ടിലമരും ഭുവനങ്ങൾകൂടി-
ക്കണ്ണിൽപ്പതിഞ്ഞു പലവട്ട, മിതെന്തു മായം!

താവൽക്ഷണാലുലകിലൊക്കെയുമൊന്നു ചുറ്റി-
ച്ചാ വർണ്ണ്യപൗരുഷനെ മുൻനിലയിങ്കൽ നിർത്തി;
ദേവൻ മദാപഹരണത്തിനു ചെയ്തതു,ർവീ-
ദേവങ്കലിഷ്ടഫലമല്ലുളവാക്കിവിട്ടു!

ഉല്ലസിതഭൃകുടിയായ് ഭൃഗുമുഖ്യനെ,ന്തെ-
ന്നില്ലാത്തൊരീ പ്രഥമമായ പരാഭവത്താൽ;
വല്ലായ്മ ദേവകൾ പെടുത്തുവതും ക്ഷമിപ്പൊ-
ന്നല്ലായിരുന്നു ഹഹ, ഭാരതപൂർവരക്തം.

അശങ്കമാ മാനി വൃഷാങ്കശിഷ്യ-
നമർഷവേഗത്തിനധീനനായി,

അച്ഛൻ കൊടുത്തോരു കൊടുംകുഠാരം
മകന്റെ നേർക്കക്ഷണമാഞ്ഞുവിട്ടു.

രാമായുധം ഭീമസുതന്റെ വാമ-
ഗണ്ഡസ്ഥലത്തിൽ സഹസാ പതിച്ചു;
അക്കുംഭിവക്ത്രന്റെയിടത്തുകൊമ്പോ,
നിർഗ്ഘാതഘോരാരവമായ് നിലത്തും.

അക്കൊമ്പു, ചെമ്മണ്ണടിയിൽക്കിളർന്ന
കൈലാസശൃംഗങ്ങളിലൊന്നിനൊപ്പം,
കടയ്ക്കു രക്താങ്കിതമായി വീഴ്കെ
ബ്രഹ്മാണ്ഡമൊട്ടുക്കൊരു ഞെട്ടൽ ഞെട്ടീ.

പാടേ നരച്ചുള്ള ശിരസ്സു പൊക്കി
നോക്കുന്ന ഗൗരീഗുരുവാം ഗിരീന്ദ്രൻ
ദൗഹിത്രനേൽക്കും ദുരവസ്ഥയിങ്കൽ-
പ്പകച്ചുനിൽക്കുന്നതുപോലെ കാണായ്

കൈലാസശൈലേ കനകാഭിഷേകം
കഴിച്ചുനിന്നീടിന കർമ്മസാക്ഷി,
കാണാവതല്ലീത്തൊഴിലെന്ന, കാണ്ഡേ
കാർകൊണ്ടലിൻ മൂടലിലായ് മുഹൂർത്തം!

## അർഥവിശദീകരണം

| | | |
|---|---|---|
| ദുർവാരം | = | തടുത്തുകൂടാത്ത |
| ദിവി | = | ആകാശം |
| താവൽക്ഷണാൽ | = | കുറച്ചുനേരം കൊണ്ട് |
| മദാപഹരണം | = | ഗർവ്വ്കളയാൻ |
| പ്രഥമപരാഭവ | = | ആദ്യതോൽവി |
| ഭാരതപൂർവരക്തം | = | പൂർവികരായ ഭാരതീയരുടെ രക്തം |
| മാനി | = | അഭിമാനി |
| രക്താങ്കിതം | = | ചോര പുരണ്ടത് |
| മുഹൂർത്തം | = | കുറച്ചുനേരം |

## ആശയവിശദീകരണം

ഗണപതിയുടെ വാക്കുകൾ ചെവിക്കൊള്ളാതെ പരശുരാമൻ അകത്തേക്ക് കടന്നു. പ്രിയശിഷ്യന് ഗുരുവിനെ കാണാൻ എപ്പോൾ എവിടെവേണമെങ്കിലും ചെല്ലാമെന്ന് പരശുരാമൻ വാദിച്ചു. ഗണപതിയുടെ തുമ്പിക്കൈയ്യാൽ കറക്കപ്പെട്ട പരശുരാമൻ എല്ലാ ലോകവും കണ്ടിട്ടുണ്ടാകുമെന്ന് കവി ആശ്ചര്യപ്പെടുന്നു. ഗണപതിയുടെ വിനോദം, വാശി എന്നിവ മൂലമുണ്ടായ ആദ്യതോൽവി കാരണം പരശുരാമൻ സാഹസോന്മുഖനായി മാറി. വർധിച്ച കോപത്തോടെ അദ്ദേഹം തന്റെ മഴു ഗണപതിക്കുനേരെ പ്രയോഗിച്ചു. ഇടിപോലുള്ള ഘോരശബ്ദത്തോടെ മഴു ഗണപതിയുടെ കവിൾത്തടത്തിൽ പതിച്ചതും കൊമ്പ് താഴേക്ക് വീണതും പെട്ടെന്നായിരുന്നു. ആ കൊമ്പ് താഴേക്ക് പതിച്ചപ്പോൾ കൈലാസവും ഒപ്പം ബ്രഹ്മാണ്ഡവും ഒരു

- ▶ കോപത്തോടെ പരശുരാമൻ തന്റെ മഴു ഗണപതിക്കുനേരെ പ്രയോഗിച്ചു

പോലെ നടുങ്ങി. ഹിമവാന്റെ മഞ്ഞുപരന്ന പ്രതലത്തെ കവി നരമുടിയായി ഉപമിക്കുന്നു. തന്റെ പൗത്രന് വന്ന ദുരവസ്ഥയെ ഓർത്ത് വിലപിക്കുന്നതായും കവി പറയുന്നു.

### വരികൾ 6

കപോലഭിത്തിക്ഷതശോണിതത്താൽ
കാശ്മീരകം ചാർത്തിയ കുഞ്ജരാസ്യൻ,
അന്തിച്ചുകപ്പേശിയ ശാരദാഭ്രം-
പോലേ തിളങ്ങീ സ്ഫടികാവദാതൻ.

സ്കന്ദൻ തദാ പുഞ്ചിരിയിട്ടു; നന്ദി
കൺചിമ്മി; വീശി ഗദ വീരഭദ്രൻ;
വീർപ്പൊന്നു വിട്ടൂ രുരു; കൈ തിരുമ്മീ
കുണ്ഡോദരൻ, നാവുകടിച്ചു ചണ്ഡൻ.

കരുത്തരെന്നാലുമൃഷീന്ദ്രനോടു
കയർത്തതില്ലീശ്വരപാർഷദന്മാർ;
സ്വാമിക്കു ശിഷ്യപ്രതിപത്തിയെത്രയ്-
ക്കാണെന്നതിങ്ങാരറിയാതെയുള്ളു?

ക്ഷണാൽ ഗണങ്ങൾക്കിടയിൽപ്പടർന്ന
ഹാഹാപ്രണാദം ദിവി ചെന്നലയ്ക്കേ,
ഇങ്ങോട്ടെഴുന്നള്ളി വിനായകന്റെ
പിതാക്കൾ, നിശ്ശേഷജഗൽപിതാക്കൾ.

കൊമ്പൊന്നു പോയ്ച്ചോരയിലാണ്ടു നിൽക്കും
ഗജാസ്യനെക്കണ്ടതിസംഭ്രമത്താൽ
‘എന്തെ,ന്തിതെ‘ന്നീശ്വരപത്നി പാഞ്ഞു-
ചെന്നങ്ങെടുത്തങ്കതലത്തിൽവെച്ചൂ.

തൃക്കാൽക്കൽ വീണീടിന ശിഷ്യനേയും
കൃത്താംഗനായ്ത്തീർന്ന തനൂജനേയും,
കാരുണ്യവാത്സല്യകഷായമായ
കണ്ണാൽ നിരീക്ഷിച്ചു കലേശചൂഡൻ

ആൾക്കാരുമായ് ഗൗരി പരിക്കുപെട്ട
പുത്രന്നു വേണ്ടും പരിചര്യചെയ്കെ,
അഭിജ്ഞനാം ഷണ്മുഖനച്ഛനമ്മ-
മാരെ ഗ്രഹിപ്പിച്ചു നടന്നതെല്ലാ.

ഉടൻ മഹാദേവി,യിടത്തുകയ്യാ-
ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി,
ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി,-
പ്പാർശ്വസ്ഥനാകും പതിയോടുരച്ചൂ.

‘കിട്ടീലയോ ദക്ഷിണ വേണ്ടുവോളം,
വിശിഷ്ടനാം ശിഷ്യനിൽനിന്നിദാനീം,

ദിവ്യായുധം വല്ലതുമുണ്ടു ബാക്കി-
യെന്നാലതും നൽകിയനുഗ്രഹിക്കാം!

മകൻ പരിക്കേറ്റു മരിക്കിലെന്തു,
മഹാരഥൻ ശിഷ്യനടുക്കലില്ലേ!
'രാമൻ ജഗൽസത്തമനാണു' പോലും!
വിദ്യാർപ്പണം പാത്രമറിഞ്ഞു വേണം!

തായ് തീർക്കുവാൻ തക്കൊരു നല്ല കൊമ്പു
യാതൊന്നിനിന്നോ മഴുവിന്നു കിട്ടി,
അശ്ശാഖിയെത്തന്നെയതാശു വെട്ടി
വീഴ്ത്തുന്നു കാർത്തജ്ഞവിജൃംഭിതത്താൽ.'

എന്തൊക്കെയോ ഹന്ത, കഥിച്ചു വീണ്ടും
സുതാംഗഭംഗാർദ്ദിതയായ ദേവി;
ഭർത്താവതിന്നുത്തരമൊന്നുമോതീ-
ലുൽ-ൽക്കണ്ഠ പാർശ്വസ്ഥിതർ പാഴിലേന്തി!

ശിഷ്യൻ പ്രവർത്തിച്ചതു വീരധർമ്മം
സുതാംഗവൈകല്യമൊരുഗ്രശല്യം-
സർവജ്ഞനെന്നാലുമിതിങ്കൽ ഞായം
തോന്നാഞ്ഞു ചിന്താവശനായ് മഹേശൻ.

## അർഥവിശദീകരണം

| | | |
|---|---|---|
| കാശ്മീരകം | = | കുങ്കുമം |
| ശാരദാഭ്രം | = | ശരത്കാലമേഘം |
| അഭിജ്ഞൻ | = | അറിവുള്ളവൻ |
| പാർശ്വസ്ഥൻ | = | അരികെ നിൽക്കുന്നവൻ |
| അർപ്പണം | = | കൊടുക്കൽ |
| ശാഖി | = | മരം |
| ഉഗ്രശല്യം | = | ഉഗ്രമായ വേദനയുണ്ടാക്കുന്നത് |
| നിമേഷം | = | നിമിഷം |
| ഹർഷവികാരം | = | ആനന്ദവികാരം |
| കൈലാസചരർ | = | കൈലാസത്തിൽ പെരുമാറുന്നവർ |
| ഉദാരം | = | ഉൽകൃഷ്ടം |

## ആശയവിശദീകരണം

കവിൾ തകർന്നുണ്ടായ രക്തപ്രവാഹത്തെ ഗണപതി കുങ്കുമം ചാർത്തിയത് പോലെയാണ് കവിക്ക് തോന്നിയത്. മറ്റ് കൈലാസ വാസികളായ നന്ദികേശൻ, വീരഭദ്രൻ, രുരു, കുണ്ഡോദരൻ എന്നിവർ ഈ രംഗം കണ്ട് പകച്ചുനിന്നു. ശിവന് പരശുരാമനോടുള്ള വാത്സല്യം അറിയാവുന്ന അവർ നിശബ്ദരായി. ഗണപതിയുടെ മാതാവായ പാർവതി കരഞ്ഞുകൊണ്ട് വർധിച്ച ദേഷ്യത്തോടെ അവിടേക്ക് പാഞ്ഞടുത്തു. ശിഷ്യന്റെ വ്യാകുലതയും മകന്റെ ദുരവസ്ഥയും കണ്ട് ശിവൻ സ്തബ്ധനായി നിന്നു. തത്വമറിയുന്ന സ്കന്ദൻ നടന്ന

> ▶ പാർവതി കണ്ണീരോടെയും ദേഷ്യത്തോടെയും അവിടേക്ക് പാഞ്ഞടുത്തു

കാര്യങ്ങൾ എല്ലാവരോടും വിവരിച്ചു കൊടുത്തു. അമർഷത്തോടെ ദേവി ജ്വലിച്ച കണ്ണാൽ പരശുരാമനെ നോക്കി. കോപാകുലയായ പാർവതീദേവി നിശ്ശബ്ദനായ ശിവനെ ശകാരിക്കാൻ തുടങ്ങി. ഏറ്റവും ഉൽകൃഷ്ടനായ ശിവശിഷ്യനെന്നു ലോകപെരുമയുള്ള പരശുരാമന്റെ ഈ പ്രവൃത്തിയിൽ വെറുപ്പ് തോന്നിയ പാർവതി ഉൽക്കടമായ ദേഷ്യം മൂലം വിറയ്ക്കാൻ തുടങ്ങി. ആകപ്പാടെ കൈലാസം ഒരു വ്യാകുലാവസ്ഥയിലായി മാറി.

## വരികൾ 7

നിമേഷമഞ്ചാറിനിടയ്ക്കമംഗള-
പ്രമേയമാ രംഗമതാ മറഞ്ഞുപോയ്!
ക്രമേണ സംഗീതമരന്ദസാന്ദ്രമാ-
യുമേശശൈലോപരി വായുമണ്ഡലം

അയത്നസിദ്ധോത്തമമാധുരിത്തഴ-
പ്പിയന്നൊരോമന്മുരളീരവാമൃതം;
ലയത്തിനാൽ സർവചരാചരങ്ങളും
മയങ്ങുമാറങ്ങു പൊഴിഞ്ഞു മഞ്ജുളം.

പുരാണദിവ്യർഷിനീപീതശേഷമ-
ദ്ദുരാപനാദാമൃതമാസ്വദിക്കയാൽ,
ഒരാകുലാവസ്ഥയിൽ നമ്മൾ കണ്ടതാം
ഹരാദ്രി ഹർഷൈകവികാരമായ് ക്ഷണാൽ.

പ്രമോദരോമാഞ്ചിതയായ്, സുതവ്യഥാ-
വിമോഹമറ്റംബികപോലുമഞ്ജസാ:
നമോ നമസ്തേ ശ്രുതിമാത്രവേദ്യമാ-
മമോഘലസംഗീതകലാനുഭാവമേ!

ഉടൻ ചെവിക്കെന്നതുപോലെ കണ്ണിനും
കിടച്ചു കൈലാസചരർക്കൊരുത്സവം
ഇടംപെടും വാനിലുദാരമോഹനം
പടർന്നുകാണായൊ,രു ദീപ്തിമണ്ഡലം.

മുറയ്ക്കു ഹർഷാദ്ഭുതസംഭ്രമങ്ങളാൽ
നിറഞ്ഞ ഭൂതങ്ങൾ മിഴിച്ചുനിൽക്കവേ,
പറന്നുവന്നാ,പ്പരിദീപ്തമാം മഹ-
സ്സിറങ്ങി ഗൗരീഹരർതൻ നടുക്കിലായ്.

ത്രിലോകഭാണ്ഡം നിറയെത്തുളുമ്പുമാ,
വിലോചനാസേചനകപ്രദീപ്തിയിൽ
അലോലതേജോമയനഷ്ടമൂർത്തിയും
തുലോമണഞ്ഞൂ ദിനദീപരീതിയെ.

ഹരന്റെ ചാരത്തു വിളങ്ങി, സൗമ്യമായ്
നിരർഘസൗഭാഗ്യഗുണാഭിപൂർത്തിയാൽ

പരസ്പരച്ചേർച്ച തഴച്ച രണ്ടുപേർ:
ഒരദ്ഭുതാത്മാവു,മൊരത്ഭുതാംഗിയും.

വലാഹകശ്യാമളകോമളാംഗനീ
വിലാസി വിദ്യുൽസമഡംബരാംബരൻ
സുലാളൃവേണുജ്ജ്വലപാണിപല്ലവൻ,
കലാപിബർഹാങ്കിതകമ്രകുന്തളൻ

യുവാവിവൻ കൈക്കു പിടിച്ച തമ്പിയോ,
സുവാസിനാശാതടചമ്പകാംഗിയാൾ,
നവാതപോദ്യന്നളിനാസ്യയാൾ, നറും-
പ്രവാളനേർപ്പട്ടുടയാട പൂണ്ടവൾ.

കരാഞ്ചലം കൂപ്പി വണങ്ങി വന്ദ്യര-
പ്പുരാണജായവരരീ യുവാക്കളെ,
'മുരാന്തക, ശ്രീധര, ദേവി, രാധികേ,
വരാം, വരാം, സ്വാഗത'മെന്നു സത്വരം.

പുരുപ്രഹർഷത്തൊടടുത്തു കൊണ്ടുപോ-
ന്നിരുത്തി മാനിച്ചു മഹാസനങ്ങളിൽ;
കുരുന്നുതൃക്കാൽക്കഥ വീണു കൂപ്പിനാർ
കരുത്തരീശാത്മജജാമദഗ്ന്യരും.

ഗുരൂത്തമാന്തഃപുരശാപഭീതിയോ,
പ്രരൂഢസൗഭാത്രവിഭംഗഖേദമോ
ഒരൂർജ്ജിതാസ്വാസ്ഥ്യത ചേർത്തിരിക്കയാൽ
സ്വരൂപവൈവർണ്ണ്യമിയന്ന രാമനെ,

ഹ ഹ, പ്രകാരാർദ്രതപൂണ്ടു നോക്കിനാർ
സഹസ്രപത്രായതലോചനങ്ങളാൽ,
മഹർദ്ധിഗോലോകനികേതനത്തിലെ-
ഗൃഹസ്ഥരശ്ശാശ്വതദമ്പതീശ്വരർ.

ത്രിവിക്രമപ്രേയസിയേകദന്തനെ-
സ്സവിത്രപോലത്രയുമോമ്നിച്ചുടൻ
പവിത്രപാണിത്തളിർക്കൊണ്ടവന്റെയ-
ക്കവിൾത്തടം തൊട്ടുതലോടി മെല്ലവേ.

ഉണങ്ങി, ഗണ്ഡക്ഷതമായവന്നു തൽ-
ക്ഷണം, ഹൃദന്തക്ഷതമദ്രിമാതിനും;
ഗുണം തികഞ്ഞീടിന രാധതൻ കരം
പ്രണമ്രദേയാമൃതശീതമല്ലയോ?

വിളിപ്പെടും ഗോകുലറാണിയുൾക്കളം
കുളിർത്ത തന്നങ്കഗനാം ഗണേശനേ,
തെളിഞ്ഞ പൊൻകങ്കണരത്നകാന്തിയാൽ-
ത്തളിർത്ത കൈവല്ലികൾകൊണ്ടു പുൽകിയും,

ഉയർന്ന മാറത്തണിമുത്തുമാലയെ
സ്വയം രദാഗ്രദ്യുതിയാൽപ്പെരുക്കിയും,
പ്രിയന്റെ വേണുസ്വനവും തൊഴും ശ്രുതി-
പ്രിയസ്വരത്തിൽ ശിവയോടു ചൊല്ലിനാൾ.

'പരസ്പരം കുട്ടികൾ 'കാടുകാട്ടി' യാ-
ലൊരമ്മയിത്രയ്ക്കരിശപ്പെടാവതോ?
ഹരങ്കലാര്യേ, ഭൃഗുസൂനുശിഷ്യനാ-
യൊരന്നുതൊട്ടു,ണ്ണികൾ മൂവ്വരായ്ത്തവ!

നിനയ്ക്കണം പുത്രരിൽ മീതെയായും
കനത്ത വാത്സല്യമൊടിക്കുലീനനെ;
നിനക്കു ഗർഭപ്രസവാദിപീഡയാൽ
മനം കലങ്ങാതെ ലഭിച്ച കുഞ്ഞിവൻ.'

പ്രതിവിധി നിയതിക്കെന്തുള്ളു? വേദേതിഹാസ-
സ്മൃതിവിഹിതമിഭാസ്യന്നേകദന്തത്വമത്രേ;
അതിപടുമതിയാമീ നമ്മൾതൻ ജോത്സ്യനുണ്ണി-
ക്കതിനുടെ വഴി പണ്ടേ ദൃഷ്ടിയിൽപ്പെട്ടിരിക്കും.

ഹരിയും മൃദുഹസിതാഞ്ചിതമുഖനായിദമരുൾചെ-
യ്ത,രികേ ഗുരുവിനയത്തൊടു മരുവീടിന ഗുഹനെ
വരിവണ്ടിണവനമാലികമണികൗസ്തുഭമണിയും
വിരിവേറിയ തിരുമാറിനൊടുടചേർത്തഥ തഴുകീ.

കാതൻ സാകൂതമന്ദസ്മിതമൊടുമഭിവീ-
ക്ഷിക്കെ രുദ്രാണി ലജ്ജാ-
ക്രാന്തം വക്ത്രേന്ദു താഴ്ത്തി,ച്ചരണപതിതനാം
രാമനെ പ്രേമഭാരാൽ
താൻതന്നേ ഹന്ത, കൈക്കൊണ്ടതിഭൃശമുപലാ-
ളിച്ചിതാ; -സ്വച്ഛധീര-
സ്വാന്തൻ വിഘ്നേശ്വരയോദ്ധാവൊരു ചെറുശിശുപോ-
ലംബികാംഗേ വിളങ്ങീ.

സ്ഫുടം കേൾക്കായ് വാനത്തിടിയൊടെതിരാമാനകരവം
തുടർന്നുണ്ടായ് ശുദ്ധസ്ഫടികരുചിയാം പൂച്ചൊരിയലും
ഉടൻ, നീലക്കാർവില്ലൊളിവിതറിടും പീലി മുഴുവൻ
വിടുർത്തി സ്കന്ദൻതൻ മയിൽ നടനമാടീ മദകളം.

### അർഥവിശദീകരണം

| | | |
|---|---|---|
| നിമേഷം | = | നിമിഷം |
| അമംഗളപ്രമേയം | = | അശുഭമായ സംഭവം |
| ഹർഷൈകവികാരം | = | ആനന്ദം എന്ന വികാരം |
| ദിനദീപരീതി | = | പകലുള്ള ദീപത്തിന്റെ രീതി |
| വിലാസി | = | വിലാസം |
| പ്രവാളം | = | പവിഴം |
| പുരുപ്രഹർഷം | = | അതിയായ സന്തോഷം |

| | | |
|---|---|---|
| ജാമദഗ്ന്യൻ | = | പരശുരാമൻ |
| ഹൃദന്തക്ഷതം | = | ഹൃദയത്തിനേറ്റ മുറിവ് |
| ശ്രുതിപ്രിയസ്വരം | = | ശ്രവണസുഖമുള്ള സ്വരം |
| കുലീനൻ | = | ആഭിജാത്യമുള്ളവൻ |
| നിയതി | = | വിധി |
| ചരണപതിതൻ | = | കാലിൽ പതിച്ചവൻ |

## ആശയവിശദീകരണം

▶ മയിൽപീലി ചൂടിയ ശ്രീകൃഷ്ണനും പ്രേയസി രാധയും അവിടേക്ക് എത്തുന്നതോടെ രംഗം ശാന്തമാകുന്നു

ഈ കലുഷിതമായ വേളയിൽ എവിടെ നിന്നോ ഒരു ഗാനം കൈലാസത്തിൽ കേൾക്കാൻ തുടങ്ങി. അത് ഒരു ഓടക്കുഴൽ നാദമായിരുന്നു. അതിന്റെ ഒരേ ഒരു വികാരം ആനന്ദം മാത്രമായിരുന്നു. മകന്റെ വേദനയിൽ മനം നൊന്തിരുന്ന പാർവതി പോലും ഒരു നിമിഷം ആ ഗാനാലാപത്തിൽ അലിഞ്ഞുപോയി. പെട്ടെന്ന് അവിടെ ഒരു ഗരുഡൻ പറന്നു വരുന്നതവർ കണ്ടു. ആ പക്ഷിയുടെ മുകളിൽ രണ്ടുപേരുണ്ടെന്ന് കവി പറയുന്നു. ക്രമേണ ആ വ്യക്തികൾ ആരാണെന്നു കവി പറയുന്നു. അത് മയിൽപീലി ചൂടിയ ശ്രീകൃഷ്ണനും പ്രേയസി രാധയുമായിരുന്നു. ഇവരെ തിരിച്ചറിഞ്ഞ പാർവതിയും പരമേശ്വരനും കൈലാസവാസികളും അതിഥി സൽക്കാരം ആരംഭിച്ചു. ഇവരുടെ വരവ് തനിക്കനുകൂലമായെന്ന് പരശുരാമൻ ചിന്തിച്ചു. രാധ അപ്പോൾ പാർവതിയോട് ചോദിച്ചു കുട്ടികൾ തമ്മിൽ ഇങ്ങനെ വഴക്കുണ്ടായതിന് അമ്മ എന്തിനാണ് ഇത്രയും കോപം കാട്ടിയതെന്ന്. അതോടെ രംഗം ശാന്തമാകുകയും പാർവതീദേവി ഭാർഗവരാമനോട് ക്ഷമിക്കുകയും ചെയ്തു.

## രൂപപരവും ഭാവപരവുമായ സവിശേഷതകൾ

▶ സ്ഥലവും കാലവും

നാലു ഭാഗങ്ങളായി കാവ്യഭാഗത്തെ തിരിച്ചിരിക്കുന്നു എന്ന് പറഞ്ഞുവല്ലോ. കഥാപാത്രങ്ങൾക്ക് തിളക്കം നൽകത്തക്ക വിധത്തിലാണ് ഇതിലെ പ്രമേയ വിഭജനം നടത്തിയിരിക്കുന്നത് എന്ന് മനസ്സിലാക്കാം. സായാഹ്നനേരം, ഒന്നാം ശ്ലോകത്തിലെ സമയം, നിർദ്ദേശം അർഥവത്താണ്. ശിവൻ അന്തപുരത്തിൽ വിശ്രമിക്കുകയാണെന്ന കാര്യം വിശ്വസിപ്പിക്കാൻ ഈ സമയ നിർദ്ദേശം സഹായിക്കുന്നു. കുബേരപത്തനത്തിൻ താഴികക്കുടങ്ങൾ വെയിലേറ്റു തിളങ്ങി മിന്നി എന്ന വർണ്ണനയിൽ നിന്നാണ് കവിത ആരംഭിക്കുന്നത്.

പരശുരാമന്റെ വ്യക്തിപ്രഭാവത്തെ അവതരിപ്പിക്കുന്നതാണ് ഒന്നാമത്തെ ഭാഗം. പാർശ്വസ്ഥിതരിൽ ഉയർത്തുന്ന വിഭിന്ന പ്രതികരണങ്ങൾ വഴിയാണ് വള്ളത്തോൾ പരശുരാമന്റെ വ്യക്തി മാഹാത്മ്യം അവതരിപ്പിച്ചിരിക്കുന്നത്. രാജരഥ്യയിലൂടെ തേജസ്വിയായ ഒരു യുവതാപസൻ അതിവേഗം നടന്നുപോകുന്നു. ശിവാദിയിലേക്കാണ് അദ്ദേഹത്തിന്റെ യാത്ര. അദ്ദേഹത്തിന്റെ മുഖം ശമഗുണപ്രധാനമല്ല, വീരദർപ്പഭരിതമാണ്. ആഭിജാത്യവും കൃത്യനിഷ്ഠയും ധൈര്യവും ശൗര്യവും ആ താപസന്റെ ഓരോ പദവിന്യാസത്തിലും വ്യക്തം. ഇത്രത്തോളം 3 ശ്ലോകങ്ങളിൽ വർണ്ണിക്കുന്നു. പരിതഃസ്ഥിതികളിലെങ്ങനെ ആ ഗംഭീരവ്യക്തിത്വം പ്രതിഫലിച്ചുവെന്നും അടുത്ത

അഞ്ചു ശ്ലോകങ്ങളിൽ പ്രതിപാദിക്കുന്നു. ചിലർ ഈ കാഴ്ച കണ്ടു മിഴിച്ചുനിന്നു. മറ്റു ചിലർ സുഹൃത്തുക്കളോടുള്ള ഭാഷണം പതുക്കെപ്പതുക്കെ എന്നു മന്ത്രിച്ചു. അളകയിലെ യക്ഷപ്രമദകളാകട്ടെ ആഹ്ളാദം കൊണ്ടു മതിമറന്നു. അവരുടെ നോട്ടങ്ങൾ സാകൂതങ്ങളായി. ഈ മഹാമതിയെ പോലുള്ള വീരസന്താനങ്ങൾ തങ്ങൾക്കുമുണ്ടാകണമേ എന്നവർ ആഗ്രഹിച്ചു. എന്നിങ്ങനെ മറ്റുള്ളവരിൽ ഉളവാക്കുന്ന ഭാവങ്ങളിൽ നിന്നാണ് പരശുരാമനെ നാം മനസ്സിലാക്കുന്നത്.

▶ പരശുരാമന്റെ വ്യക്തിത്വം

"അവിടവിടെ മിഴിച്ചുനോക്കിനിന്നൂ
വിവിധവിചേഷ്ഠിതർ പൗരരപ്പുമാനെ;
സവിനയർ ചിലർ വായ്മറച്ച കയ്യാൽ
സവിധഗരോടു,'രിയാടൽ മെല്ലെ'യെന്നാർ."

ഹരാചലത്തിൽ എത്തിച്ചേർന്ന പരശുരാമനോടു കൂടിയാണ് രണ്ടാം ഭാഗം ആരംഭിക്കുന്നത്. ഒന്നാം ഭാഗത്തെക്കാൾ ചടുലമാണ് രണ്ടാം ഭാഗം. അഗസ്ത്യ മുഖാപ്തമായ കൃഷ്ണ പ്രേമാമൃതം കൊണ്ട് രാധാകൃഷ്ണന്മാരെ വശീകരിച്ച തപസ്വിയാണ് പരശുരാമൻ എന്ന സൂചന ശ്രദ്ധേയമാണ്. ശേഷം ഗണപതിയും പരശുരാമനും തമ്മിലുണ്ടായ തർക്കം അവതരിപ്പിക്കുന്നു. പരശുരാമനെ രണ്ടു കാലിലും പിടിച്ചു പൊക്കി പമ്പരം പോലെ കറക്കുന്ന ഗണപതിയെ കവിതയിൽ കാണാം. പരശുരാമന്റെ അഹംഭാവം ഒടുങ്ങാൻ വേണ്ടിയാണ് അങ്ങനെ ചെയ്തതെങ്കിലും അത് പരശുരാമനിൽ അഭിമാനക്ഷതത്തിന് കാരണമായി. ഈ രംഗം ഒന്നും പുരാണകഥയിൽ പറഞ്ഞിട്ടില്ല.

▶ ഹരാചലത്തിൽ എത്തിച്ചേർന്ന പരശുരാമൻ

'വല്ലായ്മ ദേവകൾ പെടുത്തുവതും ക്ഷമിപ്പൊ -
ന്നല്ലയിരുന്നു ഹ, ഹ ഭാരതപൂർവ രക്തം'

വൈകാരിക തീവ്രതയോടു കൂടിയാണ് പരശുരാമനും ഗണപതിയും തമ്മിലുള്ള തർക്കം ആവിഷ്കരിച്ചിരിക്കുന്നത്. മാത്രമല്ല ഇനിയെന്ത് എന്ന മട്ടിൽ ഒരു ആകാംക്ഷ വായനക്കാരിൽ ഉണ്ടാക്കാൻ വള്ളത്തോളിന് കഴിഞ്ഞിട്ടുണ്ട്.

▶ ഗണപതിയും രാമനും തമ്മിലുള്ള തർക്കം

സംഘട്ടനത്തിന്റെ പരമാവസ്ഥയിലാണ് മൂന്നാം ഭാഗം ആരംഭിക്കുന്നത്. കോപവേഗം കൊണ്ട് മതിമറന്ന പരശുരാമൻ തന്റെ കയ്യിലിരുന്ന ശിവകുഠാരം ഗണപതിയുടെ നേർക്ക് ആഞ്ഞെറിഞ്ഞു. അതേറ്റ് ഇടിമുഴക്കത്തോടെ ഗണപതിയുടെ ഇടതുകൊമ്പ് ഭൂമിയിൽ വീണു. ബ്രഹ്മാണ്ഡം നടുങ്ങി എന്നാണ് കവി പറയുന്നത്. പാർവതി എന്തു ചെയ്യണമെന്ന് അറിയാതെ നിന്നു പോയി. ശിവൻ പരശുരാമന് നൽകിയ ആയുധം തന്നെയാണ് അദ്ദേഹത്തിന്റെ മകന്റെ മുകളിൽ പതിച്ചിരിക്കുന്നത് എന്നതും ഇവിടെ ഓർക്കണം.

"പാടേ നരച്ചുള്ള ശിരസ്സു പൊക്കി
നോക്കുന്ന ഗൗരീഗുരുവാം ഗിരീന്ദ്രൻ
ദൗഹിത്രനേൽക്കും ദുരവസ്ഥയിങ്കൽ-
പ്പകച്ചുനിൽക്കുന്നതിപോലെ കാണായ്"

എന്ന് കവി വാക്യം. മുറിവേറ്റ മാതൃത്വഭാവം ഉണരുന്നതും സംഘർഷം രൂക്ഷമാകുന്നതുമാണ് ഈ ഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്.

കവിതയുടെ നിർവഹണമാണ് നാലാം ഭാഗം. പെട്ടെന്നൊരു സംഗീത മാധുരി കൈലാസ പർവതത്തിലേക്കൊഴുകി വന്നു. ചെവിക്കു മാത്രമല്ല കണ്ണിനുമുണ്ടായി ആനന്ദം. ഉടനെ ദമ്പതിമാരായ രാധാകൃഷ്ണന്മാർ അവിടെയെത്തി. അവരുടെ ഇടപെടലോടെ കലഹത്തിന്റെ കാഠിന്യം കുറയുന്നു. ഗുരുശാപം ഭയന്ന് പരശുരാമൻ വിവർണ്ണനായി നിന്നു. രാധാകൃഷ്ണന്മാരുടെ കടാക്ഷം അദ്ദേഹത്തെ ആശ്വസിപ്പിച്ചു. രാധ ഗണപതിയുടെ മുറിവ് തലോടി ഉണക്കി. 'പരശുരാമൻ ശിവന്റെ ശിഷ്യനായതു മുതൽ നിനക്കു മൂന്നു പുത്രന്മാർ ഉണ്ടെന്ന കാര്യം ഓർക്കണ'മെന്ന് രാധ പാർവതിയോട് പറഞ്ഞു.

> "നിനയ്ക്കണം പുത്രരിൽ മീതെയായും
> കനത്ത വാത്സല്യമൊടിക്കുലീനനെ;
> നിനക്കു ഗർഭപ്രസവാദിപീഡയാൽ
> മനം കലങ്ങാതെ ലഭിച്ച കുഞ്ഞിവൻ."

- വിഷയസങ്കല്പനവും ആവിഷ്കാര ശൈലിയും

അതോടെ സ്വാഭാവികമായ ഒരു കുടുംബകലഹമായി പുരാണകഥ മാറുകയാണ്. മനുഷ്യവ്യാപാരങ്ങളുടെ സാമാന്യതയാണ് വള്ളത്തോൾ കവിതകളുടെ മുഖമുദ്ര. 'ശിഷ്യനും മകനും' എന്ന കവിതയ്ക്കും അത് ബാധകമാണ്. ശിവനും പാർവതിയും പരശുരാമനും ദേവന്മാരാണെന്ന വസ്തുത നാം മറന്നു പോകുന്നു. നമുക്ക് സുപരിചിതരായ വ്യക്തികളായി അവർ മാറുന്നു. വിഷയ സങ്കല്പനത്തിൽ മാത്രമല്ല ഈ താദാത്മ്യബോധം സംജാതമാകുന്നത്, ആവിഷ്കാര ശൈലിയിലും അത് പ്രകടമാണ്.

## Summarised Overview

പ്രതിപാദനരീതിയുടെ സവിശേഷതകൾ കൊണ്ട് ശ്രദ്ധേയമായ കാവ്യമാണ് 'ശിഷ്യനും മകനും'. ഗണപതി ഏകദന്തനായ കഥയാണ് ഈ കാവ്യത്തിന്റെ പ്രമേയം. ഈ പ്രശസ്തമായ കഥയെ ആകർഷോജ്ജ്വലമായ മട്ടിൽ ആസ്വാദനക്ഷമമാംവിധം പുനരാവിഷ്കരിക്കാൻ വള്ളത്തോളിനു കഴിഞ്ഞു. അതിൽ പുരാണ കഥയെ അതിന്റെ ദൈവിക ഭാവങ്ങളിൽ നിന്നും മോചിപ്പിച്ച് തികച്ചും മാനുഷികമായ അന്തരീക്ഷത്തിൽ പുനരാവിഷ്കരിക്കുകയും ചെയ്തു. കഥാപാത്രങ്ങളുടെ ദിവ്യത്വത്തിന് യാതൊരു കോട്ടവും സംഭവിക്കാതെ മാനുഷിക ഭാവങ്ങൾ പകർന്നു നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആ നിലയിൽ കൈലാസത്തിന്റെ ഭൗതിക അന്തരീക്ഷങ്ങളിൽ നിന്ന് കഥയെ മോചിപ്പിക്കുകയും ഭൂമിയിൽ നടക്കുന്ന ഒരു ഗാർഹിക സംഭവമായി ആവിഷ്കരിക്കുകയും ചെയ്തു. ഒരു ചെറുകഥയുടെ സംവിധാന ഭംഗിയിലാണ് 'ശിഷ്യനും മകനും' അവതരിപ്പിച്ചിരിക്കുന്നത്.

'ശിഷ്യനും മകനും' ഒരു ആഖ്യാനകവിതയാണ്. വർണ്ണനകൾക്കിതിൽ പ്രാധാന്യമേറും. വിശേഷണവാചികളായ പദങ്ങൾക്കും അതുപോലെതന്നെ. വർണ്ണനകളേയും നാടകീയ സംഭവങ്ങളേയും കൂട്ടിയിണക്കിക്കൊണ്ട് വാങ്മയ ചിത്രങ്ങൾ വരയ്ക്കുന്നതിൽ വള്ളത്തോൾ പുലർത്തിയ

സൂക്ഷ്മത സവിശേഷമാണ്. 'നാലു രംഗങ്ങളുള്ള നാടകമെന്നുതന്നെ ശിഷ്യനും മകനും എന്ന കാവ്യത്തെ വിളിക്കാം. 4-ാം ഖണ്ഡം ഒന്ന് എഡിറ്റുചെയ്തും വർണ്ണനകളുടെ പൊന്തക്കാടുകൾ വെട്ടിനീക്കിയാൽ കുറേക്കൂടി അനുഭവപ്രതീതി ഉണ്ടാകുമെന്നു തോന്നുന്നു. 7, 9, 10 എന്നീ ശ്ലോകങ്ങൾ കളയാം ഈ ഖണ്ഡത്തിൽ കാണുന്ന അതിവാചാലത എന്ന വള്ളത്തോളിന്റെ കാവ്യപരമായ ദുശ്ശീലം പിൽക്കാലത്ത് അദ്ദേഹം എഴുതിയ കവിതകളിൽ നേർത്തു നേർത്തു ഇല്ലാതായിട്ടുണ്ട്. 'അച്ഛനും മകളും' എന്ന കാവ്യം ഉദാഹരണം (പി. വി വേലായുധൻ പിള്ള, ശിഷ്യനും മകനും, ഭാഷാസാഹിതി). ആ നിലയിൽ ആഖ്യാനഘടനകൊണ്ടും ആവിഷ്ക്കാരസഫലതകൊണ്ടും സവിശേഷമായ സ്ഥാനമർഹിക്കുന്ന കവിതയാണ് 'ശിഷ്യനും മകനും'.

കവിതയിലെ കഥാപാത്രങ്ങളെല്ലാം മിഴിവുള്ളവരാണ്. പരശുരാമനും ഗണപതിയും വീര്യശൗര്യാദികളുടെ മൂർത്തിമത്ഭാവമാണ്. പാർവതി പുത്രസ്നേഹാന്ധയായ ഒരു അമ്മയും. ഒരു സർവജ്ഞൻ ധർമ്മസങ്കടത്തിൽപ്പെട്ടാൽ എങ്ങനെയോ അങ്ങനെയാണ് ശിവൻ. പുരാണത്തിൽ ഇതൊന്നുമില്ല. പരശുരാമനു മാത്രമേ വ്യക്തിത്വമുള്ളൂ. 'ഗുരുവദ്ഗുരു പുത്രം ച മാ ഭവാൻ ഹന്തും അർഹതി' എന്ന് ഭീരുത്വത്തിന്റെ വാക്കുകളാണ് ഗണപതി പുരാണത്തിൽ ഉരുവിടുന്നത്. പുരാണത്തിൽ ഭൃഗുരാമൻ പരശ്വായുധത്തെ ധ്യാനിക്കുമ്പോൾ തന്നെ ഗണപതി ബോധംകെട്ടു വീഴുന്നു. ബാക്കി ഭാഗം പുരാണ കഥയിലില്ല. വള്ളത്തോളിന്റെ സൂക്ഷ്മഭാവനയിൽ നിന്ന് ഉരുത്തിരിഞ്ഞ സ്വതന്ത്ര ആഖ്യാനമാണ് പിന്നീട് കവിതയിൽ നിന്ന് നമുക്ക് ലഭിക്കുന്നത്.

സംഭവ പ്രധാനമെന്നതിനെക്കാൾ കഥാപാത്ര പ്രധാനമായ കാവ്യമാണ് 'ശിഷ്യനും മകനും'. 'കഥാപാത്രങ്ങളിൽ ഏതുതരത്തിലായാലും തലയെടുപ്പ് പരശുരാമൻ തന്നെ. കാരണം അതിലെ ക്രിയാംശവും ആ ക്രിയാംശമുയർത്തുന്ന വിഭിന്നവികാരങ്ങളും ആ കഥാപാത്രത്തെ ആശ്രയിച്ചാണ് സ്ഥിതിചെയ്യുക. 'ശിഷ്യനും മകനും' എന്നാണ് ഗ്രന്ഥനാമമെങ്കിലും ശിവൻ പോലും ശിഷ്യനോളം പ്രാധാന്യം മകനു നൽകുന്നുണ്ടോ എന്നാണ് സംശയം. കവിയുടെ പക്ഷപാതവും പരശുരാമനോട് തന്നെ. പരശുരാമന്റെ അനുപമമായ വ്യക്തിത്വം വിശ്വസനീയമാംവിധം വികസിപ്പിച്ചെടുക്കാൻ വള്ളത്തോൾ സ്വീകരിച്ച കലാതന്ത്രം അനുമോദനാർഹം തന്നെ' എന്ന് എം. പി. പണിക്കർ നിരീക്ഷിച്ചിട്ടുണ്ട്. പരിക്കേറ്റ മാതൃത്വത്തിന്റെ വികാര വിക്ഷേപം അത്രത്തോളം സ്വാഭാവികതയോടെ പാർവതിയാൽ ആവിഷ്കൃതമായിരിക്കുന്നു. മാതൃത്വത്തിന്റെ സ്നേഹവും ദൗർബല്യവും അവിടെ പ്രകടമാണ്. ശിവനിലെ ഗുരുവിനെയും പിതാവിനെയും ഏറെ സൂക്ഷ്മതയോടെ വള്ളത്തോൾ അവതരിപ്പിച്ചു. ശിവനിലുളവാക്കുന്ന വൈകാരികതയും ചിന്താപരതയും തത്ഫലമായി ഉളവാക്കുന്ന നിശ്ശബ്ദതയും സ്വാഭാവികമെന്ന നിലയിൽ കവിതയിൽ കടന്നു വരുന്നു. വികാര സംഘർഷം കൊണ്ട് മൗനിയായിരിക്കുന്ന ശിവനാണ് കവിതയുടെ ഭാവതീവ്രതയെ മുന്നോട്ടു നയിക്കുന്നത്.

## Assignments

1. 'ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യത്തിലെ പരശുരാമനെ കണ്ട അളകാപുരിനിവാസികളുടെ പ്രതികരണങ്ങൾ വിവരിക്കുക.
2. 'ശിഷ്യനും മകനും' എന്ന കാവ്യത്തിൽ കൈലാസത്തിലെത്തിയ പരശുരാമനെ ഗണപതി തടയാനുള്ള കാരണമെന്തായിരുന്നു? വിശദീകരിക്കുക.

3. 'ശിഷ്യനും മകനും' എന്ന കാവ്യത്തിലെ പരശുരാമകഥാപാത്രത്തെ നിരൂപണം ചെയ്യുക.
4. കാവ്യത്തിൽ സൂചിപ്പിക്കുന്ന പരശുരാമഗണപതി സംഘട്ടനം വിവരിക്കുക.
5. ഗണപതിയും പരശുരാമനും തമ്മിലുള്ള കിടമത്സരമാണ് 'ശിഷ്യനും മകനും' എന്ന കൃതിയുടെ ഇതിവൃത്തം വിലയിരുത്തുക.
6. മനുഷ്യവ്യാപാരങ്ങളുടെ സാമാന്യതയാണ് ശിഷ്യനും മകനും എന്ന കവിത – വിലയിരുത്തുക.

## References


1. ഡോ. എം. ലീലാവതി, മലയാള കവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. ഡോ. കെ. എം. ജോർജ്, ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
3. എൻ. അജയകുമാർ, ആധുനികത മലയാള കവിതയിൽ, എസ്. പി. സി. എസ്. കോട്ടയം.
4. പന്മന രാമചന്ദ്രൻ നായർ (എഡി.), സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം, കറന്റ് ബുക്സ്, കോട്ടയം.
5. വി. ശോഭ, വള്ളത്തോൾ ശിഷ്യനും മകനും കവിതയും പഠനവും, ഗ്രീൻ ബുക്സ്, തൃശൂർ.
6. പി. വി. വേലായുധൻ പിള്ള, ശിഷ്യനും മകനും, ഭാഷാസാഹിതി, കേരള സർവകലാശാല, തിരുവനന്തപുരം.
7. വള്ളത്തോൾ നാരായണമേനോൻ, ശിഷ്യനും മകനും, പൂർണ്ണ പബ്ലിക്കേഷൻസ്.


## Suggested Readings


1. പ്രൊഫ. എം. പി. പണിക്കർ, മലയാള ഖണ്ഡകാവ്യങ്ങൾ ഒരു പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ. ഡി. ബഞ്ചമിൻ, കാല്പനികത മലയാള കവിതയിൽ, അയന ബുക്സ്, തിരുവനന്തപുരം.
3. ഡോ. എം. ലീലാവതി, വർണ്ണരാജി, എസ്. പി. സി. എസ്., കോട്ടയം.
4. എൻ. അജയകുമാർ, ആധുനികത മലയാള കവിതയിൽ, എസ്. പി. സി. എസ്., കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# രമണൻ

## ചങ്ങമ്പുഴ കൃഷ്ണപിള്ള

## Learning Outcomes

- മലയാള കവിതകളിലെ കാല്പനികതയെക്കുറിച്ച് സാമാന്യധാരണ നേടുന്നു
- ചങ്ങമ്പുഴയുടെ കാവ്യപ്രത്യേകതകളെക്കുറിച്ച് അറിവ് നേടുന്നു
- 'രമണൻ' എന്ന കാവ്യത്തിന്റെ സവിശേഷതകൾ ഗ്രഹിക്കുന്നു
- ജീവിതാനുഭവങ്ങൾ ദാർശനികതലത്തിൽ വിലയിരുത്തുന്നതെങ്ങനെയെന്ന് ഗ്രഹിക്കുന്നു

## Background

കാല്പനികതാവാദം (Romanticism) ആധുനികതയുടെ ഘട്ടത്തിൽ രൂപം കൊണ്ട കലാ സാഹിത്യ പ്രസ്ഥാനമാണ്. 1797-ൽ ഹെഗലാണ് റൊമാന്റിക് എന്ന പദം സാഹിത്യലോകത്ത് ആദ്യമായി അവതരിപ്പിച്ചതെന്ന് പറയപ്പെടുന്നു. ഇംഗ്ലീഷിലെ റൊമാന്റിക് എന്ന പദത്തിൽ നിന്നാണ് റൊമാന്റിസിസം രൂപപ്പെടുന്നത്. റൊമാന്റിസിസത്തെ 'മനം നോക്കി പ്രസ്ഥാനം' എന്നാണ് കേസരി എ ബാലകൃഷ്ണപിള്ള വിളിക്കുന്നത്. രൂപനിഷ്ഠമായ അനുകരണത്തിന് പ്രാധാന്യം കൊടുക്കാതെ വൈയക്തികാനുഭവങ്ങൾ ആവിഷ്കരിക്കാനാണ് കാല്പനികതാവാദം ശ്രമിച്ചത്. 'അതിശക്തമായ വികാരങ്ങളുടെ അനർഗളമായ പ്രവാഹം' എന്നാണ് കവിതയെ റൊമാന്റിക് കാലഘട്ടത്തിൽ വില്യം വേഡ്സ് വർത്ത് നിർവചിച്ചത്. സ്വാതന്ത്ര്യമാണ് റൊമാന്റിസിസം സ്വപ്നം കണ്ടിരുന്നത്. കാല്പനികതയുടെ സ്വഭാവ സവിശേഷതകളിൽ പ്രധാനപ്പെട്ടവയാണ് വ്യക്തിപരത, സാമൂഹികവ്യവസ്ഥകളോടുള്ള നിഷേധം, ഭാവനാത്മകത, പ്രകൃത്യുപാസന, വികാരപരത, വിഷാദം, പാരമ്പര്യനിഷേധം എന്നിവ. വൈയക്തികദുഃഖങ്ങൾ, പ്രണയനൈരാശ്യങ്ങൾ, മരണാഭിമുഖ്യം വ്യവസ്ഥയോടുള്ള പ്രതിഷേധം എന്നിവയൊക്കെ ചങ്ങമ്പുഴ കൃഷ്ണപിള്ള, ഇടപ്പള്ളി രാഘവൻപിള്ള എന്നീ കവികളുടെ കവിതകളെ കാല്പനികതാവാദത്തിന്റെ പ്രധാനപ്പെട്ട സൃഷ്ടികളായി മാറ്റുന്നുണ്ട്.

മലയാള കാല്പനികാപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ എഴുതപ്പെട്ട കവിതയാണ് 'രമണൻ'. 'രമണന്റെ' ജനകീയതക്ക് കാരണം അതിലെ ഭാഷയും ഇതിവൃത്തവുമാണ്. വിലാപകാവ്യം വിഷമപൂർവമായ മനോവ്യാപാരങ്ങൾക്ക് പ്രാധാന്യം നൽകി രചിക്കുന്നതാണ്. ഖണ്ഡകാവ്യ പ്രസ്ഥാനത്തിൽ ഉൾപ്പെടുന്ന കാവ്യപ്രസ്ഥാനമാണ് ഇത്. മലയാളത്തിൽ ഏറ്റവും ജനകീയനായ എഴുത്തുകാരനായി ചങ്ങമ്പുഴ മാറിയത് 'രമണന്റെ' രചനയോടെയാണ്. കാല്പനികത മലയാളകവിതയിൽ ഉന്നതിയിലെത്തിയ കാലം. കുമാരനാശാനും ഉള്ളൂരും വള്ളത്തോളും ഉൾപ്പെട്ട കവിത്രയത്തിന്റെ സ്വാധീനത്തിന് ശേഷം മലയാളത്തിൽ സജീവമായ കാവ്യധാരയുടെ ഉടമകൾ 'ഇടപ്പള്ളി കവികൾ' എന്നു പേരു കേട്ട, ചങ്ങമ്പുഴ കൃഷ്ണപിള്ളയും ഇടപ്പള്ളി രാഘവൻപിള്ളയുമായിരുന്നു. മലയാളകവിതയ്ക്ക് പരിചിതമായ ഭാവുകത്വത്തെയും സംവേദനതലത്തെയും മാറ്റിമറിച്ചാണ് അവരുടെ രംഗപ്രവേശം ഉണ്ടായത്.

ചങ്ങമ്പുഴയുടെ 21 വയസുവരെയുള്ള ജീവിതഘട്ടത്തിനിടയിൽ രചിച്ച കവിതകൾ 'ബാഷ്പാഞ്ജലി' എന്ന സമാഹാരമായി പുറത്തുവന്നതോടെ വലിയ സ്വീകാര്യത അവയ്ക്കുണ്ടായി.

സ്വന്തം വികാരങ്ങളുടെ ചിത്രീകരണമായി യുവാക്കളിൽ ചങ്ങമ്പുഴ കവിതകൾ സ്വീകരിക്കപ്പെട്ടു. ദാർശനിക സ്വഭാവം കവിതകളിൽ കുറവായിരുന്നപ്പോൾ തന്നെ, വിഷാദം എല്ലാ അർഥത്തിലും ആ കവിതകളിൽ നിറഞ്ഞുനിന്നു. ചങ്ങമ്പുഴ എന്ന പ്രേമഗായകനാണ് വ്യാപകമായി സ്വീകരിക്കപ്പെട്ടത് എന്ന് പറയുമ്പോഴും തൊഴിലാളികളിൽ വർഗബോധം ഉണ്ടാക്കിയ 'വാഴക്കുല' അടക്കമുള്ള കവിതകളുടെ സാമൂഹ്യധർമ്മവും വിസ്മരിക്കാനാവില്ല.

വിവിധ വിഭാഗങ്ങളിലായി അമ്പത്തിയേഴ് കൃതികൾ ചങ്ങമ്പുഴ മലയാളത്തിന് സമർപ്പിച്ചു. ചെറുകഥയും നോവലും നാടകവും അടക്കമുള്ള സാഹിത്യമേഖലകളിലും അദ്ദേഹത്തിന്റെ സംഭാവനകൾ ഉണ്ടായെങ്കിലും കവി എന്ന നിലയിലാണ് ചങ്ങമ്പുഴ കൂടുതൽ സ്വീകരിക്കപ്പെട്ടത്. ഗൃഹാതുരതയും വൈകാരികതയും അതിമനോഹരമായി ആ കവിതകളിൽ ഇടംപിടിച്ചു. ചങ്ങമ്പുഴയോട് യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാതെ മലയാള കാവ്യചർച്ച തുടങ്ങാനാവാത്ത വിധം ജനകീയമായിത്തീർന്നു. ആ കവിതകൾ മലയാളമുള്ളിടത്തോളം ആ കവിയും കാവ്യപ്രപഞ്ചവും ജീവിക്കുമെന്നുതന്നെയാണ് പുതിയ കാലത്തും ആ രചനകൾക്കുള്ള സ്വീകാര്യത തെളിയിക്കുന്നത്. ഇടപ്പള്ളിയുടെ ആത്മഹത്യയെത്തുടർന്നാണ് ചങ്ങമ്പുഴ, 'രമണൻ' രചിച്ചത്. ഒരൊറ്റ കാവ്യത്തിലൂടെ ഇടപ്പള്ളിയും ചങ്ങമ്പുഴയും അനശ്വരരായിത്തീർന്നു. ആരണ്യ, ഇടയ വിലാപ കാവ്യം എന്ന നിലയിലും 'രമണൻ' വിലയിരുത്തപ്പെടുന്നു.

ഇടപ്പള്ളി രാഘവൻപിള്ള എന്ന ഉറ്റ സുഹൃത്തിന്റെ ആത്മഹത്യ ഏല്പിച്ച ആഘാതമാണ് ചങ്ങമ്പുഴയ്ക്ക് ഈ കൃതി എഴുതാൻ പ്രേരണയായത്. 1936 ജൂലൈ ആദ്യവാരത്തിലാണ് ഇടപ്പള്ളിയുടെ വിയോഗം. ആ വർഷം തന്നെ മാസങ്ങൾക്കകം 'രമണന്റെ' സൃഷ്ടി നടന്നു, പ്രസിദ്ധീകരണവും. സുഹൃത്തെന്ന നിലയിലും മലയാള കവിതാരംഗത്തെ ഭാവഗായകനെന്ന നിലയിലും താൻ വിലമതിച്ച ഇടപ്പള്ളിയുടെ അസ്വാഭാവികമായ വേർപാട് കവിയെ അതികഠിനമായി ഉലച്ചു. തന്നെക്കാൾ ഉയർന്ന നിലയിലുള്ള ഒരു പെൺകുട്ടിയോട് തോന്നിയ അനുരാഗം നിഷ്ഫലമായതാണ് ഇടപ്പള്ളിയെ ആത്മഹത്യയിലേക്ക് നയിച്ചതെന്നു പറയപ്പെടുന്നു. സാമൂഹികമായും കുടുംബപരമായും പ്രതികൂലമായ മറ്റു സാഹചര്യങ്ങളും ഉണ്ടായിരുന്നിരിക്കാം. ഒരു കാവ്യജീവിതം കവി ആഗ്രഹിക്കാതിരുന്നില്ല. 'എനിക്കു പാട്ടുപാടുവാൻ ആഗ്രഹമുണ്ട്; എന്റെ മുരളി തകർന്നുപോയി, കൂപ്പുകൈ!' എന്നാണ് ഇടപ്പള്ളിയുടെ അന്ത്യയാത്രാമൊഴിയിലെ അവസാന വാചകം. രമണന്റെ കൈയിൽ കവി പിടിപ്പിച്ച ഓടക്കുഴൽ ഇടപ്പള്ളിയുടെ 'തകർന്ന മുരളി' തന്നെ. കവിത തന്റെ ശക്തിയാണെന്ന് അല്ലെങ്കിൽ തന്റെ കവിതയ്ക്ക് ശക്തിയുണ്ടെന്ന് തിരിച്ചറിഞ്ഞ് പിടിച്ചു നിൽക്കാൻ ഇടപ്പള്ളിക്ക് കഴിയാതെപോയത് കൈരളിയുടെയും നഷ്ടമായി തീർന്നു.

ഒരു ഗ്രാമീണവിലാപകാവ്യം എന്ന് ചങ്ങമ്പുഴ തന്റെ കൃതിയെ വിശേഷിപ്പിച്ചു. ഇംഗ്ലീഷിൽ പാസ്റ്ററൽ എലിജി എന്നതിന്റെ കൃത്യമായ മലയാളമാണത്. ഈവക രചനകളുടെ പ്രമേയം മരണം, ദുഃഖം, പ്രേമം എന്നിവ ഉൾക്കൊള്ളുന്നതാണ്. പാശ്ചാത്യ പാസ്റ്ററൽ എലിജിയുടെ സങ്കേതങ്ങൾ തന്നെയാണ് ചങ്ങമ്പുഴ തന്റെ ദുഃഖപ്രകാശനത്തിനും ദുഃഖഹേതുവായ സംഭവം അവതരിപ്പിക്കുന്നതിനും ഉപയോഗിച്ചത്. അതിൽ വിഷാദമുണ്ട്, വിലാപമുണ്ട്, പ്രേമവും മരണവുമുണ്ട്, കാടും മേടും ഗ്രാമവും പശ്ചാത്തലമായുണ്ട്. ലക്ഷണമൊത്ത ഗ്രാമീണവിലാപകാവ്യമായ 'രമണ'നെ നമുക്ക് വേണമെങ്കിൽ കാവ്യനാടകമായും ഭാവകാവ്യമായും വിശേഷിപ്പിക്കാൻ കഴിയും. ഇതിന്റെ ഉള്ള് മലയാളമാണ്. ആണും പെണ്ണും നിരക്ഷരനും സാക്ഷരനും ഉള്ളവനും ഇല്ലാത്തവനുമായി ആബാലവൃദ്ധം മലയാളികളും ഹാർദമായി സ്വീകരിച്ച, ദശകങ്ങളായി മനസ്സിൽ കൊണ്ടുനടക്കുന്ന, ഒരു രചന. രമണന്റെ വരവ് മലയാള കവിതയിൽ അതുവരെയില്ലാത്തപോലെ ജനകീയമായ ഒരു വരവായി എന്നത് ചരിത്രം.

**പ്രധാന കൃതികൾ:** രമണൻ (1936), വാഴക്കുല (1937), ദിവ്യഗീതം (1945), ദേവഗീത (1945), ബാഷ്പാഞ്ജലി, സ്പന്ദിക്കുന്ന അസ്ഥിമാടം, രക്തപുഷ്പങ്ങൾ, മദിരോത്സവം, പാടുന്ന പിശാച്, നീറുന്ന തീച്ചൂള, കളിത്തോഴി, കഥാരത്നമാലിക, മദിരോത്സവം, കാല്യകാന്തി, മോഹിനി, സങ്കല്പകാന്തി, ലീലാങ്കണം, ശ്രീതിലകം, ചൂഡാമണി, ദേവയാനി, വത്സല, മഗ്ദലമോഹിനി, അപരാധികൾ, നിഴലുകൾ, ആകാശഗംഗ, യവനിക, നിർവൃതി, കാമുകൻ വന്നാൽ, മനസ്വിനി, നിരാശ, തുടിക്കുന്ന താളുകൾ, സാഹിത്യചിന്തകൾ, അനശ്വരഗാനം, പ്രതികാര ദുർഗ, ശിഥിലഹൃദയം, മാനസാന്തരം, പൂനിലാവിൽ (കവിതകൾ )ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം ( ജീവചരിത്രം- എം.കെ. സാനു), വിവാഹാലോചന, കരടി (നാടക തർജ്ജമ)

## Keywords

ആരണ്യനാടകീയ വിലാപകാവ്യം–നവോത്ഥാനം–കാല്പനികം–ഇടയവിലാപകാവ്യം

## Discussion

▶ മലയാള കാല്പനികാപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ എഴുതപ്പെട്ട കവിതയാണ് രമണൻ

മികച്ച പ്രണയ കാവ്യങ്ങളിലൊന്നായി 'രമണൻ' ഇന്നും നിലനിൽക്കുന്നു. കാല്പനിക കവിതയുടെ മഹത്തായ മാതൃകയാകുമ്പോൾ തന്നെ വിലാപകാവ്യം എന്ന നിലയിലും അത് വായിക്കപ്പെടുന്നുണ്ട്. പാശ്ചാത്യസാഹിത്യത്തിലെ 'എലിജി'ക്ക് സമാനമായി മലയാളത്തിൽ ചൂണ്ടിക്കാട്ടാവുന്ന വിലാപകാവ്യങ്ങളിൽ ഒന്നായി 'രമണനെ'യും ചില നിരൂപകർ ഉൾപ്പെടുത്താറുണ്ട്.

### കഥാപാത്രങ്ങൾ

| | | |
|---|---|---|
| രമണൻ | = | ആട്ടിടയൻ (കേന്ദ്രകഥാപാത്രം) |
| മദനൻ | = | ആട്ടിടയനായ രമണന്റെ സുഹൃത്ത് |
| ചന്ദ്രിക | = | പ്രഭുകുമാരി |
| ഭാനുമതി | = | ചന്ദ്രികയുടെ കൂട്ടുകാരി |
| ഗായകസംഘം | = | മറ്റു ചില ഇടയന്മാർ |

### വരികൾ 1

### ഒന്നാം ഭാഗം

( ഉപക്രമ രംഗം)
(ഗായകസംഘം)

ഒന്നാമത്തെ ഗായകൻ

"മലരണിക്കാടുകൾ തിങ്ങി വിങ്ങി,
മരതകകാന്തിയിൽ മുങ്ങി മുങ്ങി

.........................................................

വരൂ വരൂ, വേഗം നടക്കൂ, നമ്മൾ–
ക്കൊരുമിച്ചങ്ങെത്തിടാംകൂട്ടുകാരേ!"

### അർഥവിശദീകരണം

| | | |
|---|---|---|
| മരതകം | = | രത്നം |
| കാന്തി | = | ഭംഗി |
| അവികലം | = | വികലമല്ലാത്ത |
| അനഘ | = | സുന്ദരമായ |
| പല്ലവം | = | തളിര് |

### ആശയവിശദീകരണം

▶ ഗായകസംഘത്തിന്റെ വാക്കുകൾ

കാവ്യത്തിന്റെ ആദ്യ ഭാഗത്തിൽ, ഗായകസംഘത്തിന്റെ വാക്കുകളാണ് കേൾക്കുന്നത്. ഒന്നാമത്തെ ഗായകൻ ആ ഗ്രാമപ്രദേശത്തെ ദൃശ്യഭംഗിയെ വർണ്ണിക്കുന്നു. രണ്ടാമത്തെ ഗായകൻ അവിടെയുള്ള ചോലകളെയും, പക്ഷികളെയും, താഴ്‌വരയെയും വർണ്ണിക്കുന്നു. മൂന്നാമത്തെ ഗായകൻ പറയുന്നു, അവിടെ അങ്ങ് ദൂരെ അരുവിക്കരയിലെ പുൽത്തടത്തിൽ രണ്ട് ആട്ടിടയന്മാർ സൗഹൃദസംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു. അവിടത്തെ തെന്നൽ അവരെ തഴുകിയുറക്കും മുമ്പേ അവരുടെ ഓമൽസ്വകാര്യം എന്താണെന്ന് നോക്കാമെന്നു പറഞ്ഞു കൊണ്ട് കവി നമ്മെ വിഷയത്തിലേക്ക് കൊണ്ടുപോകുന്നു.

### വരികൾ 2

"രമണ, നീയെന്നിൽനിന്നാ രഹസ്യ–
മിനിയും മറച്ചുപിടിക്കയാണോ?
.........................................................
നിയമാനുസാരം നിൻ കൃത്യമെല്ലാം
സ്വയമൊന്നു വേഗം നീ ചെയ്തുതീർക്കൂ"

### അർഥവിശദീകരണം

| | | |
|---|---|---|
| മെയ്യ് | = | ശരീരം |
| വദനം | = | മുഖം |
| മയൂഖം | = | ഭംഗി |

### ആശയവിശദീകരണം

ഗായകന്റെ വാക്കുകളിൽ നിന്നു രമണന്റെ സുഹൃത്താണ് മദനൻ എന്ന് മനസ്സിലാക്കാം. ഇവിടെ അവരിരുവരും മരച്ചോട്ടിലിരുന്നു സംസാരിക്കുന്നു. ഇടയവേഷധാരിയായ യുവാക്കളാണിരുവരും. മദനൻ രമണനോട് ചോദിക്കുന്നു. 'നീ എന്നിൽ നിന്ന് മറച്ചുവച്ചിരിക്കുന്ന കാര്യം എന്താണ്?' ഇരുമെയ്യാണെങ്കിലും നമ്മൾ ഒന്നല്ലേയെന്നും മദനൻ രമണനോട് ചോദിക്കുന്നു. മദനൻ തുടരുന്നു, 'നീ എന്തിനാണിങ്ങനെ വിളറിയിരിക്കുന്നത്? നിന്റെ പ്രശ്നം എന്തായാലും അതിന് വേണ്ടി ഞാൻ എന്റെ പ്രാണൻ പോലും ത്യാഗം ചെയ്യാൻ തയ്യാറാണ്.' മുഖം മനസ്സിന്റെ കണ്ണാടിയാണ്. പറയൂ, എന്താണ്

നിന്റെ പ്രശ്നം. വിഷയം എന്താണെങ്കിലും എന്നോട് പറയൂ എന്നും മദനൻ പറയുന്നു. അടുത്തത് രമണന്റെ മറുപടിയാണ്, രമണൻ പറയുന്നു: 'എന്റെ മനസ്സ് വല്ലാതെ നീറുന്നു. നീയിങ്ങനെ ഒന്നും പറയരുത്. നീയറിയാത്തത് ഒന്നും എനിക്കില്ല. ഞാൻ എന്റെ വിഷമത്തിന്റെ കാര്യം നിന്നോട് പറയാം. ആകാശത്തിലെ ഒരു വെള്ളി നക്ഷത്രം പുൽക്കൊടിയായ എന്നിൽ അനുരക്തയായി. അവളുടെ പേര് ചന്ദ്രികയെന്നാണ്.' ഞാൻ പലവട്ടം പിന്മാറ്റാൻ ശ്രമിച്ചിട്ടും അവൾ അതിനു തയ്യാറാവുന്നില്ലെന്നും കലഹിക്കാൻ തനിക്കു ശക്തി പോരെന്നും രമണൻ പറയുന്നു. മദനൻ ഈ വൃത്താന്തം കേട്ട് അദ്ഭുതപ്പെടുന്നു. ശേഷം മദനൻ പറയുന്നു, രമണാ നിന്റെ ചിന്തകൾക്ക് അർഥമില്ല. ഹൃദയത്തെ കാണാൻ ഹൃദയത്തിന് മാത്രമേ സാധിക്കുകയുള്ളൂ. അവളുടെ ഹൃദയവിശാലതയെ നീ എന്നും ആദരിക്കുകയും കൈകൂപ്പുകയും വേണം. എനിക്കറിയില്ല ഇതിന്റെ അവസാനം എന്തായിരിക്കുമെന്നും. രമണന്റെ ഈ വാക്കുകൾ കേട്ട് മദനൻ അവനെ സമാധാനിപ്പിക്കുന്നു. അതിനുശേഷം ഗായകസംഘം പ്രവേശിക്കുകയും സാഹചര്യത്തെപ്പറ്റി ചുരുക്കി പറയുകയും ചെയ്യുന്നു.

▶ രമണനും മദനനും തമ്മിലുള്ള ആത്മബന്ധം

### വരികൾ 3

"എങ്കിലും, ചന്ദ്രികേ, നമ്മൾ കാണും
സങ്കല്പലോകമല്ലീയുലകം;
..........................................................
എങ്കിലും, ഹാ, നിനക്കോർമ്മവേണം:
സങ്കല്പലോകമല്ലീയുലകം!"

### അർഥവിശദീകരണം

| | | |
|---|---|---|
| വാഗ്വിലാസം | = | വാക്ചാതുര്യം |
| അഹിതം | = | സന്തോഷമില്ലാത്ത |

### ആശയവിശദീകരണം

രണ്ടാമധ്യായത്തിൽ ചന്ദ്രികയുടെ വീടിനടുത്തുള്ള ഉദ്യാനത്തെയാണ് വർണ്ണിക്കുന്നത്. ഇവിടെ സന്ധ്യാനേരത്ത് രമണനും ചന്ദ്രികയും ഇരിക്കുന്നു. ചുറ്റിലും വള്ളികളും ചെടികളും പൂത്തുലഞ്ഞു നിൽക്കുന്നതും, ഇളംകാറ്റ് വീശുന്നതും, നിലാവ് പരക്കുന്നതും ഒക്കെ അവരുടെ പ്രണയത്തെ കൂടുതൽ തീവ്രമാക്കുന്നു. രമണൻ ചന്ദ്രികയോട് പറയുന്നു. 'ഈ ലോകം നമ്മൾ കാണുന്ന സങ്കല്പലോകമല്ല, യാഥാർഥ്യത്തെ നാം ഒരിക്കലും വിസ്മരിക്കരുത്. 'നമ്മുടെ പ്രണയകാര്യത്തിൽ ആർക്കും ഇടപെടാൻ അവകാശമില്ലെന്ന്' ചന്ദ്രിക പറഞ്ഞു. സ്വപ്നത്തിൽ പോലും ഈ പ്രേമം ഞാൻ അർഹിക്കുന്നില്ലായെന്ന രമണന്റെ വാക്കുകൾക്ക് ഈ ആശങ്കകൾ വെറുതെയാണ് എന്ന മറുപടിയാണ് ചന്ദ്രിക നൽകുന്നത്. എന്നെ പഴിക്കുന്ന ലോകത്തെ ഞാൻ നേരിട്ടുകൊള്ളാം. മോഹിച്ചുപോയ കാര്യങ്ങളെ സ്നേഹിക്കുവാൻ മാത്രമാണ് ഞാൻ നോക്കുന്നത്. വേറെ ആരെയും ഞാൻ ശ്രദ്ധിക്കുന്നില്ല, ഈ ലോകത്തെ തന്നെ ഞാൻ മറക്കുന്നു. എന്റെ ലോകം നീയാണെന്നും അവൾ പറയുന്നു.

അപ്പോൾ രമണൻ അവളോടായി പറയുന്നു എന്തെല്ലാമായാലും, ചിന്തിച്ചു വേണം ഈ കാര്യത്തിൽ ഉറച്ചു നിൽക്കാൻ. എങ്കിലും നീ ഓർമ്മിക്കണം നമ്മുടെ സങ്കല്പത്തിലുള്ള ലോകം യാഥാർഥ്യമല്ല. അവരുടെ ഈ സംഭാഷണത്തിലൂടെ ഈ രംഗം അവസാനിക്കുന്നു.

രമണനും ചന്ദ്രികയും തമ്മിൽ നടത്തുന്ന സംഭാഷണമാണ് ഈ വരികളിലെ കേന്ദ്രാശയം. ഇരുവരും തങ്ങളുടെ പ്രണയത്തെക്കുറിച്ചുള്ള ആകുലതകളും പ്രതീക്ഷകളും പങ്കുവയ്ക്കുകയാണ്. സാമൂഹികമായും സാമ്പത്തികമായും കീഴാളത്ത അനുഭവിക്കുന്ന രമണനും സമൂഹം കല്പിക്കുന്ന എല്ലാത്തരം സവിശേഷ പദവികളും സ്വന്തമായ ചന്ദ്രികയും തമ്മിലുള്ള സാമൂഹികാന്തരം അവരുടെ പ്രണയ സങ്കല്പങ്ങളിലും പ്രകടമാണ്. ചന്ദ്രികയുടെ പ്രണയത്തിന് താൻ അർഹനല്ലെന്ന് രമണൻ ചിന്തിക്കാനുള്ള കാരണവും അതുതന്നെ. ഈ ലോകം പ്രണയികൾ കാണുന്ന സങ്കല്പലോകമല്ലെന്നും യാഥാർഥ്യത്തെ വിസ്മരിക്കരുതെന്നും രമണൻ പറയുന്നു. ഭവിഷ്യത്തുകളെ അഭിമുഖീകരിക്കാൻ താൻ തയ്യാറാണെന്നും രമണൻ എന്ന വ്യക്തിയെയാണ് താൻ സ്നേഹിക്കുന്നതെന്നും ചന്ദ്രിക മറുപടി നൽകുന്നു. ഇരുവരുടെയും ചിന്തകളെ അവർ ജീവിക്കുന്ന സമൂഹത്തിന്റെ അധികാരരൂപങ്ങൾ സ്വാധീനിച്ചിരിക്കുന്നതായി കാണാം.

▶ രമണനും ചന്ദ്രികയും

### വരികൾ 4

“കണ്ടിട്ടില്ല ഞാനീവിധം മലർ-
ച്ചെണ്ടുപോലൊരു മാനസം,
..............................................
ഞാനുറങ്ങുവാൻ പോകയാണമ്മേ,
ഭാനു, ദീപമണച്ചേക്കൂ!”

### അർഥവിശദീകരണം

വിത്തം = ഐശ്വര്യം
തൃപ്പദം = ശ്രേഷ്ഠമായ പദം

### ആശയവിശദീകരണം

ഈ രംഗത്തിൽ ചന്ദ്രികയും തോഴി ഭാനുമതിയുമായുള്ള സംഭാഷണമാണുള്ളത്. രമണനെ പോലെ ഇത്രയും നിഷ്കളങ്കനായ ഒരാളെ താനിതുവരെ കണ്ടിട്ടില്ലായെന്ന് ചന്ദ്രിക പറയുന്നു. ഭാനുമതി അത് ശരിവെയ്ക്കുന്നു. രണ്ടുപേരും രമണന്റെ ഗുണങ്ങളും പ്രേമവായ്പും വിസ്തരിച്ചു പ്രതിപാദിക്കുന്നു. അപ്പോൾ ചന്ദ്രികയുടെ അമ്മയുടെ സ്വരം അണിയറയിൽ മുഴങ്ങുന്നു. മണി പതിനൊന്നായിട്ടും മകൾ ഉറങ്ങാത്തതിന്റെ കാരണം അവർ അന്വേഷിക്കുന്നതും ഇവിടെ ദൃശ്യമാണ്.

▶ ചന്ദ്രികയും ഭാനുമതിയും

### വരികൾ 5

"ആനന്ദത്തിന്റെ വെളിച്ചത്തിലിങ്ങനെ
ഞാനെന്നുമെന്നും കഴിഞ്ഞുവെങ്കിൽ
..................................................................
ഭാവനാലോലനായേകനായ് നീ
പോവുക, പോവുക, ജീവനാഥ!"

### അർഥവിശദീകരണം

| | | |
|---|---|---|
| അംഗുലീ സ്പർശനം | = | വിരൽ കൊണ്ട് തൊടുന്നത് |
| നികുഞ്ജം | = | വള്ളിക്കുടിൽ |

### ആശയവിശദീകരണം

> ▶ പ്രേമത്തിന് അർഹനാണോ എന്ന് സംശയമുള്ള രമണൻ

രംഗം വനത്തിലാണ് നടക്കുന്നത്. രമണനും മദനനും മരച്ചുവട്ടിൽ വിശ്രമിക്കുന്നു. രമണന്റെ മുഖം ആശങ്കാകുലമാണ്. താൻ ഈ പ്രേമത്തിന് അർഹനാണോ എന്നയാൾ മദനനോട് ചോദിക്കുന്നു. വിഷമം വെടിഞ്ഞു ധൈര്യം സംഭരിക്കാൻ അയാൾ രമണനോട് പറയുന്നു. ഇതേ സമയം കാടിന്റെ മറുവശത്തായി കുറെ ആട്ടിടയന്മാർ പ്രവേശിക്കുന്നു. അവരും ഇവരോടൊപ്പം ചേരുന്നു. അവർ വിഷയം മാറ്റുന്നു. എല്ലാവരും കൂടി വനത്തിന്റെ മറ്റൊരു ഭാഗത്തേക്ക് പോകുന്നു. അടുത്ത രംഗത്തിൽ ചന്ദ്രിക ഉദ്യാനത്തിൽ നിന്നും ഒരു പനിനീർ പൂ എടുത്തു രമണന് സമ്മാനിക്കുന്നു. എന്നിട്ട് രമണൻ ഏകനായതിന്റെ കാരണം തിരക്കുന്നു. കൂട്ടുകാരൻ ഇന്ന് വന്നില്ലായെന്നു അവൻ ചന്ദ്രികയോട് പറയുന്നു. താൻ ആടുകളെ മേയ്ക്കാൻ കൂടെ വന്നോട്ടെയെന്ന് അവൾ രമണനോട് ചോദിക്കുന്നു. പാടെമറന്നു നാം ഒന്നും ചെയ്യാൻ പാടില്ലായെന്ന് രമണൻ അവളോട് പറയുന്നു. രമണൻ ഈ വിധത്തിൽ തന്റെ സംസാരം തുടരുന്നു. ഒപ്പം വരണമെന്ന ചന്ദ്രികയുടെ ആവശ്യത്തെ അയാൾ തടയുന്നു. ശേഷം ആടുകളെയും കൊണ്ട് യാത്ര തുടരുന്നു.

### വരികൾ 6

"ഒരു നവസുരഭിലഭാവനയെ
ഓമനിച്ചോമനിച്ചാട്ടിടയൻ
..................................................................
നമ്മൾക്കു രണ്ടു വഴിയായിവിടെവെ-
ച്ചന്നേക്കുമായിപ്പിരിയാം സുമംഗളം'

### അർഥവിശദീകരണം

| | | |
|---|---|---|
| കോകിലം | = | കുയിൽ |
| ഇദം | = | ഇപ്രകാരം |
| തുന്ദില | = | തടിച്ച |

### ആശയവിശദീകരണം

ഗായകസംഘം അവരുടെ പ്രേമത്തെ പുകഴ്ത്തുന്നു. ശേഷം ഒന്നാം രംഗത്തിൽ ചന്ദ്രികയും ഭാനുമതിയും ക്ഷേത്രദർശനം കഴിഞ്ഞു മടങ്ങുന്നു. അവരുടെ സംഭാഷണം രമണനെ പറ്റിയായിരുന്നു.

നാമൊക്കെ മനുഷ്യരല്ലേ, ഈ വിശുദ്ധപ്രേമത്തിനിടയിലും നിന്റെ മുഖത്തെന്താണ് ആശങ്കയെന്ന് ഭാനുമതി അവളോട് ചോദിക്കുന്നു. ഒന്നുമില്ലായെന്നു ചന്ദ്രിക പറയുന്നു. അങ്ങനെ ആ രംഗം അവസാനിക്കുന്നു. രംഗം രണ്ടിൽ രമണനും ചന്ദ്രികയും ഉദ്യാനത്തിൽ ഇരിക്കുന്നതായി കാണാം. അവർ പ്രണയത്തെപ്പറ്റി പറയുന്നു. രമണന്റെ ആശങ്ക അകറ്റാൻ ചന്ദ്രിക ഒരു മുല്ലമാല അവന്റെ കഴുത്തിൽ അണിയിക്കുന്നു. ഇത് വരണമാല്യമാണെന്നും അവൾ അവനെ അറിയിക്കുന്നു. കോഴി കൂവിയതോടെ രമണൻ അവളോട് യാത്രപറഞ്ഞു. രംഗം മൂന്നിൽ ചന്ദ്രികയുടെ മുറിയിൽ അവൾ ആകെ പരിഭ്രാന്തയായതുപോലെ നടക്കുന്നു. കൈയിൽ ഒരു കഠാരയുമുണ്ട്. തന്റെ വിവാഹം താനറിയാതെ നിശ്ചയിച്ചതറിഞ്ഞ് അവൾ വിഷമത്തോടെ മരിക്കാൻ തീരുമാനിക്കുന്നു. ശേഷം ചിന്താമഗ്നയായി ഇരിക്കുന്നു. കുറേനേരത്തിന് ശേഷം അവൾ ഒരു തീരുമാനത്തിലെത്തുന്നു. താനെന്തിനാണ് ഈവിധം വിലപിക്കുന്നത്? എന്തുവന്നാലും ജീവിതം ആസ്വദിക്കുവാനുള്ളതാണ്. മുന്തിരിച്ചാറുപോലുള്ള ജീവിതം നശിപ്പിക്കരുത്. ഇത്രയും നാൾ താൻ ഒരു മിഥ്യാലോകത്തായിരുന്നു. ആട്ടിടയന്റെ കൂടെയുള്ള ജീവിതം ദുസ്സഹമായിരിക്കും. അതിനാൽ ഞാൻ എല്ലാം മറക്കാൻ തുടങ്ങുന്നു. ഈ വിധം അവളുടെ മനോവ്യാപാരത്തിലൂടെ ഈ രംഗം അവസാനിക്കുന്നു.

▶ വരണമാല്യമണിയിച്ച പ്രണയം

## വരികൾ 7

"എന്തു നീയിനി ചൊൽകിലും ഘോരമാം
വഞ്ചനയാണിച്ചെയ്തതു, ചന്ദ്രികേ!
.....................................................................
ഉലകതിൽ നിരാശയ്ക്കു പത്രമായ്ത്തീർന്നു നീ
ഫലരഹിതമായി നിന്നാദർശ ജീവിതം"

## അർഥവിശദീകരണം

| | | |
|---|---|---|
| വചസ്സ് | = | വാക്ക് |
| ജഗത്ത് | = | ലോകം |
| ക്ഷുബ്ധം | = | ക്ഷോഭിച്ച |

## ആശയവിശദീകരണം

ചന്ദ്രികയുടെ ഈ മാറ്റം മനസ്സിലാക്കിക്കൊണ്ട് ഭാനുമതി അവിടെ എത്തുന്നു. ഈ വാർത്ത കേട്ടാൽ ആ ആട്ടിടയന്റെ ജീവിതം വളരെ കഷ്ടത്തിലാകുമെന്ന് അവൾ ചന്ദ്രികയോട് പറയുന്നു. അയാളെ എങ്ങനെ ഇത്തരത്തിൽ ചതിക്കാൻ നിനക്ക് തോന്നിയതെന്ന് ഭാനുമതി അവളോട് ചോദിക്കുന്നു. ഇത് ചതിയല്ല, ഞാൻ എന്റെ മാതാപിതാക്കളെ അനുസരിക്കുകയാണ് ചെയ്തതെന്ന് ചന്ദ്രിക പറയുന്നു. അതിനു ഭാനുമതി മറുപടി പറയുന്നു. ഇത് കൊടും പാതകമാണ്. ഒഴിഞ്ഞുമാറാൻ ശ്രമിച്ച അവനെ അടുപ്പിച്ചത് നീയാണെന്നും ഓർമ്മിപ്പിക്കുന്നു. ചന്ദ്രികയുടെ മറുപടി ഇപ്രകാരമാണ്: ഞാനൊരു തെറ്റും ചെയ്തിട്ടില്ല. ആ ഗായകൻ അതെല്ലാം മറക്കും, എന്നെ അവൻ ഇനിമേലെ ഒരു പൊന്നനുജത്തിയായി സ്നേഹിക്കും. അവളുടെ ഈ വാക്കുകൾ കേട്ട് ഭാനുമതി ഞെട്ടുകയും

▶ രമണനെ മറക്കുന്ന ചന്ദ്രിക

വിഷാദത്തോടെ അവിടെ നിന്ന് യാത്ര പറയുകയും ചെയ്യുന്നു. അഞ്ചാം രംഗത്തിൽ രമണനും മദനനും കണ്ടുമുട്ടുന്നു. രമണൻ വർധിച്ച വിഷമത്തോടെ ഉന്മേഷമില്ലാതെ ഇരിക്കുകയും കരയുകയും ചെയ്യുന്നു. മദനൻ അയാളെ ആശ്വസിപ്പിക്കുകയും ചന്ദ്രികയെ പഴിക്കുകയും ചെയ്യുന്നു. അവന്റെ വാക്കുകൾ രമണനെ വിഷമിപ്പിക്കുന്നു. അയാൾ തന്റെ സുഹൃത്തിനോട് അവളെപ്പറ്റി കുറ്റം പറയരുതെന്ന് പറയുന്നു. മദനൻ അതനുസരിക്കുന്നു. ഗായകസംഘം അവിടെയെത്തുകയും ഗാനമാലപിക്കുകയും ചെയ്യുന്നു.

## വരികൾ 8

"മദന, ഞാനെന്തു പറയട്ടെ! മമ
ഹൃദയം നീറുന്നു പുകയുന്നു!
.........................................................
അസ്സൗഹൃദാശ്രുക്കൾ കണ്ടുകൊണ്ടെങ്കിലു-
മാശ്വസിക്കട്ടെയൊന്നിപ്രേമഗായകൻ"

## അർഥവിശദീകരണം

| | | |
|---|---|---|
| താഡനം | = | അടി |
| നീഹാരം | = | മഞ്ഞ് |
| ഗർവം | = | അഹങ്കാരം |
| കണ്ഠം | = | കഴുത്ത് |

## ആശയവിശദീകരണം

രമണൻ വനത്തിൽ മദനനോടൊപ്പം ഇരിക്കുന്നു. രമണന്റെ മുഖം വിളറി വിഷാദകലുഷിതമായി ഇരിക്കുന്നു. തനിക്കിതു സഹിക്കാൻ വയ്യെന്നും ഈ ജീവിതത്തേക്കാൾ മരണമാണ് നല്ലതെന്നും അയാൾ പറയുന്നു. മദനൻ അയാളെ ആശ്വസിപ്പിക്കുന്നു. നീ ഒരു ശിശുവിനെപ്പോലെ ഇങ്ങനെ കരയരുതെന്നും വരുന്നതെല്ലാം ശുഭമാണെന്ന് കരുതണമെന്നും പറയുന്നു. ലോകത്തു തന്റെ പ്രണയ നാടകം അവസാനിപ്പിക്കാറായെന്നും അയാൾ പറയുന്നു. നീ ഒരിക്കലും അത്തരത്തിൽ ചിന്തിക്കരുതെന്നും മദനൻ രമണനോട് പറയുന്നു. രംഗം രണ്ടിൽ ചന്ദ്രികയുടെ വിവാഹനാളിനെ വർണ്ണിക്കുന്നു. വനത്തിന്റെ മറുവശത്തു മദനൻ പാറപ്പുറത്തിരിക്കുന്നു. അയാൾ ചന്ദ്രികയോടെന്നപോലെ വാക്കുകൾ പറയുന്നു, നീ എന്തിനാണ് എന്റെ സുഹൃത്തിനെ ചതിച്ചത്, സുന്ദരമായ മുരളികൾ നീ എന്തിനാണ് തല്ലി തകർത്തത്, ഞാൻ എങ്ങനെയാണ് അവനെ ആശ്വസിപ്പിക്കുന്നത്, എന്നീവിധം അയാൾ പറയുന്നു. അടുത്ത രംഗത്തിൽ അർധരാത്രിയിലെ വനാന്തർഭാഗം. രമണൻ നിരാശനായി ആത്മഹത്യ ചെയ്തു. പ്രഭാതത്തിൽ മദനൻ ആടുകളെയും തെളിച്ചുകൊണ്ട് പതിവുപോലെ വനത്തിൽ പ്രവേശിക്കുന്നു. രമണനെ അവിടെങ്ങും കാണാഞ്ഞതിനാൽ മദനൻ അസ്വസ്ഥനായിരുന്നു. അവിചാരിതമായി തനിക്കു അനുഭവപ്പെട്ട ആശങ്കയിൽ മദനൻ വിഷമിക്കുന്നു. അവനെ കാണാത്തതിൽ വിഷമിച്ചുകൊണ്ട് അയാൾ കാടാകെ അലഞ്ഞു. പതിവില്ലാതെ നീ താമസിക്കുന്നതിന് കാരണമെന്താണ്, സുന്ദരമായ പ്രഭാതത്തെ

▶ മരിച്ചുകിടന്ന രമണനെ കണ്ട മദനന്റെ വിലാപം

വർണ്ണിച്ചു പാടാറുള്ള എന്റെ കൂട്ടുകാരൻ എവിടെ? എന്നെല്ലാം സ്വയം വിലപിച്ചു കൊണ്ട് അയാൾ നടന്നു. അപ്പോൾ അവിടെ ആത്മഹത്യ ചെയ്ത രമണനെ കാണുന്നു. അത് കണ്ട മദനനും മറ്റ് ആട്ടിടയന്മാരും ഇടിവെട്ടേറ്റതു പോലെ നിന്ന് പോയി, മദനൻ ബോധംകെട്ടുവീണു. ബോധം വന്ന അവൻ വിലപിക്കുവാൻ തുടങ്ങി. ഈ വിധം നീ എന്തിനാണ് പ്രവർത്തിച്ചത്, ചന്ദ്രിക പോയാലും നിന്റെ നാദം കൊണ്ടും നീ ഈ ലോകത്തെ മാറ്റുമല്ലോ. എന്നീ വിധം മദനൻ കരഞ്ഞും പറഞ്ഞും വിലപിക്കുന്നതോടെ ഈ കാവ്യം അവസാനിക്കുന്നു.

## Summarised Overview

രമണൻ എന്ന ഇടയബാലനും ചന്ദ്രിക എന്ന പ്രഭുകുമാരിയും തമ്മിലുള്ള പ്രണയവും, ചന്ദ്രികയാൽ വഞ്ചിതനാകുന്ന രമണന്റെ ആത്മഹത്യയുമാണ് ഇതിലെ പ്രധാന കഥാതന്തു. അവരുടെ പ്രണയത്തെ സഹായിക്കാൻ രമണന്റെ കൂട്ടുകാരനായ മദനനും ചന്ദ്രികയുടെ തോഴിയായ ഭാനുമതിയും ഉണ്ടായിരുന്നു. നായകനായ രമണൻ ലോകാപവാദത്തെ ഭയന്ന് ഈ ബന്ധത്തിൽ നിന്നും പിന്മാറാൻ ചന്ദ്രികയോട് പലതവണ ആവശ്യപ്പെട്ടു. എന്നാൽ ചന്ദ്രിക അതിന് തയ്യാറായില്ല. കാലം കടന്നുപോയി. അവരുടെ ബന്ധം കൂടുതൽ ദൃഢമായിക്കൊണ്ടിരുന്നു. എന്നാൽ അച്ഛന്റെ ആവശ്യപ്രകാരം ചന്ദ്രിക മറ്റൊരാളെ വിവാഹം കഴിക്കാൻ തീരുമാനിക്കുകയും രമണനെ നിഷ്കരുണം മറക്കുകയും വെറുക്കുകയും ചെയ്തു. അവളുടെ ഈ മാറ്റത്തിൽ രമണൻ അങ്ങേയറ്റം വിഷമിച്ചു. ഭാനുമതിയും മദനനും അവളുടെ ഈ തീരുമാനത്തിൽ വിഷമിക്കുകയും അവളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ ചന്ദ്രിക കഴിഞ്ഞതൊക്കെയും മറന്നു കൊണ്ട് വിവാഹത്തിനൊരുങ്ങുന്നു. വിവാഹനാൾ രമണൻ ആത്മഹത്യ ചെയ്യുന്നു. മൃതദേഹം കാണുന്ന മദനന്റെ വിലാപത്തോടെ കാവ്യം അവസാനിക്കുന്നു.

1936 - ൽ പ്രസിദ്ധീകരിക്കപ്പെട്ട കാലം മുതൽ, എല്ലാ ഭേദങ്ങൾക്കുമപ്പുറത്ത് ഹൃദ്യമായി സ്വീകരിക്കപ്പെട്ട ഈ കൃതി ലളിതമായ വാക്കുകളാൽ ജീവിതത്തെ മനോഹരമായി ആവിഷ്കരിച്ച ഒന്നാണ്. ഗ്രാമീണ ഭംഗിയുടെ പശ്ചാത്തലം, തീർത്തും ഗ്രാമീണമായ ഒരു പ്രണയബന്ധം, ആ ബന്ധത്തിന് അനുയോജ്യമായ ഭാവനിർമ്മാണം മുതലായ പ്രത്യേകതകൾ കാവ്യത്തിന്റെ സ്വീകാര്യതക്ക് സഹായകമായ ഘടകങ്ങളാണ്. രണ്ടുലക്ഷത്തിലേറെ കോപ്പികൾ വിറ്റഴിഞ്ഞ കാവ്യം സാർവജനീനമായ ആസ്വാദനത്തിന്റെ ചിത്രം തന്നെയാണ് നൽകുന്നത്.

പ്രണയബന്ധത്തിലെ സാമ്പത്തിക ഏറ്റക്കുറച്ചിലും സാമൂഹ്യപദവിയുമടക്കം വിഷയമാകുന്ന കാവ്യം പ്രമേയപരിചരണത്തിന്റെ കരുത്തിൽ ഇന്നും കാലാതിവർത്തിയായി വായിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കവികൾ ഒരു അതീതലോകം സൃഷ്ടിക്കുന്നതിൽ എത്രകണ്ടു വിജയിക്കുന്നുവോ അത്രകണ്ട് ആ കവിതകൾ കാലത്തെ കവിഞ്ഞുപോകുന്നു. ഓരോ പുതിയ തലമുറയും അതിൽനിന്ന് പുതിയ അർഥവ്യവസ്ഥകൾ കണ്ടെടുക്കുന്നു. 'രമണൻ' എന്ന കൃതിയെക്കുറിച്ചുള്ള ആലോചനകൾ പലപ്പോഴും ആരംഭിക്കുന്നത് അതിനു ലഭിച്ച അഭൂതപൂർവമായ സ്വീകരണത്തെക്കുറിച്ചുള്ള വിചാരണകളോടെയാണ്. 'മധുരനാരങ്ങപോലെ വിറ്റഴിഞ്ഞു' എന്ന മുണ്ടശ്ശേരിയുടെ പ്രയോഗം 'രമണന്റെ' ജനപ്രിയതയുടെ എക്കാലത്തെയും ശക്തമായ ലാവണ്യരൂപകമായി മാറിയിട്ടുണ്ട്. 'രമണനെ'ക്കുറിച്ചുള്ള എല്ലാ ചിന്തകളും അതിന്റെ ജനപ്രിയതയുടെ അടിസ്ഥാനംകൂടി തേടുന്നതാവുന്നു.

പ്രണയനിരാസം ഒരാളുടെ ജീവത്യാഗത്തിൽ കലാശിക്കുന്ന ദുരന്തകാവ്യം കൂടിയാണ് 'രമണൻ'. താദാത്മീകരണം സുനിശ്ചിതമോ സുലളിതമോ അല്ല. രമണന്റെ ദുരന്തം ഒരു ജനതയുടെ ദുരന്തമായി വായിക്കപ്പെടാനുള്ള സാധ്യതയാണ് ചങ്ങമ്പുഴ തുറന്നിട്ടത്. ആ അർഥത്തിൽ കേരളത്തിലെ ആദ്യത്തെ പുരോഗമന സാഹിത്യകൃതികളിലൊന്നാണ് 'രമണൻ'. കമ്മ്യൂണിസവുമായും പുരോഗമന സാഹിത്യവുമായും ചങ്ങമ്പുഴയ്ക്കുണ്ടായിരുന്ന ബന്ധത്തിന്റെ സന്ദിഗ്ധത തന്റെ ഈ ആദ്യകാല കൃതിയിൽത്തന്നെ അദ്ദേഹം വരച്ചിടുകയായിരുന്നു. അതുവഴി കേരളീയ സമൂഹം അതുവരെ അഭിമുഖീകരിച്ചിട്ടില്ലാത്ത വൈരുധ്യങ്ങളെ തുറന്ന പാഠങ്ങളാക്കി അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. എൺപത്തഞ്ചു വർഷങ്ങൾക്കുശേഷം ഈ കൃതി കേവലമൊരു പ്രണയകാവ്യം മാത്രമായി വായിക്കപ്പെടുന്നുണ്ടെങ്കിൽ അത് നമ്മുടെ വായനശീലങ്ങളിലെ യഥാസ്ഥിതികത്വംകൊണ്ടുകൂടിയാണ്. ആധുനിക കേരളത്തെ അടയാളപ്പെടുത്തിയ സാമൂഹ്യ ചലനങ്ങളോടുള്ള ആഭിമുഖ്യവും അവിശ്വാസവും ഈ കൃതിയിൽ അന്തർലീനമായിട്ടുണ്ട്. അങ്ങനെ ആധുനിക കേരളത്തിന്റെ ഒരു രാഷ്ട്രീയമുഹൂർത്തത്തെ ഈ കൃതി കൂടുതൽ അഗാധവും ചരിത്രബദ്ധവുമാക്കിത്തീർക്കുക കൂടിയായിരുന്നു എന്ന് തിരിഞ്ഞുനോക്കുമ്പോൾ കാണാവുന്നതാണ്.

## Assignments

1. വിലാപകാവ്യ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ 'രമണൻ' എന്ന കാവ്യത്തെ മുൻനിർത്തി വിലയിരുത്തുക.
2. മലയാള വിലാപകാവ്യപ്രസ്ഥാനത്തിലെ ഒരു നാഴികക്കല്ലാണ് 'രമണൻ'- അപഗ്രഥിക്കുക.
3. മലയാളകാവ്യചരിത്രത്തിൽ രമണൻ എന്ന കൃതിയുടെ സ്ഥാനം എന്തെന്ന് വിശദീകരിക്കുക.
4. രമണൻ സമൂഹത്തിന് മുന്നിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾ വിശകലനം ചെയ്യുക.
5. ഇടയവിലാപകാവ്യം എന്ന നിലയിൽ രമണനെ വിലയിരുത്തുക.
6. പ്രണയനിരാസം ഒരാളുടെ ജീവത്യാഗത്തിൽ കലാശിക്കുന്ന ദുരന്തകാവ്യമാണ് രമണൻ. പരിശോധിക്കുക.
7. ആധുനിക കേരളത്തെ അടയാളപ്പെടുത്തിയ സാമൂഹ്യചലനങ്ങളോടുള്ള ആഭിമുഖ്യവും അവിശ്വാസവും രമണനിൽ കാണാം. സമർഥിക്കുക.

## References


1. ഡോ. എം. ലീലാവതി, കവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. ഡോ. കെ. എം. ജോർജ്, ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.

3. ഡോ. ഡി. ബഞ്ചമിൻ, കാല്പനികത മലയാള കവിതയിൽ, അയന ബുക്സ്, തിരുവനന്തപുരം.
4. എം. ലീലാവതി, വർണ്ണരാജി, എസ്.പി.സി.എസ്, കോട്ടയം
5. ഹൃദയകുമാരി, കാല്പനികത, മാതൃഭൂമി ബുക്സ്, കോഴിക്കോട്

## Suggested Readings

1. സുകുമാർ അഴീക്കോട്, രമണനും മലയാള കവിതയും, ഡി. സി. ബുക്സ്, കോട്ടയം.
2. എം. കെ. സാനു, ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം, ഡി. സി. ബുക്സ്. കോട്ടയം.
3. എസ്. ഗുപ്തൻ നായർ, അസ്ഥിയുടെ പൂക്കൾ ചങ്ങമ്പുഴ: കവിയും കവിതയും, കറന്റ് ബുക്സ്, തൃശൂർ.
4. എം. എൻ. വിജയൻ, ചങ്ങമ്പുഴ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# നവകാല്പനികത

# BLOCK-02

## Block Content


Unit 1

| | | |
|---|---|---|
| പഥികന്റെ പാട്ട് | - | ജി. ശങ്കരക്കുറുപ്പ് |

Unit 2

| | | |
|---|---|---|
| 1. കന്നിക്കൊയ്ത്ത് | - | വൈലോപ്പിള്ളി ശ്രീധരമേനോൻ |
| 2. നിത്യമേഘം | - | അക്കിത്തം അച്യുതൻ നമ്പൂതിരി |

Unit 3

| | | |
|---|---|---|
| സർഗ്ഗസംഗീതം | - | വയലാർ രാമവർമ്മ |

Unit 4

| | | |
|---|---|---|
| രാത്രിമഴ | - | സുഗതകുമാരി |

Unit 1

# പഥികന്റെ പാട്ട്

ജി. ശങ്കരക്കുറുപ്പ്

## Learning Outcomes

- സിംബോളിക് പ്രവണതയെക്കുറിച്ച് അറിവ് നേടുന്നു
- ജി. ശങ്കരക്കുറുപ്പിന്റെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- 'പഥികന്റെ പാട്ട്' എന്ന കവിതയുടെ രൂപപരവും ഭാവപരവുമായ സവിശേഷതകളെക്കുറിച്ച് ധാരണയുണ്ടാകുന്നു
- കാല്പനികത കവിതയുടെ പ്രത്യേകതകൾ ഗ്രഹിക്കുക

## Background

'ഒരു ഹ്യൂമനിസ്റ്റ് കവി' എന്ന് കേസരി ബാലകൃഷ്ണപിള്ള ('നിമിഷ'ത്തിന്റെ അവതാരിക)യും 'മഹാനായ ദാർശനിക കവി' എന്ന് പ്രൊഫ. എം. ലീലാവതി (വർണ്ണരാജി)യും വിശേഷിപ്പിച്ച കവിയാണ് ജി. ശങ്കരക്കുറുപ്പ്. ജി. യുടെ സാഹിത്യ ജീവിതം ആരംഭിക്കുന്നത് ആധുനിക കവിത്രയത്തിന്റെ സുവർണ്ണകാലത്താണ്. സമകാലികരായ എല്ലാ കവികളെയും കടന്ന് ബഹുദൂരം മുന്നിലേക്കുപോകാൻ ജി. യ്ക്ക് കഴിഞ്ഞു. ആധുനിക കവിത്രയത്തിന്റെ കവിതകൾ സ്വാധീനിച്ച ഒരു ഭൂതകാലം തനിക്കുണ്ടെന്ന് ജി. പറഞ്ഞിട്ടുണ്ട്. കാല്പനികതയും റിയലിസവും മാർക്സിയൻ സാഹിത്യചിന്തകളും മലയാളത്തിൽ നിലനിന്ന കാലത്താണ് ജി. യുടെ രചനകൾ പിറവികൊണ്ടത്.

മിസ്റ്റിക് കവി, സിംബോളിക് കവി, പ്രകൃതിഗായകൻ തുടങ്ങിയ ശീർഷകങ്ങളിൽ പലരും ജി. യെ വിലയിരുത്തിയിട്ടുണ്ട്. പ്രകൃതിയും പ്രണയവും ഒത്തുചേർന്നലിഞ്ഞ അനുഭൂതിയായിരുന്നു അദ്ദേഹത്തിന്റെ ആദ്യകാലകവിതകളുടെ ഒരു സവിശേഷത. പില്ക്കാലത്ത് ദേശാഭിമാനം തുളുമ്പുന്ന രചനകളിലേയ്ക്ക് ജി. നടന്നുതുടങ്ങി.

ഒരു 'സിംബലിസ്റ്റ്' കവി കൂടിയാണ് ജി. ശങ്കരക്കുറുപ്പ്. സിംബലിസ്റ്റ് കവി പ്രതിരൂപങ്ങളിലൂടെ അനുഭവങ്ങളും അനുഭൂതികളും അവതരിപ്പിക്കുന്നു. 'സാഹിത്യകൗതുക'ത്തിലെ ചില കവിതകൾ സിംബോളിക് ധാരയിൽ ഉൾപ്പെടുന്നു. മലയാളത്തിലെ വലിയ സിംബോളിക് കവിയായാണ് കേസരി എ. ബാലകൃഷ്ണപിള്ള ജി. യെ വിലയിരുത്തിയത്. സമകാലിക വിഷയങ്ങളും ജി. യുടെ കവിതയിൽ കാണാനാവും. നിയോക്ലാസിക്കും റൊമാന്റിക്കുമായ ഒരു ലാവണ്യബോധമാണ് ജി. യുടെ കവിത സമ്മാനിക്കുന്നത്. ജി. യുടെ പ്രതീകാത്മക കാവ്യഭാഷ സാധാരണക്കാർക്കുള്ളതല്ല. കാല്പനിക ലാളിത്യം ജി. യുടെ കവിതകൾക്കധികമില്ല. മലയാളിക്ക് അന്ന് അപരിചിതമായിരുന്ന ചില പുതിയ ഭാവമേഖലകൾ ജി. കാട്ടിക്കൊടുത്തു.

പ്രധാന കൃതികൾ: പെരുന്തച്ചൻ, സൂര്യകാന്തി, നിമിഷം, ഓടക്കുഴൽ, പഥികന്റെ പാട്ട്, വിശ്വദർശനം, ജീവനസംഗീതം, സാഹിത്യകൗതുകം, പൂജാപുഷ്പം, ദിവ്യപുഷ്പം, എന്റെ വേളി, കാറ്റേ വാ കടലേ വാ, ഇളംചുണ്ടുകൾ ഓലപ്പീലി, ചന്ദനക്കട്ടിൽ, പാഥേയം


## Keywords

കാല്പനികത – മൃത്യുബോധം – ആസ്തിക്യബോധം - ബിംബകല്പനകൾ,പ്രതീകം


## Discussion

മഹാദാർശനികനായ കവി, സിംബോളിക് മിസ്റ്റിക് പ്രവണതകളെ മലയാളകവിതയിൽ അവതരിപ്പിച്ച കവി എന്നീ നിലകളിൽ ജി. ശങ്കരക്കുറുപ്പിന് മലയാളകവിതാസാഹിത്യചരിത്രത്തിൽ സവിശേഷ സ്ഥാനമുണ്ട്. കവിത്രയത്തിന്റെ കാലത്തിന് തൊട്ടുപിറകെ മലയാള കവിതാസാഹിത്യത്തിൽ തന്റേതായ ഒരു മേഖല സൃഷ്ടിക്കാൻ ജി. ശങ്കരക്കുറുപ്പിന് സാധിച്ചു (കവിത്രയത്തിന്റെ കവിതയുടെ വിവിധ തരത്തിലുള്ള സ്വാധീനം ജി. യിൽ സ്വാഭാവികമായും ഉണ്ടായിരുന്നു). 1965-ൽ ഭാരതത്തിലെ ആദ്യ ജ്ഞാനപീഠപുരസ്കാരം (ഓടക്കുഴൽ എന്ന കൃതിക്ക്) ജി. ശങ്കരക്കുറുപ്പിന് ലഭിച്ചു. കാളിദാസന്റെ 'മേഘസന്ദേശം', രവീന്ദ്രനാഥ ടാഗോറിന്റെ 'ഗീതാഞ്ജലി', ഓമർഖയ്യാമിന്റെ 'റുബായിയാത്ത്' തുടങ്ങിയ കൃതികൾ ജി. ശങ്കരക്കുറുപ്പ് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗതമായ സംസ്കൃത വിദ്യാഭ്യാസവും നിയോക്ലാസിക് കാവ്യശിക്ഷണവുമാണ് ജി. ശങ്കരക്കുറുപ്പിന് ലഭിച്ചിട്ടുള്ളത്. പാണ്ഡിത്യപ്രധാനവും സങ്കേതബദ്ധവുമായ മുക്തകങ്ങളും ആദ്യകാലത്ത് അദ്ദേഹം രചിച്ചിട്ടുണ്ട്.

▶ മലയാളത്തിലെ ആദ്യ ജ്ഞാനപീഠ പുരസ്കാരം

വള്ളത്തോളിന്റെ 'സാഹിത്യമഞ്ജരി'കളെ അനുസ്മരിച്ചുകൊണ്ട് 'സാഹിത്യകൗതുകം' നാല് ഭാഗങ്ങളാണ് ജി. ആദ്യം പ്രസിദ്ധീകരിച്ചത്. മൗലികമായ ജീവിതപ്രതികരണങ്ങളുടെ ശക്തമായ സ്ഫുരണങ്ങൾ ആദ്യകാല കവിതകൾ മുതൽ കാണാൻ സാധിക്കും. സമകാലികവും ആശയപരവും ആവിഷ്കാരപരവുമായ അറിവുകൾ ഉൾക്കൊണ്ടാണ് ജി. യുടെ കാവ്യദർശനം വികസിച്ചത്.

▶ സമകാലികമായ അറിവുകൾ

## ജി. യുടെ കാവ്യദർശനം

ജി. യുടെ ആദ്യകാല കവിതകളിൽ മൃത്യുബോധവും ജീവിതത്തിന്റെ അനിശ്ചിതത്വത്തെക്കുറിച്ചുള്ള ബോധവും ഒരു അടിസ്ഥാന പ്രവണതയായി കാണപ്പെടുന്നുണ്ട്. കാലം-മരണം-ഇവ ഉണർത്തുന്ന

അദ്ഭുതവും ഭയവും ശോകവും ജി. യുടെ കവിതകളുടെ ശക്തമായ അന്തർധാരയാണ്. 'ഇന്നു ഞാൻ നാളെ നീ', 'സൂര്യകാന്തി', 'എന്റെ വേളി' എന്നീ കവിതകളിൽ ഉൽക്കടമായ മൃത്യുഭീതിയുടെ നിഴൽ കാണാം. കാലത്തിന്റെ സർഗാത്മകതയെ തിരിച്ചറിഞ്ഞുകൊണ്ട് എഴുതിയ കവിതയാണ് 'നിമിഷം'. 'ജീവന സംഗീതം' എന്ന സമാഹാരത്തിലെ മിക്ക കവിതകളും മൃത്യുചിന്തയിൽനിന്ന് ഉടലെടുത്തവയാണ്. 'പഴയ വാച്ച്', 'നിഴലുകൾ നീളുന്നു' തുടങ്ങിയ കവിതകൾ മരണഭീതിയിൽ നിന്ന് രക്ഷപ്പെടാനുള്ള വെമ്പൽ പ്രതിഫലിപ്പിക്കുന്നവയാണ്. മരണത്തെ ആദർശവൽക്കരിക്കുന്നതിലൂടെ അതിനെ മെരുക്കിയെടുക്കാൻ കവി ശ്രമിക്കുന്നു. പക്ഷേ അത് പൂർണ്ണമായും സാധിക്കുന്നില്ല.

▶ കാലം - മരണം - ഭയം

"മുരളിരാഗമധുരനാമൊരുയാത്രികൻ
..........................................................................
നിത്യമാനസാബന്ധങ്ങൾ നിരാലംബങ്ങളൂഴിയിൽ''

എന്നുമുള്ള വരികളിൽ കവിയുടെ മൃത്യുചിന്തയാണ് പ്രതിഫലിക്കുന്നത്.

ജി. യുടെ കവിതയിൽ പ്രകടമാകുന്ന മറ്റൊരു പ്രവണതയാണ് ആസ്തിക്യബോധം. ഈശ്വരസ്തവങ്ങളുടെ രൂപത്തിലുള്ള മുക്തകങ്ങൾ ആദ്യകാലത്ത് അദ്ദേഹം ധാരാളം എഴുതിയിട്ടുണ്ട്. 'സാഹിത്യ കൗതുക'ത്തിന്റെ നാലു ഭാഗങ്ങളും ആരംഭിക്കുന്നത് ഈശ്വര പരാമർശത്തിലാണ്. പ്രകൃതിസൗന്ദര്യവും, വിശ്വത്തിന്റെ അമേയത ഉണർത്തുന്ന അദ്ഭുതവും, വിശ്വശക്തിയോടുള്ള ആരാധനയും, സ്വാതന്ത്ര്യേച്ഛയും കവിതകളിൽ പ്രകടമാണ്. ആദ്യഘട്ടത്തിൽ വളരെ പ്രകടവും സ്ഥൂലവുമായി പ്രത്യക്ഷപ്പെട്ട ആസ്തിക്യമനോഭാവം ക്രമേണ നിഗൂഢാത്മകവും സൂക്ഷ്മവുമായിത്തീരുന്നു. കവി അമൂർത്തമായ പ്രകൃതിചേതനയെ തേടുകയും, പ്രകൃതിയെന്ന മാധ്യമത്തിലൂടെ ആ പ്രഭാവവുമായി സംവദിക്കുകയും ചെയ്യുന്നു. 'പുഷ്പഗീതം', 'വനപുഷ്പം', 'പങ്കജഗീതം' തുടങ്ങിയ കവിതകൾ ഈ വിഭാഗത്തിൽ പെടുന്നവയാണ്. 'വിശ്വദർശനം', 'ശിവതാണ്ഡവം' തുടങ്ങിയ കവിതകളിൽ ആസ്തിക്യബോധജന്യമായ അനുഭൂതികൾ പ്രതീകങ്ങളിലൂടെ പരോക്ഷമായി ധ്വനിപ്പിക്കുന്നു.

▶ ആസ്തിക്യബോധം

ജി. യുടെ ആസ്തിക്യബോധത്തിന് മൃത്യബോധത്തോട് ജൈവബന്ധം ഉണ്ട്. ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ചുള്ള ബോധം അനശ്വരത നേടാനുള്ള വെമ്പൽ ശക്തമാക്കുന്നു. മരണാതീതസത്തയുമായി സാത്മ്യം പ്രാപിക്കുന്നതിലൂടെ മൃത്യുഭീഷണിയുടെ സംഘർഷം മറികടക്കാൻ കവി ശ്രമിക്കുന്നു. ജി. യുടെ പില്ക്കാലകവിതകളിൽ ഭക്തിഭാവം കൊണ്ട് ദീപ്തമായ മൃത്യുബോധം കാണാനാകും. ആത്മഭാവനിഷ്ഠമായ ഭാവനാവ്യാപാരത്തിൽ മുഴുകുമ്പോഴും, സമകാലിക സാമൂഹിക-രാഷ്ട്രീയ സംഭവങ്ങളോട് പ്രതികരിക്കാനും കവി മറന്നിട്ടില്ല. മനുഷ്യമഹത്വത്തിൽ അഭിമാനിക്കുകയും സമൂഹത്തിന്റെ ധാർമ്മികാധഃപതനങ്ങളിൽ ആശങ്കാകുലനാകുകയും ചെയ്യുന്ന മാനവികതാബോധം ജി. യിൽ പ്രകടമാണ്.

▶ മനുഷ്യമഹത്വബോധം

ബിംബാത്മകമായ ഒരു കാവ്യഭാഷയാണ് ജി. ക്കുള്ളത്. ആദ്യകവിതകൾ മുതൽ കാണുന്ന ഈ പ്രവണത ക്രമേണ വികാസം പ്രാപിച്ച് പൂർണ്ണത കൈവരിക്കുന്നു. ഫ്രഞ്ച് സിംബലിസ്റ്റുകളുടെ സവിശേഷതകൾ ജി. യിൽ പൂർണ്ണമായി പ്രകടമല്ലെങ്കിലും പ്രതീകനിഷ്ഠമായ അന്തർഭാവാവിഷ്കർത്താവെന്ന നിലയിൽ അദ്ദേഹം സിംബോളിക് കവിയായി പരിഗണിക്കപ്പെടുന്നു. പൂർണ്ണമായ അർഥത്തിൽ കവിതയെ കാല്പനികമാക്കാൻ ജി. ക്ക് സാധിച്ചിട്ടില്ല. ക്ലാസിക്, നിയോക്ലാസിക് പ്രവണതകളുടെ അംശങ്ങൾ ജി. യിൽ അവശേഷിച്ചിട്ടുണ്ട്. കാവ്യഭാഷ ബിംബാത്മകമാണെങ്കിലും പാണ്ഡിത്യപ്രാധാന്യത്തോടു കൂടിയതാണ്. കാല്പനികമായ ലാളിത്യം, മാർദവം, സംഗീതാത്മകത തുടങ്ങിയവ ജി. കവിതകളിൽ കുറവാണ്. ദീർഘ പദപ്രയോഗങ്ങൾ, വ്യംഗ്യമായ തത്വജ്ഞാനാവതരണം തുടങ്ങി കാല്പനികോചിതമല്ലാത്ത ചില ഘടകങ്ങളിൽ ജി. ക്ക് അഭിനിവേശമുണ്ടായിരുന്നു. എങ്കിലും മലയാളകവിതയിൽ അന്നുവരെ കാണപ്പെടാതിരുന്ന പല നവ്യചാരുതകളും ജി. പകർന്നുതന്നു. 'ഓടക്കുഴൽ', 'സൂര്യകാന്തി', 'അന്തർദാഹം', 'പഥികന്റെ പാട്ട്', 'ജീവനസംഗീതം', 'പാഥേയം' എന്നിവയാണ് പ്രധാനകൃതികൾ.

- ബിംബാത്മകമായ കാവ്യഭാഷ

## പഥികന്റെ പാട്ട്

## വരികൾ

മുകളിൽ മിന്നുന്ന താരമേ,ചൊൽക നീ  
യകലെയെങ്ങാനും പ്രഭാതമുണ്ടോ?  
അരിമ കോലുന്ന നിന്നാനനമിങ്ങനെ  
വിരിവതെന്തത്ഭുതഹർഷവായ്പാൽ?  
കുളിർ കോരിയിട്ടിട്ടും നിന്നോടൊപ്പം കിട  
ന്നിളകുകയാണെന്നുണർന്ന ജീവൻ.  
തരളമാം നിൻകണ്ണിലോമനേ,കാണ്മു ഞാൻ  
ചിരിയോ,തിളങ്ങുന്ന കണ്ണുനീരോ?

## അർഥവിശദീകരണം

| | | |
|---|---|---|
| ചൊൽക | = | പറയുക |
| അരിമ | = | പ്രിയമുള്ള |
| ആനനം | = | മുഖം |
| ഹർഷം | = | സന്തോഷം |

## ആശയവിശദീകരണം

ആകാശത്ത് തിളങ്ങുന്ന നക്ഷത്രത്തെ നോക്കി, മരുഭൂമിയിലെ ഒരു ഏകാന്തപഥികൻ, അകലെയെങ്ങാനും പ്രഭാതം ഉണ്ടോ എന്ന് അന്വേഷിക്കുന്നു. തുടർന്ന് താരകയുടെ ദീപ്തിയെക്കുറിച്ച് പറയുകയാണ്. ''മനോഹരമായ നിന്റെ മുഖം എന്താണ് അദ്ഭുത ഹർഷവായ്പാൽ ഇങ്ങനെ വിരിഞ്ഞു നിൽക്കുന്നത്! കുളിരുകോരിയിട്ടിട്ടും എന്റെ ഉണർന്ന ജീവൻ നിന്നോടൊപ്പം കിടന്ന് ഇളകുകയാണ്. തരളമായ നിന്റെ കണ്ണിൽ തിളങ്ങുന്നത് ചിരിയാണോ കണ്ണുനീരാണോ?.'' വർത്തമാനകാലത്തിന്റെ വ്യഥകളനുഭവിക്കുന്ന കവിയുടെ ഹൃദയമാണ്

- അകലെ എവിടെയെങ്കിലും പ്രകാശമുണ്ടോ?

ഈ വരികളിൽ തെളിഞ്ഞു കാണുന്നത്. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ യുവത്വം ഉയർത്തിയ ചോദ്യങ്ങളാണ് വരികളുടെ ആന്തരികാർഥത്തെ നിർണ്ണയിക്കുന്നത്.

### വരികൾ

ഇരുളിൽനിന്നെന്നുമിരുളിലേക്കും സ്വയം
മരുവിൽ നിന്നെന്നും മരുവിലേയ്ക്കും
പലയുഗമായിക്കടന്നു ചുറ്റിത്തിരി
ഞ്ഞലയും മനസ്സിൻ ദുരന്തദാഹം.
ഉലകിലെ വേർപ്പും പൊടിയുമേലാതെ മേൽ
നിലയിൽ നിൽക്കുന്ന നീയറിയുകയില്ല.
അഴലിൻ കഥകളെ വിസ്തരിച്ചീടുന്ന
പഴയ കാലത്തിൻ സ്മരണ മാത്രം
ഉടനീളമാർന്ന വഴികളിൽക്കാൽ കുഴ-
ഞ്ഞിടറുമെന്നൊട്ടകം നീങ്ങിടുന്നു.

### അർഥവിശദീകരണം

| | | |
|---|---|---|
| മരു | = | മരുഭൂമി |
| അഴൽ | = | ദുഃഖം |
| ഉലക് | = | ലോകം |

### ആശയവിശദീകരണം

ഇരുളിൽ നിന്നും ഇരുളിലേക്കും മരുഭൂമിയിൽ നിന്നും മരുഭൂമിയിലേക്കും യുഗങ്ങളായി സ്വയം ചുറ്റിത്തിരിഞ്ഞലയുന്ന മനസ്സിന്റെ ദുരന്തദാഹം, ഭൂമിയിലെ വിയർപ്പും ഉപ്പും പൊടിയും ഏൽക്കാതെ മുകളിൽ വസിക്കുന്ന നിനക്ക് അറിയുകയില്ല. പോയകാലത്തിന്റെ ദുഃഖ സ്മരണകൾ മാത്രം വിസ്തരിക്കുന്ന നീണ്ട വഴികളിലൂടെ എന്റെ ഒട്ടകം നീങ്ങുന്നു. പിറകിലും മുമ്പിലും രണ്ടു വശങ്ങളിലും മുറവിളി അല്ലാതെ മറ്റൊന്നും കേൾക്കാനില്ല. ഉയർച്ചതാഴ്ച്ചകൾക്കിടയിലെ അന്തരത്തിലൂടെ കവിയും താരവും തമ്മിലുള്ള അകലം വ്യക്തമാകുന്നു. ഉയരത്തിൽ സ്ഥിതിചെയ്യുന്ന താരം സുകുമാര ഗുണങ്ങളുടെ ഇരിപ്പിടമാണ്. എല്ലാ നന്മയും ആവാഹിച്ചു കൊണ്ടുള്ള അതിന്റെ ജീവിതത്തിന് ഭൂമിയിലെ സാധാരണ മനുഷ്യരുടെ അവസ്ഥ എത്രകണ്ട് മനസ്സിലാക്കാൻ കഴിയുമെന്ന ആശങ്കയും കവി പങ്കുവെക്കുന്നുണ്ട്. പോയകാലത്തിന്റെ ദുഃഖസ്മരണകൾ നിറഞ്ഞ വഴി ഇന്ത്യയുടെ പൂർവകാല ചരിത്രത്തെ ഓർമ്മിപ്പിക്കുന്നു.

- കവിയും താരവും തമ്മിലുള്ള അകലം വ്യക്തമാകുന്നു

### വരികൾ

പിറകിലും മുൻപിലും രണ്ടു പാർശ്വത്തിലും
മുറവിളിയല്ലാതെ കേൾപ്പതില്ല.
ചിലരുടെ തൃഷ്ണ കുറയ്ക്കുവാൻ കുത്തുന്നു
പലരുടെ കണ്ണു തണ്ണീരിനായി!
അതിലെഴുമുപ്പിനാൽപ്പിന്നെയും പിന്നെയു
മവരുടെ തൊണ്ട വരണ്ടിടുന്നു!
കരളിന്റെ സൻചിയിലാർദ്രതതൻ ചെറു
കണികയുമില്ലാതെയായ്ക്കഴിഞ്ഞു

### അർഥവിശദീകരണം

| | | |
|---|---|---|
| പാർശ്വം | = | വശങ്ങൾ |
| തൃഷ്ണ | = | ആഗ്രഹം |

### ആശയവിശദീകരണം

ഒരു കൂട്ടരുടെ തൃഷ്ണ കുറയ്ക്കുവാൻ വേണ്ടി, ജലത്തിനായി മറ്റു പലരുടെയും കണ്ണിനെ മുറിപ്പെടുത്തുന്ന രീതിയാണ് ഇന്ന് ലോകത്ത് കണ്ടുവരുന്നത്. അപ്രകാരം ലഭിക്കുന്ന ജലത്തിലെ ഉപ്പുകൊണ്ട് പിന്നെയും തൊണ്ട വരണ്ടിടുന്നു. തങ്ങളുടെ സുഖഭോഗങ്ങൾക്കായി അപരനെ ദ്രോഹിക്കുകയും ലഭിച്ച സൗഭാഗ്യങ്ങളിൽ തൃപ്തി വരാതെ വീണ്ടും അസ്വസ്ഥരാകുകയും ചെയ്യുന്ന മനുഷ്യന്റെ അവസ്ഥയാണ് ഇവിടെ സൂചിപ്പിക്കുന്നത്. സഹജീവികളുടെ ദുഃഖത്തെ മാനിക്കാതെ നേടുന്ന വിജയങ്ങളൊന്നും തന്നെ സുഖദായകമാവില്ല എന്നാണ് കവി വ്യക്തമാക്കുന്നത്. മനുഷ്യന്റെ മനസ്സിൽ ആർദ്രതയുടെ ചെറുകണിക പോലും ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. സ്വാർഥത നിറഞ്ഞ ലോകബോധത്തെ കവി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ലാഭമോഹത്താൽ അപരനെ ഹനിച്ചു കൊണ്ടുള്ള ജീവിതം ഇന്ന് ഏവർക്കും സുപരിചിതവും സ്വാഭാവികവുമായ ഒന്നായി മാറിയിട്ടുണ്ട്. മൂല്യങ്ങൾ നഷ്ടപ്പെട്ട മനുഷ്യജീവിതത്തെയാണ് കവി ഇവിടെ പകർത്തുന്നത്. ഒടുങ്ങാത്ത ആർത്തി മനുഷ്യകുലത്തെത്തന്നെ നശിപ്പിക്കുമെന്ന് സാരം.

> ▶ സ്വാർത്ഥതയും അത്യാർത്തിയും

### വരികൾ

കുളിരും മണവും കലർന്നൊരു തെന്നലിൻ
തെളി കൊതിച്ചെരിപൊരിക്കൊൾവൂ ഞങ്ങൾ;
കൊലനിലത്തിങ്കലെച്ചോരതൻ പാഴ്മണം
കലരുന്ന കാറ്റേ വരുന്നതുള്ളൂ.
ഒരു മുഖമൂടി വെയ്ക്കാത്ത ചങ്ങാതിയെ
യരികിലുമകലെയും കാണ്മതില്ല.
നിപുണരാം തസ്ക്കരഘാതകന്മാരുടെ
നിഴലുകളെങ്ങുമനങ്ങിടുന്നു.
അലയുകയാണെന്റെയൊട്ടകമീ വഴി
യ്ക്കലഘുവാം ജീവിതഭാരമേന്തി.

### അർഥവിശദീകരണം

| | | |
|---|---|---|
| നിപുണർ | = | പണ്ഡിതർ, വിദഗ്ധർ |
| തസ്ക്കരർ | = | കള്ളന്മാർ |
| ഘാതകർ | = | കൊലപാതകികൾ |

### ആശയവിശദീകരണം

> ▶ ദുഃഖകരമായ അനുഭവങ്ങൾ ലഭിക്കുന്നു

വർത്തമാനകാല ജീവിതാനുഭവങ്ങളെ പകർത്തുകയാണ് കവി. കുളിരും മണവും കലർന്ന നല്ല കാലഘട്ടത്തെ പ്രതീക്ഷിച്ചിരുന്ന നമുക്ക് ദുഃഖകരമായ അനുഭവങ്ങളാണ് ലഭിക്കുന്നതെന്ന് സാരം. കുളിരും മണവും കലർന്നൊരു ചെറുതെന്നലിനെ കൊതിച്ച് എരിപൊരി കൊള്ളുകയാണ് ഞങ്ങൾ. പക്ഷേ കൊലനിലത്തു നിന്നുള്ള ചോരയുടെ

പാഴ്മണം കലരുന്ന കാറ്റാണ് വരുന്നത്. മുഖംമൂടി വെക്കാത്ത ഒരു മനുഷ്യനെയും അരികിലും അകലെയും കാണാൻ സാധിക്കുന്നില്ല. കള്ളന്മാരുടെയും കൊലപാതകികളുടെയും നിഴലുകളാണ് എങ്ങും അനങ്ങുന്നത്. എന്റെ ഒട്ടകം ഈ വഴിയിൽ കടുത്ത ജീവിതഭാരവു മേന്തി അലയുകയാണ്.

### വരികൾ

കൊലവിളി കേൾക്കാതെ,കൊലനിലം കാണാതെ,
കലഹവിദൂരമാം വിൺപരപ്പിൽ
ഇരുൾ ചുഴന്നീടാതെ,കരളുഴന്നീടാതെ,
ദുരിതദുർഗന്ധം ശ്വസിച്ചീടാതെ,
അടിമയാക്കീടാതെ,യടിമയായിടാതെ
യനുജന്റെ കണ്ണീർ കുടിച്ചിടാതെ
ഉലകിന്റെ സർഗ്ഗകാലം മുതൽക്കൊന്നിലു
മുലയാതെ മേവുന്ന മോഹനാത്മൻ!
ഗഗനകൂടാരം തുറന്നു നീ നൊക്കുകൊ
ന്നകലെയെങ്ങാനും പ്രഭാതമുണ്ടോ?
നിരുപമസ്നേഹത്തിൻ ചിറ്റോളമോലുന്ന
നിറവെഴും പോയ്കയെങ്ങാനുമുണ്ടോ?,
തളരുമെന്നൊട്ടകത്തിന്നിളവേകുവാൻ
തഴമരുപ്പച്ചയില്ലെങ്ങുമെന്നോ!

### അർഥവിശദീകരണം

| | | |
|---|---|---|
| കലഹം | = | വഴക്ക് |
| വിൺപരപ്പ് | = | ആകാശ പരപ്പ് |
| ഗഗനം | = | ആകാശം |
| നിരുപമം | = | തുല്യമില്ലാത്ത |
| ഉലക് | = | ലോകം |
| ഇളവേകുക | = | വിശ്രമിക്കുക |

### ആശയവിശദീകരണം

കവിയുടെ ആദർശവത്ക്കരിച്ച ലോകസങ്കല്പത്തെ താരകത്തിനുമേൽ ആരോപിക്കുന്നതാണ് സന്ദർഭം. "കൊലവിളി കേൾക്കാതെ, കൊലനിലം കാണാതെ, കലഹങ്ങളില്ലാത്ത ഇരുൾചൂഴാതെ, കരളുഴന്നീടാതെ, ദുരിതദുർഗന്ധം ശ്വസിച്ചിടാതെ, ആരെയും അടിമയാക്കാതെ, ആരുടെയും അടിമയാകാതെ, അനുജന്റെ കണ്ണീർകുടിച്ചിടാതെ പ്രപഞ്ചോല്പത്തിക്കാലം മുതൽ ഒന്നിലും ഉലയാതെ മേവുന്ന മോഹനാത്മനായ താരമേ നീ ആകാശകൂടാരം തുറന്ന് അകലയെങ്ങാനും പ്രഭാതമുണ്ടോ എന്നൊന്ന് നോക്കുമോ. നിരുപമമായ സ്നേഹത്തിന്റെ ചിറ്റോളങ്ങൾ ഇളകുന്ന മനോഹരമായ പൊയ്ക എവിടെയെങ്കിലും ഉണ്ടോ?" എന്ന് കവി ചോദിക്കുന്നു. ഒപ്പം എന്റെ തളരുന്ന ഒട്ടകത്തിന് അല്പം വിശ്രമിക്കുവാൻ താഴെ എങ്ങും ഒരു മരുപ്പച്ച പോലും ഇല്ലല്ലോയെന്ന് യാത്രികൻ വ്യാകുലപ്പെടുന്നു. ശാന്തിയും സമാധാനവും നിറഞ്ഞ ജീവിതത്തെ അന്വേഷിക്കുകയാണ് കവി. ഉയരത്തിൽ നിൽക്കുന്നത് കൊണ്ടുതന്നെ അങ്ങനെയൊരു ലോകമുണ്ടെങ്കിൽ താ

▶ നിരുപമമായ സ്നേഹത്തെ അന്വേഷിക്കുന്നു

രത്തിന് ആ ലോകത്തെ കാണാൻ കഴിയുമെന്ന് സാരം. പ്രഭാതമന്വേഷിക്കുന്ന കവി ഇപ്പോൾ ഇരുട്ടിലാണെന്ന് വ്യക്തമാകുന്നു. തളർന്ന ഒട്ടകം സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പ്രതീകമാണ്. പ്രതീക്ഷയുടെ നാമ്പുകൾ കണ്ടെത്താൻ കഴിയാത്ത അവസ്ഥയെ മരുപ്പച്ച കൊണ്ട് സൂചിപ്പിക്കുന്നു.

## Summarised Overview

ഇഹലോക ജീവിതത്തിന്റെ കൊടിയ യാതനകളിലും സമകാല സാമൂഹികാന്തരീക്ഷത്തിൽ നിറഞ്ഞാടുന്ന സ്വാർത്ഥതയിലും ഹിംസാത്മകതയിലും കവിക്കുള്ള ഉൽക്കണ്ഠകളാണ് കവിതയുടെ അടിസ്ഥാന വിഷയം. പ്രതീകങ്ങളിലൂടെയാണ് ആശയങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. താരകം, ആകാശം, മരുഭൂമി, തളരുന്ന ഒട്ടകം, പഥികൻ തുടങ്ങിയവ പ്രതീകങ്ങളാണ്. കവി വിഭാവനം ചെയ്യുന്ന സമത്വസുന്ദരവും ഐശ്വര്യപൂർണ്ണവും സ്നേഹോഷ്മളവുമായ ലോകമാണ് വിണ്ണായി സങ്കല്പിക്കപ്പെട്ടിരിക്കുന്നത്. അവിടത്തെ സംതൃപ്ത ജീവിതമാണ് താരകയ്ക്കുള്ളത്. ക്ലേശം നിറഞ്ഞ ജീവിതയാത്രയാണ് മരുഭൂമിയിലെ യാത്രയായി കല്പിച്ചിരിക്കുന്നത്. സ്വാതന്ത്ര്യലബ്ധിയ്ക്ക് ശേഷം ഇന്ത്യയുടെ യുവത്വം അനുഭവിച്ച ആകുലതകളുടെ മുഴുവൻ ഭാരവും വഹിക്കുന്ന കവിതയാണ് ജി. ശങ്കരക്കുറുപ്പിന്റെ 'പഥികന്റെ പാട്ട്'.

ആകുലതയാണ് കവിതയുടെ കേന്ദ്രവീക്ഷണം. പഥികൻ അന്വേഷിക്കുന്ന പ്രഭാതം നവലോകമാണ്. നവലോക നിർമ്മിതിക്കുവേണ്ടി ചുവടുകൾ ഉറപ്പിച്ചിട്ടും മരുഭൂമിയിൽ ഒറ്റപ്പെട്ടു പോയ മനുഷ്യരുടെ അവസ്ഥയാണ് ഇന്ന് നമുക്കുള്ളത്. കവിതയിലെ പഥികൻ സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പ്രതിനിധി മാത്രമല്ല, വർത്തമാന കാലത്തിന്റെ യാഥാർഥ്യം കൂടിയാണ്. ഭൂതകാലസ്മരണകളിൽ ആണ്ടുപോകാതെ, വർത്തമാന കാലത്തിൽ നിന്നുകൊണ്ട് ഭാവിയെക്കുറിച്ചുള്ള ആകുലതകളാണ് കവി പങ്കിടുന്നത്. ദുരിത പൂർണ്ണമായ വർത്തമാന കാലത്തെ ചൊല്ലിയുള്ള പ്രതീക്ഷകൾ കവി സൂക്ഷിക്കുന്നില്ല. പക്ഷേ പ്രഭാതത്തെ അന്വേഷിച്ചു കണ്ടെത്താതെ നിവൃത്തിയില്ലെന്ന് വരികൾ ഓർമ്മിപ്പിക്കുന്നു. മനോരാജ്യങ്ങൾ തകർന്നു പോയതിന്റെ വേദനയും കവിതയിൽ നിറയുന്നു.

ഭൂമിയിൽ ഇന്ന് നടമാടിക്കൊണ്ടിരിക്കുന്ന എല്ലാവിധ ദുഷ്ടവാസനകളെയും കവി എണ്ണിപ്പറയുന്നു. ഭൂമിയിലെ ജീവിതത്തിൽ ഒരിറ്റു സമാധാനവും ശാന്തിയും സംതൃപ്തിയും ലഭിക്കുവാൻ സാധ്യത കുറവാണ് എന്ന ആശങ്കയിലാണ് കവി അവസാനം എത്തുന്നത്. തന്റെ ഒട്ടകത്തിന് അല്പമൊന്ന് ഇളവേല്ക്കാൻ ഒരു മരുപ്പച്ച പോലും ഇല്ലെന്ന സത്യം കവി തിരിച്ചറിയുന്നു. ജീവിത യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കാനുള്ള വൈഷമ്യവും, മറ്റേതോ സുന്ദര പ്രപഞ്ചത്തിലേക്ക് എത്തിച്ചേരാനുള്ള വാഞ്ഛയും കാല്പനികരുടെ മനോഭാവമാണ്. ആവിധമൊരു മനസ്സാണ് ഈ കവിതയിലും കാണുന്നത്. തന്റെ ജീവിതം ഇരുളിലും കെടുതിയിലും ആണെന്നും അപ്രകാരമല്ലാത്ത മറ്റൊരിടം ഉണ്ടെന്നും പക്ഷെ അത് തനിക്ക് അപ്രാപ്യമാണെന്നുമുള്ള നഷ്ടബോധവും നിരാശയും ഇവിടെ കാണാം.

## Assignments

1. കാല്പനികതയുടെ ഘടകങ്ങൾ ജി. ശങ്കരക്കുറുപ്പിന്റെ കവിതകളിൽ നിന്ന് കണ്ടെത്തി ഉപന്യാസം തയ്യാറാക്കുക.
2. ജി. ശങ്കരക്കുറുപ്പിന്റെ കവിതകളിലെ മിസ്റ്റിക് ഭാവങ്ങൾ – 'പഥികന്റെ പാട്ട്' എന്ന കവിതയെ മുൻനിർത്തി വിലയിരുത്തുക.
3. സ്വാതന്ത്ര്യാനന്തരമുള്ള ഇന്ത്യയുടെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളെ 'പഥികന്റെ പാട്ട്' എന്ന കവിതയിൽ നിന്ന് കണ്ടെത്തി ഉപന്യാസം തയ്യാറാക്കുക.
4. മലയാളകവിതയിലെ കാല്പനികപ്രവണതകളും ഭാവഗീത പ്രസ്ഥാനവും – വിശകലനം ചെയ്യുക.
5. ജി. ശങ്കരക്കുറുപ്പിന്റെ കാവ്യജീവിതത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
6. ജി. യുടെ കവിതകളും മിസ്റ്റിസിസവും – വിശദീകരിക്കുക.
7. ഇന്ത്യയുടെ യുവത്വം അനുഭവിച്ച ആകുലതകളുടെ മുഴുവൻ ഭാരവും വഹിക്കുന്ന കവിതയാണ് 'പഥികന്റെ പാട്ട്' നിരൂപിക്കുക.

## References


1. ഡോ. കെ. എം. ജോർജ്, ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
2. ഡോ. ഡി. ബഞ്ചമിൻ, കാല്പനികത മലയാള കവിതയിൽ, അയന ബുക്സ്, തിരുവനന്തപുരം.
3. ഡോ. എം. ലീലാവതി, മലയാള കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. പന്മന രാമചന്ദ്രൻ നായർ (എഡി.), സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം, കറന്റ് ബുക്സ്, കോട്ടയം.
5. ജി.ശങ്കരക്കുറുപ്പ്, ജി.യുടെ തിരഞ്ഞെടുത്ത കവിതകൾ, ഡി.സി. ബുക്സ്, കോട്ടയം.


## Suggested Readings


1. ഡോ. എം. ലീലാവതി, വർണ്ണരാജി, എസ്. പി. സി. എസ്., കോട്ടയം.
2. പ്രൊഫ. എം. പി. പണിക്കർ, മലയാള ഖണ്ഡകാവ്യങ്ങൾ ഒരു പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എരുമേലി പരമേശ്വരൻ പിള്ള, മലയാളസാഹിത്യം- കാലഘട്ടങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# 1. കന്നിക്കൊയ്ത്ത്

## വൈലോപ്പിള്ളി ശ്രീധരമേനോൻ

## Learning Outcomes

- വൈലോപ്പിള്ളിക്കവിതകളുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- നവകാല്പനിക കവിതയുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- 'കന്നിക്കൊയ്ത്ത്' എന്ന കവിതയുടെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ അറിയുന്നു
- കവിയുടെ ജീവിതദർശനത്തെക്കുറിച്ച് ധാരണയുണ്ടാക്കുന്നു

## Background

ചങ്ങമ്പുഴയും ഇടശ്ശേരിയും പി. കുഞ്ഞിരാമൻനായരും കവിതയെഴുതിത്തുടങ്ങിയ 1930കളിൽ തന്നെയാണ് വൈലോപ്പിള്ളിയും കാവ്യരംഗത്ത് പ്രവേശിച്ചത്. അക്കാലത്തെ പല കവികളും ചങ്ങമ്പുഴക്കവിതയുടെ അനുകർത്താക്കളായിരുന്നു. എന്നാൽ നിലവിലുണ്ടായിരുന്ന കാവ്യധാരകളെയും കവിതാ മാതൃകകളെയും കാവ്യസങ്കല്പങ്ങളെയും അനുകരിക്കാനോ അതേപടി അംഗീകരിക്കാനോ കൂട്ടാക്കാതെ തനതായ ഒരു കാവ്യമാർഗം സ്വീകരിച്ച് മുന്നേറുകയായിരുന്നു വൈലോപ്പിള്ളി ശ്രീധരമേനോൻ. കാവ്യഭാഷ, ജീവിതദർശനം, അനുഭൂതി പ്രപഞ്ചം എന്നിവയിൽ സ്വന്തമായ ഒരു മേഖല അദ്ദേഹം സൃഷ്ടിച്ചു. പൂർവകാലകവിതയുമായുള്ള ബന്ധം വിച്ഛേദിക്കാതെ തന്നെ, മൗലികതയോടുകൂടി പുതുമകൾ ആവിഷ്കരിക്കാൻ വൈലോപ്പിള്ളി ശ്രദ്ധിച്ചു. ചങ്ങമ്പുഴക്കവിതയിലെ അതിഭാവുകത്വം, മാധുര്യപക്ഷപാതം, അതിവൈകാരികത മുതലായവയെ തീർത്തും ഒഴിവാക്കി. തുടുവെള്ളാമ്പൽ പൊയ്കയല്ല ജീവിതത്തിന്റെ കടലാണ് തന്റെ കവിതയുടെ മഷിപ്പാത്രം എന്ന് കവി പ്രഖ്യാപിച്ചിട്ടുണ്ട്.

'കടൽകാക്കകളു'ടെ അവതാരികയിൽ പി. ഏ. വാര്യർ വൈലോപ്പിള്ളിക്കവിതയെ 'എല്ലുറപ്പുള്ള കവിത' എന്ന് വിശേഷിപ്പിക്കുന്നുണ്ട്. 'ഓണപ്പാട്ടുകാരു'ടെ അവതാരികയിൽ എം. എൻ. വിജയൻ 'കാച്ചിക്കുറുക്കിയ കവിത' എന്നാണ് വൈലോപ്പിള്ളിക്കവിതയെ വിശേഷിപ്പിച്ചത്. ഈ രണ്ടു വിശേഷണങ്ങളും വൈലോപ്പിള്ളിക്കവിതയുടെ ഭാവരൂപപരമായ തനിമ വിളിച്ചോതുന്നു.

ഒരു റൊമാന്റിക് റിയലിസ്റ്റിക്കായി വിലയിരുത്തപ്പെടുന്ന വൈലോപ്പിള്ളിയിൽ ക്ലാസിക് പാരമ്പര്യവും ചിലസന്ദർഭങ്ങളിൽ പ്രകടമാണ്. സംസ്കൃതപദാവലിയും സമസ്തപദങ്ങളും പല കവിതകളിലും ഉപയോഗിച്ചിട്ടുണ്ട്. വാക്യരചനാപരമായും പദപരമായും താളപരമായും എഴുത്തച്ഛന്റെയും കുമാരനാശാന്റെയും ശൈലിയോടാണ് കവിതകൾ അടുത്തു നിൽക്കുന്നതെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

**പ്രധാന കൃതികൾ:** കുടിയൊഴിക്കൽ, കന്നിക്കൊയ്ത്ത്, മാമ്പഴം, കയ്പവല്ലരി, മകരക്കൊയ്ത്, സഹ്യന്റെ മകൻ, ശ്രീരേഖ, കടൽകാക്കകൾ

## Keywords

വൈലോപ്പിള്ളിയുടെ കാവ്യജീവിതം-കാവ്യ ബിംബങ്ങൾ-രൂപപരവും ഭാവപരവുമായ സവിശേഷതകൾ-മനുഷ്യസ്നേഹം

## Discussion

▶ വൈലോപ്പിള്ളിയുടെ കാവ്യസങ്കല്പം

ഉദാരവും വിശാലവും സാർവദേശീയവുമായ ഒരു വീക്ഷണത്തിൽ അടിയുറച്ചതാണ് വൈലോപ്പിള്ളിയുടെ ജീവിതദർശനം. അധ്വാനത്തെ സൗന്ദര്യാധിഷ്ഠിതമായി കാണുന്ന ഒരു ദർശനത്തിലൂന്നിയതാണ് വൈലോപ്പിള്ളിയുടെ കാവ്യസങ്കല്പം. സമഗ്രതാബോധം, സാമൂഹികബോധം തുടങ്ങിയവ കവിദർശനത്തിന്റെ പ്രമുഖാംശങ്ങളാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യവർഗത്തിന്റെ നന്മ ആത്യന്തികലക്ഷ്യമായി കരുതിയ കവിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ കവിതകളിൽ വാടാത്ത ശുഭാപ്തിവിശ്വാസം ഉണ്ടെങ്കിലും ജീവിത യാഥാർഥ്യങ്ങൾക്കുനേരെ കവി കണ്ണടയ്ക്കുന്നില്ല.

▶ മനുഷ്യനും മനുഷ്യത്വവും

മനുഷ്യത്വം അജയ്യമാണെന്ന ബോധം വൈലോപ്പിള്ളിക്കവിതകളുടെ അന്തർധാരയാണ്. 'മലതുരക്കൽ', 'പന്തങ്ങൾ', 'ജലസേചനം', 'കേരള കവി' തുടങ്ങിയ കവിതകൾ മനുഷ്യത്വത്തിന്റെ മഹത്വം പ്രഖ്യാപിക്കുന്നവയാണ്. മനുഷ്യന്റെ പൗരുഷത്തെയും കർമ്മവീര്യത്തെയും ശാസ്ത്രവികാസത്തിന്റെ പിന്തുണയോടുകൂടിയ നവയുഗസംസ്കാരത്തെയും വൈലോപ്പിള്ളി പ്രകീർത്തിച്ചിട്ടുണ്ട്. ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ ഊഴിഞ്ഞാലാക്കിത്തീർക്കാൻ കഴിയുമെന്ന് കവി സങ്കല്പിക്കുന്നത് മനുഷ്യത്വത്തിലുള്ള വിശ്വാസം കൊണ്ടാണ്. ചരിത്രബോധത്തിന്റെയും ശാസ്ത്രീയതയുടെയും അടിസ്ഥാനത്തിൽ ജീവിതത്തെ യുക്തിഭദ്രമായി വൈലോപ്പിള്ളി ചിത്രീകരിച്ചു.

▶ മനുഷ്യസ്നേഹവും ശുഭാപ്തിവിശ്വാസവും

ഏതു വിഷയത്തിന്റെയും വിരുദ്ധമായ രണ്ടു തലങ്ങൾ കാണാൻ വൈലോപ്പിള്ളിക്ക് സാധിച്ചിരുന്നു. പുള്ളിമാനിന്റെ പുറകെ പുലിയെയും വസന്തവായുവിൽ വസൂരി രോഗാണുക്കളെയും കാണാതിരിക്കാൻ എനിക്ക് സാധ്യമല്ല എന്ന് 'വിത്തും കൈക്കോട്ടും' എന്ന കവിതയുടെ ആമുഖത്തിൽ കവി വ്യക്തമാക്കിയിട്ടുണ്ട്. പ്രപഞ്ചഘടനയിലടങ്ങിയിട്ടുള്ള വൈരുധ്യത്തെ സംബന്ധിച്ചുള്ള യാഥാർഥ്യബോധം വൈലോപ്പിള്ളിക്കുണ്ട്. വൈലോപ്പിള്ളിക്കവിതയുടെ ഏറ്റവും വലിയ സവിശേഷതയായി പറയപ്പെടുന്നത് അതിൽ സ്ഫുരിക്കുന്ന മനുഷ്യസ്നേഹമാണ്. ഒറ്റയൊറ്റയായി കാണുന്ന ആകുലതകളെ പറ്റി

വിലപിക്കാതെ ഏക ജീവിതാനശ്വരഗാനം ആലപിക്കാൻ ആഗ്രഹിക്കുകയും പുരുഷായുസുകൾ വെണ്ണീറായും പുകയായും മണ്ണായും പൊലിഞ്ഞുപോയാലും പുത്തൻ തലമുറകൾ ഏന്തുന്ന പുതിയ പന്തങ്ങൾ പൊലിമയോടെ ഇവിടെയെങ്ങും എന്നും ജ്വലിക്കുമെന്നും ആ ചൂടും വെളിച്ചവും നവയുഗങ്ങളുടെ പൂന്തോപ്പുകൾ വിരിയിക്കുമെന്നും സ്വപ്നം കാണുകയും ചെയ്ത കവിയാണ് അദ്ദേഹം. വൈയക്തിക ദുഃഖത്തിൽ ആണ്ടിരിക്കാതെ ജീവിതത്തെ അതിന്റെ വിശാല അർഥത്തിൽ വീക്ഷിക്കുവാൻ കവി പ്രേരിപ്പിക്കുന്നു.

## വരികൾ

പൊന്നുഷസ്സിന്റെ കൊയ്ത്തിൽനിന്നൂരി
ചിന്നിയ കതിർ ചുറ്റും കിടക്കെ
മേവി കൊയ്ത്തുകാർ പുഞ്ചയിൽ
ഗ്രാമജീവിതകഥാ നാടകഭൂവിൽ
കെട്ടിയ മുടി കച്ചയാൽ മൂടി
ചുറ്റിയ തുണി ചായ്ച്ചൊന്നു കുത്തി
വെറ്റില ചവച്ചുന്മദമോളം
വെട്ടിടും അരിവാളുകളേന്തി
ഒന്നിച്ചാനമ്ര മെയ്യോടെ നില്പൂ
കന്നിപ്പാടത്തു കൊയ്ത്തുകാർ നീളെ
നൽപുലർകാലപാടല വാനിൽ
ശുഭ്രമേഘ പരമ്പര പോലെ

## ആശയവിശദീകരണം

| | | |
|---|---|---|
| പൊന്നുഷസ്സ് | = | പൊൻപുലരി |
| ചിന്നിയ | = | ചിതറിയ |
| പുഞ്ച | = | കൃഷിസ്ഥലം |
| ഭൂവിൽ | = | ഭൂമിയിൽ |
| പരമ്പര | = | തുടർച്ച |
| കൊയ്ത്തുകാർ | = | കൃഷിപ്പണിക്കാർ |

## അർഥവിശദീകരണം

കന്നിക്കൊയ്ത്തിനായി രാവിലെ പാടത്തെത്തിയ കർഷകരെയാണ് കാവ്യാരംഭത്തിൽ അവതരിപ്പിക്കുന്നത്. ചുവപ്പും മഞ്ഞയുമായ പ്രഭാത രശ്മികൾ ചിതറിക്കിടക്കുന്ന പാടത്ത് കൊയ്ത്തുകാർ ജോലിക്കായി നിരന്നു. ഇവിടെയാണ് കവി കൃഷിസ്ഥലത്തെ ഗ്രാമീണ ജീവിതകഥയുടെ പ്രദർശനശാലയായി കല്പിച്ചിരിക്കുന്നത്. അടുത്തതായി കൊയ്ത്തുകാരുടെ വസ്ത്രധാരണത്തെയും അംഗചലനങ്ങളെയും വിവരിക്കുന്നു. കെട്ടിയ മുടി ഒരു തുണി കൊണ്ടു പൊതിഞ്ഞും ഉടുത്തിരിക്കുന്ന വസ്ത്രം ഒരു വശത്തേക്ക് കുത്തിയും ഒന്നിച്ച് ഒരേപോലെ പാടത്ത് നിന്ന് കർഷകർ കൃഷിചെയ്യാൻ ആരംഭിച്ചു. പുലർകാലത്തെ ചുവന്നനിറത്തിലുള്ള ആകാശത്ത് വെളുത്തമേഘങ്ങൾ നിരക്കുന്നത് പോലെയായിരുന്നു കൊയ്ത്തുകാർ പാടത്ത് നിരന്നുനിന്നത് എന്ന് കവിവാക്യം. കന്നിപ്പാടത്തെ ജീവിതത്തിന്റെ പ്രദർശനശാലയായി കവി കല്പിച്ചി

> ▶ കന്നിപ്പാടം ജീവിതത്തിന്റെ പ്രദർശനശാല

രിക്കുന്നു. കർഷകരുടെ ദിനചര്യയിലേക്കാണ് കവി നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. ചുവന്നനിറമുള്ള ആകാശത്തിലെ വെളുത്ത മേഘങ്ങളായി കൊയ്ത്തുകാരെ കല്പിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. നേരം പുലരുമ്പോൾത്തന്നെ കൃഷിയിടങ്ങളിൽ അവർ പണിയെടുക്കുന്നു എന്ന് സാരം.

## വരികൾ

ആകെ നേർവഴി പാലിപ്പിനാരും
ആനപോലെ കടന്നു കൊയ്യല്ലേ
താഴ്ത്തിക്കൊയ്യുവിൻ തണ്ടുകൾ ചേറ്റിൽ
പൂഴ്ത്തി തള്ളൊല്ലേ നെല്ലു പൊന്നാണേ
തത്തപോലെ മണിക്കതിർ മാത്രം
കൊത്തിവയ്കലാ നീ കൊച്ചുപെണ്ണേ
കൊയ്യുവാനോ നീ വന്നതു കൊള്ളാം
കൊഞ്ചുകാളാഞ്ചിമീന് പിടിക്കാനോ
നീട്ടിയാൽപ്പോര നാവുകൊണ്ടേവം
നീട്ടിക്കൊയണം നീയനുജത്തീ
കാതിലം കെട്ടാൻ കൈവിരുതില്ലേ
നീ തലക്കെട്ടു കെട്ടിയാൽപ്പോരും
ചെമ്മിൽ ചെങ്കതിർ ചേർത്തരിഞ്ഞേവം
തമ്മിൽപ്പേശുന്നു കൊയ്ത്തരിവാൾകൾ
പാടുവാൻ വരുന്നീലവർക്കെന്നാൽ
പാരമുണ്ടു പയ്യാരങ്ങൾ ചൊൽവാൻ

## അർഥവിശദീകരണം

| | | |
|---|---|---|
| പാരം | = | വളരെ, ഏറ്റവും, അങ്ങേയറ്റം |
| ചൊൽവാൻ | = | ചൊല്ലുക |
| ചേറ്റിൽ | = | ചേറിൽ |
| മണിക്കതിർ | = | നല്ല കതിർ |
| പയ്യാരം | = | നർമ്മ സംഭാഷണങ്ങൾ |

## ആശയവിശദീകരണം

▶ നർമ്മഭാഷണങ്ങളും അധ്വാനഭാരവും

പണിക്കാർ തമ്മിൽ കൊയ്യുന്നതിനെ പറ്റി നടത്തുന്ന സംഭാഷണങ്ങളാണ് അടുത്തതായി പറയുന്നത്. എല്ലാവരും നിരന്ന വരിയായി നിന്നു കൊയ്യുക, അല്ലാതെ ആനയെ പോലെ കയറി കൊയ്യരുത്, താഴ്ത്തി കൊയ്യണം, തണ്ടുകൾ ചേറ്റിൽപൂഴ്ത്തി തള്ളരുത്, നെല്ല് പൊന്നാണ്, കൊച്ചു പെണ്ണേ നീ തത്തയെപ്പോലെ മണിക്കതിർ മാത്രം കൊത്തി വെച്ചാൽ പോരാ, കൊയ്യുവാൻ ആണോ നീ വന്നത് അതോ മീനിനെ പിടിക്കാനോ, ചുമ്മാ നാക്കുനീട്ടി സംസാരിച്ചാൽ മാത്രം പോര ജോലി എടുക്കണം, ചുരുട്ടു കെട്ടാൻ കൈവിരുതുണ്ടോ അതോ നിനക്ക് തലേക്കെട്ട് മാത്രമേ നന്നായി അറിയുകയുള്ളോ എന്നിങ്ങനെ നന്നായി ചെങ്കതിർ കൊയ്തെടുക്കുന്നതിനോടൊപ്പം കൊയ്ത്തുകാർ തമ്മിൽ പറഞ്ഞു. കൊയ്ത്തു പാട്ട് പാടുവാൻ അവർ മുതിരുന്നില്ല. പക്ഷേ ഗ്രാമവാർത്തകൾ പങ്കുവെയ്ക്കുന്നതിലാണ് അവരുടെ ശ്രദ്ധ. കർഷകരുടെ

ജീവിതത്തിലേക്ക് ആഴ്ന്നിറങ്ങി അവരുടെ ഒരുദിവസത്തെ പകർത്തുകയാണ് കവി. അവർ പരസ്പരം നടത്തുന്ന നർമ്മസംഭാഷണങ്ങളും തൊഴിലിനെക്കുറിച്ച് പകർന്നു നൽകുന്ന അറിവുകളും കവി ഈ വരികളിൽ സംഗ്രഹിച്ചിരിക്കുന്നു.

### വരികൾ

തെങ്ങണിത്തണലാർന്നിവർ തീരത്ത്
അങ്ങ് കുടിക്കഴിഞ്ഞിടും ഗ്രാമം
നിത്യവും ജീവിതം വിതയേറ്റി
മൃത്യുകൊയ്യും വിശാലമാം പാടം
തത്ര കണ്ടിടാം കൊയ്തതിൻ ചാമ്പൽ
ക്കുത്തിലേന്തിക്കുളുർത്ത ഞാർക്കൂട്ടം
അത്തലിൻകെടുപായലിൻമീതെ
യുൾത്തെളിവിന്റെ നെല്ലിപ്പൂന്തോട്ടം
ചൂഴെയെത്തുന്ന രോഗദാരിദ്ര്യ
ചാഴിയൂറ്റിക്കുടിച്ചതിൻകോട്ടം
ചെഞ്ചെറുമണികൊത്തിടും പ്രേമ
പഞ്ചവർണ്ണക്കിളിയുടെയാട്ടം

### അർഥവിശദീകരണം

| | | |
|---|---|---|
| നിത്യം | = | എപ്പോഴും |
| മൃത്യു | = | മരണം |
| ആട്ടം | = | നൃത്തം |
| കൈവിരുത് | = | ശേഷി |
| പോരും | = | മതിയാകും |
| ചെങ്കതിർ | = | ചുവന്ന കതിർ |
| അറിയുക | = | മുറിക്കുക |
| പേശുന്നു | = | സംസാരിക്കുന്നു |

### ആശയവിശദീകരണം

കർഷകരുടെ തൊഴിലിടത്തിൽ നിന്നും കവി അവരുടെ ജീവിതയിടങ്ങളിലേക്ക് കടന്നു ചെല്ലുന്നു. തെങ്ങിൻതോപ്പുകളുടെ തണലാർന്ന തീരഗ്രാമത്തിലാണവർ താമസിക്കുന്നത്. അവർക്കുമുന്നിൽ കൊയ്ത്തുകഴിഞ്ഞ് വൈക്കോൽ കരിച്ച പാടം നീണ്ടുനിവർന്നു കിടക്കുന്നു. കരിഞ്ഞപാടത്ത് വിത്തിറക്കി വീണ്ടും കൃഷി ചെയ്തു വിളവെടുക്കുകയും ചെയ്യുന്നു. കവി കൊയ്ത്തുകഴിഞ്ഞ പാടത്തെ ജീവിതമാകുന്ന പാടമായി കല്പിക്കുന്നു. ഒപ്പം മഹത്തായ ജീവിത സത്യത്തെ അവതരിപ്പിക്കുകയും ചെയ്യുന്നു. ദുഃഖത്തിന്റെ കെട്ടുപാടുകൾ ഉള്ളിലുള്ളപ്പോഴും തെളിഞ്ഞ മനസോടെ ജീവിതം നയിക്കുകയാണ് അവർ. രോഗവും പട്ടിണിയുമാകുന്ന ചാഴികൾ അവരുടെ ചോര ഊറ്റിക്കുടിച്ചുകൊണ്ടിരിക്കുന്നു. ജീവിതം മുന്നോട്ട് വയ്ക്കുന്ന പ്രതിസന്ധികളെ മുഴുവൻ അവർ തരണം ചെയ്ത് മുന്നോട്ട് പോകുന്നു. വൈക്കോൽ കരിച്ച പാടം കർഷകരുടെ കഷ്ടത നിറഞ്ഞ ജീവിതത്തിന്റെ പ്രതീകമാണ്.

▶ മൃത്യു കൊയ്യുന്ന പാടമാണ് ജീവിതം

## വരികൾ

കന്യ പെറ്റുപോൽ മറ്റൊരു ബാല-പെണ്ണിനെ
കട്ടുകൊണ്ടുപോയ് പ്രേയാൻ
മുത്തൻ തൂങ്ങിമരിച്ചുപോൽ തായെ
പുത്രൻ തല്ലിപോലഭ്യസ്തവിദ്യൻ
എത്ര ചിത്രം പുരാതനം എന്നാൽ
പുത്തനാമിക്കഥകളിലെല്ലാം
ധീരം വായ്ക്കുന്നു കണ്ണുനീർക്കുത്തിൽ
നേരമ്പോക്കിന്റെവെള്ളിമീൻ ചാട്ടം
ആകുലം മർത്ത്യമാനസം ധീരം
ആകിലും കാലമെത്രമേൽ ക്രൂരം
കൊയ്യുവാനോ ഹാ ജീവിതഭാരം
കൊണ്ടുതാനോ കുനിഞ്ഞൊരീ മുത്തി
വായ്ച്ചെഴും കന്നിപ്പാടത്തൊരുണ്ണി
യാർച്ചപോൽ പണ്ടു മിന്നിയ തന്നിൽ
ഇന്നവൾക്കുതിർനെല്ക്കതിർ താഴേ
നിന്നെടുക്കാനും എത്ര താൻ നേരം
ഏറെ വേലയാൽ വേദനയാലും
ചോരനീർവറ്റി ചുങ്ങിയ തൻമെയ്
നാലുംകൂട്ടി മുറുക്കിയശേഷം
കാലം തുപ്പാൻ പോംത്തമ്പലം പോലായ്
നെല്ലിനോടു പിറുപിറുത്തെന്തോ
ചൊല്ലിനില്ക്കുമീയന്യയാം നാരി
കന്നിനാളിലേ ഗ്രാമസംഗീത
കിന്നരൻ താലികെട്ടിയ തമ്പി
ഇങ്ങു പാടങ്ങൾ കോൾമയിർക്കൊൾകേ
തെങ്ങുറുമിവാളുചലിപ്പിക്കേ
പാടിപോലിവൾ പണ്ടഭിമാനം
തേടുമുത്തരകേരളവീര്യം
ഒറ്റയായ് അവൾ പിന്നീടു വീട്ടിൽ
പെറ്റ മാലുകളോടടരാടി
പേപിടിച്ചു കാൽച്ചങ്ങല പുച്ഛം
പേശവേ അന്ത്യഗാനങ്ങൾ പാടി
തന്മതിഭ്രമം തീർന്നുപോയ് എന്നാൽ
ആ മുളങ്കിളി പാടില്ല മേലിൽ

## അർഥവിശദീകരണം

| | | |
|---|---|---|
| ആകുലം | = | ദുഃഖം |
| കന്യ | = | കന്യക |
| പ്രേയാൻ | = | പ്രിയപ്പെട്ടവൻ, കാമി |
| കോൾമയിർകൊള്ളുക | = | കുളിർമകൊള്ളുക |
| മേലിൽ | = | ഒരിക്കലും |
| പുത്തൻ | = | പുതിയത് |
| വെള്ളിമീൻ | = | ശുക്രനക്ഷത്രം |
| നേരമ്പോക്ക് | = | സമയം കളയൽ |
| മർത്യൻ | = | മനുഷ്യൻ |

| | | |
|---|---|---|
| മാനസം | = | മനസ്സ് |
| മുത്തി | = | വൃദ്ധ |
| നേരം | = | സമയം |
| ചുങ്ങിയ | = | ചുളുങ്ങിയ |
| നാരി | = | സ്ത്രീ |
| അന്യായം | = | ന്യായമല്ലാത്തത് |
| തന്മെയ് | = | തന്റെ ശരീരം |

## ആശയവിശദീകരണം

▶ കൊടിയ ദുഃഖത്തിലും ധീരമായി ജീവിതത്തെ നേരിടുന്നവർ

കൊയ്ത്തുകാർ ഗ്രാമ വാർത്തകൾ പരസ്പരം കൈമാറുന്നു. കന്യയെ തട്ടിക്കൊണ്ടുപോയതും, തൂങ്ങിമരണവും, അമ്മയെ തല്ലുന്ന അഭ്യസ്തവിദ്യനായ പുത്രനും അവരുടെ സംഭാഷണങ്ങളിൽ കടന്നുവരുന്നു. ഏറെ പ്രാചീനമാണ് ഈ കഥകളെങ്കിലും ഇന്നും അവയ്ക്ക് പുതുമ നഷ്ടപ്പെട്ടിട്ടില്ല. മനുഷ്യരുടെ അടിസ്ഥാന സ്വഭാവങ്ങളിലേക്കാണ് കവി ഇറങ്ങിച്ചെല്ലുന്നത്. നാട്ടുവർത്താനത്തിലൂടെയും നേരമ്പോക്കിലൂടെയും അവർ തങ്ങളുടെ കഠിനമായ ജീവിത ദുഃഖത്തെ മറികടക്കാൻ ശ്രമിക്കുന്നു. ഈ ഗ്രാമീണരുടെ കണ്ണീരിന് അധ്വാനത്തിന്റെ ഉപ്പുണ്ട്. കൊടിയ ദുഃഖത്തിലും ധീരമായി അവർ ജീവിതത്തെ നേരിടുന്നു. മർത്ത്യന് ജീവിതദുഃഖങ്ങൾ പകർന്നു നൽകിക്കൊണ്ട് കാലം അതിന്റെ പ്രയാണം തുടരുന്നു എന്ന് കവി പറയുന്നതാണ് സന്ദർഭം.

▶ ഗ്രാമീണ കർഷകസ്ത്രീകളുടെ ജീവിതം

ഒരു കർഷക സ്ത്രീയുടെ ജീവിതം വർണ്ണിക്കുകയാണ് അടുത്തതായി കവി. ഒരിക്കൽ ഊർജസ്വലയായി കന്നിപ്പാടത്ത് തിളങ്ങിയ അവൾ ഇന്ന് ജീവിതഭാരം കൊണ്ട് കുനിപ്പോയിരിക്കുന്നു. പണ്ട് ഉണ്ണിയാർച്ചയെ പോലെ വീര്യത്തോടെ കന്നിപ്പാടത്ത് കൊയ്ത്തിന് ഇറങ്ങിയിരുന്ന അവൾക്ക് ഇപ്പോൾ ഒരു നെൽക്കതിർ കുനിഞ്ഞെടുക്കാൻ തന്നെ ക്ലേശമാണ്. എന്തോ പിറുപിറുത്തുകൊണ്ട് മാറി നിൽക്കുന്ന അവൾ പണ്ട് ഗ്രാമസംഗീതകിന്നരൻ താലി കെട്ടിയവളാണ്, അതായത് നല്ലൊരു നാടൻപാട്ടുകാരിയായിരുന്നു. പാടം കോൾമയിർ കൊള്ളുകയും തെങ്ങ് അതിന്റെ ഓലപ്പാളിയാൽ ചലിപ്പിക്കുകയും ചെയ്തതിനൊപ്പം ഇവൾ വീര്യം തുളുമ്പുന്ന വടക്കൻ പാട്ടുകൾ പാടിയിരുന്നു. കുടുംബ ജീവിതപ്രശ്നങ്ങൾക്ക് അടിപ്പെട്ടും ജോലി ചെയ്തും ദുഃഖങ്ങൾ അഭിമുഖീകരിച്ചും അവളുടെ ചോരനീർവറ്റിപ്പോയിരിക്കുന്നു. ശരീരം നാലും കൂട്ടി മുറുക്കിയ തമ്പലം പോലെ ആയിരിക്കുന്നു. ഒരിക്കൽ കിന്നാരം പാടിയിരുന്ന അവൾ ഇന്ന് ഒറ്റപ്പെട്ടവളായി ദുഃഖങ്ങളോട് മല്ലിടുന്നു. ജീവിതത്തിന്റെ കഠിനാനുഭവങ്ങൾ അവളെ ഭ്രാന്തിയാക്കി മാറ്റി. തന്നെ തടിയിൽ തളച്ചിരുന്ന ചങ്ങലയുടെ പരിഹാസ കിലുക്കത്തിനിടയ്ക്ക് അവൾ തന്റെ പാട്ടുകൾ പാടി അവസാനിപ്പിച്ചു. പിന്നീട് അവളുടെ മതിഭ്രമത്തിന് ഭേദം വന്നുവെങ്കിലും അവൾക്ക് ഇനി ഒരിക്കലും പഴയതുപോലെ പാടാനാകില്ല. ഗ്രാമീണ കർഷകരുടെ ജീവിതദുരന്തത്തിന്റെ ഒരു യഥാർഥ ചിത്രമാണ് ഈ സ്ത്രീയുടെ ദുഃഖകഥയിലൂടെ കവി അവതരിപ്പിച്ചത്.

## വരികൾ

എന്തിനേറെ ഈ കൊയ്‌വതിൽ ആരെ
എന്റെയോമലെന്നെൻ കരൾ ചൊൽവൂ
കൊയ്ത്തു നിർത്തിയിടയ്ക്കിടക്കന്നെ
യെത്തിനോക്കുമേതാളുടെ കൺകൾ
എന്നിലോരോ കിനാവുകൾ പാകി
എന്റെ പാട്ടിന്നു പുഞ്ചിറകേകി
എട്ടുരണ്ടിലെചാരുത പൊന്മൊ
ട്ടിട്ടു നില്ക്കുമാപ്പെൺകൊടിപോലും
വേട്ടു കൂട്ടുപിരിഞ്ഞുപോയ് ഏതോ
നാട്ടിലാനന്ദം നാട്ടിയശേഷം
ജീവിതത്തിന്റെ തല്ലിനാൽമെയ്യുൾ
പ്പൂവിതളുകൾ പോയ് വടുക്കെട്ടി
പേർത്തുമെത്തുമീപ്പാടത്തു കൊയ്യാൻ
പാഴ് തുണിയിൽ പൊതിഞ്ഞൊരു ദുഃഖം
വെൺകതിർപോൽ നരച്ചൊരാശ്ശീർഷത്തിങ്കൽ
നർമ്മങ്ങൾ തങ്ങിനിന്നാലും
ആയതിൻ മഹാധീരത വാഴ്ത്താൻ
ഗായകനിവൻ കൂടെയുണ്ടാമോ

## അർഥവിശദീകരണം

| | | |
|---|---|---|
| ചൊൽവൂ | = | പറയുന്നു |
| ഏറെ | = | അധികം |
| കന്നി നെല്ല് | = | ഇളം നെല്ല് |
| ഗായകൻ | = | പാട്ടുകാരൻ |
| പ്രഹരം | = | അടി |
| കാമിനി | = | പ്രണയിനി |
| കിന്നരൻ | = | വിരൂപി |

## ആശയവിശദീകരണം

▶ മനം കവർന്ന സുന്ദരിയെ ഓർക്കുന്നു

അടുത്തതായി കവി തന്റെ മനംകവർന്ന സുന്ദരിയായ മറ്റൊരു കന്യകയുടെ കാര്യം സ്മരിക്കുന്നു. കൊയ്ത്തുകാരികളിൽ ഒരുവൾ തന്റെ ഓമലാളാണെന്ന് മനസ്സ് ചൊല്ലുന്നു. ഒരുവളുടെ കണ്ണുകൾ ഇടയ്ക്കിടെ എന്നെ നോക്കുന്നുണ്ട്. പണ്ട് എന്നിൽ കിനാവുകൾ പാകി, പാട്ടിന് ചിറകുകൾ ഏകി, കൗമാരശോഭ പൊൻമൊട്ടിട്ടു നിന്ന ഒരുവളെ ആരോ വിവാഹം കഴിച്ച് മറ്റൊരു നാട്ടിലേക്ക് കൊണ്ടുപോയി. വിവാഹിതകളായി മറ്റു ദേശങ്ങളിലേക്ക് പോയവർ പോലും കുറെ കാലം കഴിയുമ്പോൾ ഇടയ്ക്കിടയ്ക്ക്, കൊയ്ത്തുകാലത്ത് നാട്ടിലും വീട്ടിലും തിരിച്ചെത്തി കൊയ്യുവാൻ കൂടുന്നത് പതിവാണ്. തന്റെ പഴയ കാമിനിയും അതുപോലെ ഇപ്പോഴോ മറ്റെപ്പോഴെങ്കിലുമോ എത്തിച്ചേരാം. ജീവിതത്തിന്റെ കഠിന പ്രഹരങ്ങളേറ്റ് മനസ്സിനും ശരീരത്തിനും മാർദവം നഷ്ടപ്പെട്ടു, എങ്കിലും കൊയ്ത്തുപാടത്ത് ഫലിതം പറയത്തക്കവണ്ണം ധീരമായി ഇരുന്നേക്കാം അവളുടെ മനസ്സ്. എന്നാൽ അന്ന് ആ മഹാധൈര്യത്തിന്റെ മഹത്വം പാടി പുകഴ്ത്തുവാൻ ഗായകനായ ഞാൻ കൂടെയുണ്ടാകുമോ എന്ന് കവി സംശയിക്കുന്നു.

## വരികൾ

കന്നിനെല്ലിനെയോമനിച്ചെത്തി
യെന്നൊടോതീ സദാഗതി വായു
നിർദ്ദയം മെതിച്ചീ വിളവുണ്മാൻ
മൃത്യുവിന്നേകും ജീവിതംപോലും
വിത്തൊരിത്തിരി വെയ്ക്കുന്നു വീണ്ടും
പത്തിരട്ടിയായ്പ്പൊൻ വിളയിപ്പാന്
കന്നിനാളിലെക്കൊയ്ത്തിനുവേണ്ടി
മന്നിലാദിയിൽ നട്ട വിത്തെല്ലാം
പൊന്നലയലച്ചെത്തുന്നു നോക്കൂ
പിന്നയെത്രയോ കൊയ്ത്തുപാടത്തില്
ഹാ വിജഗീഷു മൃത്യുവിന്നാമോ
ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ
തൻവിരിമിഴിത്തെല്ലിനാലീ നിൻ
മുന്നിൽ നാകം തുറക്കുമീത്തയ്യൽ
കണ്ണുനീർച്ചാലിൽ മണ്ണടിഞ്ഞേക്കാം
നിൻപിപഞ്ചിയും മൂകമായ്പ്പോകാം
എന്നിരിക്കിലുമന്നെഴും കൊയ്ത്തിൽ
സ്വിന്നമാം കവിൾത്തട്ടിലെച്ചോപ്പാൽ
ധന്യനാമേതോ ഗായകബാലൻ
തന്നുയിരിനെയുജ്ജ്വലമാക്കി
തന്വിമാരൊത്തു കൊയ്യുവാൻ വന്ന
കന്നിമാസത്തിൻ കൗതുകംപോലെ
കണ്ണിനാനന്ദം നല്കിടും ഗ്രാമ
കന്യയാളൊന്നിപ്പാടത്തു കൊയ്യും
നിങ്ങൾതാനവർ ഇന്നത്തെപാട്ടിൽ
നിന്നു ഭിന്നമല്ലന്നെഴും ഗാനം
ഇപ്പൊരുളറിയാതറിഞ്ഞാവാം
നില്പതിമ്പമായ് ഗ്രാമീണചിത്തം
ആകയാൽ ഒറ്റയൊറ്റയിൽക്കാണു
മാകുലികളെപ്പാടിടും വീണേ
നീ കുതുകമോടാലപിച്ചാലും
ഏകജീവിതാനശ്വരഗാനം

## അർഥവിശദീകരണം

| | | |
|---|---|---|
| വിജിഗീഷു | = | യോദ്ധാവ്, എതിരാളി, ജയിക്കാൻ ആഗ്രഹിക്കുന്ന |
| നാകം | = | ആകാശം, സ്വർഗം |
| ചിത്തം | = | മനസ്സ് |
| ഏകം | = | ഒന്ന് |
| അനശ്വരം | = | നാശമില്ലാത്തത് |
| മൃത്യു | = | മരണം |
| കന്നി | = | ആദ്യത്തേത്, മലയാളത്തിലെ ഒരു മാസം |
| മിഴി | = | കണ്ണ് |
| ഗായകൻ | = | പാട്ടുകാരൻ |
| ഉജ്ജ്വലം | = | തെളിമ, വെണ്മ |

| | | |
|---|---|---|
| ഭിന്നമല്ല | = | ഭേദമില്ല, വ്യത്യസ്തമല്ല |
| കുതുകം | = | താത്പര്യം, ആഗ്രഹം, ജിജ്ഞാസ, സന്തോഷം |

## ആശയവിശദീകരണം

ജീവിതം കരുണയില്ലാതെ തല്ലിത്തകർക്കുകയും മരണത്തിന് വിളവെടുക്കാനായി വെച്ച് നീട്ടുകയും ചെയ്യുന്നു. കൊടിയ ദാരിദ്ര്യത്തിനു നടുവിലും പത്തിരട്ടിയായി വിളവെടുക്കുവാനായി കുറച്ച് വിത്ത് സൂക്ഷിക്കുക കർഷകരുടെ രീതിയാണ്. ജീവിതവും അങ്ങനെത്തന്നെ. കന്നിക്കൊയ്ത്തിനായി ആദ്യം ഈ മണ്ണിൽ നട്ട വിത്തുകൾ പൊന്നലയലച്ചെത്തി എത്രയോ കൊയ്ത്തുപാടത്തിൽ വിളയായി കൊയ്തെടുക്കപ്പെടുന്നു. അതുപോലെ മരണത്താൽ അറുത്തെടുക്കപ്പെടുമ്പോഴും ജീവിതം അതിന്റെ തുടർച്ചയായി സന്താനപരമ്പരയെ സ്ഥാപിച്ചു പോകുന്നു. വയലിൽ വിത്ത് വിതയ്ക്കുന്നത് കൊയ്തെടുക്കാനാണെന്നും ജീവിതം അതിന്റെ വിത്തു വിതയ്ക്കുകയും മരണം കൊയ്തെടുക്കുകയും ചെയ്യുന്നു എന്നും കവി പറയുന്നു.

▶ കവിയുടെ ജീവിതദർശനം

മരണം തൊട്ടുമുമ്പിലുള്ളപ്പോൾ പോലും ജീവിതത്തെ മനുഷ്യൻ കൊതിയോടെ വാരിപ്പുണരുന്നു. കന്നിപ്പാടത്ത് സ്വർഗം തീർത്ത് ഓടി നടന്ന കന്യക കണ്ണീർ ചാലിൽ മണ്ണടിഞ്ഞാലും അവളുടെ പിൻതലമുറ എന്നും കന്നിപ്പാടത്ത് കൊയ്ത്തിന് എത്തുമെന്ന് കവി വിശ്വസിക്കുന്നു. കൊയ്ത്തുപാട്ട് പാടാനും സ്നേഹിക്കാനും ഒരു കവിയും കാമുകിയും എന്നും ഉണ്ടാകും എന്ന പൊരുളാണ് ഗ്രാമീണ ജീവിതത്തിന് ശക്തി പകരുന്നത്. യുക്തിയിലൂടെ ചിന്തിച്ച് അറിഞ്ഞിട്ടില്ലെങ്കിലും മനസ്സിന്റെ അടിത്തട്ടിൽ ഈ ജീവിത തുടർച്ചയുടെ ബോധം ഗ്രാമീണ ജനങ്ങൾക്കുണ്ട്. അതുകൊണ്ടാണ് ദുഃഖാധിക്യത്തിലും സഹജമായ നർമ്മരസം വിടാതെ ദുഃഖത്തെ അവർ ചെറുത്തത്.

▶ ഗ്രാമീണജനത

ഇന്നലത്തെ കന്നിപ്പാടത്ത് കൊയ്തവർ വീണു മണ്ണടിയുന്നതും ഇന്ന് കന്നിക്കതിർ വിളയുന്നതും നാളെ അത് കൊയ്യാനാളെത്തുന്നതും കാണുന്ന ത്രികാലദർശനശക്തി കവിക്ക് ഉണ്ടായിരുന്നു. വ്യക്തി മൃത്യുവിന് സാമൂഹ്യജീവിതത്തിന്റെ കൊടിപ്പടം താഴ്ത്താൻ കഴിയുകയില്ല. മൃത്യു എത്ര അജയ്യനായ വിജിഗീഷുവായിരുന്നാലും. തലമുറകൾ നശിച്ചാലും ജീവിതം അവസാനിക്കാതെ മുന്നോട്ടു പോകുന്നു. ഒരാൾ മരിക്കുമ്പോൾ അതിനെ മരണമായി കാണാതിരിക്കുകയും ജീവിതത്തിന്റെ തുടർച്ചയായി കാണുകയും വേണം. എന്നും ഒറ്റയായ ദുഃഖങ്ങളെ അല്ലെങ്കിൽ മരണങ്ങളെ വേദനയോടെ നിരീക്ഷിക്കുന്നതിന് പകരം ജീവിതത്തിന്റെ സമഗ്രസാഹചര്യത്തിൽ നിരീക്ഷിക്കുമ്പോൾ മനുഷ്യന് ദുഃഖം, സുഖമായി തീരുന്നു എന്നാണ് കവി വിവരിക്കുന്നത്.

▶ മൃത്യുവിന് ജീവിതത്തിന്റെ കൊടിപ്പടം താഴ്ത്തുവാൻ കഴിയില്ല

മൃത്യുവിന്റെ സാന്നിധ്യത്തിൽ പ്രഭാപൂർണ്ണമായിത്തീരുന്ന ജീവിതം തന്നെയാണ് 'കന്നിക്കൊയ്ത്തി'ലെ പ്രമേയവും. കാല്പനികമായ അതിവൈകാരികത ഒഴിവാക്കിക്കൊണ്ട് വൈഷ്ണികമായ സന്തുലിതത്വത്തോടെ ജീവിതത്തെ നോക്കിക്കാണുന്ന കവി ജീവിതത്തിന്റെ നിസ്സഹായഭാവത്തെ കണ്ടെത്തുന്നു. കാലബദ്ധമായ വ്യക്തിജീവി

▶ മൃത്യുവിന്റെ സാന്നിധ്യം

ത്തിന്റെ ക്ഷണികതയെ അനിഷേധ്യമായ യാഥാർഥ്യമായി അംഗീകരിക്കുന്നു. അതോടൊപ്പം കാലത്തിന്റെ തല്ലുകൾ ഏൽക്കുമ്പോഴും നേരംപോക്കു പറയാനുള്ള മനുഷ്യന്റെ ധീരത തിരിച്ചറിയുന്നു. ദുരന്തത്തിൽ കലാശിക്കുന്ന വ്യക്തിജീവിതങ്ങൾക്കപ്പുറമായി മരണത്തെ അതിവർത്തിക്കുന്ന ജീവിത മഹാപ്രവാഹത്തെ കണ്ടെത്തി, അതിൽ ഊറ്റം കൊള്ളുന്നു. ജീവിതം എവിടെയും എക്കാലത്തും ഒന്നാണ് എന്ന് മനസ്സിലാക്കുന്നു. അതുകൊണ്ടു തന്നെ ആ പ്രവാഹത്തിനൊരു നൈരന്തര്യമുണ്ട്. ഈ അനുസ്യൂതമായ ജീവിത പ്രവാഹമാണ് മരണത്തെ വെല്ലുവിളിക്കുന്നത് എന്ന് ഡി. ബെഞ്ചമിൻ നിരീക്ഷിക്കുന്നു. ‘ഹാ! വിജിഗീഷു മൃത്യുവിന്നാമോ ജീവിതത്തിന്റെ കൊടിപ്പടം താഴ്ത്താൻ’ എന്ന് കവി പ്രഖ്യാപിക്കുമ്പോൾ ജീവിതമെന്ന മഹാ പ്രവാഹത്തെയാണ് ഉദ്ദേശിക്കുന്നത്.

## Summarised Overview

വ്യക്തിപരത, സാമൂഹികത, മൃത്യു തുടങ്ങിയവയെക്കുറിച്ചുള്ള വൈലോപ്പിള്ളിയുടെ തനതായ വീക്ഷണത്തെ വ്യക്തമായി വെളിപ്പെടുത്തുന്ന കവിതയാണ് ‘കന്നിക്കൊയ്ത്ത്’. കൃഷിഭൂമിയോടും അവിടെ വിയർപ്പൊഴുക്കി പണിയെടുക്കുന്ന തൊഴിലാളികളോടും അവരുടെ അധ്വാനത്തിന്റെ ഫലമായി മുളച്ചു വളരുന്ന കാർഷികവിളകളോടും വൈലോപ്പിള്ളിക്കുള്ള ബന്ധം ‘കന്നിക്കൊയ്ത്ത്’ വെളിപ്പെടുത്തുന്നു. കൃഷിപ്പാടവും അവിടുത്തെ കർഷകരും കവിയുടെ സർഗാത്മക ജീവിതത്തിന്റെ ഭാഗമാണ്. അധ്വാനം കൈമുതലായുള്ള കീഴാള വർഗത്തിന്റെ ആത്മശുദ്ധിയും അവരുടെ അധ്വാനത്തിന്റെ മഹത്വവും വൈലോപ്പിള്ളിയെ സ്വാധീനിച്ചിരുന്നു. സമഗ്രമായ ജീവിതാവബോധത്തോടെ, ജീവിതത്തിന്റെ അനുസ്യൂതിയെക്കുറിച്ചുള്ള തിരിച്ചറിവോടെ മുന്നേറുകയാണ് വേണ്ടതെന്ന സന്ദേശം കവിത പകർന്നു നൽകുന്നു. വ്യക്തിപരമായ ദുഃഖങ്ങളെക്കുറിച്ച് വ്യാകുലപ്പെടാതെ ഏകജീവിതാനശ്വരഗാനം കൗതുകത്തോടെ ആലപിക്കാൻ കവി ആഹ്വാനം ചെയ്യുന്നു. ജീവിതത്തിന്റെ ഫലമാണ് മൃത്യു എന്നും മൃത്യുവിൽ നിന്നാണ് ജീവിതത്തിന്റെ വിത്തുകൾ ഉണ്ടാകുന്നതെന്നും അതുകൊണ്ട് മൃത്യു ദുഃഖിക്കാൻ ഉള്ളതല്ല എന്നും ജീവിതത്തിന്റെ അന്തിമമായ സമാഹരണമാണ് മരണമെന്നും ഉള്ള ആശയത്തിലേക്ക് വൈലോപ്പിള്ളി എത്തിച്ചേരുന്നു.

ഈ കവിതയുടെ ഭാവവികാസത്തിന് ഏഴു തലങ്ങൾ കവി കല്പിച്ചിരിക്കുന്നു. ആദ്യത്തെ രണ്ടീരടിയിൽ ഗ്രാമജീവിത കഥാനാടകവേദിയായ പുഞ്ചപ്പാടം പൊന്നുഷസിന്റെ കൊയ്ത്തിൽ നിന്നൂരി ചിന്നിക്കിടക്കുന്ന കതിരുകളുടെ വെളിച്ചത്തിൽ കാണുമാറാകുന്നു. കൊയ്ത്തുപാടം ജീവിതത്തിന്റെ ബിംബമാണെന്ന് സൂചന, ആദ്യവരികളിൽ നിന്നുതന്നെ ലഭിക്കുന്നു. ഓരോ ഈരടിയിലും കവിത നിറയ്ക്കാനും വർണ്ണനകളിൽ പരമാവധി ഔചിത്യം പാലിക്കാനുമുള്ള നിഷ്ഠ ഈ ചെറിയ കാവ്യഖണ്ഡത്തിലും കാണാം. കൊയ്ത്തുപാടത്തിന്റെ പശ്ചാത്തലമായ ഉഷസിനും കൊയ്ത്തിന്റെ അസംസ്കൃതമെങ്കിലും ഗ്രാമീണമായ ചാരുത അണിയിച്ചിരിക്കുന്നു.

രണ്ടാമത്തെ ചെറിയ ഭാഗത്ത് പാടത്തു നിരനിരയായി ഉത്സാഹത്തിമിർപ്പോടെ കൊയ്തുമുന്നേറുന്ന തൊഴിലാളിസ്ത്രീകളുടെ യഥാതഥ ചിത്രമാണ് കാണാൻ കഴിയുന്നത്. ഒറ്റയൊറ്റ വ്യക്തികളുടെ മുഖത്തേക്ക് കവി വെളിച്ചം പായിക്കുന്നില്ല. അവർ വെറ്റില മുറുക്കി ഉന്മാദമോളം വെട്ടുന്ന അരിവാളുകളുമായി മുന്നേറുന്നു. ജീവിതമെന്ന മഹാപ്രവാഹത്തെ അകലെ മാറിനിന്നു കാണുന്നവർ ഈ ഉന്മാദം ഓളം വെട്ടുന്ന ഉത്സാഹത്തിമിർപ്പാവും കാണുക. അവിടെ വി

ഷാദത്തിന്റെ, ആലസ്യത്തിന്റെ ഭാവങ്ങൾ വേറിട്ടു കാണുക എളുപ്പമല്ല. കൊയ്ത്തരിവാളുകളുടെ കലമ്പലാണ് തുടർന്നു നാം കേൾക്കുന്നത്.

പഞ്ചവർണ്ണക്കിളിയുടെയാട്ടം കൊയ്ത്തുപാടത്തവശേഷിക്കുന്ന കുറ്റികളും വയ്ക്കോലും ചുട്ടെരിച്ച ചാമ്പലിൽ നിന്നു ഏറെ ആരോഗ്യത്തോടെ തെഴുത്തുവരുന്ന ഞാറുപോലെ, അനേകമനേകം മരണങ്ങളുടെ ചാരത്തിൽ നിന്ന് തെഴുത്തുയരുന്ന പുതിയ തലമുറ. പലപ്പോഴും രോഗദാരിദ്ര്യങ്ങളുടെ ചാഴി അവരുടെ കരുത്ത് ഊറ്റിക്കളയുന്നു. എങ്കിലും പ്രേമത്തിന്റെ പഞ്ചവർണ്ണക്കിളി ഹൃദയത്തിന്റെ കതിർകൊത്തി അവിടെ പാറി നടക്കുന്നു എന്നു മാത്രമല്ല, വേദനയുടേയും യാതനകളുടേയും കൊടുംപായലിൻ മീതെ തെളിയുന്ന ആനന്ദത്തിന്റെ തെളിനീരിൽ ഉത്സാഹത്തിന്റെ നെല്ലിപ്പൂന്തോട്ടം തഴയ്ക്കുകയും ചെയ്യുന്നു. അതാണ് വൈലോപ്പിള്ളി കാണുന്ന ജീവിതം. ഇതു കാട്ടിത്തരുന്ന കവി പാടാനാവാതെ വെറും പയ്യാരം പറയുന്ന ആ കൊയ്ത്തുകാരികളുടെ അടുത്തേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. അവരുടെ പയ്യാരം പറച്ചിലിലൂടെ അനാവരണം ചെയ്യപ്പെടുന്ന കഥകൾ ചിരപുരാതനങ്ങളാണ്. അവരുടെ മുൻ തലമുറക്കാർ പറഞ്ഞതും ഇതു തന്നെയാണ്. കൊയ്ത്തുപാടത്ത് ഉത്സാഹത്തിമിർപ്പോടെ നിന്ന് ഇടയ്ക്കിടയ്ക്ക് തന്നെ, അനുരാഗ വായ്പോടെ കടാക്ഷിക്കുന്ന പെൺകിടാവിന്റെ ജീവിത ദുരിതം കവി കാണുന്നു.

ഓരോ കൊയ്ത്തു കഴിയുമ്പോഴും ഒത്തിരി വിത്തു കരുതി വയ്ക്കപ്പെടുന്നു; പത്തിരട്ടിയായി പൊന്ന് വിളയിക്കാൻ വേണ്ടി, ജീവിതം വിതറി മൃത്യു കൊയ്യുന്ന ഗ്രാമപ്പാടത്തു സംഭവിക്കുന്നതും അതുതന്നെ. ജീവിതത്തെ അനുസ്യൂതം നിലനിർത്താൻ വേണ്ടി പുതിയ സന്താന പരമ്പര ആവിർഭവിക്കുന്നു. മരണത്തിന്റെ ചാരത്തിൽ നിന്ന് പുതിയ ജീവിതം. ആ ജീവിതത്തിനാകട്ടെ മൗലികമായ വ്യത്യാസമൊന്നുമില്ല. നാളത്തെ ഗായകനായ കാമുകൻ ഇന്നത്തെ കവിയുടെ തന്നെ പ്രതിച്ഛായയാണ്. നാളെ അനുരാഗത്തിന്റെ കണ്ണേറോടെ കൊയ്യാനെത്തുന്ന തരുണി ഇന്നത്തെ കാമുകിയുടെ തുടർച്ചയാണ്.

ജീവിത യാഥാർഥ്യങ്ങൾക്കു നേരെ കണ്ണുകൾ തുറന്നു പിടിച്ച കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ. കാല്പനിക ഭംഗിയിൽ അഭിരമിക്കാനല്ല, പുതിയ കാലത്തിന്റെ ചലനാത്മകതയെ തിരിച്ചറിഞ്ഞു കൊണ്ട് കവിത രചിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. വരികളുടേയും വാക്കുകളുടേയും തിരഞ്ഞെടുപ്പിൽ പുലർത്തിയിരിക്കുന്ന സൂക്ഷ്മത പോലും ആ നിലയിൽ ശ്രദ്ധേയമാണ്. മാനസിക വ്യാപാരങ്ങളെയും ജീവിതത്തിന്റെ നിസ്സഹായതയെയും അതിജീവന ശ്രമങ്ങളെയും അദ്ദേഹം കവിതയിൽ ആവിഷ്കരിച്ചു. അദ്ദേഹം രചിച്ച 'കന്നിക്കൊയ്ത്ത്' മലയാളത്തിൽ ഒരു ഭാവുകത്വ പരിവർത്തനത്തിന് തുടക്കം കുറിച്ച കവിതയാണെന്ന് പറയാം. ആധുനികമായ ജിവിതബോധത്തിന്റെ വെളിച്ചത്തിൽ കേരളീയാനുഭവങ്ങളുടെ ആഴവും സങ്കീർണ്ണതയും അദ്ദേഹം കവിതകളിൽ ആവിഷ്കരിച്ചു. കനവും കാതലുമുള്ള കവിതകളായിരുന്നു വൈലോപ്പിള്ളിയുടേത്. മൃത്യുബോധം വൈലോപ്പിള്ളി കവിതകളുടെ പ്രധാന സവിശേഷതയാണ്. ജീവിതത്തെ പ്രകൃതിയുടെ ഭിന്നഭാവങ്ങളുമായി ബന്ധിപ്പിച്ച് വ്യഖ്യാനിക്കാനുള്ള ശ്രമം വൈലോപ്പിള്ളി കവിതകളുടെ മുഖമുദ്രയാണ്.

## Assignments

1. മലയാള കവിതയും കാല്പനികതയും എന്ന വിഷയത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.
2. ജീവിതയാഥാർഥ്യങ്ങൾക്കു നേരെ കണ്ണുകൾ തുറന്നു പിടിച്ച കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ - വിലയിരുത്തുക
3. വ്യക്തിപരത, സാമൂഹികത, മൃത്യു തുടങ്ങിയവയെക്കുറിച്ചുള്ള വൈലോപ്പിള്ളിയുടെ തനതായ വീക്ഷണത്തെ വ്യക്തമായി വെളിപ്പെടുത്തുന്ന കവിതയാണ് കന്നിക്കൊയ്ത്ത്. ചർച്ച ചെയ്യുക.
4. മലയാളത്തിൽ ഒരു ഭാവുകത്വപരിവർത്തനത്തിന് തുടക്കം കുറിച്ച കവിതയാണ് കന്നിക്കൊയ്ത്ത്. പരിശോധിക്കുക.
5. ജീവിതത്തെ പ്രകൃതിയുടെ ഭിന്നഭാവങ്ങളുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിക്കാനുള്ള ശ്രമം വൈലോപ്പിള്ളിക്കവിതകളുടെ മുഖമുദ്രയാണ്. നിരൂപിക്കുക.

## References


1. ഡോ.എം. ലീലാവതി, മലയാള കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ
2. ഡോ.എം. ലീലാവതി, വർണ്ണരാജി, എൻ. ബി.എസ് കോട്ടയം
3. ഡോ. പന്മന രാമചന്ദ്രൻ നായർ , സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം
4. പ്രൊഫ.ഏരുമേലി പരമേശ്വരൻപിള്ള , മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം
5. വൈലോപ്പിള്ളി ശ്രീധരമേനോൻ, കന്നിക്കൊയ്ത്ത്, കറന്റ് ബുക്സ്, തൃശൂർ


## Suggested Readings


1. ഡോ. എസ്. രാജശേഖരൻ, വൈലോപ്പിള്ളിക്കവിതാ സമീക്ഷ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം
2. ഡോ. ഡി. ബെഞ്ചമിൻ, കാല്പനികത മലയാള കവിതയിൽ, അയന ബുക്സ്, തിരുവനന്തപുരം
3. ഡോ. കെ.എം. ജോർജ്, ആധുനികമലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ ഡി.സി ബുക്സ്, കോട്ടയം
4. സച്ചിദാനന്ദൻ, മലയാള കവിതാ പഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# 2. നിത്യമേഘം

## അക്കിത്തം അച്യുതൻ നമ്പൂതിരി

## Learning Outcomes

- മാനുഷിക മൂല്യങ്ങളെ മുറുകെ പിടിക്കുന്ന ദർശനങ്ങളിൽ അധിഷ്ഠിതമായ ധാർമ്മികത വെളിവാക്കുന്ന അക്കിത്തം കവിതകളെ പരിചയപ്പെടുന്നു
- ഭാരതീയ സംസ്കാരത്തിന്റെ പൈതൃകം അക്കിത്തം കവിതകളുടെ അന്തർധാരയായി വർത്തിക്കുന്നു എന്ന് ഗ്രഹിക്കുന്നു
- കാളിദാസകവിതയുടെ ആത്മസത്തയെ മനസ്സിലാക്കാൻ 'നിത്യമേഘ'മെന്ന കവിതയെ വിലയിരുത്തുന്നു
- അക്കിത്തത്തിന്റെ കാവ്യദർശനങ്ങൾ വിലയിരുത്തുന്നു

## Background

വിശ്വമാനവികതയുടെ കാവ്യാദ്വൈതമായി അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ കൃതികൾ വിലയിരുത്താം. 'വെളിച്ചം ദുഃഖമാണുണ്ണീ...... തമസല്ലോ സുഖപ്രദം' എന്ന വരികൾ ആധുനികതയുടെ പുതിയ ലോകത്തെ മലയാളിക്ക് പരിചയപ്പെടുത്തി. ഭാവിപൗരനോടുള്ള ഓർമ്മപ്പെടുത്തലാണീ വരികൾ. ഇ. എം. എസ്സിന്റെയും വി. ടി. യുടെയും സഹയാത്രികനായിരുന്നയാൾ, നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങളെ തൂത്തുമാറ്റാൻ പരിശ്രമിച്ച ഒരാൾ, അനാചാരങ്ങളെ ചൂലെടുത്ത് അടിക്കുന്ന ഭാഷയിൽ തല്ലിച്ചതച്ചയാൾ. എന്നിങ്ങനെ അക്കിത്തത്തിന്റെ വിശേഷങ്ങൾ അനവധിയാണ്. ശാന്തിക്കാരനും തികഞ്ഞ വിശ്വാസിയും ആയിരിക്കുമ്പോഴും അക്കിത്തത്തിനു വേറിട്ട നിലപാടുണ്ടായിരുന്നു. ക്ഷേത്രങ്ങളിലെ ധൂർത്തിനെയും ശരിയില്ലായ്മകളെയും വിമർശിച്ചെഴുതിയതാണ് 'എന്റെയല്ലെന്റെയല്ലീക്കൊമ്പനാനകൾ'. പദപ്രയോഗം കൊണ്ട് മലയാളത്തിൽ സമാനതകൾ ഇല്ലാത്ത വരികൾ. 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കൃതി കക്ഷിരാഷ്ട്രീയത്തിനപ്പുറമുള്ള രാഷ്ട്രീയമാണ് സംസാരിച്ചത്. ചോര ചിതറുന്ന രാഷ്ട്രീയ കലാപങ്ങളെ കവിതയിലൂടെ നിശിതമായി അദ്ദേഹം വിമർശിച്ചു. ഇസങ്ങൾക്കു വഴങ്ങാത്ത വിശാല മാനവികതയായിരുന്നു അക്കിത്തത്തിന്റെ ആദ്യകാല കവിതകളുടെ സ്വഭാവം. ചിരിക്കുന്ന മനുഷ്യന്റെ മറക്കാനുള്ള ശക്തിയെക്കുറിച്ചും കരയുന്ന മനുഷ്യന്റെ സഹജീവാനുകമ്പയെക്കുറിച്ചും അദ്ദേഹം കവിതയിൽ തുറന്നു കാട്ടി. കാലത്തെ മാറ്റിമറിച്ച ചിന്തകളും ഭാവനകളുമുണ്ടായ നാട്ടിലാണ് അക്കിത്തം ജീവിച്ചത്.

നിരവധി ലോകതത്വങ്ങൾ അദ്ദേഹത്തിന്റെ കവിതകളിൽ ദർശിക്കാം. നമ്പൂതിരി സമുദായത്തിലെ അനീതികൾ തുറന്നു കാട്ടിയ ഉണ്ണിനമ്പൂരി മാസികയുടെ പ്രസാധകനായി. കവിത കൊണ്ടാണ് അക്കിത്തം നമ്പൂതിരി ശീലങ്ങളെ തിരുത്തിയത്. കാല്പനികതയിലും ആധുനികതയിലും അഭിരമിക്കുമ്പോഴും സ്നേഹത്തിലൂന്നിയ വിപ്ലവബോധമാണ് അദ്ദേഹത്തിൽ വേരൂന്നി നിന്നത്. നല്ല നാളേയ്ക്കു വേണ്ടിയാണെങ്കിലും അക്രമവും കൊലയും ത്യജിക്കേണ്ടതാണെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. ചിലപ്പോൾ ആത്മോപഹാസത്തിലേക്കും മറ്റു ചിലപ്പോൾ

ആക്ഷേപ പരിഹാസത്തിലേക്കും അദ്ദേഹത്തിന്റെ കവിത സഞ്ചരിക്കാറുണ്ട്. കരുണയും സഹാനുഭൂതിയും നിറഞ്ഞതാണ് അക്കിത്തത്തിന്റെ പലകവിതകളും. മറ്റുള്ളവർക്കായി കണ്ണീർക്കണം പൊഴിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നതാണ് കവിയുടെ ഹൃദയം. കാളിദാസന്റെ 'മേഘസന്ദേശ'ത്തെ അനുസ്മരിച്ചുകൊണ്ട് എഴുതിയ കവിതയാണ് 'നിത്യമേഘം'. കാളിദാസകവിതയുടെ ആത്മസത്തയെ അക്കിത്തം നിത്യമേഘം എന്ന ബിംബത്തിലൂടെ അവതരിപ്പിക്കുന്നു.

കവിതകളും നാടകവും ചെറുകഥകളും ഉപന്യാസങ്ങളുമായി നാല്പത്തിയാറോളം കൃതികൾ മഹാകവി അക്കിത്തത്തിന്റേതായുണ്ട്. 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം', 'ഭാഗവതം', 'നിമിഷക്ഷേത്രം', 'വെണ്ണക്കല്ലിന്റെ കഥ', 'ബലിദർശനം', 'മനസാക്ഷിയുടെ പൂക്കൾ', 'അക്കിത്തത്തിന്റെ തിരഞ്ഞെടുത്ത കവിതകൾ', 'പഞ്ചവർണ്ണക്കിളി', 'അരങ്ങേറ്റം', 'മധുവിധു', 'ഒരു കുല മുന്തിരിങ്ങ', 'കരതലാമലകം', 'പ്രതികാരദേവത', 'അമൃതഗാഥിക', 'മാനസപൂജ', ' സ്പർശമണികൾ' എന്നീ കവിതകളും. ഉപനയനം, സമാവർത്തം എന്നീ ഉപന്യാസങ്ങളും അക്കിത്തത്തിന്റെ രചനകളാണ്.

'ബലിദർശനം' എന്ന കൃതിക്ക് 1972-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 1973-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, 1974 - ലെ ഓടക്കുഴൽ അവാർഡ്, സമഗ്ര സംഭാവനയ്ക്കുള്ള 2008-ലെ എഴുത്തച്ഛൻ പുരസ്കാരം, 2008-ലെ മാതൃഭൂമി സാഹിത്യ പുരസ്കാരം, 2012-ലെ വയലാർ അവാർഡ്, 2016-ലെ എഴുത്തച്ഛൻ പുരസ്കാരം, 2014 -ലെ പത്മശ്രീ, മൂർത്തീ പുരസ്കാരം തുടങ്ങിയവ മഹാകവി അക്കിത്തത്തിന് ലഭിച്ചിട്ടുണ്ട്. പതിറ്റാണ്ടുകൾ നീണ്ട മഹത്തായ കാവ്യജീവിതത്തിനൊടുവിൽ 2019-ൽ സമഗ്രസംഭാവനയ്ക്ക് ജ്ഞാനപീഠപുരസ്കാരവും അദ്ദേഹത്തെ തേടിയെത്തി.

## Keywords

കാല്പനികത-ആധുനികത-ആർഷഭാരത സംസ്കാരം-സമകാലിക ജീവിതം-കാളിദാസകൃതിയുടെ പുനരാവിഷ്കരണം-അക്കിത്തത്തിന്റെ കാവ്യജീവിതം-ബിംബകല്പനകൾ

## Discussion

▶ നമ്പൂതിരി സമുദായ പരിഷ്കരണ പ്രവർത്തനം

നമ്പൂതിരി സമുദായ പരിഷ്കർത്താക്കളുടെ ഒപ്പം ചേർന്നു നവോത്ഥാന പ്രവർത്തനങ്ങളിൽ അക്കിത്തം പങ്കാളിയായിട്ടുണ്ട്. ഉണ്ണിനമ്പൂരി, മംഗളോദയം, യോഗക്ഷേമം എന്നീ പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. ബ്രാഹ്മണ്യത്തിന്റെ അത്യാചാരങ്ങളെ അവസാനിപ്പിക്കാനുള്ള പ്രവർത്തനങ്ങളിൽ പങ്കെടുത്തു. നിലവിലുണ്ടായിരുന്ന ജീവിതാവസ്ഥകളോട് തനിക്കുണ്ടായ പ്രതികരണങ്ങൾ സത്യസന്ധമായി ആവിഷ്കരിച്ചു. ഭാരതീയ സംസ്കാരത്തിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് അതിന്റെ മൂല്യങ്ങളെ സ്വാംശീകരിച്ച് തന്റെ രചനകളിൽ പ്രതിഫലിപ്പിക്കുവാൻ അക്കിത്തം ശ്രമിച്ചിരുന്നു. ഭാരതീയമായ സനാതനമൂല്യങ്ങൾക്ക് സമകാല ജീവിതത്തിന്റെ പ്രതിസന്ധി

കളെ അഭിമുഖീകരിക്കാൻ സാധിക്കുമെന്ന് ചൂണ്ടിക്കാട്ടി. സമഗ്രമായ ഒരു പ്രപഞ്ച -പ്രകൃതിദർശനവും അക്കിത്തത്തിൽ പ്രകടമാണ്.

അദ്ദേഹം സാമൂഹിക വിമർശനം നിർവഹിച്ചത് ഏതെങ്കിലും ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രത്തെ അടിസ്ഥാനമാക്കിയായിരുന്നില്ല. താൻ കണ്ട യഥാതഥമായ ജീവിതക്കാഴ്ചകളെ മനുഷ്യസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സാമൂഹികാവബോധത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന, ഏറെ ചർച്ചകൾക്ക് വിധേയമായ കാവ്യത്തിന്റെ സൃഷ്ടിരഹസ്യവും മേല്പറഞ്ഞതാണ്. സാമൂഹിക പരിവർത്തനം വ്യക്തിയിലും സമൂഹത്തിലും സൃഷ്ടിക്കുന്ന വിഭിന്നങ്ങളായ അവസ്ഥാന്തരങ്ങൾ ആവിഷ്കരിക്കാൻ അക്കിത്തം ശ്രമിച്ചിട്ടുണ്ട്. മുതലാളിത്തവ്യവസ്ഥയിലേക്ക് പിഴുതുമാറ്റപ്പെട്ട ഗ്രാമീണ സ്വത്വങ്ങളുടെ ആന്തരിക സംഘർഷങ്ങളെ അക്കിത്തം ചില കവിതകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. മാറിയ ജീവിതപരിസരങ്ങളിൽ പൊരുത്തപ്പെടാനാകാതെ അന്യവൽക്കരിക്കപ്പെടുന്ന ആധുനികമനുഷ്യന്റെ ബഹിരന്തഃസംഘർഷങ്ങൾ കവിതയ്ക്ക് വിഷയമായിട്ടുണ്ട്. 'പണ്ടത്തെ മേൽശാന്തി' അത്തരം ഒരു കവിതയാണ്. സാമൂഹിക പരിവർത്തനം സൃഷ്ടിക്കുന്ന ആന്തരിക സംഘർഷങ്ങൾ കവിതയ്ക്ക് വിഷയമായിട്ടുണ്ട്.

▶ കവിതയിലൂടെ സാമൂഹികവിമർശനം നിർവഹിച്ചു

കേരളീയ പരിസരത്തിലെ സവിശേഷമായ ആധുനികതയെ ലളിതമായി അവതരിപ്പിച്ചു. ആധുനികതയുടെ അവസ്ഥാവിശേഷങ്ങളെ പരമ്പരാഗതമായ രചനാതന്ത്രത്തിലൂടെ അവതരിപ്പിച്ചുവെന്നത് അക്കിത്തം കവിതയുടെ പ്രത്യേകതയാണ്. ആധുനികതാപ്രസ്ഥാനത്തിലെ ആദ്യകാല പ്രബലകവികളായ അയ്യപ്പപ്പണിക്കർ, കക്കാട് എന്നിവരിൽ നിന്നും അക്കിത്തം വ്യത്യസ്തനാകുന്നത് ഈ നിലയിലാണ്. ഗഹനങ്ങളായ ജീവിതദർശനങ്ങളെ അഗാധമായ ഉൾക്കാഴ്ചയോടെ ദുർഗ്രഹത ഏശാതെ അവതരിപ്പിച്ചുകൊണ്ട് അക്കിത്തം വ്യത്യസ്തത പുലർത്തി.

'എന്റെയല്ലയന്റെയല്ലീക്കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും മക്കളേ'

എന്ന ലളിതമായ വരികളിലൂടെ മനുഷ്യാവസ്ഥയുടെ പരമമായ പൊരുളാണ് അക്കിത്തം വരച്ചിട്ടത്. ഭാരതീയസംസ്കൃതിയെ കവിതകളുടെ അടിസ്ഥാനമാക്കി അക്കിത്തം സ്വീകരിക്കാറുണ്ട്. അത്തരത്തിലുള്ള ഒരു കവിതയാണ് 'നിത്യമേഘം'.

▶ പരമ്പരാഗതമായ രചനാതന്ത്രത്തിലൂടെയുള്ള ആധുനികത

## വരികൾ

പ്രിയാ വിരഹ ദുഖത്തിൻ അഗ്നിയാൽ
ധൂമ പാളിയാൽ നിശ്വാസ വായുവാൽ
അശ്രു ബിന്ദുവാൽ കാല പുരുഷൻ
മഴ മേഘത്തെ നിർമ്മിച്ചു പറപ്പിക്കുന്നു
ലീലയായ്, ഭാവനാകാശത്തിലൂടെ
ശിശു പട്ടത്തെ എന്നപോൽ..
സമുന്നത മനുഷ്യാത്മരാമഗിര്യാശ്രമങ്ങളിൽ
ഇടതിങ്ങിയ പച്ചപ്പിൽ കുടകപ്പാല പൂക്കവേ

ഒരിളം കുളിർകാറ്റൂതും ആഷാഢ പുലർ വേളയിൽ
നേർത്ത് ഇഴഞ്ഞൊഴുകും കാട്ടുചോലതൻ മൂളൽ കേൾക്കവേ

### അർഥവിശദീകരണം

| | | |
|---|---|---|
| അശ്രുബിന്ദു | = | കണ്ണുനീർ |
| ആഷാഢം | = | കർക്കിടകം |
| ധൂമപാളി | = | പൊടി പടലങ്ങൾ |

### ആശയവിശദീകരണം

> ▶ കാളിദാസകാവ്യങ്ങളിലെ മേഘപ്രതീകങ്ങൾ

കാലപുരുഷനെ പരാമർശിച്ചുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. കാളിദാസഭാവനയുടെ ഛായ അവിടെ കൂട്ടിക്കലർത്തുന്നു. ശിശുകളിയ്ക്കാനായി പട്ടം പറത്തുന്നതുപോലെ കാലപുരുഷൻ ഭാവനാകാശത്തിലൂടെ മഴമേഘത്തെ നിർമ്മിച്ചു പറപ്പിക്കുന്നു. ആ മഴമേഘം പ്രിയാവിരഹദുഃഖത്തിന്റെ അഗ്നിയാൽ, ധൂമപാളിയാൽ, നിശ്വാസവായുവാൽ, അശ്രുബിന്ദുവാൽ നിർമ്മിക്കപ്പെട്ടതാണ്. വൈശ്രവണന്റെ ശാപത്താൽ പ്രിയതമയിൽനിന്നകറ്റപ്പെട്ട യക്ഷൻ രാമഗിരി വനത്തിൽ പാർത്തു. പ്രിയപ്പെട്ടവളെ പിരിഞ്ഞ വിരഹദുഃഖമാകുന്ന അഗ്നിയാൽ ഉണ്ടാകുന്ന പുകയും നിശ്വാസവായുവും ഉതിർത്ത് ഒരു പുരുഷവിഗ്രഹം നിന്നു. ശ്രേഷ്ഠമായ രാമഗിര്യാശ്രമത്തിൽ ഇടതിങ്ങി നിബിഡമായ പച്ചപ്പിൽ വൃക്ഷഛായകൊണ്ട് നീലിമയാർന്ന കുടകപ്പാലകൾ പൂത്തു നിൽക്കുന്നു. ആടിമാസത്തിലെ കുളിർകാറ്റു വീശുന്ന ഒരു പുലർകാലത്ത് മലയടിവാരത്ത് നേർത്തൊഴുകുന്ന ഒരു കാട്ടുചോലയുടെ ശബ്ദം കേൾക്കുന്നു. ആകാശത്തേക്ക് ഉന്തി നിൽക്കുന്ന മുനമ്പിൽ, രാമഗിരിയുടെ പർവതശിഖരത്തിൽ നീലാകാശമാകുന്ന സമുദ്രത്തിലേക്ക് ചാടുവാൻ തയ്യാറാകുംപോലെ യക്ഷൻ നിലകൊള്ളുന്നു. ആകാശചാരിയായി പ്രിയതമയുടെ സമീപത്തേക്ക് എത്താൻ വെമ്പൽ കൊള്ളുന്ന അയാൾക്ക് ഭൂമിവിട്ട് സ്വൈരസഞ്ചാരം ചെയ്യാൻ കഴിയുന്നില്ല. വർഷകാലമേഘത്തെയും താഴ്‌വരയിൽ കൊമ്പുകുത്തി കളിക്കുന്ന കൊമ്പനാനയെയും പോലെ ആകർഷകമായ മഴമേഘത്തെയും യക്ഷൻ കാണുന്നു. മേഘങ്ങൾക്കിടയിൽ വെള്ളിൽപ്പറവകൾ തുള്ളിക്കളിക്കുന്നതു പോലെ കവിയുടെ ഭാവന (കാളിദാസഭാവന) വിഹരിച്ചു.

### വരികൾ

മേവുന്നു മിഴി തോരാതെ ഒരു പുരുഷ വിഗ്രഹം!
മാനത്തേക്ക് ഉന്തി നിൽക്കുന്ന മുനമ്പിൽ പൂർണ്ണ മുഗ്ദ്ധനായ്..
നീലാകാശ സമുദ്രത്തിൽ ചാടുവാനെന്നപോലെ
അവന്റെ കണ്ണിൻ താഴത്തു നിൽപ്പു വർഷാഘനാഘനം!
സാനുവിൽ തിണ്ടു കുത്തുന്ന കൊമ്പനാന കണക്കിന്
അതിൽ തുള്ളിക്കളിക്കുന്നു വെള്ളിൽ കിളികൾ എന്നപോൽ
അഭൂതപൂർണ്ണമാം കാന്ത മനോഭാവ കുരുന്നുകൾ...

### അർഥവിശദീകരണം

| | | |
|---|---|---|
| സാനു | = | താഴ്‌വര |
| തിണ്ടു കുത്തുന്ന | = | കൊമ്പുകുത്തുന്ന |

| | | |
|---|---|---|
| കാന്തം | = | മനോഹരം |
| മനോഭാവക്കുരുന്നുകൾ | = | ഭാവനയുടെ അങ്കുരങ്ങൾ |

## ആശയവിശദീകരണം

മേഘസന്ദേശകാവ്യസന്ദർഭത്തെ അനുസ്മരിപ്പിക്കുന്നതാണ് അടുത്തഭാഗം. സമുന്നതമായ രാമഗിരി ആശ്രമത്തിൽ, ഇടതിങ്ങിയ പച്ചപ്പിൽ കുടകപ്പാല പൂക്കവേ ഒരു ഇളംകാറ്റ് ഊതുന്ന ആഷാഢപ്പുലർവേളയിൽ, ഒഴുകുന്ന കാട്ടുചോലയുടെ മൂളൽ കേൾക്കവേ, വിരഹാഗ്നി ആളിക്കത്തിക്കുന്ന ആ പ്രകൃതിപശ്ചാത്തലത്തിൽ ഒരു പുരുഷവിഗ്രഹം കണ്ണുനീരുതിർത്തുകൊണ്ട് നിലകൊണ്ടു. പർവതാഗ്രത്തിൽ, നീലാകാശ സമുദ്രത്തിൽ ചാടുവാനെന്നപോലെയാണ് അവൻ നിന്നത്. ചാടുവാൻ വലിയുന്ന കാലിൽ ഭൂമി തൂങ്ങി കനക്കവേ അവന്റെ കണ്ണുകളുടെ താഴത്ത് മഴമേഘങ്ങൾ നിറഞ്ഞുനിന്നു. താഴ്വാരത്ത് തിണ്ടുകുത്തുന്ന കൊമ്പനാനകളെപ്പോലെ തോന്നിപ്പിച്ചു ആ മേഘങ്ങൾ. ആ മഴമേഘങ്ങൾക്കുള്ളിൽ വെള്ളിക്കിളികൾ എന്നപോലെ പ്രണയിയുടെ അഭൂതപൂർവമായ മാനസികഭാവങ്ങൾ തുള്ളിക്കളിച്ചു. സന്തുഷ്ടമായ ആര്യാവർത്തം മുഴുവൻ അതിൽ പ്രതിബിംബിച്ചു.

> ▶ ‘മേഘസന്ദേശ’ത്തിലെ നായികയുടെ വിരഹാവസ്ഥ

## വരികൾ

അതിൽ ബിംബിപ്പൂ സന്തുഷ്ടം ആര്യാവർത്തം മുഴുക്കനെ!
നിർജ്ജനം രാമപുരി തൊട്ട് അളകാപുരിയോളം!
അളകാപുരിയിൽ കാണ്മിത് ഒരു നിർമൂകമാം ഗൃഹം
മഴവില്ലൊളി താവുന്ന കമാനത്തിന്റെ പിൻവശം
മുറ്റത്തു നിൽക്കും മന്ദാരം നിറയെ പൂത്തു വാടവേ
ഒറ്റക്കത്തിരുന്നു കേഴും ലോകൈക സുന്ദരി
കണ്ണീരിൽ നനയും വീണാതന്ത്രികൾ മീട്ടാൻ ശ്രമിക്കയാൽ
താൻ ഉണ്ടാക്കിയ പാട്ട് അമ്പേ മറന്നുപോയ സുന്ദരി
‘നിനക്കിപ്പോൾ ഓർമ്മയുണ്ടോ തത്തമ്മേ മണവാളനെ
എന്ന് മെല്ലെന്ന അതിൻ തൂവൽ ഒതുക്കിടുന്ന സുന്ദരി

## അർഥ വിശദീകരണം

| | | |
|---|---|---|
| ആര്യാവർത്തം | = | ആര്യന്മാരുടെ അധിനിവേശ പ്രദേശമായ ഉത്തര ഭാരതഖണ്ഡം |
| കമാനം | = | വളഞ്ഞുള്ള വാതിൽ |
| അളകാപുരി | = | യക്ഷന്മാരുടെ വാസസ്ഥലം |

## ആശയവിശദീകരണം

വലിയ ജനവാസമില്ലാത്ത, രാമഗിരി മുതൽ അളകാപുരി വരെയുള്ള പ്രദേശം കവിഭാവനയിൽ പ്രതിബിംബിക്കുന്നു. ‘മേഘസന്ദേശ’ത്തിലെ മേഘം കടന്നുപോകുന്ന ആര്യാവർത്തത്തിന്റെ രമണീയത കാവ്യത്തിൽ വർണ്ണിക്കുന്നു. യക്ഷന്മാരുടെ വാസസ്ഥലമായ അളകാപുരിയിലെ ശോകമൂകമായ ഒരു ഗൃഹത്തിലിരിക്കുന്ന ‘മേഘസന്ദേശ’ത്തിലെ നായികയുടെ ഒരു ഭാവചിത്രമാണ് കവി ഇവിടെ വരച്ചുകാട്ടുന്നത്. അവിടെ മഴവില്ലിന്റെ കാന്തികലർന്ന കമാനത്തിന്റെ പിൻവശത്തെ മുറ്റത്ത് നിറയെ

> ▶ 'മേഘസന്ദേശ'ത്തിലെ ഭാഷാന്തരങ്ങളും വാങ്മയചിത്രങ്ങളും

പൂത്തും വാടിയും നിൽക്കുന്ന ഒരു മന്ദാരം. ആ ഭവനത്തിനകത്തിരുന്നു ഒറ്റയ്ക്ക് കേഴുകയാണാ സുന്ദരി. അവൾ കണ്ണീരു വീണു നനഞ്ഞ വീണക്കമ്പികൾ മീട്ടാനാരംഭിക്കുകയാണ്. വിരഹദുഃഖംകൊണ്ട് കണ്ണു നിറയുന്നു. ദുഃഖംകാരണം പ്രിയതമനെക്കുറിച്ചു താനുണ്ടാക്കിയ ഗാനം പോലും അവൾ മറന്നു പോകുന്നു. നിനക്ക് എന്റെ പ്രിയതമനെ ഓർമ്മയുണ്ടോയെന്ന് തത്തമ്മയോട് അവൾ ചോദിക്കുന്നു. ഈ ഭാഗത്ത് 'മേഘസന്ദേശ' കല്പനകളെയാണ് കവി പിൻതുടരുന്നത്.

## വരികൾ

കാലം ആ മഴ മേഘത്തെ കണ്ടു നിന്ന് ഓർത്തു പോകയാം
ഓടപ്പുല്ലൂതി ലോകത്തെ ഭരിച്ചോരളിവർണ്ണനെ
അവന്റെ വായിൽ കാണായ വിശ്വരൂപം കണക്കിനെ
എന്നെ വിസ്മിതനാക്കുന്നു മേഘമേ നിൻ മഹാശയം!
സർവഭക്ഷകം എൻ നാവും തരിപ്പിച്ചു കളഞ്ഞു നീ
അത് നിന്റെ നേർക്ക് നീളും മുൻപ് ആനന്ദക്കണ്ണീരിനാൽ
ശകുന്തളാ വിയോഗത്താൽ തളരും കാട്ടുമുല്ലയോ,
തുടിക്കും മാളവിക തൻ കാലാൽ പൂക്കും അശോകമോ,
രഘുവിൻ ദാനവീര്യത്താൽ ഇടറും കൌത്സ്യ കണ്ഠമോ,
ഗൌരിതൻ നീല നീൾ കണ്ണാൽ പിളരും രുദ്ര ചിത്തമോ,
പൂരൂരുവസിനെ ചുറ്റും അപ്സരസ്സിന്റെ നന്ദിയോ
നിൻ ഉരസ്സിൽ പ്രതിഫലിക്കാതെ എന്തുള്ളു മേഘമേ
ഖനീഭവിച്ചൊരു ഉദ്ഗ്നമർത്യസങ്കല്പ രൂപമേ
നിലത്തോളം കനിപ്പേൻ എൻ ഗർവം നിൻ തിരുമുൻപിൽ ഞാൻ

## അർഥവിശദീകരണം

| | | |
|---|---|---|
| അളിവർണ്ണൻ | = | വണ്ടിന്റെ നിറമുള്ളവൻ (ശ്രീകൃഷ്ണൻ) |
| ഓടപ്പുല്ല് | = | ഓടക്കുഴൽ |
| കൌത്സ്യ കണ്ഠം | = | കൌത്സ്യമുനിയുടെ കഴുത്ത് |
| രുദ്രൻ | = | ശിവൻ |
| ഉദ്വിഗ്ന | = | വിരഹദുഃഖം |
| ഗൗരി | = | പാർവതി |

## ആശയവിശദീകരണം

ആ മഴമേഘത്തെ കണ്ടപ്പോൾ ഓടക്കുഴലൂതി ലോകത്തെ ഭരിച്ച കാർവർണ്ണനെ (ശ്രീകൃഷ്ണനെ) കവി ഓർക്കുന്നു. കാളിദാസനെ മഴമേഘത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുകയാണ്. മഹാശയനാണ് മേഘം. അതിൽ ഉൾകൊള്ളാത്തതൊന്നും തന്നെയില്ല. നീ പ്രകാശിപ്പിച്ച മഹത്തായ ദർശനങ്ങൾ എന്നെ വിസ്മയിപ്പിക്കുന്നു എന്നു കവി പറയുന്നതിലൂടെ എല്ലാം ഉൾക്കൊള്ളുന്ന കാളിദാസന്റെ ഭാവനാവിലാസത്തെയാണ് കവി സൂചിപ്പിക്കുന്നത്. മണ്ണുതിന്നതിന് കണ്ണനെ യശോദ ശാസിച്ചപ്പോൾ കണ്ണൻ തന്റെ വായിൽ വിശ്വരൂപം കാട്ടിക്കൊടുത്തു. അതുകണ്ട് വിസ്മയം പൂണ്ട യശോദയെപ്പോലെ കവി കാളിദാസന്റെ കവിത്വഭംഗിയിൽ വിസ്മയിച്ച് സ്തബ്ധനായി നിൽക്കുന്നു. എല്ലാറ്റിനേയും ഭക്ഷിക്കുന്ന എന്റെ നാവും കവിയുടെ നാവും തരിച്ചു

> ▶ കണ്ണന്റെ വിശ്വരൂപം കണ്ട യശോദ

പോയി. കവിയുടെ കവിത്വശക്തി കാളിദാസ കാവ്യശക്തിയിൽ മരവിച്ചു പോയി. അത് നിൻ നേർക്കു നീളും മുമ്പ്, കാളിദാസനെ സ്തുതിക്കാൻ ശ്രമിക്കവേ ആനന്ദക്കണ്ണീർകൊണ്ട് നാവ് തരിച്ചുപോയി.

ശകുന്തളയെ പിരിഞ്ഞ വേളയിൽ കാട്ടുമുല്ലയുടെ സങ്കടം വളരെ വലുതായിരുന്നു (അഭിജ്ഞാനശാകുന്തളം). 'മാളവികാഗ്നിമിത്ര'ത്തിലെ നായികയായ മാളവിക, സർവാഭരണവിഭൂഷിതയായ അവളുടെ പാദസ്പർശം കൊണ്ട് രാജോദ്യാനത്തിലെ അശോകവൃക്ഷം പുഷ്പിക്കുകയുണ്ടായി (മാളവികാഗ്നിമിത്രം). ദിലീപപുത്രനായ രഘുവിന്റെ ദാനവീര്യം പുകഴ്ത്താൻ വാക്കുകളില്ലാതെ കൗത്സ്യമുനിയുടെ കണ്ഠമിടറി (രഘുവംശം). സമാധിസ്ഥനായ ശിവന്റെ മനസ്സ് പാർവതിയുടെ കടാക്ഷം (നോട്ടം) കൊണ്ട് ശിഥിലമായി (കുമാരസംഭവം). പുരൂരവസിനെ വലംവയ്ക്കുന്ന ഉർവശി എന്ന അപ്സരസ് ഇവയെല്ലാം മേഘത്തിൽ ഘനീഭവിച്ചു കാണുന്നു. അത് മേഘത്തിൽ പ്രതിഫലിക്കുന്നു. ഈ വിരഹദു:ഖങ്ങളെല്ലാം ഘനീഭവിച്ച മനുഷ്യരൂപമാണ് ഇവിടെ കവി നിത്യമേഘമായി അവതരിപ്പിച്ചിരിക്കുന്നത്. കാളിദാസനെയാണ് നിത്യമേഘമെന്ന ബിംബത്തിലൂടെ കവി വരച്ചുകാട്ടുന്നത്. കാളിദാസന്റെ കവിത്വത്തിനു മുൻപിൽ കവിയുടെ ഗർവ് (അഹങ്കാരം) നിലത്തോളം കുനിഞ്ഞുപോകുന്നു. ആ മഴമേഘത്തെ കണ്ടുനിൽക്കുന്ന കാലം, ഓടപ്പുല്ലൂതി ലോകത്തെ ഭരിച്ച കാർവർണ്ണനെ ഓർക്കുന്നു. കാർവർണ്ണന്റെ വായിൽ കണ്ട വിശ്വരൂപം കണക്ക് മേഘമേ നിന്റെ മഹാശയം എന്നെ വിസ്മിതനാക്കുന്നു. കാളിദാസപ്രതിഭയ്ക്കു മുന്നിൽ കാലം കൈകൂപ്പി നിൽക്കുന്നു എന്ന് സാരം. സർവവും ഭക്ഷിക്കുന്ന കാലത്തിന്റെ നാവു പോലും കാളിദാസകല്പന തരിപ്പിച്ചു കളഞ്ഞു. കാലത്തിന് കാളിദാസ പ്രതിഭയെ കീഴടക്കാൻ സാധിച്ചില്ല എന്നർഥം.

▶ കാളിദാസ കൃതികളിലൂടെയുള്ള പ്രയാണം

## വരികൾ

നിത്യ സൗഭാഗ്യപീഠത്തിലിരിക്കും കാലപൂരുഷൻ
കുനിഞ്ഞു നിൽക്കും കാലത്തെ കടാക്ഷത്താൽ തലോടവേ
അവന്റെ കാൽപ്പൂ തൊട്ടു കാലം തലയിൽ വെയ്ക്കവേ
തഴമ്പുറ്റ വലംകൈയിൽ അവൻ തഴുകി സസ്മിതം !
വജ്രം തുളച്ചിരുന്ന രത്നങ്ങൾക്കുള്ളിലൂടെ ഞാൻ
കടന്നു പോന്നു ഭാഗ്യത്താൽ ........
വെറും നൂലായിരുന്ന ഞാൻ!
വെറും നൂലായിരുന്ന ഞാൻ!

## അർഥവിശദീകരണം

| | | |
|---|---|---|
| കാലപുരുഷൻ | = | കാലമാകുന്ന പുരുഷൻ (കാളിദാസൻ) |
| കടാക്ഷം | = | നോട്ടം |
| സസ്മിതം | = | സ്മിതത്തോടു കൂടി (ചിരിച്ചു കൊണ്ട്) |

## ആശയവിശദീകരണം

നിത്യസൗഭാഗ്യ പീഠത്തിലിരിക്കുന്ന കാലപുരുഷന്റെ (കാളിദാസൻ) മുന്നിൽ കാലം കുമ്പിട്ടു നിൽക്കുന്നു. കവി കാലപുരുഷന്റെ കാൽ തൊട്ടു

വന്ദിക്കവേ അദ്ദേഹം കാലത്തെ കടാക്ഷത്താൽ, തന്റെ നോട്ടം കൊണ്ട് തലോടുന്നു. അവന്റെ തഴമ്പുറ്റ വലംകൈയ്യിൽ കാലപുരുഷൻ സസ്മിതം തലോടി. വജ്രംകൊണ്ട് തുളച്ച രത്നങ്ങൾക്കുള്ളിലൂടെ താൻ കടന്നുപോകുന്നു എന്നും താനൊരു നൂലായിരുന്നുവെന്നും കവിക്ക് അപ്പോൾ തോന്നി. ഇവിടെ കാലപുരുഷൻ കാളിദാസന്റെയും കാലം കവിയുടെയും പ്രതിരൂപമാണ്. കാളിദാസകവിതയുടെ മഹിമാതിശയം കണ്ടാരാധിക്കുന്ന കവി തന്റെ രചനയിൽ അദ്ദേഹത്തിന്റെ കാവ്യസംസ്കാരം പകർത്തുന്നു. തുടർന്ന് കാളിദാസന്റെ കാവ്യങ്ങളായ 'ശാകുന്തളം', 'മാളവികാഗ്നിമിത്രം', 'രഘുവംശം', 'കുമാരസംഭവം', 'വിക്രമോർവശീയം' എന്നിവയെ പരാമർശിക്കുന്നു.

▶ കാളിദാസന്റെ മുന്നിൽ കാലം കുമ്പിട്ടു നിൽക്കുന്നു

ശകുന്തളാവിയോഗത്താൽ തളരുന്ന കാട്ടുമുല്ല, തുടിക്കും മാളവികയുടെ കാൽസ്പർശത്താൽ പൂക്കുന്ന അശോകം, രഘുവിന്റെ ദാനവീര്യത്താൽ ഇടറും കൗത്സ്യകണ്ഠം, ഗൗരിയുടെ നീലനീൾക്കണ്ണാൽ പിളരുന്ന രുദ്രചിത്തം, പുരൂരവസിനെ ചുറ്റുന്ന അപ്സ്സരസ് ഇങ്ങനെ മേഘമേ നിന്നിൽ പ്രതിഫലിപ്പിക്കാത്തതായി എന്താണ് ഉള്ളത്. മർത്യഭാവനയാകെ ഘനീഭവിച്ച ഉജ്ജ്വലരൂപമേ നിൻ തിരുമുമ്പിൽ ഞാൻ എന്റെ ശിരസ് അല്ലെങ്കിൽ ഗർവം നിലത്തോളം കുനിക്കുന്നു. കാലം കാളിദാസ പ്രതിഭയുടെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കുന്നു എന്നർഥം. നിത്യസൗഭാഗ്യപീഠത്തിൽ ഇരിക്കുന്ന കാലപുരുഷന്റെ മുന്നിൽ കാലം കുനിഞ്ഞുനിന്ന് നമസ്കരിച്ച് കാൽതൊട്ട് തലയിൽ വെക്കുമ്പോൾ കാലപുരുഷൻ കടാക്ഷത്താൽ തലോടി. കവിതയുടെ അന്ത്യത്തിൽ അക്കിത്തം, കാളിദാസൻ ഉപയോഗിച്ച ഒരു ആശയം എടുത്തുകൊണ്ട് കാളിദാസകവിതയുടെ മഹിമ വ്യക്തമാക്കുകയാണ്. രഘുവംശത്തിന്റെ തുടക്കത്തിൽ കാളിദാസൻ ഉപയോഗിച്ച കല്പനയാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. വജ്രം തുളച്ചിരിക്കുന്ന രത്നങ്ങൾക്കുള്ളിലൂടെ ഞാൻ ഭാഗ്യത്താൽ കടന്നു പോന്നു, വെറും നൂൽമാത്രമായിരുന്നു ഞാൻ.

▶ കാളിദാസകാവ്യപ്രപഞ്ചത്തിന്റെ വൈവിധ്യവും വൈചിത്ര്യവും

വജ്രമാകുന്ന കാളിദാസകവി ചമച്ചിരിക്കുന്ന രത്നങ്ങളാകുന്ന കൃതികളിലൂടെ അക്കിത്തം എന്ന കവി കടന്നുപോകുന്നു. കാളിദാസകവി സ്വായത്തമാക്കിയപ്പോഴാണ് താൻ ഒരു നൂലുമാത്രമാണ് എന്ന് അക്കിത്തം എന്ന കവിക്ക് ബോധ്യമായത്. രത്നം കൊണ്ടുള്ള ഒരു മാലയിൽ നൂലിന്റെ പ്രസക്തി അപ്രസക്തമാണ്. ആ ബോധത്താൽ തന്റെ എല്ലാ അഹങ്കാരവും വെടിഞ്ഞ് കാലപുരുഷന്റെ മുന്നിൽ കവി ശിരസു നമിക്കുന്നു.

## Summarised Overview

"ഒരുകണ്ണീർക്കണംമറ്റുള്ളവർക്കായി ഞാൻപൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം''-

എന്നിങ്ങനെ മറ്റുള്ളവരെക്കുറിച്ച് ചിന്തിച്ച്, കാല്പനികതയുടെ ആത്മനിഷ്ഠസ്വഭാവത്തെ

നിരാകരിച്ച്, മലയാളകവിതയിൽ ആധുനികതക്ക് ഭൂമികയൊരുക്കിയ കവിയാണ് അക്കിത്തം അച്യുതൻനമ്പൂതിരി. സംസ്കൃതസാഹിത്യത്തിലും ഭാരതീയ തത്ത്വശാസ്ത്രത്തിലും അതോടൊപ്പം സമകാലികമായ ദർശനങ്ങളിലും അഗാധമായ ജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നു. ആദ്യകാല കവിതകളിൽ മാനവികതയുടെ മഹത്വം ഉയർത്തിക്കാട്ടാനുള്ള വ്യഗ്രതയാണ് ശക്തമായിക്കാണുന്നത്. മാനവികതയിലൂന്നിനിന്നുള്ള ആത്മീയതയും ആഴത്തിലുള്ള ദാർശനികതയും ആ കവിതകളുടെ സവിശേഷതയാണ്. സ്നേഹത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ച അക്കിത്തത്തിന് ഉദാരമാനവികതാബോധത്തിലധിഷ്ഠിതമായ ഒരു കാവ്യ ദർശനമാണുണ്ടായിരുന്നത്. സാമൂഹിക പരിവർത്തനം സൃഷ്ടിക്കുന്ന ആന്തരിക സംഘർഷങ്ങളെ അദ്ദേഹം കവിതയ്ക്ക് വിഷയമാക്കിയിട്ടുണ്ട്.

മേഘം കാളിദാസകാവ്യങ്ങളിൽ വിവിധ ഭാവരൂപങ്ങളിൽ ചൈതന്യവത്തായി നിറഞ്ഞു നില്പുണ്ട്. ഇവിടെ അക്കിത്തം മേഘത്തെ നിത്യം എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. കാളിദാസന്റെ കവിതയുടെ സൗന്ദര്യമായും, കാളിദാസഭാവനയായും കാളിദാസൻ തന്നെയായും മേഘത്തെ സങ്കല്പിച്ചിരിക്കുന്നു. കാലത്തെ അതിജീവിച്ചുകൊണ്ട് പ്രശോഭിക്കുന്ന കാളിദാസപ്രതിഭയെ അഭിസംബോധന ചെയ്യുകയാണ് കവിത. കാളിദാസന്റെ കാവ്യപ്രപഞ്ചത്തിന്റെ വൈവിധ്യവും വൈചിത്ര്യവും കവിതയിൽ വ്യഞ്ജിക്കുന്നു. പൂർവികർ സമസ്തകർമ്മങ്ങളും ഫലപ്രദമായി നിർവഹിച്ചിട്ടുള്ളതിനാൽ അനന്തര തലമുറയ്ക്ക് കർമ്മാനുഷ്ഠാനം എളുപ്പമായി മാറുന്നു എന്ന വിശ്വാസം കവിത മുന്നോട്ട് വയ്ക്കുന്നു. പൂർവികരുടെ മാർഗദർശനത്തിന് കവി നൽകുന്ന മൂല്യമാണിവിടെ വെളിപ്പെടുന്നത്. ആധുനികതയുടെ ആത്മോപഹാസങ്ങളും വിമർശനങ്ങളും കവിതയിലുണ്ടെങ്കിലും കരുണയും സഹാനുഭൂതിയും പുണർന്നു നിൽക്കുന്നതാണ് അക്കിത്തത്തിന്റെ രചനകൾ. കാളിദാസ കാവ്യപ്രപഞ്ചത്തിന്റെ ആത്മാവായ, നിത്യസഞ്ചാരിയായ മേഘത്തെ നിത്യമേഘമാക്കിയതിലൂടെ അക്കിത്തം കാളിദാസ കവിപ്രതിഭയുടെ നിത്യസാന്നിധ്യം നമ്മുടെ ഭാവനാകാശത്തിലുണ്ടെന്നു വ്യക്തമാക്കുകയാണ്.

കാളിദാസകാവ്യങ്ങൾ ഉൾപ്പെടെയുള്ള പൗരാണിക ഭാരതീയ വൈജ്ഞാനിക സർഗാത്മസമ്പത്തുകൾ മതിയാവും തങ്ങളെ നേർവഴിക്ക് മുന്നോട്ട് കൊണ്ടുപോകാൻ എന്ന സൂചനയും കവിത നൽകുന്നു. എല്ലാ മാനവികപ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണാൻ ഭാരതീയ ദർശനത്തിന് സാധിക്കും എന്ന അഭിപ്രായക്കാരനാണ് അക്കിത്തം. ആധുനിക കാലത്തിന്റേതായ പ്രശ്നങ്ങളും പ്രതിസന്ധികളും വിശകലനം ചെയ്യുമ്പോൾ അദ്ദേഹം ഈ നിലപാടാണ് പ്രകടമാക്കിയിട്ടുണ്ട്. കാളിദാസന്റെ പ്രസിദ്ധ സന്ദേശകാവ്യമായ 'മേഘസന്ദേശ'ത്തെ അവലംബമാക്കി എഴുതിയ കൃതിയാണ് 'നിത്യമേഘം'. വൈശ്രവണാശ്രിതനായ യക്ഷൻ ശാപമേറ്റ് ഒരാണ്ട് പ്രിയതമയെ പിരിഞ്ഞ് അകലെ രാമഗിരി ആശ്രമത്തിൽ പോയി പാർത്തു. പ്രിയാവിരഹദുഃഖത്താൽ പരവശനായ യക്ഷൻ മഴമേഘത്തോട് പ്രിയതമയ്ക്കുള്ള സന്ദേശം പറഞ്ഞു കൊടുക്കുന്നു. അതിനുള്ള വഴി പറഞ്ഞുകൊടുക്കൽ, നായികാ ഭവനം, വിരഹിണിയായ നായിക ഇവയെല്ലാം ഒത്തുചേർന്നതാണ് 'നിത്യമേഘം' എന്ന ഈ കാവ്യശില്പം.

കാളിദാസനെ നിത്യമേഘമായും കാലപുരുഷനായും സങ്കല്പിക്കുന്നു. വിരഹദു:ഖമാകുന്ന അഗ്നിയും പുകപടലങ്ങളും നിശ്വാസവായുവും അശ്രുബിന്ദുക്കളും കൊണ്ടാണ് കാളിദാസൻ മഴമേഘത്തെ സൃഷ്ടിച്ചത്. ആ മേഘസന്ദേശത്തിലൂടെയുള്ള പര്യടനമാണ് ഈ കവിത. രാമഗിരി മുതൽ അളകാപുരി വരെയുള്ള ആര്യാവർത്തപ്രകൃതി കാളിദാസഭാവനയിൽ പ്രതിബിംബിക്കുന്നു. അളകാപുരിയിൽ മൂകമായ ഒരു ഭവനത്തിൽ യക്ഷന്റെ സുന്ദരിയായ പ്രിയതമ ഏകയായി കേഴുന്നു. കണ്ണീർ വീണ് വീണാതന്ത്രികൾ മീട്ടാൻ തുടങ്ങവേ പ്രിയതമനു വേണ്ടി

ഉണ്ടാക്കിയ പാട്ടു പോലും അവൾ മറന്നു പോകുന്നു. കാർമേഘത്തെ കണ്ടപ്പോൾ ഓട ക്കുഴലൂതി ലോകത്തെ ഭരിച്ച കാർവർണ്ണനെ കവി ഓർക്കുന്നു. ശകുന്തളയുടെ വേർപാട് താങ്ങാൻ കാട്ടുമുല്ലയും മാളവികയുടെ പാദസ്പർശത്തിന് കാത്തുനിൽക്കുന്ന അശോക വും രഘുവിന്റെ ദാനവീര്യം കണ്ട് കണ്ഠമിടറിയ കൗത്സ്യനും പാർവതിയുടെ കടാക്ഷം കൊണ്ടു മനസ്സിടറിയ ശിവനും പുരൂരവസിനെ ചുറ്റിയ ഉർവശിയുടെ നാന്ദിയും തുടങ്ങി നിത്യമേഘത്തിന്റെ മാറിൽ പ്രതിഫലിക്കാത്തതൊന്നും തന്നെയില്ല. മർത്യദുഃഖം ഘനീഭവി ച്ചുണ്ടായ മേഘം വിശ്വപ്രകൃതിയുടെ തന്നെ പ്രതിബിംബമാണെന്നു കവി സങ്കല്പിക്കുന്നു. ആ മേഘസന്ദേശമെഴുതിയ കാളിദാസന്റെ മഹാപ്രതിഭയ്ക്കു മുന്നിൽ താൻ നൂലോളം ചെ റുതായി പോയെന്നു കവി കരുതുന്നു. ആ നിത്യമേഘത്തിന്റെ മുൻപിൽ സർവ്വ അഹങ്കാര വും വെടിഞ്ഞു താൻ ശിരസുനമിക്കുകയാണെന്നു കവി പറയുന്നിടത്തു കവിത അവസാ നിക്കുന്നു.

## Assignments

1. 'നിത്യമേഘം' എന്ന കവിതയിൽ കാളിദാസനെ എപ്രകാരമാണ് അനുസ്മരിക്കുന്നത് എന്ന് പരിശോധിക്കുക.
2. കാളിദാസന്റെ കൃതിയും കഥാപാത്രങ്ങളും കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത് വില യിരുത്തുക.
3. വൈലോപ്പിള്ളിയുടെ കാവ്യ ജീവിതത്തെക്കുറിച്ച് വിവരിക്കുക.
4. കാല്പനികത മലയാള കവിതയിൽ - ചർച്ചചെയ്യുക.
5. കാളിദാസകൃതികൾക്ക് ജനതയെ നേർവഴിക്ക് നയിക്കാൻ കഴിയു എന്ന സത്യത്തെ കവി ആവിഷ്കരിക്കുന്നത് എപ്രകാരമെന്ന് വിശകലനം ചെയ്യുക.
6. ബിംബാത്മകത അക്കിത്തത്തിന്റെ 'നിത്യമേഘം' എന്ന കവിതയിൽ- ചർച്ചചെയ്യുക.
7. കാളിദാസ സ്വാധീനത മലയാള സാഹിത്യത്തിൽ - വിലയിരുത്തുക.

## References


1. ഡോ. എം. ലീലാവതി, മലയാള കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. പി. എം. നാരായണൻ, ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, എഴുത്ത് വായന പുനർ വായന, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. ഡോ. എം. ലീലാവതി, വർണ്ണരാജി, എൻ. ബി. എസ്., കോട്ടയം.

4. ഡോ. പന്മന രാമചന്ദ്രൻ നായർ, സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം, ഡി. സി. ബുക്സ്, കോട്ടയം.
5. അക്കിത്തം, അക്കിത്തം കവിതകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

## Suggested Readings

1. പി.കെ. ഹരികുമാർ. (എഡി.), സഹ്യകാനനത്തിൽ വിരിഞ്ഞ കവിത, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
2. ഡോ. എൻ. പി. വിജയകൃഷ്ണൻ, അക്കിത്തം ആത്മഭാഷണങ്ങൾ, ഗ്രീൻ ബുക്സ്, തിരുവനന്തപുരം.
3. ഡോ. ഡി. ബഞ്ചമിൻ, കാല്പനികത മലയാള കവിതയിൽ, അയന ബുക്സ്, തിരുവനന്തപുരം.
4. ഡോ. കെ. എം. ജോർജ്, ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
5. എം. ആർ. രാഘവവാരിയർ (എഡി.), അക്കിത്തത്തിന്റെ കവിതാപഠനങ്ങൾ, എൻ.ബി.എസ്., കോട്ടയം.
6. സച്ചിദാനന്ദൻ, മലയാള കവിതാ പഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 3

# സർഗ്ഗസംഗീതം

**വയലാർ രാമവർമ്മ**

## Learning Outcomes

- പുരോഗമന സാഹിത്യപ്രസ്ഥാനത്തെക്കുറിച്ചറിയുന്നു
- കവിതയിലെ റിയലിസ്റ്റിക് പ്രവണതകളെക്കുറിച്ച് അറിവുണ്ടാകുന്നു
- വയലാറിന്റെ കാവ്യശൈലി തിരിച്ചറിയുന്നു
- സർഗസംഗീതം എന്ന കവിതയുടെ ആശയം ഗ്രഹിക്കുന്നു

## Background

മലയാള കാല്പനിക കവിതയിൽ അരുണയുഗത്തിലെ ഏറ്റവും കരുത്തനായ വക്താവാണ് വയലാർ രാമവർമ്മ. മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തെ ആസ്പദമാക്കിയുള്ള കവിതകളാണ് 'പാദമുദ്രകൾ' എന്ന ആദ്യ സമാഹാരത്തിലുള്ളത്.

ക്രമേണ വയലാർ ഗാന്ധിജിയുടെ സഹനസമരദർശനത്തിൽ നിന്നും അകലുകയും വിപ്ലവത്തിന്റെ വക്താവാകുകയും ചെയ്തു. പിന്നീടുള്ള കവിതകളിൽ വിപ്ലവാവേശമായിരുന്നു മുന്നിട്ടു നിന്നത്. ജനകീയവിപ്ലവകവിയെന്ന് വിശേഷിപ്പിക്കാവുന്ന വയലാർ രാമവർമ്മ തന്റെ ഗാനങ്ങളിലൂടെയും കവിതകളിലൂടെയും സാധാരണ മനുഷ്യരിൽ ചലനങ്ങൾ സൃഷ്ടിച്ചു. കമ്മ്യൂണിസ്റ്റ്പ്രസ്ഥാനവുമായും പുരോഗമന സാംസ്കാരിക സാഹിത്യ പ്രസ്ഥാനങ്ങളുമായും ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ട്. ജന്മിത്തത്തിന്റെയും മുതലാളിത്തത്തിന്റെയും നിഷ്ഠൂരതകൾക്കെതിരെ പൊരുതുന്ന തൊഴിലാളിവർഗത്തിന്റെ സംഘടിതശക്തിയും നല്ല നാളേക്ക് വേണ്ടി തൊഴിലാളിവർഗം വരിക്കുന്ന രക്തസാക്ഷിത്വവും കഥാത്മകകാവ്യങ്ങളിലൂടെ വയലാർ അവതരിപ്പിച്ചു.

ബിംബകല്പനാസമൃദ്ധവും സംഗീതാത്മകവുമാണ് വയലാറിന്റെ കവിതകൾ. എന്തിന്റെയും ആത്യന്തികമായ മാനദണ്ഡം മനുഷ്യനാണെന്ന് വിശ്വസിച്ച കവിയാണ് വയലാർ. ജീവിത മഹത്വത്തിന്റെ പ്രചാരകനാണ് അദ്ദേഹം. ചരിത്രത്തിലൂടെയുള്ള മനുഷ്യന്റെ ജൈത്രയാത്ര കവിയെ ആവേശഭരിതനാക്കി.

വയലാറിന്റെ ജീവിതത്തിലെ വ്യക്തമായ ഒരു പരിണാമ ഘട്ടത്തെക്കുറിക്കുന്ന കവിതയാണ് 'സർഗസംഗീതം'. തൂലിക പടവാളാക്കിയ കവി കരവാള് വിറ്റ് മണിപൊൻവീണ വാങ്ങുന്നതായി ഈ കവിതയിൽ പ്രഖ്യാപിക്കുന്നു. ആർഷദർശനത്തെ അനുസ്മരിച്ചുകൊണ്ട് ആരംഭിക്കുന്ന, സംസ്കൃതവൃത്തത്തിൽ എഴുതപ്പെട്ട, ഈ കവിത വയലാറിന്റെ അന്നേവരെയുള്ള തത്വശാസ്ത്രത്തെയും മനുഷ്യ ദർശനത്തെയും വെട്ടിത്തിരുത്തി എന്ന തോന്നൽ ഉളവാക്കിയ ഒന്നാണ്. ഈ കവിത കവിയുടെ സവിശേഷമായ ഒരു വിശിഷ്ട മുഹൂർത്തത്തിൽ രചിക്കപ്പെട്ടതാണെന്നും സമൂഹാബോധത്തിലെ സഞ്ചിതസംസ്കാരധാരകളിൽ അലിഞ്ഞുചേർന്ന ജീവിതദർശനം അതിൽ കിനിയുന്നു എന്നും ഡോ. എം. ലീലാവതി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരു കവിക്കും താൻ ഉൾപ്പെട്ട സമൂഹത്തിന്റെ സഹസ്രാബ്ദങ്ങളിലൂടെയുള്ള വികാസത്തിലൂടെ രൂപപ്പെട്ട അബോധ പാരമ്പര്യത്തെ സമ്പൂർണ്ണമായി തിരസ്കരിക്കാനാകില്ലായെന്നും ഈ കവിത വെളിപ്പെടുത്തുന്നു.

സ്ത്രീയുടെ മോചനം ആർഥികസമത്വത്തിലൂടെ മാത്രമേ സാക്ഷാൽക്കരിക്കാനാവൂ എന്ന് വ്യക്തമാക്കുന്ന വയലാർ കവിതയാണ് 'ആയിഷ'. സാധാരണ മനുഷ്യന്റെ സുഖ ദുഃഖങ്ങളെ ആവിഷ്കരിക്കുന്ന നിരവധി കവിതകളും ഗാനങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. 'ഇത്താപ്പിരി', 'കുചേലൻ കുഞ്ഞൻ നായർ', 'തെലുങ്കാനയിലെ അമ്മ', 'രക്തംപുരണ്ട ഗാനം' തുടങ്ങിയ കവിതകൾ സാമൂഹികപ്രാധാന്യമുള്ള പ്രമേയങ്ങളെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ളവയാണ്. 'കൊന്തയും പൂണൂലും', 'നാടിന്റെ നാദം,' 'എനിക്കു മരണമില്ല', 'മുളങ്കാട്', 'ഒരു ജൂദാസ് ജനിക്കുന്നു', 'എന്റെ മാറ്റൊലി കവിതകൾ', 'സർഗസംഗീതം' എന്നിവയാണ് പ്രധാനപ്പെട്ട കൃതികൾ. 1961 ൽ 'സർഗസംഗീതം' എന്ന കൃതിക്ക് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. 1956 ൽ 'കൂടപ്പിറപ്പ്' എന്ന സിനിമയ്ക്ക് വേണ്ടി ഗാനങ്ങളെഴുതി വയലാർ ചലച്ചിത്ര മേഖലയിലേക്ക് ചുവടുവെച്ചു.

## Keywords

റിയലിസം-പുരോഗമന സാഹിത്യപ്രസ്ഥാനം-മനുഷ്യദർശനം-മുതലാളിത്തം-ജന്മിത്തം-തൊഴിലാളി വർഗം

## Discussion

### വരികൾ

ആരണ്യാന്തരഗഹ്വരോദരതപ-
സ്ഥാനങ്ങളിൽ സൈന്ധവോ-
ദാരശ്യാമമനോഭിരാമപുളിനോപാന്തപ്രദേശങ്ങളിൽ
ആരന്തർമ്മുഖമിപ്രപഞ്ചപരിണാ-
മോത്ഭിന്നസർഗ്ഗക്രിയാ-
സാരം തേടിയലഞ്ഞു പണ്ടവരിലെ-
ചൈതന്യമെൻ ദർശനം
ആ മൺമെത്തകളാറ്റുനോറ്റ മധുര-
സ്വപ്നങ്ങളിൽ ജീവിത-
പ്രേമം പാടിയ സാമഗാനലഹരീ-
ഹർഷാഞ്ചിതാത്മാക്കളായ്,
ഹാ, മന്വന്തരഭാവശില്പികളെനി-
ക്കെന്നേക്കുമായ് തന്നതാ-
ണോമൽക്കാർത്തിക നെയ്‌വിളക്കെരിയുമീ-
യേകാന്തയാഗാശ്രമം

### അർഥവിശദീകരണം

ആരണ്യം = കാട്
ഗഹ്വരം = ഗുഹ
മന്വന്തരം = ഒരു മനുവിന്റെ കാലം

> ▶ ദീപ്തിയും ചൈതന്യവുള്ള സർഗ വൈഭവം

## ആശയവിശദീകരണം

കാവ്യാരംഭത്തിൽ വയലാർ സത്യാന്വേഷണ നിരതരായ പ്രാചീന ഋഷികളെ സ്മരിക്കുന്നു. പണ്ട്, വനഗർഭത്തിലെ ഗുഹകളിലും മനോഹരമായ സിന്ധുനദീതടങ്ങളിലും തപസ്സനുഷ്ഠിച്ച്, അന്തർമുഖരായി, പ്രപഞ്ച പരിണാമത്തിലൂടെ സ്വയം അനാവൃതമായിക്കൊണ്ടിരിക്കുന്ന സ്വർഗ ക്രിയാസാരം തേടി അലഞ്ഞ, ഋഷിമാരിലെ ചൈതന്യമാണ് തന്റെ ദർശനം എന്ന് കവി പറയുന്നു. അവരുടെ സ്വപ്നങ്ങളിൽ, ജീവിതപ്രേമം പാടിയ സാമഗാനലഹരിയിൽ, ആനന്ദ പുളകിതരായി ആമന്വന്തര ഭാവശില്പികൾ എനിക്ക് എന്നെന്നേക്കുമായി തന്നതാണ് കാർത്തിക നെയ്വിളക്ക് എരിയുന്ന ഈ ഏകാന്തയാഗാശ്രമം.

## വരികൾ

നാദം ശൂന്യതയിങ്കലാദ്യമമൃതം  
വർഷിച്ച നാളിൽ ഗതോ-  
ന്മാദം വിശ്വപദാർത്ഥശാലയൊരിട-  
ത്തൊന്നായ് തുടിച്ചീടവേ  
ആ ദാഹിച്ചു വിടർന്ന ജീവകലികാ-  
ജാലങ്ങളിൽ, കാലമേ  
നീ ദർശിച്ച രസാനുഭൂതി പകരൂ  
മൽ പാനപാത്രങ്ങളിൽ!

## അർഥവിശദീകരണം

| | | |
|---|---|---|
| ഗതം | = | നടപ്പ് |
| ഉന്മാദം | = | ലഹരി |
| വിശ്വം | = | പ്രപഞ്ചം |
| കലിക | = | മൊട്ട് |

> ▶ ഭാവനയ്ക്ക് പുനരാവിഷ്കരിക്കാൻ സാധിക്കണമെന്ന പ്രാർഥന

## ആശയവിശദീകരണം

പ്രപഞ്ചാരംഭത്തിലെ ശൂന്യതയിൽ ആദ്യമായി നാദം അമൃതധാര ചൊരിഞ്ഞ അവസരത്തിൽ, വിശ്വപദാർഥശാലയിൽ ഒരിടത്ത് സകല അനുഭൂതികളും ഒന്നായി ദാഹിച്ചു വിടർന്ന ജീവകലികാജാലങ്ങളിൽ കാലം ദർശിച്ച രസാനുഭൂതി എന്റെ പാനപാത്രങ്ങളിൽക്കൂടി പകരൂ.

## വരികൾ

ഓരോ ജീവകണത്തിനുള്ളിലുമുണർ-  
ന്നുദ്ദീപ്തമായ്, ധർമ്മ സംസ്-  
കാരോപാസനശക്റിയായ്,ചിരതപ-  
സ്സങ്കൽപ്പസങ്കേതമായ്,  
ഓരോ മാസ്മരലോകവുമുണ്ടതിലെനി-  
ക്കെന്നന്തരാത്മാവിലെ-  
ത്തേരോടിക്കണ,മെന്റെ കാവ്യകലയെ-  
ക്കൊണ്ടാകുവോളം വരെ!

### അർഥവിശദീകരണം

| | | |
|---|---|---|
| ഉദ്ദീപ്തമായത് | = | പ്രകാശിപ്പിക്കപ്പെട്ടത് |
| ചിരതപം | = | ദീർഘകാല തപസ് |

### ആശയവിശദീകരണം

അനാദ്യന്തമായ കാലമേ, ആദ്യ സർഗപ്രക്രിയയുടെ രസാനുഭൂതി നീ എന്റെ ജീവിതത്തിൽ പകർന്നു തരൂ എന്ന് കവി അഭ്യർഥിക്കുന്നു. ഓരോ ജീവകണത്തിലും ഉണർന്നു ദീപ്തമായി, ധർമ്മസംസ്കാരോപാസനാ ശക്തിയായി, ചിരഃതപസങ്കല്പ സങ്കേതമായി ഓരോ മാസ്മരിക ലോകമുണ്ട്. അവിടെ എനിക്ക് എന്റെ കാവ്യകലയെ കൊണ്ട് സാധിക്കുന്ന അത്രത്തോളം എന്റെ ആത്മാവിന്റെ തേര് ഓടിക്കണം എന്ന് കവി ആഗ്രഹിക്കുന്നു. അജ്ഞേയവാസനാശക്തിയാൽ ഓരോ ജീവകണവും സ്വയം പരിഷ്ക്കാര പ്രവണമായിത്തീരുന്നു. സർഗ കാമനയാണ് അതിനെ ഉണർത്തുന്നത്. ധർമ്മം, സംസ്കാരം മുതലായവയെ ഉപാസിക്കാനുള്ള പ്രേരണയും വാസനാലബ്ധമാണ്. ജീവന്റെ വികാസ പരിണാമദശകളിൽ അത് നാനാരൂപഭാവങ്ങളോടെയും മൗലികചോദനകളോടെയും പ്രത്യക്ഷപ്പെടുന്നു. യുക്തിനിഷ്ഠമായ സിദ്ധാന്തങ്ങൾകൊണ്ട് വ്യാഖ്യാനിക്കാൻ ആകാത്ത പ്രപഞ്ചപരിണാമ പ്രക്രിയയെ ഭാരതീയ ദർശനങ്ങളുടെ കാഴ്ചപ്പാടിൽ വ്യാഖ്യാനിക്കുകയാണ് ഇവിടെ.

> ▶ സർഗകാമനയുടെ ഏകാഗ്രമായ സങ്കല്പശക്തി

### വരികൾ

വാളല്ലെൻ സമരായുധംത്ധണത്ധണ-
ധ്വാനം മുഴക്കീടുവാ-
നാള,ല്ലെൻ കരവാളു വിറ്റൊരു മണി-
പ്പൊൻ വീണ വാങ്ങിച്ചു ഞാൻ!
താളം രാഗലയശ്രുതിസ്വരമിവയ്-
ക്കല്ലാതെയൊന്നിന്നുമി-
ന്നോളക്കുത്തുകൾ തീർക്കുവാൻ കഴിയുകി-
ല്ലെൻ പ്രേമതീർത്ഥങ്ങളിൽ

### അർഥവിശദീകരണം

| | | |
|---|---|---|
| ത്ധണത്ധണ | = | ശബ്ദവിശേഷം |
| ധ്വാനം | = | ശബ്ദം |

### ആശയവിശദീകരണം

ഇവിടെ കവി, പിൽക്കാലത്ത് ഏറെ വിവാദവിഷയമായ വാളല്ലെൻ സമരായുധം എന്ന പ്രഖ്യാപനം നടത്തുന്നു. എന്റെ സമരായുധം വാൾ അല്ലെന്നും ത്ധണത്ധണ ശബ്ദം മുഴക്കീടുവാൻ ഞാൻ ആളല്ലെന്നും എന്റെ കരവാള് വിറ്റ് ഞാൻ ഒരു മണിപൊൻവീണ വാങ്ങിച്ചു എന്നും കവി പറയുന്നു രാഗം, ലയം, ശ്രുതി, സ്വരം ഇവയ്ക്ക് മാത്രമേ ഇന്ന് പ്രേമതീർഥം പോലുള്ള എന്റെ സർഗഭാവനയിൽ, - കാവ്യമേഖലയിൽ - ചലനം ഉണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. വയലാർ തത്വശാസ്ത്രവും ചേരിയും മാറി എന്ന ആരോപണത്തിന് 'സർഗസംഗീതം' എന്ന കവിത വഴിമരുന്നിട്ടത് ഈ വരികളിലൂടെയാണ്. വാൾ വിറ്റ് വീണ വാങ്ങി എന്ന പ്രസ്താവന ഒരു പിന്മാറ്റ പ്രഖ്യാപനമായും ഒരു കുമ്പസാരമായും മുടി

> ▶ വാളല്ലെൻ സമരായുധം

യനായ പുത്രന്റെ തിരിച്ചുവരവായും വ്യാഖ്യാനിക്കപ്പെട്ടു.

പിന്നീട് 1970- ൽ 'എന്റെ ദന്തഗോപുരത്തിലേക്ക് ഒരു ക്ഷണക്കത്ത്' എന്ന കവിതയിൽ കവി, തന്റെ നിലപാട് സംശയാതീതമായി വ്യക്തമാക്കി. നിലവിലുള്ള വ്യവസ്ഥിതിയെ മാറ്റിമറിക്കാൻ മനസ്സിനെയും വാക്കിനെയും കർമ്മത്തെയും ഉപാധിയാക്കാം. വാള് കർമ്മത്തിന്റെയും വീണ വാക്കിന്റെയും പ്രതീകങ്ങളാണ്. മാറ്റത്തിനനുഗുണമായ വൈകാരികാവസ്ഥ സജ്ജമാക്കുകയാണ് വാക്കിന്റെ അല്ലെങ്കിൽ നാദത്തിന്റെ കൃത്യം. താൻ ആയുധം വച്ചു കീഴടങ്ങി എന്നല്ല കവി പറയുന്നത്. എന്റെ ആയുധം ഇതല്ല, മറ്റൊന്നാണ് എന്ന് വ്യക്തമാക്കുകയാണ് ചെയ്തത്. ഏറെ ദുർവ്യാഖ്യാനങ്ങൾക്ക് വിധേയമായ ഒരു ശ്ലോകമാണ് ഇത്.

- കവിക്ക് സ്വീകാര്യമായ മാർഗം മറ്റൊന്ന്

## വരികൾ

ഓണക്കോടി ഞൊറിഞ്ഞുടുത്തൂ കമുകിൻ
പൊൻപ്പൂക്കുലച്ചാർത്തുമായ്
പ്രാണപ്രേയസി, കാവ്യകന്യ, കവിള-
ത്തൊന്നുമ്മ വച്ചീടവേ..
വീണക്കമ്പികൾ മീട്ടി, മാനവമനോ-
രാജ്യങ്ങളിൽ ചെന്നൂ ഞാൻ;
നാണത്തിന്റെ കിളുന്നുകൾക്ക് നിറയേ -
പ്പാദസരം നൽകുവാൻ!

## അർഥവിശദീകരണം

പ്രേയസി = ഭാര്യ

## ആശയവിശദീകരണം

കവിത ഒരു കേരളീയ യുവതിയുടെ രൂപഭാവങ്ങളോടെ പ്രത്യക്ഷപ്പെടുകയാണ് ഇവിടെ. ഓണക്കോടി ഞൊറിഞ്ഞുടുത്ത്, കമുകിൻ പൊൻപൂക്കുല ചാർത്തുമായി പ്രാണപ്രേയസി കാവ്യകന്യക വന്ന് കവിളത്ത് ഉമ്മ വെക്കുമ്പോൾ, ഞാൻ മാനവ മനോരാജ്യങ്ങളിൽ ചെന്ന് നാണത്തിന്റെ കിളിന്നുകൾക്ക് പാദസരം നൽകാൻ വേണ്ടി വീണ മീട്ടുന്നു. ചങ്ങമ്പുഴയുടെ കാവ്യനർത്തകി പോലുള്ള ഒരു സ്വപ്നദൃശ്യമാണ് ഈ ഭാഗത്തുള്ളത്. പ്രകൃതിയും പ്രണയവും ഭാവചാരുത ചൊരിയുന്ന കാവ്യ ഭാഗമാണിത്.

- കാവ്യാനുഭൂതികളുടെ ആവിഷ്കാരം

## വരികൾ

കാടത്തത്തെ മനസ്സിലിട്ട കവിയായ്
മാറ്റുന്ന വാല്മീകമു;
ണ്ടോടപ്പുല്ക്കുഴലിന്റെ ഗീതയെഴുതി.
സ്സൂക്ഷിച്ച പൊന്നോലയും;
കോടക്കാർന്നിര കൊണ്ടുവന്ന മനുജാത്-
മാവിന്റെ കണ്ണീരുമായ്
മൂടൽമഞ്ഞിൽ മയങ്ങുമെന്നുമിവിടെ
പൂക്കും വനജ്യോത്സനകൾ

### അർഥവിശദീകരണം

| | | |
|---|---|---|
| വല്മീകം | = | ചിതൽപ്പുറ്റ് |
| കോടക്കാർനിര | = | കാലവർഷത്തിലെ മഴക്കാർ |
| മനുജൻ | = | മനുഷ്യൻ |
| ജ്യോത്സ്ന | = | നിലാവുള്ള രാത്രി |

### ആശയവിശദീകരണം

▶ സാംസ്കാരിക പൈതൃകത്തിന്റെ മൂലസ്രോതസ്

കാടത്തത്തെ നീറ്റി കവിയാക്കി മാറ്റുന്ന വാല്മീകവും ഇടയന്മാർക്ക് വേണ്ടി പാടിയ വേണുഗാനം ഭരണാധികാരികൾക്കുള്ള ഗീതയാക്കി മാറ്റി എഴുതി സൂക്ഷിച്ച പൊന്നോലയും രാമഗിരിയിൽ നിന്ന് മേഘം കൊണ്ടുവന്ന കണ്ണുനീരും ഒരു ഭാരതീയ അന്തരാത്മാവിൽ നിന്നും ഒഴിഞ്ഞുപോകയില്ല. നിലാവും പൂത്ത മുല്ലവള്ളിയും (വനജ്യോത്സ്ന), മൂടൽ മഞ്ഞിൽ തൂങ്ങിക്കിടക്കും പോലെ ആ സ്മൃതികൾ അബോധതലത്തിൽ കിടപ്പുണ്ട്.

### വരികൾ

ഞാനിജ്ജാലകവാതിലിൽ ചെറുമുള-
ന്തണ്ടിൽ ഞൊറിഞ്ഞിട്ടതാ-
ണീ നീലത്തുകിൽ ശാരദേന്ദുകലയെ-
പ്പാവാട ചാർത്തിക്കുവാൻ
ഹാ, നിത്യം ചിറകിട്ടടിച്ചു ചിതറി-
ക്കീറിപ്പറപ്പിച്ചുവോ
ഞാനിസ്സർഗ്ഗതപസ്സമാധിയിലിരി-
ക്കുമ്പോൾ കൊടുങ്കാറ്റുകൾ?

### അർഥവിശദീകരണം

| | | |
|---|---|---|
| ശാരദേന്ദുകല | = | ശരത്കാലത്തെ ചന്ദ്രക്കല |
| തുകിൽ | = | വസ്ത്രം |

### ആശയവിശദീകരണം

▶ സൗന്ദര്യാനുഭൂതി നൽകുന്ന ശ്ലോകം

സൗന്ദര്യാനുഭൂതി നൽകുന്ന വരികളാണ് തുടർന്നുള്ളത്. ഞാൻ ഈ ജാലകവാതിലിൽ ചെറുമുളന്തണ്ടിൽ ഞൊറിഞ്ഞിട്ടതാണ് ഈ നീലത്തുകിൽ. ആ തുകിൽ ശാരദേന്ദുകലയെ പാവാട ചാർത്തിക്കാൻ വേണ്ടി ഉള്ളതാണ്. ഞാൻ സർഗതപസ്സമാധിയിൽ ഇരിക്കുമ്പോൾ പുറമേ നിന്നുള്ള കൊടുങ്കാറ്റുകൾ നിത്യം ചിറകിട്ടടിച്ച് ആ നീല തുകിലിനെ ചിതറി കീറിപ്പറപ്പിക്കുന്നു.

▶ വ്യക്തിസ്വത്വവും കവിസ്വത്വവും കൂടിയ മിശ്രസ്വത്വം

ഈ ശ്ലോകത്തിന്റെ സമഗ്രബോധം താഴെപ്പറയും വിധമാണെന്ന് ഡോ. എം. ലീലാവതി വ്യാഖ്യാനിക്കുന്നു. വ്യക്തിസ്വത്വത്തിന്റെയും കവിസ്വത്വത്തിന്റെയും മിശ്രമായ സ്വത്വത്തെയാകാം കവി മുറിയായി ചിത്രീകരിക്കുന്നത്. അതിന്റെ കിളിവാതിലുകൾ തുറന്നിരിക്കുന്നു. ബോധാബോധമനസ്സാകല്യം ബാഹ്യ പ്രപഞ്ചാവസ്ഥകളുമായി സംവ

ദിക്കുന്നു. മുളന്തണ്ടും അതിൽ ഞൊറിഞ്ഞിട്ട യവനികയും യഥാക്രമം ഗാനസ്വരൂപമായ കവിതയുടെയും പദാർഥസംവിധാനശില്പത്തിന്റെയും വ്യഞ്ജകങ്ങളാണ്. സ്വത്വത്തിന്റെ തുറന്നിട്ട കിളിവാതിലിലൂടെ എന്നും സങ്കല്പത്തിൽ കാണുന്ന ദൃശ്യമാണ് അമൃതകല പോലുള്ള ഭാസുര ജീവിതവ്യവസ്ഥ. ആരാധനാമൂർത്തിയുടെ വിഗ്രഹത്തിൽ ചാർത്തിക്കുന്ന പട്ടുപാവാട പോലെ തന്റെ പദകല ആ ഭാസുര വ്യവസ്ഥിതിയിൽ ചാർത്തിക്കാനുള്ള ഉടയാടയാണ്.

▶ കൊടുങ്കാറ്റുകൾ വിപ്ലവ പ്രതീകങ്ങൾ

ഉദാത്തതരമായ നിർമ്മിതിക്കായി സർഗതപസ്സമാധിയിൽ ഇരിക്കുമ്പോൾ പുറമെ ചിറകിട്ടടിക്കുന്ന കൊടുങ്കാറ്റുകളെ വിപ്ലവ പ്രതീകങ്ങളായി വ്യാഖ്യാനിച്ച നിരൂപകരുണ്ട്. തന്റെ കാവ്യലോകത്തെ വിമർശിക്കുകയും കല്ലെറിയുകയും ചെയ്തവരെ കൊടുങ്കാറ്റായി കാണാവുന്നതാണ്.

### വരികൾ

കോടക്കാറ്റിലഴിഞ്ഞുലഞ്ഞ ചിടയും
ചിക്കിക്കിടന്നീടുമാ-
ക്കാടങ്ങിങ്ങു ചവച്ചെറിഞ്ഞ തളിരും പൂവും പിടഞ്ഞീടവേ
നാടന്തഃപ്രഹരങ്ങളേറ്റു കിടിലം-
കൊൾകേ, മുലപ്പാലുമായ്
പാടം നീന്തി വരുന്ന പൌർണ്ണമി, നിനക്കാവട്ടെ ഗീതാഞ്ജലി

### അർഥവിശദീകരണം

| | | |
|---|---|---|
| കോടക്കാറ്റ് | = | തണുപ്പധികമുള്ള പടിഞ്ഞാറൻകാറ്റ് |
| ചിടയും | = | ജടയും |
| പ്രഹരം | = | അടി |

### ആശയവിശദീകരണം

▶ ഭൂമിയിൽ സ്വർഗം സാക്ഷാത്കരിക്കാം എന്ന പ്രത്യാശയുടെ പ്രതീകം

കോടക്കാറ്റിൽ അഴിഞ്ഞുലഞ്ഞ ചിടയും ചിക്കി കാട് കിടക്കുന്നു. ആ കാട് ചവച്ചെറിഞ്ഞ താരും തളിരും പിടയുന്നു. നാട് അന്തഃപ്രഹരങ്ങൾ ഏറ്റ് കിടിലം കൊള്ളുന്നു. മുലപ്പാലുമായി പാടം നീന്തി വരുന്ന പൗർണ്ണമിക്ക് കവി ഗീതാഞ്ജലി അർപ്പിക്കുന്നു.

## Summarised Overview

വയലാറിന്റെ ജീവിതത്തിലെ പരിണാമ ഘട്ടത്തെക്കുറിക്കുന്ന കവിതയാണ് 'സർഗസംഗീതം'. തൂലിക പടവാളാക്കിയ കവി കരവാള് വിറ്റ് പൊൻവീണ വാങ്ങുന്നതായുള്ള പ്രഖ്യാപനം ഈ കവിതയിൽ കാണാം. വിവാദങ്ങൾ സൃഷ്ടിച്ച പ്രഖ്യാപനത്തെ കവി ഇങ്ങനെ വിശദീകരിക്കുന്നു: താൻ ആയുധം വച്ചു കീഴടങ്ങുകയല്ല, എന്റെ ആയുധം ഇതല്ല, മറ്റൊന്നാണ് എന്ന്

വ്യക്തമാക്കുകയാണ് ചെയ്തത്. ആർഷദർശനത്തെ അനുസ്മരിച്ചുകൊണ്ട് സംസ്കൃതവൃത്തത്തിലാണ് 'സർഗസംഗീതം' രചിച്ചിരിക്കുന്നത്. പൗരാണിക ആർഷ സംസ്കൃതിയിൽ നിന്നും ഉയിർകൊണ്ടതാണ് തന്റെ സർഗവൈഭവം എന്ന് കവി പറയുന്നു.

തന്റെ കാവ്യലോകത്തെ വിമർശിച്ചവരെ കൊടുങ്കാറ്റായി കവി ചിത്രീകരിക്കുന്നു. അധീശ ശക്തിയുടെ പ്രഹരമേറ്റ് കിടിലം കൊള്ളുന്ന സാധാരണ വർഗത്തിന്റെ ഭാസുരമായ സമത്വ വ്യവസ്ഥിതിയെക്കുറിച്ചുള്ള കവിസ്വപ്നമാണ് 'സർഗസംഗീതം' എന്ന കവിത.

കാടിനെ, അധീശശക്തികളായും കാട് ചവച്ചെറിഞ്ഞ തളിരും പൂവും നിരാലംബരായ സാധാരണക്കാരായും കോടക്കാറ്റിനെ വിപ്ലവ പ്രവർത്തനങ്ങളായും കാണാം. താരുകളെയും തളിരുകളെയും ചവച്ചെറിയുന്ന കാറ്റിന് പൈശാചികമായ അധീശശക്തിയുടെ ഛായയുണ്ട്. നാടിനെ, അടിയേറ്റ് കിടിലം കൊള്ളുന്ന സാധാരണ വർഗമായും ഇന്ദുകലയെ, അപ്രാപ്യമായി വർത്തിച്ച സ്വപ്നാത്മികയായ ഭാസുരഭാവിയുടെ പ്രതീകമായും കാണാം. ആ ഭാസുരഭാവി ഇപ്പോൾ മക്കളെ പാലൂട്ടുന്ന മാതാവിന്റെ രൂപത്തിൽ രക്ഷകയായി പ്രത്യക്ഷപ്പെടുന്നു. ആ പൗർണ്ണമി -നിറനിലാവ്- പാടം നീന്തി വരുന്നു.

ഭാസുരമായ സമത്വ വ്യവസ്ഥിതിയെക്കുറിച്ചുള്ള കവിസ്വപ്നം ആകാശത്തിൽ അപ്രാപ്യമായി കുടികൊള്ളുന്ന ശാരദേന്ദു കലയിൽനിന്ന് ഇന്ന് ഭൂമിയിൽ എല്ലായിടത്തും പരക്കുന്ന പൗർണ്ണമി നിലാവായി വികസിക്കുന്നു എന്ന ഒരു വ്യാഖ്യാനമാണ് ഡോ. എം. ലീലാവതി നൽകിയിരിക്കുന്നത്. വ്യത്യസ്തമായ വ്യാഖ്യാന സാധ്യതകളും ഈ ശ്ലോകങ്ങൾക്കുണ്ട്.

തന്റെ ഗാനകവനകർമ്മങ്ങളുടെ ലക്ഷ്യമാർഗങ്ങളെക്കുറിച്ചുള്ള ചിന്തകളും തന്നെ പീഡിപ്പിച്ചു കൊണ്ടിരുന്ന ധർമ്മച്യുതിബോധങ്ങളും പുറമേനിന്ന് വന്നിരുന്ന വിമർശനങ്ങളും ചരിത്രപരമായ കാരണങ്ങളാൽ തീക്ഷ്ണങ്ങളായിത്തീർന്ന കർത്തവ്യ സന്ദേഹങ്ങളും കൂടി തിളച്ചുമറിയുന്ന മനസോടെ സർഗസമാധിലീനനായിരുന്ന കവിയുടെ അബോധത്തിൽ കുടികൊള്ളുന്ന സാംസ്കാരിക പാരമ്പര്യസാരവും ബോധമനസ്സത്തകളായ ഭവൽക്കാലജീവിത സമസ്യകളും ഉരുകി ചേർന്ന് ഒന്നായപ്പോൾ തുറന്നു ഒഴുകിയ കവിതയാണ് 'സർഗസംഗീതം' എന്ന് ഡോ. എം. ലീലാവതി നിരീക്ഷിക്കുന്നു.

## Assignments

1. വയലാറിന്റെ ജീവിതത്തിലെ പരിണാമ ഘട്ടത്തെ കുറിക്കുന്ന കവിതയാണ് 'സർഗസംഗീതം'. പ്രസ്താവന പരിശോധിക്കുക.
2. കവിയുടെ സർഗവൈഭവത്തെ രൂപപ്പെടുത്തിയതിന് സഹായിച്ച ഘടകങ്ങൾ എന്തെന്ന് പരിശോധിക്കുക.
3. പുരോഗമന സാഹിത്യപ്രസ്ഥാനവും മലയാള കവിതയും – വിശദീകരിക്കുക.
4. വയലാറിന്റെ വിപ്ലവ കവിതകൾ – ഉപന്യസിക്കുക.
5. വയലാറിന്റെ കവിതകളിലെ ദേശീയതാബോധം – വിശദീകരിക്കുക.
6. പൗരാണിക സംസ്കാരത്തിന്റെ സ്വാധീനത വയലാറിന്റെ കവിതയിൽ – വിലയിരുത്തുക.

## References

1. എസ്. പി. നമ്പൂതിരി, വയലാർ രാമവർമ്മ വ്യക്തിയും കവിയും, എസ്. പി. സി. എസ്., കോട്ടയം.
2. പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, വയലാർ രാമവർമ്മ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഡോ. ചന്ദ്രികാ ശങ്കരനാരായണൻ, വയലാർ രാമവർമ്മ, ഡി. സി. ബുക്സ്, കോട്ടയം.
4. വയലാർ രാമവർമ്മ, വയലാർ കൃതികൾ, ഡി. സി. ബുക്സ്, കോട്ടയം.

## Suggested Readings

1. ഡോ. എം. ജി. ബാബുജി, വയലാർ കലാപവും കവിതയും, എസ്. പി. സി. എസ്., കോട്ടയം.
2. വയലാർ രാമവർമ്മ, ഒരു കവിയുടെ ഡയറി, സൈന്ധവ ബുക്സ്, കൊല്ലം

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 4

# രാത്രിമഴ

## സുഗതകുമാരി

## Learning Outcomes

- ആധുനിക കവിതയുടെ സവിശേഷതകൾ ഗ്രഹിക്കുന്നു
- സ്ത്രീപക്ഷ കവിതകളുടെ സവിശേഷതകൾ പരിചയപ്പെടുന്നു
- സുഗതകുമാരിയുടെ കാവ്യജീവിതത്തെക്കുറിച്ച് അറിവ് ലഭിക്കുന്നു
- 'രാത്രിമഴ' എന്ന കവിതയുടെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ ഗ്രഹിക്കുന്നു

## Background

കാല്പനിക കവിതയുടെ തുടർച്ചയാണ് സുഗതകുമാരിയുടെ രചനകളിൽ കാണുന്നത്. വൈകാരികത, വിഷാദാത്മകത, ഏകാന്തത തുടങ്ങിയ സ്വഭാവങ്ങൾ നിറഞ്ഞു നിൽക്കുന്നവയാണ് സുഗതകുമാരിയുടെ കവിതകൾ. രാധാമാധവസങ്കല്പം, പ്രകൃതിസ്നേഹം, സ്ത്രീപക്ഷ മനോഭാവം തുടങ്ങിയവയാണ് കവിതകളുടെ മുഖ്യപ്രമേയം. ആ കവിതകളുടെ അന്തർലോകങ്ങളിൽ ദുഃഖാഭിരതിയും സ്നേഹദാഹവും തെളിഞ്ഞു നിന്നിരുന്നു. സുധീരമായ മനുഷ്യത്വത്തെയാണ് സുഗതകുമാരി കീർത്തിക്കുന്നത് എന്ന് ആദ്യ സമാഹാരമായ 'മുത്തുച്ചിപ്പി'യുടെ അവതാരികയിൽ ബാലാമണിയമ്മ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അരോഗവും ബലിഷ്ഠവുമായ അവരുടെ സ്നേഹദർശനം സാമൂഹ്യമോചനത്തെ പാര്യന്തികലക്ഷ്യമായി കാണുന്ന കർമ്മയോഗത്തിന്റെ ദർശനം തന്നെയാണെന്ന് എൻ. വി. കൃഷ്ണവാര്യർ 'പാവം മാനവഹൃദയ'ത്തിന്റെ അവതാരികയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അജ്ഞേയമായ ദുഃഖം സ്ഥായിഭാവമാകുന്ന നിരവധി കവിതകൾ സുഗതകുമാരിയുടേതായി ഉണ്ട്. അവയിൽ നൈരാശ്യമല്ല, മറിച്ച് സത്യാന്വേഷണവ്യഗ്രതയാണ് പ്രതിഫലിക്കുന്നത്. 'മുത്തുച്ചിപ്പി' എന്ന കവിതയിൽ ഈ വീക്ഷണം വ്യക്തമാണ്. ദുഃഖത്തെ ആത്മശുദ്ധീകരണത്തിന് ഉപാധിയാക്കുന്ന മനോഭാവം 'കാളിയമർദ്ദനം', 'ഗജേന്ദ്രമോക്ഷം' തുടങ്ങിയ കവിതകളിൽ കാണാം. കാല്പനികതയുടെ വേദനാലഹരിയും ആധുനികതയുടെ നിഷ്ഫലതാബോധവുമല്ല, സുഗതകുമാരിയുടെ വിഷാദാത്മകതയിൽ പ്രകടമാകുന്നത്.

വ്യക്തിഗതമായ വേദനകളെ വിശദമായി വികസിപ്പിക്കുന്നതിൽ സുഗതകുമാരിക്കുള്ള മികവിനെക്കുറിച്ച് 'പാതിരാപ്പൂക്കൾ' എന്ന സമാഹാരത്തിന് എഴുതിയ അവതാരികയിൽ എസ്. ഗുപ്തൻ നായർ വിശദീകരിച്ചിട്ടുണ്ട്. അഹിംസയുടെയും ആദർശത്തിന്റെയും പാതയിലൂടെയാണ് കവിയുടെ സഞ്ചാരം. ചുറ്റുമുള്ള ലോകം അതിൽ നിന്നും വ്യതിചലിക്കുന്നത് കാണുമ്പോഴുണ്ടാകുന്ന അമ്പരപ്പ് ചില കവിതകളിൽകാണാം. പതിതരുടെ നിസ്സഹായതകളും ബലഹീനതകളും കവിമനസ്സ് ഒപ്പിയെടുത്തു. 'കൊളോസസ്', 'ധർമ്മം എന്ന പശു', 'തലശ്ശേരി', 'ആദിവാസി സാക്ഷരത', 'പഞ്ചാബ്' തുടങ്ങി നിരവധി കവിതകൾ ഉദാഹരിക്കാം. സമൂഹം സ്വാർത്ഥതയിൽ മുങ്ങി അന്ത്യമാം നാണയവും കവരുവാൻ വെമ്പുന്നതിന് സാക്ഷിയാകുന്ന കവി വിഹ്വലയാകുന്നു. അത് കവിതകളിൽ പ്രതിഫലിക്കുന്നു. ആത്മവിമർശനത്തിന്റെയും കുമ്പസാരത്തിന്റെയും സ്വരം ചില കവിതകൾക്കുണ്ട്.

**പ്രധാനകൃതികൾ:** *മുത്തുച്ചിപ്പി, പാതിരാപ്പൂക്കൾ, പാവം മാനവഹൃദയം, ഇരുൾച്ചിറകുകൾ, രാത്രിമഴ, അമ്പലമണി, കുറിഞ്ഞിപ്പൂക്കൾ, തുലാവർഷപ്പച്ച, പെൺകുഞ്ഞ്*

## Keywords

വിഷാദാത്മകത - രാധാമാധവസങ്കല്പം - സ്ത്രീപക്ഷ മനോഭാവം -ദുഃഖഭാവം

## Discussion

സ്ത്രീത്വം നേരിട്ടിരുന്ന നിരവധി പ്രതിസന്ധികൾ സുഗതകുമാരിയുടെ കവിതയ്ക്ക് വിഷയമായിട്ടുണ്ട്. 'കൊല്ലേണ്ടതെങ്ങനെ', 'അമ്മ', 'ദേവദാസിയുടെ പാട്ട്' എന്നിങ്ങനെ ഒട്ടനവധി കവിതകളിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിഭിന്നങ്ങളായ യാതനകളാണ് ആവിഷ്കരിച്ചിരിക്കുന്നത്. അനാഥമാക്കപ്പെടുന്ന ശൈശവവും ചൂഷണം ചെയ്യപ്പെടുന്ന പ്രകൃതിയും പീഡിപ്പിക്കപ്പെടുന്ന സ്ത്രീത്വവും സുഗതകുമാരിയെ അസ്വസ്ഥപ്പെടുത്തിയിരുന്നു. കവിയുടെ ഗൃഹാതുരതയും ആത്മീയതയും ഒന്നുചേർന്ന് രാധാകൃഷ്ണസങ്കല്പമായി പരിണമിക്കുന്നത് പല കവിതകളുടെയും പ്രമേയമാണ്. 'കൃഷ്ണ നീയെന്നെ അറിയില്ല', 'രാധയെവിടെ', 'ശ്യാമ രാധ', 'മറ്റൊരു രാധിക', 'ഒരു വൃന്ദാവനരംഗം' തുടങ്ങി പുരാണകഥകളിൽ നിന്ന് പ്രമേയം സ്വീകരിച്ചുകൊണ്ട് നിരവധി കവിതകൾ സുഗതകുമാരി എഴുതിയിട്ടുണ്ട്. സ്നേഹത്തെയും യാഥാർഥ്യത്തെയും സന്തുലനം ചെയ്യുന്നതുകൊണ്ടാണ് സുഗതകുമാരിയുടെ കവിതയ്ക്ക് കാലത്തിന്റെ ചേതനയെ ആവിഷ്കരിക്കാൻ സാധിച്ചതെന്ന് 'അമ്പലമണി'യുടെ അവതാരികയിൽ എം. ലീലാവതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

> ▶ സ്ത്രീ സ്വത്വത്തിന്റെ വിഹ്വലതകൾ

സാമൂഹികവും ദേശീയവും അന്തർദേശീയവുമായ അനുഭവങ്ങളെ സ്വാംശീകരിക്കാനും അവയെ ആത്മനിഷ്ഠമായ സൂക്ഷ്മതയോടെ ആവിഷ്കരിക്കാനും സുഗതകുമാരിക്ക് കഴിഞ്ഞിരുന്നു. അത്യന്തം വ്യക്തിനിഷ്ഠമായ അനുഭൂതികൾ ആവിഷ്കരിച്ച സുഗതകുമാരി സമകാല സാമൂഹിക രാഷ്ട്രീയ സംഗതികളോടും ധാരാളമായി പ്രതികരിച്ചിരുന്നു. കവി എന്നതിനോടൊപ്പം ശ്രദ്ധേയയായ സാമൂഹിക പരിസ്ഥിതിപ്രവർത്തകയും കൂടിയായിരുന്നു അവർ. പ്രകൃതിസംരക്ഷണ സമിതിയുടെയും അഭയ എന്ന സ്ഥാപനത്തിന്റെയും മുഖ്യപ്രവർത്തകയായിരുന്നു കവി. സുഗതകുമാരിയുടെ ജീവിതവും കവിതയും സമൂഹത്തിന്റെ ചലനങ്ങൾ ഉൾക്കൊണ്ടവയാണ്. കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തെ കേരളത്തിന്റെ

> ▶ സാമൂഹികവും ദേശീയവും അന്തർദേശീയവുമായ അനുഭവങ്ങൾ

സാമൂഹിക സാംസ്കാരിക ജീവിതത്തിൽ സുഗതകുമാരി നിറഞ്ഞു നിന്നിരുന്നു. സ്ത്രീകളുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ആശ്രയമായി നിലകൊള്ളാൻ സുഗതകുമാരി ശ്രദ്ധിച്ചിരുന്നു. 'അമ്പലമണി' എന്ന കാവ്യസമാഹാരത്തിന് ആശാൻ പ്രൈസും വയലാർ അവാർഡും ഓടക്കുഴൽ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. 'മുത്തുച്ചിപ്പി'യാണ് ആദ്യ കൃതി. 'രാത്രിമഴ'ക്ക് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്.

## വരികൾ

രാത്രിമഴ, ചുമ്മാതെ
കേണും ചിരിച്ചും
വിതുമ്പിയും നിർത്താതെ
പിറുപിറുത്തും നീണ്ട
മുടിയിട്ടുലച്ചും
കുനിഞ്ഞിരിക്കുന്നോരു
യുവതിയാം ഭ്രാന്തിയെപ്പോലെ.
രാത്രിമഴ, മന്ദമീ
യാശുപത്രിക്കുള്ളി
ലൊരുനീണ്ട തേങ്ങലാ
യൊഴുകിവന്നെത്തിയീ
ക്കിളിവാതിൽ വിടവിലൂ
ടേറേത്തണുത്തകൈ
വിരൽ നീട്ടിയെന്നെ
തൊടുന്നൊരി ശ്യാമയാം
ഇരവിന്റെ ഖിന്നയാം പുത്രി.

## അർഥവിശദീകരണം

| | | |
|---|---|---|
| കേണും | = | കരഞ്ഞും |
| മന്ദം | = | പതുക്കെ |
| ഇരവ് | = | ഇരുട്ട് |
| ഖിന്നയാം | = | ദുഃഖിത, ക്ഷീണിച്ച |

## ആശയവിശദീകരണം

രാത്രിമഴയെ യുവതിയായ ഒരു ഭ്രാന്തിയോട് സാദൃശ്യപ്പെടുത്തിയിരിക്കയാണ് കവിതയുടെ ആദ്യഭാഗത്ത്. ചുമ്മാതെ കരയുകയും ചിരിക്കുകയും നിർത്താതെ പിറുപിറുക്കുകയും നീണ്ട മുടിയിട്ടുലയ്ക്കുകയും ചെയ്തുകൊണ്ട് കുനിഞ്ഞിരിക്കുന്ന ഒരു യുവതിയായ ഭ്രാന്തിയുടെ ചേഷ്ടകൾപോലെയാണ് മഴയുടെ ശബ്ദവും ദൃശ്യവും കവിക്ക് അനുഭവപ്പെടുന്നത്. ആ മഴ മന്ദമായി ആശുപത്രിയുടെ ഉള്ളിലേക്ക് ഒരു നീണ്ട തേങ്ങൽ പോലെ ഒഴുകി വന്നെത്തുകയും ഏറെ തണുത്ത കൈവിരൽകൊണ്ട് തന്നെ തൊടുകയും ചെയ്യുന്നു. മഴയുടെ നേർത്ത ശബ്ദവും തണുപ്പും അനുഭവപ്പെടുന്നതിനെയാണ് ഇപ്രകാരം കല്പിച്ചിരിക്കുന്നത്.

▶ ഇരുണ്ടരാത്രിയുടെ ദുഃഖിതയായ പുത്രി

SGOU

## വരികൾ

രാത്രിമഴ, നോവിൻ
ഞരക്കങ്ങൾ ഞെട്ടലുകൾ,
തീക്ഷ്ണസ്വരങ്ങൾ
പൊടുന്നനെയൊരമ്മതൻ
ആർത്തനാദം!... ഞാൻ
നടുങ്ങിയെൻ ചെവിപൊത്തി
യെൻ രോഗശയ്യയി
ലുരുണ്ടു തേങ്ങുമ്പൊഴീ
യന്ധകാരത്തിലൂ
ടാശ്വാസ വാക്കുമാ-
യെത്തുന്ന പ്രിയജനം പോലെ.

## അർഥവിശദീകരണം

| | | |
|---|---|---|
| നോവ് | = | വേദന |
| തീക്ഷ്ണം | = | തീവ്രം |
| നടുങ്ങി | = | ഞെട്ടി |
| ശയ്യ | = | കിടക്ക |
| അന്ധകാരം | = | ഇരുട്ട് |
| പ്രിയജനം | = | പ്രിയപ്പെട്ട ജനം |

## ആശയവിശദീകരണം

അടുത്ത ഭാഗത്ത് ആശുപത്രിയിലെ വേദന നിറഞ്ഞ അന്തരീക്ഷവും അത് കവിയിൽ ജനിപ്പിക്കുന്ന വിഷാദവും (രാത്രിമഴ വിഷാദത്തെ ശമിപ്പിക്കുന്ന ഒരു ഘടകമായി മാറുന്നതുമാണ്) പങ്കു വെക്കുന്നു. നോവിന്റെ ഞരക്കങ്ങളും ഞെട്ടലുകളും തീക്ഷ്ണ സ്വരങ്ങളും ഏതോ ഒരമ്മയുടെ ആർത്തനാദവും ആശുപത്രി അന്തരീക്ഷത്തിൽ മുഴങ്ങുന്നു. അവയൊന്നും കേൾക്കാൻ വയ്യാതെ രോഗശയ്യയിൽ ചെവിപൊത്തി നിസ്സഹായയായി കരയുന്ന തന്നെ ആശ്വസിപ്പിക്കാൻ എത്തുന്ന പ്രിയജനം പോലെയാണ് രാത്രിമഴ. പ്രാപഞ്ചിക ദുഃഖങ്ങളെ ശമിപ്പിക്കുവാൻ പ്രകൃതിക്ക് സാധിക്കുമെന്ന വസ്തുത ഇവിടെ സൂചിതമാണ്. ആശുപത്രിയിലെ നൊമ്പരക്കാഴ്ചകളും ശബ്ദങ്ങളും മറികടക്കാൻ രാത്രിമഴയുടെ സാന്നിധ്യം സഹായിക്കുന്നു.

- രാത്രിമഴ വിഷാദത്തെ ശമിപ്പിക്കുന്നു

## വരികൾ

ആരോ പറഞ്ഞു
മുറിച്ചു മാറ്റാം കേടു- ബാധിച്ചോരവയവം;
പക്ഷെ,കൊടും കേടു
ബാധിച്ച പാവം മനസ്സോ?

## ആശയവിശദീകരണം

തന്റെ മാനസികാരോഗ്യം നശിച്ചിരിക്കുന്നു അല്ലെങ്കിൽ ശക്തി ക്ഷയിച്ചിരിക്കുന്നു എന്ന കാര്യമാണ് അടുത്തതായി പറയുന്നത്. വ്യക്തിഗതമായ അനുഭവങ്ങളും മറ്റുള്ളവരുടെ ദുരന്തങ്ങളും കവിമനസ്സിനെ തളർ

> ▶ കേടുവന്ന ഒരു മനസ്സാണ് തനിക്കിപ്പോഴുള്ളത്

ത്തുകയും തകർക്കുകയും ചെയ്യുന്നു. കേടു ബാധിച്ച അവയവങ്ങളെ മാറ്റിവെക്കാൻ ഇന്ന് ആധുനിക വൈദ്യശാസ്ത്രത്തിന് സാധിക്കും. പക്ഷേ കേടുവന്ന മനസ്സിനെ എന്തുചെയ്യാനാണ് എന്ന് കവി പരിതപിക്കുന്നു.

### വരികൾ

രാത്രിമഴ, പണ്ടെന്റെ
സൗഭാഗ്യരാത്രികളി
ലെന്നെച്ചിരിപ്പിച്ച
കുളിർകോരിയണിയിച്ച,
വെണ്ണിലാവേക്കാൾ
പ്രിയംതന്നുറക്കിയോ-
രന്നത്തെയെൻ പ്രേമസാക്ഷി.

### അർഥ വിശദീകരണം

| | | |
|---|---|---|
| സൗഭാഗ്യം | = | നല്ല ഭാഗ്യം |
| കുളിർ | = | തണുപ്പ് |
| വെണ്ണിലാവ് | = | വെളുത്ത നിലാവ് |

### ആശയവിശദീകരണം

> ▶ പ്രകൃതിയുടെ അനശ്വരതയും ചലനാത്മകതയും

പ്രകൃതി സർവസാക്ഷിയായി സദാ നമ്മോടൊപ്പം ഉണ്ട് എന്ന കാര്യം ഓർമ്മപ്പെടുത്തുന്ന വരികളാണ് ഇനിയുള്ളത്. പണ്ട് തന്റെ സൗഭാഗ്യ രാത്രികളിൽ തന്നെ ചിരിപ്പിക്കുകയും കുളിർ കോരിയണിയിച്ച് വെണ്ണിലാവിനേക്കാൾ പ്രിയം പകർന്ന് ഉറക്കുകയും ചെയ്ത പ്രേമസാക്ഷി കൂടിയാണ് രാത്രിമഴ. ഇവിടെ പണ്ട് എന്നാണ് പറയുന്നത്. അതായത് സൗഭാഗ്യ ദിനങ്ങളെല്ലാം ഇന്ന് കൈമോശം വന്നിരിക്കുന്നു. ഇന്ന് നിരാശയിലും ഏകാന്തതയിലും വിഷാദത്തിലും ആണ് ഒറ്റപ്പെട്ടിരിക്കയാണ് എന്ന സൂചന കൂടി ലഭിക്കുന്നു.

### വരികൾ

രാത്രിമഴ, ഇന്നെന്റെ
രോഗോഷ്ണശയ്യയിൽ,
വിനിദ്രയാമങ്ങളി
ലിരുട്ടിൽ തനിച്ചു കര
യാനും മറന്നു ഞാ
നുഴലവേ, ശിലപോലെ
യുറയവേ ദുഃഖസാക്ഷി.
രാത്രിമഴയോടു ഞാൻ
പറയട്ടെ, നിന്റെ
ശോകാർദ്രമാം സംഗീത-
മറിയുന്നു ഞാൻ; നിന്റെ
യലിവും അമർത്തുന്ന
രോഷവും, ഇരുട്ടത്തു
വരവും, തനിച്ചുള്ള

തേങ്ങിക്കരച്ചിലും
പുലരിയെത്തുമ്പോൾ
മുഖം തുടച്ചുള്ള നിൻ
ചിരിയും തിടുക്കവും
നാട്യവും ഞാനറിയും;
അറിയുന്നതെന്തുകൊ
ണ്ടെന്നോ? സഖി, ഞാനു
മിതുപോലെ, രാത്രിമഴപോലെ

### അർഥവിശദീകരണം

| | | |
|---|---|---|
| രോഗശയ്യ | = | രോഗക്കിടക്ക |
| ശില | = | കല്ല് |
| നാട്യം | = | നടിക്കുക, അഭിനയിക്കുക |

### ആശയവിശദീകരണം

▶ രാത്രിമഴയും കവിയും ഒരുപോലെയാണ്

രോഗംകൊണ്ട് അസ്വസ്ഥമായ അവസ്ഥയിൽ, നിദ്രയില്ലാത്ത രാത്രികളിൽ, ഇരുട്ടിൽ, തനിച്ച് കരയാൻകൂടി മറന്ന് ശിലപോലെ ഉറഞ്ഞിരിക്കുന്ന തന്റെ ദുഃഖത്തിന് സാക്ഷിയും രാത്രിമഴ തന്നെയാണ്. അതിനാൽ രാത്രിമഴയോടു ഇങ്ങനെ പറയുവാൻ കവി മുതിരുന്നു. 'രാത്രിമഴയുടെ സംഗീതവും കാരുണ്യവും അമർത്തുന്ന രോഷവും ഇരുട്ടത്തുള്ള വരവും തനിച്ചുള്ള തേങ്ങിക്കരച്ചിലും പന്നീട് ഇവയൊക്കെ ഒളിച്ചുവെച്ച് പുലരിയെത്തുമ്പോൾ മുഖം തുടച്ചുള്ള ചിരിയും തിടുക്കവും നാട്യവും ഞാനറിയുന്നു. കാരണം ഞാനും ഇതുപോലെ തന്നെയാണ്'. രാത്രിമഴപോലെയാണ് താനുമെന്ന് കവി പറയുന്നു. പ്രതിഭയുള്ള ഒരുവളുടെ അന്തഃകരണത്തിന്റെ കാരുണ്യവും, പ്രതികരണേച്ഛയും, രോഷവും, അവൾ അനുഭവിക്കുന്ന ഒറ്റപ്പെടലും, അവളുടെ പിൻവാങ്ങലും ഈ വരികളിൽ സംക്ഷിപ്തമായി ഒതുക്കി വച്ചിരിക്കുന്നു.

## Summarised Overview

മനുഷ്യനെയും പ്രകൃതിയെയും വാക്കുകൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും ഒരുപോലെ സ്നേഹിച്ച കവിയാണ് സുഗതകുമാരി. വിഷാദവും നന്മയും പ്രണയവും ഉന്മാദവും പ്രതിഷേധവും ഒക്കെയായി മാറിമാറി വരുന്ന ഭാവതലങ്ങളാണ് സുഗതകുമാരിയുടെ കവിതകളുടെ പ്രധാന സവിശേഷത. സുഗതകുമാരിയുടെ കവിതകളുടെ അടിസ്ഥാനശ്രുതി വിഷാദമാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അതിന് ഉത്തമ ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്ന കവിതയാണ് 'രാത്രിമഴ'. അകാരണവും അഹേതുവുമായ ദുഃഖമാണ് രാത്രിമഴയുടെ ഭാവം. എന്നാൽ ഈ ദുഃഖമാകട്ടെ മനുഷ്യ ജീവിതത്തെ നിരാശയുടെ പടുകുഴിയിലേയ്ക്ക് ഉപേക്ഷിച്ചു മടങ്ങലല്ല, മറിച്ച് ജീവിതാവസ്ഥകളെ അതിജീവിക്കാനുള്ള വഴി കണ്ടെത്തലാണ്. വിലാപത്തിന്റെ സംഗീതം മാത്രമല്ല പ്രതിഷേധത്തിന്റെ ഉറച്ച സ്വരങ്ങളും അക്കവിതകളിൽ കാണാം. വ്യക്തിഗതമായ വേദനകളെ വിശ്വഗതമായി വികസിപ്പിക്കുന്നതിൽ സുഗതകുമാരിക്കുള്ള മികവിനെക്കുറിച്ച് 'പാതിരാപ്പൂക്കൾ' എന്ന കവിതാസമാഹാരത്തിന്റെ അവതാരികയിൽ എസ്. ഗുപ്തൻ

നായർ പ്രസ്താവിക്കുന്നുണ്ട്. സ്ത്രീജീവിതത്തിന്റെ വിവിധ വശങ്ങൾ സുഗതകുമാരിയുടെ കവിതകളുടെ മുഖ്യപ്രമേയമാണ്. സ്ത്രീമനസ്സിനെ കാലഘട്ടത്തിന്റെ അനുഭവ പരിസരങ്ങളോട് ചേർത്തു നിർത്തി വ്യാഖ്യാനിക്കുന്ന കവിക്ക് സ്ത്രീയും പ്രകൃതിയും ഒരുപോലെയാണ്. അതുകൊണ്ടാണ് രാത്രിമഴയ്ക്ക് സ്ത്രീയുടെ ഭാവങ്ങൾ പകർന്നു നൽകുന്നത്.

കാല്പനികതയുടെ സവിശേഷതകളായ വൈകാരികതയും വിഷാദാത്മകതയും വൈയക്തികതയും ആത്മനിഷ്ഠതയും നിറഞ്ഞുനിൽക്കുന്ന ഒരു കവിതയാണ് 'രാത്രിമഴ'. പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കുക, പ്രകൃത്യവസ്ഥകളിൽ മാനുഷികഭാവങ്ങൾ ആരോപിക്കുക തുടങ്ങിയവ കാല്പനിക കവിതകളിൽ സുലഭമാണ്. ഇവിടെ രാത്രിമഴയെ രോഗാതുരയും ഏകയും ദുഖിതയുമായ ഒരു സ്ത്രീയായി കല്പിക്കുന്നു. കവിയുടെ ആത്മാംശം ആ സ്ത്രീ സങ്കല്പത്തിൽ കലർന്നിട്ടുണ്ട്. എല്ലാം മറച്ചുവച്ചുകൊണ്ട് പുറമേ ചിരിച്ചു കാണിക്കേണ്ടിവരുന്ന നിസ്സഹായാവസ്ഥയാണ് ഭൂരിപക്ഷം സ്ത്രീകൾക്കുമുള്ളത്. അന്തസംഘർഷങ്ങളെ വെളിപ്പെടുത്താനാകാതെ, സാഹചര്യങ്ങളോട് പൊരുത്തപ്പെട്ട് സ്വത്വനാശത്തിന് അടിമപ്പെടുക എന്ന ദുരവസ്ഥ സ്ത്രീസമൂഹം അഭിമുഖീകരിക്കുന്നു. സർഗശേഷിയുള്ളവരിൽ അത്തരം അവസ്ഥ ഉണർത്തുന്ന സംഘർഷം കഠിനമാണ്. ഇവിടെ വ്യക്തിജീവിതത്തിലെ സ്വകാര്യ അനുഭവങ്ങളിൽ വന്നുചേർന്ന തകർച്ചയും അതുമൂലമുള്ള നിസ്സഹായതയും നിരാശയും മാത്രമല്ല ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. മറിച്ച് സ്ത്രീ സമൂഹത്തിന്റെ, സ്ത്രീജീവിതത്തിന്റെ പൊതുവേയുള്ള അങ്കലാപ്പുകളാണ് രാത്രിമഴയുമായി താദാത്മ്യം പ്രാപിച്ചുകൊണ്ട് കവയിത്രി അനാവരണം ചെയ്യുന്നത്.

## Assignments

1. മഴയുടെ ഭാവങ്ങൾ കവി പകർത്തിയിരിക്കുന്നത് എപ്രകാരമാണെന്ന് പരിശോധിക്കുക..
2. സുഗതകുമാരിക്കവിതകളിലെ പെൺ ഭാവങ്ങൾ – 'രാത്രിമഴ' എന്ന കവിതയിൽ നിന്ന് കണ്ടെത്തി ഉപന്യാസം തയ്യാറാക്കുക.
3. സ്ത്രീത്വം ഏറ്റുകൊണ്ടിരിക്കുന്ന നിരവധി പ്രതിസന്ധികൾ സുഗതകുമാരിയുടെ കവിതയ്ക്ക് വിഷയമായിട്ടുണ്ട്. സുഗതകുമാരിയുടെ കാവ്യജീവിതത്തെ മുൻനിർത്തി വിവരിക്കുക
4. സുഗതകുമാരിയുടെ കവിതകളിലെ സ്ത്രൈണ ഭാവങ്ങൾ– വിശദീകരിക്കുക.
5. 'രാത്രിമഴ'യിലെ കാവ്യബിംബങ്ങൾ –ചർച്ച ചെയ്യുക.

## References


1. ഡോ. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
2. ഡോ. എം. ലീലാവതി, വർണ്ണരാജി, എൻ. ബി. എസ്., കോട്ടയം.

3. ഡോ. കെ.എം. ജോർജ് (എഡി.), ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
4. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
5. സുഗതകുമാരി, രാത്രിമഴ, ഡി.സി. ബുക്സ്, കോട്ടയം.

## Suggested Readings

1. പി. കെ. രാജശേഖരൻ, ആത്മാവിന്റെ പാവകളിക്കാർ, സൈൻ ബുക്സ്, തിരുവനന്തപുരം.
2. ഡോ. ആർ. വി. എം. ദിവാകരൻ, തണൽ ഓർമ്മപുസ്തകം, ജി. വി. ബുക്സ്, തലശ്ശേരി.
3. സുഗതകുമാരി, സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം, ഡി. സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# ആധുനിക കവിത

# BLOCK-03

## Block Content

യൂണിറ്റ് - 1

| | | |
|---|---|---|
| കുരുക്ഷേത്രം | - | അയ്യപ്പപ്പണിക്കർ |
| ചാക്കാല | - | കടമ്മനിട്ട രാമകൃഷ്ണൻ |

യൂണിറ്റ് - 2

| | | |
|---|---|---|
| സംക്രമണം | - | ആറ്റൂർ രവിവർമ്മ |

യൂണിറ്റ് - 3

| | | |
|---|---|---|
| സത്യവാങ്മൂലം | - | സച്ചിദാനന്ദൻ |
| കൊച്ചിയിലെ വൃക്ഷങ്ങൾ | - | കെ. ജി. ശങ്കരപ്പിള്ള |

യൂണിറ്റ് - 4

| | | |
|---|---|---|
| വെയിൽ തിന്നുന്ന പക്ഷി | - | എ. അയ്യപ്പൻ |

SGOU

Unit 1

# 1. കുരുക്ഷേത്രം

## അയ്യപ്പപ്പണിക്കർ

## Learning Outcomes

- 'കുരുക്ഷേത്രം' എന്ന കവിതയുടെ ഭാവപരവും രൂപപരവുമായ സവിശേഷതകൾ തിരിച്ചറിയുന്നു
- ആധുനിക മലയാള കവിതയിൽ അയ്യപ്പപ്പണിക്കരുടെ സംഭാവനകളെക്കുറിച്ച് പഠിക്കുന്നു
- ആധുനിക കവിത എന്ന നിലയിൽ 'കുരുക്ഷേത്രം' എന്ന കവിതയുടെ പ്രസക്തി വിലയിരുത്തുന്നു
- നവബിംബകല്പനകൾ കവിതയിൽനിന്ന് കണ്ടെത്തുന്നു

## Background

സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും വൈയക്തികവും സാമൂഹികവുമായ സ്വപ്നത്തകർച്ചയുടെ അനുരണനങ്ങൾ മലയാളസാഹിത്യത്തിലുമുണ്ടായി. മൂഢമായ ജീവിതാചാരങ്ങൾ ലംഘിക്കുന്നതോടൊപ്പം കവിതയിലെ നടപ്പുശീലങ്ങളെയും ബോധപൂർവം ലംഘിക്കുവാൻ കവികൾ തയ്യാറായതിന്റെ ഫലമാണ് മലയാളത്തിലെ നവ്യകവിത. മലയാള കവിതയിലെ ആധുനികതയെക്കുറിച്ച് തർക്കങ്ങളും ചർച്ചകളും നടന്നു കൊണ്ടിരിക്കേ, എഴുപതുകളുടെ അന്ത്യത്തോടെ, ഒരു പുതിയ തലമുറ ആധുനിക കവനരീതികളിലേക്കു കടന്നുവന്നു. മലയാളത്തിൽ ആധുനിക കവിതയുടെ ഉയിർപ്പിന്റെയും വളർച്ചയുടെയും കാലമായിരുന്നു അമ്പതുകളുടെ അന്ത്യം തൊട്ടുള്ള വർഷങ്ങൾ. കാവ്യാനുശീലനം സമൂഹത്തിൽ, പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ പടർന്നു. ആധുനികസമൂഹത്തിൽ കവിതയ്ക്കു പ്രസക്തി കുറവാണെന്നും ആധുനിക കവിത ജനങ്ങളോട് സംവദിക്കുന്നില്ലെന്നും വിമർശനമുയർന്നു വന്ന വേളയിൽത്തന്നെയാണ് ഇത് സംഭവിച്ചത് എന്നുള്ളത് ശ്രദ്ധേയമായ വസ്തുതയാണ്. ഒരു പുതിയ ഭാവുകത്വത്തിന്റെ അരങ്ങേറ്റം കൂടിയായിരുന്നു അന്ന് സംഭവിച്ചത്. കവിതയുടെ അന്തർഭാവത്തിലും രൂപശില്പത്തിലുമെല്ലാം പല മാറ്റങ്ങളുമുണ്ടായി. മൂല്യനിരാസവും നഗരജീവിതാവിഷ്ക്കാരവും അസ്തിത്വവ്യഥയുമൊക്കെ കവിതകളിൽ സജീവമായി നിന്നു.

പുതിയ കാവ്യരീതി തേടിയ കവികളിൽ പ്രമുഖനാണ് അയ്യപ്പപ്പണിക്കർ. ആധുനിക മലയാളകവിതകളുടെ സ്രഷ്ടാക്കളിൽ ഒരാളാണ് അദ്ദേഹം. ഇത്രയേറെ വൈവിധ്യങ്ങളും വൈരുധ്യങ്ങളുമുള്ള കാവ്യപ്രപഞ്ചം മറ്റൊരു മലയാളകവിക്കും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള കാവ്യസമ്പ്രദായങ്ങളോട് പൊരുത്തപ്പെടാനാവാതെയാണ് ആധുനികതയുടെ സങ്കേതങ്ങൾ അദ്ദേഹം കണ്ടെത്തിയത്. കാല്പനികതയ്ക്കെതിരെ കലാപം തുടങ്ങിവെച്ചത് എൻ. വി. കൃഷ്ണവാര്യർ ആണെങ്കിലും ആ നവീനതയെ ഒരു പ്രസ്ഥാനമാക്കി വളർത്തിയെടുത്തവരിൽ പ്രധാനി അയ്യപ്പപ്പണിക്കരാണ്. ആധുനികതയെന്നത് അയ്യപ്പപ്പണിക്കരുടെ കവിതയിൽ പാരമ്പര്യത്തിന്റെ അന്ധമായ നിഷേധമല്ല. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലയാള കവിതയിൽ വഴിത്തിരിവ് സൃഷ്ടിച്ച കവി എന്ന നിലയ്ക്ക് അദ്ദേഹം ശ്രദ്ധേയനാണ്. 1950 കളിൽ രചിക്കപ്പെട്ടതും 1960 ൽ 'ദേശബന്ധു ചിത്രവാരിക'യിൽ പ്രസിദ്ധീകരിക്കപ്പെട്ടതുമായ 'കുരുക്ഷേത്ര'മാണ്

മലയാള കവിതയിലെ നവീനതയുടെ പരിപക്വമായ ആദ്യ സൃഷ്ടി. ഈ കവിതയിലൂടെ അയ്യപ്പപ്പണിക്കർ ഒരു പുതിയ കാവ്യസങ്കല്പം സൃഷ്ടിക്കുകയായിരുന്നു. പുതിയ രൂപശില്പങ്ങൾ, ശിഥില ബിംബങ്ങൾ, പുതിയ പദരചന, ശ്ലഥവൃത്തം, ദാർശനികത, കറുത്ത ചിരി എന്നിവയ്ക്കെല്ലാം പ്രചാരവും പ്രതിഷ്ഠയും നൽകിയത് അയ്യപ്പപ്പണിക്കരാണ്. പാശ്ചാത്യ നവീന പ്രസ്ഥാനത്തിന് പുതുജീവൻ നൽകിയ ടി. എസ്. എലിയട്ടിനെപ്പോലെ അയ്യപ്പപണിക്കരും കവിയും നിരൂപകനുമായിരുന്നു.

കറുത്തഹാസ്യം അയ്യപ്പപ്പണിക്കരുടെ കാവ്യലോകത്തിന്റെ മറ്റൊരു സ്വഭാവമാണ്. ജീവിതത്തിൽ താൻ കാണുന്ന ഏത് സത്യവും പരിഹാസത്തിന്റെ മേമ്പൊടിയോടെ അയ്യപ്പപ്പണിക്കർ അവതരിപ്പിക്കും. അപ്രിയ സത്യങ്ങളെ രൂക്ഷമായ പരിഹാസത്തിന് വിധേയമാക്കും. 'ഉപ്പില്ലാക്കടൽ', 'രാമൻ വാണാലും രാവണൻ വാണാലും', 'പാലങ്ങൾ', 'സത്യശീലൻ' തുടങ്ങിയ കവിതകളിൽ സാമൂഹികമോ രാഷ്ട്രീയമോ സാംസ്കാരികമോ ആയ അഴിമതികളെയും പൊങ്ങച്ചങ്ങളെയും അയ്യപ്പപ്പണിക്കർ പരിഹസിക്കുന്നു. തത്ത്വചിന്താപരമായ അവിശ്വാസവും ബോധപൂർവമായ കുസൃതിയും വിചിത്ര അനുപാതങ്ങളിൽ കലർത്തി അയ്യപ്പപ്പണിക്കർ പരോക്ഷമായ ഒരു തരം ഹാസ്യം സൃഷ്ടിക്കുന്നതുകാണാം. കാവ്യഭാഷയെക്കുറിച്ചുള്ള സാമ്പ്രദായിക ധാരണകളെ അയ്യപ്പപ്പണിക്കർ പൊളിച്ചു കളഞ്ഞു. ഉദാത്തവും ഗ്രാമ്യവുമായ പദങ്ങൾ കൂട്ടിക്കലർത്തി പ്രയോഗിക്കുക, വൃത്തബദ്ധമായെന്നതുപോലെ ശുദ്ധമായ ഗദ്യത്തിലും എഴുതുക തുടങ്ങിയ വൈവിധ്യം പണിക്കർ പുലർത്തി.

**പ്രധാനകൃതികൾ:** *കുരുക്ഷേത്രം, ഗോത്രയാനം, ഹേഗഗാറിൻ, കുടുംബപുരാണം, മൃത്യുപൂജ*

## Keywords

കുരുക്ഷേത്രം - പാണ്ഡവ കൗരവയുദ്ധഭൂമി - മനുഷ്യമനസ്സ് - ദേവാസുരയുദ്ധത്തിന്റെ പ്രതീകം - ബിംബകല്പനകൾ

## Discussion

ഇതിഹാസത്തിലെ കുരുക്ഷേത്രത്തിന് എല്ലാക്കാലത്തും പ്രസക്തിയുണ്ട്. പാണ്ഡവരും കൗരവരും ഏറ്റുമുട്ടിയ യുദ്ധക്കളമാണ് കുരുക്ഷേത്രം. മനുഷ്യമനസ്സിൽ എക്കാലവും നടക്കുന്ന 'ദേവാസുര' യുദ്ധത്തിന്റെ പ്രതീകം കൂടിയാണത്. ധർമ്മവും അധർമ്മവും ഏതെന്നറിയാതെ അർജുനൻ കുഴങ്ങിയതുപോലെ ആധുനിക മനുഷ്യനും ആത്മസംഘർഷത്തിനടിപ്പെടുന്നു. അർജുനന് ഗീതോപദേശം നൽകാൻ കൃഷ്ണനുണ്ടായിരുന്നെങ്കിൽ ആധുനിക മനുഷ്യന് വഴി കാട്ടാൻ ഒരു ബുദ്ധനോ ഗാന്ധിയോ ഇല്ല.

“ധർമ്മക്ഷേത്രേ കുരുക്ഷേത്രേ
സമവേതാ യുയുത്സവ;
മാമകാ;പാണ്ഡവാശ്ചൈവ
കിമകുർവത സഞ്ജയ?”

(ധൃതരാഷ്ട്രർ സഞ്ജയനോട് ചോദിക്കുന്നു. എന്റെ മക്കളും പാണ്ഡവരും തമ്മിലുള്ള കരുക്ഷേത്രയുദ്ധത്തിന്റെ അവസ്ഥ എന്താണ്.)

ഭഗവത്ഗീതയിലെ ഈ പ്രഥമശ്ലോകം ഉദ്ധരിച്ചുകൊണ്ടാണ് കുരുക്ഷേത്രമെന്ന കവിത ആരംഭിക്കുന്നത്. കുരുക്ഷേത്രമെന്ന ശീർഷകവും ആമുഖവാക്യവും ഭാരതീയ പാരമ്പര്യത്തിൽ കവിയ്ക്കുള്ള താൽപര്യത്തെയും പൗരാണികമിത്തുകളുടെ വിനിയോഗത്തിലുള്ള പ്രാവീണ്യത്തെയുമാണ് വ്യക്തമാക്കുന്നത്. ധൃതരാഷ്ട്ടരുടെ അന്ധമായ മനസ്സിന് ലോകത്തിലെ ധർമ്മാധർമ്മസംഘർഷങ്ങളെ കാണാനാവില്ല. ആധുനികമനുഷ്യനും സ്വാർത്ഥമതിയായി അന്ധത ബാധിച്ചിരിക്കുന്നു. “നീയറിയുന്നോ വായനക്കാരാ നീറുമെന്നുള്ളിൽ നിറയും വ്യഥകൾ?”എന്ന ചോദ്യം വായനക്കാരന്റെ അന്ധതയെച്ചൊല്ലിയുള്ള കവിയുടെ പ്രതിഷേധമാണ്. താനനുഭവിക്കുന്ന ദുഃഖം ഒരന്ധനെ പറഞ്ഞു കേൾപ്പിക്കേണ്ട ബാധ്യത സഞ്ജയനെപ്പോലെ കവിക്കുമുണ്ട്. സമകാലജീവിതം കുരുക്ഷേത്രയുദ്ധക്കളമായി. ഭേദചിന്തയാൽ ശത്രുത വർധിച്ചുവരുന്നു. ഇതിനെതിരെ സ്നേഹത്തിന്റെ പ്രതിരോധം തീർക്കുകയാണ് ‘കുരുക്ഷേത്രം’ എന്ന കവിതയിലൂടെ അയ്യപ്പപ്പണിക്കർ. മനുഷ്യന്റെ അവസ്ഥ എന്താണെന്നും അത് തിരിച്ചറിയുവാനുള്ള പോംവഴി എന്താണെന്നുമുള്ള അന്വേഷണമാണ് കവിതയുടെ പ്രഥമഭാഗം. എല്ലാക്കാലത്തും സ്വാർത്ഥലാഭം ലക്ഷ്യമാക്കിയാണ് സമൂഹം മുന്നേറിക്കൊണ്ടിരിക്കുന്നത്. മാനവികമൂല്യത്തിന്റെ ഭാഷ അന്യമായിക്കൊണ്ടിരിക്കുന്നു. സ്വാർത്ഥത ഏറ്റുമുട്ടുന്നിടത്ത് ആത്മാവബോധം എങ്ങനെ വീണ്ടെടുക്കാമെന്ന പ്രശ്നമാണ് കവിത മുന്നോട്ടുവെയ്ക്കുന്നത്. പുതുയുഗമനുഷ്യന്റെ പ്രതിനിധിയായി കവി മാറുന്നു.

“നീതിക്കുവേണ്ടിക്കരഞ്ഞുഴന്നീടവേ
ഗീതചൊല്ലിക്കേട്ടൊരർജ്ജുനനല്ല ഞാൻ”

- വർത്തമാനകാല ദശാസന്ധികളെ അഞ്ച് ഭാഗങ്ങളായി കവിതയിൽ അവതരിപ്പിക്കുന്നു

എന്ന വരിയിൽ കവി കുരുക്ഷേത്രസങ്കല്പത്തെ ഒതുക്കിനിർത്തുകയാണ്. കൗരവ-പാണ്ഡവകഥ പറയുന്നതിനപ്പുറം വർത്തമാനകാല ദശാസന്ധികളെ അഞ്ച് ഭാഗങ്ങളായി കവിതയിൽ അവതരിപ്പിക്കുകയും അതോടൊപ്പം ജീവിതാവസ്ഥകളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

## വരികൾ 1

ചക്രവാളത്തിനപ്പുറം ചൂടുകൾ
ഞെട്ടി വന്നു പിറന്ന നക്ഷത്രമേ,
നീയുണരുക വാനിലി,പ്പാരിന്റെ
ചോരയൂറുവാൻ, നാഡിതുടിക്കുവാൻ!
താഴെ നോക്കു, മൽജീവിതപ്രേമ
താരകമേ,യതാണെൻ പ്രപഞ്ചം

ഞങ്ങൾ മർത്ത്യർ കഴിച്ചുകൂട്ടുന്ന
രംഗമണ്ഡപം; കേൾക്കുന്നുവോ നീ
ഞങ്ങൾ മർത്ത്യർ നടനമാടുന്ന
സങ്കടങ്ങൾതൻ മൗനഗീതങ്ങൾ?
നീ പൊഴിയുക നിൻ നയനത്തിൻ
നീർകണങ്ങൾ, പ്രകാശബിന്ദുക്കൾ
ആ വഴിയിൽ നീ കാണുന്നു മർത്ത്യ-
ഭാവനയുടെ സൃഷ്ടി വിശേഷം:
ആളു തിക്കിത്തിരക്കിയേറുന്ന
താണു ചന്തയതാണെൻ പ്രപഞ്ചം
വില്പനയ്ക്ക് ചരക്കുകളും പേറി
വില്പനക്കാർ വരുന്നു; പോകുന്നു,
തങ്ങളെത്തന്നെ വില്ക്കുന്നു, വീണ്ടും
തങ്ങൾ തന്നെ വിലപേശി നില്പൂ
കണ്ണു കണ്ണീർ കുടിക്കുന്നു, വേവും
ചെന്നിണം കുടിക്കുന്നു സിരകൾ,
മജ്ജ വീണ്ടും നുണഞ്ഞിറക്കുന്നി-
തസ്ഥിമാടം തൊലി കരളുന്നു,
പൂക്കളെപ്പിൻ വലിക്കുന്ന വേരു
പൂത്തുനില്ക്കുന്ന മണ്ണു വിഴുങ്ങുന്നു
ഞങ്ങൾ മർത്ത്യർ കഴിച്ചുകൂട്ടുന്ന
മന്നിടതാ കാണുന്നു താഴെ
മന്ത്രമോതിവരച്ച കളങ്ങളിൽ
നെയ് വിളക്കിന്റെ ശീതളദീപ്തിയിൽ
വേദിയിൽ നിന്നുയർന്നുരുകുന്നു
വേദനയുടെ രോദനം, കേൾക്കു.

### അർഥവിശദീകരണം

| | | |
|---|---|---|
| ചക്രവാളം | = | കൂട്ടം, ആകാശവും ഭൂമിയും തമ്മിൽ തൊടുന്ന തായി തോന്നുന്ന ദിഗ്വലയം |
| ശീതളം | = | തണുപ്പുള്ളത് |
| രോദനം | = | കരച്ചിൽ |

### ആശയവിശദീകരണം

> ▶ മനുഷ്യനിൽ നിന്ന് ഉയരുന്നത് രോദനമാണ്

തനിക്ക് മാർഗദർശിയായ നക്ഷത്രത്തോടാണ് കവി വർത്തമാനകാല മനുഷ്യന്റെ അവസ്ഥകൾ ബന്ധിപ്പിക്കുന്നത്. അന്ധകാരത്തിലമർന്നു പോയ മനുഷ്യന്റെ കർമ്മങ്ങൾക്കു സാക്ഷിയാണ് നക്ഷത്രം. അന്ധകാരം കണ്ടു തരിച്ചു നിൽക്കുന്ന പ്രപഞ്ചഹൃദയത്തിൽ നിന്നുണ്ടായ പ്രതിരോധശക്തിയായി നക്ഷത്രം പിറവിയെടുക്കുന്നു. താഴെ മർത്യർ നടത്തുന്ന സങ്കടത്തിന്റെ മൗനഗീതങ്ങൾ ഭൂമിയിൽ നിന്ന് കേൾക്കുന്നില്ലേ എന്ന് കവി നക്ഷത്രത്തോട് ആരായുന്നു. ഭൂമിയൊന്നാകെ കച്ചവടത്തിന്റെ വേദിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ചന്തയിലെ വിലപേശലും പരസ്പരം വിഴുങ്ങാനുള്ള പ്രവണതയുമാണ് ലോകത്തിലെങ്ങും കാണുന്നത്. ക്ഷണികമായ സുഖഭോഗങ്ങൾക്കുവേണ്ടി തങ്ങളെത്തന്നെ വിൽക്കാനും ആളുകൾക്ക് മടിയില്ലാതായിത്തീർന്നിരിക്കുന്നു. ചന്തയെന്നത് ഈ കവിതയുടെ അടിസ്ഥാന ബിംബമായി മാറുന്നു. അന്ധകാരം കണ്ടു തരിച്ചു

നിൽക്കുന്ന പ്രപഞ്ചഹൃദയത്തിൽ നിന്നുണ്ടായ പ്രതിരോധശക്തിയായി നക്ഷത്രം നിലകൊള്ളുന്നു. സ്വയം പിൻവലിയുന്ന മനുഷ്യൻ ക്രൂരതയിലേയ്ക്കും മൃഗീയതയിലേക്കുമാണ് ആകർഷിക്കപ്പെടുന്നത്. ഏതോ മന്ത്രക്കളത്തിൽ ബന്ധനസ്ഥനായി മാറുന്ന മനുഷ്യനിൽ നിന്ന് ഉയരുന്നത് രോദനമാണ്. ആ സന്ദർഭത്തിലാവട്ടെ, സുഖം തരികയെന്ന് ഭഗവാനോട് കേഴുന്നു.

### വരികൾ 2

സുഖം ദേഹി ഹൃഷീകേശ!
സുഖം ദേഹി ജനാർദ്ദനാ!
കൂർത്തുനില്ക്കുമെടുപ്പിൽ മനുഷ്യർ തൻ
മാർത്തടങ്ങൾ പൊതിച്ചു പന്താടി
ഉല്ലസിക്കുന്നു പള്ളി, കൊട്ടാരങ്ങ
ളമ്പലങ്ങളും വിണ്ണിന്നു കീഴിൽ
കണ്ണുകീറിപ്പൊളിച്ചു വേദത്തിന്റെ
കണ്ണടകൾ നല്കുന്ന വിശ്വാസികൾ
നീളെ നേത്രവും കൂർപ്പിച്ചു മന്ത്രങ്ങൾ
മൂളിടുന്ന കുരിശുകളോങ്ങുന്നു.
പള്ളിയെല്ലാം നിറഞ്ഞു വിശ്വാസത്തിൻ
വെള്ളമാകെ തിളച്ചുമറിഞ്ഞു
ശുദ്ധമാക്കി പണിപ്പുര, ജീവിത-
ശസ്ത്രവേധം തുടർന്നു പലതരം.
അണിഞ്ഞു ളോഹ, ഭിഷഗ്വരവൃന്ദ-
മണഞ്ഞു നഴ്സുകൾ കന്യകമാർ
ഉണർന്നു ചെയ്തതൊരു പാപങ്ങളെല്ലാം
മറഞ്ഞമർന്നുപോം മട്ടിൽ
ഉയർന്നു പള്ളിക്കുരിശിനു കീഴിൽ
തകർന്ന ജീവിതരോദനങ്ങൾ:
നന്മനിറഞ്ഞ മറിയമേ നിനക്കു സ്വസ്തി!
സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീയേ!

### അർത്ഥവിശദീകരണം

| | | |
|---|---|---|
| വിണ്ണ് | = | ആകാശം |
| വൃന്ദം | = | സമൂഹം |
| രോദനം | = | കരച്ചിൽ |

### ആശയവിശദീകരണം

▶ ജീവിതം ഉത്സാഹഭരിതമാകണമെങ്കിൽ 'ജീവിത പ്രേമത്താരക'ത്തിന്റെ സാന്നിധ്യം വേണം

സുഖത്തിനു വേണ്ടിയുള്ള നിലവിളികളാണ് എങ്ങും ഉയരുന്നത്. ഇതാവട്ടെ, മനുഷ്യവംശത്തിന്റെ തന്നെ മുറിവിളിയായി മാറുന്നു. ഭൂമിയിലെ ജീവിതം ഉത്സാഹഭരിതമാകണമെങ്കിൽ 'ജീവിത പ്രേമത്താരക'ത്തിന്റെ സാന്നിധ്യം വേണം. മനുഷ്യൻ തങ്ങളെത്തന്നെ വില്പനച്ചരക്കാക്കി മാറ്റുകയും തങ്ങളുടെ ജീവിതമെന്നത് ക്രയ- വിക്രയങ്ങളുടെ ഒരിടമായി മാറ്റുകയും ചെയ്യുന്നു. തങ്ങളുടെ സ്വത്വം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്ന, സ്വയം തരിശായി മാറുന്ന മനുഷ്യനെക്കുറിച്ചാണ് കവിക്ക് പറയാനുള്ളത്. ഭൂമിയിൽ നിന്ന് വെള്ളവും വളവും വലിച്ചെ

ടുക്കേണ്ട വേരുകൾ, ആ ധർമ്മം നിർവഹിക്കാതെ പൂക്കളെത്തന്നെ പിൻവലിക്കുന്നു. പരസ്പരവിനാശ കാരണമായി മാറുന്ന ആവാസവ്യവസ്ഥയാണ് തുടർന്നുപോരുന്നത്. ആർദ്രതയില്ലാത്ത കണ്ണുകളും ചോരവറ്റിയ ഞരമ്പുകളും മജ്ജ നഷ്ടമായ അസ്ഥികളുമായി നിൽക്കുന്ന ജീവിതത്തെയാണ് കവി കാട്ടിത്തരുന്നത്. എല്ലാ സൗഖ്യവും നഷ്ടമായ ഭൂമിയിലിന്ന് അർജുനവിഷാദയോഗമാണ്.

തന്റെ രക്ഷകൻ താൻ തന്നെയാണെന്ന തിരിച്ചറിവില്ലാതെ ആഭിചാരപ്രക്രിയയിലൂടെ ഒരു രക്ഷകനെ ആവാഹിക്കുവാനാണ് മനുഷ്യൻ ശ്രമിക്കുന്നത്. മന്ത്രവാദി വരച്ച കളവും നെയ്‌വിളക്കുമെല്ലാം ആവാഹതന്ത്രത്തിന്റെ സൂചനകളാണ്. മനുഷ്യനെ നന്നാക്കുവാൻ രൂപപ്പെട്ട മതതത്വശാസ്ത്രങ്ങൾ അപകടകാരികളായി മാറിയിരിക്കുന്നു. മതസ്ഥാപനങ്ങൾ കൂർത്തുനിൽക്കുന്ന എടുപ്പുകളാൽ മനുഷ്യന്റെ നെഞ്ചു പൊതിച്ചു പന്താടുന്നു. എല്ലാ മതത്തെയും തുല്യമായിക്കാണുന്ന കവിക്ക്, മനുഷ്യന് വിവേകം നൽകാതെ അവനെ ജീർണ്ണതയിലേക്കു നയിക്കുന്നതിനോട് യോജിക്കുവാനാവുന്നില്ല. അന്ധവിശ്വാസം കുത്തിനിറയ്ക്കുന്നതിൽ മാത്രമാണ് മതങ്ങൾക്കു താത്പര്യം. വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട, ളോഹയണിഞ്ഞ ഡോക്ടർ, കന്യകമാരായ നേഴ്സുമാർ തുടങ്ങിയ ബിംബങ്ങൾ ഈ ഘട്ടത്തിൽ കവി ഉപയോഗിക്കുന്നു. പുണ്യവേഷങ്ങൾക്കുള്ളിൽ നിന്ന് പാപികളുടെ സ്തുതി ഒരു വ്യാജസ്തുതിയായി കവി അവതരിപ്പിക്കുന്നു. നർമ്മത്തോടൊപ്പം ദുരന്തവും സ്ഫുരിക്കുന്ന വരികളാണ് ഈ ഘട്ടത്തിൽ കവിതയിൽ കാണാനാവുന്നത്.

> ▶ മനുഷ്യനെ നന്നാക്കുവാൻ രൂപപ്പെട്ട മതതത്വശാസ്ത്രങ്ങൾ അപകടകാരികളായി മാറിയിരിക്കുന്നു

### വരികൾ 3

ഇളവെയിലൊളിയിലിണങ്ങിപ്പുഞ്ചിരി
പൊഴിയും പൊന്നിൻ പുലരികൾ പോൽ
ഇരുവഴി പിന്നിയ തലമുടി മൂടിയ
കുരുന്നു പൈതങ്ങൾ,
ഇരുളണയും മുൻപീണം പാടി-
ത്തെളിയും നിമ്നഗസന്ധ്യകൾ പോൽ
ഇടയിടെ നീലക്കണ്മണിയിടറിയ,
ചെറുപാവാടപ്പെണ്മണികൾ,
കരളിൽ, ക്കവിളിൽക്കതിരണി വിതറി
ക്കവണിയണിഞ്ഞ നിലാവണികൾ,
പകലിൻ ശുഭ്രതയാർന്ന മനസ്സുക-
ളിയലും വത്സലമാതാക്കൾ,
പാതിരപോലെ വിറച്ചു ചുളുങ്ങും
പാദം പതറും വാർദ്ധക്യങ്ങൾ..
ഉടലിൽ തീക്ഷ്ണതയെഴുമാത്മാക്കൾ
തുടരെത്തുടരെത്തുടിച്ചുനിൽക്കെ,
മദഭരിതോജ്വല മാനുഷശക്തിയിൽ
മരണംപോലും ഭയമായ് നിൽക്കെ,
ജീവിതയാത്രയിലെന്തേ, ക്ഷീണം
താവും നെടുവീർപ്പുകളുയരാൻ
കനത്ത ഭിത്തിക്കകമേ, പള്ളിയിൽ
കറുത്ത ളോഹയിൽനിന്നു പുരോഹിതർ

കദനം നീറും കരളിന്റെ കീർപോൽ
വിളറി വിറയാർന്നെരിയും തിരികൾ...

### അർഥവിശദീകരണം

| | | |
|---|---|---|
| നിമ്നഗ | = | നദി, താഴ്ചയിലേയ്ക്ക് ഒഴുകുന്നത് |
| കവണി | = | കമ്പിന്റെ അറ്റത്തു തോൽ കെട്ടിയുണ്ടാക്കിയ |
| ശുഭ്രത | = | വെളുത്ത |
| കദനം | = | ദുഃഖം |
| കീർ | = | ഭാഷണം |

### ആശയവിശദീകരണം

▶ തന്റെയും തന്റെ ചുറ്റുമുള്ളവരുടെയും വ്യഥകൾ നിറഞ്ഞ ദാരുണകാലം

പുലരി, പകൽ, സന്ധ്യ, രാത്രി ഇവയുടെ ഭാവപരമ്പരകളെ ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളിലേയ്ക്ക് ബന്ധിച്ച് ശൈശവം, ബാല്യം, യൗവനം, വാർധക്യം എന്നിവയെ കവി മൂർത്തമായി അവതരിപ്പിക്കുന്നു. ഇത്തരം അവശതകളുടെ നെടുവീർപ്പുകൾ കാണുവാൻ കർമ്മസാക്ഷിയായ നക്ഷത്രത്തോട് കവി ആവശ്യപ്പെടുകയാണ്. സഹൃദയനായ വായനക്കാരനാണ് കവിയുടെ സുഹൃത്ത്. വായനക്കാരന്റെ മുന്നിൽ ത്തന്നെ കവി തന്റെ കവിത സമർപ്പിക്കുകയാണ്. തന്റെയും തന്റെ ചുറ്റുമുള്ളവരുടെയും വ്യഥകൾ നിറഞ്ഞ ദാരുണകാലമാണ് കവിയുടെ മുന്നിൽ പ്രത്യക്ഷമാകുന്നത്. ചെറുബാല്യത്തിന്റെ വിഹാരവേദിയായ കാടുകൾ വെട്ടി നശിപ്പിച്ചിരിക്കുന്നു. ഭൗതികതയുടെ നാശം ആത്മീയതയുടെയും നാശമായി മാറുന്നു. മാനവമൂല്യങ്ങളുടെ വംശനാശത്തിൽ ഏറെ ദുഃഖിതനും അസ്വസ്ഥനുമാണ് കവി. സ്വപ്നം, ഓർമ്മ, താരാട്ട് എന്നിവ ലയിച്ചു ചേർന്ന ശൈലിയിലാണ് ഈ അവസ്ഥയെ കവി ആവിഷ്ക്കരിക്കുന്നത്. കാലവർഷത്തിനായി കൊതിക്കുന്ന ഭൂമിയെപ്പോലെ കവിയിലും തിരപോലൊരു ദാഹം എരിയുന്നു. മൂർത്തവും അമൂർത്തവുമായ വീര്യങ്ങളുടെ പ്രപഞ്ചമാകെ തന്റെ ജീവരക്തത്തെ നീറ്റിക്കൊണ്ടിരിക്കുന്നു. ഈ നീറ്റൽ നിറഞ്ഞ നക്ഷത്രവീര്യമാണ് 'കുരുക്ഷേത്രം' എന്ന കവിത.

▶ സ്വപ്നങ്ങളെ മറയ്ക്കുകയും മറക്കുകയും ചെയ്യുന്നവർക്ക് സ്വന്തം അവബോധം തന്നെ നഷ്ടമാകുന്നു

വായനക്കാരും ഇത് സാത്മീകരിച്ചെങ്കിൽ എന്ന് കവി ആഗ്രഹിക്കുകയാണ്. സ്വപ്നങ്ങളെ മറയ്ക്കുകയും മറക്കുകയും ചെയ്യുന്നവർക്ക് സ്വന്തം അവബോധം തന്നെ നഷ്ടമാകുന്നു. പച്ചക്കിനാവുകളുടെ പാട്ടുകൾ ഉപേക്ഷിച്ച് അപശബ്ദങ്ങൾ അനുകരിക്കുവാൻ അവൻ നിർബന്ധിതനാകുന്നു. ചിന്ത ശാപമാണെന്ന് കരുതുന്ന, വരട്ടുതത്വവാദികളുടെ നിഷേധങ്ങളെ കവി പരിഹസിക്കുന്നു.

"പ്രശ്നങ്ങളെല്ലാം ഗർഭത്തിൽ മാത്രം
പ്രസവം കഴിഞ്ഞാൽ പുലരുന്നതെന്തോ?"

▶ പ്രപഞ്ചമെന്നത് മണിയറയും ഈറ്റില്ലവുമാണ്

ഗർഭം/പ്രസവം എന്നീ സൂചകങ്ങളുടെ പ്രവൃത്തി-നിവൃത്തികളോട് ബന്ധപ്പെടുത്തേണ്ടതാണ്. 'നഗ്നതാരകൾ പുൽകുന്നു, തങ്ങളിൽ സ്നിഗ്ധസൂക്ഷ്മമാം കൈകാൽ വലകളിൽ' എന്ന ഖണ്ഡം. ഈ പ്രപഞ്ചമെന്നത് മണിയറയും ഈറ്റില്ലവുമാണെന്ന് കവി മനസ്സിലാക്കുന്നു. വായനക്കാരന്റെ മനസ്സിനെ ഉണർത്താൻ പര്യാപ്തമാണ് ഈ

സന്ദർഭം. ലക്ഷ്യസ്ഥാനമില്ലാതെ ദാഹാർത്തികളിലുഴലുന്ന ചെമ്പനീർ പ്പൂക്കൾ സ്ത്രീയുടെ പ്രതീകമാണ്. നൈസർഗിക ചോദനകൾ തടയപ്പെ ടുന്നത് ഇവിടെ സൂചിതമാകുന്നു.

### വരികൾ 4

നീലക്കരിമുകിൽത്തോപ്പുകളെല്ലാം
തീയിട്ടു സംസ്കാരം കണ്ണടയ്ക്കുമ്പോൾ
നീയറിയുന്നോ വായനക്കാരാ
നീറുമെന്നുള്ളിൽ നിറയും വ്യഥകൾ?
ഏതോ കിനാവിന്റെ നേർവഴി തെറ്റി
ബോധഗ്രഹണത്തിൻ നേരവും തെറ്റി
ചത്ത സ്വപ്നങ്ങളെയോർമതൻ കോടി
ചുറ്റി വരിഞ്ഞൊട്ടുറക്കിയുറങ്ങി
ചെങ്ങിയ, മഞ്ഞനിറങ്ങൾ ജ്വാല
പിന്നും വിറകുകൾ ചേർത്ത ചിതയിൽ
ഞെട്ടിയുണരാൻ വിളഞ്ഞു കിടപ്പു
തൊട്ടിലിൽത്താനേ ശയിക്കും ശവങ്ങൾ.
താരകൾ നില്ക്കുന്ന വാനത്തിൽ നിന്നോ
താരാട്ടുപാട്ടുകളൂറി വരുന്നു?
വാനത്തിൻ നീലിമ വാരിയെടുക്കാൻ
പാരിതുനീട്ടിയ തെങ്ങുകൾ നോക്കി
തുള്ളിമറിയുന്നു മണ്ണിനകത്തെ
പൊള്ളുന്ന ചൂടാലിക്കായൽത്തിരകൾ
തിരപോലെരിയുന്നുണ്ടെന്നിലുമേതോ
കരകാണാക്കായലിൻ ചൂടുള്ള ദാഹം.
ഒരു കൊച്ചണുവിലെ കേന്ദ്ര സമ്മർദം
വിടരുമീയായിരം ഗോളങ്ങളെല്ലാം.
അകലെ നീളുമനന്തതപോലു
മകമേ നീറുന്ന ഗോളമായേക്കാം
സഗുണ നിർഗുണ വീര്യപ്രപഞ്ചം
സകലം രക്തത്തിൽ നീറുന്ന ഗീതം
നീയറിയുന്നോ വായനക്കാരാ
നീറുമെന്നുള്ളിലെ നക്ഷത്രവീര്യം?
'എന്റെ സ്വപ്നത്തിലെക്കൊച്ചു പൂവേ
എന്താണിന്നു നീ ഗൗരവം ചൂടാൻ?'
'എന്റെ സ്വപ്നത്തിലെപ്പാട്ടുകാരാ
എന്താണിന്നു നീ സങ്കടം പൂൽകാൻ?
പാടിയതല്ലീ നാം രണ്ടുപേരും
പൂവിന്റെ ബാല്യത്തിലിയീരടികൾ?
നീ മറക്കുന്നോ വായനക്കാരാ
നീറുന്നു നമ്മിൽ നിറയെ വ്യഥകൾ.
പച്ചക്കിനാവുകൾ സർവം മറന്നോ
പപ്പബ്ഭ പാടുവാൻ കൂടുന്നു നീയും?
ജീവിതം നിന്നെ വിളിച്ചു കേഴുമ്പോൾ
വേദാന്തയന്ത്രം തിരിക്കുന്നു നീയും?
എന്തിനാണെല്ലാ,മിതെന്തിനാണെല്ലാം?
ചിന്തിച്ചിടാഞ്ഞാലൊഴിയുമിപ്രശ്നം.
പ്രശ്നങ്ങളെല്ലാം ഗർഭത്തിൽ മാത്രം

പ്രസവം കഴിഞ്ഞാൽ പുലരുന്നതെന്തോ?
നഗ്നതാരകൾ പുല്കുന്നു തങ്ങളിൽ
സ്നിഗ്ദ്ധസൂക്ഷ്മമാം കൈകാൽ വലകളാൽ
നീറിയൂറിയലിഞ്ഞു നിലാവിന്റെ
നീരിൽ മന്നിൻ നെടുവീർപ്പുകാറ്റുകൾ
പൊട്ടിവീർക്കുന്നു മൊട്ടുകൾ, രാവിന്റെ-
യുച്ചിയിൽ നിന്നടരുന്നു സൗരഭം.
കർട്ടനിട്ട ജനാലയ്ക്കകം തഴു-
തിട്ട വാതിലിന്റെ പിന്നിൽത്തുടിക്കുന്നു
സ്നിഗ്ദ്ധതീക്ഷ്ണം നിരങ്കുശം ജീവിത
സ്വപ്നമോഹനിരാശകൾ തൻ നിഴൽ.
കമ്പുകളിലുണരുന്ന ചോര-
ച്ചെമ്പനീർ വിഴുങ്ങുന്നു ദാഹാർത്തികൾ
തങ്ങളിലറിയാത്തൊരിരണ്ടു
കുഞ്ഞുതാരങ്ങളായുന്നു പുൽകുവാൻ
നാലുചുറ്റും വളർന്നൊരു ഭിത്തികൾ
കാവൽ നില്ക്കുമിക്കന്യാമഠത്തിലും
സ്നേഹദാഹമോഹങ്ങൾ പിടയുന്ന
കൂടിനൊക്കും ഗൃഹാന്തരംഗത്തിലും
പൂത്തു പൂത്തുമറയുന്നു ശൈശവം
ദീർഘദർശനം ചെയ്ത നിരാശകൾ
ദൂരെ മിന്നിമറഞ്ഞൊരു കൊള്ളിമീൻ
പാരു വീണ്ടും സ്വയം തിരിയുന്നു.

## അർത്ഥവിശദീകരണം

| | | |
|---|---|---|
| കിനാവ് | = | സ്വപ്നം |
| നഗ്ന | = | മറവില്ലാത്ത |

## ആശയവിശദീകരണം

► താനൊരിക്കലും പഴയ അർജുനനായി മാറരുതെന്ന് കവി ആഗ്രഹിക്കുന്നു

മൂല്യങ്ങൾ ചോർന്നുപോയ ഭൂമിയിൽ ഇതിഹാസങ്ങളായ രാമായണ-ഭാരത സന്ദർഭങ്ങളുടെ ധർമ്മം കവി ചികഞ്ഞു നോക്കുന്നു. നീതിയും അനീതിയും ഏതെന്നറിയാതെ കവി, മനുഷ്യപ്രതിനിധിയായി നീതി തേടി ഉഴലുന്നു. താനൊരിക്കലും പഴയ അർജുനനായി മാറരുതെന്ന് കവി ആഗ്രഹിക്കുന്നു. പാപം എന്താണെന്നോ പാപി ആരാണെന്നോ വ്യക്തമല്ല. സ്വയം അറിഞ്ഞു കൊണ്ടല്ല ഒരാൾ പാപിയായി മാറുന്നത്. ഗ്രീക്കു പുരാണത്തിലെ ഈഡിപ്പസ് തിരിച്ചറിയാതെയാണ് സ്വപിതാവിനെ വധിക്കുന്നതും അമ്മയെ വിവാഹം കഴിക്കുന്നതും. ഹൈന്ദവപുരാണത്തിലും ശൂദ്രസ്ത്രീയെ യാദൃശ്ചികമായി പ്രാപിക്കേണ്ടിവന്നതിലാണ് വ്യാസപുത്രനായി ജ്ഞാനിയായ വിദുരർ ജനിച്ചത്. പാപത്തിന്റെ നിമിഷങ്ങളിൽ ദൈവം കൺതുറന്നില്ല. സത്യം തിരിച്ചറിയുന്നതുവരെ എല്ലാം ഐതിഹ്യമായി നിലനിൽക്കുകയും ചെയ്യുന്നു.

## വരികൾ 5

എന്തിന്നു വന്നു പിറന്നു ധരയിതി-
ലെല്ലുന്തിനിന്നു മിഴിക്കും മലകളിൽ
സീതയെക്കാട്ടിൽക്കളയണോ രാവണ-

രാജന്റെ ചോരകുടിക്കണോ ലങ്കകൾ
സുഗ്രീവനാരു, വിഭീഷണനാരിതിൽ?
സൽക്കർമമെല്ലാം വസിഷ്ഠൻ പറയുമോ?
എല്ലാം പറഞ്ഞുകഴിഞ്ഞിട്ടു നോക്കുകി-
ലെന്തുണ്ട് രാമന്റെ ജീവിതസഞ്ചിയിൽ?
കള്ളമോ കാലം പറഞ്ഞതെരി,യുന്ന
പുല്ലാണു ചാണക്യസൂത്രം മൊഴിഞ്ഞതും.
നീതിക്കുവേണ്ടിക്കരഞ്ഞുഴന്നീടവേ
ഗീതചൊല്ലിക്കേട്ടൊരർജ്ജുനനല്ല ഞാൻ
വീണ്ടുമീ മന്നിൽ മുളച്ചു വളർന്നോരു
വേദനകെട്ടിയ കൊച്ചുകൂടാണു ഞാൻ.
അവ്യക്തദൃശ്യങ്ങളവ്യക്തരാഗങ്ങ-
ളവ്യയരൂപമിഴയുന്നു പിന്നെയും.
ദൂരെ വഴിക്കവലയ്ക്കലെന്നച്ഛനെ
കീറിയെന്നമ്മയെക്കെട്ടി ഞാനെങ്കിലും
നീയോർത്തറിയുകി,പാവങ്ങളെൻ ജീവ-
നാഡി തുടിക്കുമീ നാദവിഭ്രാന്തികൾ.
സത്യമറിഞ്ഞു വിദുരരൊരത്താഴ-
സദ്യയിൽ വ്യാസനും കണ്ണുതുറപ്പിച്ചു.
നിത്യത മൗനംഭജിച്ചു, ദൈവങ്ങളോ
നിദ്രയുമൈതിഹ്യമിന്നിപ്പെറുംവരെ
മറയൂ മറയൂ കാരിരുമ്പൻ സ്മരണകൾ
മറവി മുത്തശ്ശിതൻ മാറത്തെച്ചുളിവുകൾ!
ഇരുളും നിഴലും തൻകാരുണ്യം കാട്ടിപ്പാരി
നരുളും വെളിച്ചവും ചേർന്ന രാപകലുകൾ
ഒരു വാതിലിൻ രണ്ടു പാളികൾ പോലെ കൂടു-
ന്നടയുന്നവ വീണ്ടും വിടരുന്നടയുവാൻ.
ഒരുമിച്ചടയുന്ന നാൾവരാം പക്ഷേ നമ്മി-
ലെരിയും സ്വപ്നങ്ങളതന്നേക്കും മറവികൾ.
കേവലമൊരു ദിവ്യനിർവൃതിത്തിരപോലെ
കേഴുമീയുലകത്തിനേക വിശ്വാസംപോലെ
ആ നല്ല ബാല്യത്തിന്റെ ശുദ്ധശൂന്യതയിങ്കൽ
നീ വന്നു നിഴലുകൾ നിർമ്മിച്ചു നീലക്കണ്ണാൽ.
വാർദ്ധക്യത്തിനു താങ്ങായ് യൗവനത്തിനു പ്രേമ-
മൂർത്തിയായിളം ചൊടികൾക്കു ചുംബനമായി,
മണ്ണിതു വിണ്ണായ്ക്കണ്ട കണ്ണുകൾ മറവിതൻ
തിണ്ണയിലിരുന്നെന്തേ പല്ലിളിക്കുന്നു മൂകം?
നാം കണ്ട നവനാകം തീരുകില്ലെന്നോ, വിശ്വ
ബാങ്കുകൾക്കിതിൽപ്പരം സത്യങ്ങളറിയാമോ?
പണ്ടൊരു കിനാവിന്റെ സന്തതിയായിപ്പിറ
ന്നന്ത്യസന്ദേശം നല്കി മറഞ്ഞ വിശ്വാസങ്ങൾ
കൊഞ്ഞനം കാട്ടും കൂകിവിളിക്കും പൊതുയോഗം
ഞഞ്ഞഞ്ഞപറഞ്ഞുകൊണ്ടവസാനിപ്പിച്ചീടും
ചുറ്റിലുമോരോ സ്വർഗം താഴ്ന്ന താഴ്ന്നകലുമ്പോ
ഴുപ്പു നോക്കുവാനേതുണ്ടതുണ്ടു സ്വയം താങ്ങാൻ
ഭ്രാന്തരാവുക നാമു,മതിനാൽ സ്വപ്നങ്ങൾതൻ
കാന്തരാവുക കണികണ്ടതിന്റെ നേട്ടം വാങ്ങാൻ.
പാതവെട്ടുമോ നമ്മൾ, നമ്മുടെ കൈയാൽ കണ്ണാൽ

പാദങ്ങൾ നേരേ വഴി കണ്ടുപോകട്ടെ മുന്നിൽ
മുൻപേതു, പിറകേതു? ചോദ്യങ്ങളെല്ലാം നമ്മിൽ
മല്ലടിക്കണോ ജീവൽ സൗഭാഗ്യം കൊതിക്കണോ?
സംശയിക്കുക നമ്മൾ നമുക്കായ് മാത്രം തീർത്ത
സംഭവങ്ങളെക്കണ്ടോടുന്ന കാലത്തിനെ.
അമ്മതന്നകിടുപോലാ മുഗ്ദ്ധസങ്കല്പങ്ങൾ
പിന്നിയ ലോകം നമ്മെയാകർഷിച്ചെടുക്കുമ്പോൾ
സ്നേഹിക്കാൻ പഠിപ്പിച്ച ദാഹത്താൽ മരിക്കാമി
ജ്ജീവിതസംഗീതത്തിന്റെ തായ് വേരു പിടയുമ്പോൾ
ശരിയും തെറ്റുംകൂടി സൃഷ്ടിക്കു മരിക്കുമ്പോൾ,
മറവിക്കൂട്ടിൽ നിന്നു പാട്ടു പാടുക നമ്മൾ.
ജ്വാലതൻ വെൺ വിത്തുകൾ മറഞ്ഞു സമുദ്രത്തിൻ
ഗാഢഗർഭത്തിൽ പുത്തൻ നാളെകൾ വിളയുമ്പോൾ
കാലത്തെ, നിമിഷത്തിൽ കൊല്ലുന്ന കാലം നീണ്ട
മോഹത്തിൻ ശില്പം സംഭവങ്ങളാൽ പണിയുമ്പോൾ
ജീവിതസ്വപ്നത്തിൽ നാം കണ്ട് മായികമുഗ്ദ്ധ
ഭീകരസത്യങ്ങളാൽ നെയ്ത ലോകത്തിന്റെ ശില്പം.
നീളട്ടെ കാലം, വഴിക്കാവലയ്ക്കിരുന്നു നാം
കാണുക സ്വപ്നം, കാലം കൊത്തിവച്ചീടും സ്വപ്നം

## അർഥവിശദീകരണം

മൗനഭഞ്ജനം = മിണ്ടുക, സംസാരിക്കുക

## ആശയവിശദീകരണം

എന്താണ് പാപമെന്നും ആരാണ് പാപിയല്ലാത്തവരെന്നുമുള്ള സംഘർഷമാണ് സംശയാത്മാവിൽ നിലനിൽക്കുന്നത്. പാപികളുടെ മുഴുവൻ പ്രതിനിധിയായ കവി സത്യത്തിന്റെ സ്വരം തിരിച്ചറിയാതെ വിഭ്രാന്തിയിൽപ്പെട്ട് ഞാൻ ചെയ്ത പാപങ്ങൾ തിരിച്ചറിയൂ എന്ന് വായനക്കാരോട് പറയുന്നു. ഓർമ്മ, യൗവനം പോലെ ഉന്മേഷകരവും മറവി, മാറു ചുളിഞ്ഞ മുത്തശ്ശിയെപ്പോലെയുമാണ്. കുത്തിനോവിക്കുന്ന ഓർമ്മകളിൽ നിന്ന് എല്ലാം നിശ്ചലമാക്കുന്ന കാലസന്ധിയിൽ കവി എത്തിച്ചേരുന്നു. ആ അന്ധകാരത്തിനു മുൻപ് കഴിഞ്ഞുപോയ നല്ല ബാല്യം പോലെ സന്തോഷകരമായ ഒരവസ്ഥ കവി ഭാവന ചെയ്യുന്നു. അല്ലയോ നക്ഷത്രമേ നിന്റെ നീലക്കണ്ണുകൾ നിഴലുകൾ വീഴ്ത്തിയിരിക്കുന്നു. സൗന്ദര്യസങ്കല്പങ്ങളെയും അനന്തതയെയും നിഗൂഢതയെയും വ്യഞ്ജിപ്പിക്കുന്ന സൂചകമാണ് നീല. നക്ഷത്രത്തിന്റെ നീലക്കണ്ണുകൾ കാല്പനികാനുരാഗത്തിന്റെ അടയാളമായി വായിക്കാം. ദർശനങ്ങളെ താലോലിക്കുന്നതിന്റെ അർഥശൂന്യത കവി വെളിപ്പെടുത്തുന്നത് ഇപ്രകാരമാണ്.

> ▶ പാപികളുടെ മുഴുവൻ പ്രതിനിധിയായ കവി

"പണ്ടൊരു കിനാവിന്റെ സന്തതിയായിപ്പിറ-
ന്നന്ത്യസന്ദേശം നല്കി മറഞ്ഞ വിശ്വാസങ്ങൾ
കൊഞ്ഞനം കാട്ടും കൂകിവിളിക്കും പൊതുയോഗം
ഞഞ്ഞഞ്ഞപറഞ്ഞുകൊണ്ടവസാനിപ്പിച്ചീടും".

വിശ്വാസങ്ങൾ ലോകത്തോട് വിടപറഞ്ഞുകഴിഞ്ഞു. ഇനിയുമവയെ താലോലിച്ചാൽ ജനം കൊഞ്ഞനം കാട്ടി കൂകി വിളിക്കും. എന്നാൽ

പൊതുയോഗം നടത്തുന്നവരാകട്ടെ, അതിനെക്കുറിച്ചു അർഥശൂന്യമായി പറഞ്ഞുകൊണ്ടേയിരിക്കും. സാക്ഷിയും സുഹൃത്തുമായ നക്ഷത്രം കവിയുടെ സഖിയായി പിന്നീട് മാറുന്നു. അതിന്റെ മാറ്റങ്ങൾ കവി ആവിഷ്ക്കരിക്കുന്നു. മണ്ണിനെ വിണ്ണായിക്കണ്ട കണ്ണുകൾ ഇന്നു പല്ലിളിക്കുന്നു. അതിന്റെ പുഞ്ചിരി അറ്റുപോയിരിക്കുന്നു. ഏതു വിരുദ്ധകാലത്തും വൈകൃതമാണ് നിഴലിക്കുന്നത്. പ്രത്യയശാസ്ത്രങ്ങളുടെ നിഷ്ഫലതയാണ് കവി ധ്വനിപ്പിക്കുന്നത്. സ്വന്തം പാത സ്വയം കണ്ടെത്തുവാനും ഭാവിയെക്കുറിച്ചോർത്ത് ഉന്മത്തരാകുവാനും സ്വപ്നങ്ങളിൽ സൃഷ്ടി നടത്തുവാനും തുനിയുക എന്ന് കവി ഉദ്ബോധിപ്പിക്കുന്നു. ആ സൃഷ്ടി പ്രക്രിയയിൽ നിന്നുണരുന്ന പൊൻകണി കണ്ട് കൈ നിറയെ നേടുക. പരസ്പരം സ്നേഹിക്കുന്നതിലൂടെ കൃതാർഥരായി മാറാം. പുതുകാലത്തിന്റെ പിറവിയിലാണ് കവിക്ക് വിശ്വാസം. കാലത്തിന്റെ ഗതിയിൽ നാം കാണുന്നത് അതിന്റെ സ്വപ്നമാണ്. കലയാവട്ടെ, അതിന്റെ സാക്ഷാത്കാരവും. കുരുക്ഷേത്രങ്ങളെ ഒഴിവാക്കാൻ തയ്യാറായി നിൽക്കുന്ന കവിയുടെ സങ്കല്പമാണിത്.

▶ പുതുകാലത്തിന്റെ പിറവിയിലാണ് കവിക്ക് വിശ്വാസം

### വരികൾ 6

നമ്മളൊന്നിച്ചുദിച്ചസ്തമിക്കുമീ
മന്നിടത്തിന്നനിശ്ചിതവീഥിയിൽ
അല്പനാളുകൾ ജീവിക്കിലു,മൊരേ
തല്പമല്ല. കുടീരകൂടാരങ്ങൾ?
ഇത്രനാൾ നാമിണങ്ങി പരസ്പര-
മത്രമാത്രം പ്രപഞ്ചം മധുരിതം.
അത്രമാത്രമേ നമ്മുടെ ജീവനു-
മർത്ഥമുള്ളൂൻ പ്രിയങ്കരതാരമേ
താരമെങ്കിലും നീയെൻ മനസ്സിന്റെ
കോരകങ്ങൾക്കൊരാരോമലല്ലീ?
ഞാനറിയാ കിനാവുകൾ കാട്ടിയ
ഞാൻ പഠിക്കാത്ത ഭാഷ പറയിച്ച
ഞാൻ തൊടാത്തൊരാ സൗന്ദര്യസത്തയി-
ലീയെനിക്കൊരു പുത്രനെ നല്കിയ
താരമേ, നീയെരിയുക വാനി,ലെൻ
ചോരയൂറി,യുണരട്ടെ പാരിടം!
ജീവിതത്തിന്റെ ദാഹങ്ങൾ പുൽകിയും
ജീവിതത്തിന്റെ മോഹം പുണർന്നും
നാം പരസ്പരം നല്കിയ ജീവിത
ഭാഗധേയം തുടുത്ത നിമേഷങ്ങൾ
കാലദേശം മുറിച്ചെരിഞ്ഞെത്തിയ
നീലനിർവൃതി നീറിയ നാളങ്ങൾ
സാഗരംപോൽ നിറഞ്ഞുകിടക്കുമി-
ജ്ജീവിതത്തിന്റെ സായന്തനങ്ങളിൽ
സാവധാനം കൊരുത്തു നാം ബന്ധിച്ച
സാമഗാനം ശ്രവിക്കുമോ ലോകങ്ങൾ?
എന്റെ ചിന്തയെ നിന്നിലൊതുക്കി
ദിവ്യവിത്തിനെയുള്ളിലടക്കി
നിന്നിലൂടെ വിളഞ്ഞു വളർന്നു
പുഞ്ചിരിക്കുമാ ജീവൽപ്രകാശം

പൂർണ്ണതയിൽ പിരിഞ്ഞു നാം പോകെ
നീണ്ടുനില്ക്കും പുതിയ വെളിച്ചമായ്
നല്ലനല്ല കിനാവുകൾ വീണ്ടും
നല്ല കുഞ്ഞുങ്ങൾ കാണുമീ മന്നിൽ
വിണ്ണിൽനിന്നും വിശുദ്ധതാരങ്ങൾ
വിങ്ങിവീഴ്ത്തും പ്രകാശബിന്ദുക്കൾ
നമ്മളൊന്നിച്ചുദിച്ചസ്തമിക്കും
മന്ദിരത്തിന്റെ തിണ്ണയിൽ വീണ്ടും
നാമറിയാത്ത നിർവൃതിബന്ധം
നാളെ നാടകക്കർട്ടനുയർത്താം
ഇന്നു നമ്മളറിയുന്നു തമ്മിൽ
ഇന്നു നമ്മളിണങ്ങുന്നു തമ്മിൽ
നീളുമാകാശവിശാലതയിങ്കൽ
നീറും കാലത്തിനഗാധതയിങ്കൽ
മണ്ണിൻ ചൂടേറ്റ വേരുകൾ പൊട്ടി-
ക്കുഞ്ഞുപക്ഷി മുല നുണയുമ്പോൾ
എൻ സന്ദേശം കുറിക്കുന്ന ദൃഷ്ടികൾ
നിൻ സഹഭാവം പൊഴിയുന്ന രശ്മികൾ
ഒത്തുചേർന്നൊരീ രാഗപ്രപഞ്ചം
മൊട്ടായ് പൂത്തു ഫലങ്ങൾ വിത്താകും
സപ്തഭൂഖണ്ഡമണ്ഡലം സർവം
സുപ്തിദുഃസ്വപ്നമായിക്കിടക്കെ-
മർത്ത്യവർഗവിഷാദമുൾക്കൊണ്ടു
വർദ്ധയിൽ ഞാൻ തപസ്സിരുന്നപ്പോൾ,
ശാന്തിതേടി നവഖലിഗ്രാമ-
വീഥിയിൽ ഞാനലഞ്ഞിരുന്നപ്പോൾ
എന്തു ചൊല്ലി നീയെന്നോടു ലോക-
നന്മതിന്മ വ്യവസ്ഥയെപ്പറ്റി?
തത്ത്വശാസ്ത്രങ്ങൾ തേടുന്ന ബുദ്ധികൾ
ചുറ്റുപാടും തളർന്നുകിടക്കവേ
ആരു വേവിച്ചുനല്കുമിപ്പുത്തൻ
വേദവാക്യം? കടുകുവറുക്കണോ?
അല്പമല്പം പ്രപഞ്ചരഹസ്യം
ചെപ്പിലാക്കുമിത്തത്ത്വമോരോന്നും
കൺമയക്കും കരളും മയക്കാം
മൃൺമയമീക്കലാവേദിയിന്മേൽ.
ജാഡ്യമാളുന്ന താളക്രമങ്ങൾ
കൂട്ടിയൊട്ടിച്ച തത്ത്വപാഠങ്ങൾ,
ജീവിതത്തിന്റെ നൈസർഗികാത്മ
ഗാനമെല്ലാം ഞെരിക്കുന്ന ഭർഭര,
നാദലോകനിരർഗളവീചി
നാളം വെട്ടിമുറിക്കുന്ന ധാർഷ്ട്യം,
നാമുമീ നീണ്ട നിശ്ശബ്ദതയിൽ
നാഡികളിലറിഞ്ഞുനില്ക്കുമ്പോൾ
ബോധിവൃക്ഷത്തിൽ പറ്റി നിൽക്കേണ്ട
ബോധമുള്ളിലുദിച്ചിടുമെങ്കിൽ
കാൽവരിക്കുന്നിലെ കഥ പാടണ്ട
കാണിനേരം മനുഷ്യരാമെങ്കിൽ

നാം പുണരും കിനാവിന്റെ ദിവ്യ-
നാഭിയിൽ നാമയിർക്കൊള്ളുമെങ്കിൽ!

## അർഥവിശദീകരണം

| | | |
|---|---|---|
| അനിശ്ചിത | = | തീർച്ചയില്ലാത്ത |
| സത്ത | = | അന്തസാരം, ഉണ്മ, നിലനില്പ് |
| ഭാഗധേയം | = | ഭാഗ്യം |

## ആശയവിശദീകരണം

▶ സർവനാശത്തിൽ നിന്ന് പുതുപ്പിറവിയുടെ ലോകം കവി പരിണയിപ്പിക്കുന്നു

ഉത്സുകനായി മാറിയ കവി നക്ഷത്രത്തോടു പറയുന്നു: 'താരമേ അനിശ്ചിതമായ വഴിയിൽ നാം കണ്ടുമുട്ടി -ഹൃദയരാഗത്തിന്റെ ഭാഷ നിന്നിലൂടെയാണറിഞ്ഞത്. നിന്നെ പ്രാപിക്കാനാവില്ലെങ്കിലും ഭാവനയാൽ നിന്റെ സൗന്ദര്യസത്തയെ പുണരാൻ കഴിഞ്ഞു.' ആ അനുഭവത്തിൽ നിന്ന് പിറന്നതാണീക്കവിത. ആ സൗഭാഗ്യം ലോകത്തിനാകെ കൈവരട്ടെയെന്ന് കവി ആഗ്രഹിക്കുന്നു. അങ്ങനെ പാരസ്പര്യത്തിന്റെ ഗായകനായി കവി പരിണമിക്കുന്നു. തന്റെ ചിന്തകൾ നക്ഷത്രത്തിനുള്ളിൽ പതിച്ച് പുഞ്ചിരിയായി മാറുന്നു. ദിവ്യമായ ഒരു പുതുപ്പിറവിയ്ക്കുള്ള ബീജമാണത്. സർവനാശത്തിൽ നിന്ന് പുതുപ്പിറവിയുടെ ലോകം കവി പരിണയിപ്പിക്കുന്നു. താൻ പോലും അറിയാത്ത സ്വപ്നങ്ങൾ കാട്ടിത്തന്ന, പറയാത്ത ഭാഷ പറയിച്ച നക്ഷത്രത്തോട് ഭൂമിയിൽ ജീവന്റെ ഞരമ്പുകൾ ഓടാൻ വേണ്ടി വാനിൽ കത്തി എരിഞ്ഞുകൊണ്ടിരിക്കാൻ കവിചേതന അഭ്യർഥിക്കുന്നു. ജീവിതരതിയുടെയും അതിജീവനശക്തിയുടെയും പ്രതീകമായി നക്ഷത്രം വളരുന്നു. നക്ഷത്രവുമായുള്ള സമാഗമം ഭൂമിയിൽ പുതിയ സ്വപ്നങ്ങളുടെ സൃഷ്ടിക്കു കാരണമാകും.

▶ മനുഷ്യവർഗത്തിന്റെ ബുദ്ധി മരവിച്ചിരിക്കുന്നു

താരവും കവിയും തമ്മിലുള്ള ഇണക്കം പ്രപഞ്ചത്തെ മധുരീകരിക്കുന്നു. പ്രപഞ്ചചൈതന്യത്തോട് താദാത്മ്യം പ്രാപിക്കുമ്പോൾ മനുഷ്യൻ നിർവൃതി കൊള്ളുന്നു. അന്തമായ ജീവിതപ്രവാഹത്തിൽ നിത്യനൂതനഭാവങ്ങൾ സ്വയം കണ്ടെത്തുവാനും അങ്ങനെ സാഫല്യമടയാനും അവനു കഴിയുന്നു. ഔഷധമൂല്യമുണ്ടെന്നു കരുതിവന്നിരുന്ന തത്വശാസ്ത്രങ്ങളെ തേടി അലഞ്ഞ് മനുഷ്യവർഗത്തിന്റെ ബുദ്ധി മരവിച്ചിരിക്കുന്നു. നിത്യശാന്തിയരുളാൻ ഒന്നും പര്യാപ്തമാകുന്നില്ല. ബൗധികമായ ഈ തേങ്ങലാണ് 'ആരു വേവിച്ചു നൽകുമീ പുത്തൻ വേദവാക്യം' എന്ന വരിയിൽ മുഴങ്ങുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ കവി പ്രതീക്ഷയർപ്പിക്കുന്നത് നാം പുണരുന്ന സ്വപ്നങ്ങളിലാണ്.

▶ ഉള്ളിൽ ബോധം ഉദിക്കുമെങ്കിൽ ബോധിവൃക്ഷത്തണലിൽ ചെന്നിരിക്കേണ്ടതില്ല

പ്രപഞ്ചരഹസ്യങ്ങൾ പൂർണ്ണമായുൾക്കൊള്ളാൻ ആർക്കുമാവില്ല. ഓരോ തത്വത്തിലും അതിന്റെ അംശങ്ങൾ മാത്രമാണുള്ളത്. ഉള്ളിൽ ബോധം ഉദിക്കുമെങ്കിൽ ബോധിവൃക്ഷത്തണലിൽ ചെന്നിരിക്കേണ്ടതില്ല. മനുഷ്യത്വത്തോടെ ജീവിക്കാനാവുമ്പോൾ യേശുവിന്റെ പീഡനകഥ പാടി നടക്കേണ്ടതുമില്ല. ഉള്ളിൽ ആർദ്രതയും ഉണർച്ചയുമില്ലാത്തവർക്ക് കപടനാട്യത്തിനുള്ളവയാണ് യേശുവിന്റെയും ബുദ്ധന്റെയും ചരിതം.

▶ ഒരേ സമയം സാത്വികതയും ആസുരതയും തമ്മിലുള്ള സംഘട്ടനം

വൈവിധ്യം നിറഞ്ഞ പ്രയോഗങ്ങളിലേയ്ക്ക് വായനക്കാരെ തിരിച്ചുവിട്ട കവിതയാണ് 'കുരുക്ഷേത്രം'. കേൾക്കുന്ന മാത്രയിൽ ആസ്വാദകനെ ഞെട്ടിക്കുകയും തുടർന്ന് അതിനെ മറികടക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അനുഭവങ്ങളെ സംസ്കരിക്കുവാൻ ശ്രമിക്കാതെ അവയുടെ ധ്വനിപാഠം അവതരിപ്പിക്കുക എന്ന ശീലം മലയാളകവിത തുടങ്ങിവച്ചതും 'കുരുക്ഷേത്ര'ത്തിലൂടെയാണ്. തന്നിൽനിന്നു ലോകത്തിലേയ്ക്കും പാരിതോവസ്ഥയിൽനിന്നു തന്നിലേക്കും എന്ന പാരസ്പര്യവും തുടർച്ചയും ഇതിൽ കാണാം. ഒരേ സമയം സാത്വികതയും ആസുരതയും തമ്മിലുള്ള സംഘട്ടനമാണ് ഈ കവിത. അലങ്കാരങ്ങളുടെ ധാരാളിത്തത്തിൽ നിന്ന് പുരാവൃത്തങ്ങളും പൂർവപാഠങ്ങളും കവിതയുടെ ഊർജമാക്കി മാറ്റുന്നതെങ്ങനെയെന്ന് 'കുരുക്ഷേത്രം' തെളിയിക്കുന്നു. എല്ലാവരുടെയുമുള്ളിൽ പ്രതിരോധത്തിന്റെ നക്ഷത്രവീര്യം ഉണർത്തുവാനുള്ള ശ്രമമാണ് 'കുരുക്ഷേത്ര'മെന്ന കവിത.

## Summarised Overview

മലയാളകവിതാസാഹിത്യത്തിൽ മൗലികമായ മാറ്റവും ഭാവുകത്വ വിപ്ലവവും നടത്തിയ കവിയാണ് അയ്യപ്പപ്പണിക്കർ. കാർട്ടൂൺ കവിതകൾ, യാത്രാകവിതകൾ, പാരമ്പര്യത്തെ പുതുക്കി എഴുതുന്ന രചനകൾ, പ്രകൃതിയോട് സഹഭാവം പുലർത്തുന്നവ, സംഘർഷം കേന്ദ്രത്തിൽ വഹിക്കുന്നവ തുടങ്ങി വൈവിധ്യമുള്ള കവിതകളുടെ രചയിതാവാണ് അയ്യപ്പപ്പണിക്കർ. ഒരു കേന്ദ്രത്തിൽ നിന്നും പുറപ്പെടുന്ന വ്യവഹാരമായിട്ടല്ല കേന്ദ്ര രഹിതമായ വ്യവഹാരമായാണ് അയ്യപ്പപ്പണിക്കർ കവിതയെ സമീപിക്കുന്നത്. സാമ്പ്രദായിക കവിതാ സങ്കല്പമായിരുന്നില്ല അയ്യപ്പപ്പണിക്കർ പിന്തുടർന്നത്. അനുക്രമമായൊരു പരിണാമം അദ്ദേഹത്തിന്റെ കവിതയിൽ ആരോപിക്കുവാൻ സാധിക്കുകയുമില്ല.

പാരമ്പര്യത്തിന്റെ പുതുക്കിപ്പണിയൽ അദ്ദേഹത്തിന്റെ കവിതയിൽ കാണാൻ സാധിക്കും. ആധുനിക അനുഭവത്തെ തീവ്രമോ വിശാലമോ ആക്കുവാനും വർത്തമാനകാലത്തെ വിമർശിക്കുവാനും മനുഷ്യരുടെ ചപലതകളെ പരിഹസിക്കുവാനുമായി ഭൂതകാല അനുഭവങ്ങളെയും പാരമ്പര്യ സ്മരണകളെയും അയ്യപ്പപ്പണിക്കർ കവിതയിൽ ഉപയോഗിക്കുന്നു. തന്റെ ആവശ്യത്തിനനുസരിച്ച് പാരമ്പര്യത്തെ മാറ്റിയെടുക്കുകയാണ് അയ്യപ്പപ്പണിക്കരുടെ കവിതയുടെ രീതി. ജീവിതനിഷേധമല്ല അയ്യപ്പപ്പണിക്കരുടെ കുരുക്ഷേത്രത്തിലെ തത്വശാസ്ത്രം. ജീവിതത്തിന്റെ വൈരുധ്യങ്ങളെ സമഗ്രമായി കാണുകയും സ്വപ്നം മാനവമോചനത്തിനുള്ള മാർഗമാണെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. ജീവിതകാമനയെത്തന്നെയാണ് കവി സ്വപ്നമായി കരുതുന്നത്. കവിയുടെ സ്വപ്നദർശനം വസ്തുനിഷ്ഠമാണ്. കാല്പനികകവികളുടെ ദിവാസ്വപ്നത്തിൽ നിന്ന് വ്യത്യസ്തവുമാണ്.

രൂപത്തിലും ഭാവത്തിലും 'തരിശുഭൂമി'യെ ഓർമ്മിപ്പിക്കുന്ന കവിതയാണ് 'കുരുക്ഷേത്രം'. രണ്ടു കവിതകളും ദുഃഖത്തിൽ തുടങ്ങി ശാന്തത്തിൽ അവസാനിക്കുന്നു. എലിയട്ട് ആധുനിക കാലത്തെ ശൈഥില്യവും സങ്കീർണ്ണതയും ചിത്രീകരിക്കുന്നതോടൊപ്പം പഴയ സംസ്കാരത്തിന്റെ മഹത്വം ചൂണ്ടിക്കാണിക്കുന്നുമുണ്ട്. പഴമയുടെയും പുതുമയുടെയും താരതമ്യത്തിലൂടെ ഇന്നത്തെ തകർച്ചയെപ്പറ്റിയുള്ള അവബോധം 'തരിശുഭൂമി'യിൽ നിന്ന് വായനക്കാരനു ലഭിക്കുന്നു. എന്നാൽ 'കുരുക്ഷേത്ര'ത്തിൽ പഴമയുടെ ശ്രേഷ്ഠത ചിത്രീകരിക്കുന്നില്ല. മരണത്തിനു

മുൻപിൽ മനുഷ്യൻ നിസ്സഹായനാണെന്ന സത്യം എലിയട്ട് ബോധ്യപ്പെടുത്തുമ്പോൾ ആ സത്യത്തിൽ നിന്നു മുഖം തിരിച്ചു കിനാവു കാണാനാണ് അയ്യപ്പപ്പണിക്കർ ആഹ്വാനം ചെയ്യുന്നത്. ചുരുക്കത്തിൽ സങ്കീർണ്ണമായ ജീവിതപ്രശ്നങ്ങളിൽ നിന്ന് മുക്തിനേടാനുള്ള അഭിവാഞ്ഛയാണ് 'കുരുക്ഷേത്രം' എന്ന കവിത എന്നു പറയാം.

ടി. എസ്. എലിയറ്റിന്റെ പരോക്ഷ സ്വാധീനം ഉൾക്കൊണ്ട്, പരീക്ഷണാത്മകത, ഛന്ദോമുക്തരൂപങ്ങൾ, നവബിംബാത്മകത, വിശ്വാസനിരാകരണം, ഐറണി കലർന്ന ലോകവീക്ഷണം, ഇന്ത്യൻ പാരമ്പര്യത്തോടുള്ള സർഗാത്മകമായ ഏറ്റുമുട്ടൽ തുടങ്ങിയ ആധുനിക കവിതാ സവിശേഷതകൾ അയ്യപ്പപണിക്കർ പിൻതുടർന്നു. പണിക്കരുടെ 'കുരുക്ഷേത്രം' മഹാഭാരതയുദ്ധത്തിന്റെ മറ്റൊരു വർണ്ണനയല്ല. മനുഷ്യത്വത്തിന്റെ ഹരിത ശക്തികളും ആസുരത്വത്തിന്റെ തമോശക്തികളും തമ്മിൽ നടക്കുന്ന ഘോര സമരത്തെ ഒരു ആത്മസംഘർഷമായി അനുഭവിക്കുന്ന കവിതയാണത്.

നവബിംബ കല്പനകളും വൃത്ത മിശ്രണവും എറണികളും മിത്തുകളുടെ പ്രതിവ്യാഖ്യാനങ്ങളും ചേരാത്തവ ചേർത്തുണ്ടാക്കുന്ന വൈരുധ്യപ്രതീതികളും ആദിരൂപാവാഹനങ്ങളും മനുഷ്യത്വത്തിന്റെ ഉയർത്തെഴുന്നേല്പിനായുള്ള പ്രാർഥനകളും നക്ഷത്ര പ്രതീകവുമായുള്ള സംഭാഷണങ്ങളും വായനക്കാരുമായി നേരിട്ടുള്ള സംവാദങ്ങളും പഴയതും പുതിയതുമായ ലോകങ്ങളുടെ മൂല്യവ്യവസ്ഥയെ ചോദ്യം ചെയ്യലും എല്ലാം ചേർന്ന് 'കുരുക്ഷേത്രം' എന്ന കവിതയ്ക്ക് പുതിയൊരു സങ്കീർണ്ണതയും ആ സങ്കീർണ്ണതയുടേതായ ഭാഷയും ഉണ്ടാകുന്നു.

# Assignments

1. മലയാള കവിതയെ ആധുനികതയിലേയ്ക്കും ഉത്തരാധുനികതയിലേയ്ക്കും കൈപിടിച്ചു നടത്തിയ കവിയാണ് അയ്യപ്പപ്പണിക്കർ - വിലയിരുത്തുക.
2. സങ്കീർണ്ണമായ ജീവിതപ്രശ്നങ്ങളിൽ നിന്ന് മുക്തിനേടാനുള്ള അഭിവാഞ്ഛയാണ് കുരുക്ഷേത്രം എന്ന കവിത - ചർച്ച ചെയ്യുക.
3. ദർശനങ്ങളെ താലോലിക്കുന്നതിന്റെ അർഥശൂന്യത കുരുക്ഷേത്രം എന്ന കവിതയിൽ വെളിപ്പെടുത്തുന്നുണ്ട് - പരിശോധിക്കുക.
4. ജീവിതനിഷേധമല്ല അയ്യപ്പപ്പണിക്കരുടെ കുരുക്ഷേത്രത്തിലെ തത്വശാസ്ത്രം - വിലയിരുത്തുക.
5. കുരുക്ഷേത്രം എന്ന ശീർഷകം കവിതയ്ക്ക് എത്ര മാത്രം ഇണങ്ങുന്നു എന്ന് പരിശോധിക്കുക..
6. കുരുക്ഷേത്രം എന്ന കവിതയിൽ ആധുനികത പാരമ്പര്യത്തിന്റെ നിഷേധമല്ല. പരിശോധിക്കുക.

## References


1. ഡോ.എം. ലീലാവതി, മലയാള കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ
2. ഡോ.എം. ലീലാവതി, വർണ്ണരാജി, എൻ. ബി.എസ് കോട്ടയം
3. ഡോ. പന്മന രാമചന്ദ്രൻ നായർ, സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം, ഡി.സി. ബുക്സ്, കോട്ടയം
4. പ്രൊഫ. ഏരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം
5. ഡോ.കെ. അയ്യപ്പപ്പണിക്കർ, അയ്യപ്പപ്പണിക്കരുടെ കവിതകൾ സമ്പൂർണ്ണം, സൈബർ ബുക്സ്


## Suggested Readings


1. ഡോ. കെ.എം ജോർജ്, ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി ബുക്സ്, കോട്ടയം
2. കെ ജി എസ് ,അയ്യപ്പപ്പണിക്കർക്ക്, സായാഹ്നഫൗണ്ടേഷൻ, തിരുവനന്തപുരം
3. അയ്യപ്പണിക്കർ, അയ്യപ്പപ്പണിക്കരുടെ കവിതകൾ സമ്പൂർണ്ണം, സൈബർ ബുക്സ്.
4. എം.കെ. സാനു, അയ്യപ്പപ്പണിക്കർ:നിഷേധരൂപത്തിന്റെ ചാരുരൂപം ഡി.സി.ബുക്സ്, കോട്ടയം

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# 2. ചാക്കാല

## കടമ്മനിട്ട രാമകൃഷ്ണൻ

## Learning Outcomes

- കടമ്മനിട്ടക്കവിതകളുടെ സവിശേഷതകൾ ഗ്രഹിക്കുന്നു
- 'ചാക്കാല' എന്ന കവിതയുടെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ ഗ്രഹിക്കുന്നു
- ആധുനിക കവിതകളുടെ സവിശേഷതകളെ മുൻനിർത്തി 'ചാക്കാല' എന്ന കവിതയെ വിലയിരുത്തുന്നു
- ഗ്രാമീണ ജീവിതത്തിന്റെ വഴക്കങ്ങൾ 'ചാക്കാല' എന്ന കവിതയിൽ നിന്ന് കണ്ടെത്തുന്നു.

## Background

വർത്തമാനകാലകവിതയുടെ വഴക്കങ്ങളെ പിന്തുടരാതെ, സ്വന്തമായൊരു കാവ്യഭാവുകത്വം സൃഷ്ടിച്ച കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. ഗ്രാമജീവിതത്തിന്റെ തനിമയെ ആവിഷ്ക്കരിക്കുന്ന കവി, ഗ്രാമീണജനതയുടെ ലോകബോധത്തെ തന്റെ കവിതയുടെ കേന്ദ്രമാക്കുന്നു. 1960കളിൽ കേരളത്തിൽ ശക്തമായിരുന്ന തീവ്രഇടതുപക്ഷ ആശയങ്ങളുടെ സ്വാധീനം രാമകൃഷ്ണന്റെ രചനകളിൽ നിഴലിക്കുന്നുണ്ട്. സമകാലികരായ കവികളിലധികവും പ്രകൃതി കേന്ദ്രീകൃത രചനകളിൽ ശ്രദ്ധയൂന്നിയപ്പോൾ മനുഷ്യകേന്ദ്രീകൃതമായിരുന്നു കടമ്മനിട്ടയുടെ കവിതകൾ. കേരളത്തിന്റെ നാടോടിസംസ്കാരത്തെയും നാടൻ കലാരൂപങ്ങളെയും സന്നിവേശിപ്പിച്ച രചനാശൈലി രാമകൃഷ്ണന്റെ കാവ്യലോകത്തിന്റെ സവിശേഷതയാണ്. നാടോടി കലാരൂപങ്ങളുടെ താളം കവിതയിൽ കൊണ്ടുവന്ന ആധുനിക രചനാശൈലിയുടെ വക്താവുമായി മാറി അദ്ദേഹം.

മനുഷ്യന്റെയും പ്രകൃതിയുടെയും ആദിമഭാവങ്ങളുടെ വന്യതയിലേയ്ക്ക് മലയാളകവിതയെ ഞെട്ടിച്ചുണർത്തിയ കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. സമകാല കവിതയുടെ പൊതുരീതിയിൽ നിന്ന് വേറിട്ടു നിൽക്കുന്നവയാണ് കടമ്മനിട്ടയുടെ കവിതകൾ. രൗദ്രത്തിന്റെയും കരുണത്തിന്റെയുമിടയ്ക്കാണ് കവിയുടെ ഹാസ്യത്തിനു സ്ഥാനം. നിർദോഷമായ നർമ്മം, ചിരിക്കുവേണ്ടിയുള്ള ചിരി, ലോകം ഇങ്ങനെയൊക്ക ആയതിനാൽ സന്തോഷിക്കുന്ന ശുദ്ധഫലിതം ഇവയൊക്കെ കടമ്മനിട്ടക്കവിതയിൽ കുറവാണെന്ന് കാണാം. പ്രതികാല്പനികശൈലിയും പ്രത്യക്ഷനിഷേധവും പരോക്ഷനിഷേധവും കൊണ്ട് സൃഷ്ടിക്കുന്ന ചാരുതയെല്ലാം കവിതയിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. മയമില്ലാത്ത സാമൂഹിക യാഥാർഥ്യങ്ങളെ മയപ്പെടുത്താത്ത ഭാഷയിലാണ് കവി ആവിഷ്ക്കരിച്ചിരിക്കുന്നത്.

പ്രധാനകൃതികൾ- *കുറത്തി, കുഞ്ഞേ മുലപ്പാൽ കുടിക്കരുത്, മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു, വെള്ളിവെളിച്ചം, കോഴി, കാട്ടാളൻ, കിരാതവൃത്തം* എന്നിവയാണ് പ്രധാനപ്പെട്ട രചനകൾ.

# Key themes

ചാക്കാല-ആധുനിക കവിത-രൂപപരവും ഭാവപരവുമായ സവിശേഷതകൾ-ബിംബങ്ങൾ-മരണത്തിന്റെ പരിഹാസ്യത

# Discussion

▶ മരണത്തെയും അതുമായി ബന്ധപ്പെട്ട ചടങ്ങുകളെയും ഹാസ്യാത്മകമായും വിമർശനാത്മകമായും കാണാനുള്ള ശ്രമം

വർത്തമാനകാലകവിതയുടെ വഴക്കങ്ങളെ പിന്തുടരാതെ, സ്വന്തമായൊരു കാവ്യഭാവുകത്വം സൃഷ്ടിച്ച കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. ഗ്രാമജീവിതത്തിന്റെ തനിമയെ ആവിഷ്ക്കരിക്കുന്ന കവി, ഗ്രാമീണന്റെ ലോകബോധത്തെ കേന്ദ്രപ്രമേയമാക്കിയാണ് കവിത രചിച്ചിരിക്കുന്നത്. മരണത്തെയും അതുമായി ബന്ധപ്പെട്ട ചടങ്ങുകളെയും ഹാസ്യാത്മകമായും വിമർശനാത്മകമായും കാണാനുള്ള ശ്രമമാണ് 'ചാക്കാല'യിൽ കവി നടത്തുന്നത്. ആചാര്യമര്യാദകളുടെയും ഉപചാരങ്ങളുടേയും സന്ദർഭമാണ് മരണം. അതിനുനേരെയുള്ള വ്യക്തിഗതമായ പ്രതികരണമായാണ് കവിത സംവദിക്കുന്നത്. സ്നേഹാന്വേഷണങ്ങളും രസനീരസങ്ങളും ഔപചാരികതകളുമെല്ലാം അതിൽ ഒത്തുചേരുന്നു. അത്തരം പ്രതികരണങ്ങളുടെ നാടൻ വായ്മൊഴിവഴക്കത്തിലുള്ള അവതരണമാണ് 'ചാക്കാല'. പ്രാദേശിക സ്വത്വം അതിസൂക്ഷ്മമായി ഇതിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. മരണാനുഭവത്തെ നേരിടുന്ന മലയാളിയുടെ നെഞ്ചുകീറി നേരിനെ വെളിപ്പെടുത്തുന്ന കാവ്യാനുഭവമായി ഈ കവിതയെ കാണാം.

### വരികൾ

അങ്ങേലെ മൂപ്പിന്നു ചത്തോടീ  
നമ്മളും പോയൊന്നറിയേണ്ടേ?  
ചാക്കാല ചൊല്ലുവാൻ വന്നവനു  
കാപ്പിയും കാശും കൊടുത്തോടീ?  
കാര്യങ്ങളെന്തൊക്കെയായാലും  
നാലുപേർ കൂടുന്ന കാര്യമല്ലേ.  
കോടിയിടേണം പുകല വേണം  
കാണിക്കാൻ കണ്ണുനീരിറ്റു വേണം  
വെറ്റില തിന്നു ചവച്ചു തുപ്പി  
കൂട്ടത്തിൽ കൂടണം നന്മ ചൊല്ലാൻ.

### അർഥ വിശദീകരണം

| | | |
|---|---|---|
| അങ്ങേലെ | = | അയലത്തെ |
| ചാവുക | = | മരിക്കുക |
| കോടി | = | പുടവ, വസ്ത്രം |

## ആശയ വിശദീകരണം

അടുത്ത വീട്ടിലെ മൂപ്പിലു ചത്തോടീ എന്ന ചോദ്യത്തിൽ നിന്നാണ് കവിത ആരംഭിക്കുന്നത്. അടുത്ത വീട്ടിൽ മരണം നടന്നാൽ അവിടെ പോകേണ്ടത് സാമൂഹിക മര്യാദയുടെ ഭാഗമാണ്. മരണത്തിന് മുൻപിൽ ശത്രുതയ്ക്ക് ഇടമില്ലെന്നാണ് നാട്ടുപ്രമാണം. അത്തരം മര്യാദകൾക്ക് പിന്നിലെ കപടബോധ്യങ്ങളെ തുറന്നിടുകയാണ് കവി. മരണാനന്തര ചടങ്ങുകളോടെ മരിച്ചയാളുടെ നന്മകൾ വാഴ്ത്തപ്പെടുന്നു. മരണപ്പെട്ട മനുഷ്യൻ ഭാഗ്യവാനാണ് എന്നു മാത്രമേ പറയാവൂ എന്നും മരണത്തോടെ ബന്ധുത്വം ഏറിവരുമെന്നും കവി പറയുന്നു. "അങ്ങേലെ മൂപ്പീന്നു ചത്തോടീ?'' എന്ന കാവ്യാരംഭം തന്നെ പരിഹാസ്യദ്യോതകമാണ്. ചത്തോടീ എന്നതാവട്ടെ മനുഷ്യനെന്ന പരിഗണന പോലും നിഷേധിക്കുന്ന മട്ടിലാണ്. ഗ്രാമ്യമായ സംഭാഷണത്തിന്റെ രൂപത്തിൽ 'മൂപ്പീന്ന്', 'ചത്തോടീ', എന്നീ പ്രയോഗങ്ങളിലൂടെ ധ്വനിക്കുന്ന ഹാസ്യം നാടൻപാട്ടിന്റെ അവക്രത ഉൾക്കൊള്ളുന്നു. അളിയനും പെങ്ങളുമെന്നതു മറന്നുകൊണ്ട് കാട്ടിക്കൂട്ടിയ തോന്ന്യാസങ്ങളെല്ലാം നാട്ടിൻപുറത്തിന്റെ 'തിന്മകളെ' വെളിപ്പെടുത്തുന്നു. നാട്ടിൻപുറത്തെ ആദർശവൽക്കരിക്കുവാനുള്ള ശ്രമം കവി നടത്തുന്നില്ല. സത്യസന്ധമായി അവയെ നേരിടാനാണ് കവി മുതിരുന്നത്.

> ▶ അടുത്ത വീട്ടിലെ മൂപ്പിന്നു ചത്തോടീ എന്ന ചോദ്യത്തിൽ നിന്നാണ് കവിത ആരംഭിക്കുന്നത്

## വരികൾ

എലിമുള്ളുകൊണ്ടാവഴിയടച്ചു
എലുകക്കല്ലൊക്കെ പിഴുതു മാറ്റി
അതിരിലെ പ്ലാവിന്റെ ചോടു മാന്തി
വേരറ്റുവീണപ്പോൾ തർക്കമാക്കി
എരുമയെ കയറൂരി വിട്ടു തയ്യിൻ
തല തീറ്റിയെതിരുകളെത്ര കാട്ടി
ഏത്തവാഴക്കുല കണ്ടുകണ്ണിൽ
ഈറകടിച്ചു കുശുമ്പു കുത്തി
അളിയനും പെങ്ങളുമെന്നതോർക്കാ
തതിയാന്റെ തോന്ന്യാസമായിരുന്നു.
പെണ്ണിനെ കാണുവാൻ വന്നവരോ
ടെണ്ണിയ ദൂഷണമെത്രമാത്രം!
പൈക്കിടാവാദ്യമായ് പെറ്റ വാറെ
കൊണ്ടി കൂടോത്രങ്ങളെന്നു വേണ്ട
കുരുതി പുഴുങ്ങി,യുരുളി പൊട്ടി

കറവപ്പശുവിന്റെ കുടലു പൊട്ടി
ഓർക്കുവാൻ കൊള്ളുന്നതല്ലിതൊന്നും
ഓർക്കുവാൻ പറ്റിയ നേരമല്ല.
തരവഴി കാട്ടിയതിന്നു നമ്മൾ
പകരം കൊടുത്തു പലിശ ചേർത്ത്.
വാശിക്കു വളിവിട്ടു യോഗ്യരാകാൻ
നോക്കേണ്ടതിനും നാം മോശമല്ല.
അയൽദോഷി ആയില്യമായിരുന്നു
മനദോഷം മക്കൾക്കെന്നാപ്തവാക്യം.

### അർഥവിശദീകരണം

| | | |
|---|---|---|
| പൈക്കിടാവ് | = | പശുക്കിടാവ് |
| കുശുമ്പ് | = | അസൂയ |
| ദൂഷണം | = | കുറ്റം |
| പെറുക | = | പ്രസവിക്കുക |

### ആശയവിശദീകരണം

മരണപ്പെട്ട മൂപ്പീന്ന് തന്നോടും തന്റെ കുടുംബത്തോടും ചെയ്ത കാര്യങ്ങൾ എടുത്തു പറയുകയാണിവിടെ. എലിമുള്ളുകൊണ്ടു വഴിയടച്ചതും, വേലിക്കല്ലുകൾ പിഴുതുമാറ്റി അതിര് പിടിച്ചടക്കിയതും, പ്ലാവിന്റെ ചുവട് മാന്തി അതിനെ വീഴ്ത്തിയതും എരുമയെ കയറൂരി വിട്ടതും, ഏത്തവാഴക്കുലയ്ക്ക് കണ്ണുവച്ചതും ഉൾപ്പെടെ സ്വന്തം അളിയനും പെങ്ങളുമാണെന്ന് ഓർക്കാതെ തങ്ങൾക്കുനേരെ അയാൾ ചെയ്ത കാര്യങ്ങളെല്ലാം നായകൻ എണ്ണിപ്പറയുന്നു. ഗ്രാമീണരുടെ കുന്നായ്മകൾ എടുത്തു കാട്ടുന്നുണ്ട് ഈ കവിത. ഒരാളുടെ പറച്ചിലിലൂടെ മറ്റേയാളുടെ സ്വാഭാവവും പ്രവൃത്തിയും ചിത്രീകരിക്കുകയാണ് കവി. നാലുപേർ കൂടുന്നയിടത്ത് മാന്യത കൈവെടിയരുതെന്ന തുറന്നുപറച്ചിൽ ആചാരങ്ങൾ എത്ര മാത്രം പ്രകടനപരമാണെന്നതിലേയ്ക്ക് വെളിച്ചം വീശുന്നു. കോടിയിടുന്നതും പുകയില ചവയ്ക്കുന്നതും പോലെ കണ്ണുനീരിറ്റിക്കുന്നതും ഒരുതരം ആചാരമായി മാറുന്നതിലെ പരിഹാസ്യതയാണ് കവി ഉന്നംവയ്ക്കുന്നത്.

> ▶ മരണപ്പെട്ട മൂപ്പീന്ന് തന്നോടും തന്റെ കുടുംബത്തോടും ചെയ്ത കാര്യങ്ങൾ എടുത്തുപറയുകയാണിവിടെ

### വരികൾ

ഓർക്കുവാനോർക്കുന്നതല്ലിതൊന്നും
ഓർത്തു പോകുന്നോർമ്മ ബാക്കിയെന്നും
എങ്കിലുമങ്ങേരു ചത്തല്ലൊ
എന്തൊക്കെയായാലും രക്തബന്ധം
നാലുപേർ കൂടുന്നിടത്തു നമ്മൾ
നാണക്കേടൊന്നു വരുത്തരുത്
മക്കളോടൊന്നു പറഞ്ഞേരു
വായ്ക്കരിക്കാര്യം മറക്കേണ്ട
നാത്തൂനോടൊത്തു കരഞ്ഞേരു
നഷ്ടം വരാനതിലൊന്നുമില്ല.
ചിത കത്തിത്തീരും വരേക്കു നമ്മൾ
ചിതമായ് പെരുമാറാം ദോഷമില്ല

### അർഥവിശദീകരണം

| | | |
|---|---|---|
| വായ്ക്കരി | = | മരിച്ചവരെ അടക്കുമ്പോൾ ശവത്തിന്റെ വായിലിടുന്ന അരി |

### ആശയവിശദീകരണം

മരണശേഷം ഒരുവനെക്കുറിച്ച് പുകഴ്ത്തിപ്പറയുന്നതും ഇന്ന് ഒരാചാരമായി മാറിക്കഴിഞ്ഞിരിക്കുന്നു. ചാവിന്നു ബന്ധുത്വമേറുമെന്നതാണ് എല്ലാത്തിനും പ്രേരണയായി നിൽക്കുന്നത്. മരിച്ചയാൾ ചെയ്തുകൂട്ടിയ 'തോന്ന്യാസങ്ങൾ' ഒന്നൊന്നായി ഓർക്കുമ്പോഴും അതൊന്നും

ഓർക്കാൻ പറ്റിയ നേരമിതല്ലെന്നും അയാൾക്ക് ഉറപ്പുണ്ട്. 'തരവഴി കാട്ടിയതിന്നു നമ്മൾ, പകരം കൊടുത്തു പലിശ ചേർത്ത്' എന്ന സൂചനയിൽ അയാൾ ചെയ്തതിനേക്കാൾ തോന്ന്യാസങ്ങൾ ചെയ്തു കൂട്ടാൻ തങ്ങൾ മടിച്ചിട്ടില്ല എന്ന ഓർമ്മപ്പെടുത്തലുമുണ്ട്. പകരംവീട്ടുന്നതിൽ തങ്ങൾക്കുള്ള കേമത്തം അറിയാതെ പുറത്തുവരികയും ചെയ്യുന്നു. 'വാശിക്കു വളി വിട്ടു യോഗ്യരാകാൻ നോക്കേണ്ടതിന്നും നാം മോശമല്ല' എന്ന വരികൾ അതാണ് സൂചിപ്പിക്കുന്നത്. 'ചിത കത്തിത്തീരും വരെ ചിതമായ് പെരുമാറണ'മെന്ന ആചാരവും 'മടിക്കരുത്' എന്ന വെളിപ്പെടുത്തലിൽ എത്രമാത്രം കളങ്കിതമാണ് മനുഷ്യരുടെ പ്രവൃത്തികൾ എന്ന് ഉറപ്പിക്കുകയാണ് കവി. എല്ലാത്തരം കാപട്യങ്ങളോടും നാട്യങ്ങളോടും കൃത്രിമഭാവങ്ങളോടുമുള്ള പ്രതിഷേധമാണ് കവിതയിൽ നിറയുന്നത്.

▶ മരണശേഷം ഒരുവനെക്കുറിച്ച് പുകഴ്ത്തിപ്പറയുന്നതും ഇന്ന് ഒരാചാരമായി മാറിക്കഴിഞ്ഞിരിക്കുന്നു

ഹിപ്പോക്രസിയുടെ തിളക്കം ഈ കവിതയിൽ പലയിടത്തും മിന്നിമറയുന്നുണ്ട്. ഗ്രാമീണജീവിതപരിസരത്തുള്ള ജീവിതചിത്രത്തിൽ നിന്ന് ആധുനിക ജീവിതത്തിലൂടനീളം നിലനിൽക്കുന്ന കപടനാട്യങ്ങളുടെ ഓർമ്മപ്പെടുത്തൽ കൂടിയായി കവിത മാറുന്നു. 1970 കൾക്കുശേഷം കടമ്മനിട്ട രചിച്ച കവിതകളിൽ രൂക്ഷഹാസ്യത്തിന്റെ എരിവും ഉപഹാസത്തിന്റെ എരി-മധുരവും പ്രത്യക്ഷപ്പെടുന്നുണ്ട്. പദ്യ-ഗദ്യങ്ങൾ അനായാസമായി കലർത്തുന്ന ലളിതമായ രചനയാണ് ഈ ഘട്ടത്തിലെഴുതിയ കവിതകളിൽ തെളിഞ്ഞു നിൽക്കുന്നത്.

▶ എല്ലാത്തരം കാപട്യങ്ങളോടും നാട്യങ്ങളോടും കൃത്രിമഭാവങ്ങളോടുമുള്ള പ്രതിഷേധം

കടമ്മനിട്ടക്കവിതയുടെ പൊതുരീതിയിൽ നിന്ന് മാറിനിന്ന്, ഒരു നിശ്ചിത വൃത്തത്തിനുള്ളിലൊതുങ്ങിനിന്നുകൊണ്ട് പൂർണ്ണതയുടെ ഗൗരവം ആർജിക്കുന്ന കവിതയാണ് 'ചാക്കാല'. സാധാരണവും ലളിതവുമായ ജീവിതസന്ദർഭമാണ് കവിതയ്ക്കാധാരം. ചാവുചൊല്ലാൻ വന്നവനോട് ആചാരമര്യാദ പാലിച്ചോ എന്ന ചോദ്യത്തോടെയാണ് ആ നാടകീയസ്വാഗതാഖ്യാനം ആരംഭിക്കുന്നത്. അളിയന്റെ അതിക്രമങ്ങൾക്ക് പലിശചേർത്ത് പകരം വീട്ടിയെന്ന് ആശ്വസിക്കുമ്പോഴും രക്തബന്ധത്തിന് പിന്നെയും സാന്ദ്രത കൈവരുന്നുണ്ട്. നാലുപേർ കൂടുന്നിടത്ത് നാണക്കേട് വരുത്തരുതെന്ന സ്വാർഥമാണ് മുഖ്യം. വൈരുധ്യങ്ങളുടെ ചേർച്ചയിലാണ് കവിതയുടെ രൂപം ഭദ്രമാക്കിയിരിക്കുന്നത്. രണ്ടുതരം കാര്യങ്ങളാണ് മൂപ്പീന്ന് പറഞ്ഞുവയ്ക്കുന്നത്. പ്രത്യേകം ഓർമ്മിക്കേണ്ടവയും ഈ സന്ദർഭത്തിൽ ഓർക്കാൻ പാടില്ലാത്തവയും.

▶ ആചാരമര്യാദ പാലിച്ചോ എന്ന ചോദ്യത്തോടെയാണ് ആ നാടകീയ സ്വാഗതാഖ്യാനം ആരംഭിക്കുന്നത്

ജീവിച്ചിരിക്കുന്നവർ മരിച്ചവനുവേണ്ടി അനുഷ്ഠിക്കേണ്ട കർമ്മങ്ങളും, ജീവിച്ചിരിക്കുന്നവരോട് മരിച്ചയാൾ അനുഷ്ഠിച്ചിട്ടുപോയ ക്രൂരകർമ്മങ്ങളും തമ്മിൽ ഇഴപിരിക്കുകയാണ്. മാനവഹൃദയത്തിനും സമൂഹജീവിതത്തിനും അതിജീവിക്കാൻ കഴിയാത്ത ദൗർബല്യത്തിന്റെ ഒരു ബിന്ദുവിൽ ജീവിതത്തെയും മരണത്തെയും കൂട്ടിയിണക്കി, മാറി നിന്ന് ഊറിച്ചിരിക്കുന്ന കവിയെ ഈ കവിതയിൽ കാണാം. താൻ നടത്തിയ പകവീട്ടലിന്റെ അർഥശൂന്യതയെക്കുറിച്ചുള്ള ബോധം കവിതയിൽ പിന്നീട് ഉണരുന്നുണ്ട്. കേരളീയ ഗ്രാമജീവിതത്തിന്റെ കറപുരളാത്ത നിറപ്പൊലിമകളാണ് കവി അവതരിപ്പിക്കുന്നത്. മനസ്സിലൊന്നും കരുതിവയ്ക്കാൻ കഴിയാത്ത ശുദ്ധാത്മാക്കളുടെ ഇണക്കവും പിണക്കവും മരണത്തിന്റെ സന്നിധിയിൽ നിന്നുകൊണ്ട് കവി വിശകലനം ചെയ്യുകയും

▶ മാനവഹൃദയത്തിനും സമൂഹജീവിതത്തിനും അതിജീവിക്കാൻ കഴിയാത്ത ദൗർബല്യത്തിന്റെ ഒരു ബിന്ദുവിൽ ജീവിതത്തെയും മരണത്തെയും കൂട്ടിയിണക്കുന്നു

ആത്യന്തികമായി എല്ലാം മറക്കുന്ന മനുഷ്യമനസ്സിനെ ചിത്രീകരിക്കുകയും ചെയ്യുന്നു. മൂല്യങ്ങൾ നശിച്ച് ആചാരങ്ങൾ ശോഷിച്ചതെങ്ങനെയെന്നാണ് കവിത പറയുന്നത്. 'ചാക്കാല' എന്ന പേര് ധ്വന്യാത്മകമാണ്. ശ്രവണ മാത്രയിൽ ആ പേര് ഉളവാക്കുന്ന അറപ്പ്-ആഖ്യാതാവിനും മരിച്ചയാളിനും മധ്യേ നിലനിൽക്കുന്ന അകൽച്ചയും അന്യഥാത്വവും വ്യഞ്ജിപ്പിക്കാൻ ആ പദം സമർഥമാണ്.

## Summarised Overview

മറ്റുള്ളവർ മരിക്കുമ്പോൾ, അതു തന്റെയും അനുഭവമായി മാറുമെന്നറിയാമെങ്കിലും മനുഷ്യനെ ഭരിക്കുന്ന അടിസ്ഥാനചിന്ത, താൻ ഈ ഭൂമിയിലെ സ്ഥിരവാസിയാണെന്നാണ്. തനിക്കു നേരിട്ടു ബന്ധമില്ലാത്ത എല്ലാ മരണത്തോടുമുള്ള മനോഭാവമിതാണ്. അന്യന്റെ മരണത്തോടുള്ള നമ്മുടെ സമീപനം സ്നേഹമില്ലായ്മയാകണമെന്നില്ല. അതു തനിക്കല്ലല്ലോ സംഭവിച്ചത് എന്ന ആശ്വാസവും താൻ രക്ഷപ്പെട്ടുവെന്ന തോന്നലും തനിക്കൊരിക്കലും അതു സംഭവിക്കില്ലെന്ന വിശ്വാസവുമായി മാറുന്നു. അതാവട്ടെ, മനുഷ്യസ്വാഭാവത്തിന്റെ തന്നെ വൈചിത്ര്യത്തിന്റെ സൂക്ഷ്മതകളെ തുറന്നുകാട്ടുന്നു. അതിനാലാണ് 'ചിത കത്തിത്തീരും വരേക്കു നമ്മൾ ചിതമായ് പെരുമാറാം ദോഷമില്ല' എന്ന നയരൂപീകരണം, ഏതു മരണത്തോടുമുള്ള സമീപനത്തിന്റെ സാക്ഷ്യമായിത്തീരുന്നത്. മനുഷ്യസ്വാഭാവത്തിലെ സൂക്ഷ്മഭാവങ്ങൾക്കു പാഠമൊരുക്കുന്ന കടമ്മനിട്ടക്കവിത, കവിതയുടെ ധർമ്മത്തിനു തന്നെ പുതിയൊരു ഭാഷ്യം ചമയ്ക്കുകയാണ്. കവി നൽകുന്ന വ്യാഖ്യാനങ്ങൾ രാഷ്ട്രീയവ്യവഹാരമായി പരിണമിക്കുന്നു. കവിതയിൽ ആഖ്യാതാവിന്റെ അടുത്ത വീട്ടിലെ ഗൃഹനായകനായ വൃദ്ധൻ മരിക്കുന്നു. അയാൾ അയൽവാസി എന്നതിനപ്പുറം അളിയൻ കൂടിയാണ്. നാട്ടിൻപുറങ്ങളിൽ മരണവാർത്ത അറിയിക്കുന്ന ഔപചാരിക സന്ദർഭത്തിൽ ആഖ്യാതാവ് ഭാര്യയോടു നടത്തുന്ന ഭാഷണത്തിന്റെ ഘടനയിലാണ് കവിത രചിച്ചിരിക്കുന്നത്. ഗ്രാമീണശൈലികളോടൊപ്പം പ്രാദേശിക സ്വത്വത്തിന്റെ അടയാളങ്ങളും കവിതയിൽ നിരവധിയുണ്ട്. നാട്ടുചൊല്ലുകളും മന്ത്രവാദത്തിന്റെയും കൂടോത്രത്തിന്റെയും പരാമർശങ്ങളും കവിതയിൽ ഇടം പിടിച്ചിട്ടുണ്ട്. ആഭിചാരകർമ്മത്തിലുള്ള വിശ്വാസത്തിന്റെ തെളിച്ചവും കവിതയിൽ കാണാം. ചാക്കാല, ചാവ്, മാന്തി, ഈറ കടിച്ച, തോന്ന്യാസം, തരവഴി തുടങ്ങിയ നാട്ടിൻപുറത്തെ സംഭാഷണത്തിൽ തെളിയുന്ന നിരവധി പദങ്ങളുടെ സാന്നിധ്യം കവിതയിൽ കാണാം. അക്കാലത്ത് കവിതയിൽ നിന്ന് മാറ്റി നിർത്തപ്പെട്ട പല പ്രാദേശിക പദങ്ങളും കടമ്മനിട്ടക്കവിതയിൽ സജീവമാകുന്നു. സംസ്കൃതകാവ്യമീമാംസകൾക്കും യാഥാസ്ഥിതിക സൗന്ദര്യബോധത്തിനുമെതിരായുള്ള ഒരു നാടോടിക്കലാപത്തിന്റെ സൂചനയായി ഈ പദങ്ങളെ കാണാനാവുന്നതാണ്. ജനകീയ കേരളീയതയെ ഉയർത്തിപ്പിടിച്ച്, നവീന കവിതയിൽ ഒരു ദേശീയ-ജനകീയ ധാരയ്ക്കു തുടക്കം കുറിച്ച കവിയായി കടമ്മനിട്ടയെ വീക്ഷിക്കാവുന്നതാണ്. നാട്ടിൻപുറത്തുകാരന്റെ വീക്ഷണത്തിൽ നിന്ന് നഗരത്തെയും ലോകത്തെയും കാണുവാനായിരുന്നു കവി ശ്രമിച്ചത്. കാപട്യത്തിന്റെ മുഖംമൂടി ചീന്തിയെറിയുക എന്നതാണ് കവിയുടെ ഉന്നം. നുണ ശീലമാക്കുന്ന മാന്യതയുടെ നേർക്കുള്ള പരിഹാസമായി ഈ കവിതയെ കാണാം.

ജീവിച്ചിരുന്നപ്പോൾ ദ്രോഹിച്ചിട്ടേയുള്ളൂവെങ്കിലും, അയൽവാസിയുടെ മരണത്തിൽ നാട്ടുനടപ്പനുസരിച്ചുള്ള ചടങ്ങുകളിലെല്ലാം പങ്കുകൊള്ളണമെന്ന് ഭർത്താവ് ഭാര്യയോട് പറയുന്നു. അതോടൊപ്പം അയൽക്കാരൻ തങ്ങളോടു ചെയ്തിട്ടുള്ള ദ്രോഹങ്ങളോരോന്നായി തികട്ടിവരുന്നു. അപ്പോഴും ഉചിതമായി പെരുമാറണമെന്ന് അയാൾ കരുതുന്നു. ജീവിതത്തെ ഒരു വലിയ നുണയാക്കിത്തീർക്കുന്ന ഈ മാന്യത, ഗ്രാമാന്തരീക്ഷം വിട്ട് സാമൂഹികജീവിതത്തിന്റെ മറ്റു മണ്ഡലങ്ങളിലേയ്ക്കും പടരുന്നു. ആ നിലയിൽ ജീവിതത്തെ ഒരു തന്ത്രമാക്കി മാറ്റുന്നവരെയാകമാനം പരിഹസിക്കുന്ന കവിതയാണ് ചാക്കാല.

## Assignments

1. ഹാസ്യാത്മകവും വിമർശനാത്മകവുമായി കടമ്മനിട്ടയുടെ 'ചാക്കാല'മാറുന്നതെങ്ങനെ? വിശദീകരിക്കുക.
2. ആചാരങ്ങളുടെ പ്രകടനപരത തുറന്നു കാട്ടുന്ന കവിതയാണ് 'ചാക്കാല'. പരിശോധിക്കുക.
3. കടമ്മനിട്ടക്കവിതകളുടെ സവിശേഷതകൾ ചാക്കാല എന്ന കവിതയെ മുൻനിർത്തി വിവരിക്കുക.
4. നാടൻ ജീവിത വഴക്കങ്ങളും വർത്തമാനങ്ങളും 'ചാക്കാല'യിൽ-ഉപന്യാസം തയ്യാറാക്കുക.
5. മരണത്തിന്റെ ഹാസ്യാത്മക മുഖം 'ചാക്കാല' എന്ന കവിതയിൽ നിന്ന് കണ്ടെത്തുക.
6. മനസ്സിലൊന്നും കരുതിവയ്ക്കാൻ കഴിയാത്ത ശുദ്ധാത്മാക്കളുടെ ഇണക്കവും പിണക്കവും മരണത്തിന്റെ സന്നിധിയിൽ നിന്നുകൊണ്ട് ആവിഷ്കരിക്കുന്ന കവിതയാണ് 'ചാക്കാല'. വിലയിരുത്തുക.

## References


1. മിനി ആലിസ്, സമകാലമലയാളകവിത: പുതുമയും പലമയും; മലയാള വിഭാഗം, യു.സി. കോളേജ്, ആലുവ.
2. കെ. എം. ജോർജ് (എഡി.), ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
3. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
4. എം. ലീലാവതി, വർണ്ണരാജി, എൻ. ബി. എസ്., കോട്ടയം.
5. കടമ്മനിട്ട രാമകൃഷ്ണൻ, കടമ്മനിട്ട കൃതികൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
6. കടമ്മനിട്ട രാമകൃഷ്ണൻ, കടമ്മനിട്ടയുടെ കവിതകൾ, ഡി.സി. ബുക്സ്, കോട്ടയം


## Suggested Readings


1. എം. ലീലാവതി, സ്ത്രീസ്വത്വാവിഷ്ക്കാരം ആധുനിക മലയാള സാഹിത്യത്തിൽ, കേരള സാഹിത്യ അക്കാദമി, തിരുവനന്തപുരം.
2. ഷീബാ ദിവാകരൻ, പെൺകവിത മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ.എസ്. രവികുമാർ, കടമ്മനിട്ട കവിതയുടെ കനലാട്ടം, മനോരമ ബുക്സ്, കോട്ടയം.
4. പി.കെ. പോക്കർ (എഡി.), കടമ്മനിട്ട കവിയും, കവിതയും, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# സംക്രമണം

## ആറ്റൂർ രവിവർമ്മ

## Learning Outcomes

- ആറ്റൂരിന്റെ കവിതകളുടെ അടിത്തറയായ നാട്ടുചൊല്ലുകളുടെ പ്രത്യേകതകളെ തിരിച്ചറിയുന്നു
- ആറ്റൂരിന്റെ കാവ്യഭാഷയുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- വ്യക്ത്യന്തരതയുടെ (Transindividuality) പകർന്നാട്ടങ്ങളായ ആറ്റൂർ കവിതകളിൽ 'സംക്രമണം' എന്ന കവിത വൈവിധ്യം പുലർത്തുന്നതെങ്ങനെയെന്ന് പഠിക്കുന്നു
- സംക്രമണം എന്ന കവിതയുടെ ആശയം ഗ്രഹിക്കുന്നു

## Background

കവിതയെപ്പറ്റിയുള്ള ധാരണകൾ പുതുക്കുന്നതിൽ ആധുനിക കവിതയ്ക്ക് നല്ല പങ്കുണ്ട്. പാശ്ചാത്യകവിതയിലെ വിപ്ലവകരമായ രൂപപരീക്ഷണങ്ങളെക്കുറിച്ചുള്ള അറിവ്, രൂപത്തെക്കുറിച്ച് പുതുബോധം സൃഷ്ടിക്കുവാനുള്ള പ്രേരണ കവികൾക്കു നൽകി. പരമ്പരാഗതമായ വൃത്തനിയമങ്ങൾ ലംഘിക്കുകയും തനതായ താളക്രമം ദീക്ഷിക്കുകയും ചെയ്തു. കവിതയുടെ രൂപത്തെക്കുറിച്ച് ഒരു പുതുധാരണ നൽകുവാൻ അത് കാരണമായി. എഴുപതുകളുടെ മധ്യത്തിൽ, മാറുന്ന രാഷ്ട്രീയാവസ്ഥകളിൽ കവിതകൾക്ക് പുതുരൂപങ്ങൾ കാണാനാകും. അത്തരത്തിൽ ഒരു കവിതയാണ് ആറ്റൂർ രവിവർമ്മയുടെ 'സംക്രമണം'. മലയാള കവിതാലോകത്തെ ഒറ്റയാൾ വഴിയാണ് ആറ്റൂരിന്റേത്. ആറ്റൂരിനെ സംബന്ധിച്ചിടത്തോളം നിശബ്ദമായ ഒരു നടത്തമാണ് കവിതാരചന.'എനിക്ക് മൗനമാണ് ഇഷ്ടം. നടപ്പാതകളിലൂടെ നടത്തം. ഞാൻ മാത്രം. ഞാനുമില്ല. ഒപ്പം വാക്കുകൾ. മൗനത്തിൽനിന്നാണ് എന്റെ കവിത പിറക്കുന്നത്. ഞാൻ മൗനം ശീലിക്കുന്നു. ആൾക്കൂട്ടത്തിൽപ്പെട്ടാലും' എന്ന് കവി തന്നെ ഒരു അഭിമുഖത്തിൽ പറയുന്നുമുണ്ട്.

കവിതയുടെ നിയതമായ ചട്ടക്കൂടുകളെ ഭേദിച്ചാണ് ആറ്റൂർ കവിതയെഴുതുന്നത്. ഭാവസ്പർശിയും ലാവണ്യസ്പർശിയുമായ കവിതാലോകത്തെ തീവ്രമായതും അറപ്പ്, പാപഭീതി, വെറുപ്പ് തുടങ്ങിയ വികാരങ്ങൾ ഉളവാക്കാനുതകുന്നതുമായ വാക്കുകൾ കൊണ്ട് ആറ്റൂർ മാറ്റിത്തീർത്തു. കുറ്റിച്ചൂലും, നാറത്തേപ്പും, ഞണുങ്ങിയ കഞ്ഞിപ്പാത്രവും തീവ്രമായ കാവ്യബിംബങ്ങളായി ആറ്റൂരിന്റെ കവിതകളിലിടം പിടിച്ചു. നാട്ടുവഴക്കങ്ങളിലെ ഭാഷാസംസ്കാരവും തനിമയും ആറ്റൂർ കവിതകൾക്ക് കൂടുതൽ മിഴിവേകുന്നു. ആറ്റൂരിന്റെ 1957 മുതലുള്ള കവിതകളുടെ മുഖമുദ്രകളാണ് നീതിബോധം, സ്വത്വാന്വേഷണം, യാഥാർഥ്യബോധം, ജീവിത നിഷേധം തുടങ്ങിയവ.

ആറ്റൂർ രവിവർമ്മയുടെ കവിതകളിൽ ഏറ്റവും ക്ലാസിക് എന്നു വിശേഷിപ്പിക്കാവുന്ന കവിതയാണ് 'മേഘരൂപൻ.' പി. കുഞ്ഞിരാമൻനായരെക്കുറിച്ചുള്ള കവിതയാണിത്. 'നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ', 'ഓട്ടോവിൻ പാട്ട്', 'അർക്കം', 'സ്വകാര്യം', 'പിതൃഗമനം', 'സംക്രമണം' തുടങ്ങിയ കവിതകൾ ആറ്റൂരിന്റെ കാവ്യലോകത്തെ പ്രധാന നാഴികക്കല്ലുകളാണ്.

ശരീരാനുഭവങ്ങളുടെ ഭാവശക്തിയാണ് ആറ്റൂർ കവിതകളുടെ പ്രത്യേകത. ചരാചരങ്ങളും അപരങ്ങളുമായിച്ചേർന്നുള്ള പകർന്നാട്ടമായാണ് ശരീരം ആറ്റൂർക്കവിതകളിൽ നിലകൊള്ളുന്നത്. ഈ ഭാവപ്പകർച്ചയുടെ ആവിഷ്കാരമാണ് 'സംക്രമണം' എന്ന കവിത.

പ്രധാനകൃതികൾ - *മേഘരൂപൻ, സംക്രമണം, പിതൃഗമനം, ആറ്റൂർ രവിവർമ്മയുടെ കവിതകൾ*

## Key words

സംക്രമണം-സ്ത്രീ സാമൂഹികാവസ്ഥ-കാവ്യബിംബങ്ങൾ-ശരീരപ്പകർച്ച-സാമൂഹിക അസമത്വങ്ങളോടുള്ള പ്രതിഷേധം-ശരീരാനുഭവങ്ങളുടെ ഭാവശക്തി.

## Discussion

▶ എഴുപതുകളുടെ രാഷ്ട്രീയ-സാമൂഹിക സാഹചര്യം

ആറ്റൂർ രവിവർമ്മയുടെ 'സംക്രമണം' ശക്തമായ രാഷ്ട്രീയ ധ്വനികളുള്ള കവിതയാണ്. എഴുപതുകളുടെ മധ്യത്തിൽ മാറുന്ന രാഷ്ട്രീയ കാലാവസ്ഥയും, അടിയന്തരാവസ്ഥയ്ക്ക് തൊട്ടുമുമ്പുള്ള കാലവും കഥകളിലും, കവിതകളിലും രൂപപരമായ മാറ്റങ്ങൾക്ക് ഇടയാക്കുന്നുണ്ട്. 'സംക്രമണം' എന്ന കവിത വരുന്നത് ഈ സാഹചര്യത്തിലാണ്. ഒരു ശവോപാസന പോലെ ഹിംസയുടെ പകർന്നാട്ടമാണ് ഈ കവിത. ഭൂതകാലത്തിന്റെ ഭാരത്തിൽ നിന്ന് രക്ഷപ്പെടാൻ സാധാരണ മനുഷ്യർ നിരന്തരമായി ശ്രമിക്കുന്നു. അക്കാലത്തു ജീവിച്ച മനുഷ്യരുടെ സ്വപ്നങ്ങളെ, അഭിലാഷങ്ങളെ, ശാപങ്ങളെ, തീരാത്ത യുദ്ധങ്ങളെ അവൻ അവഗണിക്കുന്നു. അവയെ കേവലം ബലിമൃഗങ്ങളായി മാത്രം നിലനിർത്തുന്നു. ശവങ്ങൾ സംസ്കരിക്കുകയോ അനുഷ്ഠാനങ്ങൾ നടത്തുകയോ ചെയ്യാത്തതിനാൽ അളിഞ്ഞു നാറുന്നു. ആ നാറ്റം സ്വയമറിയാതെ, മറ്റുള്ളവരെ അറിയിക്കാതെ, അവൻ ജീവിക്കുന്നു. അത്തരമൊരു ബലിമൃഗമാണ് കവിതയിലെ വക്താവിന്റെ ഉള്ളിലും കിടക്കുന്നത്.

▶ സ്ത്രീകളെക്കുറിച്ചുള്ള സാമൂഹിക ബോധങ്ങൾ

ഭൂതകാലം നമ്മിൽ ഏല്പിക്കുന്ന ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്ന മനുഷ്യനിൽ ഭൂതകാലജീവിതങ്ങളുടെ ജഡങ്ങൾ അളിഞ്ഞു നാറുന്നത് ഒരു അനിവാര്യതയാണ്. എന്നാൽ ആ അവശിഷ്ടങ്ങളിൽ നിന്ന് മനുഷ്യൻ ഭൂതകാലത്തെ കണ്ടെത്തുകയും വ്യാഖ്യാനിക്കുകയും കീഴടക്കുകയും ചെയ്യേണ്ടതുണ്ട്. സർഗപരമായ സ്വാതന്ത്ര്യത്തിലൂടെ ഒരാൾക്ക് അത് സാധ്യമാവും. അത്തരമൊരു സർഗസ്വാതന്ത്ര്യമാണ് 'സംക്രമണം' എന്ന കവിത.

ജീവിതോന്മുഖമായ പ്രതിഷേധമാണ് കവി നടത്തുന്നത്. ഒരു പെണ്ണിന്റെ ജഡമാണ് അയാളുടെ മനസ്സിൽ കിടന്നളിയുന്നത്. ഈ ജഡത്തെ മറവുചെയ്താൽ മാത്രമേ സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ. ആ സ്ത്രീയുടെ വ്യക്തിത്വത്തെ, കഴിഞ്ഞ കാലത്തിന്റെ ഇരു

ട്ടറകളിൽ നിന്ന് മോചിപ്പിക്കുകയാണ് കവി ചെയ്യുന്നത്. കവിതയുടെ അവസാനം പെണ്ണിന്റെ ജീവിതഭാവങ്ങളെല്ലാം ഒരു രഹസ്യ ഹോമക്രിയയിലൂടെ മാനവീകരിക്കപ്പെടുന്നു. അവളുടെ ജീവിതത്തെ കവി ഉറഞ്ഞുണർത്തുകയും അവൾപോലും അറിയാതിരുന്ന അവളുടെ ജീവിത സാധ്യതകളെ തനിക്കു ചുറ്റുമുള്ള ലോകത്തിന്റെ ചേതനാചക്രത്തിൽ ആരോപിക്കുകയും ചെയ്യുന്നു. അവളുടെ ശക്തികളെ ലോകത്തിനു നൽകുന്നു. ആ മരണം മാത്രമാണ് അവശേഷിക്കുന്നത്. മരണത്തെ ബലിമൃഗമാക്കി ജീവിതത്തിൽ നിന്ന് മാറ്റിക്കളയുന്നു. ജീവിതത്തെ ബലിമൃഗമാക്കിയതിനോട് പ്രതിഷേധിക്കുകയും മരണത്തെ ബലിമൃഗമാക്കിക്കൊണ്ട് ആ പ്രതിഷേധം ജീവിതോന്മുഖമാക്കുകയും ചെയ്യുന്നു.

> ▶ പ്രതികാരദാഹിയാക്കി സംക്രമിപ്പിക്കുന്ന സ്ത്രീ ജീവൻ

### വരികൾ

“കുറേനാളായുള്ളി
ലൊരുത്തിതൻ ജഡമളിഞ്ഞു നാറുന്നു
വിരലുകൾ മൂക്കിൽ
തിരുകിയാണു ഞാൻ നടപ്പതെങ്കിലും
അരികത്തുള്ളോരു
മകലത്തുള്ളോരുമൊഴിഞ്ഞുമാറുന്നു”

### അർഥ വിശദീകരണം

| | | |
|---|---|---|
| ജഡം | = | ശവശരീരം |
| അളിയുക | = | ചീയുക |

### ആശയ വിശദീകരണം

തന്റെയുള്ളിൽ നിന്നുയരുന്ന അളിഞ്ഞ നാറ്റത്തെ സൂചിപ്പിച്ചുകൊണ്ടാണ് കവിത ആരംഭിക്കുന്നത്. ‘കുറെനാളായുള്ളിലൊരുത്തിതൻ ജഡമളിഞ്ഞു നാറുന്നു’ എന്ന സൂചന സമൂഹം പേറുന്ന ദുർഗന്ധത്തെയാണ് ഓർമ്മിപ്പിക്കുന്നത്. ഒരു സ്ത്രീശവത്തിന്റേതാണ് ആ നാറ്റം. സ്ത്രീയാണെങ്കിലും സ്ത്രീസൗന്ദര്യവുമായി അതിനു ബന്ധമൊന്നുമില്ല. ദുർഗന്ധമില്ലാതാക്കാൻ വിരൽ മൂക്കിൽ തിരുകി സ്വയം നടക്കുമ്പോഴും എനിക്കു ചുറ്റുമുള്ള എല്ലാവരും ഒഴിഞ്ഞുമാറാൻ വ്യഗ്രതപ്പെടുന്നു.

> ▶ സമൂഹത്തിനകത്തെ സ്ത്രീയുടെ ജീവിതാവസ്ഥ

### വരികൾ

“അറിവുവെച്ചപ്പോൾ
അവളുണ്ടെന്റെ കണ്ണിലൊരു നൂലട്ടയായ്
വിശപ്പിനാൽ വാരി
വലിച്ചുതിന്ന് ചത്തവന്ന് തള്ളയായ്”

### ആശയ വിശദീകരണം

അറിവുവെച്ച കാലം മുതൽ എന്റെ കണ്ണിലൊരു നൂലട്ടയായി എന്നും അവളുണ്ടായിരുന്നു. കാഴ്ചകൾക്ക് യാതൊരു സൗന്ദര്യവുമില്ലാതെ നികൃഷ്ടയായ നൂലട്ടയെപ്പോലെയുള്ള ഒരു ജീവിയായിരുന്നു അവൾ. വിശപ്പ് മാറ്റാനായി വാരിവലിച്ചുതിന്ന് ചത്തുപോയ ഒരുവന്റെ അമ്മയായി അവളെന്റെ മുന്നിൽ എന്നുമുണ്ടായിരുന്നു. ദാരിദ്ര്യത്തിൽ ജീവിതം തീർത്ത ഒരുവളാണ് കൺമുന്നിൽ നൂലട്ടയായി കാണപ്പെട്ടത്.

> ▶ കീഴാള സ്ത്രീ ജീവിതം

## വരികൾ

"ഒരു പെണ്ണിൻ തല-
യവൾക്കു ജന്മനാ കിടച്ചുവെങ്കിലു-
മതിന്റെ കാതിന്മേൽ
കടലിരമ്പീല-തിര തുളുമ്പീല
മുഖത്തു കണ്ണുക-
ളതിന്നു പാതിരയ്ക്കടക്കുവാൻ മാത്രം,
ഒരു നിശബ്ദമാം
മുറിവിൻ വക്കുകളതിന്റെ ചുണ്ടുകൾ"

## ആശയവിശദീകരണം

▶ നിശബ്ദമാക്കപ്പെട്ട കീഴാളസ്ത്രീ സ്വത്വം

ഒരു പെൺജന്മമാണ് അവൾക്ക് ലഭിച്ചത്. സൗന്ദര്യത്തിന്റെ മൂർത്തീഭാവമായാണ് പെൺജന്മത്തെ കവികൾ വാഴ്ത്താറുള്ളത്. എന്നാൽ ഇവിടെ കാതിൽ കടലിരമ്പം കേൾക്കാതെ തിരയനക്കം അറിയാതെ മറ്റൊരിടത്തേക്കും സഞ്ചരിക്കാതെ ഒരിടത്തുതന്നെ ജീവിച്ചൊടുങ്ങിയവളാണ് ഈ സ്ത്രീ. കാണേണ്ട കാഴ്ചകൾ കാണാത്ത അവളുടെ കണ്ണുകൾ പാതിരായ്ക്ക് അടയ്ക്കുവാൻ മാത്രമുള്ളതായിരുന്നു. സ്വന്തമായി ഒരു ലോകത്തെ സൃഷ്ടിക്കാത്ത കണ്ണുകളായിരുന്നു അവ. പാതിരായ്ക്ക് കിടക്കുമ്പോൾ അടച്ചുവയ്ക്കുമ്പോൾ മാത്രം അവ അവൾക്കു സ്വന്തം. തുറന്നിരുന്നപ്പോൾ ആർക്കോവേണ്ടി അവൾ കാണുകയായിരുന്നു. കണ്ടതൊന്നും അവൾ ആഗ്രഹിച്ചതല്ല. ആഗ്രഹിച്ചതൊന്നും അവൾ കണ്ടുമില്ല. അവളുടെ ചുണ്ടുകൾ നിശബ്ദതയുടെ മുറിവിൻ വക്കുകളാണ്. ആരോടും സംസാരിക്കാതെ നിശബ്ദമായി നിന്ന് മറ്റുള്ളവർക്കായി പണിയെടുക്കുന്നവളാണ് അവൾ. അവൾക്കു വേണ്ടിയോ മറ്റുള്ളവർക്കു വേണ്ടിയോ ഒരു ശബ്ദം പോലും അവളുടെ ചുണ്ടിൽ നിന്നും പുറത്തുവന്നില്ല. അതുകൊണ്ടു തന്നെ അവളുടെ ചുണ്ടുകൾ ഒരു മുറിവിന്റെ വക്കുകൾ പോലെയാണ് എന്ന് കവി സങ്കല്പിക്കുന്നു.

## വരികൾ

"മയങ്ങാറുണ്ടാവി
ല്ലവളോളം വൈകിയൊരു നക്ഷത്രവും,
ഒരൊറ്റ സൂര്യനു
മവളെക്കാൾ നേരത്തെ പിടഞ്ഞെണീറ്റിലാ
പുറപ്പെട്ടേടത്താ
ണൊരായിരം കാതമവൾ നടന്നിട്ടും;
കുനിഞ്ഞു വീഴുന്നു.
ണ്ടൊരായിരം വട്ടം നിവർന്നു നിന്നിട്ടും; ഉണർന്നിട്ടില്ലവ
ളൊരായിരം നെഞ്ചിൽ ചവിട്ടുകൊണ്ടിട്ടും"

## ആശയവിശദീകരണം

സ്ത്രീ ജീവിതത്തിന്റെ ദിനചര്യകളെ കവി വിവരിക്കാൻ തുടങ്ങുന്നു. അവളോളം വൈകിയൊരു നക്ഷത്രവും മയങ്ങാറില്ല. വീട്ടിലെ എല്ലാ ജോലികളും തീർത്ത് ഏറ്റവും ഒടുവിലാണ് അവൾ ഉറങ്ങാറുള്ളത്. അതുപോലെ തന്നെ സൂര്യനുദിക്കുംമുന്നേ ഉണരുന്നതും അവളാണ് എന്ന് കവി 'ഒരൊറ്റ സൂര്യനുമവളേക്കാൾ നേരത്തേ പിടഞ്ഞെ

▶ പരിണാമമില്ലാത്ത സ്ത്രീജീവിതം

ണീറ്റിലാ' എന്ന വരികളിലൂടെ പറയുന്നു. ഒരായിരം കാതം ദുരിതങ്ങൾ താണ്ടി അവൾ നടന്നിട്ടും പുറപ്പെട്ടിടത്തു തന്നെ നിൽക്കുകയാണ്. ഒരായിരം വട്ടം നിവർന്നു നിന്നിട്ടും അവൾ കുനിഞ്ഞു വീഴുന്നു. ഒരായിരം ചവിട്ടുകൾ നെഞ്ചിലേറ്റു വാങ്ങിയിട്ടും അവൾ തന്റെ സ്വത്വബോധത്തിലേക്ക് ഉണർന്നിട്ടില്ല. സ്ത്രീയുടെ പാരതന്ത്ര്യത്തിന്റെ ചരിത്രം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. അതിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ടെന്നാണ് കവി പറയുന്നത്.

## വരികൾ

"ഒരു കുറ്റിച്ചൂല്
ഒരു നാറത്തേപ്പ് – ഞണുങ്ങിയ വാക്കാർ
ന്നൊരു കഞ്ഞിപ്പാത്രം
ഒരട്ടി മണ്ണവൾ!"

## അർഥവിശദീകരണം

| | | |
|---|---|---|
| നാറത്തേപ്പ് | = | അഴുക്കു തുടയ്ക്കുന്ന തുണി |
| ഞെണുങ്ങിയ | = | ചുളിവുകൾ വന്ന |

## ആശയവിശദീകരണം

▶ സ്ത്രീ ജീവിതത്തിന്റെ ബിംബവൽക്കരണം

അവൾ കേവലമൊരു ജഡവസ്തുവാണെന്നു ബിംബങ്ങളിലൂടെ കവി പറയുന്നു. കുറ്റിച്ചൂലും, നാറത്തേപ്പും, വക്കു ചളുങ്ങിയ കഞ്ഞിപ്പാത്രവും അവളെ ആ വീടുമായി ബന്ധിപ്പിക്കുന്നു. നിരന്തരമായ ഉപയോഗം കൊണ്ട് തേഞ്ഞുപോയ, വീട്ടിനകത്തെ ഏറ്റവും വില കുറഞ്ഞ വസ്തുക്കളുമായാണ് സ്ത്രീയെ കവി താരതമ്യം ചെയ്യുന്നത്. വീടിനുള്ളിൽ തളയ്ക്കപ്പെട്ട അവളുടെ ജീവിതത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഈ ബിംബങ്ങൾ അവളുടെ തന്നെ വ്യക്തിത്വത്തിന്റെ പ്രതീകമായി മാറുന്നു. കുറ്റിച്ചൂലും നാറത്തേപ്പും പോലെ മറ്റുള്ളവരാൽ അവഗണിക്കപ്പെട്ട അവൾ ഒരട്ടി മണ്ണിന് മാത്രം അവകാശപ്പെട്ട ഒരു ജീവനായി മാറുന്നു.

## വരികൾ

"ഗതികിട്ടാത്തതാ
മവൾ തന്നാത്മാവിന്നൊരു യന്ത്രം പോലെ
യഴിച്ചെടുത്തു ഞാ-
നതി സൂക്ഷ്മം വേറൊരുടലിൽ ചേർക്കാവൂ
ഒരു നൂലട്ടപോ-
ലിഴയും പെണ്ണിന്റെയുടലിനോടല്ല ;
വിശക്കുമ്പോളൂരി
ലിറങ്ങുന്ന നരഭുക്കാം കടുവയിൽ
(ഇനിയുമുണ്ണിക -
ളുറങ്ങുമ്പോഴതിന്റെ മുരൾച്ച കേൾക്കാവു
മലയുടെ താഴെ
വയലിനക്കരെ, കതകിനപ്പുറം)"

### ആശയവിശദീകരണം

ഗതി കിട്ടാത്ത ആത്മാവായി എന്റെ മുന്നിൽ നിൽക്കുന്ന ഇവളുടെ ശരീരത്തിൽ നിന്നും ആത്മാവിനെ ഒരു യന്ത്രം പോലെ അഴിച്ചെടുത്ത് ഞാൻ അതിസൂക്ഷ്മമായി വേറൊരു ഉടലിൽ ചേർക്കുകയാണ്. നൂലട്ട പോലെ ജീവിതം നികൃഷ്ടമായി ഇഴഞ്ഞു തീർത്ത പെണ്ണിന്റെ ശരീരത്തിനോടല്ല ഞാനതിനെ ചേർത്തു വയ്ക്കുന്നത്. പകരം, അവളുടെ ആത്മാവിനെ ചേർത്തുവയ്ക്കുന്നത് വിശക്കുമ്പോൾ നാട്ടിലേക്കിറങ്ങി മനുഷ്യരെ ഭക്ഷിക്കുന്ന കടുവയുടെ ശരീരത്തോടാണ്. ഇനി ഉണ്ണികൾ ഉറങ്ങുമ്പോൾ നരഭോജിയായ ആ കടുവയുടെ മുരൾച്ചകൾ മലയുടെ താഴെയും വയലിനിക്കരെയും കതകിനപ്പുറവും മുഴങ്ങട്ടെ. കവിതയുടെ രണ്ടാംഘട്ടമെന്ന് വിശേഷിപ്പിക്കാവുന്ന ഈ ഭാഗത്തിലൂടെ കവി പ്രതികാരദാഹിയായ ഒരാത്മാവായി ആ സ്ത്രീ ജീവിതത്തെ സംക്രമിപ്പിക്കുന്നു.

▶ പ്രതികാരദാഹിയായ സ്ത്രീ

### വരികൾ

അവളുടെ നാവി -
ന്നെടുത്തു വേറൊരു കുരലിൽ ചേർക്കാവൂ; ഇറയത്തെച്ചിലു
രുചിച്ചിട്ടുന്നൊരു കൊടിച്ചിയിലല്ല;
വിശക്കുമ്പോഴിര
വളഞ്ഞു കൊന്നുതിന്നീടുന്ന ചെന്നായയിൽ

### അർഥവിശദീകരണം

| | | |
|---|---|---|
| കുരൽ | = | കണ്ഠം, ശബ്ദം |
| കൊടിച്ചി | = | പെൺപട്ടി, ശകാര വാക്ക് |

### ആശയവിശദീകരണം

അതുവരെ ശബ്ദിക്കാതെ ജീവിതം തീർത്ത അവളുടെ നാവിനെ എടുത്ത് വേറൊരു ജീവിയുടെ കണ്ഠത്തിൽ ചേർക്കുന്നു. ഇറയത്തെ എച്ചിലുകൾ തിന്നു ജീവിക്കുന്ന പെൺപട്ടിയിലല്ല പകരം വിശക്കുമ്പോൾ സ്വയം ഇരയെ വേട്ടയാടി കൊന്നു തിന്നുന്ന ചെന്നായയിലാണ് കവി ആ നാവ് ചേർത്തുവെയ്ക്കുന്നത്. നിശബ്ദമാക്കപ്പെട്ട പെൺജന്മത്തിന്റെ നാവിന് കൂവിയാർക്കുന്ന ചെന്നായയുടെ കണ്ഠത്തിലേക്ക് കവി മോചനം നൽകുന്നു.

▶ ചെന്നായയുടെ കണ്ഠത്തിലേക്ക് മാറ്റുന്ന നാവ്

### വരികൾ

പൂരങ്ങളും ജന -
പദങ്ങളും ചൂഴും വനവഹ്നികളി
ലവൾ തന്നുഗ്രമാം
വിശപ്പു ചേർക്കാവൂ, കലർത്തിടാവുഞാ -
നവൾ തൻ വേദന
ചലവും ചോരയുമൊലിക്കും സന്ധ്യയിൽ

### അർഥവിശദീകരണം

| | | |
|---|---|---|
| പുരം | = | നഗരം |
| ജനപദങ്ങൾ | = | ജനക്കൂട്ടം |
| വനവഹ്നി | = | കാട്ടുതീ |

### ആശയവിശദീകരണം

▶ വന്യമായ ബിംബ കല്പനകൾ

നഗരങ്ങളെയും ജനങ്ങളെയും ഒറ്റയടിക്കു വിഴുങ്ങാൻ എത്തുന്ന കാട്ടുതീയോടാണ് കവി അവളുടെ വിശപ്പിനെ ചേർത്തുവയ്ക്കുന്നത്. അവൾക്കനുഭവിക്കേണ്ടിവന്ന വേദനകളെ ചലവും ചോരയുമൊലിക്കുന്ന സന്ധ്യയിലേക്കാണ് കവി കലർത്തുന്നത്. സന്ധ്യ എന്നത് വളരെ മനോഹരമായി കവികൾ വർണ്ണിക്കാറുള്ള ഒരു കാവ്യബിംബമാണ്. അതിനെ പഴുപ്പും ചോരയും ഒലിക്കുന്ന ഒന്നായി വർണ്ണിക്കുമ്പോൾ അത് വന്യമായ ഭാവതലങ്ങളിലേക്ക് കവിതയെ എത്തിക്കുന്നു.

### വരികൾ (39- 43)

അവളുടെ ശാപ -
മണയ്ക്കാവൂ വിളനിലങ്ങളെയുണക്കിടുന്ന
സൂര്യനിൽ
വസൂരിമാലകൾ കുരുത്ത വ്യോമത്തിൽ
ബലിമൃഗമായി
ട്ടെടുത്തിടാവൂ ഞാനവളുടെ മൃതി.

### അർഥവിശദീകരണം

| | | |
|---|---|---|
| വ്യോമം | = | ആകാശം |
| മൃതി | = | മരണം |

### ആശയവിശദീകരണം

▶ പെണ്മയുടെ പകർന്നാട്ടം

അവളുടെ ശാപത്തെ, വിളനിലങ്ങളെ ഉണക്കിക്കളയുന്ന സൂര്യനിലേക്ക് ചേർത്തുവയ്ക്കുന്നു. സ്ത്രീയുടെ ശാപത്തെ ഉർവരത- ഊഷരത എന്നീ സങ്കല്പങ്ങളുമായി കവി ബന്ധിപ്പിക്കുന്നു. സൂര്യന്റെ താപം പോലെ അവളുടെ ശാപം ഉർവരമായ ഭൂമിയെ തരിശാക്കി മാറ്റി. വസൂരിമാലകൾ കുരുത്ത ആകാശത്ത് അവളുടെ മരണത്തെ ഒരു ബലിമൃഗമായാണ് കവി എടുത്തിടുന്നത്. ആകാശം എന്ന മനോഹരമായ കാവ്യബിംബത്തെ വസൂരിമാലകൾ കുരുത്ത ഒന്നായി കവി കല്പിക്കുന്നത് ആ കൃത്യത്തിന്റെ വന്യതയെ സൂചിപ്പിക്കുന്നു. സമൂഹം നൽകുന്ന സംഘർഷങ്ങളിൽപ്പെട്ട് ബലിമൃഗങ്ങളായി അവസാനിക്കുന്നവരാണ് സ്ത്രീകൾ എന്ന് കവി ഓർമ്മിപ്പിക്കുന്നു.

## Summarised Overview

ഒന്നിന് പിറകേ ഒന്നായി വിശാലതകളിലേയ്ക്ക് പടരുകയാണ് 'സംക്രമണം' എന്ന കവിത. ഭാവപരമായ സംക്രമണം ഭാഷാപരമായും നിലനിർത്താൻ കവിക്ക് അനായാസം കഴിയുന്നു. ഭാഷ ലളിതമാകുന്നതിനോടൊപ്പം ഗദ്യത്തിലേയ്ക്ക് അടുക്കുന്ന സ്വഭാവം എഴുപതുകളിലെ കവിതയിൽ കാണാൻ കഴിയുമെന്നതിന് ഒരുത്തമസാക്ഷ്യമാണ് ഈ കവിത. നീതിയെക്കുറിച്ച് വളരെ സൂക്ഷ്മമായ തലത്തിലുള്ള അന്വേഷണം ഈ കാലഘട്ടത്തിലെ കവിതകളിൽ സജീവമാണ്. വിപ്ലവത്തിന്റെ സൂചകമായി കീഴാളരും സ്ത്രീകളും മാറുന്നു. വസൂരിമാലകൾ കൊരുത്ത വ്യോമത്തെ പറ്റിയുള്ള സൂചന വിത്തെറിയുന്ന 'അമ്മദൈവങ്ങളെ'ക്കുറിച്ചുള്ള സ്മരണയുയർത്തുന്നു.

നവീനവും വിപ്ലവകരവുമായ ഒരു സംവേദനം സാധ്യമാക്കുന്ന കവിതയായാണ് നാം 'സംക്രമണ'ത്തെ കാണേണ്ടത്. ആറ്റൂർ രവിവർമ്മയുടെ 'സംക്രമണം' സ്വകാര്യമായ ഒരോർമ്മ യാഥാർഥ്യമായി ഈ കവിതയിലെ വക്താവിന്റെ മനസ്സിനെ സസൂക്ഷ്മം സ്വാധീനിക്കുന്നു. അയാളുടെ ഭൂതകാലത്തിന്റെ തന്നെ പ്രതിബിംബം വർത്തമാനകാല ജീവിതത്തിൽ പ്രക്ഷേപിക്കുന്ന മുഹൂർത്തമാണ് ഈ കവിതയിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളത്. വർത്തമാനകാല കർമ്മങ്ങളുടെ വിരലനക്കത്തിന്റെ പിന്നിൽ പോലും ഗതകാലം ചരടുവലിക്കുന്നു. നിശിതവും ധൂമിലവുമായ ഈ കാലബോധമാണ് 'സംക്രമണ'ത്തെ ഒരു കാല്പനിക കവിതയിൽ നിന്ന് വിഭിന്നമാക്കുന്നത്. ഭാവനയോ, ഭൂതകാലമോ, ആത്മസത്തയോ ഇവിടെ ആശ്വാസത്തിന്റെ തുരുത്തായി മാറുന്നില്ല.

കവിതയുടെ ഒന്നാം ഭാഗത്തിൽ അയാൾ അവളുടെ ജീവിതം പുനഃസൃഷ്ടിക്കുകയാണ്. അവളുടെ ജീവിതത്തെ അതിന്റെ ഭൗതിക പരിസരങ്ങളിൽ നിന്നടർത്തിമാറ്റാതെ അയാൾ അതിനെ യാഥാർഥ്യബോധത്തോടെ വീക്ഷിക്കുന്നു. അവളുടെ അസ്തിത്വത്തെയാണ് അയാൾ ദർശിക്കുന്നത്. കവിതയുടെ രണ്ടാം ഭാഗത്തിൽ അവളുടെ മരണാനന്തരക്രിയയാണ് വിഷയം. അഗ്നിയിലേയ്ക്കും ആകാശത്തിലേയ്ക്കും ജലത്തിലേയ്ക്കും വൃക്ഷത്തിലേയ്ക്കും അവളുടെ അവസ്ഥയെ പടർത്തുന്ന ഉദകക്രിയയാണ് വക്താവ് അവിടെ ചെയ്യുന്നത്. അതോടൊപ്പം പരമ്പരാഗതമായ അതിന്റെ അർഥരാഹിത്യത്തെ പുതിയ ഭാഷാബോധം കൊണ്ട് കവി നിഷേധിക്കുകയും ചെയ്യുന്നു. അതിന് ഒരഭിചാരകർമ്മത്തിന്റെ വന്യത നൽകുകയും ചെയ്യുന്നു. ദുഃഖത്തെയും മരണത്തെയും അതിജീവിക്കുന്ന കർമ്മവിധിയാണ് ഈ ഉദകക്രിയ.

മൃതി അവളുടെ ജീവിതത്തിന്റെ അന്ത്യമായിരുന്നില്ല. അവളുടെ പീഡനം ഇന്നും ആവർത്തിക്കപ്പെടുന്നു. അവളുടെ ചോദ്യങ്ങൾ വെറും മുഴക്കങ്ങളായി അലയുന്നു. പീഡനത്തിനെതിരെ ചരിത്രത്തിലൂടെ വികസിച്ചുവരുന്ന മനുഷ്യശക്തിയായി അവളുടെ ആത്മാവ് മാറുന്നു. കവിതയുടെ ആദ്യഭാഗം മൗനമാകുമ്പോൾ രണ്ടാംഭാഗം ശബ്ദായമാനമാകുന്നു; പ്രക്ഷോഭമായി മാറുന്നു. ജീവിതവ്രണങ്ങളുടെ മഹാകാശപ്രക്ഷേപമാണ് പ്രപഞ്ചം. ഓർമ്മയിലെ ദൈന്യത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തപ്പോഴുണ്ടായ പ്രതികാരവാഞ്ഛ പ്രപഞ്ചത്തിന്റെ സംഹാരശക്തിയിൽ കവി സന്നിവേശിപ്പിക്കുന്നു. അങ്ങനെ അവളുടെ ജീവിതം അർഥവത്താക്കുന്നു. പ്രകൃതി ശക്തികളെക്കൊണ്ട് ഈ ലോകത്തെ കടിച്ചുകീറാൻ, വെണ്ണീറാക്കാൻ, ഉണക്കിവരട്ടാൻ നിൽക്കുന്ന മന്ത്രവാദിയുടെ പ്രതികാരദാഹം ഇവിടെ കത്തിനിൽക്കുന്നു. കവി ഒരു സാധാരണ കഥയെ തന്റെയുള്ളിലേക്കാവാഹിക്കുമ്പോൾ അതൊരു മിത്താകുന്നു. എന്നാൽ ആ മിത്തിനെ അഴിച്ചെടുക്കുന്നിടത്താണ് ഈ കവി തന്റെ ഭാവന കൊണ്ട് ലോകത്തെയാകെ മാറ്റാൻ ശ്രമിക്കുന്നത്. മന്ത്രവാദി ഉറഞ്ഞുതുള്ളുന്നത് പോലെ, പഴയ ലോകത്തിന്റെ ശ്മശാനത്തിൽ നിന്ന് ഒരു പുതുലോകം സൃഷ്ടിക്കുവാൻ കവി ഇവിടെ തയ്യാറാകുന്നു.

കവിതയുടെ ഒന്നും രണ്ടും ഭാഗങ്ങൾ തമ്മിലുള്ള സംഘർഷമാണ് കവിതയുടെ അനുഭവത്തെ ഉത്തേജിപ്പിക്കുന്നത്. പെണ്ണിന്റെ ശാപവും സൂര്യന്റെ വിനാശകരമായ ഊർജപ്രസരണത്തിൽ

കലർത്തുമെന്നു ശപഥം ചെയ്തുകൊണ്ട് ആറ്റൂർ രവിവർമ്മ മനുഷ്യസംസ്കാരത്തിന്റെ ആദിമ ശ്രുതികളെ തൊട്ടുണർത്തുന്നു. മനുഷ്യന്റെ ഇച്ഛാശക്തിയുടെ ഏറ്റവും വലിയ ആദിരൂപമാണ് മാന്ത്രികൻ. മാന്ത്രികന്റെ ആഭിചാരകർമ്മം കവിതയുടെ രണ്ടാം ഭാഗമാകെ പടർന്നിരിക്കുന്നു. വിനാശശക്തികൾ നാവുനീട്ടുന്ന ഈ ഭൂമിയിൽ ജലമോ സസ്യമോ ഇല്ല. ഈ ആകാശത്തിൽ മേഘവുമില്ല. വനത്തിൽ തീയാണ്. വിളനിലങ്ങളിലാകട്ടെ, വരൾച്ചയും. ഈ ലോകത്തിനെതിരെ യാണ് കവി ക്ഷുദ്രകർമ്മം ചെയ്യുന്നത്. സന്ധ്യ, ആകാശം, സൂര്യൻ എന്നിവയുടെ മതപരമായ എല്ലാ വിശുദ്ധികളും ധിക്കരിച്ചു കൊണ്ട് അവയെ മാന്ത്രിക ചിന്തകളാക്കി മാറ്റുകയും അവയി ലൂടെ പ്രപഞ്ചവുമായി തനിക്കുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ബന്ധം വെളിപ്പെടുത്തുകയും ചെയ്യുന്നിടത്താണ് ആറ്റൂർ രവിവർമ്മയുടെ മൗലികത കുടികൊള്ളുന്നത്.

## Assignments

1. ഭൂതകാലജീവിതത്തെ വർത്തമാനകാലജീവിതവുമായി കൂട്ടിയിണക്കുന്ന കവിതയാണ് 'സംക്രമണം'-വിശദീകരിക്കുക.
2. ശക്തമായ രാഷ്ട്രീയ ധ്വനിയുടെ മുഴക്കമാണ് 'സംക്രമണം' എന്ന കവിത. ഉപന്യസിക്കുക.
3. 'സംക്രമണം' എന്ന കവിത മലയാളകവിതയുടെ ഭാവുകത്വത്തിൽ വരുത്തിയ മാറ്റം വില യിരുത്തുക
4. ആറ്റൂർക്കവിതകളുടെ സവിശേഷതകൾ 'സംക്രമണം' എന്ന കവിതയെ ആസ്പദമാക്കി പരിശോധിക്കുക.
5. സ്ത്രീജീവിതത്തിന്റെ സംക്രമണത്തെ ആറ്റൂർ അവതരിപ്പിക്കുന്നത് എങ്ങനെ?

## References


1. ഡോ. കെ. എം. ജോർജ് (എഡി.), ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
2. ഡോ. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
3. ഡോ. എം. ലീലാവതി, വർണ്ണരാജി, എൻ. ബി. എസ്., കോട്ടയം.
4. ആറ്റൂർ രവിവർമ്മ, മലയാളത്തിന്റെ പ്രിയകവിതകൾ, ഗ്രീൻ ബുക്സ്.


## Suggested Readings


1. ഡോ. മിനി ആലിസ്, സമകാലമലയാളകവിത : പുതുമയും പലമയും; മലയാള വിഭാഗം, യു. സി. കോളേജ്, ആലുവ.
2. ആറ്റൂർ രവിവർമ്മ, ആറ്റൂർ കവിതകൾ, ഡി. സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 3

# 1. സത്യവാങ്മൂലം

### സച്ചിദാനന്ദൻ

## Learning Outcomes

- ആധുനിക മലയാള കവിതാസന്ദർഭത്തെക്കുറിച്ചുള്ള ധാരണ സ്വരൂപിക്കുന്നു
- സച്ചിദാനന്ദന്റെ കവിതകളുടെ പ്രമേയപരമായ സവിശേഷതകൾ കണ്ടെത്തുന്നു
- പ്രതിരോധപ്രവർത്തനമായി കവിത മാറുന്നതിനെക്കുറിച്ചറിയുന്നു
- സത്യവാങ്മൂലം എന്ന കവിതയുടെ ആശയം ഗ്രഹിക്കുന്നു

## Background

കവി, അധ്യാപകൻ, രാഷ്ട്രീയ ചിന്തകൻ, വിമർശകൻ, വിവർത്തകൻ തുടങ്ങി പല വിശേഷണങ്ങളും സച്ചിദാനന്ദന് യോജിക്കും. അനുഭവങ്ങളുടെയും അനുഭൂതികളുടെയും അദ്ഭുതകരമായ വൈവിദ്ധ്യമാണ് സച്ചിദാനന്ദന്റെ സർഗാത്മകലോകം. ദേശീയമായ കാവ്യപാരമ്പര്യങ്ങളെ ആവാഹിച്ച് സാർവദേശീയമാനങ്ങളിലേക്ക് ഉയർന്നു നിൽക്കുന്ന എഴുത്തുകാരനാണ് അദ്ദേഹം. ദർശനങ്ങളുടെ ഋതുഭേദങ്ങളാൽ എന്റെ കൗമാരം പിച്ചിച്ചീന്തപ്പെട്ടിട്ടുണ്ട് എന്ന് കവിതയിലെഴുതിയ സച്ചിദാനന്ദൻ ആശയങ്ങൾ തമ്മിലുള്ള സംഘർഷങ്ങളിൽ നിന്നാണ് തങ്ങളുടെ തലമുറയിലെ കവികളുടെ കവിതകൾ പിറന്നതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആശയസംഘർഷങ്ങൾ, അനുഭവങ്ങളെ അവതരിപ്പിക്കുന്ന രീതികളിലും കാഴ്ചപ്പാടുകളിലും രൂപങ്ങളിലും ശൈലികളിലും കൂടിയാണ് പ്രതിഫലിച്ചിരുന്നത്. അസ്തിത്വവാദത്തെയോ മാർക്സിസത്തെയോക്കുറിച്ച് കവിത രചിക്കുവാൻ കവികൾ തയ്യാറായില്ല. അതിൽ നിന്നാർജിച്ച അനുഭവങ്ങളാണ് അവർ കവിതകളാക്കിയത്. പീഡാത്മകമായ അസ്തിത്വത്തിൽ നിന്ന് പിറവിയെടുക്കുമ്പോഴും പ്രത്യാശ കൈവിടാത്ത കവിതകളാണ് സച്ചിദാനന്ദൻ രചിച്ചത്. സമൂഹത്തെക്കുറിച്ചുള്ള ഉൽക്കണ്ഠയും നൈതികതയും കാവ്യസൗന്ദര്യവും തമ്മിലുള്ള ജൈവബന്ധത്തെക്കുറിച്ചുള്ള തിരിച്ചറിവുമാണ് പാരമ്പര്യം തനിക്കു നൽകിയതെന്ന് കവി വിശ്വസിക്കുന്നു. കവിത എഴുതുകമാത്രമല്ല, സ്വന്തം ജീവിതത്തിലെ കയറ്റിറക്കങ്ങളെ വിശദീകരിക്കുവാനും ഇദ്ദേഹം തയ്യാറായി.

മലയാളകവിതയുടെ ചരിത്രത്തിലും ആധുനിക മലയാളിയുടെ സാംസ്കാരികജീവിതത്തിലും ചില പുതിയ പ്രതിസന്ധികൾ രൂപം കൊള്ളുന്ന ഒരു കാലത്താണ് സച്ചിദാനന്ദൻ കവിതയെഴുതിത്തുടങ്ങിയത്. ചരിത്രപരമായ ദർശനങ്ങളിലേക്ക് കവിത എത്തിപ്പെട്ട കാലത്താണ് 'സത്യവാങ്മൂലം' രചിച്ചത്. ചരിത്രമെന്നത് യുദ്ധവും രാജാക്കന്മാരുടെ ഭരണപരിഷ്ക്കാരവും മാത്രമല്ലെന്നും ജനജീവിതത്തിന്റെ ആഖ്യാനമാണെന്നും കവി മനസ്സിലാക്കി. കൊസാംബിയുടെ പുസ്തകങ്ങളും മാർക്സിസ്റ്റ് ക്ലാസിക്കുകളും ചരിത്രത്തെ ശാസ്ത്രീയമായി സമീപിക്കുവാനുള്ള താത്പര്യമുണർത്തി. വംശം, ജാതി, ലിംഗം എന്നിവയെക്കുറിച്ച് മാർക്സിസം പുലർത്തുന്ന വൈരുധ്യങ്ങളും അദ്ദേഹത്തിന്റെ ചിന്തയെ ചൂടുപിടിപ്പിച്ചു. തന്റെ ചിന്തയെയും കവിതയെയും അക്കാലത്തെ വായനയും ചുറ്റുമുള്ള അനുഭവങ്ങളും രാഷ്ട്രീയവൽക്കരിച്ചിട്ടുണ്ടെന്ന് കവി അഭിപ്രായപ്പെട്ടിട്ടുണ്ട്. ആധുനിക കവിതയോട് ആഭിമുഖ്യം പുലർത്തുമ്പോഴും അതിന്റെ ആദ്യകാലങ്ങളിലെ കേവല വ്യക്തിവാദത്തോട് കലഹിക്കുവാനും കവി പ്രാപ്തനായി. എഴുപതുകളിൽ കടമ്മനിട്ടയും കെ. ജി. ശങ്കരപ്പിള്ളയും ബി. രാജീവൻ ഉൾപ്പെട്ട സുഹൃദ്വലയവും ജനകീയ സാംസ്കാരികവേദിയുടെ പ്രവർത്തനങ്ങളും സച്ചിദാനന്ദന്റെ കവിതകൾക്ക് ചരിത്രത്തിന്റെ കണ്ണുകൾ നൽകി. ആ കാലഘട്ടത്തിലെ കവികൾ ചരിത്രബോധത്താൽ ഉദ്ദീപ്തമായ ഒരു കാവ്യ

ധാര കണ്ടെത്തുകയും ചെയ്തു. ആധുനിക ലോകകവിതയും അവരുടെ കാഴ്ചപ്പാടിനെ വിപുലമാക്കി. ഭാവുകത്വപരമായും ശൈലീപരമായും സമകാലീനമായിരിക്കുമ്പോൾത്തന്നെ സാമൂഹിക ഉൽക്കണ്ഠകളും സ്വപ്നങ്ങളും പങ്കിടുന്ന കാവ്യധാരയാണ് ആ കാലഘട്ടത്തിൽ സജീവമായിരുന്നത്. ചരിത്രബോധത്തിന് സൗന്ദര്യാത്മകമായ ആവിഷ്ക്കാരം സാധ്യമാണെന്നും അതിനു വഴികൾ ഏറെയാണെന്നും അദ്ദേഹം മനസ്സിലാക്കി. 'സത്യവാങ്മൂലം' പോലുള്ള കവിതകളും, അദ്ദേഹത്തിന്റെ നിരൂപണകൃതികളും, ഇത്തരം ബോധ്യത്തിന്റെയും അന്വേഷണങ്ങളുടെയും ഉദാഹരണങ്ങളാണ്. അദ്ദേഹത്തിന്റെ ആദ്യകാല കവിതകളിൽ ആവർത്തിച്ചു വരുന്ന ഒരു ബിംബമാണ് സൂര്യൻ. ഭാഷയുടെ ഇരുട്ടിലാണ്ടു പോയ ലോകത്തെ പ്രകാശിപ്പിക്കാൻ ഉദിച്ചുയർന്നു വന്ന സൂര്യനാണത്. പുതിയൊരു സൂര്യനെ സൃഷ്ടിക്കുന്ന കവിത, പുതിയൊരു ലോകത്തെയാണ് സൃഷ്ടിക്കുന്നത്. ജീവിതത്തെ കാർന്നുതിന്നുകയും സാംസ്കാരിക രംഗത്തെ ശ്വാസം മുട്ടിക്കുകയും ചെയ്യുന്ന ജീർണ്ണതകളെ തകർക്കുവാനുള്ള ശ്രമം കവി നടത്തുന്നുണ്ട്.

അറുപതുകളിൽ രൂപംകൊണ്ട സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പരിണാമങ്ങളെ ശക്തമായി സ്വാധീനിച്ച കവിതകളായിരുന്നു സച്ചിദാനന്ദന്റേത്. ആഖ്യാനസമ്പ്രദായത്തിലും രൂപഭാവ പരിണാമങ്ങളിലും മലയാളസാഹിത്യത്തിലുണ്ടായ ദിശാവ്യതിയാനങ്ങൾ അറുപതുകളിൽ ശക്തമായിരുന്നു. ഇക്കാലത്തെ കവിതകളിൽ പൊതുവേ പ്രകടമായിരുന്ന നൈരാശ്യ ബോധത്തെയും അസ്തിത്വവ്യഥയെയും സച്ചിദാനന്ദൻ വേറിട്ടൊരു സൗന്ദര്യശിക്ഷണത്തിലൂടെ മറ്റൊരു വിധത്തിൽ രൂപപ്പെടുത്തിയെടുത്തിരുന്നു. ഐറണിയിലൂടെയും പ്രതീക്ഷയിലൂടെയും കവിതയെ നിരന്തരം രാഷ്ട്രീയവൽക്കരിച്ച കവി തന്റെ ഗദ്യകവിതകളിലെ വാക്കുകളുടെ താളത്തെയും സൗന്ദര്യത്തെയും കുറിച്ച് അങ്ങേയറ്റം ബോധവാനായിരുന്നു.

പ്രധാനകൃതികൾ - *ഇവനേക്കൂടി, കയറ്റം, അഞ്ചുസൂര്യൻ, തിരഞ്ഞെടുത്ത കവിതകൾ, സത്യവാങ്മൂലം, ഇന്ത്യൻ സ്കെച്ചുകൾ, വീടുമാറ്റം*

## Key themes

മാർക്സിസം-വിപ്ലവാത്മകത-അസ്തിത്വവാദം-നൈതികത-ബിംബം-ഐറണി

## Discussion

തന്നിലെ മാനുഷികതയെ പ്രഖ്യാപിക്കലാണ് സച്ചിദാനന്ദന്റെ 'സത്യവാങ്മൂലം'. സമകാലിക ചരിത്രത്തിന്റെ ഗുപ്തഘടന വായിക്കാനുള്ള സൂക്ഷ്മദർശിനിയാണു സച്ചിദാനന്ദന്റെ കവിതയിലെ കുട്ടി. സ്വയംനിർവചനത്തിനും സ്വയംപ്രാതിനിധ്യത്തിനും സ്വയംനിർണ്ണയത്തിനുമെല്ലാം മുതിർന്നവരുടെയും നരഭോജികളുടെയും ലോകത്ത് സ്നേഹാർദ്രതയുടെ മഹാവാക്യമാണ് സച്ചിദാനന്ദന് കുട്ടി. വ്യവസ്ഥയുടെ ദുഷ്ടതയ്ക്കും ഹിംസാഭ്രാന്തിനും വിഷക്കരുത്തിനും ഇര, മനുഷ്യത്വവിശുദ്ധിക്കും വംശപ്രത്യാശയ്ക്കും നേരറിവിനും രൂപകം. എല്ലാ ദൈവങ്ങൾക്കും പകരം സഹനവും അതിജീവനവും കൊണ്ട് തീക്ഷ്ണമായ ചരിത്രയാഥാർഥ്യത്തിന്റെ ബഹുസ്വരതയുടെ വ്യഞ്ജകങ്ങൾ ഓരോ കുട്ടിയുടെയും ബാല്യത്തിലെഴുതപ്പെട്ടതാണ് ചരിത്രത്തിന്റെ ധാർമ്മികത. അനുഭവത്തിന്റെ പ്രകാശത്തിനൊപ്പം അനിശ്ചിത

ത്വത്തിന്റെയും ആകുലതയുടെയും ദുരന്തഭീതികൾ തന്നെ കീഴട ക്കിയ സന്ദർഭത്തിലാണ് പ്രസിദ്ധകവിതകൾ പലതും അദ്ദേഹം എഴു തിയത്. ഹതാശമായ മൗനത്തിലാണ്ടു പോകുന്ന മനസ്സിനെ തിരിച്ച് മനുഷ്യനിലേക്കും ചരിത്രത്തിലേക്കും സംക്രമിപ്പിക്കാനുള്ള ശ്രമം 'സത്യവാങ്മൂല'ത്തിൽ കാണാം. പ്രതിസന്ധിയിലകപ്പെടുന്ന കാല ത്തിന്റെ മനസ്സിൽ നിന്ന് ചുരന്നു കിട്ടുന്ന വെളിപാടുകളാണിവ. ഏറ്റു പറച്ചിലിന്റെയും താക്കീതിന്റെയും നിരാസത്തിന്റെയും പ്രതിരോധ ത്തിന്റെയും വിഷാദത്തിന്റെയും പ്രതിഷേധത്തിന്റെയും വാക്യഘടന കവിതയിൽ കാണാം.

▶ മൗനത്തിലാണ്ടു പോകുന്ന മനസ്സിനെ മനുഷ്യനിലേക്കും ചരിത്രത്തിലേക്കും സംക്രമിപ്പിക്കാനുള്ള ശ്രമം

## വരികൾ

"കൂട്ടരെ,
ഇനി എനിക്കു ചിലതു പറയാനുണ്ട്
സ്വാസ്ഥ്യം എന്തെന്നറിഞ്ഞിട്ടില്ലാത്ത എന്റെ മനസ്സ്
ഇന്നു സമുദ്രംപോലെ പ്രശാന്തമായിരിക്കുന്നു:
ജ്വരനൃത്തങ്ങൾക്കും പോർച്ചിരികൾക്കും മീതെ
പെട്ടെന്ന് ഒരു പച്ചയില വന്നു വീണതുപോലെ.
എന്റെ മനസ്സ് പലപ്പോഴും ഉന്മാദത്തിന്റെ വക്കിൽ
വട്ടമിട്ടു പറന്നിട്ടുണ്ട്.
മരണത്തിന്റെ തകിടികളിൽ ഒരു പുൽച്ചാടിയുടെ പച്ചയായ
പരിസരബോധത്തോടെ അതു ചാടിനടന്നിട്ടുണ്ട്.
ദർശനങ്ങളുടെ ഋതുഭേദങ്ങളാൽ
എന്റെ കൗമാരം പിച്ചിച്ചീന്തപ്പെട്ടിട്ടുണ്ട്."

## അർഥവിശദീകരണം

| | | |
|---|---|---|
| സ്വാസ്ഥ്യം | = | സ്വസ്ഥത |
| ജ്വരം | = | ദുഃഖിപ്പിക്കുന്നത് |

## ആശയവിശദീകരണം

അഞ്ചു ഭാഗമായി തിരിച്ചിട്ടുള്ള കവിതയിലെ ആദ്യഭാഗം ചില വെളി പ്പെടുത്തലുകളാണ്. സ്വസ്ഥത എന്തെന്നറിഞ്ഞിട്ടില്ലാത്ത തന്റെ മനസ്സ് പ്രശാന്തമായിരിക്കുന്നു. ഉന്മാദത്തിന്റെ വക്കിൽ വട്ടമിട്ടു പറന്ന ആ മന സ്സിനെ ദർശനങ്ങളുടെ ഋതുഭേദങ്ങൾ കൗമാര കാലത്ത് പിച്ചിച്ചീന്തിയി ട്ടുണ്ട്.

▶ ഉന്മാദത്തിന്റെ വക്കിൽ വട്ടമിട്ടു പറന്ന മനസ്സ്

## വരികൾ

"മൗനത്തിന്റെയും മരണത്തിന്റെയും ഇരുണ്ട
തീരങ്ങളിൽനിന്നു
ഞാൻ പിന്നെയും ജീവിതത്തിലേക്കെറിയപ്പെട്ടിരിക്കുന്നു
ദാരിദ്ര്യവും ദുരിതവും ചേർന്നു കുഴിച്ചെടുത്ത
നിങ്ങളുടെ കണ്ണുകളിൽ
ഞാൻ പിന്നെയും എന്നെത്തന്നെ കണ്ടെത്തുന്നപോലെ.
പണിയെടുത്തു തയമ്പിച്ച കൈകളുള്ള
ഒരു കർഷകനായിരുന്നു എന്റെ അച്ഛൻ

കുട്ടിക്കാലത്തെന്നപോലെ അച്ഛന്റെകൂടെ ഇപ്പോഴും
ഞാൻ പുതുമണ്ണു കിളച്ചുമറിക്കുന്നു: വചനങ്ങളുടെ.
എന്നെങ്കിലും ഈ മണ്ണിൽ മുളയെടുക്കുന്ന
പച്ചപ്പിന്റെ അടിയിലെവിടെയോ
എന്റെ ഉപ്പിന്റെ ഒരു തുള്ളിയുമുണ്ടായേക്കാം
അതിലേറെ എന്താണു ഞാൻ നിങ്ങൾക്കു
വാഗ്ദാനം ചെയ്യുക കൂട്ടരേ,
വാഗ്ദാനങ്ങളാൽ നിരഹങ്കാരയാക്കപ്പെട്ട
ഈ ഭൂമിയിൽ?
നമ്മുടേത് ഒരു തുറുകണ്ണൻ സമയമാണ്
എന്റെ ഒരു സഹപാഠി ആത്മഹത്യചെയ്തു.
രണ്ടു മിത്രങ്ങൾ വിഷം കഴിച്ചു
മൂന്നുപേർക്ക് ഇപ്പോഴും ഭ്രാന്താണ്
ഇതിൽക്കൂടുതൽ എനിക്കൊന്നുമറിഞ്ഞുകൂടാ
എന്നോടൊന്നും ചോദിക്കരുത്
നമ്മുടേത് ഒരു പ്രേതമുഹൂർത്തമാണ്
എന്റെ അച്ഛൻ ദൈവകാരുണ്യത്താൽ
വെള്ളമിറക്കാതെ ചത്തുപോയി
എന്റെ പെങ്ങൾ മരിക്കാനൊരുങ്ങി നാടുവിട്ടു.
എന്റെ അനിയൻ വിമോചനത്തെക്കുറിച്ചു
സംസാരിച്ചതിനു ജയിലിലാണ്
അവന്റെ അമ്മയ്ക്കും ഏട്ടനും ഇപ്പോൾ ഭ്രാന്താണ്
എനിക്കതിൽ കൂടുതലായി ഒന്നുമറിഞ്ഞുകൂടാ
എന്നോടൊന്നും ചോദിക്കരുത്"

## ആശയവിശദീകരണം

> ▶ സമൂഹമൊന്നാകെ ഒരു പ്രേതമുഹൂർത്തത്തെ നേരിടുകയാണ്

ഈ മണ്ണിൽ മുളയെടുക്കുന്ന പച്ചപ്പിൽ തന്റെ വിയർപ്പുകണങ്ങളും കാണാൻ കഴിയുമെന്നും അതൊന്നു മാത്രമാണ് ഈ ഭൂമിയിൽ നിങ്ങൾക്കു തരാൻ കഴിയുന്ന വാഗ്ദാനമെന്നും കവി ഓർമ്മിപ്പിക്കുകയാണ്. സമൂഹമൊന്നാകെ ഒരു പ്രേതമുഹൂർത്തത്തെ നേരിടുകയാണെന്നും ആർക്കും അതിൽ നിന്ന് മോചനമില്ലെന്നും ഉറ്റവരും സുഹൃത്തുക്കളുമെല്ലാം പടുമരണത്തിന്റെ പിടിയിലമർന്നെന്നും കവി തുറന്നു പറയുന്നു.

## വരികൾ

"ചക്രവർത്തി നഗ്നനാണെന്നു വിളിച്ചുപറയുന്ന
പഴങ്കഥയിലെ കുട്ടിയാണു ഞാൻ
ഒരു വീട്ടിനുമുൾക്കൊള്ളാനാകാത്ത ഒരു മുറിയാണു ഞാൻ
ഒരു ശരീരത്തിലുമൊതുക്കാനാകാത്ത ഒരു മനസ്സാണു ഞാൻ
കരുത്തനായ ഒരു പുത്രനുവേണ്ടി
നിലവിളിക്കുന്ന ഗർഭപാത്രമാണു ഞാൻ.

എനിക്ക് അമരത്വം വേണ്ട.
രൂക്ഷമായ വെറുപ്പുകളും
അതിലും രൂക്ഷമായ സ്നേഹങ്ങളുമുള്ള
ഒരു സാധാരണ മനുഷ്യനാണു ഞാൻ"

## ആശയവിശദീകരണം

> ▶ ആരുടേയും വരുതിക്കു നിൽക്കാൻ കഴിയില്ലെന്നുള്ള തുറന്നു പറച്ചിൽ

ഈ വെളിപ്പെടുത്തലിൽ ഏതു സത്യത്തെയും മൂടിവെക്കാനുള്ള കാപട്യം തന്നെ ബാധിച്ചിട്ടില്ലെന്നും തന്നെ ആരുടേയും വരുതിക്കു നിറുത്തുവാൻ കഴിയില്ലെന്നുമുള്ള തുറന്നു പറച്ചിലാണുള്ളത്. വെറുപ്പിന്റെയും സ്നേഹത്തിന്റെയും ലോകത്തിൽ ജീവിക്കുന്ന സാധാരണമനുഷ്യൻ മാത്രമാണ് താനെന്ന് കവി പറയുന്നു.

## വരികൾ

“തൊണ്ടയിടറുകയും കണ്ണു കലങ്ങുകയും ചെയ്യുമ്പോൾ
ഞാനെന്റെ വൃത്തവും പ്രാസവും മറന്നുപോകുന്നു
എന്റെ വൃത്തം ഓടയിൽ പെറ്റുവീണ കുഞ്ഞിന്റെ
നിലവിളിയുടെ വൃത്തമാണ്
എന്റെ പ്രാസം തടവറയിലെ കർഷകന്റെ
പകനിറഞ്ഞ പേശികളുടെ പ്രാസമാണ്
നമുക്ക് ആഡംബരങ്ങൾക്കും
വളച്ചുകെട്ടലുകൾക്കും നേരമില്ല
ലളിതമായ വാക്കുകൾ നാം പിന്നെയും
നിർത്തി നിർത്തി ഉച്ചരിക്കേണ്ടിയിരിക്കുന്നു
നമ്മുടെ ഈറയും ദുരയും പീഡനവും സ്വപ്നവുമെല്ലാം
ഈ നിമിഷത്തിലെറിഞ്ഞുരുക്കി
ഉറുമികൾ വാർക്കേണ്ടിയിരിക്കുന്നു
കവിത അഭയവും പ്രവർത്തനവുമാണ്.
വിതയും കൊയ്തുമാണ്,
തേൻകൂടും മിഴാവും കടലും മുക്കുവനുമാണ്.

കൂട്ടരെ, നാമാണ്
പഴയ ആനക്കഥയിലെ കുരുടന്മാർ
നമ്മുടെ തലയിണയിൽ വിഷം നിറച്ചുവച്ച്
നാം സ്നേഹമന്വേഷിക്കുന്നു
നമ്മുടെ കാൽക്കീഴിൽ ടൈംബോംബുകൾ പുകയുമ്പോൾ
നാം വാക്കുകൾ മറന്ന നടന്റെ ഭാഗമഭിനയിക്കുന്നു.
നാം രണ്ടു കണക്കുപുസ്തകം സൂക്ഷിക്കുന്നു.
രണ്ടു നാവുകൊണ്ടു സംസാരിക്കുന്നു
കാമുകന്റെ ചുംബനം കാമുകിയെ തടവറയിലാക്കുന്നു
ഭർത്താവു വിളക്കു കെടുത്തുന്നത്
ഭാര്യയുടെ കഴുത്തു ഞെരിക്കാനാണ്
അതിഥിമുറിയിലെ ചിരികൾക്ക്
ഒറ്റുകാശിന്റെ തിളക്കമാണ്
ഉദ്യാനത്തിലെ സൂര്യകാന്തികൾക്ക്
കുരുതിച്ചോരയുടെ ഗന്ധമാണ്”

## അർഥവിശദീകരണം

| | | |
|---|---|---|
| ഈറ | = | കോപം |
| ദുര | = | അത്യാശ |

## ആശയവിശദീകരണം

ചുറ്റുമുള്ള ദൈന്യതയെ പകർത്തിവെക്കലാണ് തന്റെ കർമ്മമെന്നും മറ്റുള്ളവർക്കുവേണ്ടി അന്നമുറപ്പിക്കുന്നവരെ തുറുങ്കിലടയ്ക്കുന്ന അനീതിക്കെതിരെയാണ് തന്റെ തൂലികയെന്നും ഉറപ്പിക്കുകയാണ് ഈ വരികളിലൂടെ. നമ്മുടെ പീഡനവും ദുരയും സ്വപ്നവുമെല്ലാം ഉരുക്കി, എതിരിടാൻ ഉറുമികൾ വാർത്തെടുക്കേണ്ടത് കാലത്തിന്റെ ആവശ്യമാണെന്നും അപ്പോൾ മാത്രമാണ് കവിത അഭയവും പ്രവർത്തനവുമായി മാറുന്നതെന്നും ബോധ്യപ്പെടുത്തുന്നു. ഒരേ സമയം അത് വിതയും കൊയ്ത്തുമായും മാറുന്നു. സൃഷ്ടിയുടെയും സംഹാരത്തിന്റെയും രൂപമാർജിക്കുവാൻ കവിതയ്ക്കു കഴിയും. ഒന്നിനെയും പൂർണ്ണമായി തിരിച്ചറിയാൻ കഴിവില്ലാത്ത കുരുടന്മാരാണ് നാം. തലയിണയിൽ വിഷം നിറച്ചുവെച്ച് സ്നേഹമന്വേഷിക്കുന്നവർ. അസത്യം മാത്രം പറയുകയും അനീതി മാത്രം പ്രവർത്തിക്കുകയും ചെയ്യുന്നു. തനിക്കു തുണയാകേണ്ടവരെ തല്ലിക്കെടുത്തുകയും ഒറ്റുകാശിന്റെ തിളക്കത്തോടെ മറ്റുള്ളവരെ സ്വീകരിക്കുകയും ചെയ്യുന്നു.

> ▶ ഒരേ സമയം കവിത വിതയും കൊയ്ത്തുമായി മാറുന്നു

## വരികൾ

“നമ്മുടെ പകലുകൾക്കിടയിലൂടെ ഒരു രാത്രി വളരുന്നു
നമ്മുടെ നിദ്രകൾക്കടിയിലൂടെ ഒരു സൂര്യനുദിക്കുന്നു.
സ്വാതന്ത്ര്യം നൊന്തുപെറ്റ കുഞ്ഞിനെ പൊരിച്ചു തിന്നുന്ന
അമ്മയുടെ അലമുറയിടുന്ന ഉദരമായി മാറുമ്പോൾ
നീതി, സത്യം പറയുന്ന ഹൃദയം തുളയ്ക്കുന്ന
വെടിയുണ്ടയായി മാറുമ്പോൾ,
മണി മുഴങ്ങുന്നു
നർത്തകിയുടെ ചിരി ഒരു ദംഷ്ട്ര മറച്ചുവയ്ക്കുമ്പോൾ
എഴുത്തുകാരനും ചിത്രകാരനും ജനങ്ങൾക്കു പിറകിൽ
ഒരു കത്തി കൈമാറുമ്പോൾ,
പള്ളിയും പള്ളിക്കൂടവും ന്യായക്കോടതിയും നിയമസഭയും
നേരു മറയ്ക്കുന്ന മതിലുകളുയർത്തുമ്പോൾ മണിമുഴങ്ങുന്നു
നഗരങ്ങൾക്കും മനസ്സുകൾക്കും തീപ്പിടിക്കുന്നു
മണി മുഴങ്ങുന്നു വസന്തം മുഴങ്ങുന്നു ഞാൻ പോകുന്നു
ദുരിതം കണ്ട രാജകുമാരൻ അവന്റെ ബോധിയിലേയ്ക്ക്
പോകുന്നതുപോലെ ഞാൻ പോകുന്നു
അസ്ത്രം അതിന്റെ ലക്ഷ്യത്തിലേയ്ക്ക്
ചോദ്യം അതിന്റെ ഉത്തരത്തിലേയ്ക്ക്

ഇല അതിന്റെ വൃക്ഷത്തിലേയ്ക്ക്
പോകുന്നതുപോലെ ഞാൻ പോകുന്നു
മത്സ്യം അതിന്റെ സമുദ്രത്തിലേയ്ക്ക്
പോകുന്നതുപോലെ ഞാൻ പോകുന്നു
കാലമാകുന്നു. ഞാൻ പോകുന്നു.”

## അർഥവിശദീകരണം

ദംഷ്ട്രം = അണയിലുള്ള വലിയ വളഞ്ഞ പല്ല്

### ആശയവിശദീകരണം

- നന്മയോതേണ്ടവർ അധർമ്മം മാത്രം ചെയ്യുമ്പോൾ മനസ്സും നഗരവും ഒരുപോലെ കത്തിയമരുന്നു

പകലുകൾ ഇരുളാൽ മൂടപ്പെടുകയും നിദ്രകൾ പ്രകാശത്താൽ നിറയ്ക്കുകയും ചെയ്യുന്നു. സമൂഹത്തിലൊന്നാകെ അരാജകത്വം വിളയാടുമ്പോൾ നന്മയോതേണ്ടവർ അധർമ്മം മാത്രം ചെയ്യുമ്പോൾ മനസ്സും നഗരവും ഒരുപോലെ കത്തിയമരുന്നു. ദുഃഖം സഹിക്കാനാവാതെ ബുദ്ധൻ ബോധിയിലേക്കു മറയുന്നതുപോലെ, ഞാനും മറയുന്നു.

- ശൂന്യത നികത്താൻ ശാസ്ത്രങ്ങളോ പ്രത്യയ ശാസ്ത്രങ്ങളുടെ ഭാവനകളോ മതങ്ങളുടെ സാരോപദേശങ്ങളോ മതിയാവില്ല

തന്റെ കവിതയുടെ സാധ്യതയെക്കുറിച്ച് ഓർമ്മിക്കുന്ന കവി, സത്യത്തിന്റെ ഗ്രഹണവും സംവേദനവും കൂടുതൽ വേദനാജനകവും ദുഷ്ക്കരവുമായി വരുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നതെന്ന് ബോധ്യപ്പെടുത്തുകയാണ്. അധികാര മോഹവും ലാഭവും വിപ്ലവങ്ങളെ അതിജീവിച്ചിരിക്കുന്നു. വിപ്ലവങ്ങൾക്കു ശേഷവും അനീതിയും പീഡനവും പുതിയ രൂപങ്ങളിൽ തുടരുന്നു. ഈ ശൂന്യത നികത്താൻ ശാസ്ത്രങ്ങളോ പ്രത്യയ ശാസ്ത്രങ്ങളുടെ ഭാവനകളോ മതങ്ങളുടെ സാരോപദേശങ്ങളോ മതിയാവില്ല. മനുഷ്യന്റെ നിലനില്പിനെക്കുറിച്ചുള്ള എല്ലാത്തിനെയും അവിശ്വസിക്കുകയും ദുർനീതിയുടെയും സ്വേച്ഛാധികാരത്തിന്റെയും ഒരു രൂപത്തോടും സന്ധി ചെയ്യാതിരിക്കുകയും നൈതികമായ ആദിമ പ്രഭാവങ്ങളിലേക്കു മടങ്ങിച്ചെല്ലുകയും ചെയ്യുന്ന കവിതയുടെ ആത്മീയതയ്ക്കു മാത്രമേ ഈ ശൂന്യതയെ നേരിടാനാവൂ എന്ന ചിന്തയാണ് സച്ചിദാനന്ദൻ മുന്നോട്ടുവെക്കുന്നത്.

- യാഥാർഥ്യമറിയുന്ന ബുദ്ധന്റെ ക്രോധം

തഥാഗതന്റെ രോഷം നിറഞ്ഞ ധ്യാനമാണ് സച്ചിദാനന്ദന്റെ കവിത. ഭൂമിയുടെ നഷ്ടപ്പെട്ട ശാന്തിയെക്കുറിച്ചുള്ള സമരസ്ത്രോത്രമാണത്. ഈ ലോകത്തിലെ മഹാദുരിതങ്ങളുടെയും തീവ്രമായ സങ്കടങ്ങളുടെയും ഉറവിടം തേടുന്ന യാഥാർഥ്യമറിയുന്ന ബുദ്ധന്റെ ക്രോധം സച്ചിദാനന്ദന്റെ കവിതകളിലുണ്ട്. ഇന്ത്യൻ വർത്തമാന കാലത്തിന്റെ വ്രണിതാവസ്ഥയാണ് തന്റെ കവിതകളിലൂടെ അദ്ദേഹം വരച്ചുകാട്ടുന്നത്. ശിശുസഹജമായ നൈർമ്മല്യത്തോടെ, ഇന്ത്യൻ ജീവിതത്തിലെ കറുത്ത വാവുകളും ആന്തരിക സംഘർഷങ്ങളും പ്രതിസന്ധികളും പ്രവചനത്തെയും വെളിപാടിനെയുമോർമ്മിപ്പിക്കുന്ന നവീനമായൊരു ശൈലിയിൽ അവതരിപ്പിക്കുന്നു.

- ക്രിസ്തു ആയുധമേന്തി പൊരുതുന്ന കലാപകാരിയായി മാറുന്നു

അതിദാരുണമായ ദുരന്തത്തിന്റെയും തകർച്ചയുടെയും കാലത്ത് ക്രൂരതകളോടും അനീതികളോടും ഏറ്റുമുട്ടുന്ന ദിവ്യനായ ഒരു പ്രവാചകന്റെ വ്യസനവും ക്രോധവുമാണ് ബിംബകല്പനകളിൽ നിറയുന്നത്. സ്നേഹത്തിന്റെയും കരുണയുടെയും പാഠങ്ങൾ പഠിപ്പിച്ച ക്രിസ്തു ആയുധമേന്തി പൊരുതുന്ന കലാപകാരിയായി മാറുന്നു. ബുദ്ധനാവട്ടെ, ആദിവാസികളെ കലാപത്തിന്റെ രഹസ്യം പരിശീലിപ്പിക്കുന്ന വിപ്ലവകാരിയായി മാറുന്നു. ഉപരിപ്ലവമായ സംഗീതലഹരിയെ ഉപേക്ഷിക്കുവാനും അതോടൊപ്പം ജീർണ്ണിച്ച കാവ്യഭാഷയെ മുറിച്ച് മറ്റൊന്നാക്കി മാറ്റുവാനും സച്ചിദാനന്ദൻ ശ്രമിച്ചു. എഴുപതുകളിൽ സച്ചിദാനന്ദൻ എഴുതിയ കവിതകൾക്ക് മാന്ത്രികശക്തി കൈവരുന്നുണ്ട്. രാഷ്ട്രീയമായ അശാന്തിയും വിഷമപ്രശ്നങ്ങളും മിത്തിന്റെ തലങ്ങളുമായി കലർന്നു വരുന്നു. അദ്ദേഹത്തിന്റെ കവിതകളിലെ പ്രകൃതി ആന്തരിക സംഘർഷത്താൽ പൊട്ടിത്തെറിക്കുന്നു. വിത്തും വൃക്ഷവും ചെടികളും

പൂക്കളും വന്യമായ കാലത്തിന്റെ പ്രതീകങ്ങളായിത്തീരുന്നു. ഉദ്യാനത്തിലെ സൂര്യകാന്തിക്ക് കുരുതിച്ചോരയുടെ ഗന്ധമാണെന്ന് 'സത്യവാങ്മൂല'ത്തിൽ എഴുതുന്നത് അതുകൊണ്ടാണ്. കാരുണ്യത്തിന്റെ കടൽ ഉള്ളിൽ കൊണ്ടു നടക്കുന്ന ഒരു വിപ്ലവകാരി സച്ചിദാനന്ദന്റെ കവിതകളുടെ പിന്നിലുണ്ട്. ആ വിപ്ലവകാരി ജീവിതത്തെ കാർന്നുതിന്നുന്ന എല്ലാത്തരം ജീർണ്ണതകൾക്കും നേരെ വിപ്ലവാത്മകമായ ആക്രമണം നടത്തുന്നു.

## Summarised Overview

സച്ചിദാനന്ദന് കവിത രാഷ്ട്രീയ പ്രവർത്തനമാണ്. കവിതാ വിവർത്തനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന സച്ചിദാനന്ദൻ കവിതകളുടെ തെരഞ്ഞെടുപ്പിൽ പോലും രാഷ്ട്രീയമായ ജാഗ്രത പുലർത്തുന്നു. സമകാലിക ഇന്ത്യൻ സാഹചര്യത്തിന്റെ വ്രണിതാവസ്ഥയാണ് കവിതകളിലൂടെ സച്ചിദാനന്ദൻ വരച്ചുകാട്ടുന്നത്. ശിശുസഹജമായ നൈർമ്മല്യത്തോടെ, ഇന്ത്യൻ ജീവിതത്തിലെ ആന്തരിക സംഘർഷങ്ങളേയും പ്രതിസന്ധികളേയും നവീനമായൊരു ശൈലിയിൽ 'സത്യവാങ്മൂലം'എന്ന കവിതയിലൂടെ അദ്ദേഹം അവതരിപ്പിക്കുന്നു.

ദുരന്തത്തിന്റെയും തകർച്ചയുടെയും കാലത്ത് ക്രൂരതകളോടും അനീതികളോടും ഏറ്റുമുട്ടുന്ന ദിവ്യന്മാരായി യേശുവും ബുദ്ധനും ബിംബകല്പനകളിൽ നിറയുന്നു. സ്നേഹത്തിന്റെയും കരുണയുടെയും പാഠങ്ങൾ പഠിപ്പിച്ച ക്രിസ്തു ആയുധമേന്തി പൊരുതുന്ന കലാപകാരിയായി മാറുന്നു. ബുദ്ധൻ, ആദിവാസികളെ കലാപത്തിന്റെ രഹസ്യം പരിശീലിപ്പിക്കുന്ന വിപ്ലവകാരിയാകുന്നു. ഉപരിപ്ലവമായ സംഗീതലഹരിയെ ഉപേക്ഷിക്കുകയും അതോടൊപ്പം ജീർണ്ണിച്ച കാവ്യഭാഷയെ മുറിച്ച് മറ്റൊന്നാക്കി മാറ്റുവാനും സച്ചിദാനന്ദൻ ശ്രമിച്ചു. കാരുണ്യത്തിന്റെ കടൽ ഉള്ളിൽ കൊണ്ടു നടക്കുന്ന ഒരു വിപ്ലവകാരി സച്ചിദാനന്ദന്റെ കവിതകളുടെ പിന്നിലുണ്ട്. ആ വിപ്ലവകാരി ജീവിതത്തെ കാർന്നുതിന്നുന്ന എല്ലാത്തരം ജീർണ്ണതകൾക്കും നേരെ വിപ്ലവാത്മകമായ ആക്രമണം നടത്തുന്നു.

## Assignments

1. ആത്മാംശം ഉൾക്കൊള്ളുന്നു സച്ചിദാനന്ദന്റെ സത്യവാങ് മൂലം എന്ന കവിത പരിശോധിക്കുക.
2. കാരുണ്യവും, വിപ്ലവവും ഇടകലർന്ന കവിതയാണ് സത്യവാങ് മൂലം പരിശോധിക്കുക.
3. തഥാഗതന്റെ രോഷം നിറഞ്ഞ ധ്യാനമാണ് സച്ചിദാനന്ദന്റെ കവിത വിശദീകരിക്കുക.
4. സച്ചിദാനന്ദൻ എന്ന കവിയുടെ മാനുഷികതയുടെ അടയാളമായി സത്യവാങ്മൂലം എന്ന കവിത മാറുന്നതെങ്ങനെയെന്ന് പരിശോധിക്കുക.
5. സച്ചിദാനന്ദന്റെ കവിതകളിലെ നൈതികത - വിശകലനം ചെയ്യുക.

# References


1. കെ. സച്ചിദാനന്ദൻ, മലയാളകവിതാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. ഡോ. എം. ലീലാവതി, മലയാളകവിതാസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാഡമി, തൃശൂർ.
3. ഡോ. എം. ലീലാവതി, വർണ്ണരാജി, എൻ. ബി.എസ് കോട്ടയം.
4. ഡോ. കെ.എം. ജോർജ്ജ് (എഡി), ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ് കോട്ടയം.
5. കെ.സച്ചിദാനന്ദൻ, തെരഞ്ഞെടുത്ത കവിതകൾ, കറന്റ് ബുക്സ്, തൃശൂർ.
6. കെ. സച്ചിദാനന്ദൻ, കവിത, ഡി.സി ബുക്സ്, കോട്ടയം.
7. പന്മന രാമചന്ദ്രൻ നായർ (എഡി) സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം, കറന്റ് ബുക്സ് കോട്ടയം.


# Suggested Readings


1. കെ. സച്ചിദാനന്ദൻ, കവിതയുടെ എൺപതുകൾ, അന്വേഷണങ്ങൾ, ബോധി പബ്ലിഷിങ് ഹൗസ്, കോഴിക്കോട്
2. ഡോ. മിനി ആലീസ് സമകാല മലയാള കവിത പുതുമയും പലമയും മലയാള വിഭാഗം യൂസി. കോളേജ് ആലുവ
3. ഒരു കൂട്ടം ലേഖകർ സച്ചിദാനന്ദന്റെ ലോകങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# 2. കൊച്ചിയിലെ വൃക്ഷങ്ങൾ

## കെ. ജി. ശങ്കരപ്പിള്ള

## Learning Outcomes

- മലയാള കവിതയിൽ കെ. ജി. ശങ്കരപ്പിള്ള സാധ്യമാക്കിയ പുതുവഴികളെക്കുറിച്ച് സാമാന്യധാരണ നേടുന്നു
- ഗദ്യ കവിതയുടെ രചനാപരമായ സവിശേഷതകൾ ഗ്രഹിക്കുന്നു
- ദേശവും ദേശചരിത്രവും കവിതയിൽ ആവിഷ്കരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നു
- പാരിസ്ഥിതികാവബോധം കവിതയുടെ അന്തസ്സത്തയായി മാറ്റേണ്ടതിന്റെ പ്രാധാന്യം ഗ്രഹിക്കുന്നു

## Background

നിലവിലിരിക്കുന്ന ചൂഷണവ്യവസ്ഥിതി എരിച്ചുകളയണമെന്ന കലാപചിന്തയാണ് കെ. ജി. ശങ്കരപ്പിള്ളയുടെ കവിത. ആധുനികത വെറും കപടനാട്യമാവരുതെന്നും വിപ്ലവബോധത്താൽ ശക്തിയാർജിക്കേണ്ട മാനസികഭാവമാണെന്നും അദ്ദേഹം വിശ്വസിച്ചു. ആധുനിക മനുഷ്യന്റെ വിപ്ലവത്വര പ്രതിനിധാനം ചെയ്യുന്നവയാണ് അദ്ദേഹത്തിന്റെ കവിതകൾ. കാല്പനികതയെ നിഷേധിക്കുവാനും പരുഷഭാഷയിൽ സംവേദനം നടത്തുവാനും കവി ആഗ്രഹിച്ചു. കാൽപനികതയുടെ വർണ്ണശബളമായ ആകാശങ്ങളുപേക്ഷിച്ചു പരുപരുത്ത മണ്ണിലൂടെ നടക്കാൻ കൊതിച്ച കവിയാണ് ശങ്കരപ്പിള്ള. ക്രോധത്തെയും ശോകത്തെയും ചിരിയാക്കി മാറ്റുവാൻ കെ. ജി. ശങ്കരപ്പിള്ളയ്ക്ക് അനായാസം കഴിയുന്നു. പൊള്ളിക്കുന്ന ചിരിയായി അത് മാറുകയും ചെയ്യുന്നു. വ്യത്യസ്തങ്ങളും വിരുദ്ധവുമായ പലതിനെയും കൂട്ടിച്ചേർക്കുവാനുള്ള ഉത്സുകതയും അദ്ദേഹത്തിന്റെ കവിതയിൽ കാണാം. രൂപകസൃഷ്ടിയിലുള്ള വൈഭവം കെ. ജി. എസിന്റെ കവിതയുടെ പ്രധാന സവിശേഷതയാണ്.

മലയാളം അധ്യാപകനായിരുന്ന കെ. ജി. ശങ്കരപ്പിള്ള നിരവധി ശ്രദ്ധേയ കവിതകൾ രചിച്ചിട്ടുണ്ട്. നിരവധി ഇന്ത്യൻ, വിദേശഭാഷകളിലേക്ക് അദ്ദേഹത്തിന്റെ കവിതകൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അന്യഭാഷകളിൽ നിന്ന് അനേകം കവിതകൾ മലയാളത്തിൽ പരിഭാഷപ്പെടുത്തിയ ശ്രദ്ധേയനായ വിവർത്തകൻ കൂടിയാണ് കെ. ജി. ശങ്കരപ്പിള്ള. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ച അദ്ദേഹം സാംസ്കാരിക രംഗത്ത് ഇപ്പോഴും സജീവ സാന്നിധ്യമാണ്.

ഗദ്യഭാഷയോട് അടുപ്പമുള്ള വിഷയാനുസാരിയായ മൂർച്ചയുള്ള വാക്കുകളാണ് കെ. ജി. എസ്. കവിതകളിൽ ഉപയോഗിക്കുന്നത്. ഗദ്യകവിതയെന്ന് കെ. ജി. എസിന്റെ കവിതകളെ വിളിക്കുന്നതും ഇതുകൊണ്ടാണ്. കൃത്യതയാർന്നതും തുടക്കവും ഒടുക്കവുമുള്ള രചനാരീതിയാണ് അദ്ദേഹത്തിന്റേത്. സാമ്പ്രദായികരീതിയിൽ നിന്ന് ഭിന്നമായ പരുക്കൻ വാക്കുകളാണ് കവിതയിൽ നിറയുക. പരുക്കൻ ഭാഷ കൊണ്ട് ദേശവും അതിന്റെ ചരിത്രവും വർത്തമാനവുമെല്ലാം കെ. ജി. എസ്. കവിതകളിൽ ആവിഷ്ക്കരിച്ചു. തീവ്രഇടതുപക്ഷ മുന്നേറ്റത്തിന്റെ പ്രതീക്ഷകളും പാരിസ്ഥിതിക വിഭവങ്ങളുടെ ഉപയോഗത്തിലെ സമത്വബോധവും വ്യക്തികളുടെ അടങ്ങാത്ത

ആത്മാനുരാഗത്തോടുള്ള വിയോജിപ്പും കവിതയിൽ വിഷയമായി. വ്യത്യസ്ത വായനാ-വ്യാഖ്യാന സാധ്യതകൾ തുറന്നിടുന്ന കെ. ജി. എസ്. കവിതകളിൽ പ്രധാനപ്പെട്ടതാണ് 'കൊച്ചിയിലെ വൃക്ഷങ്ങൾ.'

ആഗോളമായ ആധുനിക കാവ്യസംസ്കാരത്തെ നിരാകരിക്കാതെ കേരളീയമെന്ന കാഴ്ചപ്പാട് ശക്തമായി അവതരിപ്പിക്കുന്ന കവിതയാണ് 'കൊച്ചിയിലെ വൃക്ഷങ്ങൾ.' കേരളീയ കാവ്യപാരമ്പര്യത്തോടൊപ്പം ചരിത്രസ്മരണകളും ഉണർത്തിവിടുവാൻ ഈ കവിതയ്ക്കു കഴിയുന്നു. ആധുനിക കവിതയിലെ കേരളീയത, ഭൂതകാലത്തോടും അവനവനോടും ഏറ്റുമുട്ടുന്നതോടൊപ്പം കേരളീയ വർത്തമാനത്തെയും അഭിമുഖീകരിക്കുന്നു എന്നതിന്റെ പ്രത്യക്ഷസാക്ഷ്യമാണ് 'കൊച്ചിയിലെ വൃക്ഷങ്ങൾ'. വ്യത്യസ്തതകളേയും വിരുദ്ധതകളേയും കൂട്ടിച്ചേർക്കുക, രൂപഭാവങ്ങളിൽ സാദൃശ്യമുണ്ടെന്ന് ആരും ശ്രദ്ധിക്കാത്തവയെ സദൃശങ്ങളായിത്തീർത്തു ഇണക്കുക, തനിനാടൻപദങ്ങളും സംസ്കൃതപദങ്ങളും കൂട്ടിക്കലർത്തുക തുടങ്ങിയ തന്ത്രങ്ങൾ കവിതയിൽ പ്രയോഗിക്കുവാൻ ഉത്സുകനാണ് കെ. ജി. ശങ്കരപ്പിള്ള. രൂപകങ്ങളെ സൃഷ്ടിക്കുവാനുള്ള വൈദഗ്ദ്ധ്യം തനതായ സവിശേഷതയായി കവിതയിൽ തെളിഞ്ഞു നിൽക്കുന്നു. ധ്വനിസാന്ദ്രമായ കവിതയെന്ന് അദ്ദേഹത്തിന്റെ കവിതകളെ വിശേഷിപ്പിക്കുന്നത് അതുകൊണ്ടാണ്. ക്രോധത്തെയും ശോകത്തെയും ചിരിയാക്കി മാറ്റുവാൻ കെ. ജി. ശങ്കരപ്പിള്ളയ്ക്ക് അനായാസം കഴിയുന്നു. പൊള്ളിക്കുന്ന ചിരിയായി അത് മാറുകയും ചെയ്യുന്നു.

പ്രധാനകൃതികൾ - *ബംഗാൾ, അയോദ്ധ്യ, ആനന്ദൻ, കൊച്ചിയിലെ വൃക്ഷങ്ങൾ, അതിനാൽ ഞാൻ ഭ്രാന്തനായില്ല, സൈനികന്റെ പ്രേമലേഖനം, പൂക്കൈത*

## Keywords

പാരമ്പര്യത്തിന്റെ പുനർവായന-ചരിത്രത്തോടുള്ള ഗാഢ സംവാദം-തെളിമയുള്ള ഒരു കാലം-അന്യാധീനപ്പെടുന്നതിന്റെ ചരിത്രം-പാരിസ്ഥിതികാവബോധം-ഉപഭോഗ സംസ്കാര വിരുദ്ധത-വ്യത്യസ്തങ്ങളെയും വിരുദ്ധങ്ങളെയും സംയോജിപ്പിക്കൽ-നാടൻ പദങ്ങൾ

## Discussion

▶ കൊച്ചിയെന്ന നാടിന്റെ പരിണാമ ചരിത്രം

കെ. ജി. ശങ്കരപ്പിള്ളയുടെ 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിതയിൽ കൊച്ചി, വൃക്ഷം എന്നീ പദങ്ങൾ പ്രതീകങ്ങളാണ്. കൊച്ചി എന്ന സ്ഥലത്തെ, ജന്മനാടിനെയും ഭൂമിയെയും സൂചിപ്പിക്കുന്ന പ്രതീകമായി കവി കല്പിക്കുന്നു. കൊച്ചിയുടെ പരിമിതചരിത്രത്തിലൂടെ, അതിന്റെ പരിണാമങ്ങളിലൂടെ ജന്മനാടിനും ഭൂമിക്കും വന്നു ചേർന്ന മാറ്റത്തെ പ്രതിഫലിപ്പിക്കുകയാണ് കവി. നാട്ടിൻപുറത്തിന്റെ നാഗരികതയിലേക്കുള്ള പരിണാമത്തിൽ സംഭവിച്ചത് എന്തൊക്കെയാണെന്ന് നഷ്ടബോധത്തോടെയും ഗൃഹാതുരതയോടെയും ചിന്തിക്കുന്ന കവിമനസ്സിൽ പ്രകൃതി, സാംസ്കാരികത്തനിമ, പരിസ്ഥിതി എന്നിവയിലെല്ലാം വന്നുചേർന്ന മാറ്റങ്ങളും അവ നേരിട്ട ആക്രമണങ്ങളും കീഴടക്കലുകളുമെല്ലാം ഉയർന്നുവരുന്നു. സ്വസ്ഥമായി മുന്നേറിയിരുന്ന ഒരു ദേശഭൂപടത്തിൽ കാലം വരുത്തുന്ന മാറ്റ

ങ്ങളെ പറയുക വഴി അധിനിവേശം ചെയ്യപ്പെടുന്ന ഭൂമി തന്നെയാണ് വിഷയമാകുന്നത്. തെളിമയുള്ള ഭൂതകാലത്തിൽ നിന്നും വർത്തമാനത്തിലേക്കെത്തുമ്പോൾ കലങ്ങി മറിഞ്ഞ കൊച്ചിയാണ് കവിതയുടെ കേന്ദ്രം.

1984-ലാണ് 'കൊച്ചിയിലെ വൃക്ഷങ്ങൾ' പ്രസിദ്ധീകരിക്കപ്പെടുന്നത്. മലയാളത്തിൽ ആധുനികതാവാദ പ്രവണതകൾ അവസാനിച്ചു തുടങ്ങുന്ന സമയമാണത്. ആധുനികത മുന്നോട്ടുവെച്ച അരാഷ്ട്രീയ ദർശനത്തോട് അതിന്റെ പ്രഭവകാലത്ത് തന്നെ വിയോജിച്ച കെ. ജി. ശങ്കരപ്പിള്ള ഭാഷയിലും രൂപത്തിലുമെല്ലാം വ്യതിരിക്ത സമീപനവുമായാണ് മുന്നോട്ടുപോയത്. 'കൊച്ചിയിലെ വൃക്ഷങ്ങളു'ടെ കാലത്ത് ഉത്തരാധുനികതയുടെ പൊതുപ്രവണതകൾ മലയാളത്തിൽ വ്യാപകമായി തുടങ്ങിയിട്ടില്ല. എന്നാൽ ബഹുമുഖങ്ങളിലേക്കും പല പ്രതലങ്ങളിലേക്കും പടരുന്ന അനുഭവം ഈ കവിതയിലുണ്ട്.

> ▶ ഉത്തരാധുനികതയിലേയ്ക്കുള്ള പ്രയാണം

## വരികൾ

"ഒരുകാലത്ത്
തൃക്കാക്കര മുതൽ
കൊച്ചിത്തുറമുഖം വരെയുള്ള വഴി
ഒരു നേർവരപോലെ
വിശ്വാസം നിറഞ്ഞതായിരുന്നു.

തുറമുഖത്തു നിന്നാൽ
തൃക്കാക്കര വിളക്കു കാണാം.
തൃക്കാക്കര വിളക്കിനോ
നീലത്തിര നമിക്കുന്നതു കാണാം."

## അർഥവിശദീകരണം

നീലത്തിര = നീലനിറത്തിലുള്ള തിരമാല

## ആശയവിശദീകരണം

ഒരുകാലത്ത് തൃക്കാക്കര മുതൽ കൊച്ചിവരെയുള്ള വഴി നേർവരപോലെ വിശ്വാസം നിറഞ്ഞതായിരുന്നു. അതുകൊണ്ടുതന്നെ കൊച്ചിത്തുറമുഖത്ത് നിന്നാൽ തൃക്കാക്കരവിളക്ക് കാണാം. തിരിച്ച് തൃക്കാക്കര വിളക്കിന് കൊച്ചിത്തുറമുഖത്തെ നീലനിറത്തിലുള്ള തിരമാലയുടെ ഇളക്കവും കാണാം. ഗാമയ്ക്കും വർമ്മയ്ക്കും മുമ്പുള്ള കാലമാണ് ആദർശാത്മകമായി കവിതയിൽ അവതരിപ്പിക്കപ്പെടുന്നത്. തൃക്കാക്കര മുതൽ കൊച്ചിത്തുറമുഖം വരെയുള്ള നേർവരപോലെ വിശ്വാസംനിറഞ്ഞ വഴി അതിന്റെ സൂചകമാണ്.

> ▶ നേർവര പോലെയുള്ള വഴി

## വരികൾ

"പണ്ടാണ്.
ടിപ്പു
ഗാമ

കൊച്ചി വാണ വർമ്മമാർ
കള്ളൻ ചതിയൻ പൊളിവചനം
ജ്ഞാനപ്പഴവുമായി വന്ന പാമ്പ്
തുടങ്ങിയ വളവുകൾക്കും മുമ്പ്.
അച്ചടി ഇംഗ്ലീഷ് അലോപ്പതി
തുടങ്ങിയ വേഗങ്ങൾക്കും മുമ്പ്.
തൃക്കാക്കര മുതൽ
കൊച്ചിത്തുറമുഖം വരെയുള്ള വഴി
ഒരു പഴഞ്ചൊല്ലുപോലെ
നാട്ടുവെളിച്ചം നിറഞ്ഞതായിരുന്നു."

## അർഥവിശദീകരണം

| | | |
|---|---|---|
| വാണ | = | ഭരിച്ച |
| അലോപ്പതി | = | ആധുനിക വൈദ്യചികിത്സ |

## ആശയവിശദീകരണം

> ▶ നാട്ടുവെളിച്ചം നിറഞ്ഞ വഴി

പണ്ടത്തെ കാര്യമാണ്. ടിപ്പുസുൽത്താനും വാസ്കോഡഗാമയ്ക്കും കൊച്ചിരാജവംശത്തിനും മുമ്പത്തെ കാര്യം. കള്ളവും ചതിയും പൊളിവചനവുമില്ലാതെ ഭരിച്ച മഹാബലി, അറിവിന്റെ പഴവുമായി വന്ന പാമ്പ്, മതപരിവർത്തനവുമായി വന്ന വിദേശികൾ തുടങ്ങിയ വളവുകൾ ഉണ്ടാകുന്നതിന് മുൻപ്, അച്ചടി കണ്ടുപിടിക്കുന്നതിനും ഇംഗ്ലീഷ് പ്രചാരത്തിലാകുന്നതിനും ആധുനികവൈദ്യശാസ്ത്രത്തെ പരിചയപ്പെടുന്നതിനും മുൻപുള്ള കാലം. അന്ന് തൃക്കാക്കര മുതൽ കൊച്ചിത്തുറമുഖംവരെയുള്ള വഴി ഒരു പഴഞ്ചൊല്ലുപോലെ നാട്ടുവെളിച്ചം നിറഞ്ഞതായിരുന്നു.

## വരികൾ

"ആ വഴിയുടെ ഇരുപാടുമോ
രംമരം മരമരം മരമരം എന്ന്
മഹാമരങ്ങൾ
ചെവിയാട്ടി വാലാട്ടിത്തുമ്പിയാട്ടി
നിരനിരയായി
നിവർന്നുനിന്നിരുന്നു.

നട്ടുച്ചയ്ക്ക് തണൽമരച്ചില്ലകൾ
വഴിപോക്കർക്ക്
മൺമറഞ്ഞ പിതൃക്കളുടെ
അനുഗ്രഹിക്കുന്ന കൈകളായി.
അവയിൽ ചിലത് പിന്നെ
രാമനാമങ്ങളായി
ദേവരൂപങ്ങളായി
അസുരദംഷ്ട്രകളായി
ചിലത് വിളക്കുമരങ്ങളായി
ചിലത് മുക്കാലിയായി
ചിലത് പല്ലക്കായി
കഴുക്കോലും ചിത്രവാതിലുമായി

### അർഥവിശദീകരണം

| | | |
|---|---|---|
| പിതൃക്കൾ | = | പൂർവ്വികർ |
| ദംഷ്ട്ര | = | കോമ്പല്ല് |
| മുക്കാലി | = | കുറ്റക്കാരെ കെട്ടി അടിക്കുന്ന മൂന്ന് കമ്പുകളുള്ള ഒരു ഉപകരണം. |

### ആശയവിശദീകരണം

▶ വൃക്ഷത്തിന്റെ പരിണാമ അവസ്ഥകൾ

തൃക്കാക്കര മുതൽ കൊച്ചിത്തുറമുഖംവരെയുള്ള വഴിയുടെ ഇരുവശത്തും നിരനിരയായി രംമരം മരമരം മരമരം എന്ന് പാടിക്കൊണ്ട് കൂറ്റൻ മരങ്ങൾ ഉത്സവത്തിനെഴുന്നള്ളിച്ച ആനയെപ്പോലെ ചെവിയാട്ടി, വാലാട്ടി, തുമ്പിക്കൈയാട്ടി വളർന്നുനിന്നിരുന്നു. മർമ്മര ശബ്ദമുളവാക്കി ആടുന്ന മരങ്ങളും വാദ്യമേളത്തിൽ ലയിച്ചു ചെവിയും വാലും തുമ്പിയുമാട്ടുന്ന ആനകളും ഏകീഭവിപ്പിക്കുന്നതിലെ ചാരുത ഏറെയാണ്. ആ വഴിയിലൂടെ സഞ്ചരിക്കുന്നവർക്ക് മരച്ചില്ലകൾ തങ്ങളുടെ പൂർവ്വികരുടെ അനുഗ്രഹിക്കുന്ന കൈകൾ പോലെ തണലേകി. രാമനാമങ്ങളായും ദേവരൂപങ്ങളായും കൂർത്തപല്ലുകളായും പിന്നീടവ രൂപം മാറി. ചില മരങ്ങൾ വിളക്കുമരങ്ങളായും ചിലത് കുറ്റവാളികളെ കെട്ടിയിട്ടടിക്കുന്ന മുക്കാലിയായും മറ്റു ചിലത് ധനാഢ്യർക്ക് സഞ്ചരിക്കാനുള്ള പല്ലക്കായും ഉപയോഗിക്കപ്പെട്ടു. വേറെ ചിലത് വീടുനിർമ്മാണത്തിനാവശ്യമായ കഴുക്കോലായും ചിത്രവാതിലായും രൂപാന്തരപ്പെട്ടു.

### വരികൾ

“ഈജിപ്റ്റിലോ ഗ്രീസിലോ
ചിലത് ചന്ദനഗന്ധമായി
ചിലത് ചെണ്ടയുടെ താണ്ഡവമായി
ഉയിരുണരുന്ന കിളിപ്പാട്ടായി
‘പടിഞ്ഞാറൻ കാറ്റിന് വീണ’യായി
ചിലത്
പൊക്കവും പടർച്ചയും കൂടിയ മക്കളായി
കാതലും ഫലവും ക്ഷയിച്ച പരമ്പരയായി
ആഴം കുറഞ്ഞ പച്ചയായി
ചിലത് കൊടിമരങ്ങളായി
ചിലത് കഴുമരങ്ങളായി.”

### അർഥവിശദീകരണം

| | | |
|---|---|---|
| ഉയിര് | = | ജീവൻ |
| കാതൽ | = | മരങ്ങളുടെ ഉൾഭാഗം |

### ആശയവിശദീകരണം

▶ വൃക്ഷത്തിന്റെ അവസ്ഥാവിശേഷങ്ങൾ

വഴിയിലുണ്ടായിരുന്ന ചില മരങ്ങൾ ഈജിപ്റ്റിലേക്കും ഗ്രീസിലേക്കും ചന്ദനഗന്ധത്തിനായി കയറ്റി അയക്കപ്പെട്ടു. ചിലതിനെ ചെണ്ട നിർമ്മിക്കാനായി ഉപയോഗിച്ചു. ഉയിരുണർത്തുന്ന കിളിപ്പാട്ടിനും പടിഞ്ഞാറൻകാറ്റിന് വീണ മീട്ടാനും ചില മരങ്ങളുടെ ചില്ലകൾ വേദിയൊരുക്കി. ചിലതിന് പൊക്കവും പടർച്ചയുമുള്ള സന്തതികളുണ്ടാ

യി. ചിലത് കാതലും ഫലവും ഇല്ലാത്ത ഉയരം കുറഞ്ഞ പരമ്പരയായിത്തീർന്നു. ചിലത് കൊടിമരങ്ങളായും കഴുമരങ്ങളായും മാറി.

### വരികൾ

"ചുടുകാട്ടിൽ
ചുടലബ്ഭൂതം പോലെ നിന്ന
ബോധിച്ചുവട്ടിൽ
വെട്ടിനുറുക്കപ്പെട്ട സൗന്ദര്യവുമായി
പതിതകാലം കിടന്നു.
മുക്തിയുടെ
ക്രൂരകാരുണ്യചുംബനം
കാത്തുകാത്ത്."

### അർഥവിശദീകരണം

| | | |
|---|---|---|
| ചുടുകാട് | = | ശ്മശാനം |
| പതിത | = | തോല്പിക്കപ്പെട്ട, വീണ, അധഃപതിച്ച |
| മുക്തി | = | മോചനം |

### ആശയവിശദീകരണം

ശ്മശാനത്തിൽ ഇലകൾ പൊഴിഞ്ഞ് ചുടലഭൂതത്തെ പോലെ നിന്ന ബോധിമരത്തിന്റെ ചുവട്ടിൽ വെട്ടിനുറുക്കപ്പെട്ട സൗന്ദര്യവുമായി ഒരു പതിതകാലം കിടന്നു. ചുടലക്കാട്ടിൽ വെട്ടിനുറുക്കപ്പെട്ട് കിടന്ന കരുണയിലെ നായികയായ വാസവദത്തയെ കവി ഇവിടെ ഓർമ്മിപ്പിക്കുന്നു. അവൾ നയിച്ച ജീവിതത്തെ പതിത കാലമായി കവി സങ്കല്പിക്കുന്നു. മോക്ഷത്തിനായി ബുദ്ധഭിക്ഷുവിന്റെ ക്രൂരമായ, എന്നാൽ കാരുണ്യത്തോടെയുമുള്ള ചുംബനത്തിനായി വാസവദത്ത കാത്തു കാത്തു കിടക്കുകയായിരുന്നു. വെട്ടിനുറുക്കപ്പെട്ട അവസ്ഥയിൽ മാത്രം എത്തുന്ന രക്ഷകനെന്ന ചിന്തയാലാവണം ക്രൂരമായ കാരുണ്യമെന്ന പദപ്രയോഗം കവി നടത്തുന്നത്.

> ▶ വൈകി എത്തുന്ന രക്ഷകൻ

### വരികൾ

"അഭയത്തിന്റെ വിരൂപശിഖരത്തിൽ
ഇടപ്പള്ളി ദൈന്യത്തിന്റെ പതാകയായി.
മണ്ണിലും വിണ്ണിലും
പക്ഷിക്കൂട്ടംപോലെ
ചങ്ങമ്പുഴ തഴച്ചു
വേരിൽ നിന്നു കനിയിലേക്ക് മുറുകിയ
പുള്ളുവത്തന്തിയിൽ
വൈലോപ്പിള്ളി വൈദ്യുതിയായി.
വാക്കുകളിൽ വസന്തധ്വനിയായി
പൂത്തുയർന്ന
ഒരു പാതാളവൃക്ഷമായി, പി.
വാക്കുകളുടെ മഹാബലി.
കാല്പാടുകളണിഞ്ഞ് വഴിയും
വഴിപ്പാടുകളണിഞ്ഞ് കാലുകളും വളർന്നു.

നരകാവരോഹത്തിലെന്നപോലെ
വളവുകളും ഉദ്വേഗങ്ങളും വളർന്നു.”

### അർഥവിശദീകരണം

വിണ്ണ് = ആകാശം
അവരോഹം = സ്വർഗം

### ആശയവിശദീകരണം

▶ ഇടപ്പള്ളി, ചങ്ങമ്പുഴ, വൈലോപ്പിള്ളി

ആത്മഹത്യയാകുന്ന ശിഖരത്തിൽ അഭയം പ്രാപിച്ച് ദയനീയതയുടെ കൊടിയടയാളമായി മാറിയ ഇടപ്പള്ളി രാഘവൻപിള്ളയെ കവി ഓർക്കുന്നു. ഭൂമിയിലും ആകാശത്തും പക്ഷിക്കൂട്ടം പോലെ ചങ്ങമ്പുഴ കൃഷ്ണപിള്ള തഴച്ചു. അക്കാലത്ത് ചങ്ങമ്പുഴക്കവിതകൾക്കു ലഭിച്ച പ്രസിദ്ധിയെയാണ് കവി സൂചിപ്പിക്കുന്നത്. വേരിൽ നിന്ന് കനിയിലേക്ക് മുറുകിയ രാത്രിയിൽ വൈലോപ്പിള്ളി ശ്രീധരമേനോൻ വെളിച്ചമായി മാറി.

▶ പി. കുഞ്ഞിരാമൻ നായർ

വാക്കുകളിൽ വസന്തം നിറച്ച് പൂത്തുയർന്നു വന്ന ഒരു പാതാളവൃക്ഷമായി, വാക്കുകളുടെ മഹാബലിയായ പി. കുഞ്ഞിരാമൻനായർ മാറി. കാല്പാടുകളിലൂടെ വഴിയും വഴിപ്പാടുകളിലൂടെ കാലുകളും പരസ്പരം വളർന്നു. നരകത്തിലും സ്വർഗത്തിലുമെന്ന പോലെ വളവുകളും ഉദ്വേഗങ്ങളും വളർന്നു. നരകത്തിലേക്കും സ്വർഗത്തിലേക്കുമുള്ള വഴികൾ വളവുകളും ആശങ്കകളും നിറഞ്ഞതാണെന്ന് കവി സൂചിപ്പിക്കുന്നു.

### വരികൾ

“ആ വഴിയുടെ ഇരുപാടുമോ
ചെറുതും വലുതുമായ
പുകക്കുഴലുകളുയർന്നു.
വളം നിർമ്മാണശാല
മരുന്നു നിർമ്മാണശാല
സർവകലാശാല
സാഹിത്യശില്പശാല
സിദ്ധാന്തശുദ്ധീകരണശാല
പെരുമയുറ്റ
പുതിയ പുതിയ തറവാടുകളിൽ നിന്ന്
പുക ഉയരുന്നു.
നിലം തൊടാതെ,
വൃക്ഷത്തിന്റെ പ്രേതരൂപങ്ങളായി.”

### അർഥവിശദീകരണം

പെരുമ = മഹത്വം, ശ്രേഷ്ഠത

### ആശയവിശദീകരണം

വഴിയുടെ ഇരുവശത്തും ചെറുതും വലുതുമായ വ്യവസായശാലകളുടെ പുകക്കുഴലുകളുണ്ടായി. വളംനിർമ്മാണശാല, മരുന്നുനിർമ്മാ

ണശാല, സർവകലാശാല, അവിടെയുള്ള സാഹിത്യശില്പശാല, പരീക്ഷണശാല എന്നിങ്ങനെ ശ്രേഷ്ഠമായ പുതിയ തറവാടുകളുണ്ടായി. അവിടെനിന്ന് നിലംതൊടാതെ ഉയരുന്ന പുക വൃക്ഷത്തിന്റെ പ്രേതരൂപങ്ങളായി മാറുന്നു. അന്തരീക്ഷത്തിൽ ഉയർന്നു നിന്ന നിരവധി വൃക്ഷങ്ങൾ മേല്പറഞ്ഞ സ്ഥാപനങ്ങൾ കെട്ടിയുയർത്താനായി വെട്ടിമാറ്റപ്പെട്ടു. ഇന്ന് അന്തരീക്ഷത്തിൽ ഉയർന്നു പൊങ്ങുന്ന പുകയെ വൃക്ഷത്തിന്റെ പ്രേതരൂപങ്ങളായി കവി സങ്കല്പിക്കുന്നു.

▶ പ്രേതരൂപിയായ വൃക്ഷങ്ങൾ പോലെ പുക

## വരികൾ

"പണ്ടെന്റെ ചെറിയ കുളത്തിലെ
മീൻനൃത്തവും നക്ഷത്രമണലും
മറച്ചുയർന്ന പായലുപോലെ
പുക പടരുന്നു.
കാറ്റിന് കാറ്റിന് ഗതി മാറി രൂപം മാറി
ദാർശനികമായ നാടോടിത്തമായി
ഇര തേടുന്ന വിഷമായി
കണ്ണിൽ കണ്ണിൽ
പുക പെരുകുന്നു.

ഒഴികഴിവുകളുടെ പച്ചവിറകിന്മേൽ
നമ്മുടെ ജന്മദീർഘമായ ശവദാഹം.
കണ്ണിൽ, മൂക്കിൽ, നാക്കിൽ,
നാം പിടിച്ച മുയൽക്കൊമ്പിൽ,
വാച്ചിൽ, ബാഗിൽ, ഭാവികിനാവിൽ,
ചെരിപ്പുകൾക്കൊക്കെയും മുമ്പത്തെ
കുഞ്ഞിക്കാലടികളിൽ
സാവധാനം
പുകയുടെ തുമ്പിക്കൈ ചുറ്റിപ്പടരുന്നു.
എണ്ണീക്കാൻ ധൃതിപ്പെടേണ്ട
സമയമുണ്ടല്ലോ
വേണ്ടുവോളം."

## അർഥവിശദീകരണം

വിഷം = കടുത്ത പുക

## ആശയവിശദീകരണം

പണ്ട് എനിക്കുണ്ടായിരുന്ന കുളത്തിൽ ഓടിനടന്ന മീനിനെയും നക്ഷത്രം പോലെ തിളങ്ങുന്ന മണലിനെയും മറച്ച് ഉയർന്നുപൊങ്ങി വന്ന പായലുപോലെയാണ് ഇപ്പോൾ പുക പടരുന്നത്. കാറ്റിനനുസരിച്ച് ഗതിയും രൂപവും മാറിയും, ദാർശനികമായി നാടോടിത്തമായി, പകയോടെ ഇരതേടിയും എല്ലായിടത്തും ആ പുക വ്യാപിക്കുകയാണ്. ഉത്തരവാദിത്തങ്ങളിൽ നിന്നുള്ള ഒഴിവുകഴിവുകൾ പച്ചവിറകുകളായി നമ്മുടെ ശവദാഹം നടത്തും.

▶ കാറ്റിനനുസരിച്ച് രൂപം മാറുന്ന പുക

പുക വ്യാപിക്കുന്നതിന് നാം ഓരോരുത്തരും കാരണക്കാരാണ്. പുകയെക്കുറിച്ചുള്ള ഈ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞു


SGOU

> ▶ മനുഷ്യരാശിയെ വിനാശകരമായി ബാധിക്കുന്ന പുക

മാറുമ്പോൾ നമുക്കുള്ള പട്ടട നാം തന്നെ ഒരുക്കുകയാണ്. കണ്ണും മൂക്കും നാവും അടങ്ങിയ ശരീരഭാഗങ്ങളിലും നമ്മുടെ ശാഠ്യങ്ങളിലും വാച്ചിലും ബാഗിലും ഭാവിസ്വപ്നങ്ങളിലും ചെരിപ്പുപയോഗിക്കും മുന്നേയുള്ള കുഞ്ഞിക്കാലടികളിലുമെല്ലാം പുക ഒരു തുമ്പിക്കൈ പോലെ ചുറ്റിപ്പടരുകയാണ്. പുക, ജനിച്ചുവീഴുന്ന പിഞ്ചുകുഞ്ഞിനെപ്പോലും ചുറ്റിപ്പടരുകയാണ്. എന്നിട്ടും ആരും വേണ്ടവിധം പ്രതികരിക്കാതെ ഇരിക്കുന്നതുകണ്ട കവി എണീക്കാൻ ധൃതിപ്പെടേണ്ടതില്ല, ധാരാളം സമയമുണ്ട് എന്ന് വ്യംഗ്യാർഥ സൂചകമായി പറയുന്നു.

## Summarised Overview

പാരിസ്ഥിതികാവബോധം പുതിയ കാഴ്ചകളായി 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിതയിൽ മാറുന്നു. ഒരു സ്ഥലത്ത് നങ്കൂരമിട്ട് കാഴ്ചകളെല്ലാം നോക്കിക്കാണുന്ന റിയലിസ്റ്റ് രീതിയിൽ നിന്ന് മാറി ദൃശ്യകേന്ദ്രം അടിക്കടി മാറ്റുന്ന നിലയിലാണ് കവിതയുള്ളത്. സ്വർഗത്തിൽ നിന്നുള്ള ആദിമനുഷ്യന്റെ പതനം പോലെ അനിവാര്യമായിരുന്നു പരിണാമം. ജ്ഞാനവൃക്ഷത്തിന്റെ പഴം ഭുജിച്ചതോടെ ആദിമനുഷ്യന് ഞാനെന്ന ജ്ഞാനമുണ്ടായി. ദ്വന്ദാവബോധമുണ്ടായി. അജ്ഞാനത്തിന്റെ സ്വർഗം നഷ്ടപ്പെട്ടു. ലഭിച്ച ഭൂമി കൈവിട്ട സ്വർഗത്തേക്കാൾ മോശമല്ലെന്ന തോന്നൽ നരനെ മുന്നോട്ടു നയിച്ചു. ഭൂമിയിൽ സ്വർഗം നിർമ്മിക്കാൻ അവൻ വെമ്പി. ഈ മാനവകഥ തന്നെയാണ് പുതിയ അറിവുകൾ കൈവന്ന പഴയ നരസമൂഹത്തിന്റെയും ദേശത്തിന്റെയും കഥ. നാട്ടുവെളിച്ചം പോരാ വഴിവിളക്കുകൾ വേണം എന്നത് നാഗരികതയിലേയ്ക്കുള്ള പരിണാമത്തിന്റെ അനിവാര്യതയാണ്.

മാറ്റത്തിന്റെ പല തലങ്ങളും ദശകളും ധ്വനിപ്പിക്കാൻ വൃക്ഷങ്ങളെ കവി പ്രതീകമാക്കുന്നു. പൂരത്തിനെഴുന്നള്ളിച്ച ആനകൾ മേളത്തിൽ ലയിച്ചിട്ടെന്നപോലെ ചെവിയും വാലും തുമ്പിക്കൈയ്യുമാട്ടിക്കൊണ്ടു നിൽക്കും. 'രം മരം മരമരം മരമരം' എന്ന് മഹാമരങ്ങൾ ചെവിയാട്ടി വാലാട്ടി തുമ്പിയാട്ടി നിരനിരയായി നിവർന്നു നിന്നിരുന്നു. അടുത്ത നിമിഷം ഇതേ മരങ്ങൾ മണ്മറഞ്ഞ കാരണവന്മാരുടെ അവതാരങ്ങളായി മാറുന്നു. മരച്ചോട്ടിലെ തണൽ, വഴിപോക്കർക്ക് തലയ്ക്കു മുകളിൽ നിവർത്തിപ്പിടിച്ച കൈയുടെ അനുഗ്രഹം പോലെ ആശ്വാസവും സുരക്ഷിതബോധവും നൽകുന്നു. വാല്മീകിയുടെ കഥ പ്രചരിക്കുന്നത് മരങ്ങളോട് ബന്ധപ്പെട്ടാണ്. ഋഷിമാർ രാമനാമം ഉപദേശിച്ചപ്പോൾ വേടന് അതുച്ചരിക്കാൻ പറ്റിയില്ലെന്നും 'ആ മരം ഈ മരം' എന്നു ചൂണ്ടിക്കാട്ടി മര മര എന്നുച്ചരിപ്പിച്ചു 'രാമരാമ' യെന്നാക്കിയെന്നും കഥയുണ്ട്.

വാണിജ്യം, മതാനുഷ്ഠാനങ്ങൾ, രാജകീയപ്രഭു ജനാധിപത്യങ്ങൾ, വിദേശവ്യാപാരം എന്നിവ ചരിത്ര-സംസ്കാര-പരിണാമങ്ങളെ ധ്വനിപ്പിക്കുന്ന അവസ്ഥാ-കർമ്മ-ഭേദങ്ങളാണ്. അവയെ വിളക്കുമരം, മുക്കാലി, പല്ലക്ക്, കഴുക്കോല്, ചിത്രവാതിൽ, കയറ്റുമതി ഇനമായ ചന്ദനം എന്നിവകൊണ്ട് സൂചിപ്പിക്കുന്നു. വാദ്യാദികലകൾക്കും (ചെണ്ട), തനതായ സാഹിത്യത്തിനും (കിളിപ്പാട്ട്), വൈദേശിക സാഹിത്യാഭിമുഖ്യത്തിനും തലമുറകളിലൂടെയുള്ള വൃദ്ധിക്കും ക്ഷയത്തിനും (കാതലും ഫലവും ക്ഷയിച്ച) ഉത്സവത്തിനും (കൊടിമരം) ദണ്ഡനത്തിനും (കഴുമരം) തുടങ്ങിയ ധ്വന്യാത്മകമായ ചിത്രങ്ങൾ മരമെന്ന ഏകസത്തയിൽ കണ്ടെത്തുന്നു.

നവ്യസാഹിത്യപരിണാമങ്ങളെക്കുറിക്കുന്ന വൃക്ഷബിംബങ്ങളാണ് തുടർന്നുവരുന്നത്. 'വെട്ടിനുറുക്കപ്പെട്ട സൗന്ദര്യം' എന്ന് കരുണയിലെ നായികയെ വിശേഷിപ്പിക്കുമ്പോൾ പശ്ചാത്തലത്തിൽ ബോധിവൃക്ഷ ചിത്രമുണ്ട്. വെട്ടിനുറുക്കപ്പെട്ട സൗന്ദര്യം ഒരു സ്ത്രീ മാത്രമല്ല, പതിതകാലമാണ്. പതിതകാരുണ്യ ചൈതന്യമായിട്ടാണ് ബൗദ്ധസത്ത എത്തുന്നത്. എന്നാൽ

വെട്ടിനുറുക്കപ്പെട്ടതിനുശേഷം മാത്രമേ രക്ഷകൻ എത്തിയുള്ളു. കാരുണ്യത്തിന് ക്രൂരമെന്ന ഒരു വിശേഷണം ചേർക്കേണ്ടി വരുന്നു. സാർവകാലികമായ ഒരർഥധ്വനി ഇതിനുണ്ട്. ചോര ചിന്തുകയും കൊടിയ വേദന തിന്നുതീർക്കുകയും ചെയ്യുന്ന പതിതവർഗത്തെ രക്ഷിക്കാൻ ജീവൻ നഷ്ടപ്പെടുന്ന നേരത്താണ് വിമോചകർ എത്തുന്നതെന്ന സത്യത്തെയാണ് കവി മുന്നിൽ നിർത്തുന്നത്. ബോധിവൃക്ഷത്തെ ജ്ഞാനോദയത്തിന്റെയും അതിരില്ലാത്ത കരുണയുടെയും ചിത്രമായാണ് സാധാരണ കല്പിക്കുന്നത്. കരുണയിൽ, ചുടലഭൂതമെന്നുൽപ്രേക്ഷിക്കപ്പെട്ട ഒറ്റമരത്തെ ഈ കവിതയിൽ കവി ബോധിവൃക്ഷത്തോട് ഏകീഭവിപ്പിക്കുന്നു. പതിത വർഗത്തിന് എല്ലാം നഷ്ടപ്പെട്ടതിനു ശേഷം അവരോട് കാട്ടുന്ന കാരുണ്യത്തെ ക്രൗര്യമെന്ന് വ്യഞ്ജിപ്പിക്കുവാൻ കൂടിയാണ് ബോധിവൃക്ഷ ചിത്രം കവി ഉപയോഗിച്ചിരിക്കുന്നത്.

ഇടപ്പള്ളിയെ ആത്മഹത്യയുടെ ദൈന്യപതാകയായും ചങ്ങമ്പുഴക്കവിതയെ പക്ഷിക്കൂട്ടമായും വൈലോപ്പിള്ളിക്കവിതയെ വേരിൽനിന്ന് കനിയിലേയ്ക്ക് മുറുകിയ വൈദ്യുതിയായും വാക്കിന്റെ ബലത്തിൻ പേരിൽ പി. കുഞ്ഞിരാമൻ നായരെ മഹാബലിയായും കല്പിക്കുന്നു. പാതാളവൃക്ഷമെന്ന കൽപനയുടെ ഔചിത്യം ശ്രദ്ധേയമാണ്. സമൂഹാബോധതലത്തിലാണ് അതിന്റെ വേരുകൾ പടർന്നിരിക്കുന്നത്.

നഗരവത്കരണത്തോടൊപ്പം സംഭവിക്കുന്ന പരിസ്ഥിതിമലിനീകരണത്തെക്കുറിച്ചും കവിത പ്രതിപാദിക്കുന്നുണ്ട്. വ്യവസായസ്ഥാപനങ്ങൾ പുകകൊണ്ട് അന്തരീക്ഷത്തെയും വിസർജ്യങ്ങളാൽ പുഴകളെയും മലിനമാക്കുന്നു. വിദ്യയോടും കലയോടും രാഷ്ട്രീയത്തോടും ബന്ധപ്പെട്ട ശാലകൾ മനനശക്തികളെ ധൂമാവൃതമാക്കുന്നു. പെരുമയുറ്റ സ്ഥാപനങ്ങളിൽ നിന്നുയരുന്ന ധൂമത്തെ, വൃക്ഷത്തിന്റെ പ്രേതരൂപങ്ങളായി കൽപിച്ചിരിക്കുന്നു.

കാറ്റിനനുസൃതമായി രൂപം മാറി ഗതിമാറിപ്പറക്കുന്ന പുകയിൽ രാഷ്ട്രീയ-സാംസ്കാരിക-ദാർശനിക സിദ്ധാന്തങ്ങളെയെല്ലാം കാണുവാൻ കഴിയും. വൈകാരികവും സാംസ്കാരികവും ആശയപരവുമായ തകർച്ച വിഷവാതകം പോലെ മാനവലോകത്തെ അന്ധരാക്കുന്നു, ശവങ്ങളാക്കുന്നു. ജീവിതമെന്നത് ആ മലിനലോകത്തിനുള്ളിൽ കിടന്നുള്ള പുകയൽ ആയി മാറുന്നു. സമകാലിക ജീവിതാവസ്ഥയെ, പച്ചവിറക് എന്ന രൂപകത്തിലൂടെ വൃക്ഷങ്ങളോട് ബന്ധിപ്പിക്കുന്നു. പഴയ പച്ചമരങ്ങൾ ഇപ്പോൾ പച്ചവിറകായി മാറിയിരിക്കുന്നു. ജനനം മുതൽ മരണം വരെ നീണ്ടുപോകുന്ന ശവദാഹത്തെയാണ് ജീവിതം എന്ന് വിളിക്കുന്നത്. ആ കിടപ്പിൽ ചെവിയും വാലും തുമ്പിയുമാട്ടി നിരനിരയായി നിന്നിരുന്ന മരങ്ങളുടെ ഓർമ്മ ഉണരുന്നു. ചുറ്റിപ്പിടിക്കാൻ നീളുന്ന തുമ്പിക്കൈയാകട്ടെ, ഭീതിയുളവാക്കുന്നു. ശരീരമാകെ പുക പടർന്നേറുന്നു.

പരിസ്ഥിതിനശീകരണത്തിലൂടെ അന്തിമനാശമെന്ന അവസ്ഥയെ നേരിടുന്ന ഭൂമിയെയും ഒഴികഴിവുകളിലൂടെയുള്ള അവരോഹണത്തിലേയ്ക്ക് നീങ്ങുന്ന സാമൂഹ്യവ്യവസ്ഥിതിയെയും ആർജവവും ആർദ്രതയുമുള്ള സംസ്കാരഘടനയ്ക്കു പകരം വിഷധൂമത്താൽ ചാമ്പലായിക്കൊണ്ടിരിക്കുന്ന വ്യക്തിചേതസിനെയും സമൂഹചേതസിനെയും ധ്വനിപ്പിക്കാൻ പച്ചമരങ്ങളിൽ നിന്ന് പച്ചവിറകിലേയ്ക്കുള്ള പരിണാമമെന്ന കാവ്യബിംബകല്പനയിലൂടെ കവിക്കു കഴിഞ്ഞിരിക്കുന്നു.

## Assignments

1. 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിതയിൽ ബോധിവൃക്ഷചിത്രം ഉപയോഗിച്ചതിന്റെ സാംഗത്യമെന്ത്? വിലയിരുത്തുക.

2. മലയാളകവികളെ കെ. ജി. ശങ്കരപ്പിള്ള തന്റെ കവിതയിൽ അടയാളപ്പെടുത്തുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.
3. പാരിസ്ഥിതിക കവിതയെന്ന നിലയിൽ 'കൊച്ചിയിലെ വൃക്ഷങ്ങളെ'ക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
4. കൊച്ചിയുടെ പരിണാമചരിത്രം 'കൊച്ചിയിലെ വൃക്ഷങ്ങളിൽ'- ഉപന്യസിക്കുക.
5. കൊച്ചിയിലെ വൃക്ഷങ്ങൾ എന്ന കവിതയിലെ കവികൾ പരാമർശവിഷയം ആകുന്നതിനെക്കുറിച്ച് വിവരിക്കുക.

## References


1. ഡോ. എം. ലീലാവതി, കൊച്ചിയിലെ വൃക്ഷങ്ങൾ ഒരു പാരായണം, എസ്.പി. സി. എസ്., കോട്ടയം.
2. ഇ. വി. രാമകൃഷ്ണൻ, 'കവിതയും പ്രവർത്തനവും', കൊച്ചിയിലെ വൃക്ഷങ്ങൾ, കെ. ജി. ശങ്കരപ്പിള്ള, മൾബറി, കോഴിക്കോട്.
3. ഡോ. മിനി ആലിസ്, സമകാല മലയാള കവിത:പുതുമയും പലമയും; മലയാള വിഭാഗം, യു. സി. കോളേജ് ആലുവ.
4. ഡോ. കെ. എം. ജോർജ് (എഡി.), ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
5. ഡോ. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
6. ഡോ. എം. ലീലാവതി, വർണ്ണരാജി, എൻ. ബി. എസ്., കോട്ടയം.


## Suggested Readings


1. കെ. സി. നാരായണൻ, 'വൃക്ഷവും പുകയും', മലയാളിയുടെ രാത്രികൾ, ഡി. സി. ബുക്സ്, കോട്ടയം.
2. ഡോ. പി. കെ. രാജശേഖരൻ, 'വെളിവിന്റെ സൂക്ഷ്മശ്രുതി', കെ. ജി. ശങ്കരപ്പിള്ളയുടെ കവിതകൾ 1969-1996, ഡി. സി. ബുക്സ്, കോട്ടയം.
3. ഡോ. സി. രാജേന്ദ്രൻ, 'പ്രിയകഥകളില്ലിന്ന് പറയുവാൻ', പുതുവായന, ഡി. സി. ബുക്സ്, കോട്ടയം.
4. എസ്. രാജശേഖരൻ, നവോത്ഥാനാനന്തര കവിത, (വിത.) എൻ. ബി. എസ്., കോട്ടയം.
5. കെ. സദാനന്ദൻ, 'കെ. ജി. എസ്. കവിത ചില ദേശകാല വിവക്ഷകൾ' സാഹിത്യലോകം, മാർച്ച്-ഏപ്രിൽ 2006, കേരള സാഹിത്യ അക്കാദമി, തൃശൂർ.
6. കെ. എം. നരേന്ദ്രൻ, 'കെ. ജി. എസ്. കവിതകൾ', കെ. ജി. എസ്. കവിതകൾ 1997-2007, ഡി. സി. ബുക്സ്, കോട്ടയം.




SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 4

# വെയിൽ തിന്നുന്ന പക്ഷി

**എ. അയ്യപ്പൻ**

## Learning Outcomes

- എ. അയ്യപ്പന്റെ കവിതകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- ആധുനികതയ്ക്കു ശേഷമുള്ള മലയാള കവിതയെക്കുറിച്ച് അറിവ് നേടുന്നു
- 'വെയിൽ തിന്നുന്ന പക്ഷി' എന്ന കവിതയുടെ രചനാ സവിശേഷതകൾ തിരിച്ചറിയുന്നു
- ഭാവാത്മകബിംബങ്ങൾക്ക് കവിതയിലുള്ള സാധ്യതകൾ കണ്ടെത്തുന്നു

## Background

കവിതയുടെ നിറഞ്ഞ ലഹരിയുമായി ഒരവധൂതനെപ്പോലെ നാടും നഗരവും അലഞ്ഞ് കവിതയുടെ നിത്യകന്യകയെത്തേടി നടന്ന പി. കുഞ്ഞിരാമൻ നായരെപ്പോലെ ഒറ്റയാനാണ് അയ്യപ്പൻ എന്ന കവി. കവിതയെ ഒരു രചനാരീതി എന്നതിനേക്കാൾ ജീവിതത്തോടുള്ള കാഴ്ചപ്പാടായാണ് കവി പ്രധാനമായും കണ്ടിരുന്നത്. കവിതയിൽ പൂർവനിശ്ചിതമായ ഒരു ആശയമോ സന്ദേശമോ പ്രത്യയശാസ്ത്രമോ അയ്യപ്പന്റെ കവിതകളിൽ കാണാനാകില്ല. കവിതയുടെ കേന്ദ്രത്തിൽ നിശ്ചലനായി നിന്ന് അനുഭവത്തെയും അർഥത്തെയും വിന്യസിക്കുവാൻ കവി ശ്രമിക്കാറില്ല. അലച്ചിലിന്റെയും ലഹരിയുടെയും അനുസ്യൂതിയിൽ സ്ഥിരമായ സ്ഥല-കാലങ്ങൾ അപ്രത്യക്ഷമാകുകയും ഒരേ കവിതയിൽ, വാക്കിൽ, ബിംബത്തിൽത്തന്നെ വ്യത്യസ്ത സ്ഥല - കാലങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ബാഹ്യമോടികളുടെ മുഗ്ദ്ധസൗന്ദര്യമില്ലാത്ത, എന്നാൽ രക്തവും വാക്കുകളും തമ്മിലുള്ള സ്പർശം അനുഭവിപ്പിക്കുന്ന തീഷ്ണമായ വാങ്മയചിത്രങ്ങൾ അയ്യപ്പന്റെ കവിതയെ വ്യത്യസ്തമാക്കുന്നു.

നവീനകവിതയുടെ പൊതുപ്രവണതയിൽ നിന്ന് ഭാവഗീതാത്മകതകൊണ്ടു വേറിട്ടു നിൽക്കുന്ന രചനകളാണ് എ. അയ്യപ്പന്റേത്. അദ്ദേഹത്തിന്റെ കവിതകൾക്ക് മലയാളത്തിന്റെ ഭാവഗീതപൈതൃകത്തെ നവീകരിക്കുവാൻ സാധിച്ചു. പാരമ്പര്യം അയ്യപ്പൻ എന്ന കവിക്ക് ഒരു ഭാരമാകുന്നില്ല. ഒരു ഭാവത്തെയോ അനുഭവത്തെയോ വ്യക്തിചിത്രത്തെയോ വികസിപ്പിച്ചെടുക്കുന്ന സമ്പ്രദായം കവിതകളിൽ കാണാം. ഭാവങ്ങളെ ധ്വന്യാത്മകമായി ഒരു പുത്തൻ രചനാതന്ത്രത്തിലൂടെ വളർത്തിയെടുത്തുകൊണ്ട് പഴയ ഭാവഗീതങ്ങളുടെ അതിലളിതമായ ആവിഷ്ക്കരണരീതിയിൽ നിന്ന് ഈ കവിതകൾ മുന്നോട്ടുപോകുന്നു.

ജീവിതം അക്ഷരങ്ങളിൽ സന്നിവേശിപ്പിച്ച്, സ്വന്തം രൂപത്തെ പ്രതീകാത്മകമായി കവിതകളിൽ അവതരിപ്പിക്കുന്ന രചനാപാരമ്പര്യം പുലർത്തിയ കവിയായിരുന്നു അയ്യപ്പൻ. കവിതയിലെ ശ്ലഥബിംബങ്ങൾ പലപ്പോഴും രൂപഭാവങ്ങളാൽ അലങ്കരിക്കപ്പെട്ടപ്പോൾ വാക്കുകൾക്ക് മൂർച്ചയേറി. ശരതീവ്രമായ വാക്കുകളുടെ സഞ്ചലനം അപ്രകാരം അയ്യപ്പൻ കവിതയിലൂടെ മലയാള കവിതയിൽ സ്ഥാനപ്പെട്ടു. സഫലമാകാതെപോയ സ്വപ്നങ്ങൾ വാക്കുകളിൽ പുനർജനിച്ചപ്പോൾ കവിതകളിൽ വേദനയുടെ ഗന്ധവും പീഢനത്തിന്റെ മണവും അനുഭവപ്പെട്ടു.

ണ

*പ്രധാനകൃതികൾ - ബലിക്കുറിപ്പുകൾ, ചിത്തരോഗാശുപത്രിയിലെ ദിവസങ്ങൾ, പ്രവാസി യുടെ ഗീതം, ബുദ്ധനും ആട്ടിൻകുട്ടിയും, വെയിൽ തിന്നുന്ന പക്ഷി, അത്താഴം* തുടങ്ങിയവ

## Key themes

നവീനകവിത-ഭാവാത്മകത-ആത്മപീഡനം-മലയാള കവിതയിലെ ആധുനിക പ്രവണതകൾ

## Discussion

▶ ജീവിതത്തിന്റെ ആഘോഷവും ദുരിതവും

ജീവിതത്തെ ഒരേ സമയം ആഘോഷമായും ദുരന്തമായും ധ്വനിപ്പിക്കുന്ന കവിതയാണ് 'വെയിൽ തിന്നുന്ന പക്ഷി'. ജീവിതത്തിന്റെ തീക്ഷ്ണ യാഥാർഥ്യങ്ങളാണ് വെയിലായി പ്രതീകവൽക്കരിക്കപ്പെടുന്നത്.

### വരികൾ

കറുകുകൾക്കിന്നു വേനൽ കയ്ക്കുന്നു
കാണക്കാണെ ഹരിതം മറയുന്നു
കരിമേഘമേ ഒരു കട്ടുറുമ്പായെന്റെ
മിഴിനീരള നീയല്ലോ ജീവനത്തിൽ.
ഗിരിയിൽ നിന്നിങ്ങുവനസ്തമിക്കുന്നെന്റെ
മിഴികളിൽ ചരമത്തിൽ സൂര്യൻ.

### ആശയവിശദീകരണം

▶ കവിയുടെ അനാഥത്വത്തിന്റെ ആവിഷ്കാരം

ജീവിതത്തിന്റെ തിക്തതയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലോടെയാണ് കാവ്യം ആരംഭിക്കുന്നത്. മറയുന്ന പച്ചപ്പുകളും കയ്ക്കുന്ന വേനലും കട്ടുറുമ്പായി തന്നെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കുന്ന കാർമേഘവും ജീവിതത്തിലുടനീളം തന്നെ പിന്തുടരുകയായിരുന്നുവെന്ന് കവി തിരിച്ചറിയുന്നു. കവിതയിൽ കവിയുടെ അനാഥത്വം പല രൂപത്തിലും പ്രതിഫലിക്കുന്നുണ്ട്. തന്റെ പൂർവകാല ചെയ്തികൾ പലതും തന്റെ അനാഥത്വത്തിന് കാരണമായിത്തീർന്നിരിക്കാമെന്ന് കവി ഏറ്റുപറയുന്നുണ്ട്. പർവതസാനുക്കളിലെത്തുന്ന സൂര്യൻ തന്റെ മിഴികളിലെന്നും ചരമസൂര്യൻ മാത്രമായിരുന്നു. നിറം നഷ്ടപ്പെട്ട സൂര്യനെ മാത്രമേ തനിക്ക് തന്റെ മിഴികളിൽ ഒപ്പിയെടുക്കാൻ കഴിഞ്ഞുള്ളൂ.

### വരികൾ

അരുത് നീ ചൊല്ലരുത്
നിൻ ജീവിതത്തിന്റെ അരികിലൊന്നു വന്നു നിൽക്കാൻ
ചരരാശിയിലെന്റെ ജന്മം.
ഇഴമുറിയാപ്പെയ്യുമി മഴയുടെ തണലത്ത്

അരികിൽ ഞാൻ വന്നൊന്നു നിൽക്കാൻ
അരുത്  നി ചൊല്ലരുത്
അറിയുമോ നീയെന്നെ
ചരരാശിയിലെന്റെ ജന്മം.
പുഴുക്കുത്തേറ്റ പൂവിനുമുണ്ടൊരു കാലം
പൂവിന്റെ കാലം.
പട്ടുനൂൽപ്പുഴുവന്നു കെട്ടിത്തരും നിന-
ക്കാദിത്യഹൃദയത്തിലൂഞ്ഞാൽ.
ഇല്ലത്തെയുണ്ണി എങ്ങാണുപോയതെ-
ന്നെല്ലാരുമിന്നു പകച്ചുനിൽക്കേ,
വലംകാലുവച്ചു വരുന്നിതാ വേനൽ
ഇച്ഛയ്ക്ക് ഭംഗമായ്  വർഷം.

### ആശയവിശദീകരണം

ചരരാശിയിൽ ജന്മം പേറിയ തന്നെ ചേർത്തുപിടിക്കുവാൻ നീ തുനിയരുത് എന്ന് കവി ആവർത്തിക്കുകയാണ്. മഴത്തണലത്തും എന്നെ ചേർത്തുനിർത്താൻ ശ്രമിക്കരുത്. മേടം, കർക്കിടകം, തുലാം, മകരം ഇവയാണ് ചരരാശികൾ. കവിതയിൽ ഇടയ്ക്ക് പ്രത്യക്ഷപ്പെടുന്ന മഞ്ഞവെയിലിൽ പോലും മരണഗന്ധമുണ്ട്. പുഴുക്കുത്തേറ്റു മറയാൻ വെമ്പുന്ന പൂവിനും ഒരു പൂക്കാലമുണ്ടായിരുന്നു. ആദിത്യഹൃദയത്തിലൂഞ്ഞാൽ കെട്ടിത്തരാൻ പട്ടുനൂൽപ്പുഴുവരുമെന്ന് കവിക്ക് പ്രതീക്ഷയുണ്ട്. ഐശ്വര്യത്തിടമ്പേറിവരുന്ന വേനലും ഇച്ഛയെല്ലാം തല്ലിക്കെടുത്തുന്ന വർഷവും വിരുദ്ധതയെ സൂചിപ്പിക്കുന്നതാണ്. വേനൽ കയ്ക്കുന്നുവെന്ന് എഴുതിയ കവി, കവിതയുടെ അവസാനം വേനൽ നൽകുന്ന സമൃദ്ധിയെയാണ് ചൂണ്ടിക്കാണിക്കുന്നത്. വേനലും മഴയും വിരുദ്ധമായ് മാറുന്നതിൽ ആർക്കാണ് താത്പര്യം?

- ജീവിതാനുഭവങ്ങളെ ചരരാശികളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു

### വരികൾ

സ്വച്ഛന്ദസഞ്ചാരിക്കെന്തിന്നറിയേണം
ഛന്ദസ്സു വേണ്ടാത്ത വേഗം.
മരണാർണ്ണവത്തിന്റെ
കരയിൽ ഞാൻ പോകുവാൻ
തിരകൾ വിളിക്കുന്ന നേരം
മഴ കാത്തിരിക്കുമീ
വേഴാമ്പലിന്റെ
അധരം തുറക്കുന്നു ദൈവം.

### ആശയവിശദീകരണം

ഏതു തീക്ഷ്ണതയേയും സ്വീകരിക്കുവാൻ തയ്യാറായി നിൽക്കുന്ന 'വെയിൽ തിന്നുന്ന പക്ഷി'യായി കവി തന്നെ കാണുന്നു. ബോധി വൃക്ഷച്ചുവട്ടിലെ ബുദ്ധനാവുമ്പോഴാണ് തന്റെ കവിതയിലേയ്ക്ക് വാക്കുകൾ പൊട്ടിവീഴുന്നതെന്നും കവി തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. അത് തന്നെ അന്ധാളിപ്പിക്കാറുണ്ടെന്നും. കവിത ആസ്വദിക്കുന്നവന് ഭാഷ ഉന്മാദമാവണമെന്ന പക്ഷക്കാരനായിരുന്നു അയ്യപ്പൻ. ആത്മപീഡനം ഏറ്റുവാങ്ങുവാൻ കവിക്ക് ഏറെ താത്പര്യമാണ്. ഏതു തീക്ഷണത

- തീക്ഷണമായ വാങ്മയചിത്രങ്ങൾ

യേയും സ്വീകരിക്കുവാൻ തയ്യാറായി നിൽക്കുന്ന 'വെയിൽ തിന്നുന്ന പക്ഷി ' ആയി കവി തന്നെ കാണുന്നു. വേനൽ ഉഷ്മളദീപ്തിയായി കാണുന്ന കവിക്ക് അത് ദുഃഖമുക്തിയാണ് പ്രദാനം ചെയ്യുന്നത്. ചാരത്തിൽ നിന്ന് പൊങ്ങി, വൃക്ഷങ്ങൾ കാണാതെ അക്ഷരം തേടിപ്പോകുന്ന പക്ഷിയെയാണ് കവിയ്ക്ക് പ്രിയം. കാടെരിയുന്നത് വസന്തമായി കാണുവാൻ കവിക്ക് സാധിക്കുന്നത് അതുകൊണ്ടാണ്.

## Summarised Overview

കവിതയുടെ നിറഞ്ഞ ലഹരിയുമായി ഒരവധൂതനെപ്പോലെ അലഞ്ഞ കവിയാണ് അയ്യപ്പൻ. ജീവിതത്തോടുള്ള കാഴ്ചപ്പാടാണ് കവിയെ സവിശേഷനാക്കുന്നത്. പൂർവനിശ്ചിതമായ ഒരു ആശയമോ സന്ദേശമോ പ്രത്യയശാസ്ത്രമോ അതിൽ കണ്ടെത്താൻ കഴിയില്ല. ഒരേ കവിതയിൽ, വാക്കിൽ, ബിംബത്തിൽത്തന്നെ വ്യത്യസ്ത സ്ഥല - കാലങ്ങൾ പ്രത്യക്ഷപ്പെടുന്നു. ബാഹ്യമോടികളുടെ മുഗ്ദ്ധസൗന്ദര്യമില്ലാത്ത, എന്നാൽ രക്തവും വാക്കുകളും തമ്മിലുള്ള സ്പർശം അനുഭവിപ്പിക്കുന്ന തീക്ഷ്ണമായ വാങ്മയചിത്രങ്ങൾ അയ്യപ്പന്റെ കവിതയെ വ്യത്യസ്തമാക്കുന്നു. വെയിൽ തിന്നുജീവിച്ച ഒരു പക്ഷിയായി അയ്യപ്പൻ രൂപാന്തരം പ്രാപിക്കുകയായിരുന്നു. കവി വേനലിനെ ഉഷ്മളദീപ്തിയായി കാണുന്നു. അതുകൊണ്ടുതന്നെ കവിക്ക് അത് ദുഃഖമുക്തിയാണ് പ്രദാനം ചെയ്യുന്നത്. ചാരത്തിൽ നിന്ന് പൊങ്ങി, വൃക്ഷങ്ങൾ കാണാതെ അക്ഷരം തേടിപ്പോകുന്ന പക്ഷിയാണ് കവിയ്ക്ക് പ്രിയം. കാടെരിയുന്നത് വസന്തമായി കാണുവാൻ കവിക്ക് സാധിക്കുന്നത് അതുകൊണ്ടാണ്.

പൊതുധാരയിൽ നിന്ന് നിഷ്കാസിതനാകുന്ന ഒരു കോമാളി പ്രവാചകന്റെ നിലവിളിയാണ് അയ്യപ്പന്റെ കവിതകൾ. നന്മ തിന്മകളെക്കുറിച്ചുള്ള സമൂഹത്തിന്റെ സങ്കല്പങ്ങളോ കാല്പനിക വിഷാദങ്ങളോ കവിയെ വേട്ടയാടാറില്ല. മനുഷ്യക്കണ്ണിൽ മുള്ളു തറച്ചപ്പോഴാണ് അയ്യപ്പൻ കവിയായത്. മനുഷ്യത്വത്തിന്റെ മുറിവായിരുന്നു അത്. മനുഷ്യൻ ചെയ്ത പാപങ്ങളുടെ പരമ്പര അതിനു പിന്നിലുണ്ട്. അതിനു പരിഹാരമായി കവി സ്വയം ബലിമൃഗമാകുന്നു.

അയ്യപ്പന്റെ കാവ്യ തീർഥാടനം ജീവിതത്തിന്റെ അർഥം തേടിയുള്ളതാണ്. അതുകൊണ്ടുതന്നെയാണ് അനുവാചകരെ ആ കവിതകൾ അസ്വസ്ഥരാക്കുന്നത്. ദാർശനികവും ധാർമ്മികവും ബൗദ്ധികവുമായ ഒരാശയലോകത്തോടും കൂറു പുലർത്താൻ കവി ശ്രമിക്കാറില്ല. ഓരോ ജീവകണത്തിലും ജ്വലിക്കുന്ന അഗ്നി എപ്പോഴും അദ്ദേഹത്തിന്റെ സൃഷ്ടിയിൽ പതിക്കാറുണ്ട്. ഏതുമനുഷ്യനെയും ജീവിക്കാൻ പ്രേരിപ്പിക്കുന്ന സൗകുമാര്യത അയ്യപ്പന്റെ കവിതയുടെ ലാവണ്യധാരയാണ്. ദുസ്വപ്നങ്ങളിൽ നിന്നും തീവ്ര വ്യസനങ്ങളിൽ നിന്നുമാണ് മനുഷ്യന് നർമ്മബോധം ജനിക്കുന്നത്. സാധാരണ മനുഷ്യർ പുഞ്ചിരിയോടെ നേരിടുന്ന പലതിനെയും കവി പൊട്ടിച്ചിരിച്ചും പുലഭ്യം പറഞ്ഞും അട്ടഹസിച്ചുമാണ് നേരിടുന്നത്. അദ്ദേഹത്തിന്റെ കവിതയിലെ പരിഹാസം ദുരന്തമായി അനുഭവിക്കാൻ കഴിയുന്നത് അതുകൊണ്ടാണ്. സ്വന്തം അനാഥത്വത്തെ കവിതയിൽ കലാപമാക്കി മാറ്റി അനുവാചകമനസ്സിൽ ദുഃഖവും പൊള്ളലും സൃഷ്ടിച്ച കവിയായി അയ്യപ്പൻ മാറി. മുറിവുകളുടെ വസന്തമാണ് സ്വന്തം ജീവിതമെന്ന് ഉദ്ഘോഷിച്ച കവി, പ്രണയനഷ്ടത്തിനും കലാപത്തിനുമിടയിൽ ഒരു തണൽ കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു.

## Assignments

1. 'അർഥത്തിനും അനുഭവത്തിനുമൊപ്പം നിരന്തരം അലയുന്നവനാണ് എ. അയ്യപ്പൻ എന്ന കവി'. വിശദീകരിക്കുക.
2. 'വെയിൽ തിന്നുന്ന പക്ഷി'യായി കവി സ്വയം മാറുന്നതെങ്ങനെയെന്ന് വിലയിരുത്തുക
3. എ. അയ്യപ്പന്റെ കാവ്യശൈലി വിലയിരുത്തുക.
4. പൊതുധാരയിൽനിന്ന് നിഷ്കാസിതനാകുന്ന ഒരു കോമാളി പ്രവാചകന്റെ നിലവിളിയാണ് അയ്യപ്പന്റെ കവിതകൾ - വിലയിരുത്തുക
5. തീക്ഷണമായ വാങ്മയചിത്രങ്ങൾ അയ്യപ്പന്റെ കവിതയെ വ്യത്യസ്തമാക്കുന്നു - പരിശോധിക്കുക.

## References


1. ഡോ. കെ. എം. വേണുഗോപാൽ, വെയിൽ തിന്നുന്ന പക്ഷി - കോമാളി പ്രവാചകന്റെ നിഴലില്ലാത്ത നിലവിളി, ഡി. സി. ബുക്സ്, കോട്ടയം.
2. എം. ആർ. തമ്പാൻ (എഡി.), വിലാസമില്ലാത്ത കവി: കവിതയും ജീവിതവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഡോ. എം. ലീലാവതി, കൊച്ചിയിലെ വൃക്ഷങ്ങൾ ഒരു പാരായണം, എസ്. പി. സി. എസ്., കോട്ടയം.
4. എ. അയ്യപ്പൻ, എ. അയ്യപ്പന്റെ സമ്പൂർണ്ണ കവിതകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
5. പ്രിപ്പെട്ട 101 എ.അയ്യപ്പൻ കവിതകൾ, സമാഹരണം, സെബാസ്റ്റ്യൻ


## Suggested Readings


1. ഡോ. സാമുവൽ കാട്ടുകല്ലിൽ, കറുത്ത ചിരിയുടെ കവി, കേരള ഭാഷ ാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പന്മന രാമചന്ദ്രൻ നായർ (എഡി.), കവിതാ പഠനങ്ങൾ, പി. കെ. പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റ്, കോട്ടയം.
3. ഡോ. കെ. എസ്. രവികുമാർ(എഡി.), കടമ്മനിട്ടക്കവിത, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# സമകാലകവിത

# BLOCK-04

## Block Content

**യൂണിറ്റ് – 1**

| | | |
|---|---|---|
| ചാർവാകൻ | – | കുരീപ്പുഴ ശ്രീകുമാർ |

**യൂണിറ്റ് – 2**

| | | |
|---|---|---|
| 1. മുറ്റമടിക്കുമ്പോൾ | – | അനിത തമ്പി |
| 2. പട്ടാമ്പിപ്പുഴ മണലിൽ | – | പി. പി. രാമചന്ദ്രൻ |

**യൂണിറ്റ് – 3**

| | | |
|---|---|---|
| 1. ദൈവപ്പാതി | – | കെ. ആർ. ടോണി |
| 2. ചന്ദ്രനോടൊപ്പം | – | എസ്. ജോസഫ് |

**യൂണിറ്റ് – 4**

| | | |
|---|---|---|
| 1. തൊട്ടു തൊട്ടു നടക്കുമ്പോൾ | – | വീരാൻകുട്ടി |
| 2. വെഷക്കായ | – | എം. ആർ. രേണുകുമാർ |

Unit 1

# ചാർവാകൻ

## കുരീപ്പുഴ ശ്രീകുമാർ

## Learning Outcomes

- സമകാലിക കവിതയുടെ ഘടന, പ്രമേയം, ആഖ്യാനം എന്നിവ വിലയിരുത്തുകയും അവയുടെ രാഷ്ട്രീയം അപഗ്രഥിക്കുകയും ചെയ്യുന്നു
- കുരീപ്പുഴയുടെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- 'ചാർവാകൻ' എന്ന കവിതയുടെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ പരിചയപ്പെടുന്നു.
- ചാർവാകൻ എന്ന കവിതയുടെ ആശയം ഗ്രഹിക്കുന്നു

## Background

1990-കൾക്ക് ശേഷം സാമൂഹികഘടനയിലുണ്ടായ മാറ്റവും നവലോകക്രമവും പുതുകവിതയിൽ ആഴത്തിൽ പരിണാമം സൃഷ്ടിച്ചു. വിവരസാങ്കേതികവിദ്യയുടെ പുരോഗതിയും നവമാധ്യമങ്ങളുടെ സാന്നിധ്യവും നമ്മുടെ അഭിരുചികളെയും ബോധത്തെയും വിജ്ഞാനമണ്ഡലത്തെയും മാറ്റിമറിച്ചു. അവ സർഗാത്മകതയുടെ നേരെ പുതിയ വെല്ലുവിളികളുയർത്തി. ആഗോള സംസ്കാരവും ഉപഭോക്തൃസമൂഹവും കാവ്യലോകത്തും അഭിരുചി നവീകരണം നടത്തി. മാറിയ ജീവിതപരിസരങ്ങളെ അഭിസംബോധന ചെയ്യാൻ പര്യാപ്തമായ പുതിയ ഭാഷയ്ക്കും പുതിയ ആഖ്യാനശൈലിക്കും വേണ്ടിയുള്ള അന്വേഷണമാണ് ആധുനികാനന്തര കവിതയുടെ ഭൂമിക.

നവോത്ഥാനകാലം മുതൽ ആധുനികകാലം വരെ നിലനിന്നിരുന്ന പ്രത്യയശാസ്ത്രാവബോധവും മാനവികതയുമെല്ലാം ആധുനികാനന്തര കവിതയിൽ ചോദ്യം ചെയ്യപ്പെടുന്നു. 1970-കളിലെ കവിതകളിൽ പ്രകടമായിരുന്ന വിപ്ലവരാഷ്ട്രീയോന്മുഖപദ്ധതിയോട് പരിഹാസവും പ്രതിഷേധവും പുലർത്തുന്ന രീതി ആധുനികാനന്തര കവിതകളിൽ കാണാം. കവിതയിൽ ആധിപത്യം ഉറപ്പിച്ചിരുന്ന വരേണ്യ കാവ്യസങ്കല്പങ്ങളെയും ആധുനിക കാവ്യാവിഷ്കാരത്തിന്റെ വാർപ്പ് മാതൃകകളെയും പുതുകവിത നിരാകരിച്ചു. ആധുനികത കെട്ടിപ്പൊക്കിയ സങ്കല്പങ്ങളും ബൃഹദാഖ്യാന പ്രത്യയശാസ്ത്രങ്ങളും ധാരണകളും എല്ലാം ആധുനികോത്തരകാലത്ത് തകർന്നടിയാൻ തുടങ്ങി. പുതുകാലത്തിന്റെ ക്രമരഹിതവും സംഘാത്മകവുമായ അനുഭവചിത്രങ്ങളുടെ ആവിഷ്കാരരൂപമാണ് പുതുകവിത. ശിഥിലമാക്കപ്പെട്ട ജീവിതയാഥാർഥ്യങ്ങളുടെ വ്യത്യസ്തങ്ങളായ കാഴ്ചകൾ കൂടിയാണ് ഇന്ന് കവിത. കാവ്യഭാഷയിലും ആഖ്യാനരീതിയിലും വ്യക്തമായ നിർവചനങ്ങൾക്ക് വഴങ്ങുന്നതല്ല പുതുകവിത. രൂപപരമായും ഘടനാപരമായും പ്രമേയപരമായും പുലർത്തുന്ന വൈവിധ്യം ആധുനികാനന്തര കവിതയുടെ സ്വഭാവമാണ്. കേവലമായ ശൈലീവത്ക്കരണം എന്നതിലുപരി ഇത് സാംസ്കാരികാധിനിവേശത്തിന്റെ ആവിഷ്കാരം കൂടിയാണ്. ഒന്നിനും നിശ്ചിതമായ പൂർവമാതൃകകൾ ഇല്ല. ഏതു മാതൃകയും കവികൾ അനുവർത്തിക്കുന്നു.

കവിത സാർവകാലികസത്യത്തെയോ സനാതനമൂല്യത്തെയോ പകർത്തുന്നതായിരിക്കണമെന്ന പഴയ നിലപാടിനെ പാടേ ഉപേക്ഷിച്ചുകൊണ്ട് ഏറ്റവും നിസാരമായ വീക്ഷണത്തെ വളരെ ഗൗരവമായി അവതരിപ്പിക്കുന്ന രീതിയാണ് ആധുനികാനന്തര കവിതകളിൽ കാണുന്നത്. അനന്തതയെ പ്രാപിക്കുന്ന പ്രവണതയിൽ നിന്നും കുതറിമാറി കവിത സ്വന്തം ചുറ്റുപാടുകളും പരിസരങ്ങളും നാട്ടുമ്പുറങ്ങളും നാട്ടുമൊഴികളും നിറഞ്ഞതായി പരിണമിച്ചു. കവിതയുടെ ലോകത്ത് പ്രവേശനം നിഷേധിക്കപ്പെട്ട കീഴാള ജീവിതാനുഭവങ്ങളും ഭാഷാപ്രയോഗങ്ങളും ബിംബങ്ങളും ആധുനികാനന്തരകവിതയിൽ സജീവമായി. സാമ്പ്രദായിക കവിത അടയാളപ്പെടുത്താതെ പോയ പാർശ്വവത്കൃതരുടെ ഭാഷയും അനുഭവവും ഭൂപ്രദേശങ്ങളും ഭാഷാചിഹ്നങ്ങളും അതിന്റെ മുഴുവൻ തനിമയോടെ പുതുകവിതയിൽ ഇടം കണ്ടെത്തി.

പരിസ്ഥിതി, ദലിത്, സ്ത്രീ, ആദിവാസി തുടങ്ങിയ ജീവിതാനുഭവങ്ങളുടെ സങ്കീർണ്ണതകളും വൈചിത്ര്യങ്ങളും കവിതയെ ബഹുസ്വരമാക്കി മാറ്റി. ആധുനിക കാവ്യവ്യവഹാരങ്ങൾ കടന്നുചെല്ലാത്ത ഇരുണ്ട ഗ്രാമചിത്രങ്ങളും അവിടുത്തെ കൊച്ചുകൊച്ചു ശബ്ദങ്ങളും ജീവജാലങ്ങളും നാട്ടുമൊഴികളും കാഴ്ചകളും കവിതയിലേക്ക് സംക്രമിച്ചു. വൈവിധ്യമാർന്ന അനുഭവമണ്ഡലങ്ങളും ജീവിതപരിസര ചിത്രവും ആവിഷ്കരിക്കുന്ന ഈ കവിതകൾ ജനകീയവൽക്കരിക്കപ്പെട്ടവ കൂടിയാണ്.

കേരളീയ ഗ്രാമജീവിതത്തിന്റെ സൂക്ഷ്മഭാവങ്ങളും അദൃശ്യമായിരുന്ന പ്രാന്തപ്രദേശങ്ങളുടെ സങ്കീർണ്ണതകളും കീഴാള ജീവിതത്തിന്റെ നൈസർഗ്ഗികതയും ആധുനികാനന്തര കവിതയിലെ ജൈവ സാന്നിധ്യമാണ്. ഭാഷയിൽ നിന്നും കവിതയിൽ നിന്നും നഷ്ടപ്പെട്ടുപോയ കീഴാള അനുഭവങ്ങളുടെ ജൈവസത്തയും ജീവിതവും അടയാളപ്പെടുത്താനുള്ള ധീരശ്രമം കൂടിയാണ് പുതുകവിത. നവീനമായ ഒരു ഭാഷാവ്യവസ്ഥയും പദാവലിയും ആഖ്യാനസംഘവും രൂപപ്പെടുത്തിക്കൊണ്ട് പുതുകവിത ആധുനികതയുടെ ഭാവുകത്വ പരിസരത്തിൽ നിന്നും സ്വതന്ത്രമാകുന്നു. സംസ്കൃതവൽക്കരിക്കപ്പെട്ട കാവ്യഭാഷാബിംബങ്ങളും ഭാഷാചിത്രങ്ങളും ചിഹ്നങ്ങളും നിരാകരിച്ചുകൊണ്ട് സാധാരണ ജനതയുടെ ഭാഷണശൈലികളും ഗ്രാമീണ ഭാഷാപദങ്ങളും പദാവലികളും പ്രയോഗിക്കുന്നു. ജീവിതത്തെയോ അനുഭവത്തെയോ സംഭവങ്ങളെയോ സമഗ്രതയിൽ ദർശിക്കുന്ന രീതി പുതുകവിതകൾ അവലംബിച്ചിട്ടില്ല. നൈമിഷികവും ഒറ്റപ്പെട്ടതും തുടർച്ചയില്ലാത്തതുമായ അനുഭവങ്ങളോ അനുഭൂതികളോ ആവിഷ്കരിക്കുന്നതിലാണ് അവർക്ക് താല്പര്യം. രൂപത്തിൽ എന്നപോലെ പ്രമേയത്തിലും പുലർത്തുന്ന സൂക്ഷ്മത പുതുകവിതയുടെ ഏറ്റവും വലിയ സവിശേഷതയാണ്. ക്ലാസിസത്തിന്റെയോ കാല്പനികതയുടെയോ കാലത്തെപ്പോലെ ഒരേ ആശയത്തെ ആവർത്തിച്ചു വിവരിക്കുവാനോ വന്ദിക്കുവാനോ ഇന്നത്തെ കവികൾ തയ്യാറല്ല. രൂപം പോലെ ആവിഷ്കരണവും പലപ്പോഴും ചുരുക്കെഴുത്തായി മാറുന്നു. ജീവിതത്തെത്തന്നെ സമഗ്രതയിൽ ദർശിക്കുന്ന ഉത്തരാധുനിക കവികൾ വൈവിധ്യത്തെയാണ് പ്രണയിക്കുന്നത്. ഭാവുകത്വപരമായ വൈവിധ്യം ഓരോ കവിതയുടെയും ഉള്ളിൽ പോലും ദർശിക്കുവാൻ സാധിക്കും.

സമൂഹത്തിലെ ദുഷിച്ച പ്രവണതകൾക്കു നേരെയുള്ള പ്രഹരമാവുമ്പോഴാണ് കവിത ജനകീയവും വിപ്ലവാത്മകവുമാകുന്നത്. ഈ സാധ്യത തന്റെ കവിതയിൽ പ്രയോജനപ്പെടുത്തിയ കവിയാണ് കുരീപ്പുഴ ശ്രീകുമാർ. കവിതയുടെ സംക്രമണശേഷി തിരിച്ചറിഞ്ഞുകൊണ്ട് ചൊൽക്കാഴ്ചകളിലൂടെ അസമത്വത്തിനെതിരായ സമരങ്ങളിൽ കവിതയെ മുന്നിൽ നിർത്താൻ അദ്ദേഹത്തിന് കഴിയുന്നു. 'ഹബീബിന്റെ ദിനക്കുറിപ്പുകൾ', 'ശ്രീകുമാറിന്റെ ദുഃഖങ്ങൾ', 'രാഹുലൻ ഉറങ്ങുന്നില്ല', 'നഗ്നകവിതകൾ', 'അമ്മമലയാളം', 'യക്ഷിയുടെ ദുഃഖങ്ങൾ', 'കീഴാളൻ' തുടങ്ങിയ കാവ്യസമാഹാരങ്ങളിലെ മിക്ക കവിതകളും ഈ നിലയിൽ ഉള്ളതാണ്.

അനുഭവങ്ങളുടെ തീക്ഷ്ണതയാണ് കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകളുടെ സവിശേഷത. നിസ്സഹായരായ മനുഷ്യരുടെ ജീവിതമാണ് ആ കവിതയുടെ ഉൾക്കരുത്ത്. അത് അധികാരത്തോട് നിരന്തരം കലഹിക്കുന്നു. സ്വാതന്ത്ര്യത്തെക്കുറിച്ചും മനുഷ്യന്റെ മോചനത്തെക്കുറിച്ചും ഉറക്കെപ്പറയുന്നു. ഉത്തരാധുനികതയുടെ രാഷ്ട്രീയം സാമ്പ്രദായികമല്ല. ഇവിടെയാണ് ചരിത്രം മറന്നുകളഞ്ഞവരും ഒരിക്കലും മുഖ്യധാരയിലിടം നേടിയിട്ടില്ലാത്തവരും ചരിത്രത്തിന്റെ ഭാഗമാകുന്നത്. 'കീഴാളൻ', 'നടിയുടെ രാത്രി', 'ചാർവാകൻ', 'രക്തസാക്ഷിയുടെ മകൾ', 'ചെർഗീസ്', 'വെളുത്തയുടെ വീട്' തുടങ്ങിയ കവിതകളിൽ ഇത്തരത്തിൽ മാറ്റിനിർത്തപ്പെട്ടവരുടെ ശബ്ദമുണ്ട്. അന്ധവിശ്വാസങ്ങളെ തഴുകിവളർത്തിയിരുന്ന അധികാരകേന്ദ്രങ്ങൾക്കു നേരെ രൂക്ഷമായ ചോദ്യശരങ്ങളെയ്തതിന്റെ പേരിൽ പുരോഹിത കോടതി അഗ്നിയിലിട്ടു ദഹിപ്പിച്ച ചാർവാകന്റെ ആശയങ്ങൾ പലനിലകളിൽ, ഇന്നും പ്രസക്തമാണെന്ന് കവിത പ്രഖ്യാപിക്കുന്നു.

> "ഓലയും നാരായവും കാഞ്ഞിരത്തിന്റെ
> ചോലയിൽ വച്ചു നമിച്ചു തിരിഞ്ഞൊരാൾ
> ആദിത്യനേത്രം തുറന്നു ചോദിക്കുന്നു
> ഏതുകടലിൽ എറിഞ്ഞു നീ ഭാഷയെ" (അമ്മമലയാളം)

ജീവിതഭാഷയെ വിറ്റുതുലക്കാനിറങ്ങിയ ഒരു തലമുറയോട് കവിയുടെ ചോദ്യങ്ങളുടെ കൂമ്പാരമാണ് 'അമ്മമലയാളം' എന്ന കവിത. പൗരോഹിത്യ ദുഷ്പ്രഭുത്വത്തിന്റെ അനാചാരങ്ങൾക്കു നേരെയുള്ള പടവാളാണ് 'ചാർവാകൻ' എന്ന കവിത. ചാർവാക ദർശനം പുരാതനകാലം തൊട്ടേ ഇന്ത്യയിലുണ്ടായ ഒന്നാണ്. അതായത് 'പ്രത്യക്ഷസിദ്ധാന്തം' - ബോധ്യമുള്ളത് മാത്രം വിശ്വസിക്കുക എന്നത്. മഹാഭാരതത്തിൽ കടന്നു വരുന്ന ഒരു കഥാപാത്രം കൂടിയാണ് 'ചാർവാകൻ'. യുദ്ധം കഴിഞ്ഞ പ്രജകളെ അഭിമുഖീകരിക്കുന്ന യുധിഷ്ഠിരനോട് പ്രജകൾക്കിടയിൽ നിന്ന് 'ഈ വിജയം വിജയമല്ല' എന്ന് വിളിച്ചു പറയുന്ന കഥാപാത്രമാണ് ചാർവാകൻ. ജാതിമത അന്ധവിശ്വാസങ്ങൾക്കതീതമായി ശാസ്ത്രബോധത്തിൽ വിശ്വസിക്കാനാണ് ചാർവാക ദർശനം നമ്മളോട് പറയുന്നത്.

പ്രധാനകൃതികൾ - *ബംഗാൾ, അയോദ്ധ്യ, ആനന്ദൻ, കൊച്ചിയിലെ വൃക്ഷങ്ങൾ, അതിനാൽ ഞാൻ ഭ്രാന്തനായില്ല, സൈനികന്റെ പ്രേമലേഖനം, പൂക്കൈത* തുടങ്ങിയവ

## Keywords

ചാർവാകൻ - പൗരോഹിത്യ ദുഷ്പ്രഭുത്വം - അനാചാരങ്ങൾ - പുരോഹിത കോടതി

## Discussion

ചാർവാകൻ പ്രാചീന ഭാരതത്തിലെ നിരീശ്വരവാദിയായ ചിന്തകനായിരുന്നു. ചാർവാക ദർശനം എന്നാണു പൊതുവെ അദ്ദേഹത്തിന്റെ ചിന്തകൾ അറിയപ്പെടുന്നത്. ചാർവാകൻ വേദങ്ങളിലെ ആത്മീയചിന്തകളെ വിമർശിക്കുകയും പൗരോഹിത്യത്തിന്റെ അന്ധവിശ്വാസങ്ങളെ പരിഹസിക്കുകയും ചെയ്ത ചിന്തകനാണ്. ചാർവാകന്റെ ആശയങ്ങളെ

നേരിടാൻ കഴിയാതെ വന്ന ബ്രാഹ്മണമതം അദ്ദേഹത്തെ ജീവനോടെ ചുട്ടുകൊല്ലുവാൻ വിധിച്ചു. ഇന്ത്യയുടെ വിജ്ഞാനചരിത്രത്തിൽ ചാർവാകനെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ വളരെ കുറവാണ്. രാമായണത്തിലും മഹാഭാരതത്തിലും മനുസ്മൃതിയിലും ചാർവാകനെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. ഡോ. രാധാകൃഷ്ണന്റെ 'ദി ഹിസ്റ്ററി ഓഫ് ഇന്ത്യൻ ഫിലോസഫി', നെഹ്രുവിന്റെ 'ഡിസ്കവറി ഓഫ് ഇന്ത്യ' തുടങ്ങിയ പുസ്തകങ്ങളിൽ ചാർവാകനെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. എല്ലാക്കാലത്തും സത്യം വിളിച്ചു പറയുന്നവർ കൂട്ടത്തിൽ ഒറ്റപ്പെടും, അവർ രക്തസാക്ഷികളാകും. എങ്കിലും സത്യം അതുപോലെതന്നെ തുടരുമെന്ന് ചാർവാകന്റെ ജീവിതം ഓർമ്മിപ്പിക്കുന്നു. അദ്ദേഹത്തെക്കുറിച്ച് കവി കുരീപ്പുഴ ശ്രീകുമാർ എഴുതിയ കവിതയാണ് 'ചാർവാകൻ'.

## വരികൾ

"അഗ്നിയും ഹിമവും
മുഖാമുഖം കാണുന്ന സുപ്രഭാതം
പുഷ്പവും പക്ഷിയും
പ്രത്യക്ഷമാവുന്ന സുപ്രഭാതം
ഉപ്പു കുമിഞ്ഞപോലദ്രി
അതിനപ്പുറം
അത്തിനത്തോം തകച്ചോടു വെച്ചങ്ങിനെ
വിത്തിട്ടു പോകും കൃഷി സ്ഥലം
വെൺകരടി
സ്വപ്നത്തിലെന്നപോൽ
ഗായത്രി ചൊല്ലുന്ന ഗർഭഗൃഹം
വൃദ്ധ താപസ്സർ പ്രാപിച്ചു വൃത്തികേടാക്കിയ
വേദകിടാത്തികൾ
കത്തി നിവർന്ന വിളക്കു ചാർവാകൻ"

## അർഥവിശദീകരണം

| | | |
|---|---|---|
| അഗ്നി | = | തീ |
| ഹിമം | = | മഞ്ഞ് |
| മുഖാമുഖം കാണുന്ന | = | മുഖത്തോട് മുഖം നോക്കുന്ന |
| സുപ്രഭാതം | = | നല്ല പ്രഭാതം |
| അദ്രി | = | സൂര്യൻ, മേഘം, പർവതം |
| ഗർഭഗൃഹം | = | അന്തഃപുരം, ശ്രീകോവിൽ |

## ആശയവിശദീകരണം

അഗ്നിയും മഞ്ഞും മുഖത്തോടു മുഖം നോക്കുന്ന, പുഷ്പവും പക്ഷിയും പ്രത്യക്ഷമാകുന്ന ഒരു നല്ല പ്രഭാതത്തെ കവി കാണുകയാണ്. ഉപ്പ് കുമിഞ്ഞ പർവതം പോലെ, അതിനപ്പുറം ചുവടുവച്ച് വിത്തിട്ടു പോകുന്ന കൃഷി സ്ഥലം, വെൺകരടി, സ്വപ്നത്തിലെന്ന പോൽ ഗായത്രീമന്ത്രം ചൊല്ലുന്ന അന്തഃപുരങ്ങൾ, വൃദ്ധ സന്യാസിമാർ പ്രാപിച്ചു വൃത്തികേടാക്കിയ വേദക്കിടാത്തികൾ. അവിടെ കത്തി നിവർന്ന വിളക്കു പോലെ കവി ചാർവാകനെ കാണുന്നു.

▶ കവി ചാർവാകനെ കാണുന്നു

## വരികൾ

"ജടയിൽ കുരുങ്ങിയ ദർഭത്തുരുമ്പുകൾ
പുഴയിലേക്കിട്ടു പുലർചയിലേക്കിട്ടു
പച്ച കെടുത്തി പുലഭ്യത്തിലേക്കിട്ടു
പുച്ഛം പുരട്ടി പുരീഷത്തിലേക്കിട്ടു
പരിധിയില്ലാത്ത മഹാ സംശയങ്ങളാൽ
പ്രകൃതിയെ ചോദ്യശരത്തുമ്പിൽ മുട്ടിച്ചു
വിഷമക്കഷായം കൊടുത്തു
വിഷക്കോളു പുറമേക്കെടുത്ത്
എറിയുന്നു ചാർവാകൻ
ലക്ഷ്യം കുലച്ച ധനുസ്സ് ചാർവാകൻ"

## അർഥവിശദീകരണം

| | | |
|---|---|---|
| ദർഭത്തുരുമ്പുകൾ | = | ദർഭപ്പുല്ല് |
| പുലഭ്യം | = | തെറി വാക്കുകൾ |
| പുരീഷം | = | അഴുക്ക്, മലം |
| ശരം | = | അസ്ത്രം |
| ധനുസ് | = | വില്ല് |

## ആശയവിശദീകരണം

- ലക്ഷ്യം കുലച്ച ധനുസ്സാണ് ചാർവാകൻ

ചാർവാകന്റെ രൂപം വർണ്ണിക്കുന്നു. ജടയിൽ കുരുങ്ങിയ ദർഭപ്പുല്ലുകൾ, പുഴയിലേക്കിട്ട്, പുലർച്ചയിലേക്കിട്ട്, പച്ചകെടുത്തി പുലഭ്യത്തിലേക്കിട്ട്, പുച്ഛം പുരട്ടി അഴുക്കിലേക്കിട്ട്, പരിധിയില്ലാത്ത വലിയ സംശയങ്ങളാൽ പ്രകൃതിയെ ചോദ്യശരത്തുമ്പിൽ മുട്ടിച്ച്, വിഷമക്കഷായം കൊടുത്തു വിഷക്കോള് പുറമേക്കെടുത്തെറിയുന്നു ചാർവാകൻ. ലക്ഷ്യം കുലച്ച ധനുസാണ് ചാർവാകൻ എന്ന് കവി പറയുന്നു.

## വരികൾ

സിദ്ധ ബൃഹസ്പതി ഉത്തരം നല്കാതെ
ചക്ഷുസ്സിനാലെ വിടർത്തിയ
മാനസ തൃഷ്ണാരവിന്ദം സുഗന്ധം പരത്തുന്നു

## അർഥവിശദീകരണം

| | | |
|---|---|---|
| സിദ്ധൻ | = | പണ്ഡിതൻ |
| ബൃഹസ്പതി | = | ദേവന്മാരുടെ ഗുരു |
| ചക്ഷുസ് | = | നോട്ടം, കണ്ണ് |
| മാനസം | = | മനസ്സ് |
| തൃഷ്ണ | = | തീവ്രമായ ആഗ്രഹം |

## ആശയവിശദീകരണം

- ഉത്തരം കണ്ടെത്താനുള്ള ആഗ്രഹം

സിദ്ധനായ ബൃഹസ്പതി തന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാത്തതിനാൽ, അവയുടെ ഉത്തരം കണ്ടെത്താനുള്ള ആഗ്രഹം ചാർവാകനിൽ തീവ്രമായി ഉദിച്ചു.

## വരികൾ

“ഉൽക്ക മഴയെന്തു തീ ത്താരമെന്തു
ആകാശമൽഭുതകൂടാരമായതെന്തിങ്ങനെ
എന്താണു വായു ജലം ഭൂമി
ചൈതന്യ ബന്ധുരമായ പദാർത്ഥ പ്രപഞ്ചകം
അന്ധതയെന്തു തെളിച്ചമെന്തു
സ്നേഹഗന്ധികൾ കോർക്കുന്ന സ്ത്രീത്വമെന്തു
ബീജമെന്തു അണ്ഡമെന്തു
ഉൾകാടു കത്തുന്ന ഞാനെന്തു നീയെന്തു
പർവതം സാഗരം ഭാനുപ്രകാശം

ജനിമൃതി ഇങ്ങനെ നാനാതരം കനൽ ചോദ്യങ്ങൾ
പ്രജ്ഞയിൽ ലാവ വർഷിക്കെ
വളർന്നു ചാർവാകൻ
നേരെത് കാരണമരത്തിന്റെ നാരായ വേരേതു
നാരേതു
അരുളേതു പൊരുളേതു
നെറിയാണിയെരിയുന്ന വെയിലത്ത് നിന്നു
മഴയത്തിരുന്നു
മണലിൽ നടന്നീറ്റുപുരയിൽ കടന്നു
മരണക്കിടക്കതന്നരികത്തലഞ്ഞു
അന്വേഷണത്തിന്നനന്തയാമങ്ങളിൽ
കണ്ണീരണിഞ്ഞു ചാർവാകൻ
ബോധം ചുരത്തിയ വാളു ചാർവാകൻ”

## അർഥവിശദീകരണം

| | | |
|---|---|---|
| ഭാനുപ്രകാശം | = | സൂര്യപ്രകാശം |
| മൃതി | = | മരണം |
| ബന്ധുരം | = | മനോഹരം |
| പ്രജ്ഞ | = | ബുദ്ധി |
| യാമം | = | നേരം |

## ആശയവിശദീകരണം

▶ പ്രപഞ്ചത്തിന്റെ സാരം എന്താണ്?

ഉൽക്കമഴ എന്താണ്, തീത്താരം എന്ത്, ആകാശം അദ്ഭുതങ്ങളുടെ കൂടാരമായി മാറിയത് എന്തുകൊണ്ട്, എന്താണ് വായു, എന്താണ് ജലം, എന്താണ് ഭൂമി, ചൈതന്യ പൂർണ്ണമായ പ്രപഞ്ചത്തിന്റെ സാരം എന്താണ്, സ്നേഹഗന്ധികൾ കോർക്കുന്ന സ്ത്രീത്വം എന്താണ്, ബീജമെന്താണ്, അണ്ഡമെന്താണ്, ഉൾക്കാട് കത്തുന്ന ഞാനെന്ത്, നീയെന്ത്, പർവതവും കടലും സൂര്യപ്രകാശവും ജനനവും മരണവുമൊക്കെ എന്താണെന്ന് ചാർവാകൻ ചോദിക്കുന്നു. നിരന്തരമായ ആലോചനയാലും സംശയങ്ങളാലും പ്രജ്ഞയിൽ ലാവ വർഷിക്കുമാറ് വളർന്നു ചാർവാകൻ. അദ്ദേഹത്തിന്റെ സംശയങ്ങളും ഒപ്പം വളർന്നുകൊണ്ടിരുന്നു. സത്യത്തെ അദ്ദേഹം നിരന്തരം അന്വേഷിച്ചു. നേരിന്റെ പൊരുൾതേടി അലഞ്ഞു. രാത്രി പകലില്ലാതെ, വെയിലത്തും മഴയത്തും അലഞ്ഞു. മണലിൽ നടന്നു, ജനനമുറിയിലും മരണക്കിടക്കയിലും അന്വേഷിച്ചു. അന്വേഷണത്തിന്റെ അനന്ത യാമങ്ങളിൽ

കണ്ണീരണിഞ്ഞു ചാർവാകൻ എന്ന് കവി പറയുന്നു. തിരിച്ചറിവ് നേടിയ വാൾ ആയാണ് ചാർവാകനെ അവതരിപ്പിച്ചിരിക്കുന്നത്.

## വരികൾ

“ഇല്ല ദൈവം ദേവശാപങ്ങൾ മിഥ്യകൾ
ഇല്ലില്ല ജാതിമതങ്ങൾ
പരേതർക്കു ചെന്നിരിക്കാനില്ല സ്വർഗ്ഗവും
നരകവും
ഇല്ല പരമാത്മാവുമില്ലാത്മമോക്ഷവും
മുജ്ജന്മമില്ല പുനർജന്മമില്ല
ഒറ്റ ജന്മം നമുക്ക്
ഈ ഒറ്റ ജീവിതം

മുളകിലെരിവു പച്ച മാങ്ങയിൽ പുളിവു
പാവലിൽ കയ്പ്പ് പഴത്തിൽ ഇനിപ്പു
ഇതുപോലെ നൈസർഗികം മർത്യബോധം
ഇതിൽ ഈശ്വരന്നില്ല കാര്യവിചാരം
ചാരു വാക്കിന്റെ നെഞ്ചൂക്കു ചാർവാകൻ
വേശ്യയും പൂണൂലണിഞ്ഞ പുരോഹിത വേശ്യനും വേണ്ട
സുര വേണ്ട ദാസിമാരോടോത്ത് ദൈവീക സുരതവും വേണ്ട
പെണ്ണിനെക്കൊണ്ടു മൃഗലിംഗം ഗ്രഹിപ്പിച്ചു
പുണ്യം സ്ഖലിപ്പിക്കുമാഭസമേധവും
അമ്മയെ കൊല്ലുന്ന ശൂരത്വവും വേണ്ട
ജീവികുലത്തെ മറന്നു ഹോമപ്പുക
മാരിപെയിക്കുമെന്നോർത്തിരിക്കും
വിഡ്ഢി രാജാവ് വേണ്ട രാജർഷിയും വേണ്ട
ചെങ്കോൽ കറുപ്പിച്ച മിന്നൽ ചാർവാകൻ”

## അർഥവിശദീകരണം

| | | |
|---|---|---|
| മിഥ്യ | = | മായ, യഥാർഥമല്ലാത്തത് |
| കറുപ്പിച്ച | = | കറുത്ത നിറം പിടിച്ച |

## ആശയവിശദീകരണം

> ▶ ചാർവാകനുണ്ടായ തിരിച്ചറിവുകൾ സംഗ്രഹിക്കുന്നു

ചാർവാകനുണ്ടായ തിരിച്ചറിവുകളെ കവി സംഗ്രഹിക്കുകയാണ് ഇവിടെ. ദൈവമില്ലെന്ന് ചാർവാകൻ വാദിച്ചു. ദേവശാപങ്ങൾ മിഥ്യയാണ്. ജാതിമതങ്ങൾ സത്യമല്ല. പരേതർക്ക് ചെന്നിരിക്കാൻ സ്വർഗവും നരകവുമില്ല. പരമാത്മാവിന് മോക്ഷവും ലഭിക്കുന്നില്ല. മുജ്ജന്മവും പുനർജന്മവും ഇല്ല. ഒറ്റ ജന്മം മാത്രമേ നമുക്കുള്ളൂ. അത് ഈ ജീവിതമാണ്. മുളകിലെ എരിവ്, പച്ചമാങ്ങയിലെ പുളിപ്പ്, പാവയ്ക്കയിലെ കയ്പ്പ് എന്നിവ സ്വാഭാവികമായ മനുഷ്യാനുഭവം മാത്രമാണ്. ദൈവങ്ങൾക്ക് അതിൽ ഒരു പങ്കുമില്ല. വേശ്യയും പൂണൂൽ അണിഞ്ഞ പുരോഹിത വേശ്യനും വേണ്ട. അമ്മയെ കൊല്ലുന്ന ശൂരത്വത്തെ അദ്ദേഹം അംഗീകരിച്ചില്ല. ജീവകുലത്തെ മറന്നുള്ള ഒരു കർമ്മത്തെയും അദ്ദേഹം പിന്തുണയ്ക്കുന്നില്ല. ഹോമപുകകൊണ്ട് മഴ പെയ്യും എന്ന് കരുതുന്ന രാജാവിനെ വിഡ്ഢിയായാണ് അദ്ദേഹം കാണുന്നത്. അതുകൊണ്ടുതന്നെ രാജാവിനെയും രാജമഹർഷി

യെയും അദ്ദേഹം തള്ളിപ്പറഞ്ഞു. ചെങ്കോൽ കറുപ്പിച്ച് മിന്നലായിരുന്നു ചാർവാകൻ എന്ന് കവി പറയുന്നു.

## വരികൾ

“അച്ഛനോട് എന്തിത്ര ശത്രുത?
മേലേക്ക് രക്ഷപ്പെടുത്തുവാൻ മാർഗം
ബലിയെങ്കിൽ
പാവം മൃഗത്തിനെ മാറ്റി
പിതാവിനെ സ്നേഹപൂർവ്വം
ബലിനൽകാത്തതെന്തു നീ?

തെറ്റാണു യജ്ഞം അയിത്തംപുലവ്രതം ഭസ്മം പുരട്ടൽ
ലക്ഷാർച്ചന സ്തോത്രങ്ങൾ
തെറ്റാണു ജ്യോത്സ്യ പുലമ്പലും തുള്ളലും
അർത്ഥമില്ലത്തതീ ശ്രാദ്ധവും ഹോത്രവും
പ്രാർത്ഥിച്ചു പ്രാർത്ഥിച്ചു പാഴാക്കിടാതെ
ഒറ്റമാത്രയും അത്രയ്ക്ക് ധന്യമീ ജീവിതം
വേദനമുറ്റി തഴച്ചൊരീ വിസ്മയം
സ്നേഹിച്ചു സ്നേഹിച്ചു സാർത്ഥകമാക്കണം
പട്ടാങ്ങു
ഉണർത്തി നടന്നൂ ചാർവാകൻ
മറ്റൊരു സന്ധ്യ ചെങ്കണ്ണനാദിത്യനെ
നെറ്റിയിൽ ചുംബിച്ചു യാത്രയാക്കീടുന്നു
ബുദ്ധിമാന്ദ്യത്താൽ പുരോഹിതക്കോടതി
കല്പിച്ചു കൊല്ലുകീ ധിക്കാരരൂപിയെ
കൊന്നാൽ നശിക്കില്ലയെന്നു മൺപുറ്റുകൾ
കണ്ടു പഠിക്കുകയെന്നു പൂജാരികൾ
ദുർവിധി ചൊല്ലീ നദിയും ജനങ്ങളും
കൊല്ലരുതേ തേങ്ങി വിത്തും കലപ്പയും
സർപ്പവും സതിയും

പരസ്പരം പുല്കുന്ന ക്രുദ്ധരാത്രി
അപ്പുറത്ത് ആന്ധ്യം നുകർന്ന സവർണ്ണനാം അഗ്നിഹോത്രി
കേട്ടിവരിഞ്ഞിട്ടു തീയിൽ ദഹിപ്പിച്ചു
ശുദ്ധരിൽ ശുദ്ധനെ നന്മ പിതാവിനെ
തീ നാമ്പകറ്റി ഒരൂർജപ്രവാഹമായ്
ലോകായത കാറ്റുടുത്തിറങ്ങികൊണ്ട്
രക്തസാക്ഷിക്കു ഇല്ല മൃത്യുവെന്നു
എന്നിലെ ദുഖിതനോടു പറഞ്ഞു ചാർവാകൻ
രക്തസാക്ഷിക്കു ഇല്ല മൃത്യുവെന്നു
എന്നിലെ ദുഖിതനോടു പറഞ്ഞു ചാർവാകൻ”

## അർത്ഥവിശദീകരണം

| | | |
|---|---|---|
| മാത്ര | = | നേരം |
| വിസ്മയം | = | അദ്ഭുതം |

## ആശയവിശദീകരണം

ചാർവാകന്റെ കണ്ടെത്തലുകൾ കണ്ടു പുരോഹിതവർഗം അദ്ദേഹത്തെ ഒറ്റപ്പെടുത്തി. അച്ഛനോട് നിനക്ക് എന്താണ് ഇത്ര ശത്രുത. ഈ ഭൂമിയിൽ നിന്ന് അദ്ദേഹത്തെ രക്ഷപ്പെടുത്താനുള്ള മാർഗം ബലിയാണെങ്കിൽ, മൃഗത്തെ മാറ്റിയിട്ട് അച്ഛനെ ബലി നൽകാത്തതെന്താണ് നീ എന്ന് ചാർവാകനോട് അന്നത്തെ പുരോഹിതവർഗം ചോദിച്ചു. യജ്ഞവും അയിത്തവും പുലയും വ്രതവും ഭസ്മംപുരട്ടലും ലക്ഷാർച്ചനയും സൂത്രങ്ങളും തുടങ്ങി ആചാരമായി കൊണ്ടാടുന്നതെല്ലാം അർഥമില്ലാത്ത പ്രവർത്തനങ്ങളാണെന്ന് ചാർവാകൻ മറുപടി നൽകി. അവയൊക്കെ വലിയ തെറ്റുകളാണ് എന്നതായിരുന്നു അദ്ദേഹത്തിന്റെ നിരീക്ഷണം. ജ്യോത്സ്യന്റെ പുലമ്പലുകളെയും തുള്ളലുകളെയും അദ്ദേഹം തള്ളിപ്പറഞ്ഞു. പ്രാർഥിച്ച് പാഴാക്കീടാത്ത നേരമാണ് ഈ ജീവിതത്തിൽ ഏറ്റവും ധന്യമെന്ന് അദ്ദേഹം പറഞ്ഞു. ജീവിതത്തെ സ്നേഹിക്കാൻ അദ്ദേഹം ലോകത്തോട് ആഹ്വാനം ചെയ്തു. ഇതെല്ലാം കേട്ട് അസ്വസ്ഥമായ പുരോഹിത കൂട്ടം അദ്ദേഹത്തെ ഇല്ലാതാക്കാനായി ആജ്ഞാപിച്ചു. താൻ ഇല്ലാതായാലും പറഞ്ഞ സത്യങ്ങൾ നശിക്കുകയില്ല എന്ന് ചാർവാകൻ ഉറപ്പിച്ചു പറഞ്ഞു. അദ്ദേഹത്തിന്റെ ദുർവിധി കണ്ടു ജനങ്ങളും പ്രപഞ്ചവും തേങ്ങിക്കരഞ്ഞു. 'കൊല്ലരുതേയെന്ന്' അപേക്ഷിച്ചു. സർപ്പവും സതിയും പരസ്പരം പുൽകുന്ന ഒരു ഇരുണ്ട രാത്രിയിൽ, സവർണ്ണർ തീർത്ത അഗ്നിയിൽ ശുദ്ധരിൽ ശുദ്ധനായ ചാർവാകനെ അവർ ദഹിപ്പിച്ചു. തീയിൽ ജ്വലിക്കുന്ന ആ നേരവും രക്തസാക്ഷിക്ക് മരണമില്ലെന്ന് അദ്ദേഹം ദുഃഖിക്കുന്ന ലോകത്തോട് വിളിച്ചു പറഞ്ഞു.

- പൗരോഹിത്യ ദുഷ്പ്രഭുത്വത്തിനു നേരെയുള്ള പടവാൾ

## Summarised Overview

'ചാർവാകൻ' എന്ന കവിത പൗരോഹിത്യ ദുഷ്പ്രഭുത്വത്തിനു നേരെയുള്ള പടവാളാണ്. 'മതബോധ'ത്തിൽ അടിയുറച്ചു മതിലുകൾ കെട്ടിപ്പടുക്കുന്നവർക്ക് നേരെ 'തീക്ഷ്ണതയേറിയ വാക്ശരങ്ങൾ തറയ്ക്കുന്ന കവിതയാണ് 'ചാർവാകൻ.' രസിക്കാത്ത സത്യങ്ങൾ വിളിച്ചു പറയുന്ന ചാർവാകന്റെ ധർമ്മം കവിയും നിർവഹിക്കുന്നു. നിലവിലുള്ള സാമൂഹിക വ്യവസ്ഥയുടെ കപടസദാചാരമതബോധങ്ങളെ ഈ കവിതയിൽ നിശിതമായി ചോദ്യം ചെയ്യുന്നു. 'ഇല്ല ദൈവം ദേവശാപങ്ങൾ മിഥ്യകൾ, ഇല്ലില്ല ജാതിമതങ്ങൾ' എന്ന് കവി ഉറക്കെ വിളിച്ചു പറയുന്നു.

'ചാർവാകൻ' എന്ന കവിതയിൽ യുക്തിവാദിയായ കവിയുടെ തീക്ഷ്ണതയേറിയ വാക്ശരങ്ങൾ തറക്കുന്നത് 'മതബോധ'ത്തിന്റെ മതിലുകൾക്ക് നേരെയാണ്. ലോകായതക്കാറ്റുടുത്ത് തീജ്ജ്വാലയായ്, രസിക്കാത്ത സത്യങ്ങൾ വിളിച്ചു പറയുന്ന ചാർവാകനെ കവി ആരാധിക്കുന്നു. മാറ്റിനിർത്തപ്പെട്ടവനോടും അടിച്ചമർത്തപ്പെട്ടവനോടും ദൈന്യതയനുഭവിക്കുന്ന മഹാവിഭാഗത്തോടും കൂറുപുലർത്തുന്നു എന്നതാണ് കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകളുടെ പൊതുസവിശേഷത. മനുഷ്യന്റെ വേദനകൾക്ക് പരിഹാരം കാണാനാകാത്ത മതങ്ങൾക്കും വിശ്വാസങ്ങൾക്കും മുന്നിൽ ഈ കവി നാസ്തികനായി നിലകൊള്ളുന്നു.

ആധുനികതയുടെ തുടർച്ചയും ഭാഷയും ബിംബങ്ങളും കുരീപ്പുഴ ശ്രീകുമാറിന്റെ കവിതയിൽ കാണാം. പ്രമേയത്തിൽ ഈ കവിതകൾ ഉത്തരാധുനികസ്വഭാവമാണ് പ്രകടിപ്പിക്കുന്നത്. 'ചരിത്രം ചാതുർവർണ്ണ്യത്താൽ വിചിത്രം തന്നെ സ്നേഹിതാ' എന്ന വരികൾ ചരിത്രത്തിന്റെ പുനർവായനയുമായി കൂട്ടി വായിക്കാവുന്നതാണ്. മിക്ക കവിതകളിലും ദൈവം പ്രമേയമാകുമ്പോൾതന്നെ ദൈവത്തെ നന്നായി വിപണനം ചെയ്യുന്ന മനുഷ്യൻ മുഖ്യപ്രതിയായി മാറുന്നുണ്ട്. മാനവികതയുടെ പക്ഷത്തു നിലയുറപ്പിക്കാനും സാധാരണമനുഷ്യനെ പരിഗണിക്കുന്ന തത്വശാസ്ത്രങ്ങളെ പിൻപറ്റുന്ന കാവ്യപാരമ്പര്യത്തിന്റെ തുടർച്ചയാക്കാനും കുരീപ്പുഴ ശ്രീകുമാറിന് കഴിയുന്നുണ്ട്.

"പ്രാർത്ഥിച്ചു പ്രാർത്ഥിച്ചു പാഴാക്കീടാതെ
ഒറ്റമാത്രയും അത്ര ധന്യമീ ജീവിതം.
വേദന മുറ്റി തഴച്ചൊരീ ജീവിതം
സ്നേഹിച്ചു സ്നേഹിച്ചു സാർഥമാക്കണം"

എന്നാണ് കവി പാടുന്നത്. ഇവിടെ അപ്രിയമായവ വിളിച്ചു പറയാനുള്ള ചങ്കൂറ്റത്തിന്റെ പ്രത്യക്ഷ ഉദാഹരണമായി 'ചാർവാക'നിലൂടെ കവി മാറുന്നു.

## Assignments

1. 'ചാർവാകനും' ആധുനിക ഇന്ത്യയുടെ മുഖവും - വിശദീകരിക്കുക.
2. ഉത്തരാധുനികകവിതകളുടെ പൊതുസവിശേഷതകൾ ചാർവാകൻ എന്ന കവിതയെ ആസ്പദമാക്കി വിലയിരുത്തുക.
3. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞ വർത്തമാനകാല ഇന്ത്യയുടെ മുഖം 'ചാർവാകൻ' എന്ന കവിതയിൽ നിന്ന് കണ്ടെത്തി വിവരിക്കുക.
4. ആധുനികതയുടെ തുടർച്ചയും ഭാഷയും ബിംബങ്ങളും കുരീപ്പുഴ ശ്രീകുമാറിന്റെ കവിതയിൽ കാണാം. വിലയിരുത്തുക.
5. അനുഭവങ്ങളുടെ തീഷ്ണതയാണ് കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകളുടെ സവിശേഷത എന്ന് പറയാനുള്ള കാരണം പരിശോധിക്കുക.

## References


1. ഡോ. മിനി ആലിസ്, സമകാല മലയാള കവിത: പുതുമയും പലമയും; മലയാള വിഭാഗം, യു. സി. കോളേജ്, ആലുവ.
2. ഡോ. കെ. എം. ജോർജ് (എഡി.), ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.

3. ഡോ. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. ഡോ. എം.എസ്.പോൾ, ഉത്തരാധുനിക കവിതാപഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
5. കുരീപ്പുഴ ശ്രീകുമാർ, കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ, ഡി.സി. ബുക്സ്, കോട്ടയം.


## Suggested Readings


1. എൻ. അജയകുമാർ, ആധുനികത മലയാളകവിതയിൽ, കറന്റ് ബുക്സ്, തൃശൂർ.
2. ടി. കെ. അനിൽകുമാർ, മലയാളസാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. കെ. ഇ. എൻ., പുതുകാലം പുതു കവിതകൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. എൻ. അജയകുമാർ, കവിതയുടെ വഴികൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
5. എൻ. അജയകുമാർ, ആധുനികതാ പ്രസ്ഥാനത്തിനുശേഷം കവിതയിൽ സംഭവിച്ചത്, മലയാളം റിസർച്ച് ജേർണ്ണൽ, വാല്യം 5.
6. ആർ. നരേന്ദ്രപ്രസാദ്, എന്റെ സാഹിത്യ നിരൂപണങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# 1. മുറ്റമടിക്കുമ്പോൾ

അനിത തമ്പി

## Learning Outcomes

- ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ ഗ്രഹിക്കുന്നു
- സമകാലിക മലയാളകവിതയിലെ സ്ത്രീ സാന്നിധ്യങ്ങളെക്കുറിച്ച് അവബോധം നേടുന്നു
- അനിത തമ്പിയുടെ കവിതകളിലെ രാഷ്ട്രീയം തിരിച്ചറിയുന്നു
- 'മുറ്റമടിക്കുമ്പോൾ' എന്ന കവിതയുടെ സവിശേഷതകൾ ഗ്രഹിക്കുന്നു

## Background

ഉത്തരാധുനിക മലയാളകവിതയിൽ സ്ത്രീ, ദലിത്, ക്വിയർ വിഷയങ്ങൾ ഗൗരവമായിത്തന്നെ കടന്നുവരുന്നു. പ്രകൃതിയെപ്പോലെ തന്നെ ചൂഷണം ചെയ്യപ്പെടുകയോ തിരസ്കരിക്കപ്പെടുകയോ ചെയ്യപ്പെട്ട ആദിവാസികൾ, ദലിതർ, സ്ത്രീകൾ എന്നിവർ ഇതിന്റെ കേന്ദ്രമായിത്തീരുന്നു. അസംഘടിതരെന്നു കരുതിയിരുന്നവർ ജാതി, ലിംഗം, വംശം തുടങ്ങിയ സ്വത്വബോധത്തിന്റെയടിസ്ഥാനത്തിൽ അവകാശപ്പോരാട്ടങ്ങൾ നടത്തുകയാണിന്ന്. ഇത് ഉത്തരാധുനിക സമൂഹത്തിന്റെ സവിശേഷതയാണ്. ക്വിയർ, കീഴാളൻ, ദലിതൻ എന്നൊക്കെ വിശേഷിപ്പിച്ചുകൊണ്ടുതന്നെ ഇന്ന് മുഖ്യധാരയുടെ ഭാഗമാവാനാകുന്നു. ഈ സാമൂഹികയാഥാർഥ്യം ഉത്തരാധുനിക കൃതികളിൽ പ്രമേയമാകുന്നുണ്ട്. അവനവന്റെ ജീവിതത്തെ അവനവൻ തന്നെ ആവിഷ്കരിക്കുന്നു എന്ന നിലപാടാണ് ഉത്തരാധുനിക കവിതയിലുള്ളത്. എസ്. ജോസഫ്, എം. ആർ. രേണുകുമാർ, എം. ബി. മനോജ് തുടങ്ങിയവരുടെ കവിതകളിൽ ഈ സ്വത്വാവിഷ്കാരം തെളിഞ്ഞുകാണുന്നു.

ഉത്തരാധുനിക കവിതകളുടെ പ്രധാനപ്പെട്ട ഒരു സവിശേഷത, അവ പുലർത്തുന്ന സൂക്ഷ്മരാഷ്ട്രീയ (Micropolitics) സ്വഭാവമാണ്. പരിസ്ഥിതിയും ചൂഷിതരും ശക്തമായ കാവ്യബിംബങ്ങളായി ഉത്തരാധുനിക കവിതയിൽ കടന്നുവരുന്നു. പരിസ്ഥിതിവാദവും ചൂഷണവിരുദ്ധതയും ഉത്തരാധുനിക കവിതയിൽ രാഷ്ട്രീയബോധമായി മാറുന്നു. പ്രകൃതിയെയും ചൂഷണത്തെയും ക്കുറിച്ചുള്ള കാഴ്ചപ്പാടിൽ നിന്നാണ് ഈ രാഷ്ട്രീയബോധം ഉടലെടുക്കുന്നത്. പരിസ്ഥിതി, ക്വിയർ, ദലിത്, സ്ത്രീ എന്നീ സ്വത്വനിലപാടുകളിലെല്ലാം ബദൽ ജീവിതക്രമമാണ് എന്ന നിലയിൽ ഉത്തരാധുനിക കവിതയിൽ അടയാളപ്പെടുത്തുന്നു.

ഉത്തരാധുനിക കവിത, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കൂടെയാണെന്ന് പ്രഖ്യാപിക്കുന്നു. ബൃഹദാഖ്യാനങ്ങളുടെ തിരസ്കാരമാണ് ഈ കവിതകൾ പ്രദാനം ചെയ്യുന്നത്. സ്ത്രീയുടെയും സമൂഹത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ട പലരുടെയും ജീവിതം കവിതയ്ക്ക് വിഷയമാകുന്നു. ലാവണ്യവാദത്തിന്റെ പതിവ് മാതൃകകളിൽ നിന്ന് കവിതയെ മോചിപ്പിക്കാനാണ് ഉത്തരാധുനിക കവികൾ ശ്രമിച്ചത്. സ്ത്രീ-ദലിത്-പാരിസ്ഥിതിക-പ്രവാസ ആഗോളവത്കരണ-സൈബർ എന്നിങ്ങനെ ഒട്ടനവധി വിഷയങ്ങളിലൂടെ മലയാള കവിത സഞ്ചരിക്കുന്നത് ഉത്തരാധുനികതയിലാണ്.

ഉത്തരാധുനിക മലയാള കവിതാപരിസരത്തിൽ ശ്രദ്ധേയയായ എഴുത്തുകാരിയാണ് അനിത തമ്പി. ഉറച്ചുപോയ ലോകബോധത്തെ പുനർനിർമ്മിക്കാനുള്ള ശ്രമമാണ് അനിത തമ്പിയുടെ കവിതകൾ. പുരുഷയുക്തിക്കെതിരായ ഒരു പെൺനോട്ടമായി അത് മാറുന്നു. ലോകസത്യങ്ങൾക്കുപകരം നിത്യജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെ അതേപടി ആവിഷ്കരിക്കുന്നവയാണ് അനിത തമ്പിയുടെ രചനകൾ. നേർത്ത ജീവിതചിത്രങ്ങളുടെ ആവിഷ്കാരങ്ങളാണ് അവരുടെ കവിതകളെ സവിശേഷമാക്കുന്നത്. കൂട്ടിച്ചേർക്കലുകളോ അഴകു വരുത്തലുകളോ ഇല്ലാതെ, വൈകാരികതയുടെ കുത്തൊഴുക്കില്ലാതെ യാഥാർഥ്യത്തെ അതേപടി പകർത്തിവെയ്ക്കുന്നു. ഭാഷയിലെ കൃത്രിമത്വവും സങ്കീർണ്ണതകളും ഒട്ടും ഇല്ലാതെ വളരെ അനായാസമായാണ് അവർ ഭാഷയെ കൈകാര്യം ചെയ്യുന്നത്. ലഘുവാക്യങ്ങൾ മാത്രമുള്ള കവിതകൾ. ഒന്നിനെ മറ്റൊന്നായി കാണാതെ, ഉപമിക്കാതെ സുതാര്യമായ ഭാഷ നിർമ്മിക്കുന്നു. സ്ത്രീജീവിതത്തിന്റെ പതിഞ്ഞ ആവിഷ്കാരമാകുന്നു അനിത തമ്പിയുടെ കവിത. മുറ്റമടിക്കുന്നു എന്ന പ്രക്രിയയെ കവിതയിലാവിഷ്കരിക്കുന്നത് ഒരു രാഷ്ട്രീയ പ്രവർത്തനമാണ്. സ്ത്രൈണമായ കാഴ്ചയെ നിർമ്മിച്ചെടുക്കലായി കവിത മാറുന്നു.

പ്രധാനകൃതികൾ - *മുരിങ്ങ, വാഴ കറിവേപ്പ്, ആലപ്പുഴ വെള്ളം, മുരീദ് ബർഗൂ നിറമല്ല ഞാൻ കണ്ടു* തുടങ്ങിയവ

## Keywords

പാരിസ്ഥിതികപ്രശ്നങ്ങൾ - പെണ്ണും പ്രകൃതിയും - ഉപഭോഗവസ്തുക്കൾ - സ്ത്രൈണമായ അനുഭവങ്ങൾ

## Discussion

▶ സ്ത്രീസ്വത്വങ്ങളുടെ അനുഭവലോകം

2004-ലാണ് അനിത തമ്പിയുടെ 'മുറ്റമടിക്കുമ്പോൾ' എന്ന കവിത പ്രസിദ്ധീകരിച്ചത്. കവിതാവിവർത്തക എന്ന നിലയിലും അനിത തമ്പി ഏറെ പ്രശസ്തയാണ്. കേരളീയ സാമൂഹ്യഘടനയിലുള്ള സ്ത്രീസ്വത്വങ്ങളുടെ അനുഭവലോകം അനിത തമ്പിയുടെ കവിതകളിൽ കാണാം. 'അരിവാൾ', 'അഴകില്ലാത്തവയെല്ലാം', 'മുറ്റമടിക്കുമ്പോൾ' എന്നിവയാണ് പ്രധാന കൃതികൾ. അനശ്വരമായ ജീവിതത്തിന്റെയും സ്വപ്നങ്ങളുടെയും ചിത്രമാണ് 'മുറ്റമടിക്കുമ്പോൾ' എന്ന കവിത അവതരിപ്പിക്കുന്നത്.

### വരികൾ

"കണ്ണുപൂട്ടിയുറങ്ങുന്ന വീടിൻ
മൺകുരിപ്പുകൾ പൊങ്ങിയ മുറ്റം
ചൂലുകൊണ്ടടിച്ചോർമ്മയാക്കുമ്പോൾ
രാവിലെ നടുവേദനിക്കുന്നു.

പോയ രാത്രിയിൽ മുറ്റം നനച്ചു
പോയിരിക്കാം മഴ, മണ്ണിളക്കി

മണ്ണിരകളുറങ്ങാതെയാവാം
കൊച്ചു മൺവീടുകൾ വച്ചു. രാവിൽ”

### ആശയവിശദീകരണം

വീട് കണ്ണുംപൂട്ടി ഉറങ്ങുമ്പോൾ വീട്ടിൻ മുറ്റത്തു കൺകുരിപ്പുകൾ പൊങ്ങിയപോലെ മൺവീടുകൾ പൊന്തിയിരിക്കുന്നു. മണ്ണിരകൾ നനഞ്ഞ മണ്ണിളക്കി നിർമ്മിച്ച ഈ മൺവീടുകൾ മുറ്റമടിച്ചു വൃത്തിയാക്കുക എന്ന ദൗത്യത്തിനിടയിൽ ഇല്ലാതാകുന്നു. ഇഷ്ടമില്ലാത്ത ഓർമ്മകളെ അടിച്ചുകളയാൻ മനുഷ്യരെപ്പോഴും ശ്രമിക്കും. മുറ്റം വൃത്തിയാക്കാനെത്തുന്ന സ്ത്രീ തലേദിവസം മണ്ണിരകൾ വളരെ ശ്രമിച്ചു നിർമ്മിച്ച മൺവീടുകൾ ഈർക്കിലി ചൂലുപയോഗിച്ചു തുടച്ചുകളഞ്ഞു. അവശേഷിച്ചത് കുറച്ചു ഈർക്കിലിപ്പാടുകൾ മാത്രമായിരുന്നു. ഓർമ്മകളെ അടിച്ചോടിച്ചുകളയുമ്പോൾ അവശേഷിക്കുക കുറെ പോറലുകൾ മാത്രമായിരിക്കുമല്ലോ. നടുവേദനിക്കുന്നു എന്ന് പറയുമ്പോൾ എത്ര ശ്രമകരമായാണ് ഓർമ്മകളെ ഒതുക്കി മാറ്റിനിർത്തുന്നതെന്ന് വ്യക്തമാകുന്നു. മൺകുരിപ്പുകൾ പൊങ്ങിയ മുറ്റം എന്ന വാക്കുകളിൽ കണ്ണീരിന്റെ സാന്നിധ്യമറിയുന്നു. കണ്ണുനീർ തളംകെട്ടി ദീർഘസമയം കഴിയുമ്പോഴാണ് കൺകോണുകളിൽ കൺകുരിപ്പുകൾ പ്രത്യക്ഷപ്പെടുക. അവയെ അടിച്ചു നീക്കി ഓർമ്മയാക്കുമ്പോൾ ഉണ്ടാകുന്ന വേദന അത്രവേഗത്തിൽ ഒതുക്കിത്തീർക്കാൻ കഴിയുന്നതല്ല. വീട്ടമ്മയായ സ്ത്രീയുടെ ജോലിഭാരത്തിന് കണക്കില്ല. പരിധിയുമില്ല.

> ▶ ശ്രമകരമായാണ് ഓർമ്മകളെ ഒതുക്കി മാറ്റി നിർത്തുന്നത്

### വരികൾ

“രാവിലെയൊരു പെണ്ണിൻ കുനിഞ്ഞ
പിൻചുവടിന്റെ നൃത്തം കഴിഞ്ഞാൽ
ഈർക്കിലിവിരൽപ്പോറൽ നിരകൾ
മാത്രമായി പൊടിഞ്ഞുപരക്കാൻ

തൂത്തു നേരം പുലർന്നു, വെളിച്ചം
വീണു വീടിൻ മിഴി തുറക്കുമ്പോൾ
കാൽച്ചുവടും കരിയില പോലും നീങ്ങി
എന്തൊരു വൃത്തിയിൽ മുറ്റം

രാവരിച്ചു വന്നെത്തുന്ന പത്രം
വാതിലിൽ വന്നു മുട്ടി വീഴുമ്പോൾ
ചപ്പുവാരി നിവർന്നവൾക്കിത്ര
കാപ്പിമട്ടു കുടിക്കുവാൻ ദാഹം.”

### ആശയവിശദീകരണം

> ▶ അവശേഷിച്ചത് കുറച്ചു ഈർക്കിലിപ്പാടുകൾ മാത്രം

തലേദിവസം രാത്രിയിൽ മുറ്റം നനച്ചു മഴ കടന്നുപോയി. നനഞ്ഞ മുറ്റമായതുകൊണ്ടാണ് മണ്ണിരകൾക്ക് കൊച്ചുമൺവീടുകൾ നിർമ്മിക്കാൻ കഴിഞ്ഞത്. ഒരു സ്ത്രീ അനുകൂല സാഹചര്യങ്ങളിൽ തന്റേതായ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കുന്നു. എന്തെല്ലാം നേട്ടങ്ങളുണ്ടാക്കിയാലും ഒരു മധ്യവർഗകുടുംബത്തിലെ സ്ത്രീ ഗ്രാമീണ


SGOU

അന്തരീക്ഷത്തിലെത്തുമ്പോൾ ആ നേട്ടങ്ങളിൽ നിന്നെല്ലാം അകന്നുപോകാൻ വിധിക്കപ്പെടുന്നു. വീടിന്റെ ചുറ്റുപാടുകളും അകത്തളങ്ങളും അവിടത്തെ ജോലികളും കടമകളുമെല്ലാം അവളെ ഒതുക്കിക്കളയുന്നു. മണ്ണിരകളുണ്ടാക്കിയ മൺവീടുകൾ പിറ്റേദിവസം ഈർക്കിലിചൂലിന്റെ പോറലുകൾ മാത്രം അവശേഷിപ്പിച്ചു കടന്നുപോകുന്നത് പോലെ സ്ത്രീയുടെ നേട്ടങ്ങൾ ഇല്ലായ്മ ചെയ്യപ്പെടുന്നു. അവൾ പല ഉത്തരവാദിത്വങ്ങളും ചെയ്തു തീർക്കാനുള്ള ഒരു യന്ത്രമായി മാറുന്നു.

## Summarised Overview

സ്ത്രീയനുഭവങ്ങളുടെ യഥാതഥമായ ആവിഷ്കാരമാണ് അനിത തമ്പിയുടെ 'മുറ്റമടിക്കുമ്പോൾ' (2004) എന്ന കവിത. പുരുഷാധിപത്യ നിയമങ്ങൾക്ക് വിധേയമായ സ്ത്രീയെ കവിതയിൽ കാണാം. കവിതയിലെ കാപ്പിമട്ട് കുടിക്കുവാൻ മോഹിക്കുന്ന സ്ത്രീ ഒരു പ്രതീകമാണ്. മറ്റുള്ളവർക്ക് വേണ്ടി ജീവിക്കാൻ വിധിക്കപ്പെട്ട, മധ്യവർഗകുടുംബത്തിലെ ഭാരം ചുമക്കുന്ന അനേകം വരുന്ന കുടുംബിനികളായ സ്ത്രീകളുടെ പ്രതീകം. രാവും പകലുമില്ലാതെ, അധ്വാനത്തിന്റെ പറയാത്ത, അറിയപ്പെടാത്ത വാർത്തകൾ സൃഷ്ടിക്കുന്നവളാണ് സ്ത്രീ. വീടുറങ്ങുമ്പോഴും ഉണർന്നിരിക്കേണ്ടുന്ന ഒരുവളുടെ നിത്യവൃത്തി അതിസൂക്ഷ്മമായി കവിതയിൽ കടന്നുവരുന്നു. മുഖ്യധാരാവ്യവഹാരങ്ങളിൽ നിന്ന് അകറ്റി നിർത്തപ്പെടുന്ന സ്ത്രീയവസ്ഥയെ കവി സൂചിപ്പിക്കുന്നു. സമകാലീന ജീവിതവും ജീവിതപ്രശ്നങ്ങളും അതിന്റെ സൂക്ഷ്മദൃക്കുകൾ കൊണ്ട് ഒപ്പിയെടുക്കാനും അവതരിപ്പിക്കാനും ഈ കവിതയിലൂടെ അനിത തമ്പിക്ക് കഴിഞ്ഞിട്ടുണ്ട്. പുരുഷയുക്തിയോടുള്ള കലഹമാണ് ഈ കവിത.

വെളിച്ചം പ്രത്യക്ഷപ്പെടുന്നതിന് മുമ്പ് വീട്ടമ്മ ഉണരുന്നു. അവൾ മുറ്റം മുഴുവൻ അടിച്ചു വൃത്തിയാക്കി കരിയിലയും ചവിട്ടടിയിലെ മണ്ണുപോലും ശുദ്ധീകരിച്ചു നിൽക്കുമ്പോഴും നടുവേദനയും ക്ഷീണവും കൊണ്ട് അവശയാകുന്നു. അപ്പോൾ അല്പം കാപ്പിമട്ട് കുടിക്കാൻ അവൾക്ക് മോഹം തോന്നുന്നു. പുരുഷകേന്ദ്രിത മേൽക്കോയ്മയിൽ നിശ്ചയിക്കപ്പെട്ട ചില നിയമങ്ങൾക്ക് വിധേയമാവുകയാണ് സ്ത്രീ. വീട്ടിലെ ജോലികളെല്ലാം സ്ത്രീക്ക് വിധിക്കപ്പെട്ടതാണെങ്കിലും ഭക്ഷണകാര്യമാവുമ്പോഴേക്കും മറ്റുള്ളവരുടെയെല്ലാം താൽപര്യങ്ങൾ സംരക്ഷിച്ചു കഴിയുമ്പോൾ ബാക്കി വരുന്നതും കാപ്പിമട്ടുമായിരിക്കും അവൾക്ക് വിധിക്കപ്പെട്ടത്. മറ്റുള്ളവർക്ക് വേണ്ടി ജീവിക്കാൻ വിധിക്കപ്പെടുന്ന മധ്യവർഗകുടുംബത്തിലെ ഭാരം ചുമക്കുന്ന വ്യക്തി മാത്രമാണ് കുടുംബിനിയായ സ്ത്രീ. ഒതുങ്ങിപ്പോകുന്ന തേങ്ങലുകളാണ് അവൾക്ക് സ്വന്തമായിട്ടുണ്ടാവുക. രാവും പകലുമില്ലാതെ, അധ്വാനത്തിന്റെ; പറയാത്ത, അറിയപ്പെടാത്ത വാർത്തകൾ സൃഷ്ടിക്കുന്നവളാണ് സ്ത്രീ. എന്നാൽ അത് പത്രത്തിലല്ല; ജീവിതത്തിലാണ്. രാവിലെ വന്നെത്തുന്ന പത്രം എല്ലാ വാർത്തകളും പുതുപുത്തനായി വായനക്കാരിലേക്കെത്തുന്നതിനായി അവസാന നിമിഷം വരെ കാത്ത് പിന്നീട് പ്രഭാതത്തിൽ തന്നെ വായനക്കാരന്റെ മുമ്പിലെത്തുന്നതാണ്. രാത്രിയിലെ വാർത്തകൾ പോലും ഉൾക്കൊള്ളിക്കാനുള്ള വെമ്പൽ മത്സരബോധത്തോടെ മുന്നേറുന്ന പത്രധർമ്മത്തിന്റെ പ്രത്യേകതയാണ്. ആ പത്രമെത്തുമ്പോഴേക്കും, ഇരുൾ നീങ്ങി വെളിച്ചം പരന്നുതുടങ്ങുമ്പോഴേക്കും, തന്റെ ജോലി പൂർത്തീകരിച്ചു നിൽക്കുകയാണ് സ്ത്രീ. കേരളീയ ഗ്രാമജീവിതത്തിൽ എന്തെല്ലാം നേട്ടം കൊയ്ത സ്ത്രീയാണെങ്കിലും അവൾ വീട് എന്ന നാലു ചുവരുകൾക്കും അതിലെ ജീവിതപ്രശ്നങ്ങൾക്കും കീഴടങ്ങി ജീവിക്കേണ്ടി വരുന്നു. സമകാലീന ജീവിതവും ജീവിതപ്രശ്നങ്ങളും അതിന്റെ സൂക്ഷ്മദൃക്കുകൾ കൊണ്ട് ഒപ്പിയെടുക്കാനും അവതരിപ്പിക്കാനും ഈ കവിതയിലൂടെ അനിത തമ്പിക്ക് കഴിഞ്ഞിട്ടുണ്ട്.

## Assignments

1. അനിത തമ്പിയുടെ കവിതകളുടെ ഭാഷാപരമായ സവിശേഷതകൾ വിലയിരുത്തുക
2. അനിത തമ്പിയുടെ കവിതകളിലെ സ്ത്രീ അനുഭവ ചിത്രീകരണം വിവരിക്കുക
3. വീട്ടമ്മയായ സ്ത്രീയുടെ ജോലി ഭാരത്തിന് കണക്കില്ല പരിധിയുമില്ല. വിലയിരുത്തുക
4. പുരുഷയുക്തികളോടുള്ള കലഹമാണ് മുറ്റമടിക്കുമ്പോൾ എന്ന കവിത എന്നു പറയാനുള്ള കാരണം പരിശോധിക്കുക.

## References


1. ഡോ. മിനി ആലിസ്, സമകാല മലയാള കവിത: പുതുമയും പലമയും; മലയാള വിഭാഗം, യു. സി. കോളേജ്, ആലുവ.
2. ഡോ. കെ. എം. ജോർജ് (എഡി.), ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
3. ഡോ. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. ഡോ. എം.എസ്.പോൾ, ഉത്തരാധുനിക കവിതാപഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
5. അനിത തമ്പി, മുറ്റമടിക്കുമ്പോൾ, ഡി.സി. ബുക്സ്, കോട്ടയം


## Suggested Readings


1. എൻ. അജയകുമാർ, ആധുനികത മലയാളകവിതയിൽ, കറന്റ് ബുക്സ്, തൃശൂർ.
2. ടി. കെ. അനിൽകുമാർ, മലയാളസാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. കെ. ഇ. എൻ., പുതുകാലം പുതു കവിതകൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. എൻ. അജയകുമാർ, കവിതയുടെ വഴികൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
5. എൻ. അജയകുമാർ, ആധുനികതാ പ്രസ്ഥാനത്തിനുശേഷം കവിതയിൽ സംഭവിച്ചത്, മലയാളം റിസർച്ച് ജേർണ്ണൽ, വാല്യം 5.
6. ആർ. നരേന്ദ്രപ്രസാദ്, എന്റെ സാഹിത്യ നിരൂപണങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.

# 2. പട്ടാമ്പിപ്പുഴ മണലിൽ

**പി. പി. രാമചന്ദ്രൻ**

## Learning Outcomes

- ‘പട്ടാമ്പിപ്പുഴ മണലിൽ’ എന്ന കവിതയുടെ രചനാസവിശേഷതകൾ ഗ്രഹിക്കുന്നു
- ഉത്തരാധുനിക കവികളിൽ പ്രധാനപ്പെട്ട ഒരാളാണ് പി. പി. രാമചന്ദ്രൻ എന്ന ധാരണ നേടുന്നു
- ഉത്തരാധുനിക കവിതകളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ പ്രധാന ഇതിവൃത്തമാണ് എന്ന അറിവ് നേടുന്നു
- പട്ടാമ്പിപ്പുഴ മണലിൽ എന്ന കവിതയിലെ പാരിസ്ഥിതിക സങ്കല്പം ഗ്രഹിക്കുന്നു

## Background

ആധുനികതയുടെ ശബ്ദഘോഷങ്ങൾക്കിടയിൽ വ്യത്യസ്തമായ ഒരു ഭാവുകത്വാന്തരീക്ഷം പടുത്തുയർത്തിയ കവികളിൽ ശ്രദ്ധേയനാണ് പി. പി. രാമചന്ദ്രൻ. ആഗോളവത്കരണവും ഉദാരവത്കരണനയങ്ങളും മനുഷ്യജീവിതത്തിലേല്പിച്ച ആഘാതങ്ങളെ തിരിച്ചറിഞ്ഞ് കവിതയിൽ ഉൾക്കൊള്ളിക്കാനും മാറിയ കാലത്തെ അടയാളപ്പെടുത്താനും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ബൃഹദ് ആഖ്യാനങ്ങളെ സംബന്ധിച്ച സങ്കല്പങ്ങളെയും ആധുനിക ചിന്താപദ്ധതികളെയും അപ്രസക്തമാക്കി വളർന്നുവന്ന ഉത്തരാധുനിക കാലഘട്ടത്തിന്റെ അനുഭവയാഥാർഥ്യങ്ങളെയും കവിതയിലേക്ക് അദ്ദേഹമടക്കമുള്ള പുതുഎഴുത്തുകാർ കൂട്ടിക്കൊണ്ടു വന്നു.

കേരളസമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധികളിലൊന്നാണ് പാരിസ്ഥിതിക പ്രശ്നങ്ങൾ. ജൈവവൈവിധ്യം കൊണ്ടും പ്രകൃതിവിഭവങ്ങൾകൊണ്ടും സമ്പന്നമായ കേരളത്തിന്റെ നിലനില്പ് തന്നെ അപകടപ്പെടുത്തുന്ന രീതിയിലാണ് ഭൂമാഫിയകളുടെ പ്രവർത്തനം. കുന്നുകൾ ഇടിച്ചു നിരത്തി, തണ്ണീർത്തടങ്ങൾ മണ്ണിട്ട് മൂടി, പാടശേഖരങ്ങൾ നികത്തി ഭൂമിയെ കച്ചവടവൽക്കരിക്കുന്ന പ്രവർത്തനം അതിവേഗം നടക്കുകയും കേരളത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ കീഴ്മേൽ മറിയുകയും ചെയ്തു. മനുഷ്യനും പ്രകൃതിയും തമ്മിൽ നിലനിന്നുപോന്നിരുന്ന ജൈവബന്ധം ഇവിടെ ശിഥിലമാവുകയാണ്. ആർത്തിപൂണ്ട മനുഷ്യൻ ഭൂമിയെ ഒരു കച്ചവടവസ്തുവാക്കി മാറ്റിയിരിക്കുന്നു എന്നതിന്റെ അപകടങ്ങളും നാമിന്നു നേരിട്ടുകൊണ്ടിരിക്കുന്നു.

വൈലോപ്പിള്ളിയുടെയും ഇടശ്ശേരിയുടെയും കാവ്യവഴിയുടെ ഉത്തരാധുനിക തുടർച്ചയാണ് പി. പി. രാമചന്ദ്രന്റെ കവിതകളിൽ കാണാനാവുക. ലളിതവും വ്യക്തവും നേർരേഖയിലുള്ളതുമായ തെളിമലയാളത്തിന്റെ ഒഴുക്ക് അദ്ദേഹത്തിന്റെ കവിതകളിൽ പ്രകടമാണ്. ഉത്തരാധുനിക കവിതകളുടെ വ്യക്തിപരതയേക്കാൾ സാമൂഹികാംശങ്ങൾക്കാണ് പി. പി. രാമചന്ദ്രൻ പ്രാധാന്യം നൽകുന്നത്. സാമൂഹിക അംശങ്ങളെ വ്യക്തിപരമായ അനുഭവത്തോട് കൂട്ടിക്കെട്ടി അവതരിപ്പിക്കുന്നതോടെ തീവ്രമായ ഒരു പ്രതികരണമെന്ന നിലയിൽ കൂടി അവ മാറി.

ഒരു വിഷയത്തിലും കൃത്യമായ അഭിപ്രായമില്ലാതെ മാറിനിൽക്കുന്ന സ്വഭാവം കവിതകൾ പ്രകടിപ്പിക്കുന്നില്ല. മറിച്ച് ഓരോ വിഷയത്തോടുമുള്ള പ്രതികരണത്തിലെ സൂക്ഷ്മരാഷ്ട്രീയവും ജാഗ്രതാബോധവും പ്രകടമാണ്. പാരിസ്ഥിതിക ജാഗ്രത ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നാണ്. പാരിസ്ഥിതിക വിഷയങ്ങളോടുള്ള പ്രതികരണം പി. പി. രാമചന്ദ്രന്റെ ആദ്യകവിതാസമാഹാരമായ 'കാണെക്കാണെ' തൊട്ടുതന്നെ കാണാനാകും. തുടർന്നിങ്ങോട്ട് സ്വന്തം അനുഭവത്തെ മുൻനിർത്തിയുള്ള പരിസ്ഥിതി പ്രമേയങ്ങൾ നിരന്തരം ആ കവിതകളിൽ ഉൾപ്പെട്ടു എന്നു കാണാം.

പ്രധാനകൃതികൾ - *പട്ടാമ്പിപ്പുഴ മണലിൽ, കാറ്റേ കടലേ, പി.പി. രാമചന്ദ്രന്റെ കവിതകൾ, കാണെക്കാണെ, ലളിതം, രണ്ടായ് മുറിച്ചത്, കലംകാരി, നല്ല മാഷല്ല ഞാൻ* (ലേഖന സമാഹാരം), *പാതാളം, മരക്കുതിര, സൈക്കിളുചവിട്ടാൻ* (ബാലസാഹിത്യകൃതികൾ). കാണെക്കാണെ എന്ന കൃതിക്ക് 2002 ലെ കേരള സാഹിത്യ അക്കാദമി അവാർഡ്, പാതാളം എന്ന കഥാപുസ്തകത്തിന് 2012 ലെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരസ്കാരം, വി.ടി. കുമാരൻ പുരസ്കാരം, ചങ്ങമ്പുഴ അവാർഡ് തുടങ്ങിയ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

## Keywords

പരിസ്ഥിതി ദർശനം - പുഴയും മനുഷ്യരും - പ്രകൃതിയും സ്ത്രീയും - കാവ്യബിംബങ്ങൾ

## Discussion

### വരികൾ

"പട്ടാമ്പിപ്പുഴ മുളും
പാട്ടും കേട്ടൊരു നാളിൽ
വെറുതെ ഇത്തിരി നേരം
മണലിൽ ഞാൻ ഇളവേൽക്കേ
വെയിലാറി വരുന്നുണ്ട്
കുളിർക്കാറ്റിന് കനിവുണ്ട്
ഇരു കരയിൽ തൈ തെങ്ങുകൾ
മുടി കോതി നിൽപ്പുണ്ട്
വെറുതെ ഇരിയ്ക്കുമ്പോഴെൻ
വിരലോരോന്നെഴുതുകയായ്
മണലുഴുതു മറിയ്ക്കുകയായ്
മലയാളം തെളിയുകയായ്"

### അർഥവിശദീകരണം

| | | |
|---|---|---|
| ഇളവേൽക്കുക | = | വിശ്രമിക്കുക |
| കനിവ് | = | ദയ |

## ആശയവിശദീകരണം

പട്ടാമ്പിപ്പുഴയിൽ ഇരിക്കുന്ന ആഖ്യാതാവാണ് കവിതയുടെ തുടക്കത്തിൽ ഉള്ളത്. പുഴ മൂളുന്ന പാട്ടുകേട്ട് വെറുതെ ഇത്തിരി നേരം വിശ്രമിക്കുകയാണ്. സന്ധ്യയോടടുക്കുന്ന സമയം. കുളിർക്കാറ്റ് ഇരുകരയിലെയും തെങ്ങുകളെ തലോടിപ്പോകുന്നു. വെറുതെ ഇരിക്കുമ്പോഴാണ് മണലിൽ എഴുതാനും ഉഴുതുമറിക്കാനും ആഖ്യാതാവ് ആരംഭിക്കുന്നത്. അങ്ങനെ മണലിൽ പതിയെ മലയാളം തെളിഞ്ഞു വരാൻ തുടങ്ങി.

▶ പുഴയിലെ ഇരുത്തം

## വരികൾ

“അദ്ഭുതമെൻ വിരലേതോ
നഗ്നതയിൽ തൊട്ടതുപോൽ
മണിലിളകുന്നിക്കിളിയാൽ
ഉടലൊന്നു കുടഞ്ഞതുപോൽ
കുതുകത്തോടവിടുത്തെ
മണൽ മാന്തിയൊഴിച്ചപ്പോൾ
ഒരു സുന്ദരിയുണ്ടടിയിൽ
കനവൊണ്ടു കിടക്കുന്നു
ഉടുതുണിയിൽ ഉടലിൽ
മിഴിയിണപൂട്ടി മയങ്ങുന്നു
നിറമാറിൽ ചെവി ചേർക്കെ
ഹൃദയമിടിപ്പറിയുന്നു
പൊരുളറ്റ കടങ്കഥയോ
പുഴപെറ്റൊരു പൂമകളോ
മൊഴിയിൽ പകരനാവാ-
ത്തൊരുഭാവ നിഗൂഢതയോ
അവളുണരുന്നത് കാത്തി-
ട്ടരികത്തു കിടന്നു ഞാൻ
ഇരവേറി വരുന്നുണ്ട്
നനവാർന്നൊരു കാറ്റുണ്ട്
അറിയാതെയുറങ്ങിപ്പോയ്”

## അർഥവിശദീകരണം

| | | |
|---|---|---|
| അടി | = | താഴെ |
| കനവ് | = | സ്വപ്നം |
| ഇരവ് | = | രാത്രി |

## ആശയവിശദീകരണം

അങ്ങനെ മണലിൽ എഴുതിക്കൊണ്ടിരിക്കുമ്പോഴാണ് വിരലുകൾക്ക് ഹൃദയമിടിപ്പറിഞ്ഞതുപോലുള്ള അദ്ഭുതം ഉണ്ടാകുന്നത്. ഇക്കിളിയാൽ ശരീരം കുടഞ്ഞതുപോലെ മണൽ ഇളകുകയും ചെയ്തു. ആ കാഴ്ചയുടെ കൗതുകത്തോടെ അവിടുത്തെ മണൽ മാറ്റി നോക്കിയപ്പോൾ ഒരു സുന്ദരി കിടക്കുന്നത് കണ്ടു. മിഴികൾ പൂട്ടി മയങ്ങുന്ന അവളുടെ നിറമാറിൽ ചെവി ചേർത്തപ്പോൾ ഹൃദയമിടിപ്പ് അറിഞ്ഞു. പുഴയുടെ മകളാണോ ഇത്? വാക്കുകൊണ്ട് വിവ

> ▶ പുഴയുടെ മകളെ കണ്ടുമുട്ടുന്നു

രിക്കാനാവാത്ത നിഗൂഢതയുണ്ട് ഇവിടെ. അവൾ ഉണരുന്നത് കാത്ത് അരികത്ത് ആഖ്യാതാവും കിടന്നു. സമയം രാത്രിയാകുന്നു. നല്ല കാറ്റ് ഉണ്ടായിരുന്നതിനാൽ അറിയാതെ ഉറങ്ങിപ്പോയി.

### വരികൾ

"ഞൊടിനേരം ഉണർന്നപ്പോൾ
തെളിവാർന്ന നിലാവുണ്ട്
കരയിൽ കരി നിഴലുണ്ട്
അവളരികത്തില്ലവിടെ
മണൽ നീങ്ങിയ കുഴിയുണ്ട്
കുഴിയിൽ ചെളി വെള്ളത്തിൽ
മുഴുതിങ്കൾ തെളിയുണ്ട്
അകലെ കണ്ടേനപ്പോൾ
ഉടലാർന്ന നിലാവൊളിയെ
അവളോ പുഴയോളത്തിൽ
നിലയില്ലാതാഴത്തിൽ
അരുതെന്ന് വിലക്കി ഞാൻ
അലറിക്കൊണ്ടെന്നാലും
അരയോളം മാറോളം
പുഴയിൽ താണവസാനം
അവളൊന്നു തിരിഞ്ഞെന്നെ
കടമിഴിയാൽ ഉഴിയുകയായ്
അതുമാത്രം പിന്നിടാ
മണൽ വിഗ്രഹം അലിയുകയായ്
പൊളിയില്ലിത് പിറ്റേന്നാ
പുഴയിൽ നിന്നൊരു പെണ്ണിൻ
ജഡവും കൊണ്ടൊരു ലോറി
കയറിപ്പോയതു കണ്ടു."

### അർഥവിശദീകരണം

| | | |
|---|---|---|
| മുഴുതിങ്കൾ | = | പൂർണ്ണചന്ദ്രൻ |
| പൊളി | = | കള്ളം |

### ആശയവിശദീകരണം

പെട്ടെന്ന് ഉണർന്നു നോക്കിയപ്പോൾ പുഴയിൽ നിലാവും കരയിൽ നിഴലുമുണ്ട്. പക്ഷേ അവൾ അരികത്തില്ല. അവിടെ മണൽ നീങ്ങിയ ഒരു കുഴിയാണുള്ളത്. കുഴിയിലെ ചെളിവെള്ളത്തിൽ പൂർണ്ണചന്ദ്രനെ കാണാം. അകലെ, പുഴയുടെ ഓളങ്ങളിൽ താഴ്ചകളിലേക്ക് പോകുന്ന അവളെക്കണ്ടു. അലറിക്കൊണ്ട് അരുതെന്നു വിലക്കിനോക്കി. പക്ഷേ അവൾ പതിയെ പുഴയിൽ താണുപോയി. അവൾ കടമിഴിയാൽ എന്നെ തിരിഞ്ഞു നോക്കിയിരുന്നു. ആ മണൽ വിഗ്രഹം അലിഞ്ഞുപോയി. ഞാൻ പറയുന്നത് കള്ളമല്ല. പിറ്റേന്ന് ഒരു പെണ്ണിന്റെ ജഡവുമായി ഒരു ലോറി പുഴയിൽ നിന്ന് കയറി പ്പോകുന്നത് കണ്ടു.

## Summarised Overview

“ഉമ്മറക്കോലായിൽ നിന്ന്
രാത്രി എടുത്തു വയ്ക്കാൻ മറന്ന കിണ്ടി
കളവു പോയതുപോലെ
വയൽക്കരയിലുള്ള ഒരു കുന്ന്
പുലർച്ചയ്ക്ക് കാണാതായി.” (കാറ്റേ കടലേ)

പി. പി. രാമചന്ദ്രന്റെ മിക്ക കവിതകളും പാരിസ്ഥിതിക പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. ‘മണ്ണ്’, ‘ഇടശ്ശേരിപ്പാലം’, ‘പട്ടാമ്പിപ്പുഴ മണലിൽ’, ‘കാറ്റേ കടലേ’ തുടങ്ങിയ കവിതകൾ ഉദാഹരണം. 1990കൾക്ക് ശേഷം നമ്മുടെ പ്രകൃതി വിഭവങ്ങൾ ആഗോളകുത്തക മുതലാളിത്തത്തിന്റെ അധിനിവേശത്തിനു കീഴിലായി. സമസ്തജീവിതമേഖലകളും വൻകിട മാഫിയകൾ നിയന്ത്രിക്കാൻ തുടങ്ങി. മരണശയ്യയിൽ കിടന്ന് ജഢമായിത്തീർന്ന പുഴയുടെ പെൺരൂപം മാഫിയകൾ കവർന്നെടുത്തുകൊണ്ടുപോകുന്ന ക്രൂരമായ വർത്തമാന അവസ്ഥയെ അടയാളപ്പെടുത്തുന്ന കവിതയാണ് ‘പട്ടാമ്പിപ്പുഴ മണലിൽ’. പട്ടാമ്പിപ്പുഴ മണലിൽ ഇളം വെയിലേറ്റ് ഇരിക്കുന്ന കവി വെറുതെ ഓരോന്നെഴുതാനായി വിരലോടിക്കുമ്പോൾ മലയാള അക്ഷരങ്ങൾ തെളിയുകയാണ്. പിന്നെ ഒരു സുന്ദരിയുടെ നഗ്നശരീരം മണൽപ്പുറപ്പിൽ കിടക്കുന്നത് കവി ദിവാസ്വപ്നത്തിലെന്നപോലെ കാണുന്നു. അവളുണരുന്നതും കാത്ത് ആ പെണ്ണിന്റെ മണൽരൂപത്തിനരികിൽ കവി അറിയാതെ കിടന്നുറങ്ങിപ്പോയി. നേരം വെളുത്തപ്പോൾ അവളെ കാണാനില്ല. പെണ്ണും പ്രകൃതിയും കച്ചവടച്ചരക്കാകുന്ന പുതിയ കാലത്തിന്റെ അവസ്ഥ കവി വരച്ചിടുന്നു.

‘പട്ടാമ്പിപ്പുഴ മണലിൽ’ എന്ന കവിത ചർച്ച ചെയ്യുന്നത് പ്രധാനമായും പാരിസ്ഥിതിക പ്രശ്നമാണെങ്കിലും വ്യത്യസ്തമായ ചില മാനങ്ങൾ കൂടി കവിത പ്രകടിപ്പിക്കുന്നുണ്ട് എന്നു കാണാം. മുതലാളിത്ത സമൂഹത്തിന്റെ പ്രധാന മുദ്രാവാക്യങ്ങളിലൊന്നായ ‘ലാഭ’ത്തിനായി കൊള്ളയടിക്കപ്പെടുന്നത് കേരള സംസ്കാരത്തിന്റെ ജീവനാഡി കൂടിയായി വിശേഷിപ്പിക്കാറുള്ള ഭാരതപ്പുഴയാണ്. ഭാഷയുടെയും സംസ്കാരത്തിന്റെയും തകർച്ചയുടെ ചിത്രം കൂടിയായി കവിത മാറുന്നു.

## Assignments

1. പി. പി. രാമചന്ദ്രന്റെ പാരിസ്ഥിതിക സങ്കല്പം ചർച്ച ചെയ്യുക.
2. ആധുനികതയിൽ നിന്ന് ഉത്തരാധുനികതയിലെത്തുമ്പോൾ മലയാളകവിതയിൽ വന്നിട്ടുള്ള ഭാവുകത്വപരിണാമം വിശദീകരിക്കുക.
3. ഉത്തരാധുനിക കവിതകളിലെ പാരിസ്ഥിതിക അവബോധം ചർച്ചചെയ്യുക.
4. പി. പി. രാമചന്ദ്രന്റെ കവിതകളിൽ ഉത്തരാധുനിക കവിതയുടെ പൊതുപ്രത്യേകതകൾ പ്രത്യക്ഷപ്പെടുന്നതെങ്ങനെ? വിശദമാക്കുക.
5. പെണ്ണും പ്രകൃതിയും കച്ചവടച്ചരക്കാക്കുന്ന പുതിയ കാലത്തിന്റെ അവസ്ഥയാണ് പട്ടാമ്പിപ്പുഴ മണലിൽ എന്ന കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത് വിശദീകരിക്കുക.

# References

1. മിനി ആലിസ് (എഡി.), സമകാല മലയാള കവിത : പുതുമയും പലമയും; മലയാള വിഭാഗം, യു. സി. കോളേജ്, ആലുവ.
2. ഡോ. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. ഡോ. എം. എസ്. പോൾ, ഉത്തരാധുനിക കവിതാപഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. പി.പി. രാമചന്ദ്രൻ, പി.പി. രാമചന്ദ്രന്റെ കവിതകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്

# Suggested Readings

1. കെ. സച്ചിദാനന്ദൻ, മലയാളകവിതാ പഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. ഡോ. കെ. എം. ജോർജ് (എഡി.), ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
3. ഡോ. എം. ലീലാവതി, വർണ്ണരാജി, എൻ. ബി. എസ്., കോട്ടയം.

SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 3

# 1. ദൈവപ്പാതി

കെ. ആർ. ടോണി

## Learning Outcomes

- കെ. ആർ. ടോണിയുടെ കാവ്യശൈലി പരിചയപ്പെടുന്നു
- പാരഡികവിതകളുടെ പ്രസക്തിയും സവിശേഷതകളും തിരിച്ചറിയുന്നു
- സമകാലിക സംഭവങ്ങളോട് കവികൾ കവിതയിലൂടെ പ്രതിഷേധിച്ചത് എങ്ങനെയെന്ന് അറിയുന്നു
- ദൈവപ്പാതി എന്ന കവിതയുടെ ആശയം ഗ്രഹിക്കുന്നു

## Background

സംഭവങ്ങളെ സൗന്ദര്യപരമായി അവതരിപ്പിക്കാൻ ഉത്തരാധുനിക കവികൾക്ക് കഴിയുന്നു. കവി ഒരേ സമയം പലതായിത്തീരുന്നു. ആധുനികതയിൽ നിന്നും വ്യത്യസ്തമായ യാഥാർഥ്യങ്ങളെ ആവിഷ്കരിക്കാൻ കവികൾ പല വഴികളിലൂടെ ശ്രമിക്കുന്നു. ഭദ്രമല്ലാത്ത അടിത്തറയും നഷ്ടപ്പെട്ട അസ്ഥിരതയുമാണ് ഉത്തരാധുനികകവികളുടെ ഭൂമിക. രൂപശില്പത്തെക്കുറിച്ചുള്ള ആകുലതകൾ ഉത്തരാധുനികകവികൾ വച്ചുപുലർത്തുന്നില്ല. അങ്ങനെ ആധുനികതയിൽ നിന്ന് വ്യത്യസ്തമായി ഉത്തരാധുനികതയുടെ പാരഡി രൂപംകൊള്ളുന്നു. എല്ലാമറിയുന്ന ആഖ്യാതാവ് ഇവിടെയില്ല. ദാർശനികപ്രതിസന്ധികളോ ആദർശങ്ങളുടെ ഭാരമോ എഴുത്തുകാരനെ ബുദ്ധിമുട്ടിക്കുന്നില്ല. താനുൾപ്പെടെ ലോകം കുഴഞ്ഞുമറിയുന്ന ഒരു പരിസരത്തെയാണ് ഉത്തരാധുനിക കവി അഭിമുഖീകരിക്കുന്നത്. കെ. ആർ. ടോണിയുടെ 'അന്ധകാണ്ഡം', 'ഒരു തോറ്റ(ം)പാട്ട്', 'തത്വമസി' തുടങ്ങിയ കവിതകളിൽ വർത്തമാനകാലത്തിന്റെ ഈ കുഴമറിച്ചിൽ കാണുന്നുണ്ട്. ഭാഷ, വാക്ക്, അർഥനിർമ്മിതി എന്നിവയെച്ചുറ്റിപ്പറ്റിയുണ്ടായിരുന്ന എല്ലാ നിഗൂഢവത്കരണങ്ങളും ഇവിടെ തകർന്നടിയുന്നു. ഉത്തരാധുനികകാലത്തെ കവിതയിൽ ആവിഷ്കരിക്കുക എന്നത് ഒരു കടുത്ത വെല്ലുവിളിയായിത്തന്നെ ഇന്നത്തെ കവികൾ കാണുന്നു. ഇതിന് അവർ വ്യത്യസ്തമാർഗങ്ങളും സ്വീകരിക്കുന്നുണ്ട്. പാരഡിയുടെ ഇത്തരം ആധുനികരൂപങ്ങൾ, സ്വരം മാറ്റിപ്പാടുന്ന രീതി, ഫോട്ടോഗ്രാഫി, ചിത്രസങ്കലസാധ്യതകൾ, കഥപറച്ചിൽ രീതി എന്നിവയെല്ലാം അവർ ഉപയോഗിക്കുന്നു.

പോയകാലത്തിന്റെ കപടസദാചാരമൂല്യങ്ങളെ കൈവിടാനാകാതെ ബലം പിടിച്ചു നിർത്തുന്നവരെയാകെ നിരാകരിച്ചുകൊണ്ട് കടന്നുവന്ന കവിയാണ് കെ. ആർ. ടോണി. നവോത്ഥാന ആദർശങ്ങളുടെ തകർച്ചയിൽ തീവ്ര ഇടതുപക്ഷത്തിന്റെ പരാജയവും അതിന്റെ ദുരന്തവും എല്ലാറ്റിനെയും തലതിരിഞ്ഞു കാണാൻ കൂടി പ്രേരിപ്പിക്കുന്നതാണ്. ഇത് ഏറ്റവും ശക്തമായി ആവിഷ്കരിക്കുന്നത് കെ. ആർ. ടോണി തന്നെയാണ്. യാതൊരുവിധ ദർശനങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും ഭാരമില്ലാതെ എഴുതാൻ കെ. ആർ. ടോണിക്ക് സാധിക്കുന്നു. വ്യക്തിയുടെ സ്വതന്ത്രജീവിതത്തിന് തടസമാകുന്ന എല്ലാ ദർശനങ്ങളെയും നിരാകരിക്കുന്ന ഉത്തരാധുനിക സ്വഭാവത്തെ ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്നവയാണ് അദ്ദേഹത്തിന്റെ കവിതകൾ.

‘അധ്യാപകൻ’, ‘സമനില’, ‘ദൈവപ്പാതി’, ‘അന്ധകാണ്ഡം’, ‘പേരെഴുത്ത്’, ‘പ്ലമേനമ്മായി’, ‘യക്ഷിയും മറ്റും’ എന്നീ കൃതികളിലൂടെ കെ. ആർ. ടോണി ഉത്തരാധുനിക കാവ്യലോകത്ത് സ്ഥാനമുറപ്പിച്ചു. വിരുദ്ധോക്തി, ഫലിതപരിഹാസങ്ങൾ എന്നിവയിലൂടെ സമൂഹത്തിലെ വർത്തമാനകാല പൊള്ളത്തരങ്ങളെ വിമർശനവിധേയമാക്കുകയും, അതോടൊപ്പം തന്നെ ആത്മവിമർശനം നടത്തുകയും ചെയ്യുന്നു. ചില കവിതകൾ പാരഡികളായും ചിലത് കറുത്ത ഹാസ്യങ്ങളായും മാറുന്നു.

കവിതയ്ക്ക് അതീതമായ ഒരു യാഥാർഥ്യം കവിതയിലില്ല എന്ന കാഴ്ചപ്പാടിലാണ് കവി മറ്റുള്ള കവികളെ പുനർവായിക്കാൻ ഒരുങ്ങുന്നത്. ‘അന്ധകാണ്ഡ’ത്തിൽ എഴുത്തച്ഛന്റെയും ‘ഒരു തോറ്റം പാട്ടിൽ’ കുഞ്ചൻ നമ്പ്യാരുടെയും പാരഡിയാകുന്നുണ്ട് കവിത. വിഗ്രഹങ്ങളെയും ദർശനങ്ങളെയും ഉടയ്ക്കുകയും ചില ക്ലീഷേകളെ തിരുത്തിക്കുറിച്ചുകൊണ്ടും കവി ഭാഷയിൽ പുതിയ മാനങ്ങൾ സൃഷ്ടിക്കുന്നു.

> “താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
> താൻ താനനുഭവിച്ചീടുകെന്നേ വരൂ”

എന്ന എഴുത്തച്ഛന്റെ വരികളെ, ‘താൻ താൻ നിരന്തരം ചെയ്യുന്ന ദുഷ്കൃതം’ എന്നു തിരുത്തിയെഴുതുന്നു കവി.

നാം ഉടയാതെ മനസ്സിൽ കൊണ്ടുനടന്നിരുന്ന ബിംബങ്ങളെയും മൂല്യങ്ങളെയും തച്ചുടക്കുകയാണ് കവി. മലയാള സാഹിത്യത്തെ ആകമാനം വിമർശിച്ചും അപനിർമ്മിച്ചുമാണ് കെ. ആർ. ടോണി പുതുവഴി വെട്ടുന്നത്. പല കവികളുടെയും രചനകളിലൂടെ കവി നടത്തുന്ന യാത്രകൾ പാരഡിയായല്ല, പകരം ചരിത്രത്തോടും സംസ്കാരത്തോടുമുള്ള പ്രതികരണങ്ങളായാണ് കാണേണ്ടത്. കവിതയുടെ ചരിത്രം കവികളിലൂടെ സംസാരിച്ചു തുടങ്ങുന്നതാണ് കെ. ആർ. ടോണിയുടെ കവിതകളിൽ കാണുന്നത്. അവ കാവ്യപാരമ്പര്യങ്ങളെ പ്രശ്നവത്ക്കരിക്കുകയും കാനോനീകരണങ്ങളെ നിരാകരിക്കുകയും ചെയ്യുന്നു. ടോണിയുടെ ആക്ഷേപഹാസ്യം അതീവ സൂക്ഷ്മമായ രാഷ്ട്രീയം ഉൾക്കൊള്ളുന്നതിന്റെ ഉദാഹരണമാണ് ‘കുറുക്കൻകുന്ന്’ പോലുള്ള കവിതകൾ. ഇടതുതീവ്രവാദത്തിന്റെ പരാജയം ആഴത്തിൽ അനുഭവിപ്പിക്കുന്നതാണ് ഈ ഹാസ്യം.

പ്രധാനകൃതികൾ - *ജിജി, കത്തി, ദൈവപ്പാതി, അന്ധകാണ്ഡം, പ്ലനേമ്മായി, ഓ! നിഷാദ, ഡ്രാക്കുളയും കുട്ടിച്ചാത്തനും, പേരെഴുത്ത്* (സംസ്കാരപഠനം) കേരള സാഹിത്യ അക്കാദമി അവാർഡ്, കനകശ്രീ അവാർഡ്, വൈലോപ്പിള്ളി അവാർഡ്, പി.ടി. കുമാരൻ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

## Keywords

ആദർശവത്കൃതബിംബങ്ങൾ - വിമർശനങ്ങൾ - ചരിത്രത്തോടും സംസ്കാരത്തോടുമുള്ള വിയോജിപ്പുകൾ - പാരഡിക്കവിത - കാവ്യപാരമ്പര്യങ്ങളുടെ നിരാസം

## Discussion

ഉത്തരാധുനിക കവിതാലോകത്ത് തന്റേതായ ഇടം നേടിയെടുത്ത കവിയാണ് കെ. ആർ. ടോണി. ആധുനിക കവിതയുടെ ദാർശനിക സ്വഭാവങ്ങളെ ഉപേക്ഷിച്ചു കൊണ്ടാണ് ടോണി കവിത എഴുതുന്നത്. ശൈലി, താളം, അഹംബോധം, ദർശനം, ബിംബാവലി, നിഗൂഢത, ലാവണ്യത, ഭൂതകാലം, ഗൃഹാതുരത്വം എന്നിങ്ങനെ കവിതയെ കവിതയാക്കിയിരുന്ന എന്തിനെയും നിരാകരിക്കുകയും ഇവയിൽ നിന്നെല്ലാം കവിസ്വത്വത്തെ അന്യവത്ക്കരിക്കുകയും ചെയ്യുക എന്നതാണ് ടോണിയുടെ കവിതയുടെ പൊതുസ്വഭാവം. പാരഡികളായും കറുത്ത ഹാസ്യങ്ങളായും രചിക്കപ്പെട്ടവയാണ് ടോണിയുടെ കവിതകൾ. എങ്കിലും യാഥാർഥ്യബോധം വായനക്കാരനിൽ ഉണർത്തുക എന്ന പ്രധാന ലക്ഷ്യം ഈ കവിതകൾക്കുണ്ട്.

- യാഥാർഥ്യബോധം ഉണർത്തുന്ന കവിതകൾ

തന്റെ കവിതകളിലൂടെ കെ. ആർ. ടോണി സ്ഥാപനവൽക്കരിക്കപ്പെട്ട വ്യവസ്ഥകളുടെ അർഥശൂന്യത വ്യക്തമാക്കാനാണ് ശ്രമിച്ചിട്ടുള്ളത്. കാലാതീതമോ സ്ഥലാതീതമോ ആയ വ്യവസ്ഥകൾ നിലവിലുള്ളതായി അദ്ദേഹം വിശ്വസിക്കുന്നുണ്ടെന്ന് തോന്നുന്നില്ല. നിലവിലുള്ള സ്ഥലകാലങ്ങളിൽ ആശയപരമായും ഭാഷാപരമായും വൈരുധ്യങ്ങൾ വരുത്തി കാര്യം സാധിക്കുന്നതിലാണ് കവിക്ക് കൗതുകം. അതിനായി ഭൂതകാലത്തിൽ നിന്നും ചിരപരിചിതമായ ആശയാവിഷ്കാരങ്ങളെയോ ഭാഷാപ്രയോഗരീതികളെയോ കൈക്കൊള്ളും.

- വ്യവസ്ഥകളുടെ അർഥശൂന്യത

കെ. ആർ. ടോണിയുടെ പാരഡിക്കവിതകളിൽ ആഖ്യാനപരമായും ആശയപരമായും മികച്ചു നിൽക്കുന്ന കവിതയാണ് 'ദൈവപ്പാതി'. 'കിട്ടാത്ത മുന്തിരി പുളിക്കും' എന്ന പഴഞ്ചൊല്ലിന്റെ ഒരു പാരഡി എന്ന നിലയിലാണ് ഈ കവിത വായിക്കാൻ കഴിയുന്നത്. തനിക്ക് അലഭ്യമായതിനെ പറ്റി പല ന്യായീകരണങ്ങൾ നിരത്തുക എന്ന മനുഷ്യസ്വഭാവത്തിന്റെ പാരഡിയാണീ കവിത. കിട്ടാത്തതിന്റെയും, കിട്ടിയതിന്റെയും ഉത്തരവാദിത്തം ദൈവത്തിൽ ചാർത്തിക്കൊടുത്താൽ സംഗതി കൂടുതൽ എളുപ്പമാകും. മനുഷ്യസ്വഭാവത്തിന്റെ സൂക്ഷ്മനിരീക്ഷണം തന്നെയാണിവിടെ നടക്കുന്നത്.

- 'കിട്ടാത്ത മുന്തിരി പുളിക്കും' എന്ന പഴഞ്ചൊല്ല്

### കവിത

"തൂങ്ങിനിൽക്കുന്നു മുന്തിരിപ്പഴക്കുല
മോളിലാണേറെ ചാടിയാൽക്കിടയ്ക്കുമോ?
ദൂരെനിന്നേ ഞാനതു കണ്ടതാണേതായാലും
ചാടിനോക്കുക തന്നെ.
കിട്ടിയില്ലെങ്കിൽ വേണ്ട, പോട്ടെ
അല്ലെങ്കിൽ, പൊട്ടയാണെന്നോർത്തു
കൈവീശി നടന്നാലോ?"

### ആശയവിശദീകരണം

> ▶ കുറുക്കന്റെ മനോവ്യാപാരങ്ങൾ

ഒരു മുന്തിരിക്കുല തൂങ്ങിനിൽക്കുന്നുണ്ട്. ഏറെ മുകളിലാണത് ഉള്ളത്. ചാടിയാൽ അതു കിട്ടുമോ? വളരെ ദൂരത്തു നിന്നു തന്നെ ഞാനതു കണ്ടതാണ്. ഏതായാലും ചാടി നോക്കാം. കിട്ടിയില്ലെങ്കിൽ അതു വേണ്ട, പോകട്ടെ. അല്ലെങ്കിൽ മുന്തിരിക്കുല ചീത്തയാണെന്നോർത്ത് കൈവീശി നടന്നു പോയാലോ? കിട്ടാത്ത മുന്തിരിക്കായി കാത്തിരുന്നു മടുത്ത് മുന്തിരി പുളിക്കുമെന്ന് പറഞ്ഞ് മടങ്ങിപ്പോയ പഴയ കുറുക്കന്റെ കഥയിലേക്കാണ് കവി വായനക്കാരെ നയിക്കുന്നത്.

### വരികൾ

"കൊമ്പു ചായ്ക്കുവാൻപോലും മാർഗ്ഗമില്ലേറേ വട്ടം
കല്ലെടുത്തെറിഞ്ഞിട്ടും കൊണ്ടതില്ലതിലൊന്നും
കയറാനെളുപ്പമായിരിക്കാം അതുപോലെ
ഇറങ്ങാനെളുപ്പമല്ലെന്നുഞ്ഞാനറിയുന്നു
എങ്കിലും വിട്ടിട്ടെങ്ങു പോകുവാൻ ഞാനി കുല
മുന്തിരിച്ചോട്ടിൽത്തന്നെ താഴ്ചയായിരുന്നേയ്ക്കാം"

### ആശയവിശദീകരണം

> ▶ മുന്തിരിക്കായി കാത്തിരിക്കുന്ന കുറുക്കൻ

കൊമ്പു ചായ്ച്ചു മുന്തിരിക്കുല പറിക്കാൻ കഴിയില്ല. ഏറെ പ്രാവശ്യം കല്ലെടുത്ത് എറിഞ്ഞിട്ടും ഒന്നും മുന്തിരിയിൽ കൊണ്ടില്ല. മുന്തിരിവള്ളിയിൽ കയറാൻ എളുപ്പമായിരിക്കും. പക്ഷെ തിരികെ ഇറങ്ങുക എന്നത് അത്ര എളുപ്പമല്ല എന്ന് എനിക്കറിയാം. എങ്കിലും ഞാനീ മുന്തിരിക്കുല വിട്ടിട്ട് എവിടെ പോകാനാണ്. ഈ മുന്തിരിയുടെ ചുവട്ടിൽത്തന്നെ താഴ്മയായി ഇരുന്നു നോക്കാം.

### വരികൾ

"ഈശ്വരകാരുണ്യത്താൽ ഇപ്പൊഴാ കുലപൊട്ടി
താഴെയെൻ മുന്നിൽ വീണു കിട്ടിയാൽ, സുനിശ്ചയം
പാതി ഞാൻ ദൈവത്തിന്നു നേർച്ച നൽകിടും, ബാക്കി
പാതി ഞാൻ ശാപ്പിട്ടെന്തു രസമാണിളങ്കാറ്റു
മേറ്റുറങ്ങുവാൻ!
ആയതിനാൽ,
ഈ കുലമുന്തിരിപ്പഴം നോക്കി
വായയും തുറന്നുഞാൻ
എത്രയും ഇരുന്നിടാം"

### ആശയവിശദീകരണം

> ▶ പകുതി ദൈവത്തിന് നേർച്ച നൽകുന്ന കുറുക്കൻ

ഈശ്വരന് കരുണ തോന്നി ആ മുന്തിരിക്കുല ഇപ്പോൾ താഴെ എന്റെ മുന്നിൽ വീണു കിട്ടിയാൽ ഉറപ്പായും പകുതി ഞാൻ ദൈവത്തിന് നേർച്ചയായി കൊടുക്കും. ബാക്കി പകുതി കഴിച്ച് ഇളം കാറ്റുമേറ്റു ഉറങ്ങുവാൻ എന്തു രസമായിരിക്കും. അതുകൊണ്ട് ഈ മുന്തിരിക്കുല നോക്കി വായും തുറന്നു എത്ര നേരം വേണമെങ്കിലും ഞാൻ ഇരിക്കാം.

## വരികൾ

"അല്ലിതെന്തത്യത്ഭുതം! കുലപൊട്ടിയോ? വന്നു
വീണല്ലോ മുന്നിൽ നല്ല മുന്തിരിപ്പഴം എന്തു
ചന്തമാണയ്യാ! കണ്ണു ചിന്നുന്നു, ഇതിൽപ്പാതി
പോകണം! വിശപ്പാറ്റാൻ പാതിമാത്രമേയുള്ളു
ചെന്നെടുത്തൊരെണ്ണം ഞാൻ കടിച്ചു കൊതിയോടെ
പല്ലുകൾ പുളിപ്പുകൊണ്ടല്ലയോ പൊളിയുന്നു"

## ആശയവിശദീകരണം

ഇത് എന്ത് അദ്ഭുതമാണ്. മുന്തിരിപ്പഴത്തിന്റെ കുലപൊട്ടി എന്റെ മുന്നിൽ വീണല്ലോ. എന്തു ചന്തമാണ് മുന്തിരിപ്പഴം കാണുവാൻ. കണ്ണു ചിന്നുന്നു. ഇതിൽ പകുതി ദൈവത്തിന് കൊടുക്കണം. വിശപ്പകറ്റാൻ പകുതിയേ തനിക്കായി ഉള്ളു. ആ മുന്തിരിക്കുല എടുത്ത് കൊതിയോടെ ഞാൻ കടിച്ചപ്പോൾ പുളിപ്പുകൊണ്ട് പല്ലുകൾ പൊളിയുന്ന പോലെ തോന്നി.

- ▶ മുന്തിരി പുളിക്കുന്നതാണെന്ന തിരിച്ചറിവ്

# Summarised Overview

മികച്ച ചിന്തയുടെ പ്രതിഫലനമായിരിക്കും കവിതയെന്ന തത്വത്തെ അനുവർത്തിക്കുന്നവയാണ് കെ. ആർ. ടോണിയുടെ കവിതകൾ. കവിതയെ ഋജുവും ലളിതവുമായി അവതരിപ്പിക്കുക എന്നതാണ് അദ്ദേഹത്തിന്റെ ശൈലി. കവിതകളുടെ കേന്ദ്രം കവിത തന്നെയാണ് എന്നുറച്ചു വിശ്വസിച്ച കവിയാണ് അദ്ദേഹം. കറുത്ത ഹാസ്യം ടോണിയുടെ കവിതകളുടെ മുഖമുദ്രയാണ്. വിരുദ്ധോക്തികളുടെ സാന്നിധ്യം സമകാലകവിതകളുടെ ശ്രദ്ധേയമായ സവിശേഷതയാണ്. പല കവിതകളും വളരെ സൗകര്യപ്രദമായ ഒരു രക്ഷാമാർഗമെന്നപോലെയാണ് വിരുദ്ധോക്തിയെ പ്രയോജനപ്പെടുത്തുന്നത്. പുതുകവികളുടെ തന്ത്രപ്രയോഗമായ വിരുദ്ധോക്തി ടോണിയുടെ കവിതകളിൽ വ്യത്യസ്തമായ അർഥതലങ്ങളാണ് സൃഷ്ടിക്കുന്നത്. രൂക്ഷമായ സാമൂഹ്യ വിമർശനത്തിനും പരിഹാസത്തിനും വേണ്ടിയാണ് തന്റെ കവിതകളിൽ കെ. ആർ. ടോണി വിരുദ്ധോക്തി സ്വീകരിക്കാറുള്ളത്. ചിരിപ്പിക്കലല്ല മുഴക്കമുള്ള ചോദ്യങ്ങളായിട്ടാണ് ആ കവിതകൾ രചിക്കപ്പെട്ടിട്ടുള്ളത്.

നാട്ടുവഴക്കങ്ങളെയും പഴഞ്ചൊല്ലുകളെയും കേന്ദ്രമാക്കിയ പാരഡിക്കവിതകൾ കെ. ആർ. ടോണിയുടെ കവിതകളുടെ മറ്റൊരു പ്രത്യേകതയാണ്. കിട്ടാത്ത മുന്തിരി പുളിക്കും എന്ന പഴഞ്ചൊല്ലിനെ ആസ്പദമാക്കി എഴുതിയ കവിതയാണ് 'ദൈവപ്പാതി'. മനുഷ്യരുടെ അവസാനിക്കാത്ത ആഗ്രഹങ്ങളെയാണ് കവി മുന്തിരിക്കുലകളായി ഇവിടെ കല്പിച്ചിരിക്കുന്നത്. ദൂരെ നിന്നു കണ്ടപ്പോൾ തന്നെ ആഗ്രഹം തോന്നിപ്പിച്ച, എത്ര ചാടിയാലും എത്താത്ത ദൂരത്തുള്ള ആ മുന്തിരിക്കുലക്കായി, മനുഷ്യന്റെ മോഹങ്ങൾക്കായി, അതിന്റെ ചുവട്ടിൽ കാലങ്ങളോളം വാ തുറന്ന് കാത്തിരിക്കുകയാണ് ഇവിടെ കുറുക്കനും കുറുക്കൻ പ്രതിനിധീകരിക്കുന്ന മനുഷ്യരും എന്ന് കവി പറയുന്നു. കിട്ടില്ലെന്ന് ഉറപ്പായ മോഹങ്ങൾ സാധിക്കുന്നതിനായി ദൈവത്തിന് ഒരു പങ്ക് നേർച്ച നൽകുന്ന പതിവ് മനുഷ്യർക്കുണ്ട്. ഇവിടെയും അതാവർത്തിക്കുകയാണ്. എത്ര ചാടിയിട്ടും എറിഞ്ഞിട്ടും കിട്ടാത്ത മുന്തിരിക്കുലയ്ക്കായി കുറുക്കൻ ദൈവത്തിന് മുന്തിരിക്കുലയുടെ പാതി നേർച്ച നേരുന്നു. അദ്ഭുതമെന്നേ പറയേണ്ടു മുന്തിരിക്കുല കുറുക്കനു മുൻപിൽ പൊട്ടിവീണു. പകുതി ദൈവത്തിന് നേർച്ച നൽകാൻ മാറ്റിവച്ച് മറ്റേ പകുതിയിൽ

വിശപ്പു തീർക്കാൻ ഒരുമ്പെട്ട കുറുക്കന് മുന്തിരിയുടെ പുളി കൊണ്ട് പല്ല് പൊളിയുന്നതായി തോന്നി.

## Assignments

1. ഉത്തരാധുനികകവിത എന്ന നിലയിൽ ദൈവപ്പാതിയുടെ പ്രാധാന്യമെന്ത്? പരിശോധിക്കുക.
2. കെ. ആർ. ടോണിയുടെ രചനാശൈലിയുടെ സവിശേഷതകൾ ക്രോഡീകരിക്കുക
3. ദൈവപ്പാതി എന്ന കവിതയുടെ പേര് സൂചിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുക.
4. കെ. ആർ. ടോണിയുടെ കവിതകളുടെ പ്രത്യേകതകൾ വിലയിരുത്തുക
5. നാം മനസ്സിൽ കൊണ്ടു നടക്കുന്ന ബിംബങ്ങളെയും ആശയങ്ങളെയും തച്ചുടയ്ക്കുകയാണ് കെ. ആർ ടോണി തന്റെ കവിതയിലൂടെ ചെയ്യുന്നത്. വിശദീകരിക്കുക.
6. വിരുദ്ധോക്തികളുടെ സാന്നിധ്യം സമകാല കലകവിതകളുടെ ശ്രദ്ധേയമായ സവിശേഷതയാണ്. ദൈവപ്പാതി എന്ന കവിതയെ ആസ്പദമാക്കി വിലയിരുത്തുക.

## References


1. കെ.ആർ. ടോണി, ദൈവപ്പാതി, ഡി.സി ബുക്സ്, കോട്ടയം
2. മിനി ആലിസ് (എഡി.), സമകാല മലയാള കവിത : പുതുമയും പലമയും; മലയാള വിഭാഗം, യു. സി. കോളേജ്, ആലുവ.
3. ഡോ. കെ. എം. ജോർജ് (എഡി.), ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
4. ഡോ. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
5. ഡോ. എം. എസ്. പോൾ, ഉത്തരാധുനിക കവിതാപഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.


## Suggested Readings


1. കെ. ആർ. ടോണി,അന്ധകാണ്ഡം, ഡി.സി. ബുക്സ്, കോട്ടയം.
2. കെ. ആർ, ടോണി, ഓ നിഷാദ, ഡി.സി ബുക്സ്, കോട്ടയം
3. എരുമേലി പരമേശ്വരൻ പിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# 2. ചന്ദ്രനോടൊപ്പം

എസ്. ജോസഫ്

## Learning Outcomes

- എസ്. ജോസഫിന്റെ കവിതകളുടെ സവിശേഷതകൾ ഗ്രഹിക്കുന്നു
- പുതുകവിതകളുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- 'ചന്ദ്രനോടൊപ്പം' എന്ന കവിതയുടെ പ്രമേയപരവും രചനാപരവുമായ പ്രത്യേകതകൾ അറിയുന്നു
- പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെ ജീവിതം കടന്നുവരുന്നവയാണ് എസ്. ജോസഫിന്റെ കവിതകൾ എന്നു തിരിച്ചറിയുന്നു

## Background

ഉത്തരാധുനിക മലയാളകവിത പാർശ്വവത്കരിക്കപ്പെട്ടവരുടേയും, ദലിതരുടേയും ജീവിത വിഷയങ്ങൾ ഗൗരവമായി ചർച്ച ചെയ്യുന്നുണ്ട്. ആധുനികതയുടെ വരേണ്യ യുക്തിക്കനുസൃതമായി ക്രമീകരിക്കപ്പെട്ട ലോകത്ത് ആദിവാസികൾ, ദലിതർ, സ്ത്രീകൾ എന്നിവർ പുറന്തള്ളപ്പെടുകയും മാറ്റിനിർത്തപ്പെടുകയും ചെയ്തു. എന്നാൽ അസംഘടിതരെന്നു കരുതിയിരുന്നവർ വംശം, ലിംഗം, ജാതി എന്നിങ്ങനെയുള്ള സ്വത്വബോധത്തിന്റെയടിസ്ഥാനത്തിൽ മുന്നേറ്റം നടത്തുകയാണിന്ന്. ഇത് ഉത്തരാധുനിക സാമൂഹികാവസ്ഥയുടെ സ്വഭാവമാണ്. കീഴാളൻ, ദലിതൻ, പ്രാന്തവത്കൃതൻ എന്നൊക്കെ സ്വയം വിശേഷിപ്പിച്ചുകൊണ്ടുതന്നെ ഇവർ മുഖ്യധാരയിലേക്ക് കടന്നുവരുന്നു. ഈ സാമൂഹികയാഥാർഥ്യം വർത്തമാനകാല സാഹിത്യകൃതികളിൽ പ്രമേയമാകുന്നുണ്ട്. കടമ്മനിട്ടയെ പോലുള്ള ആധുനിക കവികൾ കീഴാളന്റെ പ്രശ്നങ്ങൾ ഉൾക്കൊണ്ട് കീഴാളനുവേണ്ടി കവിതയെഴുതിയിരുന്നു. എന്നാൽ പുറത്തുനിന്നുള്ള ഈ കാഴ്ചകൾക്കപ്പുറത്ത് സ്വന്തം ജീവിതത്തെ തങ്ങൾ തന്നെ ആവിഷ്കരിക്കുന്നു എന്ന നിലപാടാണ് ഉത്തരാധുനികതയിലുള്ളത്. ഇത്തരം ഒരു ദലിത് സ്വത്വനിർമ്മിതി ഉത്തരാധുനിക മലയാളകവിതയിൽ നടക്കുന്നുണ്ട്. എസ്. ജോസഫ്, എം. ആർ. രേണുകുമാർ, എം. ബി. മനോജ് തുടങ്ങിയവരുടെ കവിതകളിൽ ഈ സ്വത്വാവിഷ്കാരം തെളിഞ്ഞുകാണുന്നു.

പുതുമൊഴികളുടെ ലാളിത്യവും അരികുജീവിതങ്ങളുടെ ഹൃദയത്തിലേക്കുറ്റുനോക്കുന്ന ആർദ്രതയും കൊണ്ട് മലയാള കവിതയിൽ ഭാവുകത്വം സൃഷ്ടിച്ച കവിയാണ് എസ്. ജോസഫ്. കവിതയെ സംബന്ധിക്കുന്ന എല്ലാ ഉന്നത സങ്കല്പങ്ങളേയും പൊളിച്ചുകൊണ്ടാണ് എസ്. ജോസഫ് മലയാള കവിതയുടെ മണ്ഡലത്തിൽ തന്റേതായ സ്ഥാനം ഉറപ്പിക്കുന്നത്. അതിസാധാരണത്വമാണ് ജോസഫിന്റെ കവിതകളുടെ സവിശേഷത. അത് നിഗൂഢമായ അനുഭവാവിഷ്കാരമല്ല, സ്വാഭാവിക ജീവിതത്തിന്റെ പ്രത്യക്ഷീകരണമാണ്. അതുകൊണ്ട് തന്നെ അത്രമേൽ ലളിതവും അനൗപചാരികവുമായിത്തീരുന്നു അതിന്റെ ഭാവം. നിസ്സാരമായിപ്പോയ മനുഷ്യരുടെ പ്രതിനിധാനമാണ് അദ്ദേഹത്തിന്റെ കവിതകൾ. ചുറ്റുമുള്ളവയെ എല്ലാം അദ്ദേഹം കവിതയാക്കിത്തീർക്കുന്നു.

നിശ്ചലമായൊരു പശ്ചാത്തലമായല്ല ജോസഫിന്റെ കവിതകളിൽ പ്രകൃതി പ്രത്യക്ഷപ്പെടുന്നത്. ഉൽപാദിപ്പിക്കുന്നവരുടെ അഥവാ ഭൂമിയെ ചലിപ്പിക്കുന്നവരുടെ നിറസാന്നിധ്യമാണ് അവ. പണിയിടങ്ങളിൽ കവിത സംവദിക്കുന്നു. മീൻകാരും മുക്കുവരും പാറപൊട്ടിക്കുന്നവനും വീടുപണിയുന്നവനും കൊട്ടനെയ്യുന്നവരുമായ മനുഷ്യർ കവിതയിലെ കേന്ദ്രകഥാപാത്രങ്ങളാകുന്നു. സംസ്കൃതഭിന്നമായ ഭാഷയും സംഭാഷണഭാഷയുടെ ലാളിത്യവും കവിതയെ സവിശേഷമാക്കുന്നു.

പ്രധാനകൃതികൾ - *ചന്ദ്രനോടൊപ്പം, മഞ്ഞ പറന്നാൽ, ഓർഫ്യൂസ് കണ്ണാടിയിൽ, വെള്ളം എത്ര ലളിതമാണ്, ഉപ്പന്റെ കൂവൽ വരക്കുന്നു, ഐഡന്റിറ്റി കാർഡ്, മീൻകാരൻ', 'കറുത്ത കല്ല്'* എന്നിവ കവിതാ സമാഹാരങ്ങളാണ്.

## Keywords

അതിജീവനം - അരിക്വൽകരണം - കാവ്യബിംബങ്ങൾ - വരേണ്യസങ്കല്പങ്ങൾ

## Discussion

▶ പാർശ്വവത്കൃത ജീവിതങ്ങളിൽ നിന്നുള്ള വാക്കുകളും കാഴ്ചകളും കൊണ്ട് നിബിഡമാണ് എസ്. ജോസഫിന്റെ കവിത

ഉത്തരാധുനികതയുടെ കവിതാപദ്ധതിയിൽ സ്വന്തമായ ഒരു കയ്യൊപ്പു ചാർത്തിയ കവിയാണ് എസ്. ജോസഫ്. ചെത്തിമിനുക്കിയ ആഭിജാത്യപ്രമേയങ്ങളൊന്നും ജോസഫിന്റെ കവിതയിൽ ഇടം പിടിക്കുന്നില്ല. 'കറുത്തകല്ല്' എന്ന ആദ്യ സമാഹാരത്തിൽ തന്നെ തന്റേതായ ഒരു തനത് കാവ്യശൈലി എസ്. ജോസഫ് സ്വീകരിച്ചിട്ടുണ്ട്. മലയാളമൊഴിയിലെ ആ തൻവഴി പാർശ്വവത്കൃത ജീവിതങ്ങളിൽ നിന്നുള്ള വാക്കുകളും കാഴ്ചകളും കൊണ്ട് നിബിഡമാണ്. മനുഷ്യനും രാഷ്ട്രീയവും പ്രകൃതിയും, പ്രപഞ്ചാലയവും ഉൾച്ചേരുന്ന ഒരു നാട്ടുജൈവവ്യവസ്ഥയുടെ ആഖ്യാനത്തിലൂടെ പരമ്പരാഗത ലോകവീക്ഷണത്തെ അടിസ്ഥാനപരമായി മാറ്റിയെഴുതാൻ ഒരുമ്പെടുന്നു ജോസഫ് കവിത.

### വരികൾ

"ദൂരങ്ങൾ പിന്നിട്ട് തീവണ്ടിയിൽ വരികയാണ്
മുഴുചന്ദ്രനും തീവണ്ടിക്കൊപ്പം സഞ്ചരിക്കുന്നു
മരങ്ങളും വീടുകളും വിളക്കുകളും
പിന്നോട്ട് മറയുന്നു
ഉൾഗ്രാമത്തിലെ ഓടിട്ട വീട്ടിൽ ഭാര്യ കാത്തിരിക്കുന്നു
നഗരത്തിൽ തീവണ്ടിയിറങ്ങുന്നു
ബസിൽ പോകുന്നു
പിന്നെ നടക്കുന്നു
അപ്പോഴെല്ലാം ചന്ദ്രൻ കൂടെയുണ്ട്
വീട്ടിലെത്തി കിഴക്കോട്ടുള്ള മരവാതിലിന്റെ

സാക്ഷയിടുംവരെ
അല്ല, ചന്ദ്രൻ മുറിക്കുള്ളിലും തെളിയുന്നു."

### ആശയവിശദീകരണം

തീവണ്ടിയിൽ ദൂരങ്ങൾ താണ്ടി കവി വരുകയാണ്. കവിയോടൊപ്പം ചന്ദ്രനും വരുന്നു. പൂർണ്ണചന്ദ്രനാണ് കവിയേയും തീവണ്ടിയേയും അനുഗമിക്കുന്നത്. യാത്രയിൽ മരങ്ങളും വീടുകളും വിളക്കുകളും പിന്നോട്ട് പോകുന്നുണ്ട്. അപ്പോഴും ചന്ദ്രൻ തനിക്കൊപ്പം വരുന്നുണ്ട്. ബസിൽ പോകുമ്പോഴും നടക്കുന്ന വഴിയിലും ചന്ദ്രൻ തന്നെ പിന്തുടരുന്നുണ്ട്. ഉൾഗ്രാമത്തിലെ ഓടിട്ട വീട്ടിൽ ഭാര്യ അദ്ദേഹത്തെ കാത്തിരിക്കുകയാണ്. വീട്ടിലെത്തി വാതിലടക്കുമ്പോഴും ചന്ദ്രൻ കൂടെയുണ്ട്. വാതിലടച്ച് മുറിയിൽ കടന്നതിനു ശേഷം, മുറിയിലും പൂർണ്ണചന്ദ്രൻ തെളിയുന്നതോടെ കവി അദ്ഭുതപരതന്ത്രനാകുന്നു.

▶ പ്രകൃതിയും താനും ഒന്നാണ്

നന്മകളെപ്പോഴും നമ്മുടേതാക്കി വെച്ചതാണ് പ്രകൃതിയിലെ പല കാര്യങ്ങളും. താനും പ്രകൃതിയും വേറിട്ടല്ല എന്ന ബോധമാണ് കവി വിളിച്ചു പറയുന്നത്. 'ചന്ദ്രനോടൊപ്പം' എന്ന കവിതയിൽ അവനവനെത്തന്നെ ആവർത്തിക്കുക എന്ന രീതിയിൽ നിന്ന് കുതറിമാറുന്ന കവിയെയാണ് കാണാൻ കഴിയുന്നത്.

## Summarised Overview

മലയാള കവിതയിൽ നിലനിന്നിരുന്ന വരേണ്യ സങ്കല്പങ്ങൾ തകർത്ത എഴുത്തുകാരനാണ് എസ്. ജോസഫ്. സ്വാഭാവിക ജീവിതത്തിന്റെ ആവിഷ്കരണമാണ് അദ്ദേഹത്തിന്റെ കവിതകൾ. അത്രമേൽ ലളിതവും അനൗപചാരികവുമാണ് അതിന്റെ ഭാവം. മീൻകാരനും മുക്കുവനും പാറപൊട്ടിക്കുന്നവരും വീടുപണിയുന്നവരും കൊട്ടനെയ്യുന്നവരുമായ മനുഷ്യരാണ് കവിതയിലെ കേന്ദ്രകഥാപാത്രങ്ങൾ.

പ്രകൃതിയിൽ നിന്നു മനുഷ്യൻ ഭിന്നനല്ല എന്ന കാഴ്ചപ്പാടാണ് 'ചന്ദ്രനോടൊപ്പം' എന്ന കവിതയിൽ അവതരിപ്പിക്കുന്നത്. താനും പ്രകൃതിയും ഒന്നു തന്നെയാണ്. എന്റെ കൂടെ സഞ്ചരിച്ച്, കൂടെ തന്നെ പ്രകൃതി നിലനിൽക്കുന്നു. അവനവനെത്തന്നെ ആവർത്തിക്കുക എന്ന രീതിയിൽ നിന്ന് കുതറിമാറുന്ന കവിയെയാണ് 'ചന്ദ്രനോടൊപ്പം' എന്ന കവിതയിൽ കാണാൻ കഴിയുന്നത്.

പ്രകൃതിയോടു ഇണങ്ങിച്ചേരുക എന്ന വാദത്തിന് പ്രാധാന്യമേറുന്ന കാലമാണിത്. മാറിയ കാലത്തെ പ്രതിനിധാനം ചെയ്യാനാണ് പൂർണ്ണചന്ദ്രൻ എന്ന ബിംബത്തെ കവിതയിൽ ആവിഷ്കരിക്കുന്നത്. ചുറ്റും മാറിക്കൊണ്ടിരിക്കുമ്പോഴും അനങ്ങാതെയും മാറാതെയും കവി കാണുന്നത് ചന്ദ്രനെയാണ്. പ്രകൃതിനാശം മനുഷ്യന്റെ ഇല്ലായ്മ മാത്രമല്ല സകലജീവികളുടെയും നിലനില്പിനേൽക്കുന്ന ആഘാതം കൂടിയാണെന്ന തിരിച്ചറിവ് ഇത്തരം ഒരു പാരസ്പര്യത്തിൽ നിന്നാണ് ഉണ്ടായിവരുന്നത്. പച്ചപ്പിനോടും വെള്ളത്തിനോടും പ്രകൃതിയുടെ ആർദ്രഭാവങ്ങളോടുമുള്ള ഉത്തരാധുനിക മനുഷ്യന്റെ ആത്മീയമായ സമ്പർക്കം രൂപപ്പെടുന്നത് ഇവിടെനിന്നാണ്.

# Assignments

1. ഉത്തരാധുനിക മലയാള കവിതയിലെ ദലിത് സ്വത്വാവിഷ്കാരങ്ങൾ വിവരിക്കുക.
2. എസ്. ജോസഫിന്റെ കാവ്യശൈലി ചന്ദ്രനോടൊപ്പം എന്ന കവിതയെ ആസ്പദമാക്കി വിലയിരുത്തുക.
3. മൊഴിയിലും ആവിഷ്കാരത്തിലും എസ്. ജോസഫിന്റേത് ഒരു വഴിമാറി നടപ്പായിരുന്നു. വിശദീകരിക്കുക.
4. 'ചന്ദ്രനോടൊപ്പം' എന്ന കവിതയിൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ കവി ആവിഷ്കരിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക?
5. പ്രകൃതിയും ഞാനും ബോധ്യത്തെ ചന്ദ്രനോടൊപ്പം എന്ന കവിത ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയെന്ന് വിവരിക്കുക

# References


1. എസ് . ജോസഫ്, ചന്ദ്രനോടൊപ്പം, ഡി.സി.ബുക്സ്, കോട്ടയം
2. ഡോ.എം.എസ്. പോൾ, ഉത്തരാധുനിക കവിതാ പഠനങ്ങൾ, കേരള സാഹിത്യ അക്കാഡമി, തൃശൂർ
3. ഇ.പി.രാജഗോപാലൻ, കവിതയുടെ ഗ്രാമങ്ങൾ, കറന്റ് ബുക്സ് തൃശൂർ


# Suggested Readings


1. ഡോ. സി. ആർ. പ്രസാദ്, സ്ഥലകാലങ്ങൾ ആധുനികാനന്തര മലയാള കവിതയിൽ, സമകാലിക മലയാളകവിത പുതുമയും പലമയും, ഡോ. മിനി ആലീസ് (എഡി.), മലയാള വിഭാഗം, യു. സി. കോളേജ്, ആലുവ.
2. ഇ. വി. രാമകൃഷ്ണൻ, അനുഭവങ്ങളെ ആർക്കാണ് പേടി, ഡി. സി. ബുക്സ്, കോട്ടയം.
3. എസ്. ജോസഫ്, കറുത്ത കല്ല്, ഡി. സി. ബുക്സ്, കോട്ടയം.
4. എസ്. ജോസഫ്, മീൻകാരൻ, ഡി. സി. ബുക്സ്, കോട്ടയം.
5. എസ്. ജോസഫ്, ഐഡന്റിറ്റി കാർഡ്, ഡി. സി. ബുക്സ്, കോട്ടയം.
6. എസ്. ജോസഫ്, ഉപ്പന്റെ കൂവൽ വരയ്ക്കുന്നു, ഡി. സി. ബുക്സ്, കോട്ടയം.
7. എസ്. ജോസഫ്, മഞ്ഞപറന്നാൽ, ഡി. സി. ബുക്സ്, കോട്ടയം.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# 1. തൊട്ടു തൊട്ടു നടക്കുമ്പോൾ

വീരാൻകുട്ടി

## Learning Outcomes

- വീരാൻകുട്ടിയുടെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു
- ഉത്തരാധുനിക കവിതകളുടെ സവിശേഷതകൾ കണ്ടെത്തുന്നു
- 'തൊട്ടു തൊട്ടു നടക്കുമ്പോൾ' എന്ന കവിതയുടെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ ഗ്രഹിക്കുന്നു

## Background

ഉത്തരാധുനിക കവികളിൽ ശ്രദ്ധേയനായ കവിയാണ് വീരാൻകുട്ടി. വരികളെ ആറ്റിക്കുറുക്കി കവിതയെഴുതുന്ന കവിയാണ് അദ്ദേഹം. ഭാരമില്ലാത്ത വാക്കുകൾ കൊണ്ട് ജീവിതത്തിന്റെ മുഴുവൻ ഭാരവും തകർത്തെറിയുന്ന വീരാൻകുട്ടിയുടെ കവിതകൾ ഉത്തരാധുനികതയുടെ സ്വഭാവ സവിശേഷതകൾ പിന്തുടരുന്നു.

'ജലഭൂപടം' എന്ന ആദ്യ സമാഹാരത്തിൽത്തന്നെ കവിയുടെ വ്യത്യസ്തമായ പ്രമേയപരിചരണ രീതി കാണാം. 'ജലഭൂപടം', 'മൺവീറ്', 'തൊട്ടു തൊട്ടു നടക്കുമ്പോൾ', 'മാന്ത്രികൻ' എന്നീ സമാഹാരങ്ങളിലൂടെ പുതുമലയാള കവിതയിൽ ഇടം പിടിക്കാൻ വീരാൻകുട്ടിക്കായി. ബിംബങ്ങളുടെ കരുത്ത് കൊണ്ടും ഭാഷയുടെ ലാളിത്യം കൊണ്ടും ഹൃദ്യമായ അനുഭവമാണ് ആ കവിതകൾ സമ്മാനിച്ചത്. ഹൈക്കുവിന്റേതുപോലുള്ള മനോവേഗം അവയെ ചടുലമാക്കി. ചെറിയ കവിതകളിൽ നെടുനീളൻ അനുഭവ ലോകങ്ങളെ പ്രകാശിപ്പിക്കുന്നതിൽ അവ വലിയ അളവിൽ വിജയിക്കുകയും ചെയ്തു. വീരാൻകുട്ടിയുടെ കവിതകളുടെ ലാളിത്യം ഭാഷയിൽ മാത്രം പ്രകടമാകുന്ന ഒന്നല്ല. പ്രമേയത്തിൽ, കാവ്യബിംബങ്ങളുടെ തെരഞ്ഞെടുപ്പിൽ, പലപ്പോഴും രൂപത്തിൽ ഒക്കെ പ്രകടമാകുന്ന സവിശേഷ സ്വഭാവമാണ് ഈ ലാളിത്യം. തീരെ ചെറിയ ഒച്ചകളെക്കുറിച്ചും, ചെറുചലനങ്ങളെക്കുറിച്ചും ചെറുവസ്തുക്കളെക്കുറിച്ചും പറയുന്ന വീരാൻകുട്ടിക്കവിതകൾ ചെറുതുകൾക്കൊപ്പം നിൽക്കുന്ന രാഷ്ട്രീയ നിലപാടുകൾ കൂടിയായിത്തീരുന്നുണ്ട്. ഏഴ് കവിതാ സമാഹാരങ്ങൾ, കുട്ടികൾക്കായുള്ള മൂന്നു നോവലുകളും ഒരു കഥാപുസ്തകവും, മഴത്തുള്ളികൾ വച്ച ഉമ്മകൾ (ഓർമ്മകൾ) എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, ജർമ്മൻ, തമിഴ്, കന്നഡ, മറാഠി, ഹിന്ദി ഭാഷകളിലേക്ക് ഈ കവിതകൾ മൊഴിമാറ്റം ചെയ്യപ്പെട്ടു.

പ്രധാനകൃതികൾ – *ജലഭൂപടം, മൺവീറ്, മിണ്ടാപ്രാണി, നിശ്ശബ്ദതയുടെ റിപ്പബ്ലിക്, നാലുമണിപ്പൂവ്, ഇനിയുള്ള ദിവസങ്ങൾ, മാന്ത്രികൻ, ഓട്ടോഗ്രാഫ് ഇപ്പോൾ ഇല്ലാത്ത ഭാഷയിൽ.* മിണ്ടാപ്രാണി എന്ന കൃതി 2017 ലെ കവിതയ്ക്കുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരത്തിനർഹമായി.

## Keywords

സൂക്ഷ്മപ്രകൃതി - കാവ്യബിംബങ്ങൾ, പ്രണയം, ജനാധിപത്യബോധം

## Discussion

ഉത്തരാധുനിക മലയാള സാഹിത്യത്തിലെ ശ്രദ്ധേയനായ കവിയാണ് വീരാൻകുട്ടി. സൂക്ഷ്മപ്രകൃതിയാണ് വീരാൻകുട്ടിക്കവിതകളുടെ ജീവൻ. തീരെ ചെറിയ ഇനം ഒച്ചകൾ കേൾപ്പിച്ചുകൊണ്ടാണ് വീരാൻകുട്ടി മലയാള കവിതയിലേക്ക് കടന്നുവന്നത്. എന്നാൽ ആ ഒച്ചകൾക്കും, അതാവിഷ്കരിച്ച രീതിക്കും പുതുമയുണ്ടായിരുന്നു. വലിയ പടർപ്പുകളും എടുപ്പുകളും ഊതിവീർപ്പിച്ച ആശയങ്ങളും വീരാൻകുട്ടിയുടെ കവിതകളിൽ കാണാൻ കഴിയില്ല. ബൃഹദാഖ്യാനങ്ങളുടെ നടപ്പുവഴി വിട്ടുള്ള പുതുമലയാളകവിതയുടെ പ്രയാണങ്ങളിൽ വേറിട്ട സാന്നിധ്യമായി വീരാൻകുട്ടിയുടെ കവിതകളെ വായനക്കാർ തിരിച്ചറിയുകയും ഉള്ളിൽപിടിച്ചിരുത്തുകയും ചെയ്തു. 'തൊട്ടു തൊട്ടു നടക്കുമ്പോൾ' എന്ന കവിതയിൽ കവി പ്രണയിക്കുന്നവരുടെ ലോകത്തിന്റെ ഭിന്നഭാവങ്ങൾ വിവരിക്കുന്നു.

▶ പ്രണയിക്കുന്നവരുടെ ലോകത്തിന്റെ ഭിന്ന ഭാവങ്ങൾ

### വരികൾ

"പ്രണയിക്കുന്ന രണ്ടുപേർ
തൊട്ടുതൊട്ടു നടക്കുമ്പോൾ
ചുരുട്ടിവെച്ച വഴിയെല്ലാം
നിവർത്തിയിടും ദൈവം.
അവരതിന്റെ പതുപതുപ്പ്
അറിയാതെ പോകുമെങ്കിലും-
ഭൂമിയിൽനിന്നും ഉയർന്നാവും
അവരുടെ അപ്പോഴത്തെ
നടത്തമെന്നതിനാൽ."

### ആശയവിശദീകരണം

പ്രണയിക്കുന്ന രണ്ടുപേർ തൊട്ടു തൊട്ടു നടക്കുമ്പോൾ, വഴികളുടെ കുരുക്കുകളഴിച്ചു കളഞ്ഞ് ദൈവം വഴികളെ നിവർത്തിയിട്ടിരിക്കുന്നതായി കവി സങ്കല്പിക്കുന്നു. അവരുടെ അപ്പോഴത്തെ നടത്തമെല്ലാം ഭൂമിയിൽ നിന്ന് ഉയർന്നാകയാൽ പ്രണയിക്കുന്നവർ അതിന്റെ പതുപതുപ്പറിയാതെ കടന്നുപോകുമെന്ന് സാരം.

▶ ദൈവം വഴികളെ നിവർത്തിയിടുന്നു

### വരികൾ

"പ്രണയിക്കുന്ന രണ്ടുപേർ
തൊട്ടുതൊട്ടു നടക്കുമ്പോൾ
അവർക്കിടയിൽ വന്നു പാളം തെറ്റും
വാക്കുകൾ നിറച്ചുവരുന്ന

ദൈവത്തിന്റെ തീവണ്ടി.
ഒരു വാക്കുപോലും അതിൽനിന്നും
എടുക്കുകയില്ല അവരെങ്കിലും
ഭാഷയില്ലാതെ സംസാരിക്കാൻ
അപ്പോഴേക്കും അവർ
പഠിച്ചു കഴിഞ്ഞതിനാൽ."

### ആശയവിശദീകരണം

▶ താളം തെറ്റുന്ന വാക്കുകൾ

പ്രണയിക്കുന്ന രണ്ടുപേർ തൊട്ടുതൊട്ടു നടക്കുമ്പോൾ, വാക്കുകൾ നിറച്ചു വരുന്ന ഒരു തീവണ്ടി അവർക്കിടയിൽ വന്നു പാളം തെറ്റും. ഭാഷയില്ലാതെ സംസാരിക്കാൻ പഠിച്ചു കഴിഞ്ഞ അവർ അതിൽ നിന്ന് ഒരു വാക്കുപോലും എടുക്കില്ല എന്ന് കവിവാക്യം.

### വരികൾ

"പ്രണയിക്കുന്ന രണ്ടുപേർ
തൊട്ടുതൊട്ടു നടക്കുമ്പോൾ
അവർക്കിടയിൽ നൽകപ്പെടും
ഋതുക്കൾ ഒറ്റനിമിഷംപോലെ
മറിയും സമയപുസ്തകം
നോക്കുകപോലുമില്ല അവരതിനെ,
യുഗങ്ങൾക്കു മുമ്പേ
പുറപ്പെട്ടവരാകയാൽ"

### ആശയവിശദീകരണം

▶ ഒറ്റ നിമിഷം പോലെ ഋതുക്കൾ മറയും

പ്രണയിക്കുന്ന രണ്ടുപേർ തൊട്ടുതൊട്ടു നടക്കുമ്പോൾ, അവർക്കിടയിൽ ഒറ്റ നിമിഷം പോലെ ഋതുക്കൾ മറയും എന്ന് കവി പറയുന്നു. പ്രണയികൾക്കിടയിൽ സമയ പുസ്തകത്തിന് പ്രസക്തിയില്ലെന്ന് സാരം.

### വരികൾ

"ഒടുക്കം സഹികെട്ട്
ഒരാൾക്കുമാത്രം നിൽക്കാവുന്ന ഇടമായി
ചുരുക്കിക്കളഞ്ഞേക്കും
ഭൂമിയെ ദൈവം.
അന്നാദ്യമായി
ദൈവത്തിന്റെ ഉദാരതയിൽ
അവർ തൃപ്തിപ്പെടും."

### ആശയവിശദീകരണം

▶ പ്രണയിക്കുന്ന രണ്ടു പേർക്കിടയിലെ ലോകം

ഒടുക്കം സഹികെട്ട് ദൈവം ഒരാൾക്കു മാത്രം നിൽക്കാനാകുന്ന ഇടമായി ഭൂമിയെ ചുരുക്കിക്കളഞ്ഞേക്കും. അന്നാദ്യമായി അവർ ദൈവത്തിന്റെ ഉദാരതയിൽ തൃപ്തിപ്പെടുമെന്ന് കവി പറയുന്നു. പ്രണയിക്കുന്ന രണ്ടു പേർക്കിടയിലെ ലോകത്തെ സൂക്ഷ്മം വരച്ചിടുകയാണ് കവി. ഇതിൽ ആദ്യ മൂന്നു ഭാഗങ്ങളിലും പ്രണയികളെ നോക്കുന്ന

പുറം ലോകത്തെയാണ് നമുക്ക് കാണാൻ കഴിയുന്നത്. പുറംകാഴ്ചകൾ ഒന്നുമറിയാതെ, തങ്ങളുടെ ഇടങ്ങളിലൂടെ നടന്നു പോകുന്ന അവർ ഭൂമിയിൽ ചുവടുറപ്പിച്ചിട്ടില്ലെന്ന് കവി പറയുന്നു. 'പ്രണയത്തിലായിരിക്കുന്നവരുടെ കാലുകൾ ഭൂമിയിൽ സ്പർശിച്ചതിന്റെ തെളിവുകൾ' അന്വേഷിക്കുന്ന കവിയാണ് വീരാൻകുട്ടി. ഭൂമിയിൽ തൊടാതെയുള്ള സഞ്ചാരമായി കവി പ്രണയത്തെ വ്യാഖ്യാനിക്കുന്നു. പ്രണയത്തെ അതിന്റെ സൗന്ദര്യഭാവങ്ങളിൽ നിന്ന് വീക്ഷിക്കുന്ന കവി അതിനുള്ളിൽ പുലർത്തേണ്ട ജനാധിപത്യബോധത്തെക്കുറിച്ചും സംസാരിക്കുന്നുണ്ട്.

## Summarised Overview

ഉത്തരാധുനിക കാലത്തിന്റെ കവിയാണ് വീരാൻകുട്ടി. ആറ്റിക്കുറുക്കി കവിത എഴുതുന്ന കവിയാണ് അദ്ദേഹം. ലളിതമായ ഭാഷയിൽ, ചുരുങ്ങിയ പദങ്ങൾക്കൊണ്ട് അദ്ദേഹം പുതിയ കാലത്തെ, പുതിയ മനുഷ്യരുടെ ജീവിതം വരച്ചിടുന്നു. പ്രണയത്തിന്റെ സൂക്ഷ്മ രാഷ്ട്രീയം അവതരിപ്പിക്കുന്ന നിരവധി കവിതകൾ വീരാൻകുട്ടി രചിച്ചിട്ടുണ്ട്. കാൽപനികവത്ക്കരിക്കപ്പെട്ട പ്രണയസങ്കല്പങ്ങളെ, ഉത്തരാധുനിക ലോകത്തേയ്ക്കു കൊണ്ടുവരാനും അവയുടെ സൗന്ദര്യം ചോർന്നുപോകാതെ നവകാലവുമായി ചേർത്തു നിർത്തി പ്രശ്നവത്ക്കരിക്കാനും കവിക്ക് കഴിഞ്ഞിട്ടുണ്ട്. 'തൊട്ടു തൊട്ടു നടക്കുമ്പോൾ' എന്ന കവിതയിൽ പ്രണയിക്കുന്ന രണ്ടുപേർക്കിടയിലെ ലോകത്തെ സൂക്ഷ്മമായി വരച്ചിടുകയാണ് കവി. യാഥാർഥ്യവും ഭാവനയും തമ്മിലുള്ള ചേരിതിരുവുകൾക്കിടയിലൂടെ കടന്നുപോകുന്ന ഈ കവിത, അതിന്റെ ഭാവപരമായ സൗന്ദര്യത്തെ അനുഭവവേദ്യമാക്കിക്കൊണ്ടു തന്നെ, പ്രണയത്തിന്റെ മറുപുറവും കാണുന്നുണ്ട്. പ്രണയിക്കുന്നവർക്ക് മാത്രം അനുഭവിക്കാൻ കഴിയുന്ന ഒരു ലോകത്തിലേയ്ക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോകുകയാണ് കവി.

'തൊട്ടുതൊട്ടു നടക്കുമ്പോൾ' എന്ന കവിതയിലൂടെ പ്രണയത്തിന്റെ ഭാവങ്ങൾ പകർത്തുകയാണ് കവി. പ്രണയിക്കുന്ന രണ്ടുപേർ തൊട്ടുതൊട്ടു നടക്കുമ്പോൾ സംഭവിക്കുന്നതെല്ലാം കവി സൂക്ഷ്മം പകർത്തുന്നു. നാം നിസാരമായി കാണുകയും ഒഴിവാക്കുകയും ചെയ്ത കാഴ്ചകളെ പ്രണയികളുടെ അനുഭവങ്ങളിലൂടെ കണ്ടെത്തുന്ന കവി അവയുടെ സൗന്ദര്യതലത്തെ കവിതയിലേയ്ക്ക് പകർത്തുന്നു. വാക്ക് അതിന്റെ കേവലമായ അർഥത്തെ ഉപേക്ഷിച്ചുകൊണ്ട് സവിശേഷമായ ഒരു അനുഭവമായി മാറുന്ന കാഴ്ച വീരാൻകുട്ടിയുടെ കവിതകളിൽ കാണാം.

## Assignments

1. ഉത്തരാധുനിക കവിതകളിൽ ഗ്രാമ്യഭാഷകൾക്ക് വന്ന പ്രാധാന്യത്തെക്കുറിച്ച് ഉപന്യസിക്കുക
2. വീരാൻ കുട്ടിയുടെ കവിതകളുടെ സവിശേഷതകൾ വിവരിക്കുക

3. വീരാൻ കുട്ടിയുടെ കവിതകളിലെ പ്രണയ സങ്കല്പം വിവരിക്കുക.
4. ഉത്തരാധുനിക കവിതകളുടെ സവിശേഷതകളെ മുൻനിർത്തി വീരാൻകുട്ടിയുടെ തൊട്ടുതൊട്ടു നടക്കുമ്പോൾ എന്ന കവിത വിശകലനം ചെയ്യുക.
5. പ്രണയിക്കുന്നവരുടെ ലോകത്തിന്റെ ഭിന്നഭാവങ്ങളാണ് തൊട്ടുതൊട്ടു നടക്കുമ്പോൾ എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്. ചർച്ച ചെയ്യുക.

## References


1. ഡോ.എം.എസ്. പോൾ, ഉത്തരാധുനിക കവിതാ പഠനങ്ങൾ, കേരള സാഹിത്യ അക്കാ ഡമി, തൃശൂർ
2. ഇ.പി.രാജഗോപാലൻ, കവിതയുടെ ഗ്രാമങ്ങൾ, കറന്റ് ബുക്സ് തൃശൂർ.
3. ആർ.ബി. ശ്രീകല, ആധുനികോത്തര കവിത, പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം
4. വീരാൻകുട്ടി, തട്ടുതൊട്ടുനടക്കുമ്പോൾ, കേരള ബുക് സ്റ്റോർ


## Suggested Readings


1. ഡോ. മിനി ആലീസ് (എഡി.), സമകാലിക മലയാളകവിത പുതുമയും പലമയും, മല യാള വിഭാഗം, യു. സി. കോളേജ്, ആലുവ.
2. ഇ. വി. രാമകൃഷ്ണൻ, അനുഭവങ്ങളെ ആർക്കാണ് പേടി, ഡി. സി. ബുക്സ്, കോട്ടയം.

# 2. വെഷക്കായ

## എം. ആർ. രേണുകുമാർ

## Learning Outcomes

- എം. ആർ. രേണുകുമാറിന്റെ രചനാശൈലി പരിചയപ്പെടുന്നു
- ഉത്തരാധുനിക കവിതകളുടെ സവിശേഷതകൾ കണ്ടെത്തുന്നു
- 'വെഷക്കായ' എന്ന കവിതയുടെ രൂപപരവും ഭാവപരവുമായ സവിശേഷതകൾ ഗ്രഹിക്കുന്നു
- ഗ്രാമീണഭാഷയുടെ ലാളിത്യം തിരിച്ചറിയുന്നു

## Background

കവി, ഉപന്യാസകാരൻ, വിവർത്തകൻ, ചെറുകഥാകൃത്ത്, ജീവചരിത്രകാരൻ, ചിത്രകാരൻ എന്നീ നിലകളിൽ പ്രശസ്തനാണ് എം. ആർ. രേണുകുമാർ. അടിച്ചമർത്തപ്പെട്ട ആളുകളുടെ ജീവിതവും, സ്വപ്നങ്ങളും തിരിച്ചുപിടിക്കാനുള്ള ഒരു മാധ്യമമായാണ് രേണുകുമാർ കവിതയെ കാണുന്നത്. വൈയക്തിക വിഷയങ്ങളല്ല, സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങളാണ് അദ്ദേഹത്തിന്റെ കവിതയുടെ വിഷയം. സമകാലികരായ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായ പദാവലി, ചിത്രങ്ങൾ, അനുഭവങ്ങൾ എന്നിവ ഉപയോഗിച്ചുകൊണ്ട് മലയാള കവിതാസാഹിത്യത്തിന്റെ സാമ്പ്രദായിക രീതികളെ പ്രശ്നത്തിലാക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. പഠിച്ച ഭാഷയേക്കാൾ തന്റെ ജീവിതത്തിൽ അനുഭവവേദ്യമായ ഭാഷയാണ് കവിതക്കായി രേണുകുമാർ ഉപയോഗിച്ചത്.

സാമ്പ്രദായിക-പൊതു ജീവിതസങ്കല്പങ്ങളാൽ അരികുവത്കരിക്കപ്പെട്ട ജീവിതത്തെ എന്നപോലെ പ്രബലകവിതയാൽ അരികുവത്ക്കരിക്കപ്പെട്ട ഭാഷാഭേദങ്ങളെയും, പദസമ്പത്തിനെയും, ലാവണ്യബോധത്തെയും വീണ്ടെടുക്കാൻ വേറിട്ടൊരു സാമൂഹിക-രാഷ്ട്രീയാവബോധം ആവശ്യമായിരുന്നു. ആ വീണ്ടെടുക്കലാണ് എം. ആർ. രേണുകുമാറിന്റെ കവിതകളുടെ അന്തർധാരയായി പ്രവർത്തിക്കുന്നത്. കേവലമായ രേഖപ്പെടുത്തലിനപ്പുറം ആഴത്തിലുള്ള ബോധത്തിന്റെയും അബോധത്തിന്റെയും അടുക്കിവെക്കലിന്റെയും ജ്ഞാനദർശനമുണ്ട് ഈ കവിതകളിൽ. കവിതയിലേയ്ക്ക് ചേർത്തുവയ്ക്കേണ്ട വാക്കുകളുടെ തെരഞ്ഞെടുപ്പിൽ രേണുകുമാർ ഏറെ ശ്രദ്ധാലുവാണ്. പ്രമേയസ്വീകരണത്തിലും അനുഭവാവിഷ്കരണങ്ങളിലും ഇത് ദൃശ്യമാണ്. അരികുജീവിതത്തിന്റെ സമൃദ്ധികൾ, വേദനകൾ, ചെറിയ കരച്ചിലുകൾ എന്നിവ കലർന്ന ഭാവുകത്വത്തിന്റെ ആർജവം ഈ കവിതകളുടെ ആവിഷ്കാരത്തിന് സ്വാഭാവികത കൈവരുത്തുന്നുണ്ട്.

പ്രധാനകൃതികൾ - *എം.ആർ. രേണുകുമാറിന്റെ കവിതകൾ, ആപ്പിൾ വൈറ്റ് ലെഗ്ഗിൻസിട്ട യൂക്കാലി മരങ്ങൾ, മലയാളത്തിലെ ദലിത് ചെറുകഥകൾ, ഓലമടൽ, ഞാറുകൾ (കഥ), അരസൈക്കിൾ (കഥ), കൊതിയൻ, വെഷക്കായ* തുടങ്ങിയവ

SGOU

## Keywords

അരികുവത്കരിക്കപ്പെട്ട ജീവിതം - ലാവണ്യബോധം - കീഴാളസ്വത്വം - ദൃശ്യാവിഷ്കാരം

## Discussion

ചരിത്രത്തിൽ രേഖപ്പെടാതെ കിടന്നവരുടെ അനുഭവങ്ങൾക്കും ഭാവനയ്ക്കും മലയാളകവിതയിൽ വിഭവഭൂപടം ഒരുക്കിയ കവിയാണ് എം. ആർ. രേണുകുമാർ. സ്വന്തമായ ഒരിടം മലയാള കവിതാലോകത്ത് അദ്ദേഹം ഉണ്ടാക്കിയെടുത്തു. വിവേചനരഹിതമായ ഒരു ലോകത്തെ ഭാവനാപൂർവ്വം സമീപിക്കുന്ന കവിതകളാണ് അദ്ദേഹത്തിന്റേത്. 'കാണുന്ന പ്രകൃതി അല്ല മറിച്ച് അനുഭവിച്ച പ്രകൃതി'യാണ് അദ്ദേഹത്തിന്റെ കാവ്യലോകം. ഓർമ്മകളാണ് കവിതയുടെ ഇന്ധനം. ദലിത് അനുഭവങ്ങളാണ് കവിതയുടെ കാതൽ. പുതിയ കവിതയിലെ പാർശ്വഭാവന എന്നാണ് പി. പി. രവീന്ദ്രൻ, രേണുകുമാറിന്റെ കവിതകളെ വിശേഷിപ്പിച്ചത്.

> ▶ പാർശ്വവത്കരിക്കപ്പെട്ട ജീവിതങ്ങൾ കവിതയിൽ

'കെണിനിലങ്ങൾ', 'കൊതിയൻ', 'വെഷക്കായ', 'തിളനിലങ്ങൾ', 'പച്ചക്കുപ്പി' എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ. 2019ൽ 'കൊതിയൻ' എന്ന സമാഹാരത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. പാർശ്വവത്കരിക്കപ്പെടുന്ന ഒരു സമൂഹത്തിന്റെ അനുഭവങ്ങളാണ് 'വെഷക്കായ' എന്ന കവിതയിലും നിറഞ്ഞു നിൽക്കുന്നത്. 'വെഷക്കായ'ക്ക് 2008 ലെ എസ്. ബി. ടി. കവിതാപുരസ്കാരം ലഭിച്ചു. 'വെഷക്കായ' എന്ന ശീർഷകം തന്നെ കീഴാളസ്വത്വത്തെ അടയാളപ്പെടുത്തുന്നു. രൂപഭാവ പ്രമേയപരമായ വൈവിധ്യങ്ങൾക്കിടയിലും ചേർന്നുനിൽക്കുന്ന ചില കണ്ടെത്തലുകൾ ഉണ്ട് രേണുകുമാറിന്റെ കവിതകളിൽ. പരിസരങ്ങളുമായി ഈ കവിതകൾ പുലർത്തുന്ന പാരിസ്ഥിതിക ബന്ധമാണ് അതിലൊന്ന്.

> ▶ കീഴാളസ്വത്വത്തെ അടയാളപ്പെടുത്തുന്നു

'വെഷക്കായ' എന്ന ഈ കവിതയിൽ അയൽപക്കത്തെ ബാല്യകാലസഖിയുമായുള്ള പ്രണയജീവിതത്തെക്കുറിച്ചാണ് പറയുന്നത്. അപ്പന്മാരുടെ ഒരുമിച്ചുള്ള മദ്യപാനം, സഹോദരങ്ങളുടെ ഒരുമിച്ചുള്ള കളികൾ, അമ്മമാരുടെ ഒന്നിച്ചുള്ള ജോലികൾ എന്നിവ അവരെ കൂടുതൽ ഒന്നിപ്പിക്കുന്നു. രണ്ടു പേരുടെയും കുടുംബങ്ങൾ തമ്മിൽ വളരെ അടുപ്പത്തിലാണെങ്കിലും അജ്ഞാതമായ ഏതോ കാരണത്താൽ ഈ കമിതാക്കൾക്ക് ഭൂമിയിൽ ഒന്നിച്ചു ജീവിക്കാൻ കഴിയാതെ വരുന്നു. അക്കാരണത്താൽ അവർ ഒതളങ്ങ എന്ന വെഷക്കായ കഴിച്ച് മരണത്തിന് കീഴടങ്ങുന്നു. ഒതളച്ചോടാണ് വെഷക്കായയിലെ പരിസരം. കളിയും കരച്ചിലും കുളിയും കുടിയും അലക്കുമെല്ലാം ഈ ഒതളച്ചോടിനു ചുറ്റും ആണ്. കമിതാക്കളായ രണ്ടു പേർ ഒതളച്ചോട്ടിലിരുന്ന് കാണുന്ന കാഴ്ചകളെയാണ് കവിത അവതരിപ്പിക്കുന്നത്.

> ▶ ഒതളച്ചോടാണ് കവിതയിലെ പരിസരം

### വരികൾ

"ഒതളച്ചോട്ടിൽ ഇരുന്നു കണ്ടു.
എന്റപ്പനും അവടപ്പനും
ഷാപ്പിലിരുന്ന് ഒരേ കുപ്പിന്ന്
ഒഴിച്ചു കുടിക്കുന്നത്."

### ആശയവിശദീകരണം

▶ കമിതാക്കൾ കാണുന്ന കാഴ്ചകൾ

കമിതാക്കളായ രണ്ടുപേർ ഒതളമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ കാണുന്ന കാഴ്ചകളെയാണ് കവി ഇവിടെ അവതരിപ്പിക്കുന്നത്. ഷാപ്പിലിരുന്ന് ഒരേ കുപ്പിയിൽ നിന്നും അവളുടെ (ബാല്യകാലസഖിയുടെ) അപ്പനും അവന്റെ അപ്പനും കള്ള് ഒഴിച്ചുകുടിക്കുന്ന കാഴ്ച കാണുന്നു.

### വരികൾ

"എന്റനിയനും അവടനിയനും
ആരാന്റെ മുറ്റത്ത് പമ്പരം കുത്തുന്നത്
എനിയത്തീം അവടനിയത്തീം
തൊട്ടപ്പുറത്ത് ഇട്ടൂലി കളിക്കുന്നത്."

### ആശയവിശദീകരണം

▶ വീടുകൾ തമ്മിലുള്ള സാഹോദര്യവും സഹവർത്തിത്വവും

ഒതളമരച്ചുവട്ടിലെ കാഴ്ചകൾ തുടരുന്നു. ആരാന്റെ മുറ്റത്തിരുന്ന് എന്റെ അനിയനും അവളുടെ അനിയനും പമ്പരം കുത്തി കളിക്കുന്നു. തൊട്ടപ്പുറത്ത് ഇരുന്ന് എന്റനിയത്തിയും അവളുടെ അനിയത്തിയും ഇട്ടൂലി (ഒരു കളി) കളിക്കുന്നു. അവളുടെ ചിറ്റ അലക്കാൻ പോകുന്ന നേരത്താണ് എന്റെ കൊച്ചച്ചൻ കുളിക്കാനായി പോകുന്നത്.

### വരികൾ

"അവടെ കണ്ണിലെ
കരടിനായ് നാവ്
തുഴയുമ്പോ കേട്ടു
എന്റമ്മേം അവടമ്മേം
പുല്ലിന് പോണ വള്ളം
കടവിക്കെടന്ന്
കല്ലേലിടിക്കുന്നത്.
തെടേത്തറഞ്ഞ മുള്ളിനായ്
പല്ലു പരതുമ്പോ കേട്ടു
എന്റെപ്പനും അവടപ്പനും
ചെറേലെ തെങ്ങുന്തോപ്പിൽ
വാള് വെക്കുന്നത്."

### ആശയവിശദീകരണം

അവളുടെ (ബാല്യകാലസഖിയുടെ) കണ്ണിലെ കരട് എടുക്കാനായി ശ്രമിക്കുമ്പോൾ അവളുടെ അമ്മയും എന്റെ അമ്മയും പുല്ലുചെത്താനായി പോകുന്ന വള്ളം കടവിൽക്കിടക്കുന്ന കല്ലിന്മേൽ ഓളം

▶ കമിതാക്കളുടെ പ്രണയസല്ലാപങ്ങൾ

തല്ലുന്നതിന്റെ ശക്തിയാൽ വന്നിടിക്കുന്നത് കേൾക്കാനായി. അവളുടെ മേൽ തറഞ്ഞു കയറിയ മുള്ളെടുക്കാനായി പല്ലു കൊണ്ട് പരതുമ്പോൾ എന്റപ്പനും അവളുടെ അപ്പനും ചെറേലെ തെങ്ങിൻതോപ്പിൽ വാള് വെക്കുന്നത് (ഛർദി) കേട്ടു.

### വരികൾ

“ഒതളങ്ങ പറിച്ച്
മാറിമാറി കടിച്ച്
തലചുറ്റി വീണ്
തോട്ടിലേക്കുരുണ്ട്
പോകുമ്പോ കേട്ടു.
എന്റമ്മേം അവടമ്മേം
മുറ്റത്തലച്ച് വീണ്
പഴുതാരകളെപ്പോലെ
പിടഞ്ഞു കരയുന്നത്.

ഒമ*യുടെ പുതപ്പിനുള്ളിൽ
ചുണ്ടുകൾ കോർത്ത്
കിടക്കുമ്പോ അറിഞ്ഞു.
മീനുകൾ ഉടലുകളെ
പാർപ്പിടമാക്കുന്നത്.”

*എക്കൽ

### ആശയവിശദീകരണം

▶ ഒതളങ്ങ കഴിച്ച് ജീവനൊടുക്കുന്ന കമിതാക്കൾ

ഒതളങ്ങ (വിഷക്കായ) പറിച്ച് പരസ്പരം മാറിമാറിക്കടിച്ച് തലചുറ്റി വീണ് തോട്ടിലേക്ക് ഉരുണ്ടു പോകുമ്പോൾ എന്റമ്മയും അവളുടെ അമ്മയും മുറ്റത്തലച്ച് വീണ് പഴുതാരകളെപ്പോലെ പിടഞ്ഞു നിലത്തുവീണു കരയുന്നത് കേട്ടു. ഒമയുടെ (വെള്ളത്തിൽ വീണ കരിയിലകളും മറ്റും ചേർന്നലിഞ്ഞ രൂപപ്പെട്ട കട്ട ചെളി) പുതപ്പിനുള്ളിൽ ചുണ്ടുകൾ കോർത്ത് ഇരുവരും കിടക്കുമ്പോൾ മീനുകൾ ഉടലുകളെ പാർപ്പിടമാക്കുന്നത് അറിയാനായി. ഈ ഭാഗത്ത് ഒരു ചലച്ചിത്രത്തിലെന്നപോലെയുള്ള ദൃശ്യാവിഷ്കാരമാണ് കവി നിർവഹിച്ചിട്ടുള്ളത്. വെള്ളത്തിലേക്ക് വീഴുന്ന ശരീരങ്ങളെ ചെളി ഒരു പുതപ്പ് പോലെ ആവരണം ചെയ്യുന്നു. പരസ്പരം ആലിംഗനം ചെയ്ത അവരുടെ ശരീരത്തിന്റെ വിടവുകളിൽ മീനുകൾ ഒളിച്ചു പാർക്കാൻ ഇടം കണ്ടെത്തുന്നു.

## Summarised Overview

കവിതയുടെ മുഖ്യധാരകളിൽ നിന്ന് വഴിമാറിനടന്ന് ഗ്രാമ ഭാഷയുടെ ലാവണ്യത എഴുത്തിൽ കൊണ്ടുവരാൻ എം. ആർ. രേണുകുമാറിന് കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ എഴുതപ്പെട്ട ഒരു കവിതയാണ് ‘വെഷക്കായ’.

'വെഷക്കായ' എന്ന പേരു തന്നെ ഗ്രാമീണ ഭാഷയുടെ ചാരുത നമുക്ക് പകർന്നു നൽകുന്ന ഒന്നാണ്. സാമ്പ്രദായിക പൊതുജീവിതസങ്കല്പങ്ങൾ ജീവിതങ്ങളെ മാറ്റിനിർത്തിയപോലെ അവരുടെ ഭാഷയേയും മാറ്റിനിർത്തി. ആ പദസമ്പത്തിനേയും ലാവണ്യബോധത്തേയും വീണ്ടെടുക്കാൻ തന്റെ കവിതകളിലൂടെ രേണുകുമാർ ശ്രമിച്ചിട്ടുണ്ട്. 'ഒമ' പോലുള്ള പദങ്ങൾ ഇതിനുദാഹരണമാണ്. കുട്ടനാടിന്റെ പാരിസ്ഥിതിക സവിശേഷതകൾ നിറഞ്ഞു നിൽക്കുന്ന ഒരു പദമാണത്. കരിയിലകളും മറ്റും വെള്ളത്തിൽ വീണ് അഴുകിച്ചേർന്ന് രൂപപ്പെടുന്ന ചെളിയുടെ പ്രാദേശികമായ പേരാണ് 'ഒമ'. ഇത്തരം പ്രയോഗങ്ങളിലൂടെ ലാവണ്യവാദത്തിന്റെ പതിവുമാതൃകകളിൽ നിന്നും, ശൈലികളിൽ നിന്നും കവിതയെ മോചിപ്പിക്കാനാണ് കവി ശ്രമിക്കുന്നത്. രതി, സൗന്ദര്യം, പ്രണയം, ദു:ഖം, ഓർമ്മ തുടങ്ങിയവ തന്നെയാണ് രേണുകുമാറും പറയുന്നത്. എങ്കിലും അത് ഏറെ വ്യത്യസ്തമായി, താൻ അനുഭവിച്ചറിഞ്ഞ ജീവിതങ്ങളിലൂടെ അവതരിപ്പിക്കുമ്പോൾ അതിന് സവിശേഷമായ മുഖമുണ്ടാവുന്നു. ചെറിയ ചെറിയ പദങ്ങളിലൂടെയും മറ്റും വലിയ വലിയ കാഴ്ചകൾ കാണിക്കുകയാണ് രേണുകുമാറിന്റെ കവിതകൾ. അതുകൊണ്ടാണ് 'വെഷക്കായ' എന്ന കവിതയിൽ പ്രണയത്തിന് ഒരു പുതിയ ഭാഷ്യം രചിക്കാൻ കവിക്ക് സാധിക്കുന്നതും.

## Assignments

1. 'വെഷക്കായ' എന്ന കവിത പ്രാന്തവത്ക്കരിക്കപ്പെട്ടവരുടെ ജീവിതം ആവിഷ്കരിക്കുന്നതെങ്ങനെയെന്ന് ഉപന്യസിക്കുക.
2. ചരിത്രത്തിൽ രേഖപ്പെടുത്താതെ കിടന്നവരുടെ അനുഭവങ്ങൾക്കും ഭാവനകൾക്കും വിഭവഭൂപടം ഒരുക്കിയ കവിയാണ് എം. ആർ. രേണുകുമാർ. പരിശോധിക്കുക.
3. എം. ആർ. രേണുകുമാറിന്റെ കവിതകളുടെ സവിശേഷതകളെക്കുറിച്ച് വിവരിക്കുക.
4. ഗ്രാമീണ ഭാഷയുടെയും ജീവിതത്തിന്റെയും പകർപ്പുകളാണ് 'വെഷക്കായ' എന്ന കവിതയെ ആസ്വാദ്യകരമാക്കുന്നത്. ശരിയോ? പരിശോധിക്കുക.

## References


1. എൻ. അജയകുമാർ, ആധുനികത മലയാളകവിതയിൽ, കറന്റ് ബുക്സ്, തൃശൂർ.
2. പി. പി. രവീന്ദ്രൻ, ആധുനികതയുടെ പിന്നാമ്പുറം, എസ്. പി. സി. എസ്., കോട്ടയം.
3. പി. ഗീത, ആധുനിക മലയാള കവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
4. ഡോ. കെ. എം. ജോർജ് (എഡി.), ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
5. ഡോ. എം. എസ്. പോൾ, ഉത്തരാധുനിക കവിതാപഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
6. എം. ആർ. രേണുകുമാർ, വെഷക്കായ, ഡി. സി. ബുക്സ്, കോട്ടയം.

## Suggested Readings


1. എം. ആർ. രേണുകുമാർ, 'തിളനിലങ്ങൾ (അഭിമുഖം)', നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
2. എം. ആർ. രേണുകുമാർ, 'പച്ചക്കുപ്പി (അഭിമുഖം)', ഡി. സി. ബുക്സ്, കോട്ടയം.
3. ഡോ. മിനി ആലിസ്, 'സമകാല മലയാള കവിത: പുതുമയും പലമയും'; മലയാള വിഭാഗം, യു. സി. കോളേജ്, ആലുവ.
4. ഡോ. കെ. എം. ജോർജ് (എഡി.), ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
5. ഡോ. എം. ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
6. ഡോ. എം. ലീലാവതി, വർണ്ണരാജി, എൻ. ബി. എസ്., കോട്ടയം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Model Question Paper Sets

SGOU

**SET A**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………

Reg. No : ………...............
Name : ………………...

**FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION**

**DISCIPLINE CORE - M21ML02DC - ആധുനിക – സമകാല കവിതാസാഹിത്യം**

( CBCS - PG )

2025-26 - Admission Onwards

Time: 3 Hours | Max Marks: 70

---

## Section A

**I അരപുറത്തിൽ കവിയാതെ അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക.**

1. ''തന്നതില്ല പരനുള്ളു കാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ
വന്നു പോം പിഴയുമർത്ഥശങ്കയാൽ''- സന്ദർഭവും ആശയവും വ്യക്തമാക്കുക.
2. ''ജ്വലിച്ച കൺകൊണ്ടൊരു നോക്കു നോക്കി
പ്പാർശ്വസ്തനാകും പതിയോടുരച്ചു'' എന്താണ് പാർവതി പതിയായ ശിവനോട് പറഞ്ഞത്?
3. ''കന്നിനെല്ലിനെയോമനിച്ചെത്തി
യെന്നോടോതീ സദാഗതി വായു''- എന്താണ് കവിയോട് വായു പറഞ്ഞത്?
4. ''ഓർക്കുവാൻ കൊള്ളുന്നതല്ലിതൊന്നും
ഓർക്കുവാൻ പറ്റിയ നേരമല്ല''. എന്നു കവി പറയാൻ കാരണമെന്ത്?
5. കൊച്ചിയിലെ വൃക്ഷങ്ങൾ എന്ന കവിതയിലെ വൃക്ഷം എന്ന ബിംബം പ്രതീകാത്മകമാകുന്നതെങ്ങനെ?
6. ''ചക്രവർത്തി നഗ്നനാണെന്ന് വിളിച്ചുപറയുന്ന പഴങ്കഥയിലെ കുട്ടിയാണ് ഞാൻ'' ആശയം എന്ത് ? വിശദമാക്കുക.
7. പ്രണയിക്കുന്ന രണ്ടുപേർ തൊട്ടു തൊട്ടു നടക്കുമ്പോൾ എന്തെല്ലാം സംഭവിക്കാം എന്നാണ് കവി പറയുന്നത് ?
8. ''ഒമയുടെ പുതപ്പിനുള്ളിൽ ചുണ്ടുകൾ കോർത്തു കിടക്കുമ്പോ അറിഞ്ഞു.
മീനുകൾ ഉടലുകളെ പാർപ്പിടമാക്കുന്നത്''- വിവക്ഷിതമെന്ത്? (5×2= 10)

## Section B

**II ഒരു പുറത്തിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.**

9. ''മലയാളത്തിലെ വിലാപകാവ്യ പ്രസ്ഥാനത്തിന് ഒരു മുതൽക്കൂട്ടാണ് ഒരു വിലാപം എന്ന കവിത''- വിശദമാക്കുക.
10. 'ശിഷ്യനും മകനും 'എന്ന കാവ്യത്തിലെ പരശുരാമ കഥാപാത്രത്തെ നിരൂപണം ചെയ്യുക.
11. ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ ശിഷ്യനും മകനും എന്ന ഖണ്ഡകാവ്യത്തെ മുൻനിർത്തി വിവരിക്കുക.
12. മൃത്യുവിന്റെ സാന്നിധ്യത്തിൽ പ്രഭാപൂർണ്ണമായിത്തീർന്ന ജീവിതം തന്നെയാണ് 'കന്നിക്കൊയ്ത്തി'ലെ പ്രമേയം. ചർച്ച ചെയ്യുക.
13. മേഘസന്ദേശത്തിലൂടെയുള്ള പര്യടനമാണ് നിത്യമേഘം എന്ന കവിത ശരിയോ? വിശദമാക്കുക.
14. ചാക്കാല എന്ന കവിത അവതരിപ്പിക്കുന്ന സാമൂഹ്യസന്ദർഭം എന്ത്? വിശദമാക്കുക.
15. ശക്തമായ രാഷ്ട്രീയ ധ്വനികൾ ഉള്ള കവിതയാണ് സംക്രമണം. ശരിയോ? സമർത്ഥിക്കുക.
16. ''പൊതുധാരയിൽ നിന്ന് നിഷ്കാസിതനാകുന്ന ഒരു കോമാളി പ്രവാചകന്റെ നിലവിളിയാണ് അയ്യപ്പന്റെ കവിതകൾ'' എന്ന നിരീക്ഷണം വിമർശബുദ്ധ്യാ പരിശോധിക്കുക.
17. കെ.ആർ. രേണുകുമാറിന്റെ കവിതകളുടെ സവിശേഷതകൾ വിവരിക്കുക.
18. കെ.ആർ. ടോണിയുടെ കാവ്യരീതിയുടെ സവിശേഷതകൾ ദൈവപ്പാതിയിൽ പ്രതിഫലിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക. ( 6 × 5 = 30)

## Section C

**III മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

19. മലയാളകവിതയിലെ കാൽപനിക പ്രസ്ഥാനത്തിലെ പ്രധാനപ്പെട്ട ഒരു കൃതിയാണ് ചങ്ങമ്പുഴയുടെ രമണൻ - ഉപന്യസിക്കുക.
20. ഉത്തരാധുനിക കവിതകളുടെ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.
21. മലയാളകവിതയിലെ കാല്പനിക പ്രവണതകളും ഭാവഗീത പ്രസ്ഥാനവും. ഉപന്യസിക്കുക.
22. സാങ്കേതികവളർച്ചയും സൈബർ ഇടങ്ങളും കവിതയ്ക്ക് നൽകിയ സ്വാതന്ത്ര്യം വിലയിരുത്തുക.

(2×15 = 30)

**SET B**

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………

Reg. No : ……….............
Name : ………………...

**FIRST SEMESTER M.A. MALAYALAM LANGUAGE AND LITERATURE EXAMINATION**
**DISCIPLINE CORE - M21ML02DC - ആധുനിക – സമകാല കവിതാസാഹിത്യം**
( CBCS - PG )
2025-26 - Admission Onwards

Time: 3 Hours Max Marks: 70

## Section A

**I അരപുറത്തിൽ കവിയാതെ അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക.**

1. ''സ്തോമം സ്തംഭിക്കയാലക്കഥകളവനറി – ഞ്ഞി,ല്ലതേ നല്ലതായീ''. –ഏതു കഥകളാണ് നായകൻ അറിയാതിരുന്നത്?
2. രമണൻ മദനനോട് പറയുന്ന ഹൃദയരഹസ്യം എന്ത്?
3. തളരുമെന്നൊട്ടകത്തിനിളവേകുവാൻ തഴമരുപ്പച്ചയില്ലെങ്ങുമെന്നോ? സൂചിതം എന്ത്?
4. പ്രേമ തീർത്ഥങ്ങളിൽ ഓളക്കുത്തുകൾ തീർക്കാനായി എന്തുവേണമെന്നാണ് കവി പറയുന്നത്?
5. ''നാം പുണരും കിനാവിന്റെ ദിവ്യനാദിയിൽ നാം ഉയിർകൊളളുമെങ്കിൽ'' – വിവക്ഷിതമെന്ത്? ആശയം വ്യക്തമാക്കുക.
6. ദേവാലയത്തിലെ മണികൾ മൂന്നുപ്രാവശ്യം മുഴങ്ങുമ്പോൾ എന്തൊക്കെ സംഭവിക്കാം എന്നാണ് കവി പറയുന്നത്?
7. ലക്ഷ്യം കുലച്ച ധനുസ്സാണ് ചാർവാകൻ എന്നു പറയാൻ കാരണമെന്ത്?
8. ''പ്രകൃതിയിൽ നിന്നും മനുഷ്യൻ ഭിന്നനല്ല'' എന്ന ആശയത്തെ എസ്. ജോസഫ് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ? (5×2= 10 )

## Section B

**II ഒരു പുറത്തിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.**

9. നളിനി – ദിവാകരൻ കഥാപാത്ര നിരൂപണം ചെയ്യുക.
10. ആഖ്യാന കവിത എന്ന നിലയിൽ ശിഷ്യനും മകനും എന്ന കവിതയുടെ സവിശേഷതകൾ വിവരിക്കുക.
11. കന്നിപ്പാടത്തെ കൊയ്ത്തിനിടയിലെ സംഭാഷണങ്ങൾ എന്തെല്ലാം? വിവരിക്കുക.
12. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ യുവത്വത്തിനുണ്ടായ ആകുലതകളെ അവതരിപ്പിക്കുന്ന കവിതയാണ് പഥികന്റെ പാട്ട്. വിലയിരുത്തുക.
13. നിത്യമേഘമെന്ന കവിതയിൽ കാളിദാസനെ എപ്രകാരമാണ് സ്മരിക്കുന്നത്. വിവരിക്കുക.

SGOU

14. ''നവീനവും വിപ്ലവകരവുമായ ഒരു സംവേദന സാധ്യമാക്കുന്ന കവിതയാണ് സംക്രമണം''- സമർത്ഥിക്കുക.

15. കാല്പനികത മലയാള കവിതയിൽ - വിവരിക്കുക.

16. ചാർവാകനുണ്ടായ തിരിച്ചറിവുകളെയും അതിനുണ്ടായ പ്രതികരണങ്ങളെയും കവി സംഗ്രഹിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക.

17. ''സ്ത്രീ അനുഭവങ്ങളുടെ യഥാതഥാവിഷ്കാരമാണ് അനിതാ തമ്പിയുടെ മുറ്റമടിക്കുമ്പോൾ എന്ന കവിത''- ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

18. പൗരാണിക സംസ്കാരത്തിന്റെ സ്വാധീനത വയലാറിന്റെ കവിതയിൽ. വിലയിരുത്തുക.

( 6 × 5 = 30 )

## Section C

**III മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

19. കുരുക്ഷേത്രം എന്ന കവിതയിൽ ആധുനികത പാരമ്പര്യത്തിന്റെ നിഷേധമല്ല. പരിശോധിക്കുക.

20. ''കാല്പനിക ഭംഗിയാർന്ന കവിതകളിൽ ഒന്നാണ് സുഗതകുമാരിയുടെ രാത്രിമഴ''. സ്വാഭിപ്രായം രേഖപ്പെടുത്തുക.

21. ''പാരിസ്ഥിതികാവബോധം അവതരിപ്പിക്കുന്ന കവിതയാണ് കൊച്ചിയിലെ വൃക്ഷങ്ങൾ'' -ചർച്ച ചെയ്യുക.

22. സ്ത്രീവാദ - ദലിത് പരിപ്രേക്ഷ്യങ്ങൾ ഉള്ളടങ്ങുന്നവയാണ് ഉത്തരാധുനിക കവിതകൾ. ശരിയോ? ചർച്ച ചെയ്യുക.

(2×15 = 30)

SGOU

# Self Assessment Questions & Answers

SGOU

# ചോദ്യങ്ങൾ

SGOU

1. വി.സി. ബാലകൃഷ്ണപ്പണിക്കർ രചിച്ച വിലാപകാവ്യം ഏതാണ്?
2. 'സ്നേഹഗായകൻ' എന്നറിയപ്പെടുന്ന കവി ആരാണ്?
3. 'നളിനി' കാവ്യത്തിന്റെ മറ്റൊരു പേരെന്ത്?
4. 'നളിനി'യുടെ അവതാരിക എഴുതിയത് ആരാണ്?
5. കുട്ടികൾക്കു വേണ്ടി ആശാൻ രചിച്ച അപൂർണ്ണരാമായണ കൃതി ഏത്?
6. ആശാൻ അവസാനം രചിച്ച ഖണ്ഡകാവ്യം ഏത്?
7. ഏ. ആർ രാജരാജവർമ്മയുടെഅകാലചരമം വിഷയമാക്കി ആശാൻ രചിച്ച കാവ്യം ഏത്?
8. 'ആനന്ദനും, മാതംഗിയും' ആശാന്റെ ഏതു കൃതിയിലെ കഥാപാത്രങ്ങൾ ആണ്?
9. കുമാരനാശാൻ രചിച്ച നാടകങ്ങൾ ഏവ?
10. 'കേരള വാല്മീകി' എന്നറിയപ്പെടുന്നത് ആര്?
11. വള്ളത്തോൾ ബൈബിൾ പശ്ചാത്തലമാക്കി രചിച്ച കാവ്യം?
12. ശിവന്റെ ശിഷ്യനായ പരശുരാമനും ഗണപതിയും തമ്മിലുള്ള സംഘട്ടനം വർണ്ണിച്ചിരിക്കുന്ന കാവ്യം ഏത്?
13. 'സാഹിത്യമഞ്ജരി' എത്ര ഭാഗങ്ങളാണ്?
14. ജി. യുടെ ഏത് സമാഹാരത്തിനാണ് പ്രഥമജ്ഞാനപീഠ പുരസ്കാരം ലഭിച്ചത്?
15. ജി. കുട്ടികൾക്കു വേണ്ടി രചിച്ച കാവ്യസമാഹാരം?
16. ചങ്ങമ്പുഴയുടെ ആദ്യ കവിതാസമാഹാരം ഏത്?
17. 'തുടിക്കുന്ന താളുകൾ' ആരുടെ ആത്മകഥയാണ്?
18. 'ആരണ്യകവിലാപകാവ്യം' എന്നറിയപ്പെടുന്ന കാവ്യം ഏത്?
19. ടെന്നിസന്റെ 'ഇനോൺ' എന്ന കൃതിയുടെ സ്വാതന്ത്ര്യ വിവർത്തനമേത്?
20. 'നിമിഷ'ത്തിന്റെ അവതാരിക എഴുതിയത് ആരാണ്?
21. ജയദേവന്റെ 'ഗീതാഗോവിന്ദം', 'ദേവഗീത' എന്ന പേരിൽ വിവർത്തനം ചെയ്തത് ആരാണ്?
22. മത പുരോഹിതൻമാർ ദൈവങ്ങളെ സൃഷ്ടിക്കുകയും പാവങ്ങളെ അരിഷ്ടിപ്പിച്ചു കൊല്ലുകയും ചെയ്യുന്നതിനുള്ള ഊർജ്ജസ്വല പ്രതിഷേധമായ കവിത ഏതാണ്?
23. മഹാഭാരതത്തിലെ ശാലവ കഥയെ ആസ്പദമാക്കി ഒ.എൻ.വി രചിച്ച കാവ്യം ഏതാണ്?
24. 'കടൽ കാക്ക'കളുടെ അവതാരിക എഴുതിയത് ആരാണ്?
25. വൈലോപ്പിള്ളിക്കവിതയെ എല്ലുറപ്പുള്ള കവിത എന്നു വിശേഷിപ്പിച്ചത് ആര്?
26. എം.എൻ. വിജയൻ വൈലോപ്പിള്ളിക്കവിതയെ വിശേഷിപ്പിച്ചത് എങ്ങനെയാണ്?
27. "തുടുവെള്ളാമ്പൽ പൊയ്കയല്ല ജീവിതത്തിന്റെ കടലാണ് തന്റെ കവിതയുടെ മഷിപ്പാത്രം" എന്നു പ്രഖ്യാപിച്ച കവി ആര്?
28. "എനിക്കിതേ വേണ്ടൂ പറഞ്ഞു പോകരു
    തിതു മറ്റൊന്നിന്റെ പകർപ്പെന്നു മാത്രം" ഏതു കവിതയിലെ വരികളാണിവ?
29. "ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായ് ഞാൻ പൊഴിക്കവേ
    ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം". ആരുടെ വരികളാണിവ?
30. 'ഓടക്കുഴലും ലാത്തിയും' എന്ന കവിത ആരുടെ രചനയാണ്?
31. "ഞെട്ടിയുണരാൻ വിളങ്ങു കിടപ്പൂ
    തൊട്ടിലിൽ താനേ ശയിക്കും ശവങ്ങൾ" ഏതു കവിതയിലെ വരികളാണിവ?

32. "തന്നയൽപക്കത്തരവയർ നിറയാ പെണ്ണിനു
പെരുവയർ നല്കും മർത്യനു സ്തുതി പാടുക നാം" – ആരുടെ വരികളാണിവ.
33. സുഗതകുമാരിയുടെ ആദ്യ കവിതാസമാഹാരം ഏതാണ്?
34. "ചാവിനു ബന്ധുത്വമേറുമല്ലോ
ചാവാതിരിക്കുമ്പോഴെന്തുമാട്ടെ" എന്ന വരികൾ ആര് രചിച്ചതാണ്.
35. ശ്രീകുമാറിന്റെ 'ദുഃഖങ്ങൾ' എന്ന കവിതാ സമാഹാരം ആരുടേതാണ്?
36. ഇടപ്പള്ളികവികളെന്ന് മഹാകവി ഉള്ളൂർ വിശേഷിപ്പിച്ച കവികൾ ആരെല്ലാം?
37. എം.എൻ. വിജയന്റെ 'ശീർഷാസന'ത്തിൽ ചർച്ച ചെയ്യുന്നത്?
38. മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വം പ്രമേയമാക്കി വയലാർ രചിച്ച കാവ്യം ഏത്?
39. 'അമ്പലമണി' ആരുടെ കൃതിയാണ്?
40. വയലാറിന് കേന്ദ്രസാഹിത്യഅക്കാദമി അവാർഡു കിട്ടിയത് ഏതു കൃതിക്കാണ്?
41. 'മേഘച്ഛായ' ആരുടെ മേഘസന്ദേശ വിവർത്തനമാണ്?
42. 'തകർന്ന മുരളി' – ചങ്ങമ്പുഴയുടെ ഈ കവിത ആരെക്കുറിച്ചാണ്.?
43. "ചിത കത്തിത്തീരുംവരേയ്ക്കു നമ്മൾ
ചിതമായ് പെരുമാറാം ദോഷമില്ല" ആരുടെ വരികൾ?
44. "ഇല്ല ദൈവം ദേവശാപങ്ങൾ മിഥ്യകൾ
ഇല്ലില്ല ജാതി മതങ്ങൾ
പരേതർക്കു ചെന്നിരിക്കാനില്ല സ്വർഗവും നരകവും" – ആരുടെ വരികൾ?
45. 'ഉപ്പന്റെ കൂവൽ വരയ്ക്കുന്നു' ആരുടെ രചനയാണ്?
46. എം.ആർ. രേണുകുമാറിന് കേരളസാഹിത്യഅക്കാദമി അവാർഡു നേടി കൊടുത്ത കവിതാസമാഹാരമേത്?
47. ആഗോളമായ ആധുനിക കാവ്യസംസ്കാരത്തെ നിരാകരിക്കാതെ കേരളീയമെന്ന കാഴ്ചപ്പാട് ശക്തമായി അവതരിപ്പിക്കുന്ന കെ.ജി. ശങ്കരപ്പിള്ളയുടെ കവിത ഏത്?
48. "വാഗ്ദാനം ചെയ്യുക കൂട്ടരേ
വാഗ്ദാനങ്ങളാൽ നിരഹങ്കാരയാക്കപ്പെട്ട ഈ ഭൂമിയിൽ" – കവിത ഏത്?
49. 'ജലഭൂപടം' എന്ന കവിതാസമാഹാരം ആരുടേതാണ്?
50. "ഇല്ല സാമ്രാജ്യവുമില്ലടിമത്തവു-
മില്ല മാത്സര്യവും മൂഷികരിൽ" – ഏതു കവിതയിലെ വരികളാണിവ?
51. "വില്ലാളിയാണു ഞാൻ ജീവിത സൗന്ദര്യ-
വല്ലകി മീട്ടലല്ലെന്റെ ലക്ഷ്യം" എന്ന പ്രഖ്യാപനത്തോടെ കാവ്യരംഗത്തേയ്ക്ക് കടന്നുവന്ന കവി ആര്?
52. "ഒ.എൻ.വി.യൗവനത്തിലേയ്ക്ക് കടക്കുന്നതേയുള്ളൂ. പക്ഷേ എതാണ്ടൊരായുസ്സിന്റെ ജോലി തീർത്തിരിപ്പാണദ്ദേഹം മറ്റൊരായുസ്സിന്റെ പണിക്കു തയ്യാറെടുത്തുകൊണ്ട്". ആരുടെ വാക്കുകൾ?
53. ഉപരിവർഗ്ഗത്തിന്റെ സിരകളിൽ നിറയുന്ന ആത്മശൈഥില്യത്തിന്റെ വിഷം നിമിത്തം അതിനുണ്ടാകുന്ന ആന്ധ്യത്തേയും സംഭ്രമത്തേയും പരിഭ്രാന്താവസ്ഥയേയും ചിത്രണം ചെയ്യുന്ന കാവ്യം ഏത്?

54. ‘പ്രവാസിയുടെ ഗീതം’ ആരുടെ രചനയാണ്.
55. ‘വീണപൂവ്’ ആദ്യമായി പ്രസിദ്ധീകരിച്ചത്.
56. ‘നോൺസെൻസ് കവിതകളെന്നു പേരിലാദ്യത്തെ സമാഹാരം പുറത്തിറക്കിയ കവി ആരാണ്.
57. “നളിനി ഒരു മനോഹര കാവ്യശില്പമാണ് അതിന് കുമാരസംഭവത്തോടുള്ള ചാർച്ച ചിന്തനീയമാണ്’’- വക്താവാര്?
58. “നിന്റേതിലും മുന്തിയതായ് വരാമെ
ന്നുടുപ്പിതാർക്കും കടയിൽ കിടയ്ക്കും;
എന്നാലോരേ നൂലുകൾ കൊണ്ടു നെയ്ത-
തത്രേ നമുക്കംബിക തന്ന വസ്ത്രം”. ആരുടെ വരികൾ?
59. ‘ആഴമേറീടുന്നൊരാഴി കടലിലും
അഴുക്കുവെള്ളത്തിൽ മുങ്ങി മരിക്കണം’’- ആരുടെ വരികൾ?
60. എൺപതുകളുടെ ആരംഭത്തിൽ മലയാള സാഹിത്യത്തിൽ സംഭവിച്ച ഭാവുകത്വമാറ്റത്തെ ഉത്തരാധുനികത എന്നു വിശേഷിപ്പിച്ചതാര്?
61. താറും കുറ്റിച്ചൂലുമായി സാമൂഹിക കാപട്യങ്ങളെ താഡിച്ച ആധുനിക കവി ആരാണ്?
62. “വാങ്ങുക കുടിക്കുക പുറത്തേക്കെറിയുക; ജീവിതം നിറച്ചൊരീ കൂടുകൾ നാളേക്കില്ല”. ആരുടെ വാക്കുകൾ?
63. ‘അതി’ എന്നത് ആരുടെ കൃതി ആണ്?
64. സമുദായ നേതൃത്വത്തിന്റെ ആരോപണങ്ങളിൽ വിഷമിച്ച് ആശാൻ എഴുതിയ കവിത ഏതാണ്?
65. ആധുനിക കവിതകളുടെ സമാഹാരമായ ഹരിശ്രീക്ക് അവതാരിക എഴുതിയ കവി?
66. അവാർഡ് എന്ന പ്രക്രിയയെ വിമർശിച്ചു കൊണ്ടെഴുതിയ സ്വർണ്ണ മത്സ്യങ്ങൾ എന്ന ലേഖനം ഉൾപ്പെട്ട കൃതിക്കു കേരള സാഹിത്യ അക്കാദമി അവാർഡും നൽകി ആദരിക്കുകയുണ്ടായി. കൃതി ഏത്?
67. ‘ഒരു തുള്ളി രക്തം’, ‘ഇത്തിരി മാത്രം രക്തം’ എന്നീ കവിതകൾ എഴുതിയത് ആരാണ്?
68. കിരാത ശോഭയാർന്ന നടരാജ നൃത്തം എന്ന് കടമ്മനിട്ടക്കവിതയെ വിശേഷിപ്പിച്ച നിരൂപകൻ ആരാണ്.
69. ‘കൊന്തയും പൂണൂലും’ ആരുടെ കൃതിയാണ്?
70. വിലങ്ങൻ കുന്നിനെ മുൻനിറുത്തി പാരിസ്ഥിതിക കവിതകൾ എഴുതിയ കവികൾ ആരെല്ലാം?
71. മലയാളത്തിലെ ആദ്യത്ത ബ്ലോഗ് കവിതാസമാഹാരം ഏതാണ്?
72. സൈബർ ലോകത്തു പ്രചാരമുള്ള ഹൈപ്പർടെക്സ്റ്റ് എന്ന പദത്തിന് തിരുമൊഴി എന്ന പേരു നൽകിയത് ആരാണ്?
73. “മുടിയരുതെൻ പഴനാട്;
മുടിയരുതെൻ തറവാട്” ആരുടെ വരികൾ?
74. “ചങ്ങാതി തലവച്ച പാളത്തിലൂടെ ഞാൻ
തീർഥാടനത്തിനു പോയി”- ആരുടെ വരികൾ?
75. ’വീഡിയോ മരണം’ ആരുടെ രചനയാണ്?
76. ആർക്കെല്ലാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ആധുനികോത്തരസഹിത്യം കേരളത്തിൽ ആവിർഭവിച്ചു കഴിഞ്ഞിട്ടുണ്ട്. ഇത് ആരുടെ പ്രസ്താവനയാണ്?

77. 'സന്ദർശനം' എന്ന കവിത രചിച്ചതാര്?
78. ഭാഷയിലെ മഹാകാവ്യങ്ങളെ നിരൂപണം ചെയ്തപ്പോൾ' ഈ വകകാവ്യങ്ങൾ കാണുമ്പോൾ ചില പഴയ ക്ഷേത്രങ്ങളിൽ ഇപ്പോഴും നടന്നുവരാറുള്ള നെടും കുതിരകെട്ടിയെടുപ്പാണ് ഓർമ യിൽ വരുന്നത് എന്ന് വിമർശിച്ചത്. ആരാണ്?
79. "വേദനതൻ കാളമേഘത്തിൽ നിന്നെത്തി;
ഭൂമി പൊള്ളിക്കുന്ന കൊള്ളിയാനാണു ഞാൻ". ഈ വരികൾ എഴുതിയത് ആരാണ്.
80. "നോവുതിന്നും കരളിനേ പാടുവാ-
നാകൂനിത്യമധുരമായ് ആർദ്രമായ്". ആരുടെ വരികൾ?
81. "കുറ്റപ്പെടുത്തു വാനില്ലിതിൻ നാമെല്ലാ-
മെത്രയായാലും മനുഷ്യരല്ലേ" -ആരുടെ വരികൾ
82. മിസ്റ്റിക് പുളുവൻമാർ, റിയലിസക്കൊറ്റി, ഏകാങ്കനാടപ്പച്ച കുതിര, ഊഴി മാന്തുന്ന ഗവേഷണ ച്ചാഴി, ഖണ്ഡകാവ്യത്തേരട്ട ഈ പരിഹാസോക്തി ആരുടേതാണ്?
83. 'കവിതയുടെ ഗ്രാമങ്ങൾ' ആരുടെ രചനയാണ്?
84. 'അർത്ഥാന്തരന്യാസം' എന്ന കൃതിയുടെ കർത്താവ് ആരാണ്?
85. 'പകലുകൾ രാത്രികൾ' ആരുടെ കവിതയാണ്?
86. 'ഏനൽ സ്വഭാവഘടകങ്ങൾ വൈലോപ്പിള്ളിക്കവിതയെ രൂപപ്പെടുത്തുന്നു' എന്നു നിരീക്ഷിച്ചത് ആരാണ്?
87. ചാർവ്വാകൻ ആരുടെ രചനയാണ്?
88. ബുദ്ധനും ആട്ടിൻ കുട്ടിയും ആരുടെ രചനയാണ്?
89. ചാഞ്ഞു പെയ്യുന്ന മഴ ആരുടെ രചനയാണ്?
90. മഹാകാവ്യ ലക്ഷണത്തിലെ നായക സങ്കല്പത്തെ പൊളിച്ചെഴുതിയ ഒരു മഹാകാവ്യം ഏത്?
91. 'കാറ്റേ കടലേ' എന്ന കാവ്യം ആരുടേതാണ്?
92. 'വീട്ടിലേയ്ക്കുള്ള വഴി' ആരുടെ രചനയാണ്?
93. 'ഗസൽ' ആരുടെ രചന?
94. 'രാഷ്ട്രതന്ത്രം' ആരുടെ രചനയാണ്?
95. 'തോരാമഴ' ആരുടെ കവിതയാണ്?
96. 'കുഞ്ചൻ നമ്പ്യാർ വാക്കും സമൂഹവും' ആരുടെ കൃതിയാണ്?
97. 'പ്രരോദനം തത്വചിന്താപരമായ കരച്ചിലാണ്' എന്ന് അഭിപ്രായപ്പെട്ടതാരാണ്?
98. "കാലമതിന്റെ കറുത്ത കരം കൊണ്ടു
ലീലയാലൊന്നു പിടിച്ചു കുലുക്കിയാൽ" ആരുടെ വരികൾ?
99. "പൈങ്കനെത്തിയിട്ടില്ല
പോയിട്ട് നാളേഴെട്ടായ്" എന്നാരംഭിക്കുന്ന ജീ. കവിത ഏത്?
100. "ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ
പതിതരേ നിങ്ങൾതൻ പിന്മുറക്കാർ" ആരുടെ വരികൾ?

SGOU

# ഉത്തരങ്ങൾ

SGOU

1. ഒരു വിലാപം
2. കുമാരനാശാൻ
3. ഒരു സ്നേഹം
4. ഏ.ആർ. രാജരാജവർമ്മ
5. ബാലരാമായണം
6. കരുണ
7. പ്രരോദനം
8. ചണ്ഡാലഭിക്ഷുകി
9. വിചിത്ര വിജയം, പ്രബോധ ചന്ദ്രോദയം
10. വള്ളത്തോൾ നാരായണമേനോൻ
11. മഗ്ദലനമറിയം
12. ശിഷ്യനും മകനും
13. പതിനൊന്ന് ഭാഗം
14. ഓടക്കുഴൽ
15. കാറ്റേവാ, കടലേവാ
16. ബാഷ്പാഞ്ജലി
17. ചങ്ങമ്പുഴ കൃഷ്ണപിള്ള
18. രമണൻ
19. സുധാംഗദ
20. കേസരി എ. ബാലകൃഷ്ണപിള്ള
21. ചങ്ങമ്പുഴ കൃഷ്ണപിള്ള
22. ഇത്താപ്പിരി (വയലാർ)
23. സ്വയംവരം എന്ന അവ്യാനകാവ്യം
24. പി.ഏ. വാര്യർ
25. പി.ഏ. വാര്യർ
26. കാച്ചികുറുക്കിയ കവിത
27. വൈലോപ്പിള്ളി ശ്രീധരമേനോൻ
28. പുരപ്പണി, ഇടശ്ശേരി ഗോവിന്ദൻ നായർ
29. അക്കിത്തം അച്ചുതൻ നമ്പൂതിരി
30. പി. ഭാസ്കരൻ
31. കുരുക്ഷേത്രം
32. അക്കിത്തം അച്യുതൻ നമ്പൂതിരി
33. മുത്തുച്ചിപ്പി
34. കടമ്മനിട്ട രാമകൃഷ്ണൻ
35. കുരീപ്പുഴ ശ്രീകുമാറിന്റെ
36. ചങ്ങമ്പുഴയും, ഇടപ്പള്ളിയും

37. വൈലോപ്പിള്ളി കവിത
38. പാദമുദ്രകൾ
39. സുഗതകുമാരി
40. സർഗ്ഗസംഗീതം
41. ജി.ശങ്കരക്കുറുപ്പിന്റെ
42. ഇടപ്പള്ളി രാഘവൻ പിള്ള
43. കടമ്മനിട്ട രാമകൃഷ്ണൻ, ചാക്കാല
44. കുരീപ്പുഴ ശ്രീകുമാർ (ചാർവാകൻ)
45. എസ്.ജോസഫ്
46. കൊതിയൻ
47. കൊച്ചിയിലെ വൃക്ഷങ്ങൾ
48. സത്യവാങ് മൂലം - സച്ചിദാനന്ദൻ
49. വീരാൻ കുട്ടി
50. എലികൾ
51. പി. ഭാസ്കരൻ
52. ജോസഫ് മുണ്ടശ്ശേരി (ഒഎൻ വിയുടെ ദാഹിക്കുന്ന പാനപാത്രത്തിന്റ അവതാരിക)
53. കെ.ജി. ശങ്കരപ്പിള്ള (ബംഗാളിൽ)
54. എ. അയ്യപ്പൻ
55. മിതവാദിയിൽ
56. കുഞ്ഞുണ്ണി
57. നിത്യചൈതന്യയതി - നളിനി എന്ന കാവ്യശില്പം
58. വള്ളത്തോൾ, ഒരു തോണിയാത്ര
59. ഇടപ്പള്ളി (മണിനാദം)
60. അയ്യപ്പപണിക്കർ
61. കടമ്മനിട്ട
62. പി.പി. രാമചന്ദ്രൻ (മാമ്പഴക്കാലം)
63. സാറാജോസഫ്
64. ഗ്രാമവൃക്ഷത്തിലെ കുയിൽ
65. സച്ചിദാനന്ദൻ
66. ചിതയിലെ വെളിച്ചം
67. വയലാർ, വൈലോപ്പിള്ളി
68. നരേന്ദ്രപ്രസാദ്
69. വയലാർ രാമവർമ്മ
70. വൈലോപ്പിള്ളിയും സച്ചിദാനന്ദനും
71. നാലാമിടം
72. പി.പി. രാമചന്ദ്രൻ



SGOU

73. കടമ്മനിട്ട രാമകൃഷ്ണൻ
74. എ അയ്യപ്പൻ
75. അയ്യപ്പപണിക്കർ
76. അയ്യപ്പപണിക്കർ
77. ബാലചന്ദ്രൻചുള്ളിക്കാട്
78. കുമാരനാശാൻ
79. ബാലചന്ദ്രൻചുള്ളിക്കാട് (മാപ്പുസാക്ഷി)
80. ജി.ശങ്കരക്കുറുപ്പ്
81. ചങ്ങമ്പുഴ കൃഷ്ണപിള്ള
82. പാടുന്ന പിശാച്, പതിനാറ് ഖണ്ഡങ്ങളുള്ള ഒരു നീണ്ടകാവ്യം
83. ഇ.പി.രാജഗോപാലൻ
84. വി.സി. ശ്രീജൻ
85. അയ്യപ്പപ്പണിക്കർ
86. എം.എൻ. വിജയൻ
87. കുരീപ്പുഴ ശ്രീകുമാർ
88. എ. അയ്യപ്പൻ
89. റോസ്മേരി
90. ഉമാകേരളം
91. പി.പി.രാമചന്ദ്രൻ
92. ഡി.വിനയചന്ദ്രൻ
93. ബാലചന്ദ്രൻചുള്ളിക്കാട്
94. ടി.പി.രാജീവൻ
95. റഫീക്ക് അഹമ്മദ്
96. കെ. എൻ. ഗണേഷ്
97. എം.പി. ശങ്കുണ്ണി നായർ
98. വള്ളത്തോൾ, വാക്കും മഹാബലിയും
99. മൂന്നരുവിയും ഒരു പുഴയും
100. ചങ്ങമ്പുഴ

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ്വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

## SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin : 673002
Ph: 04952920228
email:rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery
Kannur, Pin : 670106
Ph: 04952990494
email:rctdirector@sgou.ac.in

### Tripunithura
Govt. College
Tirpunithura, Ernakulam
Kerala, Pin : 682301
Ph: 04842927436
email:rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad
Kerala, Pin : 679303
Ph: 04662912009
email:rcddirector@sgou.ac.in

## DON'T LET IT BE TOO LATE

# SAY NO TO DRUGS

**LOVE YOURSELF AND ALWAYS BE HEALTHY**



**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# ആധുനികസമകാല കവിതാസാഹിത്യം

COURSE CODE : M21ML02DC

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-994027-4-4